


# മലയാള നോവൽ

## Course Code: B21ML06DC

Discipline Core Course

Undergraduate Programme

Malayalam Language and Literature

SREENARAYANAGURU OPEN UNIVERSITY

The State University for Education, Training and Research in Blended Format, Kerala

# SREENARAYANAGURU OPEN UNIVERSITY

## Vision

*To increase access of potential learners of all categories to higher education, research and training, and ensure equity through delivery of high quality processes and outcomes fostering inclusive educational empowerment for social advancement.*

## Mission

To be benchmarked as a model for conservation and dissemination of knowledge and skill on blended and virtual mode in education, training and research for normal, continuing, and adult learners.

## Pathway

Access and Quality define Equity.

# മലയാള നോവൽ

Course Code: B21ML06DC

Semester - VI

## Discipline Core Course
## Undergraduate Programme
## Malayalam Language and Literature
## Self Learning Material

**(With Model Question Paper Sets)**

SGOU

വിദ്യകൊണ്ട് സ്വതന്ത്രരാവുക

SREENARAYANAGURU
OPEN UNIVERSITY

**SREENARAYANAGURU OPEN UNIVERSITY**

The State University for Education, Training and Research in Blended Format, Kerala

# മലയാള നോവൽ

Course Code: B21ML06DC
Semester- VI
Discipline Core Course
BA Malayalam Language and Literature

SREENARAYANAGURU
OPEN UNIVERSITY


**Academic Committee**

Prof. Thomas Thamarasseri
Dr. Indusree S. R.
Dr. Lekshmi V. S.
Dr. Vidhya D. R.
Dr. Athman A. V.
Chayam Dharmarajan
Dr. S. Nazeeb
Dr. Aju K. Narayanan
Dr. Baburajan K.
Dr. Suja S.
Dr. S. Sudarsana Babu
Dr. S. Ajayakumar
Dr. Vijaya V.A.
Dr. Sudha Mary Thomas



**Development of the Content**

Dr. Vandana B., Dr. Tara S.S.,
Prof. Reghunathan Pillai G.,
Aswani A.P.

**Review and Edit**

Prof. (Dr.) Thomas Thamarassery

**Linguistics**

Prof. (Dr.) Thomas Thamarassery

**Scrutiny**

Dr. Thara S.S.
Dr. Deepam S.
Aswani A.P.
Dr. Deepthi V.S.
Dr. Lathika A.C.

**Design Control**

Azeem Babu T.A.

**Cover Design**

Jobin J.

**Co-ordination**

Director, MDDC :
Dr. I.G. Shibi
**Asst. Director, MDDC :**
Dr. Sajeevkumar G.
**Coordinator, Development:**
Dr. Anfal M.
**Coordinator, Distribution:**
Dr. Sanitha K.K.


Scan this QR Code for reading the SLM on a digital device.


**Edition**
May 2025



**Copyright**
© Sreenarayanaguru Open University



ISBN 978-81-988933-7-6



All rights reserved. No part of this work may be reproduced in any form, by mimeograph or any other means, without permission in writing from Sreenarayanaguru Open University. Printed and published on behalf of Sreenarayanaguru Open University by Registrar, SGOU, Kollam.


www.sgou.ac.in

Visit and Subscribe our Social Media Platforms

# MESSAGE FROM VICE CHANCELLOR

Dear learner,

I extend my heartfelt greetings and profound enthusiasm as I warmly welcome you to Sreenarayanaguru Open University. Established in September 2020 as a state-led endeavour to promote higher education through open and distance learning modes, our institution was shaped by the guiding principle that access and quality are the cornerstones of equity. We have firmly resolved to uphold the highest standards of education, setting the benchmark and charting the course.

The courses offered by the Sreenarayanaguru Open University aim to strike a quality balance, ensuring students are equipped for both personal growth and professional excellence. The University embraces the widely acclaimed "blended format," a practical framework that harmoniously integrates Self-Learning Materials, Classroom Counselling, and Virtual modes, fostering a dynamic and enriching experience for both learners and instructors.

The university aims to offer you an engaging and thought-provoking educational journey. The undergraduate programme in Malayalam Language and Literature is designed to meet standards comparable to similar programmes at other state universities in Kerala. The curriculum provides ample opportunity to explore evolving literary formats and their impact on the language's richness. Malayalam language and literature lessons are integrated in appropriate proportions, and frontier topics are suitably incorporated. The Self-Learning Material has been meticulously crafted, incorporating relevant examples to facilitate better comprehension.

Rest assured, the university's student support services will be at your disposal throughout your academic journey, readily available to address any concerns or grievances you may encounter. We encourage you to reach out to us freely regarding any matter about your academic programme. It is our sincere wish that you achieve the utmost success.

Warm regards.
Dr. Jagathy Raj V.P. 01-05-2025

# Contents


| | | |
|---|---|---|
| **Block 01** | **മലയാള നോവലിന്റെ പ്രാരംഭം** | **1** |
| **യൂണിറ്റ് 1** | **ഇന്ദുലേഖ - ഒ. ചന്തുമേനോൻ** | **2** |
| | 1.1.1 ഇന്ദുലേഖ - ഒ. ചന്തുമേനോൻ | 4 |
| | 1.1.2 ഇതിവൃത്തസംഗ്രഹം | 7 |
| | 1.1.3 വിശകലനം | 8 |
| | 1.1.4 കഥാപാത്രപഠനം | 16 |
| | 1.1.4.1 മാധവൻ | 16 |
| | 1.1.4.2 ഇന്ദുലേഖ | 17 |
| | 1.1.4.3 പഞ്ചുമേനവൻ | 17 |
| | 1.1.4.4 സൂരിനമ്പൂതിരിപ്പാട് | 18 |
| | 1.1.5 ഉപകഥാപാത്രങ്ങൾ | 20 |
| | 1.1.6 ഇതരവിഷയങ്ങൾ | 20 |
| | 1.1.7 അവലോകനം | 22 |
| **Block 02** | **നവോത്ഥാനകാലവും ആധുനികതയും** | **28** |
| **യൂണിറ്റ് 1** | **പാത്തുമ്മായുടെ ആട് - വൈക്കം മുഹമ്മദ് ബഷീർ** | **29** |
| | 2.1.1 നവോത്ഥാന നോവൽ | 31 |
| | 2.1.2 ബഷീറിന്റെ കഥാലോകം | 32 |
| | 2.1.3 പാത്തുമ്മായുടെ ആട് | 34 |
| | 2.1.4 കഥാസംഗ്രഹം | 35 |
| | 2.1.5 കഥാപാത്രങ്ങൾ | 36 |
| | 2.1.6 വിശകലനം | 37 |
| | 2.1.7 അവലോകനം | 42 |
| **യൂണിറ്റ് 2** | **നാലുകെട്ട് - എം.ടി. വാസുദേവൻ നായർ** | **48** |
| | 2.2.1 നവോത്ഥാനന്തര നോവൽസാഹിത്യം | 50 |
| | 2.2.2 നാലുകെട്ട് | 51 |
| | 2.2.3 കഥാസംഗ്രഹം | 51 |
| | 2.2.4 പ്രധാനകഥാപാത്രങ്ങൾ | 53 |
| | 2.2.5 വിശകലനം | 54 |
| | 2.2.6 അവലോകനം | 62 |
| **Block 03** | **ആധുനികത** | **67** |
| **യൂണിറ്റ് 1** | **മയ്യഴിപ്പുഴയുടെ തീരങ്ങളിൽ - എം. മുകുന്ദൻ** | **68** |
| | 3.1.1 മയ്യഴി – പ്രദേശം | 70 |
| | 3.1.2 പ്രമേയപരമായ സവിശേഷതകൾ | 72 |
| | 3.1.3 കഥാപാത്രനിരൂപണം | 75 |
| | 3.1.3.1 മൂപ്പൻ സായ്‌വ് | 75 |
| | 3.1.3.2 ക്ലെമാംസായ്‌വ് | 75 |
| | 3.1.3.3 ലെസ്ലീ സായ്‌വ് | 75 |
| | 3.1.3.4 മിസ്സി | 75 |
| | 3.1.3.5 അൽബേർ | 75 |
| | 3.1.3.6 ഗസ്തോൻ | 75 |

| | | |
|---|---|---|
| | 3.1.3.7 കുറുമ്പിയമ്മ | 76 |
| | 3.1.3.8 കേളുവച്ചൻ | 76 |
| | 3.1.3.9 ദാമു | 76 |
| | 3.1.3.10 കുഞ്ഞിച്ചിരുത | 76 |
| | 3.1.3.11 മേയർ ചെക്കുമൂപ്പർ | 76 |
| | 3.1.3.12 ദാസൻ | 77 |
| | 3.1.3.13 ചന്ദ്രിക | 77 |
| | 3.1.4 മിത്തുകളുടെ മയ്യഴി | 77 |
| | 3.1.5 അധികാരം | 78 |
| | 3.1.6 പ്രാദേശിക ജീവിതവും അധിനിവേശവും | 78 |
| | 3.1.7 ദേശീയബോധവും സ്വാതന്ത്രചിന്തയും | 79 |
| | 3.1.8 അവലോകനം | 80 |
| **യൂണിറ്റ് 2** | **പാണ്ഡവപുരം - സേതു** | **83** |
| | 3.2.1 പ്രമേയപരമായ സവിശേഷതകൾ | 84 |
| | 3.2.2 നോവലിന്റെ രൂപവും ഭാവവും | 87 |
| | 3.2.3 പാണ്ഡവപുരമെന്ന സ്ഥലനിർമിതി | 93 |
| | 3.2.4 കഥാപാത്രങ്ങൾ | 94 |
| | 3.2.4.1 ദേവി | 94 |
| | 3.2.4.2 കുഞ്ഞിക്കുട്ടൻ | 94 |
| | 3.2.4.3 ജാരൻ | 95 |
| | 3.2.5 അവലോകനം | 95 |
| **Block 04** | **ആധുനികാനന്തര പരിണാമങ്ങൾ** | **98** |
| **യൂണിറ്റ് 1** | **ആലാഹയുടെ പെൺമക്കൾ - സാറാജോസഫ്** | **99** |
| | 4.1.1 ആധുനികാനന്തര നോവൽ | 100 |
| | 4.1.2 ആലാഹയുടെ പെൺമക്കൾ | 102 |
| | 4.1.3 ആലാഹയിലെ ഭാഷ | 106 |
| | 4.1.4 കഥാസംഗ്രഹം | 109 |
| | 4.1.5 കഥാപാത്ര നിരൂപണം | 111 |
| | 4.1.5.1 ആനി | 111 |
| | 4.1.5.2 മറിയഞ്ചേടത്തി | 112 |
| | 4.1.6 അവലോകനം | 113 |
| **യൂണിറ്റ് 2** | **നൂറു സിംഹാസനങ്ങൾ - ജയമോഹൻ** | **117** |
| | 4.2.1 ജയമോഹൻ | 119 |
| | 4.2.2 ദലിത് സാഹിത്യം | 119 |
| | 4.2.3 നൂറു സിംഹാസനങ്ങൾ | 120 |
| | 4.2.4 അവലോകനം | 128 |
| | **Model Question Paper Sets** | **134** |

# BLOCK 01

# മലയാള നോവലിന്റെ പ്രാരംഭം

BLOCK 1

# യൂണിറ്റ് 1

# ഇന്ദുലേഖ

ഒ. ചന്തുമേനോൻ

## Learning Outcomes

- നോവൽ സാഹിത്യത്തെ മനസിലാക്കുന്നു
- ആദ്യകാല മലയാള നോവലുകളെ പരിചയപ്പെടുന്നു
- ഒ. ചന്തുമേനോൻ എന്ന എഴുത്തുകാരനെ അറിയുന്നു
- ഇന്ദുലേഖ എന്ന നോവലിന്റെ പ്രാധാന്യം മനസിലാക്കുന്നു

## Prerequisite

മലയാളനോവലുകൾ സാമൂഹിക സാംസ്കാരിക സംഘർഷത്തിന്റെ വലിയ ഭൂമികകളാണ്. നമ്മുടെ ജീവിതവും ചരിത്രവും ആശയങ്ങളും ചിന്തകളും ഈ ഭൂമികയിലേക്കും പ്രവഹിച്ചു കൊണ്ടേയിരിക്കുന്നു. തനതും സവിശേഷവുമായ രീതിയിൽ ഈ ഭൂമികയിൽ അവ തെളിഞ്ഞു പ്രകാശിക്കുന്നു. നോവലെഴുത്തുകാരന് അയാളുടേതായ ഒരു നിലപാടുതറയുണ്ട്. അത് നോവലിൽ പ്രതിഫലിക്കും. അതുകൊണ്ടുതന്നെ നോവലുകൾ വായനകളുടെ വലിയ സാധ്യതകൾ ഉൾക്കൊള്ളുന്നു. നമ്മുടെ ആദ്യകാലനോവലുകൾ തന്നെ സാഹിത്യ വ്യവഹാരത്തെക്കുറിച്ചുള്ള സങ്കല്പങ്ങളെ ചോദ്യം ചെയ്യാൻ പ്രേരിപ്പിക്കുന്നുണ്ട്. പുതിയൊരു കാഴ്ചപ്പാടോടെ മലയാള നോവൽസാഹിത്യത്തെ നോക്കിക്കാണുവാനും നമ്മുടെ നോവൽ പാരമ്പര്യത്തെ സവിശേഷമായ രീതിയിൽ അപഗ്രഥിക്കുവാനും വിലയിരുത്തുവാനുള്ള അർഥവത്തായ ശ്രമമാണ് ഇവിടെ പഠനലക്ഷ്യമാക്കുന്നത്. സാഹിത്യത്തിലെ പുതുമുളയായി നോവൽ പ്രത്യക്ഷപ്പെട്ടതു തന്നെ നവനാഗരികതയുടെ അടയാളങ്ങളുമായിട്ടാണ്. നോവലിന്റെ വികാസപരിണാമങ്ങൾ സാഹിത്യത്തിന്റെ മുഖ്യധാരാ വ്യതിയാനങ്ങളെ രേഖപ്പെടുത്തുന്നുമുണ്ട്. നോവലിൽ സ്ഥലകാല സമൂഹബദ്ധമായ ജീവിതത്തിന്റെ തുടിപ്പുകൾ ആവിഷ്കൃതമാകുന്നു. മാറുന്ന സാമൂഹികാവസ്ഥകൾ പ്രത്യക്ഷമായോ പരോക്ഷമായോ നോവലിൽ പ്രതിപാദിക്കപ്പെടുമെന്ന് വായനക്കാരൻ പ്രതീക്ഷിക്കുന്നു.

പതിനെട്ടാം നൂറ്റാണ്ടോടുകൂടി പാശ്ചാത്യലോകത്ത് ജന്മമെടുത്ത ഒരു സാഹിത്യരൂപമാണ് നോവൽ. വ്യവസായവിപ്ലവത്തിന്റെ ഫലമായി സാധാരണ മനുഷ്യർക്ക് ധാരാളം വിശ്രമസമയം ലഭിച്ചതും ഗദ്യസാഹിത്യത്തിന്റെ വികാസവും വിദ്യാഭ്യാസത്തിന്റെ സാർവത്രികതയും നോവൽ എന്ന സാഹിത്യരൂപത്തിന്റെ വികാസത്തിന് വഴി തെളിയിച്ച ഘടകങ്ങളായി പരിഗണിക്കപ്പെടുന്നു. ഇംഗ്ലണ്ടിൽ നിന്ന് ഈ സാഹിത്യ രൂപം യൂറോപ്പിൽ ആകെ വ്യാപിക്കുകയുണ്ടായി. ഒരു ഗദ്യസാഹിത്യ വിഭാഗമാണ് നോവൽ. കഥാപാത്രങ്ങളുടെ അനുഭവങ്ങളും അനുഭൂതികളും ചിന്തകളും വികാരങ്ങളും എല്ലാം ഉൾപ്പെടുത്താൻ പറ്റിയ ചട്ടക്കൂടുകളാണ് നോവലിന്റേത്. നോവൽ എന്ന വാക്ക് പുതിയത് എന്ന് അർഥമുള്ള വാക്കിൽനിന്നുമാണ് ഉണ്ടായത്. ചരിത്രനോവൽ, സാമൂഹികനോവൽ, രാഷ്ട്രീയ നോവൽ,

കുറ്റാന്വേഷണ നോവൽ എന്നിങ്ങനെ പല തരത്തിലുള്ള നോവലുകൾ ഉണ്ട്. പുതിയത് എന്ന് അർഥം വരുന്ന NOVUS എന്ന ലത്തീൻ പദവും Novella (പുതിയ വസ്തുക്കൾ) എന്ന ഇറ്റാലിയൻ പദവും ചേർന്നുണ്ടായതാണ് നോവൽ എന്ന പദം. ''നിശ്ചിതമായ ഒരളവ് വരെ നീളമുള്ള ഒരു ഗദ്യ കഥ'' എന്നാണ് ഈ.എം. ഫോസ്റ്റർ നോവലിനെ നിർവചിക്കുന്നത്. സങ്കീർണത കൂടിയതോ കുറഞ്ഞതോ ആയ ഒരു ഇതിവൃത്തവും ഗണ്യമായ ദൈർഘ്യവും ഉള്ള കല്പിത ഗദ്യകഥയാണ് നോവൽ എന്ന ഓക്സ്ഫോർഡ് നിഘണ്ടു നോവലിനെ നിർവചിക്കുന്നു. ''മനുഷ്യരുടെ വികാരവിചാരങ്ങളെ പ്രകാശിപ്പിക്കുന്നതും സംഭവ്യവുമായ ഒരു ഇതിവൃത്തത്തെ ആഖ്യാനം ചെയ്ത് കാവ്യാനുഭൂതി ഉണ്ടാക്കുന്നതുമായ ഒരു ഗദ്യഗ്രന്ഥമാകുന്നു നോവൽ'' എന്ന് എം.പി. പോൾ 'നോവൽ സാഹിത്യ'ത്തിൽ നിർവചിക്കുന്നു. പ്രമേയം, കഥാപാത്രങ്ങൾ, സംഭാഷണം, ക്രിയാകാലങ്ങൾ, സ്ഥലകാലങ്ങൾ, പ്രതിപാദനശൈലി, ജീവിതദർശനം എന്നിവ നോവലിന്റെ പ്രധാന ഘടകങ്ങളാണ്.

നോവലിൽ ഉൾക്കനമുള്ള ഒരു കഥയുണ്ടായിരിക്കണം. കഥാപാത്രങ്ങളുടെ അനുഭവങ്ങളും അനുഭൂതികളും ചിന്തകളും വികാരങ്ങളും ആശകളും നിരാശകളും ഒക്കെ നോവലിൽ ആവിഷ്കരിക്കുന്നു. അനുവാചകരെ രസിപ്പിക്കാനും തൃപ്തിപ്പെടുത്താനും സാംസ്കാരികമായി പുതുവെളിച്ചം നല്കാനും നോവലിന് കഴിയുന്നു. ജീവിതത്തിന്റെ പ്രശ്നങ്ങളും സങ്കീർണതകളും ആവിഷ്കരിക്കാനുള്ള ശക്തി മറ്റേതൊരു സാഹിത്യരൂപത്തേക്കാളും കൂടുതൽ നോവലുകൾക്കുണ്ട്. സാഹിത്യരൂപങ്ങളിൽ നോവലുകൾക്കാണ് ഏറ്റവും കൂടുതൽ സഹൃദയാകർഷണം ലഭിച്ചിട്ടുള്ളത്. നോവലുകൾ എക്കാലത്തും സാമൂഹ്യപരിവർത്തനത്തിനുള്ള ഉപാധിയായി നിലനിന്നിട്ടുണ്ട്. പരിഷ്കാരത്തിന്റെയും പുരോഗമനത്തിന്റെയും പ്രാഥമിക പ്രേരണ പല നോവലുകളിലും പ്രകടമാണ്. നിലനില്ക്കുന്ന വ്യവസ്ഥയുടെ ജീർണതകളെ ചോദ്യം ചെയ്യാനും യാഥാസ്ഥിതിക നിയമാവലികളെ തച്ചുടയ്ക്കാനും പല സന്ദർഭങ്ങളിലും നോവലുകൾ നിമിത്തമായി തീർന്നിട്ടുണ്ട്. ആംഗലേയ സാഹിത്യവുമായുള്ള സമ്പർക്കം മൂലമാണ് മലയാളത്തിൽ നോവലുകൾ കടന്നുവന്നത്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാന ത്തോടെ മലയാളത്തിലുണ്ടായ ഗദ്യഭാഷാവികാസവും പത്രമാസികളുടെ ആഭിർഭാവവും ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ വ്യാപനവും നോവൽ എന്ന സാഹിത്യരൂപത്തിന്റെ വികാസത്തിനും പ്രചാരത്തിനും പശ്ചാത്തലമായി. കോളിൻസ് മദാമ്മയുടെ 'ഘാതകവധം' (1877), ആർച്ച് ഡീക്കൻകോശിയുടെ 'പുല്ലേലിക്കുഞ്ചു' (1882), അപ്പുനെടുങ്ങാടിയുടെ 'കുന്ദലത' (1887) തുടങ്ങിയവയാണ് ഇന്ദുലേഖയ്ക്കു മുൻപുണ്ടായ നോവൽ മാതൃകകൾ. ഇന്ദുലേഖയുടെ പ്രസിദ്ധീകരണത്തിനുശേഷം ഇതിനോട് സാമ്യമുള്ള ഇതിവൃത്തത്തിൽ മറ്റു പല നോവലുകളും പുറത്തിറങ്ങി. ചെറുവലത്തു ചാത്തുനായരുടെ 'മീനാക്ഷി' (1890), കോമാട്ടിൽ പാദുമേനോന്റെ 'ലക്ഷ്മീകേശവം' തുടങ്ങിയവ അത്തരത്തിലുള്ളതാണ്. മലയാളത്തിലെ ആദ്യത്തെ നോവൽ അപ്പുനെടുങ്ങാടി രചിച്ച 'കുന്ദലത'യാണ്. ലക്ഷണമൊത്ത ആദ്യ നോവൽ ഇന്ദുലേഖയും. ഭാവുകത്വത്തിന്റെ പുതിയ അടയാളമായി നോവലുകൾ മാറുന്നു.

മലയാളനോവൽസാഹിത്യം മറ്റേത് സാഹിത്യശാഖയോടും കിടപിടിക്കത്തക്കവിധം നവീനമാണ്. ഏറ്റവും പുതിയ കാലത്തിന്റെ പ്രശ്നങ്ങളേയും ചിന്തകളേയും സങ്കീർണതകളേയും ആവിഷ്കരിക്കാൻ തക്ക കരുത്തും സൗന്ദര്യവും മലയാള നോവലിനുണ്ട്. പ്രതിഭാശാലികളായ ഒട്ടേറെ പേർ നോവൽ ശാഖയ്ക്ക് മികച്ച സംഭാവനകൾ നല്കിയിട്ടുണ്ട്. കേരളത്തിൽ ജനകീയവായനയ്ക്ക് അടിത്തറ ഒരുക്കിയത് നോവലുകളാണ്. ഒപ്പം സാമൂഹ്യപരിവർത്തനത്തിന്റെ നാന്ദികുറിക്കുവാനും നോവലുകൾക്ക് കഴിഞ്ഞിട്ടുണ്ട്.

**ഒ. ചന്തുമേനോൻ**



1847 ജനുവരി 9ന് ജനനം. കുഞ്ഞമ്പുനമ്പ്യാർ എന്ന വിദ്വാന്റെ കീഴിൽ കാവ്യാലങ്കാരാദികൾ പഠിച്ച് സംസ്കൃതത്തിൽ സാമാന്യപാണ്ഡിത്യം നേടി. കവിയായിരുന്ന കുഞ്ഞിശങ്കരൻ നമ്പ്യാരുമായുള്ള ബന്ധം അദ്ദേഹത്തെ സാഹിത്യരസികനാക്കി. തലശ്ശേരിയിലെ ബാസൽമിഷൻ നടത്തിയിരുന്ന സ്കൂളിൽ പഠിച്ചുകൊണ്ടിരിക്കെ സ്വന്തം നിലയിൽ പഠിച്ച് ഇംഗ്ലീഷിലും സംസ്കൃതത്തിലും പ്രാവീണ്യം നേടി. പരപ്പനങ്ങാടി മുൻസിഫായിരുന്ന കാലത്താണ് ഇന്ദുലേഖ എഴുതുന്നത്. 1891-ൽ കോഴിക്കോട് മുൻസിഫായിരുന്ന സന്ദർഭത്തിലാണ് ശാരദ എഴുതുന്നത്. ഇതിന്റെ ആദ്യഭാഗം മാത്രമേ അദ്ദേഹത്തിന് പൂർത്തിയാക്കാൻ കഴിഞ്ഞുള്ളൂ. ആത്മസുഹൃത്ത് ഇ.കെ. കൃഷ്ണന്റെ നിർബന്ധത്താലാണ് ഇതിന്റെ ഒന്നാംപതിപ്പ് ഇറങ്ങുന്നത്. ഇന്ദുലേഖയെക്കൂടാതെ അപൂർണമായ ശാരദയും വിദ്യാവിനോദിനിയിൽ വന്ന മയൂരസന്ദേശത്തിന്റെ മണ്ഡനവും ചാത്തുക്കുട്ടി മന്നാടിയാരുടെ ഉത്തരരാമചരിതത്തെക്കുറിച്ചെഴുതിയ ഒരു കത്ത് എന്ന ദീർഘലേഖനവും ഒക്കെയാണ് സാഹിത്യസംബന്ധിയായ ചന്തുമേനോന്റെ ആകെ രചനകൾ. 1899 സെപ്റ്റംബർ 7-ന് അദ്ദേഹം അന്തരിച്ചു. കോഴിക്കോട്ടെ മലബാർ ഹജ്ജൂർ കച്ചേരിയിലും കോടതിയിലും ജോലിചെയ്യുന്നതിനിടെ നടത്തിയ സാമൂഹികസേവനങ്ങളുടെ പേരിലും അദ്ദേഹം സ്മരിക്കപ്പെടുന്നു.

## Keywords

നോവൽ സാഹിത്യം - ഇന്ദുലേഖ - ഹെന്റിറ്റ ടെംപിൾ - ചന്തുമേനോൻ - ജന്മിത്തം - മരുമക്കത്തായ വ്യവസ്ഥ - കൂട്ടുകുടുംബം - സംബന്ധം ഏർപ്പാട് - മാധവൻ - ഇംഗ്ലീഷ് വിദ്യാഭ്യാസം - ആധുനികത - രാജ്യസഞ്ചാരം - പതിനെട്ടാം അധ്യായം

## Discussion

### 1.1.1 ഇന്ദുലേഖ

**ഒ. ചന്തുമേനോൻ**

മലയാളത്തിലെ ആദ്യത്തെ ലക്ഷണമൊത്ത നോവലായി പരിഗണിക്കുന്നത് ഒ. ചന്തുമേനോൻ രചിച്ച 'ഇന്ദുലേഖ' (1889) ആണ്. ഒറ്റ നോവൽ കൊണ്ടുതന്നെ മലയാളസാഹിത്യചരിത്രത്തിൽ സമുന്നത സ്ഥാനം ആർജിച്ച സാഹിത്യകാരനാണ് ചന്തുമേനോൻ. രണ്ടാമത്തെ നോവലായ ശാരദയുടെ ഒന്നാം ഭാഗം മാത്രമേ ചന്തുമേനോന് എഴുതാൻ സാധിച്ചുള്ളൂ. ശാരദ പൂർത്തിയാക്കുന്നതിനു മുന്നേ അദ്ദേഹം അകാലചരമം പ്രാപിച്ചു. ഇംഗ്ലീഷ് അറിഞ്ഞുകൂടാത്ത സുഹൃത്തുക്കളും ബന്ധുക്കളും ചന്തുമേനോൻ വായിച്ചിരുന്ന ആംഗലേയ നോവലുകളുടെ മാതൃകയിൽ ഒരു നോവൽ രചിക്കുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു. ഇംഗ്ലീഷ് വായിച്ച് തർജമ പറഞ്ഞു കൊടുക്കുക എന്നതിനേക്കാൾ എളുപ്പം ഇംഗ്ലീഷ് ബുക്ക് മാതൃകയിൽ ഒരു മലയാളം ബുക്ക് എഴുതുക എന്നതാണ് നല്ലതെന്ന് ചന്തുമേനോന് തോന്നി. അപ്രകാരം അദ്ദേഹം രചിച്ച കൃതിയാണ് ഇന്ദുലേഖ. ഇംഗ്ലീഷ് നോവൽ ബുക്ക് മാതിരി എഴുതിയ ഒരു കഥ എന്നാണ് ചന്തുമേനോൻ ഇന്ദുലേഖയെ വിശേഷിപ്പിച്ചത്. ഇന്ദുലേഖയുടെ രചനയ്ക്ക് വിക്ടോറിയൻ നോവലുകൾ ആയിരുന്നു മാതൃക എന്നും ബീക്കൺസ് ഫീൽഡ് പ്രഭുവിന്റെ ഹെന്റിറ്റ ടെംപിളിന്റെ സ്വാധീനം ഈ നോവലിൽ ഉണ്ടെന്നും നിരീക്ഷിക്കപ്പെട്ടിട്ടു

ണ്ട്. സാധാരണക്കാരെ ആകർഷിക്കാൻ പോന്ന രസകരമായ കഥയും നർമത്തിനും പ്രബോധനത്തിനുമുള്ള സാധ്യതയും ക്രിയാപദ്ധതിയുടെ സുഭദ്രമായ പരിസമാപ്തിയും വിക്ടോറിയൻ നോവൽ സങ്കല്പത്തെ അനുസ്മരിപ്പിക്കുന്നതാണ്.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യദശകത്തിൽ, ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെയും അതുവഴിയുണ്ടായ പുതിയ വീക്ഷണത്തിന്റെയും വെളിച്ചത്തിൽ പുതിയ നവോത്ഥാനബോധം ഉദയം ചെയ്യുന്നതിന്റെ പശ്ചാത്തലത്തിലാണ് ഇന്ദുലേഖ എന്ന കൃതി പിറന്നു വീണത്. ജന്മിത്തവും മരുമക്കത്തായവും കാരണവരുടെ ആധിപത്യം നിയന്ത്രിക്കുന്ന കുടുംബവ്യവസ്ഥയും പിന്നീട് അതിനെ ചോദ്യം ചെയ്യുന്ന വ്യക്തി കേന്ദ്രീകൃതമായ വ്യവസ്ഥയും ജീവിതവീക്ഷണങ്ങളും സംഘർഷങ്ങളും ഒക്കെ ചന്തുമേനോൻ ഈ നോവലിൽ അവതരിപ്പിക്കുന്നു. നോവൽ എന്ന ആഖ്യാനരൂപത്തോട് നീതി പുലർത്തിക്കൊണ്ടാണ് ഇന്ദുലേഖ രചിച്ചിരിക്കുന്നത്. ഇരുപത് അധ്യായങ്ങളുള്ള നോവലിന്റെ കഥാഗതിയിൽ പലപ്പോഴും എഴുത്തുകാരൻ കഥയ്ക്ക് സാക്ഷ്യം വഹിക്കുന്നു എന്ന മട്ടിൽ ഞാൻ എന്ന് സ്വയം അഭിസംബോധന ചെയ്യുന്നുവെങ്കിലും കഥയിലെ കഥാപാത്രമായി വരുന്നില്ല. കഥാപാത്രങ്ങളുടെ സംഭാഷണങ്ങൾ പേരിന് അഭിമുഖമായി രേഖപ്പെടുത്തിയിരിക്കുന്നു. വളരെ ലളിതവും വിവരണാത്മകവുമായ ശൈലിയിലാണ് രചന നിർവഹിച്ചിട്ടുള്ളത്. 'ഈ പുസ്തകം എഴുതിയിട്ടുള്ളത് ഞാൻ വീട്ടിൽ സംസാരിക്കുന്ന മലയാള ഭാഷയിൽ ആകുന്നു'. എന്ന് ചന്തുമേനോൻ അവതാരികയിൽ പറയുന്നത് ശ്രദ്ധേയമാണ്. പത്തൊമ്പതാം നൂറ്റാണ്ടിൽ ഉത്തര മലബാറിൽ പ്രചാരത്തിലിരുന്ന സംസാര ഭാഷയാണ് നോവലിൽ കൂടുതലും ഉൾക്കൊള്ളിച്ചിരിക്കുന്നത്. നോവലിൽ ഉപയോഗിച്ചിരിക്കുന്ന പല വാക്കുകളും ശൈലികളും ഇന്ന് പ്രയോഗത്തിലില്ല എങ്കിലും ഇന്ദുലേഖ വായിച്ചാസ്വദിക്കാൻ ഭാഷപരമായ തടസ്സം വായനക്കാർക്ക് ഉണ്ടാവില്ല.

നോവലിസ്റ്റ് സർവവ്യാപിയായ സർവജ്ഞന്റെ നിലപാടിൽ നിന്നുകൊണ്ട് കഥപറയുന്ന രീതിയാണ് ഇന്ദുലേഖയ്ക്ക് ഉള്ളത്. കഥാപാത്രങ്ങളെ ബാഹ്യവർണനകളോടെ അവതരിപ്പിക്കുകയും അവരുടെ സ്വഭാവം വിവരിക്കുകയും ചെയ്യുന്നു. വായനക്കാരെ നേരിട്ട് സംബോധന ചെയ്ത്

> ''പുസ്തകം എഴുതീട്ടുള്ളത് ഞാൻ വീട്ടിൽ സാധാരണ സംസാരിക്കുന്ന മലയാളം ഭാഷയിൽ ആകുന്നു. അല്പം സംസ്കൃത പരിജ്ഞാനം എനിക്ക് ഉണ്ടെങ്കിലും പലേ സംസ്കൃതവാക്കുകളും മലയാളഭാഷയിൽ നോം മലയാളികൾ സംസാരിച്ചുവരുമ്പോൾ ഉപയോഗിക്കുന്ന മാതിരിയിലാണ് ഈ പുസ്തകത്തിൽ സാധാരണയായി ഞാൻ ഉപയോഗിച്ചിട്ടുള്ളത്. 'ദൃഷ്ടാന്തം', 'വ്യുല്പത്തി' എന്നു ശരിയായി സംസ്കൃതത്തിൽ ഉച്ചരിക്കേണ്ട പദത്തെ 'വില്പത്തി' എന്നാണ് സാധാരണ നോം പറയാറ്. അത് ആ സാധാരണമാതിരിയിൽത്തന്നെയാണ് ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്നത്. ഇതുപോലെ പലേ വാക്കുകളെയും കാണാം. 'പടു',' 'ധൃതഗതി' 'ധൃതഗതിക്കാരൻ', 'യോഗ്യമായ സഭ' ഈവക പലേ പദങ്ങളും സമാസങ്ങളും സംസ്കൃതസിദ്ധമായ മാതിരിയിൽ അല്ല, മലയാളത്തോട് ചേർത്തുപറയുമ്പോൾ ഉച്ചരിക്കുന്നതും അർഥം ഗ്രഹിക്കുന്നതും. അതുകൊണ്ടു സാധാരണ മലയാളഭാഷ സംസാരിക്കുമ്പോൾ ഈവക വാക്കുകളെ ഉച്ചരിക്കുന്നപ്രകാരം തന്നെയാകുന്നു ഈ പുസ്തകത്തിൽ ഉപയോഗിച്ചിരിക്കുന്നത് എന്ന് മുൻകൂട്ടി എന്റെ വായനക്കാരെ ഗ്രഹിപ്പിപ്പാൻ ഞാൻ ആഗ്രഹിക്കുന്നു.''
>
> (ഒ. ചന്തുമേനോൻ, ഇന്ദുലേഖ ഒന്നാം പതിപ്പിന്റെ അവതാരികയിൽ നിന്ന്)

കഥാഗതിയെക്കുറിച്ചും കഥാപാത്രങ്ങളെക്കുറിച്ചും നോവലിസ്റ്റ് സംസാരിക്കുന്ന സന്ദർഭങ്ങളും ഉണ്ട്. മാധവൻ, ഇന്ദുലേഖ എന്നിവരുടെ പ്രണയകഥയെ പശ്ചാത്തലമാക്കികൊണ്ട് പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാന കാലയളവിൽ കേരളത്തിലെ സാമൂഹികവും രാഷ്ട്രീയവുമായ അവസ്ഥകളെ നോവലിസ്റ്റ് അവതരിപ്പിക്കുന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസത്തെയും സ്ത്രീ

വിദ്യാഭ്യാസത്തെയും പാശ്ചാത്യ പുരോഗമനാശയങ്ങളെയും നവോത്ഥാനപ്രവണതകളെയും ചന്തുമേനോൻ അനുകൂലിച്ചിരുന്നു. അദ്ദേഹത്തിന്റെ അത്തരം നിലപാടുകൾ പാത്രസൃഷ്ടിയിൽ പ്രകടമാണ്. പത്തൊമ്പതാം നൂറ്റാണ്ടിൽ കേരളത്തിലെ നായർ, നമ്പൂതിരി സമുദായങ്ങളിൽ നിലവിലിരുന്ന മരുമക്കത്തായം, കൂട്ടുകുടുംബം, സംബന്ധം ഏർപ്പാട് തുടങ്ങിയവ നോവലിൽ കടന്നുവരുന്നു. നിലനിന്നുപോന്ന കുടുംബവ്യവസ്ഥയെയും മനുഷ്യബന്ധങ്ങളെയും പരിഷ്കരിക്കാനുള്ള ആഗ്രഹത്തോടുകൂടിയാണ് ചന്തുമേനോൻ ഇന്ദുലേഖ രചിച്ചിരിക്കുന്നത്.

പൗരസ്ത്യവും പാശ്ചാത്യവുമായ സംസ്കാരങ്ങൾ നേർക്കുനേരെ വരുമ്പോൾ ഉണ്ടാകുന്ന സംഘർഷമാണ് പ്രധാനമായും ഇന്ദുലേഖയിൽ പ്രതിപാദിക്കുന്നത്. മാധവന്റെ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ രൂപത്തിൽ പുത്തൻ ചിന്തകൾ പൂവള്ളിയിലേക്ക് കടന്നു വരുന്നുണ്ട്. പൂവള്ളിയിലെ കാരണവരായ പഞ്ചുമേനവൻ ധരിക്കുന്നത് താൻ വിമർശനാതീതനാണെന്നാണ്. തറവാട്ടിലെ മറ്റ് ആശ്രിതരും അന്തേവാസികളും തന്റെ ആജ്ഞാനുവർത്തികൾ മാത്രമാണെന്നും അദ്ദേഹം കരുതുന്നു. ആ വിശ്വാസത്തിന് ഇളക്കം തട്ടിയതാണ് ഇന്ദുലേഖയിലെ സംഭവവികാസങ്ങൾക്ക് തിരികൊളുത്തിയത്. മാധവൻ എന്ന പുതിയ കാലത്തിന്റെ പ്രതിനിധിയെ പ്രതിരോധിക്കാൻ ശ്രമിച്ച് പരാജയപ്പെടുകയും ഒടുവിൽ അംഗീകരിക്കുകയുമാണ് അദ്ദേഹം. പഞ്ചുമേനവനെ കൂടാതെ സൂരിനമ്പൂതിരിപ്പാട്, ഗോവിന്ദപ്പണിക്കർ തുടങ്ങിയവരെ പുതിയ ലോകക്രമം അലോസരപ്പെടുത്തുമ്പോൾ മാധവൻ, ഗോവിന്ദൻകുട്ടി മേനോൻ തുടങ്ങിയവർ പുരോഗമനത്തിന്റെ വക്താക്കളായി കാണുന്നു. ആധുനികതയുടെ പര്യായമായി തന്നെ ഇംഗ്ലീഷ് വിദ്യാഭ്യാസത്തേയും ഭാഷയേയും അവതരിപ്പിച്ചിരിക്കുന്നു. 'ശിന്നന്നെ മൂരിക്കുട്ടനെപോലെ വളർത്താൻ' അനുവദിക്കാതെ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് അവസരം കൊടുക്കണമെന്ന മാധവന്റെ തീരുമാനത്തിൽ അത് വ്യക്തമാണ്. കഥയ്ക്ക് പശ്ചാത്തലമാകുന്ന പൂവള്ളി തറവാട് ഒരു മിഴിവുറ്റ കഥാപശ്ചാത്തലമായി തന്നെ അനുഭവപ്പെടുന്നുണ്ട്.

ധനികനും യാഥാസ്ഥിതികനുമായ പഞ്ചുമേനവൻ കാരണവരായിട്ടുള്ള കുടുംബത്തിലെ കഥയാണ് ഇന്ദുലേഖയിൽ വിവരിക്കുന്നത്. പഞ്ചുമേനവന്റെ മകൾ ലക്ഷ്മിക്കുട്ടിക്ക് രാമവർമ്മ രാജാവുമായുള്ള സംബന്ധത്തിൽ ജനിച്ച പുത്രിയാണ് ഇന്ദുലേഖ. പഞ്ചുമേനവന്റെ സഹോദരിയുടെ മകളുടെ മകനാണ് മാധവൻ. ഇന്ദുലേഖയും മാധവനും പ്രണയത്തിലാണ്. അവരുടെ വിവാഹം കുടുംബാംഗങ്ങൾ ഉറപ്പിച്ചിരിക്കുകയുമാണ്. ആ അവസരത്തിൽ മാധവൻ കുടുംബത്തിലെ മറ്റൊരു ചെറുപ്പക്കാരനായ ശിന്നനെ പഠനത്തിനായി മദിരാശിയിലേക്ക് കൊണ്ടുപോകുവാൻ തീരുമാനിക്കുന്നു. കാരണവരായ പഞ്ചുമേനവന് ശിന്നനെയും കുടുംബക്കാരെയും ഇഷ്ടമല്ലായിരുന്നു. അക്കാരണത്താൽ ശിന്നന് വിദ്യാഭ്യാസം നൽകുവാൻ പഞ്ചുമേനവൻ വിസമ്മതിക്കുന്നു. എതിർപ്പ് പരിഗണിക്കാതെ മാധവൻ ശിന്നനെ മദിരാശിയിലേക്ക് കൂട്ടിക്കൊണ്ടുപോകുന്നു. മാധവന്റെ തീരുമാനത്തിൽ കുപിതനായ പഞ്ചുമേനവൻ, ധിക്കാരിയായ മാധവന് ഇന്ദുലേഖയെ വിവാഹം ചെയ്ത് കൊടുക്കില്ല എന്ന് ശപഥം ചെയ്യുന്നു.

ഇന്ദുലേഖയുടെ അമ്മ ലക്ഷ്മിക്കുട്ടിയുടെ ഇപ്പോഴത്തെ ഭർത്താവായ കറുത്തേടത്ത് നമ്പൂതിരിയുടെ ഉപദേശപ്രകാരം പഞ്ചുമേനവൻ കണ്ണഴി മൂർക്കില്ലാത്ത് സൂരിനമ്പൂതിരിപ്പാട് എന്ന വിടനായ പ്രഭുവുമായി ഇന്ദുലേഖയുടെ സംബന്ധം ഉറപ്പിക്കുന്നു. ബുദ്ധിമതിയായ ഇന്ദുലേഖ, നമ്പൂരിയുടെ വിഡ്ഢിത്തത്തെ പരിഹസിക്കുകയും അയാളെ ഒഴിവാക്കുകയും ചെയ്യുന്നു. നമ്പൂതിരിപ്പാട്, കുടുംബത്തിലെ മറ്റൊരു പെൺകുട്ടിയായ കല്യാണിയെ സംബന്ധം ചെയ്ത് പിറ്റേന്ന് രാവിലെ സ്ഥലംവിടുന്നു. ഇതിനിടയിൽ ഇന്ദുലേഖയെ സൂരിനമ്പൂതിരിപ്പാട് സംബന്ധം ചെയ്തു എന്ന വാർത്ത പരക്കുന്നു. ആ സമയം മദിരാശിയിൽ നിന്നും മടങ്ങിയെത്തിയ മാധവൻ ഈ വാർത്ത സത്യമെന്ന് ധരിച്ച് ദുഃഖിതനും നിരാശനുമായി ദേശാന്തരത്തിന് പുറപ്പെടുന്നു, ഉത്തരേന്ത്യയിലെ വിവിധഭാഗങ്ങളിൽ അലഞ്ഞു തിരിഞ്ഞു. അതിനിടയിൽ പല അനുഭവങ്ങളും നേരിടേണ്ടി വന്നു. മാധവനെ അന്വേഷിച്ച് അച്ഛനും അമ്മാവനും വടക്കേ ഇന്ത്യയിലെത്തുകയും അവർ മാധവനെ കണ്ടെത്തുകയും സത്യാ

വസ്ഥ തിരിച്ചറിഞ്ഞ് മാധവൻ മടങ്ങിവരികയും ചെയ്തു. മാധവന്റെ തിരോധാനത്തെ തുടർന്ന് ദുഃഖിതയായിതീർന്ന ഇന്ദുലേഖ അവശയായി മാറി. ഇന്ദുലേഖയുടെ അവസ്ഥ പഞ്ചുമേനവനെ പശ്ചാത്താപ വിവശനാക്കുകയും അദ്ദേഹം പ്രായശ്ചിത്തം ചെയ്ത് തന്റെ ശപഥത്തിൽ നിന്ന് പിൻവാങ്ങുകയും മാധവനും ഇന്ദുലേഖയും തമ്മിലുള്ള വിവാഹം നടത്തിക്കൊടുക്കുകയും ചെയ്തു. ഇന്ദുലേഖയും മാധവനും മദിരാശിയിൽ കുടുംബജീവിതം നയിച്ചു. ഇതാണ് നോവലിന്റെ രത്നചുരുക്കം,

### 1.1.2 ഇതിവൃത്തസംഗ്രഹം

നോവൽ തുടങ്ങുന്ന സമയം അതിസുന്ദരിയും ബുദ്ധിമതിയുമായ ഇന്ദുലേഖ എന്ന നായികയും മാധവനും പരസ്പരം പ്രണയത്തിലാണ്. അവരിരുവരും മനസാവരിച്ചവരും. ഇവരുടെ സ്നേഹബന്ധം തറവാടായ പൂവള്ളിയിലെ എല്ലാവരും മനസുകൊണ്ട് അംഗീകരിച്ചിരുന്നു. തറവാട്ടിലെ മറ്റൊരു അംഗമായ ശിന്നനും തന്നെപ്പോലെ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് അർഹതയുണ്ടെന്നും കാരണവരായ പഞ്ചുമേനവൻ ഇക്കാര്യത്തിനായി തറവാട് വക പണം ചിലവഴിക്കില്ല എന്ന തീരുമാനത്തിൽ ഉറച്ചു നിൽക്കുകയും ചെയ്യുന്നു. അങ്ങനെയെങ്കിൽ താൻ ശിന്നനെ പഠിപ്പിക്കും എന്ന് പറഞ്ഞുകൊണ്ട് മാധവൻ വല്യമ്മാവനുമായി തർക്കിക്കുന്നു. കുടുംബത്തിലെ കാരണവരായ താൻ ആദ്യമായി ധിക്കരിക്കപ്പെട്ടതിലുള്ള അമ്പരപ്പിലും ക്രോധത്തിലും ഇന്ദുലേഖയെ ഒരിക്കലും മാധവന് വിവാഹം ചെയ്ത് കൊടുക്കില്ല എന്ന് പഞ്ചുമേനവൻ ശപഥം ചെയ്യുന്നു. കേശവൻ നമ്പൂതിരി പറഞ്ഞ് ഇക്കാര്യം അറിഞ്ഞ സൂരിനമ്പൂതിരിപ്പാട് ഇന്ദുലേഖയുമായി സംബന്ധത്തിന് ആലോചിക്കുകയും അദ്ദേഹം പൂവള്ളിയിൽ രണ്ടുദിവസത്തെ താമസത്തിന് എത്തുകയും ചെയ്യുന്നു. ശിന്നനെ പഠിപ്പിക്കാനുള്ള ചെലവ് താൻ രഹസ്യമായി വഹിക്കാമെന്ന് ഗോവിന്ദപ്പണിക്കർ മാധവന് വാഗ്ദാനം ചെയ്യുന്നു. തന്റെ ജോലിക്കാര്യം ശരിയാക്കാനായി മദിരാശിയിലേക്ക് മടങ്ങുമ്പോൾ മാധവൻ ശിന്നനേയും ഒപ്പം കൂട്ടുന്നു. മദിരാശിയിൽ നിന്നെത്തിയ ഗോവിന്ദൻകുട്ടിമേനോനിൽ നിന്ന് മാധവന് വേഗം ജോലികിട്ടും എന്ന വിവരം ഇന്ദുലേഖ മനസിലാക്കുന്നു.

കേശവൻ നമ്പൂതിരിയുടെ എഴുത്തു കിട്ടുന്നതോടെ സംബന്ധത്തിനായി ആഗ്രഹിച്ചുകൊണ്ട് സൂരിനമ്പൂതിരിപ്പാട് ഘോഷയാത്രയായി പൂവള്ളിയിലെത്തുന്നു. കാര്യസ്ഥർ, വാല്യക്കാർ, ചെറുശ്ശേരി നമ്പൂതിരി, ഗോവിന്ദൻ തുടങ്ങിയവരും കൂടെയുണ്ട്. ഇന്ദുലേഖയെകണ്ട് ഭ്രമിച്ചുവശായെങ്കിലും ഇന്ദുലേഖ സംബന്ധത്തെപ്പറ്റി സംസാരിക്കാൻ ഇടനല്കാതെ ഒഴിഞ്ഞുമാറുന്നു. നിരാശനായ അദ്ദേഹം ഇന്ദുലേഖ തനിക്ക് യോജിച്ച ഭാര്യയായിരിക്കില്ല എന്ന് ബോധ്യപ്പെട്ട് ധർമസങ്കടത്തിലാവുന്നു. ഇന്ദുലേഖയ്ക്ക് പകരം ശീനുപട്ടരുടെ മകൾ കല്യാണിയെ സംബന്ധം ചെയ്ത് കൊണ്ടുപോവുക എന്ന ആശയം ഗോവിന്ദൻ മുന്നോട്ട് വയ്ക്കുന്നു. ഒരിക്കൽകൂടി ശ്രമിച്ച് പരാജയപ്പെട്ടാൽ കല്യാണിയെ സംബന്ധം ചെയ്ത് പിറ്റേന്നുതന്നെ പൂവള്ളിയിൽനിന്ന് പുറപ്പെടാമെന്ന് സൂരിനമ്പൂതിരിപ്പാട് കണക്കുകൂട്ടുന്നു. രണ്ടാമത്തെ സന്ദർശനത്തിൽനിന്നും ഈ ജന്മം ഇന്ദുലേഖയെ തനിക്ക് കിട്ടുകയില്ല എന്ന് വ്യക്തമായി അദ്ദേഹം കല്യാണിയെ സംബന്ധം ചെയ്യാൻ തീരുമാനിക്കുന്നു. ആ ആഗ്രഹത്തിന് പഞ്ചുമേനവൻ സമ്മതം മൂളുന്നു. എന്നാൽ അപമാനം ഭയന്ന് ഇന്ദുലേഖയെയാണ് സംബന്ധം ചെയ്യുന്നതെന്ന തരത്തിൽ വാർത്ത പരത്തുകയും ചെയ്യുന്നു.

ഈ വാർത്തകളിൽ മനംനൊന്ത് മാധവന്റെയും ഇന്ദുലേഖയുടെയും സുഹൃത്തായ ശങ്കരശാസ്ത്രികൾ അല്പം നാൾ സ്വന്തം നാട്ടിൽ പോയി താമസിക്കാൻ പുറപ്പെടുന്നു. കല്യാണിയെ സംബന്ധം ചെയ്ത് പോകുന്നവഴി ശങ്കരശാസ്ത്രികളോട് ഇന്ദുലേഖയാണ് പല്ലക്കിൽ എന്ന വണ്ണം ഗോവിന്ദൻ സംസാരിക്കുന്നു. ഇത് ഇന്ദുലേഖയുമായാണ് സൂരിനമ്പൂതിരിപ്പാടിന്റെ സംബന്ധം നടന്നിരിക്കുന്നത് എന്ന ബോധ്യം ശങ്കരശാസ്ത്രികളിൽ ഉണ്ടാക്കുന്നു. ഉദ്യോഗം ലഭിച്ച് ഇന്ദുലേഖയെ കൂട്ടിക്കൊണ്ടുപോകാനായി അവധിയ്ക്കെത്തുന്ന മാധവൻ വഴിയാത്രക്കാരിൽ നിന്ന് സംബന്ധത്തിന്റെ വാർത്ത കേൾക്കുന്നു. ശങ്കരശാസ്ത്രികൾ വാർത്ത സ്ഥിരീകരിച്ചതോടെ മാധവൻ വിഷമത്തോടെ മദിരാശിയിലേക്കും തുടർന്ന് ദേശസഞ്ചാരത്തിനും

പുറപ്പെടുന്നു. അച്ഛനെ കത്തു മുഖേന വിവരം അറിയിച്ച് നാലുമാസത്തെ അവധിയെടുത്ത് മാധവൻ മുംബൈയ്ക്ക് വണ്ടികയറുകയും ഉത്തരേന്ത്യ സന്ദർശിക്കാൻ തീരുമാനിച്ച് കൽക്കത്ത ലക്ഷ്യമാക്കി കപ്പലിൽ കയറുകയും ചെയ്യുന്നു. മാധവനെ അന്വേഷിച്ച് ബോംബെയിലെത്തിയ ഗോവിന്ദപ്പണിക്കരും ഗോവിന്ദൻകുട്ടിമേനോനും മാധവൻ ബിലാത്തിയിലേക്കായിരിക്കും കപ്പൽ കയറിയത് എന്ന് ധരിച്ച് പരിശോധനയിൽ മാധവന്റെ പേര് കാണാതെ നിരാശരാകുന്നു.

കൽക്കത്തയിൽ വച്ച് അവിടത്തെ കോടീശ്വരന്മാരായ സുഹൃത്തുക്കളെ പരിചയപ്പെടുകയും അവരുടെ ക്ഷണം സ്വീകരിച്ച് മാധവൻ ഗോവിന്ദസെന്നിന്റെ ബംഗ്ലാവിൽ താമസിക്കുകയും ചെയ്യുന്നു. മടങ്ങുമ്പോൾ ഗോപിനാഥബാനർജിയ്ക്ക് കൊടുത്ത വാക്കനുസരിച്ച് അദ്ദേഹത്തിന്റെ താമസസ്ഥലത്തേയ്ക്കുള്ള യാത്രയ്ക്കിടെ തീവണ്ടിയിൽവച്ച് പണം ഉൾപ്പെടെയുള്ള സാമഗ്രികൾ മോഷണം പോകുന്നു. വിവരമറിഞ്ഞ് ഗോവിന്ദെസെൻ മാധവന്റെ ബാക്കിയുള്ള ദേശസഞ്ചാരത്തിന്റെയും മറ്റും ചെലവ് താൻ വഹിക്കും എന്നറിയിക്കുന്നു. എന്നാൽ മാധവൻ തന്റെ ദേശസഞ്ചാരം വെട്ടിച്ചുരുക്കി മദിരാശിയിൽ തിരിച്ചെത്താൻ തീരുമാനിച്ച് പുറപ്പെടുന്നു. അതേ സമയം ബോംബെയിൽവച്ച് വളരെ യാദൃശ്ചികമായി കേശവചന്ദ്രസെൻ ഗോവിന്ദൻ കുട്ടിമേനോനെ കണ്ടുമുട്ടുകയും പരിചയപ്പെടുകയും ചെയ്യുന്നു. മാധവന്റെ ബന്ധുക്കളാണെന്ന് മനസിലായപ്പോൾ അവരെ തന്റെ വീട്ടിലേക്ക് കൂട്ടിക്കൊണ്ടു പോകുന്നു. ബോംബെയിൽ കേശവചന്ദ്രസെന്നിന്റെ വീട്ടിലെത്തിയ മാധവൻ തന്റെ അച്ഛനോടും ഗോവിന്ദൻകുട്ടി മേനോനോടും തികച്ചും അപ്രതീക്ഷിതമായുണ്ടായ സമാഗമത്തിൽ സന്തോഷിക്കുന്നു. ഇന്ദുലേഖയുടെ സംബന്ധത്തെക്കുറിച്ചുള്ള സത്യാവസ്ഥ ഇവരിൽ നിന്നും അറിഞ്ഞപ്പോൾ മാധവൻ വിഷമിക്കുന്നു. പിറ്റേന്ന് മൂവരും നാട്ടിലേക്ക് മടങ്ങുന്നു. ഇതിനിടെ മാധവന് അത്യാഹിതം സംഭവിച്ചതായി സ്വപ്നം കണ്ട ഇന്ദുലേഖ പനിച്ച് കിടപ്പിലാവുന്നു. പഞ്ചുമേനവൻ ഇത് കണ്ട് വ്യസനിക്കുകയും തന്റെ ശപഥം കൂടിയാണല്ലോ ഇതിന് കാരണം എന്ന് ധരിച്ച് സത്യം ചെയ്ത വാക്കുകളുടെ ഓരോ അക്ഷരത്തിന്റെയും സ്വർണരൂപം നിർമിച്ച് പ്രായശ്ചിത്തത്തിൽ നിന്ന് മുക്തി നേടാൻ നിശ്ചയിക്കുന്നു. മാധവൻ തിരിച്ചെത്തിയ വിവരം അറിഞ്ഞ ഇന്ദുലേഖ അതിവേഗം സുഖം പ്രാപിക്കുന്നു. അവരുടെ വിവാഹം കേമമായി നടത്തുന്നു. ഒരു മാസത്തിനുള്ളിൽ മാധവനെ സിവിൽ സർവീസിൽ എടുത്തതായുള്ള ഉത്തരവ് ലഭിക്കുന്നു. ഇന്ദുലേഖ, തന്റെ അച്ഛനമ്മമാർ എന്നിവരോടൊപ്പം മദിരാശിക്ക് പുറപ്പെടുന്നു.

### 1.1.3 വിശകലനം

ചെമ്പാഴിയോട്ട് പൂവള്ളി എന്ന പുരാതന സമ്പന്ന നായർ തറവാട്ടിലെ കാരണവരായ പഞ്ചുമേനവനാണ് പ്രധാന കഥാപാത്രങ്ങളിൽ ഒരാൾ. തികഞ്ഞ യാഥാസ്ഥിതികൻ, മുൻകോപിയാണെങ്കിലും ഉള്ളിൽ ദയാവായ്പുള്ള പരമശുദ്ധൻ. അമ്മാവൻ ദിവാൻ ആയിരുന്ന കാലം തഹസീൽദാർ ആയി സേവനമനുഷ്ഠിച്ചിരുന്നെങ്കിലും ഇംഗ്ലീഷ് ഭാഷയോ രീതിയോ വഴങ്ങില്ല. നായികയായ ഇന്ദുലേഖയ്ക്ക്, മാധവി എന്നാണ് ജാതകർമത്തിൽ ഇട്ടപേര്. അതിസുന്ദരിയും ബുദ്ധിമതിയും കുലീനയുമായ യുവതി. പഞ്ചുമേനവന്റെ മകൾ ലക്ഷ്മിക്കുട്ടിയമ്മയുടെ മകളാണ്. അച്ഛൻ കിളിമാനൂർ രാജകുടുംബാംഗമായിരുന്നെങ്കിലും ഇന്ദുലേഖയ്ക്ക് രണ്ടരവയസുള്ളപ്പോൾ അന്തരിച്ചു. അച്ഛന്റെ മരണശേഷം ഇന്ദുലേഖയെ അമ്മാവനും ദിവാൻപേഷ്കാർ ഉദ്യോഗസ്ഥനും ആയ കൊച്ചുകൃഷ്ണമേനോൻ തന്റെ ജോലി സ്ഥലത്ത് കൊണ്ടുപോയി. അദ്ദേഹത്തിന്റെ മരണം വരെ, വളർത്തച്ഛനായി വളർത്തി. ഇംഗ്ലീഷ്, സംസ്കൃതം, സംഗീതം എന്നിവയിൽ നിപുണനായിരുന്ന കൊച്ചുകൃഷ്ണമേനോൻ ഇന്ദുലേഖയെ പാശ്ചാത്യവിദ്യാഭ്യാസരീതികൾ പരിശീലിപ്പിച്ചിട്ടുണ്ടെങ്കിലും അഹങ്കാരം ഇന്ദുലേഖയെ തൊട്ടുതീണ്ടിയിട്ടില്ല. അമ്മാവന്റെ മരണശേഷം മാതൃഗൃഹമായ ചെമ്പാഴിയോട്ട് പൂവള്ളിയിലേക്ക് ഇന്ദുലേഖ താമസം മാറ്റി. വിദ്യാസമ്പന്നയും ശക്തയുമായ നായികാകഥാപാത്രമായി ഇന്ദുലേഖയെ നോവലിസ്റ്റ് അവതരിപ്പിച്ചിരിക്കുന്നു.

ഇന്ദുലേഖയുടെ പ്രണയത്തിന് പാത്രമായ കഥാനായകനാണ് മാധവൻ. സുന്ദരൻ, ബുദ്ധിമാൻ, രസികൻ, സൽസ്വഭാവി, ഒപ്പം വിദ്യാസമ്പന്നനും. FA, BA, BL എന്നിവ ഒന്നാം ക്ലാസ്സോടെ,

പ്രശസ്തമായി വിജയിച്ചു. സംസ്കൃതത്തിലും ഇംഗ്ലീഷിലും പ്രാഗത്ഭ്യമുണ്ട്. ലോൺ ടെന്നീസ്, ക്രിക്കറ്റ് തുടങ്ങിയ വിനോദങ്ങളിലും സമർഥനാണ്. ഇന്ദുലേഖയ്ക്ക് അനുയോജ്യനായ വരനാണെന്ന് തറവാട്ടിൽ എല്ലാപേരും അംഗീകരിച്ചിട്ടുമുണ്ട്. പരിഷ്കരണവാദിയുമാണ്. പഞ്ചുമേനവന്റെ സഹോദരിയുടെ മകൾ പാർവതിഅമ്മയുടെയും ഗോവിന്ദപ്പണിക്കരുടെയും പുത്രനാണ് മാധവൻ. അയാൾ ഇംഗ്ലീഷ് പഠനത്തിന്റെ പ്രാധാന്യം നന്നായി അറിയുന്നവനാണ്. യൂറോപ്യന്മാർ കാഴ്ചയിൽ തന്നെ മാധവനിൽ കൗതുകം തോന്നി അയാളുടെ ഇഷ്ടന്മാരായി ത്തീർന്നു. ധൈര്യവാൻ, കാര്യം പറയുമ്പോൾ അയാൾ ആരേയും ഭയപ്പെട്ടു പറയാതിരിക്കില്ല. ഇംഗ്ലീഷ് പഠനത്തിന്റെ പ്രാധാന്യത്തെ വേണ്ടിടത്തോളം തിരിച്ചറിയുകയും ഉൾക്കൊള്ളുകയും ചെയ്യുന്ന ആളാണ് മാധവൻ. അയാൾ പാരമ്പര്യനിഷേധിയല്ലെന്ന് ആഖ്യാനകാരൻ ഉറപ്പിച്ചു പറയുന്നുണ്ട്. മാധവന് മുഖ്യമായും സമ്പർക്കവും സൗഹൃദവുമുള്ളത് യൂറോപ്യന്മാരോടും ഇന്ത്യയിലെ സമ്പന്നന്മാരോടുമാണ്. മിക്കവാറും സകല ശാസ്ത്രങ്ങളിലും പാരംഗതനായ നായകൻ ഈശ്വരവിശ്വാസം ഉപേക്ഷിച്ചവനല്ല. ഈശ്വര-നിരീശ്വരവാദങ്ങളെക്കുറിച്ച് പൗരാണിക ഗ്രന്ഥങ്ങളുടേയും ആധുനികശാസ്ത്രത്തിന്റെയും അടിസ്ഥാനത്തിൽ ചർച്ചചെയ്യാനുള്ള പാണ്ഡിത്യവും അയാൾക്കുണ്ട്. സിവിൽ സർവീസിൽ നിയമിതനാകുന്നുമുണ്ട്.

മാധവനെ ഒഴിവാക്കാൻ പഞ്ചുമേനവൻ ഇന്ദുലേഖയ്ക്കായി കണ്ടെത്തിയ സംബന്ധക്കാരനാണ് കണ്ണഴിമൂർക്കില്ലാത്ത് മനയ്ക്കൽ സൂരിനമ്പൂതിരിപ്പാട്. ധനികനാണെങ്കിലും സ്ത്രീലമ്പടനും കഥകളിഭ്രാന്തനുമായാണ് ചിത്രീകരിച്ചിരിക്കുന്നത്. വിദ്യാഭ്യാസം കുറവാണ്. ശുദ്ധനും വിഡ്ഢിത്തം വിളമ്പുന്നവനും മുഖസ്തുതിയിൽ താല്പര്യമുള്ളയാളുമാണ്. ശരാശരി സൗന്ദര്യവും ചാടിച്ചാടിയുള്ള നടത്തവും പ്രകൃതവുമാണെന്നാണ് നോവലിസ്റ്റ് പറയുന്നത്. മനയ്ക്കലെ ഇളയമകനാണ്. വേളി കഴിക്കാതെ അനേകം ശൂദ്രസ്ത്രീകളുമായി സംബന്ധവും വിഷയസുഖങ്ങൾക്കായി സ്വത്തൊക്കെ ധൂർത്തടിക്കുന്ന സ്വഭാവക്കാരനുമാണെന്ന് നോവലിൽ പ്രസ്താവിക്കുന്നുണ്ട്. സൂരിനമ്പൂതിരിപ്പാടിന്റെ സഹോദരൻ നാരായണൻ നമ്പൂതിരിപ്പാടിന്റെ സുഹൃത്താണ് ചെറുശ്ശേരി നമ്പൂതിരി. ഇന്ദുലേഖയെയും മാധവനെയും അദ്ദേഹത്തിന് മുൻപരിചയമുണ്ട്. അവരുടെ അഭ്യുദയകാംക്ഷിയും അതിബുദ്ധിമാനും രസികനുമാണ്. സൂരിനമ്പൂതിരിയെ പുച്ഛമാണെങ്കിലും മുഷിപ്പ് ഭയന്ന് മുഖസ്തുതിയുടെ മറവിൽ നിന്ദാസ്തുതി ചെയ്തുപോന്നു. ഇന്ദുലേഖയുമായി സംബന്ധം തുടങ്ങാൻ പുറപ്പെട്ട സൂരിനമ്പൂതിരിയോടൊപ്പം അദ്ദേഹവും അകമ്പടി വരുന്നുണ്ട്. ഇന്ദുലേഖയുടെ അമ്മയായ ലക്ഷ്മിക്കുട്ടിയമ്മയുടെ സംബന്ധക്കാരൻ കറുത്തേടം കേശവൻ നമ്പൂതിരി, പരമശുദ്ധനും ഭാര്യയോട് അതിയായ സ്നേഹവും ഉള്ളയാളാണ്. സ്വന്തം ഇല്ലത്തുപോയി താമസിക്കുക ചുരുക്കം. ഭക്ഷണവും മറ്റും പൂവള്ളിവക സത്രത്തിനു സമീപമുള്ള മഠത്തിൽ നിന്ന്. ഇന്ദുലേഖയ്ക്ക് സംബന്ധത്തിനായി സൂരിനമ്പൂതിരിപ്പാടിനെ ക്ഷണിക്കാൻ ഇടയാക്കിയത് സൂരി നമ്പൂതിരിപ്പാടിനോടുള്ള കേശവൻ നമ്പൂതിരിയുടെ മുൻ പരിചയവും മതിപ്പുമാണ്.

പഞ്ചുമേനവന്റെ മകളായ ലക്ഷ്മികുട്ടിയമ്മയാണ് ഇന്ദുലേഖയുടെ അമ്മ. അതിസുന്ദരിയും ബുദ്ധിമതിയും. ആദ്യഭർത്താവ് കിളിമാനൂർ രാജകുടുംബാംഗം. അദ്ദേഹമായിരുന്നു ഇന്ദുലേഖയുടെ അച്ഛൻ. കഥാസന്ദർഭത്തിന് ആറുകൊല്ലം മുമ്പ് കറുത്തേടം കേശവൻ നമ്പൂതിരിയുമായി സംബന്ധം തുടങ്ങി. മാധവന്റെ അച്ഛനാണ് ഗോവിന്ദപ്പണിക്കർ. ധനികനാണെങ്കിലും മാന്യനും സൽസ്വഭാവിയും അതിബുദ്ധിമാനുമാണ്. പൂവള്ളിക്കു പുറത്ത് പ്രത്യേകമാണ് താമസം. മാധവന്റെ അമ്മ പാർവതിയമ്മ പഞ്ചുമേനവന്റെ സഹോദരീ പുത്രിയാണ്. പൂവള്ളിയിലാണ് താമസം. പഞ്ചുമേനവന്റെ ഇളയ മകൻ ഗോവിന്ദൻകുട്ടി മേനോൻ ഇന്ദുലേഖയുടെ കൊച്ചമ്മാവനാണ്. അതിബുദ്ധിമാനും നിരീശ്വരവാദിയുമായ ഇദ്ദേഹം മദിരാശിയിലാണ് താമസം. പഞ്ചുമേനവന്റെ ഭാര്യയും ഇന്ദുലേഖയുടെ മുത്തശ്ശിയുമായ കുഞ്ഞികുട്ടിയമ്മ തികച്ചും യാഥാസ്ഥിതിക മനോഭാവക്കാരിയാണ്. പഞ്ചുമേനോന്റെ സഹോദരീ പുത്രനായ ശങ്കരമേനോൻ, കാരണവർക്ക് വിനീതവിധേയനാണ്. ഇന്ദുലേഖയ്ക്ക് പകരം സൂരിനമ്പൂതിരിപ്പാട് പൂവള്ളിയിൽ നിന്ന് സംബന്ധം ചെയ്യുന്നവളാണ് കല്യാണി

ക്കുട്ടി. ഇംഗ്ലീഷ് വിദ്യാഭ്യാസം തീരെയില്ലാതെ തനി കേരളീയ മട്ടിൽ വളർന്ന സാധുപെൺകുട്ടി. ചാത്തരൻ, ഗോപാലൻ, ശിന്നൻ, കല്യാണിക്കുട്ടി എന്നിവരുടെ അമ്മയായ കുമ്മിണിയമ്മ പഞ്ചുമേനോനോട് ദയയും ബഹുമാനവും വിധേയത്വവും വച്ചുപുലർത്തുന്ന സ്ത്രീയാണ്. കുമ്മിണിയമ്മയുടെ ഭർത്താവ് ശീനുപട്ടർ, പഞ്ചുമേനോന്റെ അമ്മാവന്റെയൊപ്പം അരിവെപ്പുകാരനായി നിന്നിരുന്നു. ചാത്തരന്റെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് പഞ്ചുമേനവനോട് തർക്കിക്കുവാൻ ധൈര്യം കാണിക്കുന്നുണ്ട് ഇദ്ദേഹം.

പൂവള്ളിയിൽ രാമായണ പാരായണത്തിനായി നിയോഗിക്കപ്പെട്ട ശങ്കരശാസ്ത്രികൾ ഇന്ദുലേഖയുടെയും മാധവന്റെയും സുഹൃത്തും അഭ്യുദയകാംക്ഷിയുമായ ശുദ്ധാത്മാവാണ്. വാല്യക്കാരൻ ഗോവിന്ദ് തന്റെ യജമാനന്റെ സ്വഭാവമൊക്കെ അറിയാമെങ്കിലും അദ്ദേഹത്തോട് ഭക്തിയും സ്നേഹവും ഒക്കെയുണ്ട്. പല സന്ദർഭങ്ങളിലും സൂരിനമ്പൂതിരിപ്പാടിന് വിലയേറിയ ഉപദേശങ്ങൾ കൊടുക്കുന്നത് ഗോവിന്ദനാണ്. ഇന്ദുലേഖയ്ക്കു പകരം കല്യാണിക്കുട്ടിയെ സംബന്ധം കഴിക്കാൻ ഉപദേശിക്കുന്നതും ഗോവിന്ദനാണ്. ഇന്ദുലേഖയെന്ന നോവലിന്റെ പേര് ഉരുത്തിരിഞ്ഞുവന്നത് കഥയിലെ കേന്ദ്രകഥാപാത്രമായ ഇന്ദുലേഖയെന്നു പേരുള്ള സുന്ദരിയും വിദ്യാസമ്പന്നയുമായ നായർ യുവതിയിൽ നിന്നാണ്. കാലത്തിന്റെ മാറ്റങ്ങളെ അനുവദിച്ചു കൊടുക്കുവാനുള്ള പഴയ കാലത്തെ ആളുകളുടെ മടിയും സംബന്ധവിവാഹങ്ങളിൽ നിന്ന് പുറത്തു കടക്കുവാനുള്ള നായർസ്ത്രീകളുടെ കഠിന പരിശ്രമങ്ങളും ഈ നോവലിന്റെ മുഖ്യപ്രമേയങ്ങളായി മാറിയിരിക്കുന്നു. പൊതുവേ സ്ത്രീകൾ വിദ്യാഭ്യാസം ചെയ്യുന്നതിനർഹരല്ലെന്ന് ശാഠ്യം പിടിക്കുന്ന അക്കാലത്താണ് തന്റെ പതിനാറുവയസുവരെ ഇന്ദുലേഖ വിദ്യ അഭ്യസിച്ചത്. ഇംഗ്ലീഷിലും സംസ്തൃതനാടകാലങ്കാരങ്ങളിലും സംഗീതത്തിലും തുന്നലിലും ചിത്രപ്പണികളിലും അതിനിപുണയായി അവൾ മാറി.

കഥാനായകനായ മാധവൻ, പാശ്ചാത്യ സംസ്കാരത്തിനൊപ്പം പരമ്പരാഗതമായ തനിമകളെയും നിലനിർത്തിക്കൊണ്ടു പോവുന്നു. തന്റെ സഹോദരങ്ങളും തന്നെപ്പോലെ അറിവുസമ്പാദിക്കണമെന്ന് മാധവൻ സദാകാംക്ഷിക്കുന്നു. അതിനുവേണ്ടി തന്നാലാവും വിധം പരിശ്രമിക്കുകയും ചെയ്യുന്നു. തന്നെ സ്നേഹിക്കുന്നവർക്കു വേണ്ടി ജീവൻ വെടിയുന്ന മനോഭാവമാണ് മാധവനുള്ളത്. താൻ പ്രവർത്തിക്കുന്നത് ഉചിതമാണെന്ന് ഉത്തമബോധ്യമുള്ളതിനാലാണ് മാധവൻ, പഞ്ചുമേനവനെ എതിർക്കുന്നത്. തറവാട്ടിലെ പൂർവികർ വരുംതലമുറയുടെ അഭിവൃദ്ധിക്കായി കരുതിവെച്ച ദ്രവ്യം ശിന്നന്റെ പഠനത്തിനുവേണ്ടി ചെലവഴിക്കണമെന്ന് മാധവൻ നിർബന്ധം പിടിക്കുന്നു. ശുഭപര്യവസായിയാണ് നോവൽ. പ്രേമവും തമാശയും വിരഹവും കൂടിച്ചേരലും തുടങ്ങി മനുഷ്യജീവിതത്തിന്റെ പല അവസ്ഥകളിലൂടെ ഈ നോവൽ കടന്നുപോകുന്നുണ്ട്.

ലക്ഷണമൊത്ത ആദ്യ മലയാള നോവൽ എന്ന് വിശേഷിപ്പിക്കപ്പെട്ടിട്ടുള്ള ഇന്ദുലേഖ 1889 – ലാണ് പ്രസിദ്ധീകരിക്കുന്നത്. ഒരു നായർ കുടുംബത്തിലെ കഥയാണ് ഈ നോവലിന്റെ ഇതിവൃത്തം. നായർ – നമ്പൂതിരി സമുദായങ്ങളിലെ മരുമക്കത്തായവും ജാതിവ്യവസ്ഥയും നമ്പൂതിരിമാർ പല വേളികൾ കഴിക്കുന്ന സമ്പ്രദായവും അന്നത്തെ നായർ സമുദായത്തിന്റെ അവസ്ഥയും ഒക്കെ ഇന്ദുലേഖയുടെയും മാധവന്റെയും പ്രണയകഥയിലൂടെ ചന്തുമേനോൻ അവതരിപ്പിക്കുന്നു. മലയാളത്തിലെ പിൽക്കാല നോവലുകളെ ഒരു വലിയ അളവിൽ ഇന്ദുലേഖ സ്വാധീനിച്ചിട്ടുണ്ട്. ഇന്ദുലേഖ ആദ്യം പ്രസിദ്ധീകരിക്കാൻ പ്രസാധകർ തയ്യാറാകാത്തതുകൊണ്ട് ആ വർഷം ഡിസംബറിൽ ചന്തുമേനോൻ സ്വന്തമായി കോഴിക്കോട്ടെ സ്പെകുറൽ പ്രസിൽ അച്ചടിച്ച് പുറത്തിറക്കി എന്നാണ് പ്രസാധന ചരിത്രം.

ഇന്ദുലേഖയ്ക്ക് പ്രധാനമായും മൂന്ന് ഇംഗ്ലീഷ് വിവർത്തനങ്ങളാണ് ഉള്ളത്. 1890 – ൽ ഇറങ്ങിയ മലബാർ കളക്ടറായിരുന്ന W. ഡ്യൂമർഗിന്റെ വിവർത്തനവും (INDULEKHA A NOVEL FROM MALABAR) 1979 - ലെ ആർ. ലീലാദേവിയുടെ വിവർത്തനവും 1995 – ലെ അനിതാ ദേവസ്യയുടെ വിവർത്തനവും.

പ്രായത്തെക്കുറിച്ച് തെല്ലും ചിന്തയില്ലാതെ സൂരിനമ്പൂതിപ്പാട് കാണിക്കുന്ന പ്രവൃത്തികൾ വായനക്കാരെ രസിപ്പിക്കുകയും ചൊടിപ്പിക്കുകയും ചെയ്യുന്നു. മാധവന്റെയും ഇന്ദുലേഖയുടെയും സ്നേഹത്തെ എതിർക്കുന്ന ചുരുക്കംപേരെ കഥയിലുള്ളു. പ്രത്യക്ഷത്തിൽ എതിർക്കുന്നതു പോലെയെങ്കിലും ഇരുവരുടേയും രക്ഷിതാക്കൾക്ക് ഇക്കാര്യത്തിൽ പൂർണസമ്മതമായിരുന്നു. ചെറുശ്ശേരി നമ്പൂതിക്കാകട്ടെ, അവർ തമ്മിലുള്ള വേളി മാത്രമേ നടക്കൂ എന്ന് തീർച്ചയുണ്ടായിട്ടും അദ്ദേഹം സൂരിനമ്പൂതിരിപ്പാടിന്റെ ദുരാഗ്രഹത്തെ അനുഗമിക്കുന്നതായി അഭിനയിക്കുന്നുണ്ട്.

ബ്രിട്ടീഷ് ഭരണത്തിന് കീഴിൽ പല പരിഷ്കാരങ്ങളും ആർജിച്ച നാട്ടിൽ അച്ചടിയും വിദ്യാഭ്യാസ വ്യാപനവും ചെലുത്തിയ മാറ്റങ്ങൾ ചെറുതായിരുന്നില്ല. ജന്മിവ്യവസ്ഥയിൽ നിന്ന് പുതിയതലമുറ പാശ്ചാത്യപരിഷ്കൃതിയുടെ നേരെ ആകാംക്ഷയോടും കൗതുകത്തോടുംകൂടി ഉറ്റുനോക്കുന്ന കാലമായിരുന്നു അത്.

ഇന്ദുലേഖയു ശാരദയും പ്രത്യക്ഷപ്പെട്ടത് ഇക്കാലത്താണ്. കാരണവരുടെ ഉഗ്രശാസനത്തിന് കീഴിൽ നിന്ന് രക്ഷപ്പെടാൻ വെമ്പി, സ്വാതന്ത്രബോധവും സ്വാശ്രയത്വവും ചോദ്യം ചെയ്യാനുള്ള തന്റേടവും നേടിയെടുത്ത പുതുതലമുറക്കാരുടെ ശബ്ദം ചന്തുമേനോൻ കേൾപ്പിച്ചു. ഇന്ദുലേഖയിലെ മാധവനും ഇന്ദുലേഖയും ഈ പുതുമുറക്കാരുടെ പ്രതിനിധികളാണ്. സൂരിനമ്പൂതിരിയുടെ പെരുമാറ്റത്തിലൂടെ പരിഹാസ്യമായിത്തീരുന്ന ജന്മിനാടുവാഴിത്തത്തെ നാം കാണുന്നു. ദേശത്തിന്റെ ചുരുങ്ങിയ ഇടങ്ങളിൽ നിന്ന് വിജ്ഞാനവും വിനോദവും നേടാനുള്ള സാധ്യതകൾ മാധവന്റെ ദേശാന്തരത്തിലൂടെ നോവലിസ്റ്റ് കാണിച്ചു തരുന്നു. അറിവിന്റെയും അത്ഭുതങ്ങളുടെയും ലോകം കാണിച്ചു തരുന്ന ഇംഗ്ലീഷ്കാരോടുള്ള സ്നേഹബഹുമാനങ്ങൾ, പുതുമയുടെ ലോകത്തേക്കു, അടുത്ത നൂറ്റാണ്ടിലേക്കു പ്രവേശിക്കണമെന്ന ആഗ്രഹം. ഗ്രാമം പഴയതാകുന്നതും പുതുമയിലേക്ക് വികസിക്കേണ്ട ഇടമായി മാറുന്നതും ഗൗരവപൂർവം നിരീക്ഷിക്കുകയാണ് നോവലിസ്റ്റ്. പഴമയുടെ കോട്ടകൾ തകർന്നു തുടങ്ങുന്നതിന്റെ നിരവധി സൂചനകൾ ചന്തുമേനോന്റെ ഈ നോവലിൽ നിന്ന് വായിച്ചെടുക്കാം.

ഇന്ദുലേഖ മറ്റൊരാളെ വരിച്ചുവെന്ന വ്യാജ വാർത്ത മാധവന്റെ മനസിലുണ്ടാക്കിയ വിഷമം മാറ്റാൻ അയാൾ കണ്ടെത്തിയ മരുന്ന് ദേശാന്തരയാത്രയാണ്. തന്നെ സിവിൽ സർവീസിലെടുക്കാൻ തീർച്ചപ്പെടുത്തിയ ഗിൽഹാം സായ്പിന്റെ ആശീർവാദത്തോടെ മാധവൻ, ഇന്നത്തെ മുംബൈയുടെയും കൽക്കത്തയുടെയും പരിസരങ്ങളിലേക്ക് യാത്രയാകുന്നു. ഇംഗ്ലീഷ്മാതിരി ഉടുപ്പുകളും തോക്കുകളും തിരകളും ആവശ്യത്തിനു പണവും എട്ടുപത്തു പുസ്തകങ്ങളും വേറെയും യാത്രാസാമഗ്രികളുമായുള്ള ഇത്തരമൊരു പരദേശ സഞ്ചാരത്തിന്റെ ചിത്രം മലയാള സാഹിത്യത്തിൽ ആദ്യത്തേതാണ്. യൂറോപ്യൻ ഡ്രസ്സും ബൂട്സും ധരിച്ച് അന്തസ്സോടെയുള്ള ഈ യാത്രയ്ക്കു സമാനമായി പില്കാലത്തുപോലും സാഹിത്യകൃതികളിൽ ശ്രദ്ധേയമായ യാത്രകളില്ല. ദൂരങ്ങളും പുതിയ കാലത്തിന്റെ അറിവുകളും സാഹസികയാത്രയും ഗൗരവ വായന ആവശ്യപ്പെടുന്നു. ബോംബെയിലെത്തിയ മാധവൻ, അച്ഛന്റെ സമ്മാനമായ ചുവപ്പുകടുക്കൻ വിറ്റു. നഗരത്തിൽ തന്റെ കടുക്കൻ അയാൾക്ക് ഭാരമായും ഉപദ്രവമായും തോന്നിയിരുന്നു. ചന്തുമേനോൻ, ബോംബെ തുറമുഖത്തിന്റെ ദൃശ്യങ്ങൾ മാധവന്റെ കാഴ്ചയിലൂടെ വായനക്കാരിലേക്കു പകർന്നു തരുന്നു. ജീവിതമോ തൊഴിലോ തേടി നഗരത്തിലെത്തിയ കഥാപാത്രമല്ല മാധവൻ. കാഴ്ചകൾ മാധവനെ സന്തോഷിപ്പിക്കുന്നതായും നോവലിസ്റ്റ് സാക്ഷ്യപ്പെടുത്തുന്നുണ്ട്. കപ്പലുകൾ അകലുമ്പോൾ യാത്രയയപ്പിന്റെ വേദനകളും വന്നടുക്കുമ്പോൾ വന്നിറങ്ങുന്നവരെ സ്വീകരിക്കുന്ന ആവേശങ്ങളും മാധവനെ സ്പർശിക്കുന്നു. ജനങ്ങളുടെ വിനോദത്തിനായി അവിടെവച്ചു പ്രയോഗിക്കുന്ന ബാന്റുവാദ്യത്തിന്റെ സുഖദമായ സംഗീതകോലാഹലം, സൂര്യാസ്തമയശോഭ ഇതെല്ലാം മാധവന് ഹൃദ്യമായി അനുഭവപ്പെടുന്നുണ്ട്. വെറും കാഴ്ചകൾ എന്ന നിലയ്ക്കു മാത്രമല്ല, മനസിന്റെ അനേകം ആകാംക്ഷകളെ പൂരിപ്പിക്കുന്നതും സ്വാതന്ത്ര്യബോധം പകരുന്നതുമായ കാഴ്ചകളാണ് മാധവന് അവയെല്ലാം.

നഗരത്തിന്റെ ശക്തമായ ഒരു പ്രലോഭനം മാധവനിൽ നാമ്പെടുക്കുകയാണിവിടെ. വിദ്യാഭ്യാസത്തിനായി താൻ കഴിച്ചുകൂട്ടിയ മദിരാശിയിൽ നിന്ന് പരിഷ്കാരവും വിജ്ഞാനവും തനിക്കു ലഭിച്ചെങ്കിലും വിനോദത്തിനും സഞ്ചാര കൗതുകത്തിനും വേണ്ടി എത്തിപ്പെട്ട ബോംബെയിൽ അയാൾ സർവതന്ത്രസ്വതന്ത്രനാണ്. ബോംബെ നഗരം മാധവനെ വല്ലാതെ മാറ്റിമറിക്കുന്നു. നാടും തറവാടും ഇന്ദുലേഖയുമെല്ലാം അയാളപ്പോൾ മറന്നിരിക്കുന്നു. സമുദ്രയാത്ര ചെയ്യാനുള്ള ആഗ്രഹം മാധവനിൽ ഉദിക്കുന്നത് ബോംബെ തുറമുഖത്തു നിന്നപ്പോഴാണ്. രാത്രിയിൽ കൽക്കത്തയ്ക്കുള്ള മെറീനാ എന്ന കപ്പലിലെ യാത്രയിൽ കടുത്ത ഏകാന്തതയും അന്യതയുമാണ് അയാൾക്കനുഭവപ്പെട്ടത്. ഇരുപത്തിമൂന്നു ദിവസത്തെ കടൽ യാത്രയ്ക്കൊടുവിൽ കൽക്കത്തയിലെത്തിയ മാധവന്, അവിടെയൊരു മൃഗശാലയിൽ നിന്നു പുറത്തുചാടിയ ചീട്ട എന്ന നരിയെ തന്റെ റിവോൾവർകൊണ്ട് വെടിവച്ചു വീഴ്ത്തേണ്ടി വന്നു. തന്റെ ധീരതയെ വാഴ്ത്തിയ കൽക്കത്ത നഗരവാസികളായ ബാബു ഗോവിന്ദസെൻ, ഗോപിനാഥ ബാനർജി എന്നീ വ്യവസായ പ്രമുഖന്മാരുടെ അതിഥിയായി അമരാവതി എന്ന ബംഗ്ലാവിൽ നഗരത്തിന്റെ ആഡംബര പ്രൗഢികളോടെ വസിക്കുന്ന മാധവൻ, മദിരാശിയിലെയും കൽക്കത്തയിലെയും ധനികന്മാരെ ഈ അവസരത്തിൽ താരതമ്യം ചെയ്യുന്നുണ്ട്.

നാഗരികതയുടെ ചതിയും കാപട്യവും ഷിയർ അലിഖാന്റെ തട്ടിപ്പിലൂടെ മാധവന് ബോധ്യമാകുന്നു. കൽക്കത്താ - ബോംബെയാത്രയിൽ, അലഹബാദിലെ സബോർഡിനേറ്റ് ജഡ്ജിയെന്ന് സ്വയം പരിചയപ്പെടുത്തിക്കൊണ്ട് തീവണ്ടിയിൽ പ്രത്യക്ഷപ്പെട്ട സുമുഖനായ ആ യുവാവ്, സുഗന്ധ ലേപനവും ബ്രിട്ടീഷ് മോഡൽ സ്യൂട്ട് കേസും മാറത്ത് സ്വർണവർണമായി മിന്നുന്ന ഗഡിയാളും കുപ്പായവും പച്ചപ്പട്ടിന്റെ കാൽക്കുപ്പായവും തിളങ്ങുന്ന ബൂട്ട്ഡും മറ്റുമായി ആരുടെയും ബഹുമാനം പിടിച്ചു പറ്റുന്ന പരിഷ്കൃതനായിരുന്നു. തീവണ്ടി ഏതോ വലിയ ഒരു സ്റ്റേഷനിൽ എത്തിയപ്പോൾ മാധവനെ റിഫ്രെഷ്മെന്റ് റൂമിൽ കൊണ്ടുപോയി സമൃദ്ധമായ ഭക്ഷണത്തിന് ഓർഡർ കൊടുക്കുന്നു. മട്ടൻ ചാപ്പ്, ബ്രെഡ്, ചീസ്, ഷെറിവയിൻ തുടങ്ങിയ പരിഷ്കൃത വിഭവങ്ങൾ മുന്നിലെത്തുന്നതിനു മുമ്പ് മകനെ കൂട്ടി വരാമെന്ന നാട്യത്തിൽ പുറത്തിറങ്ങിയ അലിഖാനെയും തീവണ്ടിയിലുള്ള സ്വന്തം സാമഗ്രികളും മാധവന് എന്നെന്നേക്കുമായി നഷ്ടപ്പെട്ടു. കൽക്കത്തയിലെ ധനാഢ്യന്റെ സുഹൃത്താണ് മാധവനെന്നറിയുമ്പോൾ കസേര വരുത്തിക്കൊടുത്തും ചായ വാങ്ങിക്കൊടുത്തും മറ്റും ഒരു രാജാവിനെയെന്ന വണ്ണം ഉപചരിക്കുകയാണ് സ്റ്റേഷൻ മാസ്റ്റർ. പോലീസുകാരോട് അയാൾ പറയുന്നത് മാധവൻ മലയാളത്തിൽ നിന്നെത്തിയ രാജാവാണെന്നും ഒരു ലക്ഷം ഉറുപ്പികയുടെ മുതൽ കളവുപോയെന്നുമത്രെ.

ഇന്ദുലേഖയുടെ ഇച്ഛാശക്തി ഉചിതമായ തെരഞ്ഞെടുക്കലുകളിലൂടെയും അപൂർവമായ വെളിപ്പെടലുകളിലൂടെയുമാണ് സാഫല്യത്തിനു ശ്രമിക്കുന്നത്. പുത്തൻ നാഗരികതയുടെ മേഖലയിൽ സഞ്ചരിക്കുന്ന നായകനെയാണ് അവൾക്ക് വരിക്കേണ്ടത്. കുടുംബബന്ധങ്ങളാണ് ഇന്ദുലേഖയിലും ചർച്ചചെയ്യപ്പെടുന്നത്. അനുരാഗത്തിന്റെ പുതിയൊരു ഭാഷ ചന്തുമേനോൻ സമർഥമായി അടയാളപ്പെടുത്തുന്നു. എല്ലാ തെറ്റിദ്ധാരണകളും നീങ്ങി ഇന്ദുലേഖയെ വിവാഹം കഴിക്കുന്ന മാധവൻ സ്ഥിരതാമസം തുടങ്ങുന്നത് മദിരാശിയിലാണെന്ന വസ്തുത ശ്രദ്ധേയമാണ്. ഇന്ദുലേഖയും മാധവനും മാധവന്റെ അച്ഛനമ്മമാരോടു കൂടി മദിരാശിക്കുപോയി സുഖമായി ഇരുന്നു എന്നാണ് കഥാന്ത്യം.

ഇന്ദുലേഖയുൾപ്പെടെയുള്ള ആദ്യകാല നോവലുകളിൽ യാത്ര നോവൽ ഘടകമെന്ന നിലയിൽ പ്രസക്തമാകുന്നുണ്ട്. ശിന്നനെ ഇംഗ്ലീഷ് പഠിപ്പിക്കാൻ മദിരാശിക്കുകൊണ്ടുപോകുന്നിടത്താണ് ഇന്ദുലേഖ ആരംഭിക്കുന്നത്. നോവലിൽ കഥയുടെ സംഘട്ടനാത്മകതയും മുന്നേറ്റവും തുടങ്ങുന്നത് ഈ യാത്രയിൽ നിന്നാണ്. മാധവൻ മദിരാശിയിൽ പഠിക്കുന്നയാളാണ്. മദിരാശിയിൽ നിന്നുള്ള മാധവന്റെ മടങ്ങി വരവിലാണ് കഥയുടെ വഴിത്തിരിവു സംഭവിക്കുന്നത്. നാട്ടിലെത്താതെ അയാൾ കൽക്കത്തയിലേക്കു നാടുവിടുന്നു. ഈ യാത്രയിലും പിന്നീടുള്ള ബോംബെ യാത്രയിലുമാണ് മാധവന്റെ പരദേശ വിശേഷങ്ങൾ നോവലിന്റെ ഭാഗമാക്കി മാറ്റാൻ

ചന്തുമേനോൻ തയ്യാറാകുന്നത്. മാധവന്റെ രാജ്യസഞ്ചാരം എന്ന പതിനാറാമധ്യായം, മലയാള നോവൽ പിന്നീടു കൈവരിച്ച വലിയൊരു മാറ്റത്തിന്റെ തുടക്കം കൂടിയായി.

18-ാം അധ്യായമായ ഒരു സംഭാഷണം നടക്കുന്നതും ഇതേ നഗരത്തിലാണ്. മാധവൻ കയറിയിരുന്ന കപ്പൽ ബോംബെയിൽ നിന്ന് കൽക്കത്തക്കുള്ള വഴിയിൽ മലബാർ തീരത്തുകൂടി കടന്നു പോകുമ്പോൾ അയാൾ തന്റെ നാടിനെ ദൂരെ നിന്ന് നോക്കിക്കാണുകയും അവിടത്തെ തന്റെ ബന്ധുക്കളെയോർത്ത് വികാരവിവശനാവുകയുമാണ്. ഇന്ദുലേഖ വിഭാവനം ചെയ്യുന്നത് പുതിയ തരം സാമൂഹ്യസ്ഥാപനങ്ങളെയാണ്. ഇന്ദുലേഖയിൽ വിദ്യാഭ്യാസത്തിന്റെ മാധ്യമം മാത്രമല്ല, അതിന്റെ ഉള്ളടക്കവും ചർച്ചാവിഷയമാവുന്നു. നോവൽ തുടങ്ങുന്നതുതന്നെ ''ശിന്നനെ ഞാൻ ഒന്നിച്ചുകൊണ്ടു പോവുന്നു. അവനെ ഞാൻ പഠിപ്പിക്കും'' എന്ന മാധവന്റെ പ്രഖ്യാപനത്തോടെയാണ്. ശിന്നനെ മൂരിക്കുട്ടനെപോലെ വളർത്താൻ താൻ സമ്മതിക്കില്ലെന്ന് മാധവൻ പറയുമ്പോൾ വിദ്യാഭ്യാസത്തിനുള്ള സ്വാധീനമാണ് പരാമർശിക്കപ്പെടുന്നത്. മാധവൻ ചോദ്യം ചെയ്യുന്നത് 28000 പറ നെല്ലുവരുന്ന ജന്മവസ്തുക്കളും 15000 ഉറുപ്പികയോളം കൊല്ലത്തിൽ പാട്ടം പിരിയുന്ന തോട്ടങ്ങളും എല്ലാ ചെലവും കഴിച്ച് 5000 ഉറുപ്പികയോളം മിച്ചവുമുള്ള കൂട്ടുകുടുംബത്തിലെ കാരണവരുടെ അധികാരത്തെയാണ്.

ഇന്ദുലേഖയിലെ രണ്ടാം അധ്യായത്തിൽ മാധവനും ഇന്ദുലേഖയും തമ്മിൽ ഇതു സംബന്ധിച്ചു നടക്കുന്ന സംവാദത്തിൽ സ്വന്തം ജീവിത സഖാവിനെ തെരഞ്ഞെടുക്കാനുള്ള സ്ത്രീയുടെ അവകാശത്തിന്റെ അംഗീകാരമായി സംബന്ധത്തെ വ്യാഖ്യാനിക്കുന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിലൂടെ ആത്മബോധം ആർജിച്ച ഇന്ദുലേഖയ്ക്ക് സ്വന്തമായ ജീവിതചര്യകളും തന്റേതായ ഇടവുമുണ്ട്. പിയാനോയും പുസ്തകങ്ങളുമായി രണ്ടാം നിലയിൽ പാർക്കുന്ന ഇന്ദുലേഖ കൂട്ടുകുടുംബത്തിലും സ്വന്തം ഇടം കാത്തുസൂക്ഷിക്കുന്നു. പഞ്ചുമേനവനും ചെറുശ്ശേരിയും സൂരിനമ്പൂതിരിയും ഇന്ദുലേഖയെ അഭിമുഖീകരിക്കുമ്പോൾ ഈ അകൽച്ച അറിയുന്നു. ഉറച്ച സ്വരത്തിൽ സംസാരിക്കാനും ഉറക്കെ പൊട്ടിച്ചിരിക്കാനും കഴിയുന്ന ഇന്ദുലേഖ ഈ കഥാപാത്രങ്ങൾക്ക് പുതുമ നൽകുന്നുണ്ട്. വ്യക്തികളുടെ വേഷവും ശരീരവും പെരുമാറ്റവും വിശദമായിത്തന്നെ വർണിക്കുന്നുണ്ട് നോവലിസ്റ്റ്.

മൂന്നാം അധ്യായത്തിൽ, ശിന്നന് ഇംഗ്ലീഷ് വിദ്യാഭ്യാസം കൊടുക്കാനുള്ള മാധവന്റെ നിശ്ചയത്തിൽ കുപിതനായ പഞ്ചുമേനവൻ ഇന്ദുലേഖയെ മാധവനു കൊടുക്കുകയില്ല എന്ന് ശപഥം ചെയ്യുന്നുണ്ട്. കുട്ടികളെ ഇംഗ്ലീഷ് പഠിപ്പിക്കുന്ന കാര്യത്തിൽ ആ വൃദ്ധന് താല്പര്യമില്ല. പക്ഷേ അതിനു പുറകിലെ യഥാർഥ കാരണം ശിന്നനുവേണ്ടി പണം പാഴാക്കുന്നതിലുള്ള മടിയായിരുന്നു. മാധവന്റെ പെരുമാറ്റത്തിൽ കോപിഷ്ടനായി പഞ്ചുമേനോൻ 'എന്റെ ശ്രീ പോർക്കലി ഭഗവതിയാണേ ഞാൻ ഇന്ദുലേഖയെ മാധവനു കൊടുക്കുകയില്ല!' എന്ന് ശപഥം ചെയ്യുന്നു. നോവലിലെ തുടർന്നുള്ള സംഭവങ്ങളെല്ലാം ഉദ്ഭവിക്കുന്നത് ഈ ശപഥത്തിൽ നിന്നാണ്. അതുകൊണ്ട് നോവലിന്റെ ഇതിവൃത്തം പരിസമാപിക്കണമെങ്കിൽ പഞ്ചുമേനവന്റെ ശപഥത്തിന് പ്രായശ്ചിത്തം നടക്കുകകൂടി വേണം. അതിനായി അണ്ണാത്തിര വാധ്യാർ നിർദ്ദേശിക്കുന്ന മാർഗം - സത്യം ചെയ്തതിനു പ്രായശ്ചിത്തം ചെയ്താൽ അത് ലംഘിക്കാം. സ്വർണംകൊണ്ടോ വെള്ളികൊണ്ടോ - സത്യവാചകത്തിൽ ഉപയോഗിച്ച അക്ഷരങ്ങളുടെ ഓരോ പ്രതിമ ഉണ്ടാക്കിച്ച് ബ്രാഹ്മണർക്കു ദാനം ചെയ്താൽ പ്രായശ്ചിത്തമാവും. ഇങ്ങനെ 29 അക്ഷരങ്ങളുടെ പ്രതിമകൾ ഉണ്ടാക്കിച്ച് ബ്രാഹ്മണർക്ക് ദാനംചെയ്താൽ പ്രായശ്ചിത്തമാവും. അക്ഷരപ്രതിമകൾ തയ്യാറായി വരുമ്പോഴേക്കും മാധവൻ ബോംബെയിൽ നിന്നും നാട്ടിലേക്കു മടങ്ങുന്ന വിവരത്തിനുള്ള കമ്പിസന്ദേശം എത്തുന്നു.

തന്റെ പ്രേമബന്ധത്തിൽ ഇന്ദുലേഖ ഉറച്ച നിലപാട് എടുക്കാൻ കാരണം ഇംഗ്ലീഷ് നോവലുകളുമായി അവൾക്കുള്ള പരിചയമായിരുന്നുവെന്ന് നോവൽ ധ്വനിപ്പിക്കുന്നു. ഒരു പക്ഷേ താൻ വായിച്ച ഇംഗ്ലീഷ് നോവലുകളിലെ കഥാപാത്രങ്ങളുടെ മാതൃകയിൽ ഇന്ദുലേഖ സ്വയം രൂപപ്പെടുത്തുകയായിരുന്നിരിക്കാം. പഞ്ചുമേനവന് അവൾ ഒരു ഇംഗ്ലീഷ് നോവലിന്റെ കഥ ചുരുക്കി

പറഞ്ഞു കൊടുക്കുന്നുണ്ട്. ആ കഥ പഞ്ചുമേനവൻ മറ്റൊരിക്കൽ ഗോവിന്ദപ്പണിക്കർക്ക് പറഞ്ഞു കൊടുക്കുന്നു. മറ്റെല്ലാവരേയും ഞെട്ടിക്കുന്ന പഞ്ചുമേനവനു പോലും ഇന്ദുലേഖയെ അല്പം ഭയമുണ്ട്. തന്റെ ദൗർബല്യം കാരണവർ സമ്മതിക്കുന്നു. ഇംഗ്ലീഷ് ഭാഷ പഠിച്ചതിനാൽ മാധവനും ഇന്ദുലേഖയും തങ്ങൾക്ക് അപ്രാപ്യമായ ഒരു തലത്തിൽ എത്തിയെന്നും ഇനി മുതൽ തങ്ങൾക്ക് അവരുടെ പ്രവൃത്തികളോ ചിന്തകളോ പിടികിട്ടില്ലെന്നും പഞ്ചുമേനവനും പിന്നീട് സൂരിനമ്പൂതിരിപ്പാടും ഭയപ്പെടുന്നുണ്ട്. അതേ സമയം ഇന്ദുലേഖയ്ക്കും മാധവനും തങ്ങളെ കൃത്യമായി അളക്കാനും കഴിയും. ഇങ്കിരിയസ് പഠിച്ചു പഠിച്ച് ഇനി ആ വേദത്തിൽ ഈ കുട്ടികൾ ചേരുമോ എന്നുപോലും പഞ്ചുമേനവൻ ഭയക്കുന്നു. ഇംഗ്ലീഷ് പഠിക്കുന്ന സ്ത്രീകൾ ശൃംഗാര ചേഷ്ടകൾ ഇല്ലാത്തവരാകുന്നുവെന്നും ഒരു പ്രത്യേകതരം മനസിന്റെ ഉടമകളാവുമെന്നും സൂരിനമ്പൂതിരിപ്പാട് ഇന്ദുലേഖയുമായുണ്ടായ സംഭാഷണങ്ങളിൽ നിന്ന് പഠിച്ചു. ഇതിൽ പരിഭ്രാന്തനായ അയാൾ കല്യാണിക്കുട്ടിയുമായി സംബന്ധത്തിന് തയ്യാറെടുക്കുന്നു. അപ്പോഴും കല്യാണിക്കുട്ടിക്ക് ഇംഗ്ലീഷ് അറിയില്ല എന്ന് ഉറപ്പു വരുത്തുന്നുണ്ട്.

ഇന്ദുലേഖയിൽ ആധുനിക മാധ്യമങ്ങളുടെ ഉപയോഗം കാണുന്നുണ്ട്. കത്ത്, ടെലഗ്രാം, അച്ചടിച്ച പുസ്തകങ്ങൾ, ന്യൂസ് പേപ്പർ എന്നിവയാണ് മുഖ്യമായ വാർത്താമാധ്യമങ്ങൾ. മിതാഭരണങ്ങളും ലളിത വസ്ത്രങ്ങളും ധരിക്കുന്ന അവൾ സ്വന്തം ദാസിയോടൊപ്പം പ്രധാന ഗൃഹത്തിൽ നിന്ന് വേറിട്ടാണ് താമസിക്കുന്നത്. പാശ്ചാത്യവിദ്യാഭ്യാസത്തോടൊപ്പം പൗരസ്ത്യ സംഗീതോപകരണങ്ങളിൽ വാദന പരിചയവുമുണ്ട് ഇന്ദുലേഖയ്ക്ക്. ഇഷ്ടപ്പെട്ട ഇണയെ തെരഞ്ഞെടുക്കാനുള്ള അവകാശം എന്ന വ്യക്തിയുടെ സ്വാതന്ത്ര്യത്തിലാണ് അവളുടെ ഊന്നൽ. മാധവന്റെ പാത്രസൃഷ്ടിയും അതിന് അനുസരിച്ചുള്ളതു തന്നെ. പാരമ്പര്യത്തിന്റെയും പാശ്ചാത്യ സംസ്കാരത്തിന്റെയും അംശങ്ങൾ സംയോജിപ്പിക്കണമെന്ന് വാദിക്കുന്നയാളാണ് മാധവൻ. ഇന്ദുലേഖയുടെ കാരണവർ പഞ്ചുമേനവൻ വളരെ സമ്പന്നനാണ്. കൊല്ലത്തിൽ 28000 പറ നെല്ല് വരുന്ന ജന്മവസ്തുക്കളുടേയും 15000 ഉറുപ്പികയോളം പാട്ടം പിരിയുന്ന തോട്ടങ്ങളുടേയും ഉടമയാണദ്ദേഹം. ചെലവുകഴിച്ച് പ്രതിവർഷം അയ്യായിരം ഉറുപ്പിക സമ്പാദ്യവുമുണ്ട്. മകൾ ലക്ഷ്മിക്കുട്ടിയമ്മയ്ക്കും ഭാര്യ കുഞ്ഞിക്കുട്ടിയമ്മയ്ക്കും കൂടി 35000 രൂപയുടെ സ്വത്തു നല്കി. സ്വന്തം സഹോദരി കുമ്മിണിക്കുട്ടിയുടെ ധനികനല്ലാത്ത സംബന്ധക്കാരനെപ്പറ്റി കടക്കൊള്ളി ഉന്തിക്കഴിഞ്ഞ എരപ്പാളിയെന്നാണഭിപ്രായം. അതു തുറന്നു പറയുന്നുണ്ട്. സാമാന്യം ധനികനാണ് മകളുടെ സംബന്ധക്കാരനായ കേശവൻ നമ്പൂതിരി. നൂൽക്കമ്പനി ഓഹരിയിൽ പണം ഇട്ടിരിക്കുന്ന പ്രായോഗിക ബുദ്ധിയുള്ള അദ്ദേഹത്തെ പഞ്ചുമേനവൻ മാനിക്കുന്നുണ്ട്. കിളിമാനൂർ രാജാവവർകളുടേയും ലക്ഷ്മിക്കുട്ടിയമ്മയുടേയും മകളായ ഇന്ദുലേഖയുടെ വിദ്യാഭ്യാസ കാര്യങ്ങൾ നിർവഹിച്ചത്, ദിവാൻ പേഷ്കാരുദ്യോഗത്തിൽ 800 ഉറുപ്പിക ശമ്പളം വാങ്ങിയിരുന്ന കൊച്ചുകൃഷ്ണമേനോൻ ആയിരുന്നു. തറവാടു മഹിമകൾ കൂടാതെ ഉദ്യോഗപ്രൗഢിയും ഉണ്ടായിരുന്നു കൊച്ചുകൃഷ്ണമേനോന്. കഥ നടക്കുന്നത് അദ്ദേഹത്തിന്റെ മരണശേഷമാണ്. നായകനായ മാധവന്റെ അച്ഛൻ ഗോവിന്ദപ്പണിക്കരും നല്ല ദ്രവ്യസ്ഥനാണെന്ന് ചന്തുമേനോൻ പറയുന്നു.

ആഖ്യാനത്തേക്കാൾ സംഭാഷണത്തിന് പ്രാധാന്യം നൽകുന്ന നോവലാണ് ഇന്ദുലേഖ. മാധവനും പഞ്ചുമേനവനും തമ്മിലുള്ള അഭിപ്രായ സംഘർഷം, ഇന്ദുലേഖയുടെ അനുരാഗം, സൂരിനമ്പൂതിരിപ്പാടിന്റെ സംബന്ധശ്രമം തുടങ്ങിയ കഥാ മുഹൂർത്തങ്ങളിൽ സംഭാഷണത്തെ ആശ്രയിക്കുന്ന നിർണായക സന്ദർഭങ്ങൾ നിരവധിയാണ്. സൂരിനമ്പൂതിയുടെ സംബന്ധശ്രമവും അതിന്റെ പരാജയവുമാണ് 12, 13 അധ്യായങ്ങൾ. സൂരിനമ്പൂതിരിയും ഇന്ദുലേഖയും തമ്മിലുള്ള സംഭാഷണത്തിൽ കേന്ദ്രീകരിക്കുന്നവയാണ് ഇവ രണ്ടും. മാധവനെ കൂടാതെ ചാത്തരമേനോൻ, കുമ്മിണിയമ്മ, ശങ്കരമേനോൻ, പാർവതിയമ്മ എന്നീ കഥാപാത്രങ്ങൾ പ്രത്യക്ഷപ്പെടുന്നു. ശിന്നന്റെ വിദ്യാഭ്യാസത്തിന്റെ പേരിൽ പഞ്ചുമേനവനും മാധവനും തമ്മിലുള്ള അഭിപ്രായവ്യത്യാസമാണ് ഇവിടെ സംഭാഷണ വിഷയം. ഈ പ്രശ്നത്തിൽ മാധവന്റെ നിലപാടിന്നെതിരെ, പഞ്ചുമേനവന്റെ പക്ഷത്തുനിന്നുകൊണ്ടാ

ണ് ഇതര കഥാപാത്രങ്ങൾ സംസാരിക്കുന്നത്. പഞ്ചുമേനവനെ നേരിട്ടവതരിപ്പിക്കാതെ ഇതരകഥാപാത്രങ്ങളുമായുള്ള മാധവന്റെ സംഭാഷണത്തിലൂടെയാണ് അഭിപ്രായ സംഘർഷം വെളിപ്പെടുത്തുന്നത്. കുടുംബവ്യവസ്ഥയേയും അധികാര ഘടനയേയും വെല്ലുവിളിക്കുന്ന അഭിപ്രായ സംഘർഷമാണത്. മലയാളികൾക്ക് ഇംഗ്ലീഷ് നോവലുകളുടെ മലയാളം പരിഭാഷയേക്കാൾ ആസ്വാദ്യകരമാകുന്നത് മലയാളം നോവലുകൾ ആയിരിക്കും എന്ന നിലപാടിന്റെ ഫലമായി എഴുതിത്തുടങ്ങി, ഏതാണ്ട് രണ്ട് മാസംകൊണ്ട് ഇന്ദുലേഖ പൂർത്തിയാക്കിയതായും നോവലിസ്റ്റ് അഭിപ്രായപ്പെടുന്നുണ്ട്.

സ്ത്രീ സ്വാതന്ത്ര്യത്തിന്റെ ആശയങ്ങളും ചന്തുമേനോൻ നോവലിലൂടെ പങ്കുവെയ്ക്കുന്നുണ്ട്. സ്ത്രീ സ്വാതന്ത്ര്യം ഒരു അനാചാരമായിക്കണ്ട് വിമർശിക്കുന്നത് ശരിയല്ല എന്നും ദാമ്പത്യത്തിൽ സ്ത്രീയും പുരുഷനും പൂർണ സ്വാതന്ത്ര്യം ഉള്ളതാണ് ശ്ലാഘനീയം എന്നും ചന്തുമേനോൻ പ്രസ്താവിക്കുമ്പോൾ അദ്ദേഹത്തിന്റെ നിലപാട് എത്രമാത്രം പുരോഗമനപരമാണ് എന്ന് വ്യക്തമാകുന്നു. വിദ്യാസമ്പന്നയായ ഇന്ദുലേഖയോട് ഇതരകഥാപാത്രങ്ങൾക്കുള്ള മതിപ്പും ബഹുമാനവും അവളുടെ നിശ്ചയദാർഢ്യവും സ്വന്തം മോഹഭംഗത്തിനിടയാക്കും എന്ന പഞ്ചുമേനവൻ ഉൾപ്പെടെയുള്ളവരുടെ ഭയവും നോവലിൽ തെളിഞ്ഞു കാണുന്നുണ്ട്. ഇന്ദുലേഖയെ വിജയതിലകമണിയിച്ചുകൊണ്ട് കഥ അവസാനിപ്പിക്കുന്നതിലൂടെ ചന്തുമേനോൻ സ്ത്രീ സ്വാതന്ത്ര്യത്തിന്റെ അനുകരണീയ മാതൃകകൂടിയാണ് അവതരിപ്പിക്കുന്നത്.

വ്യത്യസ്തങ്ങളായ വിഷയങ്ങൾ ഇന്ദുലേഖയെന്ന നോവലിൽ അടങ്ങിയിരിക്കുന്നു. വിദ്യാഭ്യാസവും ഉയർന്ന ഉദ്യോഗവും പദവിയും ആത്മാഭിമാനവുമെല്ലാം പുരുഷൻമാർക്കും പുറമേ സ്ത്രീകൾക്കും കൂടി അവകാശപ്പെട്ടതാണെന്ന സംഗതി ഇന്ദുലേഖയുടെ ധൈര്യവും പ്രതിസന്ധികളെ നേരിടുന്ന പ്രതികരണശേഷിയും നമ്മെ വിളിച്ചറിയിക്കുന്നു. മറ്റുള്ളവർക്കുവേണ്ടി സ്വന്തം മനസിലെ ന്യായമായ ആഗ്രഹങ്ങളെ ത്യജിക്കാൻ ഇന്ദുലേഖയും മാധവനും തയ്യാറാകുന്നില്ല. അവരുടെ ദൃഢതയേയും മനസിന്റെ നിശ്ചയദാർഢ്യത്തെയും ഇതിലൂടെ തിരിച്ചറിയാൻ സാധിക്കുന്നു. ഇന്ദുലേഖയും മാധവനും വിദ്യാഭ്യാസത്തിലും മറ്റ് പ്രായോഗിക ഗുണങ്ങളിലും സമത്വമുള്ളവരാണ്. മാത്രമല്ല സമൂഹത്തിന്റെ വിവിധതരം കാഴ്ചകളിലൂടെ ഈ നോവൽ കടന്നുപോകുന്നുമുണ്ട്. ചന്തുമേനോന്റെ യഥാർഥ ലക്ഷ്യത്തെ പ്രകടമാക്കുന്ന നോവൽ ഭാഗമാണ് പതിനെട്ടാം അധ്യായം. ഒരു സംഭാഷണം എന്ന് പേര് നൽകിയിരിക്കുന്ന ഈ അധ്യായത്തിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം,

**ഇന്ദുലേഖയിലെ 18-ാം അധ്യായം**

''ഗ്രന്ഥത്തിന്റെ ഉത്തരാർദ്ധത്തിൽ കഥാപ്രവാഹത്തെ പ്രതിരോധിക്കുന്ന ഒരു ശിലാഖണ്ഡമുണ്ട്. ഇത് പതിനെട്ടാം അധ്യായത്തിലാണെന്നു വായനക്കാർ ഊഹിച്ചു കഴിഞ്ഞിരിക്കുമല്ലോ''എന്ന്തുടങ്ങുന്ന നോവൽ സാഹിത്യത്തിലെ പതിനെട്ടാം അധ്യായത്തിന്റെ അനൗചിത്യ ചർച്ച വളരെ ശ്രദ്ധേയമാണ്. തുടർന്ന് ഗ്രന്ഥത്തിൽ ഇപ്രകാരം പറയുന്നു. ''പതിനെട്ടാം അധ്യായത്തെ ഗ്രന്ഥത്തിൽ നിന്നു വേർപെടുത്തുക; അനന്തരം കഥാഗതിക്കു വല്ല ന്യൂനതയും സംഭവിച്ചിട്ടുണ്ടോ എന്നു നോക്കുക. ഇങ്ങനെ പരീക്ഷണം ചെയ്യുമ്പോൾ പ്രസ്തുത അധ്യായം അനപേക്ഷിതമാണെന്ന് കാണാറാകും. ഇതിവൃത്തം മനുഷ്യശരീരം പോലെ അവശ്യാവശ്യങ്ങളായ അവയവങ്ങളുടെ സംഘടനമാണെന്ന് മുമ്പ് പറഞ്ഞിട്ടുണ്ടല്ലോ. എന്നാൽ നിരീശ്വരമതം, കോൺഗ്രസ് എന്നിതുകളെ കുറിച്ചുള്ള പ്രസംഗങ്ങൾ കഥാശരീരത്തിൽ നിന്ന് വിച്ഛേദിക്കപ്പെടാവുന്നവയാകയാൽ അവ നോവലിൽ ത്യാജ്യങ്ങളാണെന്നുവന്നുകൂടുന്നു. മറ്റെല്ലാ വിധത്തിലും നിർദോഷവും അഭിവന്ദ്യവുമായ ഈ കൃതിക്ക് പതിനെട്ടാം അധ്യായം ഒരു കളങ്കമാണെന്ന് സമ്മതിക്കുക തന്നെ ചെയ്യണം'' (എം.പി.പോൾ, നോവൽ സാഹിത്യം)

പാശ്ചാത്യ സംസ്കാരം, സ്വാതന്ത്ര്യവാഞ്ജ, സ്ത്രീസ്വാതന്ത്ര്യം തുടങ്ങി ഒട്ടനവധി വിഷയങ്ങളുടെ സംവാദം നടക്കുന്നു. ''ഇതിവൃത്തത്തിന്റെ സ്വാഭാവികവികാസത്തിൽ നിന്ന് വിട്ടുമാറി നോവലിസ്റ്റ് തന്റെ കർതൃത്വം കൂടി വെളിപ്പെടുത്തുന്ന ഈ അധ്യായം ഇന്ദുലേഖയുടെ പ്രത്യയശാസ്ത്ര സവിശേഷതകൾ കൂടി വെളിവാക്കുന്നു. കേരളീയവും പാശ്ചാത്യവുമായ രണ്ടു ജ്ഞാനവ്യവസ്ഥകൾ തമ്മിലുള്ള സംവാദമാണ് ഇവിടെ നടക്കുന്ന ആശയ ചർച്ച. ദൈവ/ജന്മി/ജാതി കേന്ദ്രിതമായ പൗരസ്ത്യ ജ്ഞാനവ്യവസ്ഥയും നവോത്ഥാനാനന്തര പാശ്ചാത്യജ്ഞാനവ്യവസ്ഥയും തമ്മിൽ ഏറ്റുമുട്ടുന്നു.''(പി.കെ രാജശേഖരൻ, അന്ധനായ ദൈവം, പു: 24 )

## 1.1.4 കഥാപാത്രപഠനം

### 1.1.4.1 മാധവൻ

നോവലിലെ നായകകഥാപാത്രമാണ് മാധവൻ. പഞ്ചുമേനവന്റെ കൊച്ചനന്തരവനും ഇന്ദുലേഖയുടെ ഭാവിവരനുമായ മാധവൻ, ഇംഗ്ലീഷ് പഠനത്താൽ പുരോഗമന ആശയങ്ങൾ സ്വായത്തമാക്കിയ പരിഷ്കരണവാദിയാണ്. ഇംഗ്ലീഷിൽ അതിനൈപുണ്യമുള്ള വ്യക്തിയാണ് മാധവൻ. ഇംഗ്ലീഷുകാരുടെ വ്യായാമവിനോദങ്ങളിൽ അയാൾ പ്രഗല്ഭനായിരുന്നു. നായാട്ടിലും തോക്കുകൾ ഉപയോഗിക്കുന്നതിലും വിദഗ്ധനായിരുന്നു. പഠനം പൂർത്തിയാക്കിയ മാധവൻ മദിരാശിയിൽ ജോലി സമ്പാദിക്കുന്നു. വിദ്യാസമ്പന്നനും പുരോഗമനവാദിയും ന്യായത്തിനുവേണ്ടി കാരണവരോടുപോലും മറുത്ത് പറയാൻ ധൈര്യമുള്ളവനും ആണെങ്കിലും ഇന്ദുലേഖയുമായുള്ള പ്രണയകാര്യത്തിൽ മാധവൻ ദുർബലനാണ്. ഇന്ദുലേഖയ്ക്ക് തന്നോട് പ്രണയം ഉണ്ടായെന്ന് ഉറപ്പുവരുത്താൻ മാധവന് ആകുന്നില്ല. ഇന്ദുലേഖയുടെ സൂചനകളിൽ നിന്നും പൂർണ്ണമായും പ്രണയഭാവം മനസിലാക്കാൻ സാധിക്കാതെ മാധവൻ മനോവിഷമത്തിൽ ആകുന്നുണ്ട്.

ഏറെക്കുറെ പാരമ്പര്യബോധത്തിൽ അധിഷ്ഠിതമായിരുന്നു മാധവന്റെ സ്ത്രീസങ്കല്പം. മലയാളത്തിലെ പെണ്ണുങ്ങൾ പുരുഷന്മാരെ വലപ്പിക്കുന്നു, അവർ ഭർത്താക്കന്മാരെ യഥേഷ്ടം സ്വീകരിക്കുകയും ഉപേക്ഷിക്കുകയും ചെയ്യുന്നു തുടങ്ങിയ ആരോപണങ്ങൾ മാധവൻ ഉന്നയിക്കുന്നു. ഇന്ദുലേഖ അഭിമാനബോധത്തോടെ മാധവന്റെ വാദഗതികളെ എതിർക്കുന്നു. അവൾ അന്തർജനങ്ങളുടെ പാരതന്ത്ര്യത്തെ പരാമർശിക്കുകയും യൂറോപ്യൻ സ്ത്രീകളെ മാതൃകകളായി ഉദാഹരിക്കുകയും ചെയ്യുന്നു. മദിരാശിയിൽ നിന്നും ഇന്ദുലേഖയെ വിവാഹം കഴിക്കാനായി അവധിക്ക് എത്തുന്ന അവസരത്തിലാണ് സൂരി നമ്പൂതിരിപ്പാടിന്റെ ബാന്ധവകഥ മാർഗമധ്യേ മാധവൻ കേൾക്കുന്നത്. ശങ്കരശാസ്ത്രി കാര്യം ഉറപ്പിച്ചു പറയുന്നതോടെ മാനസികമായി ആകെത്തളർന്ന മാധവൻ മടങ്ങിപ്പോവുകയും മേലുദ്യോഗസ്ഥനിൽ നിന്നും നീണ്ട അവധി വാങ്ങി വടക്കേ ഇന്ത്യയിലേക്ക് യാത്രയാവുകയും ചെയ്യുന്നു. മനോവേദനയിൽ നിന്ന് മോചനം നേടാനുള്ള ഏറ്റവും നല്ല ഉപാധി എന്ന നിലയിലാണ് മാധവൻ ദേശാന്തരത്തിന് പോകുന്നത്.

ദേശാന്തരം മാധവന്റെ വ്യക്തിത്വത്തിൽ വളരെയേറെ വികാസം സൃഷ്ടിച്ചു. വൻനഗരങ്ങളും, അവിടത്തെ മനുഷ്യരും, അവരുടെ ജീവിത രീതികളും നേരിട്ട് കാണുവാനും അനുഭവിക്കാനും സാധിച്ചത് മാധവന്റെ വീക്ഷണത്തെ കൂടുതൽ വിശാലമാക്കി. വസ്തുനിഷ്ഠതയോടെ യുക്തിസഹമായി കാര്യങ്ങൾ മനസിലാക്കാൻ ആ അനുഭവജ്ഞാനം അയാളെ സഹായിച്ചു. നഗരയാത്രയിൽ മാധവന് വിഭിന്നതരക്കാരായ വ്യക്തികളുമായി പരിചയപ്പെടുവാനും അന്നുവരെ അഭിമുഖീകരിച്ചിട്ടില്ലാത്ത പ്രതിസന്ധികളെ നേരിടുവാനും ഇടവരികയുണ്ടായി. അവയിലൂടെ സാമൂഹിക ജീവിതത്തിന്റെ വിഭിന്നമുഖങ്ങൾ അടുത്തറിയാൻ സാധിച്ചു. വൻനഗരങ്ങളിലെ പുരോഗതിയും പരിഷ്കാരവും സംസ്കാരവും നേരിട്ട് അനുഭവിച്ചപ്പോൾ നവ്യമായ ഒരു സ്വാതന്ത്ര്യബോധം മാധവന് ഉണ്ടാകുന്നു. ഇന്ദുലേഖ ഗോപ്യമാക്കിവെച്ചിരുന്ന പ്രണയതീവ്രത പരസ്യമാക്കപ്പെടാൻ മാധവന്റെ പുറപ്പാട് കാരണമായി. പരസ്പരം പൂർണമായി മനസിലാക്കുവാനും ഹൃദയൈക്യത്തോടെ ബന്ധം ദൃഢപ്പെടുത്താനും ഈ വിരഹാവസ്ഥ സഹായകമായി. നോവലിന്റെ ആദ്യപകുതിയിൽ നിന്നും വ്യത്യസ്തമായി രണ്ടാം പകുതിയിൽ മാധവനാണ് നോവലിസ്റ്റ് പ്രാധാന്യം നല്കിയിരിക്കുന്നത്. മാധവന്റെ ബഹുമുഖവ്യക്തിത്വങ്ങളെ വിശദമായി

അവതരിപ്പിക്കാൻ രണ്ടാം പകുതിയിൽ നോവലിസ്റ്റ് ശ്രദ്ധിക്കുന്നു. അയാളുടെ ബൗദ്ധികതയും ആശയലോകവും സാമൂഹിക നിലപാടുകളും പതിനെട്ടാം അധ്യായത്തിലെ തുറന്ന ചർച്ചയിൽ വ്യക്തമാകുന്നു.

### 1.1.4.2 ഇന്ദുലേഖ

പഞ്ചുമേനവന്റെ മകൾ ലക്ഷ്മിക്കുട്ടിയുടെ മകളാണ് ഇന്ദുലേഖ. അവളുടെ അച്ഛൻ കിളിമാനൂർ രാജകുടുംബത്തിലെ അംശമാണ്. ഇന്ദുലേഖയ്ക്ക് രണ്ടര വയസ്സുള്ളപ്പോൾ അച്ഛൻ മരിച്ചു. തുടർന്ന് 16 വയസ്സുവരെ അവളെ വളർത്തിയത് അമ്മാവനായ കൊച്ചുകൃഷ്ണമേനോൻ ആണ്. അദ്ദേഹം അവൾക്ക് ഇംഗ്ലീഷ് വിദ്യാഭ്യാസം നൽകി. ഇന്ദുലേഖ ഇംഗ്ലീഷ് നന്നായി പഠിച്ചിട്ടുണ്ട്. അതോടൊപ്പം സംസ്കൃതത്തിൽ നാടകാലങ്കാരങ്ങൾ വരെ പഠിച്ചു. ശാസ്ത്രീയ സംഗീതത്തോടൊപ്പം പിയാനോ, ഫിഡിൽ തുടങ്ങിയവയും വായിക്കാൻ അറിയാം. യൂറോപ്പിൽ സ്ത്രീകൾ അഭ്യസിക്കുന്ന തുന്നൽ, ചിത്രരചന മുതലായവയിലും പരിചയം ഉണ്ട്. ബിലാത്തിയിൽ ഒരു ഇംഗ്ലീഷ് സ്ത്രീയെ അഭ്യസിപ്പിക്കുന്ന വിധമുള്ള പഠിപ്പും അറിവുകളും സമ്പ്രദായങ്ങളും ഇന്ദുലേഖയ്ക്ക് ഉണ്ടാക്കിവെക്കണമെന്ന് അവളുടെ അമ്മാവൻ ആഗ്രഹിക്കുകയും കഴിയുന്നത് സാധിക്കുകയും ചെയ്തിരുന്നു. അമ്മാവന്റെ മരണശേഷം മുത്തച്ഛനായ പഞ്ചുമേനവന്റെ സംരക്ഷണയിലായ അവൾ തറവാട്ടിൽ എല്ലാവരുടെയും പ്രത്യേക സ്നേഹവാത്സല്യങ്ങൾക്ക് പാത്രമായിരുന്നു. ഇന്ദുലേഖയ്ക്ക് സ്വന്തമായി ഒരു മാളിക തന്നെ അനുവദിച്ച് കൊടുത്തിട്ടുണ്ട്. അവളുടേ മാത്രമായ ഉപയോഗത്തിനായി സാമഗ്രികളും ലഭിച്ചിരുന്നു.

ഇന്ദുലേഖ സ്ഥിരചിത്തയും കരുത്തുറ്റവളുമാണ്. തന്നെക്കുറിച്ചും ചുറ്റും നടക്കുന്ന സംഭവങ്ങളെക്കുറിച്ചും തികഞ്ഞ ബോധ്യമുണ്ട്. അവൾ യുക്തിഭദ്രമായും കൃത്യതയോടെയും ആശയവ്യക്തതയോടെയുമാണ് സംസാരിക്കുന്നത്. പഞ്ചുമേനവൻ, കറുത്തേടം, സൂരിനമ്പൂരിപ്പാട് എന്നിവരോടുള്ള സംഭാഷണം ഉദാഹരണമാണ്. നാട്ടുനടപ്പ് അനുസരിച്ച് സംബന്ധക്കാര്യം ഇന്ദുലേഖയോട് ആലോചിക്കേണ്ട കാര്യമില്ല എന്ന് പറഞ്ഞുകൊണ്ടാണെങ്കിലും കറുത്തേടവും പഞ്ചുമേനവനും കൂടി അവളുടെ സമ്മതം ചോദിക്കുന്നുണ്ട്. ഇന്ദുലേഖയുടെ അഭിപ്രായത്തെ സംബന്ധിച്ച് അവർക്ക് ഉത്കണ്ഠയും ഉണ്ടായിരുന്നു. അവളുടെ സമ്മതമില്ലാതെ സംബന്ധം ഉറപ്പിക്കുവാൻ സാധിക്കുകയില്ല എന്ന ബോധ്യവും കാരണവർക്കുണ്ടായിരുന്നു.

താൻ മാധവനെ മാത്രമേ വിവാഹം കഴിക്കൂ എന്ന് അവൾ ഉറപ്പിച്ചിട്ടുണ്ട്. യാതൊന്നിനും തന്നെ അതിൽനിന്ന് വ്യതിചലിപ്പിക്കാൻ ആവില്ല. പഞ്ചുമേനവൻ തന്നിൽ അതിയായ വാത്സല്യമുള്ള ആളാണെന്നും താൻ കേണു പറഞ്ഞാൽ അദ്ദേഹം ശപഥത്തിൽനിന്ന് പിന്മാറുമെന്നും ഇന്ദുലേഖയ്ക്ക് ഉറപ്പുണ്ടായിരുന്നു. സൂരിനമ്പൂതിരിപ്പാടിന്റെ വരവും കാട്ടിക്കൂട്ടലുകളും ഒന്നും അവൾ ഗൗരവത്തിൽ എടുക്കുന്നതേയില്ല. അയാളെ ഒഴിവാക്കാൻ തക്ക ആർജവവും മനോബലവും അവൾക്ക് ഉണ്ട്. സൂരിനമ്പൂതിരിപ്പാടിനോട് താൻ ഒരിക്കലും അയാളുടെ ഭാര്യ ആയിരിക്കില്ല എന്ന് ഇന്ദുലേഖ തുറന്നു തന്നെ പറയുന്നുണ്ട്. ഇന്ദുലേഖയെ പൂർണമായും മനസിലാക്കുവാൻ മാധവന് സാധിച്ചില്ല. സംബന്ധവാർത്ത അറിഞ്ഞ് മാധവൻ ദേശാന്തരം പോകുമ്പോൾ ഇന്ദുലേഖ ഏറ്റവും കൂടുതൽ പരിതപിക്കുന്നത് തന്റെ സ്വഭാവഗുണത്തെ പൂർണമായും മനസിലാക്കാൻ മാധവന് കഴിഞ്ഞില്ലല്ലോ എന്നുകൂടി ഓർത്തിട്ടാണ്.

### 1.1.4.3 പഞ്ചുമേനവൻ

മരുമക്കത്തായത്തറവാടുകളിലെ പ്രമാണിമാരായ കാരണവന്മാരുടെ എല്ലാ സവിശേഷതകളും ഉള്ള ഒരു കഥാപാത്രമാണ് പഞ്ചുമേനവൻ. തറവാട്ടുകാരണവർ കർക്കശക്കാരൻ ആയിരിക്കണം എന്ന ധാരണയാണ് അക്കാലത്ത് പൊതുവേ ഉണ്ടായിരുന്നത്. പഞ്ചുമേനവനും അപ്രകാരം തന്നെ പെരുമാറി. 70 വയസ്സിന് അപ്പുറം എത്തിയ അദ്ദേഹം മുൻകോപിയും ആണ്. വാർധക്യത്താലും അനാരോഗ്യത്താലും ഉള്ള ചില ക്ലേശങ്ങളാലും മാറിയകാലത്ത് പഴയതുപോലെ അംഗീകാര ബഹുമാനങ്ങൾ തറവാട്ടംഗങ്ങളിൽ നിന്ന് ലഭ്യമാകുന്നില്ല എന്ന ചിന്തയാലും അദ്ദേഹത്തിന്റെ കോപം വർധിച്ചു വന്നു. പൂർവികരായ യാഥാസ്ഥിതിക കാരണവന്മാരുടെ മാതൃക പിന്തുടരാനാണ് പഞ്ചുമേനവൻ ശ്രമിച്ചിരുന്നത്.

തന്റെ കാരണവന്മാർ നടത്തിപ്പോന്ന തറവാട്ടുഭരണരീതിയും ശിക്ഷാക്രമങ്ങളും അദ്ദേഹം ബഹുമാനാദരവുകളോടെയാണ് സ്മരിക്കുന്നത്.

പഞ്ചുമേനവൻ ഭാര്യയെയും മക്കളെയും ചെറുമകളെയും തറവാട്ടിൽ താമസിപ്പിക്കുകയും അവർക്ക് സ്വത്തുനൽകുകയും അവർക്ക് വേണ്ട വിദ്യാഭ്യാസം നൽകുകയും ചെയ്യുന്നു. അതേസമയം തന്റെ മുത്തശ്ശിയുടെ സഹോദരിയുടെ ചെറുമകളായ കുമ്മിണിയമ്മയോടും മക്കളോടും പഞ്ചുമേനവൻ ക്രൂരമായി പെരുമാറുന്നു. അവരുടെ അവകാശങ്ങൾ അംഗീകരിക്കുന്നില്ല, മക്കളെ പഠിപ്പിക്കുന്നുമില്ല. മാത്രമല്ല പഠിപ്പിക്കാൻ മുതിർന്നതിന്റെ പേരിൽ പാട്ടത്തിന് ഏൽപ്പിച്ച ഭൂമി തിരികെ ആവശ്യപ്പെടുകയും ദാസന്മാർക്കും മറ്റും ഭക്ഷണം നൽകുന്നതുപോലെ ചോറുമാത്രം നൽകിയാൽ മതിയെന്ന് കല്പിക്കുകയും ചെയ്യുന്നു.

തന്റെ ചെറുമകളായ ഇന്ദുലേഖയോടും അനന്തരവനായ മാധവനോടും അതിയായ വാത്സല്യം അദ്ദേഹത്തിനുണ്ട്. ഇദ്ദേഹത്തിന്റെ ശകാരത്തിന് പാത്രമാകാത്തത് ഇന്ദുലേഖ മാത്രമാണ്. ഇംഗ്ലീഷ് വിദ്യാഭ്യാസത്തോട് വിയോജിപ്പ് ഉണ്ടെങ്കിലും അദ്ദേഹം മാധവനും ഇന്ദുലേഖയും ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയതിന് തടസ്സം നിന്നില്ല. അതേസമയം ഇംഗ്ലീഷ് വിദ്യാഭ്യാസം അവരിൽ ആശാസ്യമല്ലാത്ത പല സ്വഭാവങ്ങളും വളർത്തി എന്ന് ആരോപിക്കുകയും ചെയ്യുന്നുണ്ട്. ഇന്ദുലേഖയോട് അദ്ദേഹത്തിന് വാത്സല്യത്തോടൊപ്പം ഭയവും ഉണ്ട്. മാധവൻ ശിന്നനെ മദിരാശിയിലേക്ക് കൂട്ടിക്കൊണ്ടുപോയതിൽ ക്ഷോഭിച്ചു. മാധവന് ഇന്ദുലേഖയെ നൽകില്ല എന്ന് പഞ്ചുമേനോൻ ശപഥം ചെയ്യുന്നുവെങ്കിലും തൊട്ടടുത്ത നിമിഷം തന്നെ അദ്ദേഹം അതിൽ ഖേദിക്കുന്നുമുണ്ട്. ഇന്ദുലേഖയെയും മാധവനെയും പിന്തിരിപ്പിക്കാൻ തനിക്ക് സാധിക്കുമോ എന്ന ആശങ്കയും അവരുടെ മനോവേദനയ്ക്ക് തന്റെ നിലപാട് കാരണമാകുമോ എന്നതുമാണ് പഞ്ചുമേനവന്റെ അസ്വസ്ഥതയ്ക്ക് നിദാനം. അതേസമയം തറവാട്ട് അധികാരിയായ കാരണവരുടെ നിലയിൽ നിന്നും വ്യതിചലിക്കാൻ അദ്ദേഹം തയ്യാറാകുന്നില്ല. അതിനാലാണ് കറുത്തേടവുമായി ചേർന്ന് സൂരിനമ്പൂതിരിപ്പാടിന്റെ സംബന്ധ ആലോചന മുന്നോട്ട് കൊണ്ടുപോകുന്നത്. എന്നാൽ സൂരിയുടെ വങ്കത്തരവും പൊങ്ങച്ചവും കാണുന്ന പഞ്ചുമേനവൻ അയാൾ ഇന്ദുലേഖയ്ക്ക് അനുയോജ്യനല്ല എന്ന് തിരിച്ചറിയുന്നു. താൻ മാധവന് ഇന്ദുലേഖയെ നൽകില്ലെന്നുമാത്രമേ ശപഥം ചെയ്തിട്ടുള്ളൂ, സൂരിനമ്പൂതിരിക്ക് വിവാഹം ചെയ്തുകൊടുക്കും എന്ന് പറഞ്ഞിട്ടില്ല എന്ന് അദ്ദേഹം വ്യക്തമാക്കുന്നു.

ബ്രാഹ്മണരോടുള്ള ബഹുമാനത്താലും സമ്പത്തിനോടുള്ള ആകർഷണത്താലും സൂരിനമ്പൂതിരിപ്പാടുമായുള്ള ബന്ധം നടന്നു കാണാൻ ആഗ്രഹിക്കുകയും അതേസമയം ഇന്ദുലേഖയുടെ ഇഷ്ടത്തിന് വിപരീതം നിൽക്കാൻ മനസില്ലാതെ വരുകയും ചെയ്യുന്ന അവസ്ഥയിലായി പഞ്ചുമേനവൻ. കല്യാണിക്കുട്ടിയുമായുള്ള സംബന്ധം സൂരിനമ്പൂതിരിപ്പാട് ആവശ്യപ്പെടുമ്പോൾ അത് പഞ്ചുമേനവന് ആശ്വാസമാണ് നല്കുന്നത്. ബ്രാഹ്മണനെ നിന്ദിച്ചു എന്ന അപരാധം വരുന്നില്ല, സമ്പത്തും പ്രതാപവുമുള്ള സൂരിനമ്പൂതിരിപ്പാടുമായി ഒരു ബന്ധം തറവാടിന് വന്നുചേരുന്നു, ഇന്ദുലേഖയെ ദുഃഖിപ്പിക്കേണ്ടി വരുന്നില്ല എന്നീ കാരണങ്ങളാൽ സൂരിനമ്പൂതിരിപ്പാടിന്റെ കല്യാണിക്കുട്ടി ബാന്ധവം ഏറ്റവും നല്ല ഒരു പ്രശ്നപരിഹാരമായി തന്നെ പഞ്ചുമേനവൻ സ്വീകരിക്കുന്നു. അതേസമയം സൂരിനമ്പൂതിരിയുമായുള്ള ബന്ധത്താൽ കുമ്മിണിയമ്മയുടെ കുടുംബത്തിന് ഒരു അഭിവൃദ്ധി ഉണ്ടാകുന്നതിൽ അല്പം അസ്വാരസ്യവും ഉണ്ടാകുന്നു. വാശിക്കാരനും മുൻകോപിയുമാണെങ്കിലും സ്നേഹസമ്പന്നനും ശുദ്ധഹൃദയനും കൂടിയാണ് പഞ്ചുമേനവൻ. ഒടുവിൽ അദ്ദേഹം തന്റെ ശപഥം പ്രായശ്ചിത്തം ചെയ്ത് പിൻവലിച്ച് ഇന്ദുലേഖയുടെ വിവാഹം മാധവനുമായി നടത്തുന്നു. പാരമ്പര്യത്തിന്റെയും യാഥാസ്ഥിതികത്വത്തിന്റെയും സ്വാധീനമാണ് അദ്ദേഹത്തിൽ മുന്നിട്ട് നിൽക്കുന്നത്. ആയതിനാൽ തന്നെ തറവാട്ടുകാരൻ, കാരണവർ എന്ന സ്ഥാനവും പരമ്പരാഗത മാമൂലുകളും പിന്തുടരുവാൻ അദ്ദേഹം ബദ്ധശ്രദ്ധനാകുന്നു.

### 1.1.4.4 സൂരിനമ്പൂതിരിപ്പാട്

ജന്മിത്തദുഷ്പ്രഭുത്വത്തിന്റെയും നായർ

ബ്രാഹ്മണ സംബന്ധത്തിലെ ലൈംഗിക അരാജകത്വത്തിന്റെയും ദൃഷ്ടാന്തമാണ് സൂരിനമ്പൂതിരിപ്പാട്. അനിയന്ത്രിതമായ ലൈംഗികവാസനയുടെ മൂർത്തരൂപമായ അയാൾ യഥേഷ്ടം ശൂദ്രസ്ത്രീകളുമായി ബന്ധം പുലർത്തി കാലം കഴിക്കുകയാണ്. ധനവാന്മാരായ പുരുഷന്മാർക്ക് സ്ത്രീകളിൽ അതിയായ ചാപല്യമുണ്ടായാൽ പിന്നെ അവരുടെ വേറെയുള്ള സ്വഭാവത്തെപ്പറ്റി അധികം പറയേണ്ടതില്ലല്ലോ എന്നാണ് നോവലിസ്റ്റ് ഇയാളെപ്പറ്റി പറയുന്നത്. എനിക്ക് സ്ത്രീകളെ വളരെ ഭ്രമമാണ്. പുരുഷന് സ്ത്രീസുഖത്തിന് മീതെ ഒരു സുഖം എന്താണുള്ളത് എന്നാണ് സൂരിനമ്പൂതിരിപ്പാടിന്റെ ചോദ്യം.

ഇന്ദുലേഖയുമായി സംബന്ധം അഭ്യർഥിച്ചുകൊണ്ട് കത്ത് ലഭിക്കുന്നതോടെ സൂരിനമ്പൂതിരിപ്പാട് കാമപരവശനാകുന്നു. മനവക ഗൗരവമുള്ള കാര്യങ്ങൾ ഉണ്ടായിട്ടും ഇന്ദുലേഖയുടെ സൗന്ദര്യത്തെക്കുറിച്ച് ചെറുശ്ശേരി നമ്പൂതിരിയുമായി വർണന നടത്തി സമയം കഴിക്കുകയായി. ഉടൻ തന്നെ സംബന്ധത്തിനായി പുറപ്പെടാനുള്ള ആവേശം പ്രകടിപ്പിച്ച നമ്പൂതിരിയെ പിന്തിരിപ്പിച്ച് യാത്ര ദീർഘിപ്പിക്കുവാൻ വേണ്ടി ചെറുശ്ശേരി നമ്പൂതിരി പല പൊടിക്കൈകളും പ്രയോഗിക്കുന്നു. സ്ത്രീയോട് എന്നതുപോലെ കഥകളിയിലും മുഴുത്തഭ്രമമാണ് സൂരിനമ്പൂതിരിക്ക്. അന്ന് രാത്രിയിലെ കഥകളിയുടെ കാര്യം ഓർമിപ്പിച്ച് ചെറുശ്ശേരി യാത്ര പിറ്റേന്നത്തേക്കാക്കുന്നു. രാത്രിയാകുമ്പോൾ സൂരിനമ്പൂതിരി അഭിപ്രായം മാറ്റി ഉടൻ തന്നെ സംബന്ധത്തിനു പുറപ്പെടുവാനായി തിടുക്കം കാട്ടി. തനിക്ക് രാത്രി സഞ്ചരിക്കാൻ മടിയായതിനാൽ യാത്ര പകലത്തേക്ക് മാറ്റാൻ വേണ്ടി ചെറുശ്ശേരി നമ്പൂതിരിപ്പാട് വീണ്ടുമൊരു തന്ത്രം പ്രയോഗിച്ചു. ക്ഷൗരം ചെയ്ത് സുന്ദരൻ ആകണമെന്നും, രാത്രി ക്ഷൗരം പാടില്ല അതുകൊണ്ട് യാത്ര നാളത്തേക്ക് മാറ്റാം എന്നും ഉപദേശിച്ചു. അതിൽ വിശ്വസിച്ച് കാലത്ത് ക്ഷൗരവും കുളിയും കഴിഞ്ഞ് പുറപ്പെടുകയായി.

അഴകിയരാവണവേഷം കെട്ടിയുള്ള സൂരിയുടെ സംബന്ധപ്പുറപ്പാട് വിശദമായിതന്നെ നോവലിൽ വിവരിച്ചിട്ടുണ്ട്. പരിവാരസമേതം പൂവള്ളി തറവാടിന്റെ മുറ്റത്തെത്തുന്ന സൂരിനമ്പൂതിരിപ്പാട്, പല്ലക്കിൽ നിന്ന് ഒരു സ്വർണവിഗ്രഹം പോലെ പുറത്തുചാടി എന്നാണ് പറയുന്നത്. അദ്ദേഹം നിന്നതിന്റെ സമീപം ഒരുകോൽ വൃത്തത്തിൽ വെയിൽ സ്വർണപ്രഭയായി മഞ്ഞളിച്ചു എന്നും നോവലിസ്റ്റ് തുടരുന്നു. തന്റെ വേഷംകണ്ട് എല്ലാവരും ഭ്രമിച്ചുപോയി എന്നു നിശ്ചയിച്ച് നമ്പൂതിരിപ്പാട് വെറുതെ ആ വെയിലത്തുതന്നെ അരനിമിഷം നിൽക്കുകയും ചെയ്തു. ധനവാനും സുന്ദരനും പ്രമാണിയുമായ തന്നെ ഇന്ദുലേഖ സ്വീകരിക്കും എന്നതിൽ സൂരിനമ്പൂതിരിപ്പാടിന് യാതൊരു ശങ്കയും ഉണ്ടായിരുന്നില്ല. എന്നാൽ ഇന്ദുലേഖയുടെ യുക്തിഭദ്രവും ബുദ്ധിപൂർവവുമായ പെരുമാറ്റം സൂരിയെ അമ്പരപ്പിക്കുന്നു. അവളുടെ തന്റേടത്തിനും വ്യക്തിപ്രഭാവത്തിനും മുന്നിൽ അയാൾ നിശ്ചേഷ്ടനാകുന്നു. താൻ ഒരിക്കലും സൂരിനമ്പൂതിരിപ്പാടിന്റെ ഭാര്യ ആയിരിക്കില്ല എന്ന് ഇന്ദുലേഖ വ്യക്തമാക്കി. ഗോമാംസം ഭക്ഷിക്കുന്നവരുടെ ഭാഷ പഠിച്ച അഹങ്കാരിയായ ഒരുവളെ തനിക്ക് വേണ്ട എന്ന് സൂരിനമ്പൂതിരിപ്പാടും ഇന്ദുലേഖയുടെ നിരാസത്തെ നേരിട്ടു. ഇംഗ്ലീഷ് പഠിച്ച സ്ത്രീകൾക്ക് ശൃംഗാരം കുറവായിരിക്കും എന്നൊരു ന്യൂനതയും കണ്ടെത്തി. സൂരിനമ്പൂതിരിപ്പാടിന് ഇന്ദുലേഖയെ ബാന്ധവം ചെയ്യാൻ സാധിക്കാത്തതിൽ വലിയ നൈരാശ്യമൊന്നും അധികനേരം ഉണ്ടായതുമില്ല. ഒരു സ്ത്രീയോടും സ്ഥായിയായ ബന്ധം എന്നത് സൂരിയുടെ പതിവല്ല. ഇന്ദുലേഖയുമായുള്ള സംബന്ധത്തിരക്കിനിടയിൽത്തന്നെ അയാൾ തനിക്ക് ബോധിച്ചത് ഇന്ദുലേഖയുടെ അമ്മ ലക്ഷ്മിക്കുട്ടിയെയാണെന്ന് പറയുവാനും ലക്ഷ്മിക്കുട്ടിയുമായി സല്ലപിക്കാൻ പഴുതുണ്ടോ എന്ന് അന്വേഷിക്കാനും മെനക്കെടുന്നുണ്ട്. തുടർന്ന് ദാസി അമ്മുവിനോടും അയാൾ താത്പര്യം പ്രകടിപ്പിക്കുകയാണ്.

ഇപ്രകാരമൊക്കെ ആണെങ്കിലും കൊട്ടിഘോഷിച്ചു ഇന്ദുലേഖാസംബന്ധത്തിനെത്തിയ ശേഷം അവളെക്കൂടാതെ മടങ്ങുന്നത് ആക്ഷേപമാണെന്ന് മനസിലാക്കുന്ന സൂരിനമ്പൂതിരിപ്പാട്, പഞ്ചുമേനവനോട് തനിക്ക് കല്യാണിക്കുട്ടിയുമായി സംബന്ധം ഏർപ്പെടുത്തിത്തരണമെന്നും എന്നാൽ ഇന്ദുലേഖയെയല്ല താൻ സംബന്ധം ചെയ്തത് എന്ന വിവരം പരസ്യമാകാതെ ശ്രദ്ധിക്കണമെന്നും ആവശ്യപ്പെടുകയാണ്. പഞ്ചുമേ

നവൻ അക്കാര്യം സമ്മതിക്കുകയും ചെയ്തു. സൂരിനമ്പൂതിരി, ഇന്ദുലേഖയെയാണ് സംബന്ധം ചെയ്തത് എന്ന് ഗോവിന്ദൻ പ്രചരിപ്പിക്കുന്നു. ആ വ്യാജവാർത്തയാണ് മാധവനെ ദുഃഖിതനായി ദേശാന്തരത്തിന് പ്രേരിപ്പിക്കുന്നത്.

### 1.1.5 ഉപകഥാപാത്രങ്ങൾ

ചന്തുമേനോന്റെ പാത്രസൃഷ്ടിവൈഭവം ശ്രദ്ധേയമാണ്. നിരവധി കഥാപാത്രങ്ങൾ നോവലിൽ ഉണ്ട്. അവർക്കെല്ലാവേർക്കും സ്വയം പൂർണമായ വ്യക്തിത്വവും സ്വാഭാവികതയും ഉണ്ട്. പാരമ്പര്യപക്ഷവാദികൾ, പുരോഗമനവാദികൾ എന്നിങ്ങനെയുള്ള വിഭാഗത്തിൽ ഉൾപ്പെടുന്നവരും മനുഷ്യസ്വഭാവത്തിന്റെ, വിഭിന്നവശങ്ങൾ പേറുന്നവരും ആയിട്ട് അവരെ ഗണിക്കാം. ഗോവിന്ദൻകുട്ടിമേനോൻ, കുട്ടികൃഷ്ണമേനോൻ, ഗോവിന്ദപ്പണിക്കർ തുടങ്ങിയവർ പുരോഗമനവാദികളാണ്. അവർ പരിഷ്കൃതവും സംസ്കാരസമ്പന്നവുമായ ആശയപരിസരത്താണ് നിലകൊള്ളുന്നത്. സ്ത്രീകളിൽ ഇന്ദുലേഖയും ലക്ഷ്മിക്കുട്ടിയമ്മയും ഉയർന്ന ബോധനിലവാരം പുലർത്തുന്നു. കുഞ്ഞുകുട്ടിയമ്മ, കുമ്മിണിയമ്മ തുടങ്ങിയവർ പാരമ്പര്യത്തിന്റെ ഇരകളാണ്. ശങ്കരശാസ്ത്രി നന്മയുടെയും ശുദ്ധതയുടെയും മുഖം വെളിപ്പെടുത്തുന്നു. ഇന്ദുലേഖാമാധവന്മാരുടെ പ്രണയത്തിൽ വരുന്ന സംഘർഷങ്ങൾ ശങ്കരശാസ്ത്രിയെ സംഘർഷത്തിലാക്കുന്നു. മാധവന്റെ ദേശാന്തരത്തിന് ശങ്കരശാസ്ത്രി നിമിത്തമായി തീരുകയാണ്. അപ്രകാരം പ്രണയകഥയിൽ സുപ്രധാന പങ്ക് ശങ്കരശാസ്ത്രിക്ക് വന്നുചേരുന്നു.

### 1.1.6 ഇതരവിഷയങ്ങൾ

**സംബന്ധം ഏർപ്പാട്:** നമ്പൂതിരിക്ക് നിരവധി നായർ സ്ത്രീകളുമായി സംബന്ധമാകാം എന്നായിരുന്നു അന്നത്തെ വ്യവസ്ഥ. നായർ പ്രമാണിമാർ ബ്രാഹ്മണ മേധാവിത്വത്തെ പൂർണമായും അംഗീകരിച്ചുകൊണ്ട് ബ്രാഹ്മണബന്ധത്തെ ബഹുമതിയായി കണ്ടു പോന്നു. സംബന്ധം ഏർപ്പാട് ധനലാഭം കൂടി ലക്ഷ്യം വെച്ചുകൊണ്ടാണ് നടന്നിരുന്നത്. സമ്പന്നരായ നമ്പൂതിരിമാരിൽ നിന്നും സാമർഥ്യത്തോടെ കുടുംബത്തിലേക്ക് ധനം കൊണ്ടുവരികയാണ് സ്ത്രീകൾ ചെയ്യേണ്ടത് എന്ന രീതിയിൽ പഞ്ചുമേനവന്റെ ഭാര്യ കുഞ്ഞുകുട്ടിയമ്മ സംസാരിക്കുന്നുണ്ട്. സമ്പത്താണ് ഏറ്റവും മുഖ്യം. തന്നെ വിവാഹം ചെയ്യാൻ സുന്ദരന്മാർ പലരും വന്നിരുന്നുവെങ്കിലും ധനവാനും പ്രമാണിയുമായ പഞ്ചുമേനവനുമായാണ് രക്ഷിതാക്കൾ തന്റെ വിവാഹം നടത്തിയതെന്നും ലക്ഷ്മികുട്ടി അമ്മയ്ക്ക് ഭാഗ്യമില്ലാത്തതുകൊണ്ട് സമ്പന്നനായ ഭർത്താവ് നേരത്തെതന്നെ മരണപ്പെട്ടു എന്നും അതിസമ്പന്നനായ സൂരിനമ്പൂതിരിപ്പാടുമായി സംബന്ധം ഉണ്ടാകുന്നത് ഇന്ദുലേഖയ്ക്ക് മഹാഭാഗ്യമാണ് എന്നും കുഞ്ഞുകുട്ടിഅമ്മ പറയുന്നു. കല്യാണിക്കുട്ടിയെ സൂരിനമ്പൂതിരിപ്പാട് സംബന്ധം കഴിച്ചാൽ അതിന്റെ മേന്മ തറവാടിന് വരുമല്ലോ എന്ന് കുമ്മിണിയമ്മ ആഹ്ലാദിക്കുന്നുണ്ട്.

**മരുമക്കത്തായ സമ്പ്രദായത്തിന്റെ പരിമിതികൾ:** അക്കാലത്ത് നിലവിലിരുന്ന മരുമക്കത്തായ സമ്പ്രദായത്തിൽ വ്യക്തികൾക്ക് അഭിപ്രായസ്വാതന്ത്ര്യം ഉണ്ടായിരുന്നില്ല. കാരണവരുടെ ഇച്ഛയ്ക്ക് അനുസരിച്ച് ജീവിക്കുക എന്നതായിരുന്നു ഉത്തമമാതൃക. അന്ധമായ അനുസരണയെ ഗുരുത്വമായാണ് അന്ന് കണ്ടിരുന്നത്. ഗുരു കാരണവന്മാരെ കണ്ണുമടച്ച് അനുസരിക്കുക എന്നതാണ് അന്നത്തെ പ്രമാണം. കാരണവരുടെ സ്വേച്ഛാധികാരം നിലനിൽക്കുന്ന കുടുംബവ്യവസ്ഥയിൽ കാരണവരെ വാക്കോ വിചാരമോ കൊണ്ട് നിഷേധിക്കുന്നതുപോലും ഗുരുത്വക്കേടായാണ് കണ്ടിരുന്നത്. കാരണവരായ പഞ്ചുമേനവന്റെ അഭിപ്രായത്തെ മറികടന്ന് ശീനുപട്ടരുടെ ഇളയമകൻ ശിന്നനെ ഇംഗ്ലീഷ് പഠിപ്പിക്കും എന്ന മാധവന്റെ ദൃഢനിശ്ചയത്തെ സാഹസവും ഗുരുത്വക്കേടും ആയാണ് പഴമക്കാർ കണ്ടത്. എന്നാൽ ശിന്നനെ ഇംഗ്ലീഷ് പഠിപ്പിക്കും എന്നത് എങ്ങനെയാണ് സാഹസവും ഗുരുത്വക്കേടും ആകുന്നത് എന്നാണ് മാധവൻ ചോദിക്കുന്നത്. കാര്യം പറയുമ്പോൾ ഞാൻ അന്യായമായി ആരെയും ഭയപ്പെട്ട് പറയാതെ ഇരിക്കില്ല എന്ന നിലപാടാണ് മാധവനുണ്ടായിരുന്നത്.

കുടുംബസ്വത്ത് പൂർവികർ സമ്പാദിച്ചതാണ്. അതിന് കാരണവരായ പഞ്ചുമേനവനെപ്പോലെ ശീനുപട്ടരുടെ മക്കളും അവകാശികളാണ്.

അതുകൊണ്ട് അവരെയും ഇംഗ്ലീഷ് പഠിപ്പിക്കാൻ പഞ്ചുമേനവൻ ബാധ്യസ്ഥനാണ്. പക്ഷേ പഞ്ചുമേനവൻ കൂട്ടുകുടുംബത്തിൽ തുല്യ അവകാശമുള്ള കുമ്മിണിയമ്മയുടെ മക്കളെ ഇംഗ്ലീഷ് പഠിപ്പിക്കുന്നില്ല. ഇന്ദുലേഖയെ പോലെ കല്യാണിക്കുട്ടിയെ പരിഗണിക്കുന്നില്ല. ശിന്നനെ ഒരു മൂരിക്കുട്ടനെപ്പോലെ വളർത്താൻ അനുവദിക്കില്ലെന്ന് മാധവൻ പ്രഖ്യാപിക്കുമ്പോൾ അത് പഞ്ചുമേനവൻ പ്രതിനിധീകരിക്കുന്ന വ്യവസ്ഥിതിയെ ആകെ ചോദ്യം ചെയ്യുക കൂടിയാണ്. ഇംഗ്ലീഷ് വിദ്യാഭ്യാസം നൽകിയ സ്വാശ്രയബോധവും സ്വാതന്ത്ര്യശീലവും ആണ് മാധവനെ ഇപ്രകാരം പ്രതികരിക്കാൻ ശക്തനാക്കുന്നത്.

**ബ്രാഹ്മണ്യത:** ബ്രാഹ്മണ്യത്തോട് ചന്തുമേനോൻ ബഹുമാനം പുലർത്തുന്നുണ്ട്. കഥാപാത്രങ്ങളിലും കഥാസന്ദർഭങ്ങളിലും ഇത് പ്രകടമാണ്. സൂരിനമ്പൂതിരിപ്പാടിനെപോലെ വിഡ്ഢിയും വിടനും പൊങ്ങച്ചക്കാരനുമായ ഒരു ദുഷ്പ്രഭുവിനെ അവതരിപ്പിക്കുന്നുവെങ്കിലും തനിക്ക് നമ്പൂതിരിമാരോട് യാതൊരുവിധത്തിലുള്ള വിദ്വേഷവും ഇല്ലെന്നു മാത്രമല്ല ഏറെ ബഹുമാനമാണ് ഉള്ളത് എന്നും ഉള്ള ഒരു ആമുഖം സൂരിനമ്പൂതിരിയുടെ പാത്രാവതരണത്തിന് മുന്നോടിയായി അദ്ദേഹം നൽകുന്നുണ്ട്.

ശീനുപട്ടർ, കറുത്തേടത്ത് കേശവൻ നമ്പൂതിരി, അമ്പലവാസികളായ മറ്റു നമ്പൂതിരിമാർ എന്നിവരിലൂടെ ബ്രാഹ്മണരുടെ വിഭിന്ന അവസ്ഥകൾ അദ്ദേഹം കാട്ടിത്തരുന്നു. ജാതിമേധാവിത്വവും സമ്പന്നതയും കൂടിച്ചേരുമ്പോഴാണ് അധികാരം ഉണ്ടാകുന്നത്. താൻ ബ്രാഹ്മണനാണ് എന്ന് ശീനുപട്ടർ അഭിമാനിക്കുന്നുണ്ടെങ്കിലും ആ ബ്രാഹ്മണ്യത്തിന് പഞ്ചുമേനവൻ വില കൊടുക്കുന്നില്ല. ശീനുപട്ടർക്ക് യാതൊരുവിധ അധികാര അവകാശങ്ങളും ഇല്ലെന്നു മാത്രമല്ല അയാളുടെമേൽ പഞ്ചുമേനവൻ അധികാരം സ്ഥാപിക്കുന്നുമുണ്ട്. ജാതി മേധാവിത്വവും സമ്പന്നതയും കൂടിച്ചേരുമ്പോഴാണ് അധികാരം ഉണ്ടാകുന്നത്. ലക്ഷ്മിക്കുട്ടിയമ്മയുടെ സംബന്ധക്കാരനും ശുദ്ധഗതിക്കാരനുമായ കറുത്തേടത്ത് കേശവൻ നമ്പൂതിരി ആകട്ടെ സമ്പന്നനായ സൂരിനമ്പൂതിരിപ്പാടിന്റെ മുന്നിൽ നിസ്സഹായനാവുകയാണ്. തന്റെ സാന്നിധ്യത്തിൽ തന്നെ സൂരിനമ്പൂതിരിപ്പാട് ലക്ഷ്മിക്കുട്ടിയമ്മയുമായി ശൃംഗാരസംഭാഷണത്തിനു മുതിരുകയും അവളുമായി സംബന്ധം തുടങ്ങുവാൻ മാർഗമന്വേഷിക്കുകയും ചെയ്യുമ്പോൾ നിസ്സഹായനായി നോക്കി നിൽക്കാൻ മാത്രമേ അയാൾക്ക് സാധിക്കുന്നുള്ളൂ. എന്നാൽ ലക്ഷ്മിക്കുട്ടിക്ക് ആ സന്ദർഭം യഥാവിധി നേരിടാൻ ഉള്ള തന്റേടം ഉണ്ടായിരുന്നു. അക്കാര്യം മനസിലാക്കുവാൻ പോലും കറുത്തേടത്തിന് സാധിച്ചില്ല.

സൂരിനമ്പൂതിരിപ്പാടിന്റെ സഹചാരിയായി നിൽക്കുമ്പോൾ അദ്ദേഹത്തെ പ്രീതിപ്പെടുത്താൻ തക്കവിധത്തിൽ ചെറുശ്ശേരി നമ്പൂതിരി നില കൊള്ളാറുണ്ടെങ്കിലും സന്ദർഭാനുസരണം സ്വാഭിപ്രായം പ്രകടമാക്കാറുണ്ട്. നിരവധി സ്ത്രീകളോടുള്ള സൂരിനമ്പൂതിരിപ്പാടിന്റെ ലൈംഗിക അഭിനിവേശം മൃഗീയമായ ഒരു വാസനയാണെന്നും അതിനെ സംസ്കരിച്ച് അനുകൂലയായ ഒരു സ്ത്രീയിൽ മാത്രം ഒതുക്കി നിർത്തുന്നതാണ് സംസ്കാര ലക്ഷണം എന്നും സൂരിനമ്പൂതിരിപ്പാടിനെ ബോധ്യപ്പെടുത്തുവാൻ ചെറുശ്ശേരി ശ്രമിക്കുന്നു. ഒരു സ്ത്രീക്ക് ഒരു പുരുഷൻ, ഒരു പുരുഷന് ഒരു സ്ത്രീ ഇതാണ് ചെറുശ്ശേരിക്ക് സ്ത്രീപുരുഷ ബന്ധത്തെ സംബന്ധിച്ചുള്ള നിലപാട്.

**അസംഭവ്യത:** മാധവന്റെ പ്രവാസജീവിതചിത്രണം അസംഭ്യവത തോന്നിപ്പിക്കുന്ന തരത്തിലുള്ളതാണ്. മാധവന്റെ വസ്തുക്കൾ മോഷ്ടിക്കപ്പെടുന്നതും പാർക്കിൽവച്ച് നരിയെ വെടിവെയ്ക്കുന്നതും അതിസമ്പന്നരായ പ്രമാണിമാരുടെ ആതിഥ്യം അനായാസേന ലഭ്യമാകുന്നതും ഒടുവിൽ ബോംബെയിൽ വച്ച് അന്വേഷിച്ച് എത്തുന്നവരുമായുള്ള സമാഗമം ക്ഷിപ്രസാധ്യമാകുന്നതും അസ്വഭാവികത ജനിപ്പിക്കുന്നുണ്ട്.

**പ്രബോധനപരത:** ഇന്ദുലേഖ-മാധവൻമാരുടെ പ്രണയവും വിവാഹവും വിവരിക്കുന്നതിനോടൊപ്പം തന്നെ പ്രബോധനത്തിനും നോവലിസ്റ്റ് ഇടം കണ്ടെത്തുന്നുണ്ട്. പല അധ്യായങ്ങളും വിവിധ തരങ്ങളായ ആശയങ്ങളുടെ തുറന്ന ചർച്ചയാകുന്നു. ഈ ചർച്ചകൾ പലപ്പോഴും നോ

വലിന്റെ ശില്പഭദ്രതയെ തകർത്തിട്ടുള്ളതായി വിമർശനം ഉണ്ടായിട്ടുണ്ട്. ലക്ഷ്മിക്കുട്ടിയും കറുത്തേടവും അവരുടെ ഉറക്കറയിൽ വച്ച് നൂൽക്കമ്പനിയെക്കുറിച്ചും ആവിയന്ത്രങ്ങളെക്കുറിച്ചും സുദീർഘമായി ചർച്ച നടത്തുന്നു. സൂരിനമ്പൂതിരിപ്പാടും ചെറുശ്ശേരി നമ്പൂതിരിയും തമ്മിൽ സ്ത്രീപുരുഷബന്ധത്തെയും ലൈംഗികതയെയും കുറിച്ച് ചർച്ചചെയ്യുന്നു. ഇന്ദുലേഖയും മാധവനും തമ്മിൽ സംബന്ധം ഏർപ്പാടിനെയും മലയാളസ്ത്രീകളുടെ പാതിവ്രത്യത്തെയും കുറിച്ച് ചർച്ചചെയ്യുന്നുണ്ട്.

വാർത്താവിനിമയോപാധികളുടെയും ഗതാഗത സമ്പ്രദായങ്ങളുടെയും വികാസം, അച്ചടിയുടെ വ്യാപനം, ജാതിപരമായ ഉച്ചനീചത്വങ്ങളിൽ വന്ന മാറ്റങ്ങൾ, ഭൂനിയമപരിഷ്കാരങ്ങൾ തുടങ്ങിയവ നോവലിൽ സൂചിതമാകുന്നുണ്ട്. മാധവൻ ജയിച്ച വിവരത്തിന് ടെലഗ്രാം കിട്ടുന്നതും ഇന്ത്യാരാജ്യമെങ്ങും തീവണ്ടിയുണ്ടെന്ന് ഗോവിന്ദൻകുട്ടി പ്രസ്താവിക്കുന്നതും ഉദാഹരണമാണ്. മാധവനും ഇന്ദുലേഖയും അച്ചടി ഗ്രന്ഥങ്ങളാണ് വായിച്ചിരുന്നത്. നല്ല ടൈപ്പ് ഉപയോഗിച്ച് അച്ചടിക്കാത്ത ഗ്രന്ഥങ്ങളെക്കുറിച്ച് ഇന്ദുലേഖ പരാതിപ്പെടുന്നുണ്ട്. ഗോപാലനോട് ഏൽപ്പിച്ച ഭൂമി തിരികെ നല്കാൻ ആവശ്യപ്പെടുമ്പോൾ താൻ അത് ഒരു കൊല്ലത്തേക്ക് വേറെ ആളെ ഏല്പിച്ചിരിക്കുന്നു എന്നാണ് പറയുന്നത്. ഇത് ഭൂമിയുടെ ഉടമസ്ഥാവകാശത്തെ സംബന്ധിച്ചു വന്ന നിയമപരിഷ്കാരങ്ങളുടെ സൂചനയാണ്. കേസിൽ തന്നെ സാക്ഷിയാക്കുക എന്ന ധിക്കാരം പ്രവർത്തിച്ചതിന്റെ പേരിൽ ഉള്ളാട്ടിൽ പഞ്ചുവിന് ക്ഷേത്രവും കുളവും മറ്റും വിലക്കാൻ സൂരിമ്പൂതിരിപ്പാട് ആജ്ഞാപിക്കുമ്പോൾ അതൊന്നും ഇനിമേൽ എളുപ്പമല്ല എന്ന് കാര്യസ്ഥൻ ഓർമ്മപ്പെടുത്തുന്നു.

ഇംഗ്ലീഷ് വിദ്യാഭ്യാസം നേടുന്നവർ വ്യക്തിസ്വാതന്ത്ര്യത്തെക്കുറിച്ച് ബോധമുള്ളവർ ആകുകയും അവർ ജാതിക്കോയ്മയെയും സാമ്പത്തിക ആധിപത്യത്തെയും ചോദ്യം ചെയ്യുകയും വെല്ലുവിളിക്കുകയും ചെയ്യുന്ന കാഴ്ച നോവലിലുണ്ട്. ഇന്ദുലേഖയും മാധവനും ബ്രാഹ്മണ്യത്തെ അന്ധമായി ബഹുമാനിക്കുന്നില്ല. അതുപോലെ തന്നെ അവർ കാരണവരുടെ ആധിപത്യത്തെയും അംഗീകരിക്കുന്നില്ല. ഇപ്രകാരം സമൂഹത്തിലും കുടുംബവ്യവസ്ഥയിലും നിലനിൽക്കുന്ന അധികാരക്രമത്തെ അവർ നിസ്സാരമായി കാണുന്നു. ഇന്ദുലേഖ സൂരിനമ്പൂതിരിപ്പാടിനോട് ഞാൻ എന്ന് പറഞ്ഞു തന്നെയാണ് സംസാരിക്കുന്നത്. അടിയൻ എന്ന് മാത്രമേ നായർ സ്ത്രീകൾ നമ്പൂതിരിമാരോട് സംസാരിക്കുമ്പോൾ സാധാരണയായി പറഞ്ഞു വന്നിട്ടുള്ളൂ. വിദ്യാഭ്യാസം നേടിക്കൊടുത്ത ആത്മവിശ്വാസവും സ്വയം ബോധവും ആണ് ഇവിടെ പ്രകടമാകുന്നത്. നവോത്ഥാന ആശയങ്ങളുടെ കടന്നുവരവ് പരമ്പരാഗത മൂല്യ സങ്കല്പങ്ങളിലും സാമൂഹികഘടനയിലും നിന്ന് വിശകലനം ചെയ്യുവാൻ ചന്തുമേനോൻ ശ്രമിക്കുന്നുണ്ട്. പൂർണമായും മരുമക്കത്തായസമ്പ്രദായവും കൂട്ടുകുടുംബവ്യവസ്ഥയും ബ്രാഹ്മണ ആധിപത്യവും ബ്രിട്ടീഷ്ഭരണവും ഇല്ലാതാകണം എന്ന ഉറച്ച നിലപാട് ചന്തുമേനോൻ സ്വീകരിക്കുന്നില്ലെങ്കിലും കാലാനുസൃതമായ മാറ്റങ്ങൾ കുടുംബ സംവിധാനത്തിലും സാമൂഹിക ക്രമത്തിലും വരണമെന്ന നിലപാട് അദ്ദേഹത്തിന് ഉണ്ട്.

### 1.1.7 അവലോകനം

മലയാളത്തിലെ ആദ്യത്തെ ലക്ഷണമൊത്ത നോവലായി പരിഗണിക്കപ്പെടുന്ന കൃതിയാണ് ചന്തുമേനോൻ രചിച്ച ഇന്ദുലേഖ (1889). ഇന്ദുലേഖയുടെ രചനയ്ക്ക് വിക്ടോറിയൻ നോവലുകൾ ആയിരുന്നു മാതൃക എന്നും ബീക്കൺസ് ഫീൽഡ് പ്രഭുവിന്റെ ഹെന്റിറ്റ ടെംപിളിന്റെ സ്വാധീനം ഈ നോവലിൽ ഉണ്ടെന്നും നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. മാധവൻ, ഇന്ദുലേഖ എന്നിവരുടെ പ്രണയകഥയെ പശ്ചാത്തലമാക്കിക്കൊണ്ട് 19-ാം നൂറ്റാണ്ടിന്റെ അവസാന കാലയളവിലെ കേരളത്തിലെ സാമൂഹികവും രാഷ്ട്രീയവുമായ അവസ്ഥകളെ നോവലിസ്റ്റ് അവതരിപ്പിക്കുന്നു. വിവരണാത്മകവും അതേസമയം ലളിതവുമായ ശൈലിയാണ് സ്വീകരിച്ചിരിക്കുന്നത്. പ്രഥമപുരുഷനിലുള്ള വിവരണമാണ് പിന്തുടർന്നിട്ടുള്ളത്. ഫലിതവും ആക്ഷേപഹാസ്യവും വിദഗ്ധമായി സന്നിവേശിപ്പിച്ചിട്ടുണ്ട്. അസാമാന്യമായ പാത്രസൃഷ്ടി വൈഭവത്തിനുടമയാണ് ചന്തുമേനോൻ. നോവലിലെ കഥാപാത്രങ്ങൾക്കെല്ലാവർക്കും സ്വയം പൂർണമായ വ്യക്തിത്വവും സ്വാഭാവികതയും ഉണ്ട്.

പത്തൊമ്പതാം നൂറ്റാണ്ടിൽ കേരളത്തിലെ നായർ, നമ്പൂതിരി സമുദായങ്ങളിൽ നിലവിലിരുന്ന മരുമക്കത്തായം, കൂട്ടുകുടുംബം, സംബന്ധം ഏർപ്പാട് തുടങ്ങിയവ നോവലിൽ കടന്നു വരുന്നു. നിലനിന്നുപോന്ന കുടുംബവ്യവസ്ഥയെയും മനുഷ്യബന്ധങ്ങളെയും പരിഷ്കരിക്കാനുള്ള ആഗ്രഹത്തോടുകൂടിയാണ് ചന്തുമേനോൻ ഇന്ദുലേഖ രചിച്ചിരിക്കുന്നത്. മരുമക്കത്തായം വിട്ട് മക്കത്തായത്തിലേക്ക് മാറുവാനുള്ള വ്യഗ്രത, ആധുനികവിദ്യാഭ്യാസം നേടി സാമൂഹികമായും സാമ്പത്തികമായും ശക്തമാകാനുള്ള അഭിലാഷം, ജാതീയമായ വേർതിരിവുകളെയും ഉച്ചനീചത്വങ്ങളെയും വിലക്കുകളെയും ലംഘിക്കാനുള്ള പ്രേരണ, ദേശത്തിന്റെ പരിമിതികൾ കടന്ന് വിശാലമായ ലോകം സ്വപ്നം കാണാനുള്ള വെമ്പൽ തുടങ്ങിയവ നോവലിൽ പ്രകടമാണ്. ഇംഗ്ലീഷ് വിദ്യാഭ്യാസം കൊണ്ടുള്ള ഗുണങ്ങൾ, വിദ്യാഭ്യാസം ഇല്ലാതിരുന്നാൽ വരുന്ന ദോഷങ്ങൾ, സംബന്ധത്തിന്റെയും മരുമക്കത്തായത്തിന്റെയും ന്യൂനതകൾ, സ്ത്രീ വിമുക്തിക്ക് വിദ്യാഭ്യാസത്തിനുള്ള പങ്ക്, സ്ത്രീകളുടെ സാമൂഹികവും സാംസ്കാരികവുമായ ഉന്നമനം, ഏകഭാര്യ സമ്പ്രദായത്തിന്റെ ആവശ്യകത, കുടുംബജീവിതത്തിന്റെ ഭദ്രത, ഉദ്യോഗത്തിൽ കൂടിയുള്ള സാമ്പത്തികസ്വാതന്ത്ര്യം, സാംസ്കാരികവികാസം, വ്യവസായവികസനത്തിന്റെ പ്രാധാന്യം തുടങ്ങിയ കാര്യങ്ങൾ നോവൽ ചർച്ച ചെയ്യുന്നു. വാർത്താവിനിമയോപാധികളുടെയും ഗതാഗത സമ്പ്രദായങ്ങളുടെയും വികാസം, അച്ചടിയുടെ വ്യാപനം, ജാതിപരമായ ഉച്ചനീചത്വങ്ങളിൽ വന്ന മാറ്റങ്ങൾ, ഭൂനിയമപരിഷ്കാരങ്ങൾ തുടങ്ങിയവ നോവലിൽ സൂചിതമാകുന്നുണ്ട്. പാത്രസൃഷ്ടി, പ്രമേയം, ഇതിവൃത്തം എന്നിവയിൽ എല്ലാം വൈദഗ്ധ്യം പ്രകടമാക്കിക്കൊണ്ട് ചന്തുമേനോൻ ഇന്ദുലേഖയിലൂടെ നോവൽ എന്ന നൂതനമായ ഒരു സാഹിത്യരൂപത്തെ മിഴിയുറ്റവിധം അവതരിപ്പിക്കുകയും മലയാള നോവൽ സാഹിത്യ പ്രസ്ഥാനത്തിന് ശക്തമായ അടിത്തറയിടുകയും ചെയ്തു.

ഭാര്യയ്ക്ക് വായിച്ചുരസിക്കാനൊരു കഥ എന്നതിലുപരി ചന്തുമേനോന്റെ നോവൽ അക്കാലത്തെ സാമൂഹ്യ പശ്ചാത്തലത്തെക്കൂടി പ്രതിപാദിക്കുന്നതാണ്. വർഷങ്ങൾക്ക് മുമ്പ് കേരളത്തിലെ നമ്പൂതിരി നായർ സമുദായങ്ങളിൽ നിലനിന്നിരുന്ന സാമൂഹികമായ അവസ്ഥകളെ നോവലിൽ വിവരിക്കുന്നുണ്ട്. അതിനാൽ അക്കാലത്തെക്കുറിച്ചുള്ള ചരിത്രപരമായ അറിവുകൾ കൂടി ഇന്ദുലേഖ സമ്മാനിക്കുന്നുണ്ട്. 'ഇംഗ്ലീഷ് നോവൽ മാതിരി എഴുതപ്പെട്ടിട്ടുള്ള ഒരു കഥ' എന്നാണ് നോവലിന്റെ തുടക്കത്തിൽ എഴുതിയിരിക്കുന്നത്. കാരണം മലയാളത്തിൽ മാതൃകയായി സ്വീകരിക്കാൻ അത്തരത്തിലൊന്ന് ഉണ്ടായിരുന്നില്ല. ഇംഗ്ലീഷ് നോവലിന്റെ എഴുത്തുശൈലി മാതൃകയാക്കുക മാത്രമായിരുന്നു ചന്തുമേനോന്റെ മുന്നിലുണ്ടായിരുന്ന വഴി. പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളീയ ജീവിതം എല്ലാ വൈവിധ്യങ്ങളോടും കൂടി നിൽക്കുകയാണ് ഇന്ദുലേഖയിലും ശാരദയിലും. ഇംഗ്ലീഷുകാർമാത്രം പരിചയിച്ച ശൈലി മലയാളി വായനക്കാരെ പരിചയപ്പെടുത്തുന്നത് ശ്രമകരമായിരുന്നു. പാശ്ചാത്യരാജ്യത്ത് അവിടത്തെ ജീവിതരീതിയും സാമൂഹ്യസമ്പ്രദായങ്ങളും അനുസരിച്ച് എഴുതി വളർന്ന നോവൽ സാഹിത്യത്തെ ആ ശാഖയെക്കുറിച്ച് ഒന്നും അറിയാത്ത ജനങ്ങളിൽ സന്നിവേശിപ്പിക്കുക എന്നത് ക്ലേശകരമായ അവസ്ഥയായിരുന്നു.

ബ്രിട്ടീഷ് ഭരണകാലത്താണ് നോവലിലെ കഥ നടക്കുന്നത്. മാധവനും അച്ഛൻ ഗോവിന്ദപ്പണിക്കരും ഗോവിന്ദമേനോനും നടത്തുന്ന സംവാദത്തിലൂടെ ബ്രിട്ടീഷ് ഭരണത്തെക്കുറിച്ച് വിവരിക്കുന്നുണ്ട്. സമൂഹത്തിന്റെ അനാചാരങ്ങളിൽ നിന്നുള്ള മോചനത്തിന് നല്ല വിദ്യാഭ്യാസമുള്ള ജനതയുണ്ടാകണമെന്നാണ് ചന്തുമേനോൻ വിശ്വസിച്ചത്. അതിനാൽ ഇന്ദുലേഖയിൽ അത്തരം കാര്യങ്ങളുടെ ആവശ്യകതയെക്കുറിച്ച് അദ്ദേഹം വളരെ പ്രാധാന്യത്തോടെ വിവരിക്കുന്നു. ഭാര്യയ്ക്ക് വായിച്ചു രസിക്കാനായി ഒരു നോവലെഴുതുമ്പോഴും അദ്ദേഹത്തിന്റെ ഉള്ളിൽ സാമൂഹ്യപരിഷ്കരണത്തിന്റെ ആയുധമായി എഴുത്തിനെ മാറ്റാമെന്ന ബോധ്യമുണ്ടായിരുന്നു. അതിലേക്കുള്ള ഉറച്ച കാൽവയ്പായിരുന്നു ഇന്ദുലേഖ. കേവലം ഒരു കഥ എന്നതിലുപരി നോവലിലെ സാമൂഹിക രാഷ്ട്രീയ വിവരണങ്ങളും വ്യവസ്ഥിതിയോടുള്ള പ്രതികരണവും എടുത്തുപറയേണ്ട സവിശേഷതകൾ ആയതിനാലാണ് ഇന്ദുലേഖ എന്നും പുനർവായനയ്ക്കുള്ള സാധ്യതകൾ ഒരുക്കിക്കൊണ്ട് വായനക്കാരുടെ ഇടയിൽ നിലനിൽക്കുന്നത്.

## Recap

- മലയാളത്തിലെ ആദ്യ ലക്ഷണമൊത്ത നോവലാണ് ഇന്ദുലേഖ
- ചന്തുമേനോൻ, ഇന്ദുലേഖയെക്കൂടാതെ ശാരദ എന്ന ഒരു അപൂർണ കൃതികൂടി എഴുതിയിട്ടുണ്ട്
- ആംഗലേയ നോവൽ മാതൃകയിലാണ് ഇന്ദുലേഖ രചിച്ചിരിക്കുന്നത്
- ഹെന്റിറ്റാ ടെംപിളിന്റെ സ്വാധീനം ഇന്ദുലേഖയിൽ ഉണ്ട്
- ലളിതവും വിവരണാത്മകവുമായ ശൈലിയിലാണ് രചന നിർവഹിച്ചിട്ടുള്ളത്
- 'ഈ പുസ്തകം എഴുതിയിട്ടുള്ളത് ഞാൻ വീട്ടിൽ സംസാരിക്കുന്ന മലയാള ഭാഷയിൽ ആകുന്നു' - അവതാരികയിൽ
- മാധവൻ, ഇന്ദുലേഖ എന്നിവരുടെ പ്രണയകഥയെ പശ്ചാത്തലമാക്കിയാണ് രചന
- ഇംഗ്ലീഷ് വിദ്യാഭ്യാസത്തെയും സ്ത്രീ വിദ്യാഭ്യാസത്തെയും പാശ്ചാത്യ പുരോഗമനാശയങ്ങളെയും നവോത്ഥാനപ്രവണതകളെയും ചന്തുമേനോൻ അനുകൂലിച്ചിരുന്നു
- നായർ, നമ്പൂതിരി സമുദായങ്ങളിൽ നിലവിലിരുന്ന മരുമക്കത്തായം, കൂട്ടുകുടുംബം, സംബന്ധം ഏർപ്പാട് തുടങ്ങിയവ നോവലിൽ കടന്നുവരുന്നു
- പൗരസ്ത്യവും പാശ്ചാത്യവുമായ സംസ്കാരങ്ങൾ നേർക്കു നേരെ വരുമ്പോൾ ഉണ്ടാകുന്ന സംഘർഷം
- ആധുനികതയുടെ പര്യായമായി തന്നെ ഇംഗ്ലീഷ് വിദ്യാഭ്യാസത്തേയും ഭാഷയേയും അവതരിപ്പിച്ചിരിക്കുന്നു
- ശിന്നനെ മദ്രാസിൽ വിട്ട് പഠിപ്പിക്കാൻ മാധവൻ തയ്യാറെടുക്കുന്നു
- പഞ്ചുമേനവൻ മാധവന്റെ തീരുമാനത്തിൽ കുപിതനായി ഇന്ദുലേഖയെ മാധവന് കൊടുക്കില്ല എന്ന് ശപഥം ചെയ്യുന്നു
- സൂരിനമ്പൂതിരിപ്പാട് ഇന്ദുലേഖയെ സംബന്ധം ചെയ്യാൻ എത്തുന്നു
- ഇന്ദുലേഖയ്ക്ക് താത്പര്യം ഇല്ലായെന്ന് തിരിച്ചറിഞ്ഞ് കല്യാണി കുട്ടിയെ വിവാഹം കഴിക്കാൻ സൂരിനമ്പൂതിരിപ്പാട് തയ്യാറാകുന്നു
- ഇന്ദുലേഖയുടെ വിവാഹം കഴിഞ്ഞു എന്ന് തെറ്റിദ്ധരിച്ച് മാധവൻ മദ്രാസിലേക്ക് മടങ്ങുന്നു
- പഞ്ചുമേനവൻ ശപഥത്തിൽ നിന്ന് പിന്മാറുകയും മാധവൻ-ഇന്ദുലേഖാ വിവാഹത്തിന് സമ്മതം നൽകുന്നു
- ശുഭപര്യവസായിയാണ് ഇന്ദുലേഖ നോവൽ
- സ്വാതന്ത്ര്യബോധവും സ്വാശ്രയത്വവും ചോദ്യം ചെയ്യാനുള്ള തന്റേടവും നേടിയെടുത്ത പുതുതലമുറക്കാരുടെ ശബ്ദം ചന്തുമേനോൻ കേൾപ്പിച്ചു
- ഇന്ദുലേഖയിലെ മാധവനും ഇന്ദുലേഖയും ഈ പുതുമുറക്കാരുടെ പ്രതിനിധികളാണ്
- ബോംബെ തുറമുഖത്തിന്റെ ദൃശ്യങ്ങൾ മാധവന്റെ കാഴ്ചയിലൂടെ വായനക്കാരിലേക്കു പകർന്നു തരുന്നു
- അനുരാഗത്തിന്റെ പുതിയൊരു ഭാഷചന്തുമേനോൻ സമർഥമായി അടയാളപ്പെടുത്തുന്നു
- യാത്ര നോവലിലെ പ്രധാന ഘടകമാകുന്നു
- പ്രേമബന്ധത്തിൽ ഇന്ദുലേഖ ഉറച്ച നിലപാട് എടുക്കാൻ കാരണം ഇംഗ്ലീഷ് നോവലുകളുമായി അവൾക്കുള്ള പരിചയമായിരുന്നുവെന്ന് നോവൽ ധ്വനിപ്പിക്കുന്നു
- ഇന്ദുലേഖയിൽ ആധുനിക മാധ്യമങ്ങളുടെ ഉപയോഗം കാണുന്നുണ്ട്. കത്ത് ടെലഗ്രാം, അച്ചടിച്ച പുസ്തകങ്ങൾ, ന്യൂസ് പേപ്പർ എന്നിവയാണ് മുഖ്യമായ വാർത്താമാധ്യമങ്ങൾ
- ആഖ്യാനത്തേക്കാൾ സംഭാഷണത്തിന് പ്രാധാന്യം നൽകുന്ന നോവലാണ് ഇന്ദുലേഖ

- ഇതരകഥാപാത്രങ്ങളുമായുള്ള മാധവന്റെ സംഭാഷണത്തിലൂടെയാണ് അഭിപ്രായ സംഘർഷം വെളിപ്പെടുത്തുന്നത്
- ദാമ്പത്യത്തിൽ സ്ത്രീയും പുരുഷനും പൂർണ സ്വാതന്ത്ര്യം ഉള്ളതാണ് ശ്ലാഘനീയം എന്നും ചന്തുമേനോൻ പ്രസ്താവിക്കുന്നു
- സംബന്ധം ഏർപ്പാട് നോവലിൽ വിവരിക്കുന്നു
- മരുമക്കത്തായ സമ്പ്രദായത്തിന്റെ പരിമിതികളെ ചോദ്യം ചെയ്യുന്നു
- വാർത്താവിനിമയോപാധികളുടെയും ഗതാഗത സമ്പ്രദായങ്ങളുടെയും വികാസം, അച്ചടിയുടെ വ്യാപനം, ജാതിപരമായ ഉച്ചനീചത്വങ്ങളിൽ വന്ന മാറ്റങ്ങൾ, ഭൂനിയമപരിഷ്കാരങ്ങൾ തുടങ്ങിയവ നോവലിൽ സൂചിതമാകുന്നു

## Objective Questions

1. ഇന്ദുലേഖ പ്രസിദ്ധീകരിച്ച വർഷം
2. ഇന്ദുലേഖയിൽ ആവിഷ്കൃതമാകുന്ന സാമൂഹികാപശ്ചാത്തലം ഏത് ?
3. 'നിശ്ചിതമായ ഒരളവ് വരെ നീളമുള്ള ഒരു ഗദ്യ കഥ' എന്ന് ചെറുകഥയെ നിർവചിച്ചത് ആര്?
4. നോവൽ സാഹിത്യം ആരുടെ കൃതിയാണ്?
5. കുന്ദലത എന്ന നോവലിന്റെ കർത്താവ് ആര്?
6. ചന്തുമേനോന്റെ അപൂർണമായ നോവൽ?
7. മലയാളത്തിലെ ആദ്യലക്ഷണമൊത്ത നോവൽ എന്ന് പറയപ്പെടുന്ന നോവൽ ഏത്?
8. ഇന്ദുലേഖയ്ക്ക് മാതൃകയായിട്ടുള്ള നോവൽ പ്രസ്ഥാനം?
9. ഏതു നോവലിന്റെ സ്വാധീനത്താലാണ് ഇന്ദുലേഖ രചിച്ചതെന്ന് പറയപ്പെടുന്നത്?
10. ഇന്ദുലേഖയിൽ എത്ര അധ്യായങ്ങൾ ഉണ്ട്?
11. 'ഈ പുസ്തകം എഴുതിയിട്ടുള്ളത് ഞാൻ വീട്ടിൽ സംസാരിക്കുന്ന മലയാള ഭാഷയിൽ ആകുന്നു' - ഏതു നോവലിനെ കുറിച്ചാണ് ഇങ്ങനെ എഴുത്തുകാരൻ പറഞ്ഞത് ?
12. ആധുനികതയുടെ പര്യായമായി നോവലിൽ വിവരിക്കുന്ന ഘടകങ്ങൾ ഏതൊക്കെ?
13. ഇന്ദുലേഖയെ സംബന്ധം കഴിക്കാനെത്തിയ ബ്രാഹ്മണപ്രഭു ആര്?
14. ഇന്ദുലേഖയ്ക്ക് പകരം സൂരിനമ്പൂതിരിപ്പാട് സംബന്ധം ചെയ്ത് കൊണ്ടു പോകുന്നത് ആരെ?
15. ഇന്ദുലേഖയെ സൂരിനമ്പൂതിരിപ്പാട് കല്യാണം കഴിച്ചുവെന്ന് വാർത്ത മാധവനോട് പറഞ്ഞത് ആരാണ് ?
16. ഇന്ദുലേഖയുടെ വിവാഹവർത്ത അറിഞ്ഞ മാധവൻ എങ്ങോട്ടാണ് പോകുന്നത്?
17. ഇന്ദുലേഖയ്ക്ക് പാശ്ചാത്യവിദ്യാഭ്യാസം നൽകി പരിപാലിച്ച പിതൃതുല്യൻ ആയ വ്യക്തി ആര്?
18. നാഗരികതയുടെ ചതിയും തട്ടിപ്പും മാധവൻ തിരിച്ചറിയുന്നത് ആരിലൂടെ?
19. ഇന്ദുലേഖയിലെ പതിനാറാം അധ്യായത്തിന്റ പേര് എന്ത് ?
20. ഒരു സംഭാഷണം എന്ന് പേരിട്ടിരിക്കുന്നത് ഇന്ദുലേഖയിലെ എത്രാമത്തെ അധ്യായത്തെയാണ്?

21. നോവലിന്റെ ശില്പഭദ്രതയെ തകർത്തു എന്ന് വിമർശനം നേരിടേണ്ടി വന്ന ഇന്ദുലേഖ യിലെ അധ്യായം?
22. "കഥാപ്രവാഹത്തെ പ്രതിരോധിക്കുന്ന ഒരു ശിലാഖണ്ഡം'' എന്ന് ഇന്ദുലേഖയിലെ പതി നെട്ടാം അധ്യായത്തെകുറിച്ച് അഭിപ്രായപ്പെട്ടതാര്?

## Answers

1. 1889
2. 18-19 നൂറ്റാണ്ടിലേത്
3. ഇ.എം ഫോസ്റ്റർ
4. എം.പി. പോൾ
5. അപ്പു നെടുങ്ങാടി
6. ശാരദ
7. ഇന്ദുലേഖ
8. വിക്ടോറിയൻ നോവലുകൾ
9. ഹെന്റിറ്റ ടെംപിൾ
10. 20
11. ഇന്ദുലേഖ
12. ഇംഗ്ലീഷ് വിദ്യാഭ്യാസം, പാശ്ചാത്യ സംസ്കാരം
13. മൂർക്കില്ലാത്ത് സൂരിനമ്പൂതിരിപ്പാട്
14. ശീനുപട്ടരുടെ മകൾ കല്യാണിയെ
15. ശങ്കരശാസ്ത്രികൾ
16. കൽക്കത്ത
17. കൊച്ചുകൃഷ്ണമേനോൻ
18. ഷിയർ അലിഖാന്റെ തട്ടിപ്പിലൂടെ
19. രാജ്യസഞ്ചാരം
20. 18-ാം അധ്യായം
21. 18-ാം അധ്യായം
22. എം.പി. പോൾ



SREENARAYANAGURU OPEN UNIVERSITY

## Assignments

1. ഇന്ദുലേഖ മലയാളത്തിലെ ആദ്യത്തെ ലക്ഷണമൊത്ത നോവൽ എന്ന് പറയുന്നതിന്റെ യുക്തി വിമർശനദൃഷ്ട്യാ പരിശോധിക്കുക.
2. ഇന്ദുലേഖയിലെ പതിനെട്ടാം അധ്യായത്തിന്റെ പ്രസക്തി ചർച്ച ചെയ്യുക.
3. കഥാപാത്ര നിർമിതിയിൽ ചന്തുമേനോൻ പുലർത്തുന്ന സൂക്ഷ്മത സൂരിനമ്പൂതിരിപ്പാട്, ഇന്ദുലേഖ, മാധവൻ തുടങ്ങിയ കഥാപാത്രങ്ങളെ ആസ്പദമാക്കി ഉപന്യസിക്കുക.
4. അക്കാലത്തെ കേരള സമൂഹത്തിന്റെ സാമ്പത്തിക സാംസ്കാരിക വശങ്ങൾ ഇന്ദുലേഖയിൽ തെളിഞ്ഞു കാണാം - പരിശോധിക്കുക.
5. രണ്ടു തലമുറയുടെ സംസ്കാരങ്ങൾ തമ്മിലുള്ള സംഘർഷമാണ് ഇന്ദുലേഖയിൽ ദൃശ്യമാകുന്നത് വിശദീകരിക്കുക
6. ആദ്യകാല മലയാള നോവലുകളെ കുറിച്ച് ഉപന്യസിക്കുക.

## Suggested Reading


1. ശരത് ചന്ദ്രൻ കെ.പി, ചന്തുമേനോൻ, *അരങ്ങും അണിയറയും*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
2. എം. അച്യുതൻ, *നോവൽ പ്രശ്നങ്ങളും പഠനങ്ങളും*, ഡി.സി.ബുക്സ്, കോട്ടയം
3. പി.കെ. രാജശേഖരൻ, *അന്ധനായ ദൈവം*, ഡി.സി. ബുക്സ്, കോട്ടയം
4. ഷാജി ജേക്കബ്ബ് (എഡി). *മലയാള നോവൽ ദേശഭാവനയും രാഷ്ട്രീയ ഭൂപടങ്ങളും*, സാഹിത്യ അക്കാദമി, ഡൽഹി
5. ജോർജ് ഇരുമ്പയം, *മലയാളനോവൽ 19-ാം നൂറ്റാണ്ടിൽ*, സാംസ്കാരിക പ്രസിദ്ധീകരവകുപ്പ്, തിരുവനന്തപുരം
6. ജോർജ് ഓണക്കൂർ, *നായകസങ്കല്പം മലയാളനോവലിൽ*, പ്രഭാത് ബുക്സ്, കൊല്ലം.
7. പി.കെ. ബാലകൃഷ്ണൻ, *നോവൽ സിദ്ധിയും സാധനയും*, എസ്. പി. സി. എസ്., കോട്ടയം
8. ഡി. ബഞ്ചമിൻ, *നോവൽ സാഹിത്യ പഠനങ്ങൾ*, മാളുബൻ, തിരുവനന്തപുരം.


## Reference


1. ഒ. ചന്തുമേനോൻ, *ഇന്ദുലേഖ*, ഡി.സി. ബുക്സ് കോട്ടയം
2. വി.വി. ജയകുമാർ, *മലയാള നോവൽ: രാഷ്ട്രീയത്തിന്റെ നേർവായനകൾ*, എച്ച് ആന്റ് സി ബുക്സ്, തൃശ്ശൂർ.
3. കെ.എം. തരകൻ, *നോവൽ സാഹിത്യ ചരിത്രം*, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.
4. പി.കെ. ബാലകൃഷ്ണൻ, *ചന്തുമേനോൻ ഒരു പഠനം*, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം.
5. ഇ.പി. രാജഗോപാലൻ, (എ.ഡി.) *ഇന്ദുലേഖ വായനയുടെ ദിശകൾ*, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.
6. പി.കെ രാജശേഖരൻ, പി. വേണുഗോപാലൻ, *ഇന്ദുലേഖ: ആമുഖം, സംശോധനം പഠനം*, ഡി.സി. ബുക്സ്, കോട്ടയം.

# BLOCK 02

# നവോത്ഥാനകാലവും ആധുനികതയും

SGOU

# യൂണിറ്റ് 1 പാത്തുമ്മായുടെ ആട്

## വൈക്കം മുഹമ്മദ് ബഷീർ

## Learning Outcomes

- നവോത്ഥാനകാല നോവൽ സാഹിത്യത്തെക്കുറിച്ചറിയുന്നു
- റിയലിസ്റ്റിക് പ്രസ്ഥാനത്തിന്റെ സവിശേഷതകൾ മനസിലാക്കുന്നു
- ബഷീർ സാഹിത്യം പരിചയപ്പെടുന്നു
- ബഷീറിന്റെ രചനാസവിശേഷതകൾ കണ്ടെത്തുന്നു
- പാത്തുമ്മായുടെ ആട് എന്ന നോവൽ പഠന വിധേയമാക്കുന്നു

## Prerequisite

1930 - കൾക്ക് ശേഷം മലയാള നോവൽസാഹിത്യം ആഖ്യാനം, പ്രമേയം, ഭാഷ, ശില്പഘടന, കഥാപാത്രസൃഷ്ടി ഇവയിലെല്ലാം നവീനമായ സവിശേഷതകൾ പ്രകടിപ്പിച്ചു. ചരിത്രനോവലുകളുടെ സ്ഥാനത്ത് സാമൂഹ്യനോവലുകൾ സ്ഥാനംപിടിച്ചു. ലോകമഹായുദ്ധങ്ങൾ സൃഷ്ടിച്ച സാമൂഹികരാഷ്ട്രീയ പ്രശ്നങ്ങളും മൂല്യത്തകർച്ചയും സാഹിത്യത്തിൽ പുതിയ ചിന്തകൾ സൃഷ്ടിക്കുവാൻ കാരണമായി. പാശ്ചാത്യസാഹിത്യത്തിലുണ്ടായ ഈ മാറ്റം വളരെ വേഗത്തിൽ മലയാള നോവൽസാഹിത്യത്തിലും പ്രതിഫലിച്ചു. ഈ ഘട്ടത്തിൽ പാശ്ചാത്യനോവൽസാഹിത്യവുമായി മലയാളി എഴുത്തുകാരെ ബന്ധപ്പെടുത്തിയത് പ്രധാനമായും കേസരി ബാലകൃഷ്ണപിള്ളയും എം.പി. പോളുമായിരുന്നു. ഇവർ പശ്ചാത്യസാഹിത്യത്തിലെ നൂതന പ്രവണതകളെ പരിചയപ്പെടുത്തുകയും അത്തരത്തിലുള്ള രീതികൾ സ്വീകരിക്കാൻ എഴുത്തുകാരെ പ്രേരിപ്പിക്കുകയും ചെയ്തു. ഭാവനാലോകത്തു നിന്നും യഥാർഥ ജീവിതത്തിലേക്ക് എഴുത്തുകാർ സഞ്ചരിച്ചു. ബൽസാക്ക്, മോപ്പസാങ്ങ്, ആന്റൺ ചെക്കോവ്, വിക്ടർ യൂഗോ, ടോൾസ്റ്റോയ് തുടങ്ങിയ വിശ്വസാഹിത്യകാരന്മാർ ഇവിടുത്തെ എഴുത്തുകാരിൽ സ്വാധീനം ചെലുത്തി. മനുഷ്യരുടെ ജീവിതപ്രശ്നങ്ങളും വേദനകളും പ്രതീക്ഷകളും നോവലുകളിൽ ആവിഷ്കൃതമായി. അങ്ങനെ സാമൂഹികവും സാമ്പത്തികവും സാംസ്കാരികവും രാഷ്ട്രീയവുമായ എല്ലാ മണ്ഡലങ്ങളിലും എഴുത്തുകാരന്റെ സർഗാത്മകത കടന്നുചെന്നു. സാഹിത്യം മാനവരാശിയുടെ പുരോഗതിക്ക് വഴിതെളിയിക്കണമെന്ന വിശ്വാസമാണ് ഇതിനടിസ്ഥാനം. തലമുറകൾ തമ്മിലും വർഗങ്ങൾ തമ്മിലുമുള്ള സംഘർഷങ്ങൾ സാമൂഹ്യ ജീവിതത്തിൽ കൊടുംപിരികൊണ്ടിരുന്ന കാലഘട്ടത്തിൽ ജീവിത യാഥാർഥ്യങ്ങളെ യഥാതഥമായി ആവിഷ്കരിക്കേണ്ടത് എഴുത്തുകാരന്റെ കർത്തവ്യമായിത്തീർന്നു.


അസമത്വവും അനീതിയും നിറഞ്ഞ സമൂഹത്തിന്റെ പ്രശ്നങ്ങൾ എഴുത്തുകാരന്റെ പ്രാഥമിക പരിഗണനയ്ക്കർഹമായി. തകഴി ശിവശങ്കരപ്പിള്ള, പി. കേശവദേവ്, ഉറൂബ്, കാരൂർ, ബഷീർ എന്നിവർ ഈ കാലഘട്ടത്തിലെ പ്രധാനപ്പെട്ട എഴുത്തുകാരായിരുന്നു. സമൂഹത്തിന്റെ ദൂഷ്യവശങ്ങളെയും ജീവിതത്തിന്റെ പാരുഷ്യങ്ങളെയും പകർത്തുന്നതിൽ ആയിരുന്നു റിയലിസ്റ്റ് സാഹിത്യകാരന്മാർ കൂടുതൽ ശ്രദ്ധ ചെലുത്തിയത്. ജീവിത ദുഃഖത്തിന് നിദാനമായ സാമൂ

ഹ്യ ഘടകങ്ങളെകൂടി വരച്ചുകാട്ടുവാൻ റിയലിസ്റ്റിക് സാഹിത്യകാരന്മാർ ശ്രമിച്ചു. തുടർന്നാണ് ജീവൽസാഹിത്യപ്രസ്ഥാനവും പുരോഗമന സാഹിത്യവും മലയാളത്തിൽ ഉണ്ടായത്. ''സാമൂഹിക യാഥാർഥ്യങ്ങളെ വരച്ചുകാട്ടിയാൽ മാത്രം പോരാ അനീതിയ്ക്കെതിരെ വിപ്ലവം തന്നെ നടത്തണമെന്നും കമ്മ്യൂണിസ്റ്റ് സിദ്ധാന്തത്തെ അംഗീകരിക്കണം എന്നുമായിരുന്നു പുരോഗമന സാഹിത്യപ്രസ്ഥാനത്തിന്റെ അടിസ്ഥാന പ്രമാണങ്ങളിൽ ഒന്ന്. ജീവൽസാഹിത്യപ്രസ്ഥാനവും പുരോഗമന സാഹിത്യപ്രസ്ഥാനവും നമ്മുടെ സാഹിത്യത്തിന് പൊതുവേയും കഥാസാഹിത്യത്തിന് വിശേഷിച്ചും ചില പുതിയ സാമൂഹ്യമാനം നല്കി എന്നുള്ളത് നിഷേധിക്കാനാവില്ല'' എന്ന് കെ.എം. തരകൻ(കെ.എം. തരകൻ, മലയാളനോവൽ സാഹിത്യ ചരിത്രം) അഭിപ്രായപ്പെടുന്നു. പുരോഗതിക്ക് വിവാദമായ എല്ലാ പാരമ്പര്യങ്ങളെയും മാമൂലുകളെയും കാലഹരണപ്പെട്ട വിശ്വാസങ്ങളെയും തച്ചുടയ്ക്കണമെന്ന അഭിപ്രായമാണ് കേശവദേവിന് ഉണ്ടായിരുന്നത്. ഫ്യൂഡലിസത്തിന്റെ തകർച്ച, അധ:സ്ഥിതരും പിന്നാക്കക്കാരുമായ ജനവിഭാഗങ്ങളുടെ വളർച്ച, അധ്വാനശീലരായ പുതിയ ജനസമൂഹത്തിന്റെ ഉയർച്ച എന്നിങ്ങനെ സാമ്പത്തിക മേഖലയിൽ സംഭവിച്ച പരിവർത്തനങ്ങൾ വ്യത്യസ്ത കഥാപാത്രങ്ങളുടെ യാഥാർഥ്യപ്രതീതിയിയുള്ള ചിത്രീകരണത്തിലൂടെ അദ്ദേഹം അവതരിപ്പിക്കുന്നു. ഓടയിൽ നിന്ന് നവോത്ഥാനകാലത്തെ പ്രധാനപ്പെട്ട നോവലുകളിൽ ഒന്നായി പരിഗണിച്ചു പോരുന്നു. ദേവിനെപോലെ തന്നെ സാമൂഹ്യനോവലുകൾ രചിച്ച് കേരളീയജനതയിൽ സാമൂഹ്യ പ്രബുദ്ധതയും സ്വാതന്ത്ര്യവാഞ്ഛയും ഉണർത്തുകയും നോവൽ സങ്കല്പത്തെ വിശാലമാക്കുകയും ചെയ്ത എഴുത്തുകാരനാണ് തകഴി ശിവശങ്കരപ്പിള്ള. സോഷ്യലിസ്റ്റ് റിയലിസ്റ്റ് പ്രസ്ഥാനത്തിൽപ്പെട്ട കൃതികൾ ആയിരുന്നു അദ്ദേഹം കൂടുതലും രചിച്ചിരുന്നത്. അടിസ്ഥാന വർഗങ്ങളുടെ ജീവിതമാണ് നോവലുകളിൽ പ്രതിഫലിച്ചിരുന്നത്. രണ്ടിടങ്ങഴി, കയർ, ചെമ്മീൻ തുടങ്ങിയ നോവലുകൾ ഇതിന് ദൃഷ്ടാന്തങ്ങളാണ്.

മലയാള സാഹിത്യത്തിൽ അതുല്യമായ ഒരു സ്ഥാനമാണ് ബഷീറിനുള്ളത്. തനതായ ഭാഷാശൈലിയും അനന്യമായ ജീവിതവീക്ഷണവും ബഷീറിന്റെ കൃതികളെ മഹത്തരമാക്കുന്നു. സമൂഹത്തിൽ നിന്നും മാറ്റിനിർത്തപ്പെടുന്നവരുടെ ജീവിതയാതനകളെ അദ്ദേഹം തനതായ ശൈലിയിൽ അവതരിപ്പിച്ചു. 'ബാല്യകാലസഖി', 'ശബ്ദങ്ങൾ', 'മതിലുകൾ,' 'പാത്തുമ്മായുടെ ആട്','ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്!' എന്നിവയാണ് പ്രധാന നോവലുകൾ. ദാരിദ്ര്യം, വിശപ്പ് തുടങ്ങിയ അടിസ്ഥാന മനുഷ്യാവസ്ഥകളെ തീഷ്ണമായും യഥാതഥമായും അവതരിപ്പിക്കാൻ ബഷീർ ശ്രമിച്ചു. പ്രപഞ്ചത്തിലെ ചരാചരങ്ങളെ സമഭാവനയോടെ കാണുന്ന മനോഭാവമാണ് ബഷീറിനുള്ളത്. അഗാധമായ കാരുണ്യത്തിന്റെയും മനുഷ്യസ്നേഹത്തിന്റെയും പ്രഭ അദ്ദേഹത്തിന്റെ കഥാപാത്രങ്ങളിലും പ്രകടമാണ്. പ്രകൃതിയും മനുഷ്യനും ജീവജാലങ്ങളും കഥാപാത്രങ്ങളായി കടന്നു വരാറുണ്ട്. സ്വന്തമായ വാക്കുകളും ശൈലികളും ഉപയോഗിച്ചുകൊണ്ട് ഒരു ബഷീറിയൻ ശൈലി തന്നെ അദ്ദേഹം സൃഷ്ടിച്ചു. വായ്മൊഴി വഴക്കങ്ങളും വക്രോക്തി പ്രയോഗങ്ങളും നിരർഥകശബ്ദങ്ങളുടെ വിന്യാസവും കൊണ്ട് ഹാസ്യരസം ജനിപ്പിക്കുക എന്നത് ബഷീറിന്റെ പ്രത്യേകതയാണ്. നാട്ടുഭാഷയുടെ കൃത്രിമത്വമില്ലായ്മയെ അദ്ദേഹം നന്നായി തന്റെ കൃതികളിൽ ഉപയോഗിച്ചു. ബഷീറിന്റെ കൃതികൾ വായനക്കാരെ വിഭിന്നങ്ങളായ അനുഭവലോകത്തേക്ക് കൂട്ടിക്കൊണ്ടുപോകുന്നു. പൊള്ളുന്ന ജീവിത യാഥാർഥ്യങ്ങളെ നർമത്തിന്റെ മേമ്പൊടി ചേർത്ത് അവതരിപ്പിക്കുകയാണ് ബഷീർ ചെയ്യുന്നത്. കഠിനദുഃഖങ്ങളെയും ജീവിതയാതനകളെയും പുഞ്ചിരിയോടെയാണ് അദ്ദേഹം അവതരിപ്പിച്ചത്. സ്വാതന്ത്ര്യ സമരപ്രവർത്തനങ്ങളിൽ പങ്കാളിയാവുകയും ഉപ്പുസത്യാഗ്രഹത്തിൽ പങ്കെടുക്കുകയും ജയിൽവാസം അനുഭവിക്കുകയും പോലീസ് മർദ്ദനത്തിന് ഇരയാവുകയും ചെയ്തിട്ടുണ്ട്. ഗാന്ധിയൻ ആദർശങ്ങളെ പിന്തുടർന്നു പോന്നു. നിരവധി അന്യദേശങ്ങളിൽ സഞ്ചാരം നടത്തി, ജീവിതത്തിന്റെ

വൈരുദ്ധ്യവൈവിധ്യങ്ങളെ അനുഭവിച്ചറിഞ്ഞു. കഠിനമായ ജീവിതാനുഭവങ്ങളിലൂടെ കടന്നുപോയ ബഷീറിന്റെ അനുഭവസമ്പത്തിന്റെ കരുത്ത് അദ്ദേഹത്തിന്റെ കൃതികളിൽ കാണാം.

**വൈക്കം മുഹമ്മദ് ബഷീർ**



വൈക്കം തലയോലപ്പറമ്പിൽ 1908-ൽ ജനിച്ചു. കോഴിക്കോട് ബേപ്പൂരിൽ സ്ഥിരതാമസമാക്കി. ബേപ്പൂർ സുൽത്താൻ എന്ന പേരിൽ അറിയപ്പെട്ടു. സാധാരണ മനുഷ്യരുടെ ജീവിതത്തെയാണ് കൃതികളിൽ അവതരിപ്പിച്ചിരുന്നത്. വൈക്കം സത്യാഗ്രഹത്തിന്റെ കാലത്ത് ഗാന്ധിജിയെ കാണുകയും അദ്ദേഹത്തിന്റെ ആദർശങ്ങളിൽ ആകൃഷ്ടനാവുകയും ചെയ്തു. തുടർന്ന് ഇന്ത്യൻ നാഷണൽ കോൺഗ്രസിൽ ചേർന്നു. ഉപ്പുസത്യാഗ്രഹത്തിൽ പങ്കെടുത്തതിനെ തുടർന്ന് ജയിൽവാസം അനുഭവിക്കേണ്ടി വന്നു. ജയിൽ മോചിതനായ ശേഷം പത്രപ്രവർത്തകനായി. 'പ്രഭ' എന്ന തൂലികാനാമത്തിൽ ലേഖനങ്ങളെഴുതി. ഇന്ത്യയൊട്ടാകെ സഞ്ചരിച്ച് പലവിധ ജോലികളും ചെയ്ത് സാധാരണ മനുഷ്യരുടെ ഇടയിൽ ജീവിച്ചു. ഹിന്ദു സന്യാസിമാരുടെ കൂടെയും സൂഫിവര്യന്മാരുടെ കൂടെയും ജീവിച്ചു. ലോകത്തേയും മനുഷ്യരേയും അടുത്തറിഞ്ഞ അനുഭവസമ്പത്താണ് എഴുത്തിന്റെ അടിസ്ഥാനം. ദാരിദ്ര്യം, വിശപ്പ് തുടങ്ങിയ അടിസ്ഥാന മനുഷ്യാവസ്ഥകളെ തീഷ്ണമായും യഥാതഥമായും അവതരിപ്പിച്ചു. മുസ്ലിം സാമുദായിക പശ്ചാത്തലത്തിൽ ആയിരുന്നു രചനകൾ. സാമൂഹിക വിമർശനം ഹാസ്യാത്മകമായി അവതരിപ്പിച്ചു. വൈയക്തികാനുഭവങ്ങൾ അവയുടെ തനിമയിലും ഊഷ്മളതയിലും ബഷീർ കൃതികൾ ആവിഷ്കരിച്ചിരിക്കുന്നു. പ്രേമലേഖനം, ബാല്യകാലസഖി, ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന്, പാത്തുമ്മായുടെ ആട്, മതിലുകൾ, ശബ്ദങ്ങൾ എന്നിവയാണ് പ്രധാനപ്പെട്ട നോവലുകൾ. ഡോ. റൊണാൾസ് ആഷർ ബഷീർ കൃതികളെ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്. 2015-ൽ അദ്ദേഹം നിര്യാതനായി.

## Keywords

നവോത്ഥാന നോവൽ - റിയലിസം - റിയലിസ്റ്റിക് എഴുത്തുകാർ - പുരോഗമന സാഹിത്യ പ്രസ്ഥാനം - ബഷീർ - പാത്തുമ്മായുടെ ആട് - ബഷീറിയൻ ഭാഷ

## Discussion

### 2.1.1 നവോത്ഥാന നോവൽ

1930 - കൾ മുതലുള്ള മലയാളനോവൽസാഹിത്യത്തെ നോവലിന്റെ രണ്ടാംഘട്ടം എന്ന് വിളിക്കുന്നു. നോവലിന്റെ സുവർണദശയാണ് ഈ കാലം. പ്രമേയത്തിലും രൂപഭാവങ്ങളിലും സാരമായ മാറ്റം ഈ ഘട്ടത്തിൽ സംഭവിച്ചു. ജീവിതയാഥാർഥ്യസ്പർശിയായ സോദ്ദേശ്യകഥാരചനയുടെ കാലമായിരുന്നു അത്. സാമൂഹ്യയാഥാർഥ്യങ്ങളെ സാഹിത്യത്തിൽ പ്രതിഫലിപ്പി

ക്കുന്ന ധീരമായ കർത്തവ്യം എഴുത്തുകാർ ഏറ്റെടുത്തു. ശാസ്ത്ര പുരോഗതിയും വ്യവസായവിപ്ലവവും സാമൂഹിക ജീവിതത്തിൽ വരുത്തിയ ചലനങ്ങൾ സാഹിത്യത്തിലും പരിവർത്തനങ്ങൾ സൃഷ്ടിച്ചു. വ്യവസായയുഗവും യന്ത്രവല്കരണവും മധ്യവർഗ വിഭാഗത്തിന്റെ ജീവിതത്തെ സങ്കീർണമാക്കി. അവരിൽ ഭൂരിഭാഗമായിരുന്ന തൊഴിലാളി മധ്യവർഗ ജീവിതത്തെ ആവിഷ്കരിച്ച സാഹിത്യമാണ് റിയലിസ്റ്റിക് സാഹിത്യമായി അറിയപ്പെട്ടത്. ബൽസാക്ക്, സ്റ്റെന്താൾ, ഫ്ളോബർ, മോപ്പസാങ്ങ്, ആന്റൺ ചെഖോവ്, എമിലി സോള തുടങ്ങിയവരിലൂടെയാണ് റിയലിസ്റ്റിക് നോവലിന്റെ പിറവി. ജീവിതത്തെ നിരീക്ഷിക്കുക, കാണുന്നതുപോലെ, അനുഭവപ്പെടുന്നതുപോലെ ചിത്രീകരിക്കുക എന്നതാണ് റിയലിസ്റ്റിക് സിദ്ധാന്തത്തിന്റെ ആശയം. ലോകസാഹിത്യത്തിൽ പരിചിതമായിരുന്ന ഈ നൂതന ആശയങ്ങളേയും എഴുത്തുകാരേയും മലയാള സാഹിത്യത്തിന് പരിചയപ്പെടുത്തിയത് കേസരി എ. ബാലകൃഷ്ണപിള്ളയാണ്. മോപ്പസാങ്ങിന്റെയും ചെഖോവിന്റെയും കഥകൾ മലയാളത്തിലേക്ക് അദ്ദേഹം വിവർത്തനം ചെയ്തു. ഒപ്പം അതിന്റെ സങ്കേതികരീതികളെ വിശദീകരിക്കുകയും ചെയ്തു.

1936-ൽ ലഖ്നൗവിൽ കൂടിയ 'അഖിലേന്ത്യാ പ്രോഗ്രസ്സീവ് റൈറ്റേഴ്സ്' ഇന്ത്യയിൽ കലയുടെ മൂല്യവും പ്രയോജനക്ഷമതയും മുൻനിർത്തിയുള്ള സാഹിത്യരചനയുടെ ആവശ്യകതയെക്കുറിച്ച് ചർച്ച ചെയ്തു. തുടർന്ന് 1937-ൽ കേരളത്തിൽ ജീവൽസാഹിത്യ സംഘടനയും, 1944 - ൽ പുരോഗമന സാഹിത്യ സംഘടനയും രൂപീകൃതമായി. ''കല ന്യൂനപക്ഷത്തിന്റെ ആസ്വാദനവിഭവമാകരുത്, കല ബഹുജനങ്ങളിലേക്കിറങ്ങിവരണം, കല കലയ്ക്കുവേണ്ടിയല്ല, ജീവിതത്തിനുവേണ്ടിയാണ്, സാഹിത്യസൃഷ്ടി സാമൂഹ്യപുരോഗതിയെ ലക്ഷ്യമാക്കുന്ന സോദ്ദേശ്യകൃതിയാകണം, വിഷയത്തിലും പ്രതിപാദനത്തിലും എഴുത്തുകാരന് സ്വാതന്ത്ര്യമുണ്ടായിരിക്കണം, എഴുത്തുകാരന്റെ മനോഭാവവും വീഷണഗതിയും സാർവലൗകികമായിരിക്കണം - ഇതെല്ലാമായിരുന്നു പുരോഗമനസാഹിത്യ പ്രസ്ഥാനത്തിന്റെ സന്ദേശം''(എം. അച്യുതൻ, ചെറുകഥ ഇന്നലെ ഇന്ന് ). ഈ ഒരു സാഹചര്യത്തിലാണ് തകഴി ശിവശങ്കരപ്പിള്ള, പി. കേശവദേവ്, മുട്ടത്ത് വർക്കി, മുഹമ്മദ് ബഷീർ, എസ്.കെ. പൊറ്റെക്കാട്ട്, കാരൂർ നീലകണ്ഠപിള്ള, ഉറൂബ് തുടങ്ങിയ എഴുത്തുകാർ സജീവമാകുന്നത്. ഇടത്തരക്കാരുടെയും കർഷകത്തൊഴിലാളികളുടെയും ജീവിതത്തിലേയ്ക്കും മനുഷ്യബന്ധങ്ങളുടെയും മനുഷ്യസ്വഭാവത്തിന്റേയും വൈവിധ്യങ്ങളുടെ വിശേഷാവസ്ഥകളിലേക്കും സാഹിത്യം ശ്രദ്ധതിരിച്ചു. ദാരിദ്ര്യം, വിശപ്പ്, ചൂഷണം, തുടങ്ങിയ വിഷയങ്ങൾ കഥാപ്രമേയത്തിൽ സവിശേഷ സ്ഥാനം നേടി.

ബഷീറിന്റെ ബാല്യകാലസഖി, ശബ്ദങ്ങൾ, തകഴി ശിവശങ്കരപ്പിള്ളയുടെ തലയോട്, രണ്ടിടങ്ങഴി, കയർ, കേശവദേവിന്റെ ഓടയിൽ നിന്ന്, ഭ്രാന്താലയം, എസ്. കെ. പൊറ്റെക്കാട്ടിന്റെ നാടൻ പ്രേമം, മൂടുപടം, ഉറൂബിന്റെ ആമിന, ഉമ്മാച്ചു തുടങ്ങിയ ആദ്യകാല നോവലുകൾ പ്രബുദ്ധമായ നിലപാടുകൾ മാത്രമല്ല ഭാഷയുടെ രൂപവിവേകവും പ്രദർശിപ്പിച്ചു. തകഴിയുടെ രചനകൾ വർഗബന്ധാടിസ്ഥാനത്തിൽ കാണാൻ പ്രേരിപ്പിച്ചു. ജന്മിത്തത്തിൽ നിന്ന് മുതലാളിത്തത്തിലേക്കുള്ള മാറ്റത്തിന്റെ സാമൂഹിക രേഖയാണ് തകഴിയുടെ രചനകൾ. സാമുദായിക പശ്ചാത്തലത്തിൽ കഥ പറയുമ്പോളും സാമൂഹ്യമായ പ്രശ്നങ്ങളിലേക്കാണ് ബഷീറിന്റെ രചനകൾ വിരൽ ചൂണ്ടുന്നത്. സമൂഹത്തിന്റെ അനീതികളോട് രൂക്ഷമായി പ്രതികരിച്ച എഴുത്തുകാരനാണ് കേശവദേവ്. മനുഷ്യൻ നേരിടുന്ന ദുരന്തത്തിന്റെയും വേട്ടയാടലുകളുടെയും ചരിത്രവും അതിജീവനത്തിന്റെ വ്യത്യസ്ത ഭാവങ്ങളും പൊറ്റെക്കാട്ട് നോവലിൽ ചിത്രീകരിക്കുന്നുണ്ട്. കഥാപാത്രങ്ങളുടെ മാനസിക അവസ്ഥയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് സാമൂഹിക സാമുദായിക സംഘർഷങ്ങളും കുടുംബബന്ധങ്ങളും മനുഷ്യമനസിന്റെ നിഗൂഢ ഭാവങ്ങളും ഉറൂബ് നോവലുകളിൽ വരച്ചിടുന്നു. ഇങ്ങനെ മനുഷ്യന്റെ നിലനില്പിനെയും അവന്റെ അതിജീവനത്തെയും ജീവിതാനുഭവങ്ങളെയും റിയലിസ്റ്റിക്കായി അവതരിപ്പിക്കുന്ന നോവലുകളാണ് നവോത്ഥാനകാല നോവലുകൾ.

### 2.1.2 ബഷീറിന്റെ കഥാലോകം

ജീവിതയാഥാർഥ്യങ്ങളെ തീക്ഷ്ണത നഷ്ടപ്പെടാതെ യഥാതഥമായി അവതരിപ്പിച്ചുകൊണ്ടാണ്

വൈക്കം മുഹമ്മദ് ബഷീർ സാഹിത്യലോകത്ത് പ്രവേശിച്ചത്. റിയലിസ്റ്റിക് കാലഘട്ടത്തിലാണ് ബഷീറിന്റെ രചനാകാലമെങ്കിലും റിയലിസത്തെ അതിവർത്തിക്കുന്ന ഒന്ന് ബഷീർ കൃതികളിൽ പ്രകടമാണ്. വൈവിധ്യം നിറഞ്ഞ അനുഭവങ്ങളും തീക്ഷ്ണവും വിപുലമായ മാനസികഭാവങ്ങളും ബഷീർ കൃതികളുടെ പ്രത്യേകതകളായിരുന്നു. സമകാലികരായ മറ്റെഴുത്തുകാരിൽ നിന്ന് ബഷീറിനെ വ്യത്യസ്തനാക്കുന്നത് യഥാതഥേതരമായ വിതാനത്തിലേക്ക് തന്റെ രചനകളെ കൊണ്ടു പോകുന്ന ഭാവഗീതാത്മകമായ ഒരു ഓർമ്മകുറിപ്പിന്റെ സാങ്കേതിക രീതിയാണെന്ന് കെ. എസ്. രവികുമാർ നിരീക്ഷിക്കുന്നു. 'വാസ്തവത്തിൽ ബഷീർ ചെയ്യുന്നത് ചരിത്രത്തെ ഐതിഹ്യവല്കരിക്കുകയാണ്. യഥാതഥമായ സംഭവങ്ങളെ ആഖ്യാനം ചെയ്യുമ്പോൾ തന്റെ മൗലികമായ നിരീക്ഷണം കൊണ്ടും ജീവിത സമീപനം കൊണ്ടും അതിന്റെ ബാഹ്യതലത്തിലുള്ള യഥാതഥാവരണം ബഷീർ കൊഴിച്ചു കളഞ്ഞു. ഉള്ളിലുള്ള കാതലിലേക്ക് കണ്ണു പായിക്കുന്നു. ഒരുതരം എക്സറേ ചിത്രങ്ങളെ പോലെ ആന്തരിക യാഥാർഥ്യത്തെ ചുഴിഞ്ഞെടുക്കുന്നു. അതിന് നർമത്തിന്റെ ലാളിത്യവും ഐതിഹ്യ പരിവേഷവും നല്കി അവതരിപ്പിക്കുകയും ചെയ്യുന്നു. ബഷീറിന്റെ മികച്ച രചന പലതിലും ഏറിയോ കുറഞ്ഞോ ഈ സർഗാത്മകരീതി പ്രവർത്തിക്കുന്നത് കാണാം''(കെ.എസ്. രവികുമാർ, കഥയുടെ വാർഷിക വലയങ്ങൾ). എങ്ങനെയാണ് ബഷീർ കൃതികൾ യഥാതഥരീതിയിൽ നിന്ന് മാറിസഞ്ചരിക്കുന്നതെന്നുള്ള പി.കെ. രാജശേഖരന്റെ നിരീക്ഷണം ഇപ്രകാരമാണ്. ''സമൂഹത്തിലെ വ്യക്തിയെ നിർവചിക്കാനുള്ള ശ്രമം ബഷീറിന്റെ നോവലുകളിൽ സജീവമാണ്. എന്നാൽ ബഷീറിന്റെ കല വ്യത്യസ്തമായിരുന്നു. വർഗബന്ധങ്ങളെക്കുറിച്ചുള്ള സാമൂഹ്യശാസ്ത്രപരമായ ചട്ടക്കൂട് സ്വീകരിക്കാൻ ബഷീറിന്റെ എഴുത്ത് സന്നദ്ധമായില്ല. അതേസമയം വൈവിധ്യം നിറഞ്ഞ സാമൂഹികാവസ്ഥയും അപകേന്ദ്രീരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന വ്യക്തിയും ബഷീറിന്റെ നോവലുകളിൽ മുഖ്യപ്രമേയമായിത്തീരുകയും ചെയ്തു. ആത്മകഥാപരമായ പാഠാത്മകതയ്ക്ക് എഴുത്തിൽ സ്ഥാനം നല്കി കൊണ്ടാണ് ബഷീറിന്റെ കൃതികൾ യഥാതഥ നോവലിന്റെ വഴക്കത്തിൽനിന്നു വ്യതിരിക്തമായത്.'' (പി.കെ. രാജശേഖരൻ, അന്ധനായ ദൈവം)

പൊള്ളുന്ന രാഷ്ട്രീയാനുഭവങ്ങൾ ഉണ്ടായിരുന്ന എഴുത്തുകാരനാണ് ബഷീർ. അതിന്റെ പേരിൽ പല പീഡനങ്ങളും അനുഭവിച്ചിട്ടുണ്ട്. ദീർഘകാലം ലോക്കപ്പിലും ജയിലിലും കഴിയേണ്ടി വന്നു. സ്വാനുഭവങ്ങളെക്കുറിച്ച് ബഷീർ പറയുന്നത് ഇപ്രകാരമാണ്. ' ജയിലിൽനിന്ന് വിട്ട് ഞാൻ ഒരുപാട് കാര്യങ്ങൾ ചെയ്തു. കൊച്ചിയിൽ പി.എ. സൈനുദ്ദീന്റെകൂടെ 'ഉജ്ജീവനം' വാരിക നടത്തി. ഭഗത് സിങ്ങ് മോഡൽ ഭീകരപ്രസ്ഥാനം സംഘടിപ്പിച്ചു. പോലീസ് വാറണ്ട്, പത്രം കണ്ടുകെട്ടൽ. പത്തുകൊല്ലം ഇന്ത്യ മുഴുവൻ സഞ്ചരിച്ചു. ഹിന്ദു സന്യാസികളുടെ കൂടെ, മുസ്ലിം സന്യാസികളായ - സൂഫികളുടെ കൂടെ, പത്രം ഓഫീസുകളിൽ, പ്രൂഫ് റീഡർമാരുടെ അസിസ്റ്റന്റ്, ഹോട്ടൽക്കാരൻ, ജോലിക്കാരൻ, മാജിക്കുകാരന്റെ ശിങ്കിടി, മിൽ തൊഴിലാളി, ലുംഫിറ്റർ, മരുന്നു കച്ചവടക്കാരൻ, കൈനോട്ടക്കാരൻ, ട്രാവലിംഗ് ഏജന്റ്, അങ്ങനെ നാട്ടിൽ വന്നു. വൈക്കം തലയോലപ്പറമ്പിൽ. അപ്പോൾ വീട് പാപ്പർ.

(ബഷീർ:ഞാൻ എങ്ങനെ എഴുത്തുകാരനായി )

സമകാല സാമൂഹിക ജീവിതത്തെ കഥാ വിഷയമാക്കിയ നവോത്ഥാന കഥാകൃത്തുക്കളിൽ നിന്നും ഏറെ വ്യത്യസ്തനായിരുന്നു ബഷീർ. സ്വാനുഭവങ്ങളുടെ ചൂടും ചൂരും ഉൾക്കൊണ്ട് ജീവിതത്തിന്റെ യാഥാർഥ്യങ്ങളെയും ദുരന്തങ്ങളെയും ഐറണികളെയും മധുരമായ ഹാസ്യത്തിന്റെ വെളിച്ചത്തിൽ പ്രകാശമാനമാക്കി. സംഭവബഹുലമായ ജീവിതത്തെയാണ് ബഷീറിന്റെ കഥകൾ അനുസ്മരിപ്പിക്കുന്നത്. ബഷീർ കൃതികൾ സ്വാനുഭവകഥനമാണ്. ഭൗതിക ജീവിതത്തിന്റെ പരുഷയാഥാർഥ്യങ്ങളും സങ്കല്പ ലോകത്തിലെ ഭ്രമാത്മക ദൃശ്യങ്ങളും ബഷീർ

അനാവരണം ചെയ്തു. വൈവിധ്യം ഉള്ള അനുഭവലോകത്തിന്റെ വെളിച്ചത്തിൽ സ്നേഹം മാത്രമാണ് പ്രാപഞ്ചിക സത്യമെന്ന് അദ്ദേഹം വിശ്വസിക്കുന്നു. അതിനാൽ മാനുഷികതയ്ക്ക് പ്രത്യേകം പ്രാധാന്യം നല്കുന്നു. പ്രകൃതിയിലെ സർവജീവജാലങ്ങളെയും സാഹോദര്യത്തിന്റെ കണ്ണിയിലേക്ക് ചേർത്ത് വയ്ക്കുന്നു.

സ്വസമുദായ പശ്ചാത്തലത്തിലാണ് രചനകൾ ഏറെയും രചിച്ചിരിക്കുന്നത്. സാമൂഹിക പുരോഗതി പോലെ തന്നെ സാമുദായിക മുന്നേറ്റവും എഴുത്തുകാരൻ ലക്ഷ്യം വെച്ചിരുന്നു. മതത്തിന്റെ പ്രാകൃതമായ ആചാരങ്ങളെയും വിശ്വാസങ്ങളെയും തകർത്ത് നവീനമായ സമുദായിക മുന്നേറ്റം കൃതികളുടെ അടിസ്ഥാനമാണ്. ന്റുപ്പുപ്പാക്കൊരാനേണ്ടാർന്നു, പാത്തുമ്മായുടെ ആട്, ബാല്യകാലസഖി തുടങ്ങിയ നോവലുകൾ ഉദാഹരണമാണ്. ഫ്യൂഡൽ അന്തരീക്ഷത്തിൽ നിന്ന് ആധുനികതയിലേക്കുള്ള മാറ്റത്തെ അനാവരണം ചെയ്യുകയായിരുന്നു ബഷീറിന്റെ രചനകൾ. ബഷീറിയൻ എന്ന് പറയാവുന്ന ഭാഷ സൃഷ്ടിച്ചു കൊണ്ട് എളുപ്പത്തിൽ വായനക്കാരിലേക്കെത്തിച്ചേരുന്നു. നർമവും ഹാസ്യവും ഒരു പോലെ ചിന്തിപ്പിക്കുന്നു. നർമധുരമായ ഫലിതവും ശുദ്ധ ഹാസ്യവും അക്ഷേപഹാസ്യവും നിറഞ്ഞതാണ് ബഷീറിന്റെ കഥാലോകം. നിഷ്കളങ്കരായ ഗ്രാമീണജനങ്ങളുടെ അകവും പുറവും ബഷീർ കാട്ടിത്തരുന്നു.

അതുപോലെ തന്നെ ബഷീറിന്റെ മറ്റൊരു പ്രത്യേകത കഥാപാത്ര സൃഷ്ടിയിലെ ചാരുതയാണ്. നിത്യജീവിതത്തിലെ സുപരിചിതരായ കഥാപാത്രങ്ങളായിരുന്നു അവരിൽ പലരും. യാഥാസ്ഥിതികരും, പാരമ്പര്യനിഷേധികളും, സാമൂഹികവിരുദ്ധരും, ദുഃഖിതരും, പീഡിതരും, ദരിദ്രരും, ഒക്കെ കഥാപാത്രങ്ങളായി മിന്നിമറിയുന്നു. മുസ്ലിം സമുദായത്തിന്റെ ഗുണവും മണവും പ്രസരിപ്പിക്കുന്ന ധാരാളം കഥാപാത്രങ്ങളുണ്ട്. സ്വന്തം കുടുംബത്തിലോ സമുദായത്തിലോ ബഷീർ അടുത്തറിഞ്ഞവരാണ് അവരെല്ലാം. നിഷ്കളങ്കരായ സ്ത്രീകഥാപാത്രങ്ങളും, അല്പജ്ഞാനികളും, നിസ്വാർഥരായ സാധാരണക്കാരും അവിടെ കാണാം. സ്നേഹം സ്വാതന്ത്ര്യം സാഹോദര്യം എന്നിവയ്ക്ക് പ്രാമുഖ്യം നല്കിയ ബഷീർ സർവജനീനമായ മനുഷ്യസ്നേഹത്തിന്റെ വക്താവാണ്. വിശാലമായ ഈ പ്രപഞ്ചത്തിന്റെ അവകാശി മനുഷ്യൻ മാത്രമല്ല സകലചരാചരങ്ങളും ആണെന്ന് ആത്മാർഥമായി വിശ്വസിക്കുന്ന എഴുത്തുകാരനാണ് ബഷീർ. ബഷീറിന്റെ സ്നേഹസങ്കല്പം അതിവിശാലമായിരുന്നു. പ്രത്യാശാഭരിതവും പ്രസാദാത്മകവുമായ ഒരു ജീവിതത്തെയാണ് അദ്ദേഹം കാംക്ഷിച്ചത്.

### 2.1.3 പാത്തുമ്മായുടെ ആട്

മുഖവുര ആവശ്യമില്ലാത്ത എഴുത്തുകാരനാണ് ബഷീർ എന്നു പറയുന്നതുപോലെ പരിചയപ്പെടുത്തൽ ആവശ്യമില്ലാത്ത അനേകം ബഷീർ കൃതികളിൽ ഒന്നാണ് പാത്തുമ്മായുടെ ആട്. വായനാശീലം അല്പമെങ്കിലുമുള്ള ഒരാൾ ഈ ആടിനെ പരിചയപ്പെട്ടിരിക്കും. മലയാള സാഹിത്യത്തിലേയ്ക്ക് ബഷീർ ഒരു ആടിനെ അഴിച്ചുവിടുകയായിരുന്നു. സ്വന്തം അനിയത്തിയായ പാത്തുമ്മയുടെ പ്രിയപ്പെട്ട ആടിനെ. ബഷീറിന്റെ വീട്ടുമുറ്റത്തും കിടപ്പുമുറിയിലും നിന്ന് വായനാമുറിയിലേക്കും അനുവാചക ഹൃദയങ്ങളിലേക്കും ആട് കടന്നു. തലമുറഭേദമില്ലാതെ മലയാളികളുടെ വായനമുറിയിലെ ഇതിഹാസമായി കരുതുന്ന പുസ്തകമാണ് പാത്തുമ്മായുടെ ആട്. 1959 ലാണ് ബഷീർ പാത്തുമ്മായുടെ ആട് രചിക്കുന്നത്. ബഷീറിന്റെ തന്നെ ആദ്യകാല രചനകളെയും മലയാള നോവൽ സങ്കല്പത്തേയും അട്ടിമറിച്ച കൃതിയാണ് പാത്തുമ്മായുടെ ആട്. ഉന്മാദത്തിന്റെ ഇടവേളയിൽ ജീവിതം താറുമാറായി പോകാൻ ഞാൻ സമ്മതിക്കുകയില്ല എന്ന ദൃഢനിശ്ചയത്തോടെ എഴുതിയ പാത്തുമ്മായുടെ ആട് ജീവിതത്തിനു ബഷീർ നല്കിയ ഏറ്റവും വലിയ നിർവചനമായിരുന്നു.

പട്ടാളത്തിൽ പോകുമെന്ന് പറഞ്ഞ് എല്ലാവരേയും നിശബ്ദനാക്കിയിരുന്ന ഹനീഫയും ബഷീറിന് വ്യാകരണം പിടിയില്ലെന്ന് ആദ്യം കണ്ടെത്തിയ അബ്ദുൾ ഖാദറും മഹാവൃത്തിക്കാരനായ അബുവും നോവലിന്റെ ഭാഗമായി വരുന്നുണ്ട്. എല്ലാവർക്കും അവരവരുടെ നന്മതിന്മകൾ ബഷീർ നല്കിയിരിക്കുന്നത് വളരെ ശ്രദ്ധേയമായ കാര്യമാണ്. ആത്മകഥാപാത്രത്തെപ്പോലും നന്മയുടെ മൂർത്തിയാക്കുവാൻ

ബഷീർ ശ്രമിക്കുന്നില്ല. പണം സ്വകുടുംബത്തിന് വേണ്ടി സദാസമയം ചെലവഴിക്കുമ്പോഴും സ്വന്തം ഉമ്മയുടെ മുന്നിൽവെച്ച് അയാൾ ഒരു ഗ്ലാസ് എറിഞ്ഞു പൊട്ടിക്കുന്നു. തന്റെ രചനാശൈലിയുപയോഗിച്ച് ഏറ്റവും കഷ്ടസ്ഥിതിയെപ്പോലും നൈർമല്യമാക്കി മാറ്റുന്ന മിടുക്ക് ഈ കൃതിയിലുണ്ട്. ഈ നോവലിന് പെണ്ണുങ്ങളുടെ ബുദ്ധി എന്നൊരു പേരും ബഷീർ നിർദ്ദേശിച്ചിരുന്നു. മാനസികരോഗത്തിന് ചികിത്സയും വിശ്രമവുമായി വൈക്കത്തിനടുത്ത് തലയോലപ്പറമ്പിലുള്ള കുടുംബവീട്ടിൽ കഴിയുമ്പോഴാണ് ബഷീർ പാത്തുമ്മായുടെ ആട് എഴുതുന്നത്. സ്വന്തം ജീവിതത്തെയും ജീവിത ദുരിതങ്ങളെയും തന്റേത് മാത്രമാക്കി ചിരികൊണ്ട് ബഷീർ അവതരിപ്പിക്കുന്നു. ഇതിലെ ദാരിദ്ര്യവും കൊച്ച് കൊച്ച് മോഷണങ്ങളും അസൂയയും നിസ്സഹായതയും ഒക്കെ നമ്മൾ ചിരിയോടെ വായിക്കുമ്പോൾ തന്നെ ചിന്തിപ്പിക്കുന്ന നോവായി അവ പരിണമിക്കുന്നുണ്ട്. സാഹിത്യഭാഷയെ സാധാരണക്കാരന്റെ സംസാരഭാഷയാക്കി മാറ്റി അതിലൂടെ മനുഷ്യജീവിതങ്ങൾക്കുനേരെ ഒരു കണ്ണാടി പിടിക്കുകയായിരുന്നു ബഷീർ.

## 2.1.4 കഥാസംഗ്രഹം

ഒരു കൂട്ടുകുടുംബത്തിലെ ദൈനംദിന സന്ദർഭങ്ങളുടെ ആവിഷ്കരണമാണ് പാത്തുമ്മായുടെ ആട്. കുടുംബത്തിനകത്തെ സംഭവങ്ങളും, കുടുംബാംഗങ്ങൾ തമ്മിൽ നടക്കുന്ന വഴക്കും അതിനെ തുടർന്നുണ്ടാകുന്ന രസകരമായ അനുഭവങ്ങളും ഒത്തിണങ്ങുന്നതാണ് പാത്തുമ്മായുടെ ആട് . ഈ കഥയിലൂടെ ബഷീർ ഒരു സാധാരണ കുടുംബത്തിലെ സാധാരണ പ്രശ്നങ്ങളെ അതേപ്രകാരം ആവിഷ്കരിക്കുന്നു. ആടിനെ ചൊല്ലിയുള്ള തർക്കങ്ങൾ തുടങ്ങി അത് നല്കുന്ന പാലിനെ ആസ്പദമാക്കിയുള്ള കലാപങ്ങൾ കൂടി കണ്ടു കഴിയുമ്പോളാണ് കഥ അവസാനിക്കുന്നത്. 18 അംഗങ്ങൾ താമസിക്കുന്ന ആ ഇരുമുറി വീട്ടിൽ നടക്കുന്ന സംഭവങ്ങളെ ഫലിത രൂപേണ കഥാകൃത്ത് അവതരിപ്പിക്കുന്നത് ലളിതമായ ഭാഷയിലൂടെയാണ്.

പാത്തുമ്മായുടെ ആട്, അഥവാ പെണ്ണുങ്ങളുടെ ബുദ്ധി എന്ന തമാശ കഥയാണ് ഞാനിവിടെ പറയാൻ പോകുന്നത്. എന്ന് പറഞ്ഞു കൊണ്ടാണ് നോവൽ ആരംഭിക്കുന്നത്. നാടുചുറ്റിക്കറങ്ങി വന്ന ബഷീർ സ്വസ്ഥമായി, ശാന്തമായി വിശ്രമിക്കാനാണ് വീട്ടിലേക്ക് വന്നത്. എന്നാൽ തികച്ചും അശാന്തമായിരുന്നു വീട്. ഓലമേഞ്ഞ ഒരു ചെറിയ, രണ്ടു മുറികളും ഒരടുക്കളയും രണ്ട് വരാന്തകളുമുള്ള കെട്ടിടമാണ് ബഷീറിന്റെ വീട്. അവിടെ അമ്മയും സഹോദരങ്ങളും അവരുടെ ഭാര്യമാരും കുട്ടികളും അടങ്ങുന്ന ആൾക്കൂട്ടം ആ ചെറിയ വീട്ടിൽ ഒരുമിച്ചാണ് കഴിഞ്ഞിരുന്നത്. കൂടാതെ അഭയാർഥികളായി പാർക്കുന്ന കുറേ പൂച്ചകൾ, അവരെ പേടിച്ചു നടക്കുന്ന കാക്കത്തൊള്ളായിരം എലികൾ, കുറെ കാക്കകൾ, പത്തുനൂറ് കോഴികൾ, അവരുടെ കുഞ്ഞുങ്ങൾ പിന്നെ പരുന്തുകളും. ഇവയെല്ലാം ചേർന്നുണ്ടാക്കുന്ന ബഹളമാണ് സദാസമയവും. ഇതിനെല്ലാം പുറമേയാണ് പാത്തുമ്മയുടെ ആടും. ആടിന് വീടിനുള്ളിൽ സർവസ്വാതന്ത്ര്യമാണ്. വെളുപ്പിനേ തന്നെ വീട്ടിൽ എല്ലായിടത്തും കയറിയിറങ്ങും. അങ്ങനെ സർവസ്വതന്ത്രമായി ജീവിക്കുന്നതിനിടയിലാണ് ബഷീറിന്റെ പുസ്തകങ്ങളെ ശാപ്പിടുന്നത്. ബാല്യകാലസഖിയിലെ പേജുകൾ സ്റ്റൈലായി നക്കിനക്കി തിന്നുകയാണ്. തുടർന്നു ശബ്ദങ്ങളും. അതു കഴിഞ്ഞ് പുതപ്പു തിന്നാൽ തുടങ്ങുമ്പോഴാണ് ബഷീർ ഓടിചെന്ന് തടുക്കുന്നത്. പുസ്തകങ്ങളുടെ കോപ്പി ഇഷ്ടംപോലെയുണ്ട്, പുതപ്പ് വേറെയില്ല എന്നാണ് ഹാസ്യരൂപേണ പറയുന്നത്.

ബഷീറിന്റെ സഹോദരങ്ങളിൽ തറവാട്ടിൽ നിന്ന് മാറിത്താമസിക്കുന്നത് പാത്തുമ്മ മാത്രമാണ്. എങ്കിലും എല്ലാദിവസവും രാവിലെത്തന്നെ മകളെയും കൂട്ടി അവർ തറവാട്ടിലെത്തും. അവരുടെ വരവ് ഒരു 'സ്റ്റൈലിലാണ് ' എന്നാണ് ബഷീർ പറയുന്നത്. ഒന്നര ഫർലോംഗ് ദൂരത്തിൽ താമസിക്കുന്നിടത്തു നിന്ന് രാവിലെ തന്നെ ആട് ബഷീറിന്റെ വീട്ടിലെത്തും. വീട്ടുകാര്യങ്ങൾ ഒതുക്കിക്കഴിഞ്ഞ് പാത്തുമ്മയും മകളും കൂടി എത്തിച്ചേരും. ഉമ്മയുടെ മൂത്തമകളെന്ന എല്ലാ അധികാരവും പാത്തുമ്മ അവിടെ പ്രയോഗിക്കും. പാത്തുമ്മയുടെ ആട് എല്ലാ ദിവസവും അവിടെ രാവിലെ തന്നെ വരികയും ബഹളങ്ങൾക്ക് കാരണമായിത്തീരുകയും ചെയ്യും. പാത്തുമ്മ എപ്പോഴും പറയുന്ന ഒരു വാചകമുണ്ട്. 'എന്റെ ആട് പെറട്ടെ, അപ്പോകാണാം. പാത്തുമ്മയ്ക്ക് കാര്യ

മായ വിദ്യാഭ്യാസമൊന്നുമില്ല. എങ്കിലും കുടുംബത്തിന്റെ വളർച്ചയ്ക്ക് വേണ്ടി കഠിനാധ്വാനം ചെയ്യുന്ന സ്ത്രീയാണവർ. പാത്തുമ്മ പറഞ്ഞിരുന്നതുപോലെ ഒരിക്കൽ പാത്തുമ്മയുടെ ആട് പെറ്റു. ആട്ടിൻ പാൽ വിറ്റു കിട്ടുന്ന പണം കൊണ്ട് വീടിന്റെ വാതിൽ നന്നാക്കുന്നതുൾപ്പെടെ പലതും ചെയ്യണമെന്ന് പാത്തുമ്മ വിചാരിച്ചിരുന്നു. പക്ഷേ തന്റെ കുടുംബക്കാർക്കു വേണ്ടി ആടിന്റെ പാൽ കൈക്കൂലിയായി പാത്തുമ്മയ്ക്ക് ഉപയോഗിക്കേണ്ടി വന്നു. ഒരിക്കൽ ബഷീറിനെ തന്റെ വീട്ടിലേയ്ക്ക് ക്ഷണിക്കുന്നു. പത്തിരിയും കരൾ വരട്ടിയും വച്ച് സൽക്കരിക്കുന്നു. എന്നാൽ പാത്തുമ്മയുടെ മറ്റു സഹോദരങ്ങളായ അബ്ദുൾ ഖാദറിനും ഹനീഫയ്ക്കും ഇത് സഹിക്കാൻ പറ്റുന്നില്ല. പാത്തുമ്മായുടെ ഭർത്താവ് അവർക്കുനൽകാനുണ്ടായിരുന്ന പണത്തിന്റെ പേരിൽ ഭർത്താവിനേയും പാത്തുമ്മയേയും മകൾ ഖദീജയേയും ഒന്നും മൂന്നും പ്രതികളാക്കി കേസു കൊടുക്കുമെന്നും ആടിനെ ജപ്തി ചെയ്യിക്കുമെന്നും സഹോദരങ്ങൾ ഭീഷണിപ്പെടുത്തി. അങ്ങനെയാണ് പാത്തുമ്മയ്ക്ക് ആട്ടിൻ പാൽ കൈക്കൂലിയായി ഉപയോഗിക്കേണ്ടി വന്നത്. കൈക്കൂലിയായി നേരെകിട്ടുന്ന പാലിനു പുറമേ, പാത്തുമ്മ അറിയാതെ ആടിന്റെ പാൽ അവർ കറന്നെടുക്കുകയും ചെയ്തിരുന്നു. കഥാന്ത്യം എല്ലാവരും സുഖമായി ജീവിക്കുന്നു.

## 2.1.5 കഥാപാത്രങ്ങൾ

പാത്രസൃഷ്ടിയുടെ കാര്യത്തിലും ബഷീർ മുൻപന്തിയിൽത്തന്നെ നിൽക്കുന്നു. മനുഷ്യന്റെ മനസിൽ നിന്ന് ഒരിക്കലും മാഞ്ഞുപോകാത്ത രൂപങ്ങൾ സുന്ദരമായി അദ്ദേഹം സൃഷ്ടിക്കുന്നു. പാത്തുമ്മായുടെ ആടിലേ മാത്രമല്ല, കുഞ്ഞിപ്പാത്തുമ്മ, സുഹ്റാ, നാരായണി, മജീദ്, നിസാർ തുടങ്ങിയ ഒട്ടനവധി കഥാപാത്രങ്ങൾ വായനക്കാരന്റെ മനസിൽ നെടുനാൾ തങ്ങി നിൽക്കും. 'ആധുനിക സാഹിത്യത്തിലെ ഏറ്റവുമധികം വ്യക്തിത്വമുള്ള സാഹിത്യകാരനാണു ബഷീർ' എന്ന് ശബ്ദങ്ങളുടെ അവതാരികയിൽ കേസരി ബാലകൃഷ്ണപിള്ള അഭിപ്രായപ്പെട്ടിട്ടുണ്ട്. സ്വന്തം അനുഭവങ്ങൾ ലളിതമായ ശൈലിയിൽ പകർത്തി കഥയിലും സാഹിത്യത്തിലും അദ്ദേഹം വ്യക്തിത്വം സമ്പാദിച്ചു. വീട്ടിൽ നിന്ന് എപ്പോഴും വിട്ടുപോകാൻ ആഗ്രഹിക്കുന്ന ഹനീഫ, വീട്ടിൽ നിന്നുപോയിട്ടും വന്നുകൊണ്ടിരിക്കുന്ന പാത്തുമ്മ, ശാന്തി തേടിയെത്തിയിട്ട് അതുകിട്ടാതെ അതിനകത്തെ പ്രശ്നങ്ങളിൽ കുരുങ്ങി നട്ടം തിരിയുന്ന ബഷീർ എന്നിങ്ങനെ ഒരു വീടിനു ചുറ്റും കറങ്ങുന്ന മനുഷ്യരെ അദ്ദേഹം പാത്തുമ്മായുടെ ആടിൽ അവതരിപ്പിക്കുന്നു. ബഷീർ അവതരിപ്പിക്കുന്ന സ്ത്രീ കഥാപാത്രങ്ങൾ മിക്കവരും യാഥാസ്ഥിതിക കുടുംബസാഹചര്യങ്ങളെ അതേപടി നിലനിർത്തുന്നവരാണ്. പാത്തുമ്മായുടെ ആടിൽ പുരുഷന്മാരെക്കാൾ ശക്തമാണ് സ്ത്രീകളുടെ പാത്രസൃഷ്ടി. മിക്ക രചനകളിലും പുരുഷകഥാപാത്രങ്ങളെക്കാൾ സ്ത്രീകഥാപാത്രങ്ങളാണ് അനുവാചകന്റെ ശ്രദ്ധ പിടിച്ചു പറ്റുന്നത്. സംസ്കാരവും പുരോഗമന ചിന്താഗതിയും മനുഷ്യത്വവും സ്നേഹഭാവങ്ങളും മറ്റും പ്രകടമായി കാണുന്നതും അദ്ദേഹത്തിന്റെ സ്ത്രീകഥാപാത്രങ്ങളിലാണ്. പ്രായോഗിക ബുദ്ധിയും ആത്മധൈര്യവും അവർക്ക് കൂടുകയും ചെയ്യും.

പാത്രപ്രധാനമാണ് ബഷീർ കഥകൾ. ബഷീറിന്റെ കഥാപാത്രങ്ങൾ കേരളീയ ഗ്രാമങ്ങളിലെ നിത്യജീവിതത്തിൽ നമുക്ക് സുപരിചിതരാണ്. ഈ കഥയിലെ മുഖ്യകഥാപാത്രം പാത്തുമ്മായുടെ ആടു തന്നെയാണ്. മറ്റൊരു പ്രധാന കഥാപാത്രമാണ് പാത്തുമ്മ. ബഷീറിന്റെ രണ്ട് സഹോദരിമാരിൽ മൂത്തവൾ. ഭർത്താവ് കൊച്ചുണ്ണി, മകൾ ഖദീജ. നോവലിലെ മറ്റ് കഥാപാത്രങ്ങൾ അദ്ദേഹത്തിന്റെ കുടുംബത്തിലെ അംഗങ്ങളാണ്. തലയോലപ്പറമ്പിലെ അദ്ദേഹത്തിന്റെ വീട്ടിലാണ് കഥ നടക്കുന്നത്. കഥയിലെ ആട് സഹോദരി പാത്തുമ്മായുടേതാണ്. പെണ്ണുങ്ങളുടെ ബുദ്ധി (സ്ത്രീകളുടെ ജ്ഞാനം) എന്ന ഒരു ബദൽശീർഷത്തോടെയാണ് ബഷീർ നോവൽ ആരംഭിക്കുന്നത്.

നോവലിലെ ആഖ്യാതാവ് ഞാൻ ആണ്. കുടുംബകഥ സമൂഹത്തിന്റെ കൂടി കഥയാകുന്നു. കഥ പറയുന്നത് ദൃക്സാക്ഷി വിവരണം പോലെയാണ്. കഥാപാത്രങ്ങൾ ഒന്നും വില്ലന്മാരാകുന്നില്ല. സാധാരണ മനുഷ്യർ മാത്രം. അബ്ദുൾ ഖാദർ, ഹനീഫ, അബു തുടങ്ങിയ സഹോദരങ്ങളും കഥയുടെ ഭാഗമാകുന്നു. കഥാകാരനേക്കൾ

പ്രശസ്തരായ കഥാപാത്രങ്ങൾ ഇപ്പോഴും തലയോലപ്പറമ്പുകാർക്ക് സുപരിചിതരാണ്. ഇവരിൽ പലരും ഇവിടെ ജീവിച്ച് മരിച്ചവരോ ഇന്നും ജീവിക്കുന്നവരോ ആണ്. അതുകൊണ്ടുതന്നെ നോവലിൽ കുടുംബവും കുടുംബജീവിതവുമുണ്ട്. കഥയിൽ കഥാകൃത്തുമുണ്ട്.



അദ്ദേഹത്തിന്റെ ബാപ്പ, ഉമ്മ, അനുജൻ അബ്ദുൾ ഖാദർ, ഖാദറിന്റെ കെട്ടിയോളായ കുഞ്ഞാനുമ്മ, അവരുടെ ഓമന സന്താനങ്ങളായ പാത്തുക്കുട്ടി, ആരീഫ, സുബൈദാ എന്നിവർ, അബ്ദുൾ ഖാദറിന്റെ ഇളയ സഹോദരനായ മുഹമ്മദ് ഹനീഫ, അയാളുടെ കെട്ടിയോളായ ഐശോമ്മ,അവരുടെ കുഞ്ഞോമനകളായ ഹബീബ്, മുഹമ്മദ്, ലൈല, മുഹമ്മദ് റഷീദ്, ഹനീഫയുടെ ഇളയവളായ ആനുമ്മ, അവളുടെ കെട്ടിയവനായ സുലൈമാൻ, അവരുടെ മക്കളായ സെയ്തു മുഹമ്മദ്, അബുബേക്കർ, എന്നിവരേയും ചാമ്പയ്ക്ക വാങ്ങിയ സുഹാസിനിയേയും നാം നോവലിൽ കാണുന്നു.

എല്ലാവരിലും നന്മയും സ്നേഹവും കണ്ടെത്തുന്ന ബഷീറിന്റെ ജീവിതവീക്ഷണം കൂടി പ്രകടമാകുന്ന നോവലാണിത്. പാത്തുമ്മയുടെ ആടിനെ ചുറ്റിപ്പറ്റിയാണ് നോവലിന്റെ കഥാഗതി. പ്രകൃതിയെക്കുറിച്ച് ധാരാളമായി പ്രതിപാദിക്കുന്ന ഒരു നോവലാണ് പാത്തുമ്മായുടെ ആട്. വായനക്കാരോട് തന്റെ കുടുംബത്തിലെ കഷ്ടപ്പാടുകൾ പറയാനുദ്ദേശിക്കുമ്പോൾ തന്നെ ഒരു ആട് മുഖ്യകഥാപാത്രമായി വരികയും അതിന്റെ കടന്നുകയറ്റവും പ്രസവവും ഭക്ഷണശീലവും വിസർജനവും ബോധപൂർവം പറഞ്ഞുകൊണ്ട് മനുഷ്യേതര കഥാപാത്രങ്ങളുടെ അർഥവ്യാപ്തിയും പ്രാധാന്യവും വരച്ചു കാട്ടുന്നു. അതുകൊണ്ടാണ് മരങ്ങൾ വച്ചു പിടിപ്പിക്കാനും മാങ്കോസ്റ്റിൻ മരങ്ങളെ സ്നേഹിക്കാനും പാമ്പിനും പഴുതാരയ്ക്കും തേളിനും പട്ടിക്കും പൂച്ചയ്ക്കുമെല്ലാം ഭൂമിയിൽ അവകാശമുണ്ടെന്ന് ഉറക്കെ വിളിച്ചുപറയാനും അദ്ദേഹത്തിന് കഴിയുന്നത്.

### 2.1.6 വിശകലനം

അനേകകാലത്തെ അലഞ്ഞുതിരിഞ്ഞുള്ള ഏകാന്ത ജീവിതത്തിനു ശേഷം വീട്ടിലെത്തിയ ബഷീർ തന്നെയാണ് പാത്തുമ്മായുടെ ആടിലെ നായകരൂപം. തനിക്ക് താമസിക്കുവാനായി മാത്രം പണിത വീടിനടുത്തുള്ള ചെറിയ കെട്ടിടം തന്റെ അസാന്നിധ്യത്തിൽ അനുജൻ വാടകയ്ക്ക് കൊടുത്തത് അറിയുമ്പോൾ അദ്ദേഹത്തിനു വിഷമമുണ്ട്. നിശബ്ദത, ശാന്തത, പിന്നെ പരിപൂർണ വിശ്രമവും ആണ് എനിക്ക് ആവശ്യം. ആരോഗ്യം വീണ്ടെടുക്കണം. മനസിന് വിഷമം ഉണ്ടാക്കുന്ന ശല്യങ്ങളോ ഒച്ചകളോ ഒന്നും ഉണ്ടാവരുത്. പക്ഷേ ഞാൻ ശല്യങ്ങളുടെയും ബഹളങ്ങളുടെയും നടുവിലായി. ഒറ്റ നടുവിൽ. ഉമ്മയും അനുജന്മാരും അനുജത്തിമാരും അവരുടെ ഏഴെട്ടു കുട്ടികളും നിറഞ്ഞ കുടുംബം സ്വസ്ഥത നല്കില്ല എന്ന് അറിയാൻ വളരെയൊന്നും കാത്തു നിൽക്കേണ്ടി വന്നില്ല. പൂച്ചകളും കോഴികളും പരുന്തുകളും എലികളും കാക്കകളും ഒക്കെ ശല്യപ്പെടുത്തുന്നതിനിടയിലാണ് ആട് വരുന്നത്. അനുജത്തി പാത്തുമ്മയുടെ ആട്. ഇക്കൂട്ടത്തിൽ ആരോഗ്യം വീണ്ടെടുക്കാനോ ഏകാന്തതയിലിരിക്കാനോ സാധ്യവുമല്ല. കാശിനുവേണ്ടി ഉമ്മയും സഹോദരന്മാരും കാണിക്കുന്ന കളികളും കമ്മലിനും പാത്രത്തിനും അനുജത്തിമാർ ആവശ്യപ്പെടുന്നതും സാധാരണമായാണ് വിവരിക്കപ്പെടുന്നത്. വായനക്കാരന് വിചിത്രമായ അനുഭവമാണ് ഇത് ഉണ്ടാക്കുന്നത്. എല്ലാവരുടെയും ചൂഷണത്തിന് വിധേയമാകുന്ന ബഷീർ വളരെ കൗതുകത്തോടെയാണ് എല്ലാം കാണുന്നത്. വീടിന് ഒന്നര ഫർലോങ്ങ്

അകലെയാണ് വാസമെങ്കിലും പാത്തുമ്മയും ആടും എന്നും എത്തുന്നതും വീടുവിട്ടു പോകുമെന്ന് പറയുന്ന ഹനീഫ വീട്ടിലേക്ക് തന്നെ വരുന്നതും കൗതുകം പകരുന്നതാണ്. ബഷീറിന്റെ കാഴ്ചപ്പാടിൽ കലാകാരനു മാത്രമേ രണ്ടു വീടുകളുള്ളൂ. അല്ലെങ്കിൽ എല്ലായിടത്തും വീട് ഉള്ളൂ. വസുധൈവകുടുംബകം. അവിടെയാകട്ടെ സകല ചരാചരങ്ങളും സ്വാതന്ത്ര്യത്തോടെ കഴിയുന്നു.

ദൃക്സാക്ഷി വിവരണം പോലെ കഥ പറഞ്ഞു പോകുന്ന ഈ കുടുംബകഥ സമൂഹത്തിന്റെ കൂടി കഥയാകുന്നു. പാത്തുമ്മായുടെ ആട്, ആനുമ്മായുടെ ആട്, കാക്കകൾ, കോഴികൾ, പരുന്ത്, എലി, പൂച്ച, ഇതൊക്കെ മനുഷ്യരുമൊന്നിച്ച് ഒരു വീട്ടിൽ സ്വതന്ത്രമായി വിഹരിക്കുന്നിടത്ത് ലോകത്തിന്റെ ഒരു ചെറിയ പതിപ്പ് കാണാം. ചാമ്പയ്ക്ക പറിച്ച് സ്ക്കൂൾ കുട്ടികൾക്ക് വിറ്റ് ഉമ്മ കാശുണ്ടാക്കുന്നതു കാണുമ്പോൾ ബഷീറിനു ദേഷ്യം വരുന്നു. അനുജന്മാരുടെ കൊച്ചുകുഞ്ഞുങ്ങൾ ചാമ്പയ്ക്ക നിറച്ച കുട്ടയും മുന്നിൽ വെച്ച് ചന്തയിലിരുന്ന് കണക്കു പറഞ്ഞ് കച്ചവടം നടത്തുമ്പോൾ വായനക്കാരന്റെ മനസിലുണ്ടാകുന്ന കൗതുകം ബഷീർ അവതരിപ്പിക്കുന്നു. ഹനീഫ തന്റെ കൊച്ചുകുഞ്ഞിനെക്കൊണ്ട് തന്റെ കള്ളങ്ങൾക്കനുകൂലമായി സാക്ഷി പറയാൻ പഠിപ്പിക്കുന്നു. കുട്ടികളെ വളർത്തേണ്ടതെങ്ങനെയെന്നതിനെക്കുറിച്ച് ബഷീർ അനുജന്മാരെ ഉപദേശിക്കുന്നുണ്ട്. പക്ഷേ അവരുടെ ചിന്ത അതൊന്നുമല്ല, എങ്ങനെ കാശുണ്ടാക്കാമെന്നാണ്. മാതൃകാപരമായ ജീവിതത്തെക്കുറിച്ച് ബഷീറിന് ധാരണകളുണ്ട്. ബഷീറിനെപ്പോലെ ചിന്തിക്കാൻ പക്ഷേ, കുടുംബാംഗങ്ങൾക്ക് കഴിയുന്നില്ല. അവർക്കാവശ്യം നിത്യവൃത്തിക്ക് വേണ്ട പണം എങ്ങനെയെങ്കിലും ഉണ്ടാക്കുക എന്നതാണ്. ബഷീർ പറയും പോലെ ജീവിക്കണമെങ്കിൽ പണം വേണം. അവിടെയില്ലാത്തത് അതാണ്. എല്ലാ കുട്ടികൾക്കും കുട കൊടുത്തപ്പോൾ ബഷീർ തന്റെ മകൾ ഖദീജയെ മറന്നു കളഞ്ഞത് പരിഹരിക്കാൻ പാത്തുമ്മയ്ക്ക് സ്വർണക്കമ്മൽ വേണം. ആനുമ്മയ്ക്ക് പുതിയ വീട്ടിലേയ്ക്ക് പാത്രങ്ങൾ വേണം! അബുവിന് വീട് ഓട് മേയണം. ഉമ്മ എന്ത് പറഞ്ഞാലും ഒടുവിൽ കാശ് ചോദിച്ചു കൊണ്ടാണ് നിർത്തുക. എല്ലാവർക്കും ആവശ്യങ്ങളുണ്ട്. ബഷീർ ഉമ്മയ്ക്ക് കൊടുക്കുന്ന പണം അബ്ദുൾഖാദർ നിർബന്ധം പിടിച്ച് കൈക്കലാക്കും. സ്വന്തം ആവശ്യങ്ങൾക്ക് വേണ്ടിയല്ല. കുടുംബാംഗങ്ങൾക്ക് വേണ്ടിയാണ്. ഹനീഫയാണെങ്കിൽ വീട്ടുചെലവിനു രണ്ടണയിൽ കൂടുതൽ കൊടുക്കില്ല. സ്വന്തം ആവശ്യങ്ങൾ മുഴുവൻ ചുളുവിൽ, മറ്റുള്ളവരുടെ ചെലവിൽ നടത്തിയെടുക്കും അയാൾ. ഉമ്മ വീട്ടിലേയ്ക്ക് ആവശ്യമായ പാത്രങ്ങൾ, മെത്തപ്പായ, ചെമ്പുകലം തുടങ്ങിയവയെല്ലാം ബഷീറിനെക്കൊണ്ട് ഓരോ ന്യായങ്ങൾ പറഞ്ഞു വാങ്ങിപ്പിക്കും.

എല്ലാ ഇടത്തരക്കാരുടെയും വീട്ടിലെ സാമ്പത്തികാവസ്ഥ കഷ്ടമാണെന്ന് ബഷീർ നോവലിൽ പറയുന്നുണ്ട്. അതുകൊണ്ടാണ് തന്റെ ദാരിദ്ര്യത്തിനിടയിലും അവർക്ക് കൂടി കാശ് കൊടുക്കാൻ ബഷീർ തയ്യാറായത്. സംഭാവന നൂറു രൂപവരെയായപ്പോൾ ഇനി താനാരുടേയും മുല കുടിച്ചിട്ടില്ല എന്ന് പറഞ്ഞ് ബഷീർ സംഭാവന നിർത്തിയത് നമ്മെ ചിരിപ്പിയ്ക്കുമെങ്കിലും ആ നൂറു രൂപവരെ കൊടുക്കാനുള്ള ബഷീറിന്റെ സന്നദ്ധത നാം കാണേണ്ടതുണ്ട്. പാത്തുമ്മയുടെ ചെയ്തികളെല്ലാം ദുസാമർഥ്യമായി നമുക്ക് തോന്നുമെങ്കിലും കഥാവസാനം ബഷീർ താൻ കണ്ട പാത്തുമ്മയുടെ വീടിന്റെ അവസ്ഥ വിവരിക്കുമ്പോൾ അവളുടെ ദയനീയതയും നാമറിയുന്നു. ആടിന് ആവശ്യമായ കഞ്ഞിവെള്ളവും ഭക്ഷണവും, പ്രസവമടക്കം തറവാട്ടിലാണ് നടക്കുന്നത്. അവിടെയുള്ളവരാണ് ശ്രദ്ധിക്കുന്നത്. പക്ഷേ ആടിന്റെ പാല് പുറത്ത് വിൽക്കാനാണ് പാത്തുമ്മ ശ്രമിച്ചത്. അതവളുടെ ഗതികേട് കൊണ്ടാണ്. കൊച്ചുണ്ണിയ്ക്കും ഖദീജയ്ക്കും പോലും അവൾ പാല് കൊടുത്തിട്ടില്ല. പകലന്തിയോളം പണിയെടുക്കുന്ന ആ വീട്ടിലെ പെണ്ണുങ്ങളുടെ ഭക്ഷണം കപ്പപ്പുട്ടും ഒരു നുള്ള് തേയിലയിട്ടുണ്ടാക്കുന്ന പാലും പഞ്ചസാരയുമില്ലാത്ത ചായയുമാണ്. അവർ ആ ആടിനെ കട്ടുകറന്നെങ്കിൽ അതിൽ തെറ്റുപറയാനില്ല. ആ വീട്ടിൽ മോഷണം ആദ്യമായൊന്നുമല്ല.

കുട്ടിക്കാലം മുതൽക്കേയുള്ള കഥകളിലെല്ലാം ബഷീറിന് മോഷണ സംഭവങ്ങളെക്കുറിച്ച് പറയാനുണ്ട്. ബഷീറിന്റെയും അബ്ദുൾ ഖാദറി

ന്റെയും നെയ് മോഷണം, മുലകുടിച്ചു കൊണ്ടിരിക്കുമ്പോൾ ഹനീഫ വെറ്റവട്ടിയിൽ നിന്നും കാശ് കട്ടത്, ഉമ്മയ്ക്കൊരിക്കലും മനസിലാകാത്ത രീതിയിൽ ബഷീർ പണം കട്ടത്. വലുതായതിനുശേഷവും അനുജന്മാരെല്ലാവരും ബഷീറിന്റെ മുണ്ടും ഷർട്ടും കട്ടെടുത്തത്, അക്കൂട്ടത്തിൽ ഉമ്മയുമുണ്ട്. ഉമ്മ മുതൽ അബു വരെയുള്ള എല്ലാവരും ആ വീട്ടിൽ മോഷ്ടാക്കളാണ്. പക്ഷേ പാൽ മോഷണം ബഷീറിനു പൊറുക്കാനായില്ല. പാത്തുമ്മയുടെ ദയനീയത അറിഞ്ഞത് കൊണ്ടാകാം, ബഷീറത് പാത്തുമ്മയോട് പറഞ്ഞു. അവൾ ആട്ടിൻ കുട്ടിയെ മാറ്റി നിർത്തി. അപ്പോൾ പെണ്ണുങ്ങൾ കൊച്ചുകുട്ടികളെവെച്ച് പാൽ ചുരത്തിച്ചു. വിവരമറിഞ്ഞ പാത്തുമ്മ ഗത്യന്തരമില്ലാതെ കൊടുക്കുന്ന പാലും, വീട്ടുകാർ മോഷ്ടിക്കുന്ന പാലും -അങ്ങനെ രണ്ടു തരത്തിൽ പാല് കിട്ടിത്തുടങ്ങി.

സാമ്പത്തിക വിഷമതകളാണ് ബഷീറിന്റെ വീട്ടിലെ കൊച്ചു കൊച്ചു കലഹങ്ങൾക്ക് കാരണം. അബ്ദുൾ ഖാദർ നിസ്വാർഥമായി ആ കൂട്ടുകുടുംബത്തിന്റെ സുരക്ഷ നിർവഹിക്കുന്നുണ്ട്. കുട്ടിക്കാലത്ത് മഹാപോക്കിരിയായിരുന്ന അയാൾ പിന്നീട് പലപല ജോലികൾ മാറി മാറി ചെയ്ത് കുടുംബം പോറ്റാൻ പാടുപെടുകയാണ്. വികലാംഗനായ അയാൾക്ക് ഈ പ്രാരാബ്ധങ്ങൾ പ്രായത്തിൽ കവിഞ്ഞ വാർധക്യമുണ്ടാക്കിക്കൊടുക്കുന്നുണ്ട്. പിശുക്കനും സ്വാർഥനുമായ ഹനീഫയുമായി കലഹങ്ങളുണ്ടാകുന്നുവെങ്കിലും ആ കലഹം അയാളെ ഇറക്കി വിടുന്നതിൽ കലാശിക്കുന്നില്ല. പണിയൊന്നുമെടുക്കാതെ സ്റ്റൈലനായി, വൃത്തിക്കാരനായി നടക്കുന്ന അബുവും ആ വീട്ടിൽത്തന്നെയുണ്ട്. ദാരിദ്ര്യം ഇവരുടെയൊക്കെ പൊതു പ്രശ്നമായതുകൊണ്ടാണ് പാത്തുമ്മ വീട്ടിൽ പാൽ കൊടുക്കാത്തതിനുള്ള കാരണം ഇവർക്ക് മനസിലാകാത്തതും പ്രതിഷേധിക്കുന്നതും.

വിശ്രമം തേടി നാട്ടിലെത്തിയ ബഷീർ ഏറ്റവും പ്രതികൂലമായ സാഹചര്യത്തിൽ ചെന്ന് കുടുങ്ങിയപ്പോൾ എതിർപ്പോ ദേഷ്യമോ കാണിക്കുന്നില്ല. നിശബ്ദതയും ശാന്തതയും വേണം. എത്തിയത് എല്ലാ കോലാഹലങ്ങൾക്കുമിടയിൽ. വൃത്തി ബോധമുണ്ട്; എത്തിയത് പലതരം ജന്തുക്കൾ ഒന്നിച്ചു ജീവിക്കുന്ന വീട്ടിൽ. കുടുംബാംഗങ്ങളെല്ലാം കാശിനുവേണ്ടി ബഷീറിനെ ചൂഷണം ചെയ്യാൻ ശ്രമിക്കുന്നു. ശുണ്ഠി മൂക്കുമ്പോൾ ബഷീർ എല്ലാവരേയും വഴക്ക് പറയും. പക്ഷേ ആരോടും ദേഷ്യമില്ല. കഴിയുംവിധം എല്ലാവരെയും സഹായിക്കുന്നുണ്ട്. കുട്ടികളെ വളരെയധികം സ്നേഹിക്കുന്നുണ്ട്. അങ്ങനെ 18 അംഗങ്ങളുള്ള ആ കുടുംബം യാതൊരു സൗകര്യവുമില്ലാത്ത ആ വീട്ടിൽ ഒന്നിച്ചു ജീവിക്കുന്നു. പരസ്പരസ്നേഹമുള്ളതിനാൽ അവരുടെ കലഹങ്ങൾ തെറ്റിപ്പിരിയാൻ പ്രേരിപ്പിക്കുന്ന വിധത്തിലുള്ള പ്രശ്നങ്ങൾ സൃഷ്ടിക്കുന്നില്ല. എല്ലാത്തിനും, എല്ലാവരിലും നന്മ കാണുന്ന ബഷീറിന്റെ ജീവിതവീക്ഷണം ഇവിടെയും പ്രകടമാകുന്നു. കുടുംബബന്ധങ്ങളിലെ പ്രശ്നങ്ങളും വേദനകളും സ്വാർഥതകളുമൊക്കെ ഇവിടെ മധുരീകൃതമാകുന്നത് നാമറിയുന്നു.

പലദേശങ്ങളിൽ അലഞ്ഞ് സ്വന്തം നാടായ കേരളത്തിൽ തിരിച്ചെത്തിയപ്പോൾ ആകെയുണ്ടായിരുന്ന പേനകൊണ്ട് ജീവിക്കാൻ ഒരു ജോലിയെന്ന നിലയിൽ എഴുതിത്തുടങ്ങി എന്നാണ് ബഷീർ പറയുന്നത്. ''കുഴിമടിയന്മാരായ ബഡുക്കൂസുകൾക്ക് പറ്റിയ പണിയായിട്ടാണ് 'സാഹിത്യം എഴുത്ത്' താൻ തിരഞ്ഞെടുത്തതെന്ന് പറയുന്ന ബഷീർ തന്നെയാണ് അനുഭവങ്ങൾ ചിരിപ്പിടിയോളമുണ്ടല്ലോ, അവനെയൊക്കെ കാച്ചിയാൽ മതി എന്നും പറയുന്നത്. മനുഷ്യസ്നേഹത്തിൽ അധിഷ്ഠിതമായിരുന്നു ബഷീറിന്റെ ഓരോ രചനകളും. അദ്ദേഹത്തിന്റെ ഓരോ കൃതികൾ വായിക്കുമ്പോഴും സ്നേഹം, ദയ, കാരുണ്യം, ക്ഷമ എന്നിവ ഒരു കുടക്കീഴിൽ നിറഞ്ഞു നിൽക്കുന്നത് പോലെ തോന്നും. പൂവും പുഴുവും പുലിയും ഉറുമ്പും എല്ലാം സമമായിരുന്നു എന്ന് പഠിപ്പിച്ചു തരുവാനും ബഷീറിനാകുന്നു.

നോവൽ വായിക്കുമ്പോൾതന്നെ ഒരു വ്യത്യസ്തത വായനക്കാരിലുണ്ടാകുന്നു. സ്വന്തം കുടുംബാംഗങ്ങളെ കഥാപാത്രങ്ങളാക്കിക്കൊണ്ട് നോവലെഴുതുമ്പോൾ ബഷീർ അതിൽ കേന്ദ്ര കഥാപാത്രമാക്കിയത് അവരെയോ തന്നെയോ അല്ല, ഒരാടിനെയാണ്- ഇവിടെ പ്രപഞ്ച വ്യാപ്തിയുള്ള ഒരു സങ്കല്പം തന്നെ മുന്നോട്ട് വെയ്ക്കുകയാണ്. നോവലിലെ പ്രധാന പ്രശ്നം

ദാരിദ്ര്യമാണ്. ധാരാളം യാത്ര ചെയ്യുന്ന ബഷീറിന്റെ അനുഭവസമ്പത്ത് വിശാലമാണ്, അറിവും. തന്റെ വീട്ടുകാരുടെ സാമ്പത്തികമായും സാംസ്കാരികമായും വൈജ്ഞാനികമായുമുള്ള പിന്നാക്കാവസ്ഥ അദ്ദേഹത്തെ ചിന്തിപ്പിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ ബഷീറിന്റെ ഓരോ നോവലിനുമുണ്ട് മൗലികമായഭാവവും രൂപവും ശില്പസംവിധാനവും.

'പാത്തുമ്മായുടെ ആട്'ചുമ്മാ ഒരു കഥയല്ല. ഇതിലെ കഥാപാത്രങ്ങളെല്ലാം ഈശ്വരാനുഗ്രഹത്താൽ ഇപ്പോഴും ജീവിച്ചിരിക്കുന്നു. ഇത് എഴുതിയിട്ട് അഞ്ചുവർഷമായി എന്ന് ഞാൻ മുമ്പ് പറഞ്ഞിട്ടുണ്ടല്ലോ. പുത്തൻ കഥാപാത്രങ്ങൾ പലതും ഉണ്ടായിട്ടുണ്ട്. ഇതെന്റെ വീട്ടിലെ സത്യമായ കഥയാണെന്ന് ഓർക്കണം. കഥ എഴുതുമ്പോൾ ഈ മുഖവരയിലുള്ള ചില സംഗതികൾ ഞാൻ കരുതിക്കൂട്ടി വിട്ടുകളയുകയാണ് ചെയ്തത്. അത് ഓർമ്മിപ്പിച്ചുകൊണ്ട് പാത്തുമ്മയുടെ ആടിനെ കൂട് തുറന്ന് നിങ്ങളുടെ അടുത്തേക്ക് വിടുകയാണ്.

(ആമുഖം : പാത്തുമ്മയുടെ ആട് )

ബഷീറിന്റെ നോവലുകളെല്ലാം ഹ്രസ്വങ്ങളാണ്. ഇവയെ നീണ്ട ചെറുകഥകളെന്നോ വെട്ടിച്ചുരുക്കിയ നോവലുകളെന്നോ വിശേഷിപ്പിക്കുന്നത് അനുചിതമാകുന്നു (കെ.എം.തരകൻ, മലയാളനോവൽ സാഹിത്യചരിത്രം). വലിപ്പത്തേക്കാൾ അവതരിപ്പിച്ചിരിക്കുന്ന ചിത്രത്തിന്റെ സമഗ്രതയാണ് ശ്രദ്ധേയം. പ്ലോട്ടില്ലാത്ത കഥയാണ് പാത്തുമ്മായുടെ ആട്. ഗാർഹിക ജീവിതത്തിന്റെ മാധുര്യത്തോടൊപ്പം ലളിതവും സൗന്ദര്യവും നിറഞ്ഞ നോവലാകുന്നു അത്. പാത്തുമ്മയുടെ ആട് തറവാട്ടിൽ നിർബാധം വിഹരിക്കുന്നതിനിടയിൽ പച്ചിലകളോടൊപ്പം ശബ്ദങ്ങൾ ഉൾപ്പെടെയുള്ള ബഷീറിന്റെ നോവലുകളിലെ ഏടുകളും ചവച്ചിറക്കുന്നു. ഈ ആട് സർവതന്ത്രസ്വതന്ത്രയാണ്. ഓരോ കഥാപാത്രവും നമ്മുടെ ശ്രദ്ധയോടൊപ്പം സ്നേഹവും പിടിച്ചു പറ്റുന്നു. ഓരോരുത്തർക്കും സ്വന്തമായ വ്യക്തിത്വമുണ്ട്. പാത്തുമ്മായുടെ ആടിലെ ലോകം നന്മയുടേതാണ്, സ്നേഹത്തിന്റേതാണ്. അവിടെ ശാന്തിയും ആഹ്ലാദവുമുണ്ട്. കഥ പറയുന്നതൊടൊപ്പം ശക്തമായി ഹാസ്യം പ്രയോഗിക്കാനുള്ള അദ്ദേഹത്തിന്റെ കഴിവ് അതുല്യമാണ്. ചിന്താഗൗരവം നിറഞ്ഞ ഫലിതം പ്രയോഗിക്കുന്നതിലും ആ വൈദഗ്ദ്ധ്യം തെളിഞ്ഞു കാണാം.

അനുകരണീയമായ ശൈലിയുടെ ഉടമയാണ് ബഷീർ. ഭാഷ ലളിതമാണെങ്കിലും അത് വായനക്കാരെ ഇരുത്തിച്ചിന്തിപ്പിക്കുന്നു. മൂർച്ചയേറിയ ഭാഷയും അദ്ദേഹം പ്രയോഗിക്കുന്നു. തനിക്കു ലഭിച്ചിട്ടുള്ള തീവ്രമായ ജീവിതാനുഭവങ്ങളെ അയത്നലളിതമായി അദ്ദേഹം അവതരിപ്പിച്ചിരിക്കുന്നു. ഒരു ഇടത്തരം മുസ്ലീം കുടുംബത്തിന്റെ തുടിക്കുന്ന ജീവിതകഥ പറയാൻ പാത്തുമ്മായുടെ ആടിലൂടെ അദ്ദേഹത്തിന് സാധിച്ചിരിക്കുന്നു. സ്വന്തം കുടുംബാംഗങ്ങളുടെ സ്വാഭാവവിശേഷങ്ങൾ ഭാവനാഭംഗിയോടെ ചിത്രീകരിക്കുമ്പോൾ ഫലിത ബോധം ഈ കൃതിയിൽ ഉടനീളം തെളിഞ്ഞു നിൽക്കുന്നുണ്ട്. ഉമ്മ മകനോട് പണം ചോദിക്കുമ്പോൾ "ഇത് ആരും അറിയരുത്' എന്ന് രഹസ്യമായി അവർ ഓർമിപ്പിക്കാറുണ്ട്. ആ പല്ലവി കുഞ്ഞു പാത്തുമ്മായും കുഞ്ഞാനുമ്മയും ആവർത്തിക്കുന്നതിലാണ് ഫലിതം. ആത്മകഥാംശത്തെ ഭാവനയുടെ നിറപ്പകിട്ടണിയിക്കുന്നതിൽ അദ്ദേഹം രസം കൊള്ളുന്നതും കാണാം. സംഭവവും സങ്കല്പവും തിരിച്ചറിയാൻ വയ്യാതെ വായനക്കാർ തരിച്ചിരിക്കുന്ന അനുഭവവും രചനകളിൽ കാണാം. ജീവിതത്തെ എങ്ങനെ വിലയിരുത്തണമെന്നും എങ്ങനെ നിർവചിക്കണമെന്നും ബഷീറിന് വ്യക്തമായ ധാരണയുണ്ട്.

മനുഷ്യജീവിതത്തെ അതിന്റെ എല്ലാ ഭാവങ്ങളിലും ഏറ്റവുമധികം സ്നേഹിക്കുന്ന ഒരു യഥാർഥ മനുഷ്യനാണ് ബഷീർ. സ്നേഹം കൊണ്ടു ജീവിതത്തിലെ ഏത് ഇരുണ്ട വശത്തേയും പ്രകാശമാനമാക്കാമെന്ന് അദ്ദേഹം വിശ്വസിക്കുന്നു. കേരളത്തിലെ ഗ്രാമീണ ജീവിതത്തോടും സാമുദായിക പശ്ചാത്തലത്തോടും രക്തബന്ധമുള്ള സാധാരണമനുഷ്യരാണ് ബഷീറിന്റെ കഥാപാത്രങ്ങൾ. ജീവിതത്തിന്റെ കയ്പും മധുരവും ശരിക്കും അനുഭവിച്ചറിഞ്ഞ അദ്ദേഹം തന്റെ അനുഭവത്തിന്റെ പാഠങ്ങൾ എഴുത്തിൽ കൊണ്ടുവരുന്നു. ആഖ്യാനവൈഭവം ബഷീറിനെ സംബ

 സ്ഥിച്ചിടത്തോളം വളരെ പ്രാധാന്യമർഹിക്കുന്നു. ചിരിക്ക് വകയില്ലാത്തിടത്ത് പോലും അദ്ദേഹം അത് കണ്ടെത്തുന്നു. ''ഹേ! അജസുന്ദരി, ഭവതി ആ പുതപ്പു തിന്നരുത്. അതിന് അൻപതു രൂപ വിലയുണ്ട്. അതിന്റെ കോപ്പി എന്റെ പക്കൽ വേറെ ഇല്ല'' എന്ന് പാത്തുമ്മായുടെ ആടിൽ അദ്ദേഹം പറയുന്നുണ്ട്.

സാധാരണഗതിയിൽ വലിയ നോവലുകൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ ബഷീർ ചെറുനോവലുകൾ കൊണ്ട് തൃപ്തിപ്പെട്ടിരിക്കുന്നു. കലാഭംഗി കുറവല്ലതാനും. അനാവശ്യമായി പ്രയോഗിച്ചിട്ടുള്ള ഒരൊറ്റപദവും കൃതികളിൽ കാണുകയില്ല. പുതുമയുള്ള ആശയത്തിന് വായനക്കാരെ അങ്ങേയറ്റം സ്വാധീനിക്കാൻ കഴിയുമെന്ന് ബഷീറിന് അറിയാമായിരുന്നു. ഗ്രാമ്യഭാഷയും ഗ്രാമീണ സംഭാഷണവും തികഞ്ഞ സ്വാഭാവികതയോടെ അവതരിപ്പിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. പദങ്ങളുടെയും വാക്യങ്ങളുടെയും ആവർത്തനം കൊണ്ട് ബഷീർശൈലിക്കു മാറ്റുക്കൂട്ടുന്ന നിരവധി ഭാഗങ്ങൾ ഉണ്ട്. അതുകൊണ്ടുതന്നെ ബഷീറിന്റെ നോവലിലെ ശൈലിക്ക് സംസാരഭാഷയോടാണ് അടുപ്പം. ഇത് അദ്ദേഹത്തിന്റെ കൃതികളെ ജനകീയമാക്കിത്തീർത്തു. കൊച്ചു കൊച്ചു വാക്യങ്ങളിൽകൂടി ആശയം പ്രകടമാകുമ്പോൾ അത് ബഷീറിന്റെ ശൈലിയെ കൂടുതൽ ആകർഷമാക്കുന്നു. സംഭവബഹുലങ്ങളായ കഥകളോ നീണ്ടകാലത്തെ ചരിത്രമോ പരിവേഷങ്ങളോ ഇല്ലാതെ നോവലെഴുതി വിജയിച്ച ഒരു സാഹിത്യകാരനാണ് ബഷീർ.

ഒരു സാധാരണ നോവലിൽ ഔചിത്യഭംഗമായിത്തീർന്നേക്കാവുന്ന വ്യതിയാനങ്ങൾ പലതും ബഷീർ കൃതികളിലാവുമ്പോൾ കഥാഗതിയെ ലളിതവും ഊർജമുള്ളതുമാക്കിത്തീർക്കും. പരത്തിപ്പറയൽ ബഷീറിന്റെ ശീലമല്ല. വികാരത്തിന്റെ ആഴങ്ങളിലേക്കു സഞ്ചരിക്കുകയും ആവശ്യമുള്ളതുമാത്രം പറഞ്ഞു തരികയും ചെയ്യുന്നതാണ് അദ്ദേഹത്തിന്റെ രീതി. വലിപ്പമുള്ള ജീവിതാനുഭവങ്ങളെ ഫലപ്രദമായി പകർന്നു നൽകുന്നതിനാലാണ് ബഷീർ ശ്രദ്ധിച്ചത്. പാത്തുമ്മയുടെ ആട്, കാണുന്നതെല്ലാം സ്വാതന്ത്ര്യത്തോടെ തിന്ന് ആ വീട്ടിലെ ഒരംഗത്തെപ്പോലെ അകത്തും പുറത്തുമെല്ലാം ഓടി നടക്കുന്ന തവിട്ടു നിറത്തിലുള്ള ഒരാട്. അതവിടുത്തെ മനുഷ്യരുടെ ശ്രദ്ധാകേന്ദ്രമായതുപോലെ അനുവാചകന്റെ ശ്രദ്ധയുടെ പാത്രവുമാകുന്നു. ശബ്ദങ്ങൾ നോക്കി നിൽക്കുകയാണ്. ചിരിയുടെ മാലപ്പടക്കവുമായി അതിനെ പിൻതുടരാൻ വായനക്കാർ തയ്യാറാകുന്നു.

പുസ്തകം തിന്നുന്ന ആട് വർണിക്കപ്പെടുന്നത് ഇരുതല മൂർച്ചയുള്ള വാക്കുകൾ കൊണ്ടാണ്. ബാല്യകാലസഖിയും ശബ്ദങ്ങളും തിന്നതിനു ശേഷം പുതപ്പിലേക്ക് നീങ്ങിയ ആടിനോട് ''അജസുന്ദരി ഭവതി ആ പുതപ്പ് തിന്നരുത് അതിനു 100 രൂപ വിലയുണ്ട് അതിന്റെ കോപ്പി എന്റെ പക്കൽ വേറെയില്ല എന്റെ പുസ്തകങ്ങൾ ഇനി വേറെയുമുണ്ട്. അവധിക്ക് അതെല്ലാം വരുത്തി സൗജന്യമായി തരാം' എന്നു പറയുന്നതിലെ നർമത്തെക്കാൾ ശ്രദ്ധേയമായ കാര്യം പുസ്തകം ഉപകരിക്കുന്ന ഒരാളെ കണ്ടെത്തുന്നതാണ്. ആടിന് കഞ്ഞിവെള്ളം കിട്ടാതെ പോകുന്ന സംഭവം വളരെ ഗൗരവമുള്ള ഒരു ചർച്ചയ്ക്ക് നിമിത്തമാകുന്നുണ്ട്. പുരുഷന്മാർക്ക് ചോറു വിളമ്പി കൊടുത്ത് കപ്പക്കിഴങ്ങും കഞ്ഞിവെള്ളവും കഴിച്ചിരിക്കുന്ന സ്ത്രീകളിലേക്കാണ് ബഷീറിന്റെ ചിന്ത പോകുന്നത്. ആട്, പാത്തുമ്മയുടെ ജീവിതവുമായി ചേർന്നുനിൽക്കുന്നു. അതിന്റെ സുഖവും ദുഃഖവും അപമാനവുമെല്ലാം അവളുടേതു കൂടിയാവുന്നു. ഇങ്ങനെ ആടിന്റെ ചിത്രം അവരുടെ കുടുംബത്തിന്റെ ചിത്രമായി മാറുന്നു. ഇപ്രകാരം തീക്ഷ്ണമായ അനുഭവത്തിന്റെയും അനുഭൂതികളുടേയും കാഴ്ചകൾ നല്കിയ എഴുത്തുകാരനാണ് വൈക്കം മുഹമ്മദ് ബഷീർ. സാധാരണക്കാരുടെ ഭാഷയിൽ നന്മയുടെയും സ്നേഹത്തിന്റെയും ലോകത്തിലേയ്ക്കാണ് ബഷീർ കൃതികൾ നമ്മെ കൂട്ടിക്കൊണ്ടു പോകുന്നത്. അതിന്റെ പരിധിയിൽ മനുഷ്യർ മാത്രമല്ല, സർവ ചരാചരങ്ങളുമുണ്ട്. തന്റേതുമാത്രമായ വാക്കുകളും പ്രയോഗങ്ങളും കൊണ്ട് വ്യത്യസ്തങ്ങളായ ചെറിയരചനകൾ നടത്തി അദ്ദേഹം വലിയ എഴുത്തുകാരനായി. ഭാഷയ്ക്കുള്ളിൽ മറ്റൊരു ഭാഷ സൃഷ്ടിച്ചുകൊണ്ട് അദ്ദേഹം വായനക്കാരെ വിസ്മയിപ്പിക്കുന്നു. പുളുങ്കൂസൻ, ബഡ്ക്കൂസ്, ഡുങ്കുടു, ചപ്ലാച്ചി, തുടങ്ങിയ വാക്കുകളിലൂടെ നമ്മുടെ ഭാഷയുടെ വ്യാകരണം തിരുത്തിക്കുറിക്കുകയാ

യിരുന്നു അദ്ദേഹം. ഇത് വായനക്കാരെ ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്യുന്നു.

പരിസ്ഥിതിബോധം മനുഷ്യരുടെ ഇടയിൽ ചർച്ചയാകുന്നതിന് എത്രയോ മുമ്പ് ഭൂമിയുടെ അവകാശികൾ മനുഷ്യർ മാത്രമല്ലെന്ന് ബഷീർ നമുക്ക് പറഞ്ഞു തന്നു. ആടും പൂച്ചയും പാമ്പു മൊക്കെ കഥാപാത്രങ്ങളായി. 'പാത്തുമ്മായുടെ ആട് അഥവാ പെണ്ണുങ്ങളുടെ ബുദ്ധി' എന്ന കഥയാണ് ഞാനിവിടെ പറയാൻ പോകുന്നത് എന്ന് ബഷീർ പറയുമ്പോൾ തമാശയ്ക്കപ്പുറമുള്ള കണ്ണീരിന്റെ നനവു വായനക്കാരനറിയുന്നു. ഓരോ കൃതിയും വീണ്ടും വായിക്കുമ്പോൾ പുതിയ പുതിയ ആശയങ്ങൾ നമുക്ക് കാണാനാകുന്നു. ഗൃഹാന്തരീക്ഷത്തിലെ കൊച്ചു കൊച്ചു സംഭവങ്ങൾ, വ്യക്തികൾ തമ്മിൽ ചെറിയ കാര്യങ്ങൾക്കുണ്ടാകുന്ന സ്പർധകൾ, സ്നേഹങ്ങൾ, ചേരിപ്പോരുകൾ, ഇവയുടെയൊക്കെ ഒടുവിലുണ്ടാകുന്ന ഒത്തുചേരലുകൾ ഇതൊക്കെയാണ് പാത്തുമ്മായുടെ ആടിലെ കഥാവസ്തുക്കൾ. എല്ലാം കണ്ടും കേട്ടും അനുഭവിച്ചും കൊണ്ട് ബഷീർ ഈ ബഹളങ്ങൾക്ക് മധ്യേ ജീവിക്കുന്നു.

ബഷീർ കൈയ്യിലുള്ളതെല്ലാം പണം സഹിതം അവർക്കൊക്കെ കൊടുക്കുന്നുണ്ട്. ഒന്നുമില്ലാത്തപ്പോൾ ''ചന്തയിൽ കൊണ്ടു പോയി വിറ്റ് കാശെടുത്തോ' എന്ന് പറഞ്ഞ് തനിക്ക് അപ്പോൾ മാത്രം തപാലിൽ വന്ന പുസ്തകങ്ങൾ കൊടുക്കുന്നുണ്ട്. ബഷീറിനോട് വീട്ടിലുള്ള എല്ലാവർക്കും സ്നേഹവും ബഹുമാനവുമാണ്. പക്ഷേ എല്ലാവരും ബഷീറിനെ ചൂഷണം ചെയ്യുന്നു. ആടും അക്കൂട്ടത്തിലാണ്. ബഷീറിന്റെ സമ്മതത്തോടും അല്ലാതെതന്നെയും അദ്ദേഹത്തിന്റെ ഭക്ഷണസാധനങ്ങൾ പാത്തുമ്മയുടെ എന്തുതിന്നാലും വിശപ്പ് തീരാത്ത ആ ആട് അനുഭവിക്കുന്നുണ്ട്. ഭക്ഷണസാധനങ്ങൾ അധികവും പഴമാണ്. ഇല്ലെങ്കിൽ ആട്, ബഷീറിന്റെ തീപ്പെട്ടി, വസ്ത്രങ്ങൾ, പുസ്തകങ്ങൾ എന്നിവ കൊണ്ടാണ് തൃപ്തിപ്പെടുന്നത്. ഇത്രയൊക്കെയായിട്ടും ആ വീട്ടിൽ പാത്തുമ്മയുടെ ആടിനെ ഏറ്റവും സ്നേഹിക്കുന്നത് ബഷീറാണ്. ആട് പ്രസവിക്കാൻ പോകുമ്പോഴും പ്രസവം കഴിഞ്ഞപ്പോഴും ബഷീർ അനുഭവിക്കുന്ന വിഷമങ്ങളും വെപ്രാളവും ശ്രദ്ധേയമാണ്. നവാഗതനായ ആട്ടിൻ കുട്ടിയുടെ മേൽ ചൊരിയുന്ന സ്നേഹവാത്സല്യങ്ങളും ഒരിക്കൽ എന്തു തിന്നിട്ടും തൃപ്തിയാകാത്ത ആടിന് ബഷീർ തന്റെ കൈയ്യിൽ അവശേഷിച്ചിട്ടുള്ള അഞ്ചു രൂപായുടെ ഒരു നോട്ടാണ് കൊടുക്കുന്നത്. ഇങ്ങനെ ബഷീറിന്റെ നർമത്തിന്റെ ഉദാഹരണമായി പാത്തുമ്മായുടെ ആട് മാറുന്നു.

ബഷീറിന്റെ രചനകളുടെ ഉള്ളടക്കം കേരളീയ സമൂഹത്തെ മുന്നോട്ടു കൊണ്ടുപോകാൻ പര്യാപ്തമായിരുന്നു. അതിനുവേണ്ടി അദ്ദേഹം സൃഷ്ടിച്ചസംഭവങ്ങൾ, കഥാപാത്രങ്ങൾ, ബിംബങ്ങൾ എന്നിവ സാമൂഹ്യപ്രതിബദ്ധത ഇല്ലാത്ത വായനക്കാർക്കു ഹൃദ്യമായിത്തുടങ്ങി. അങ്ങനെ വിശാലമായ ഒരു അനുവാചകവൃന്ദത്തെ പുരോഗമനപ്രസ്ഥാനങ്ങളുടെ ചേരിയിലേയ്ക്ക് നയിക്കാൻ അദ്ദേഹത്തിന്റെ രചനകൾക്ക് സഹായിച്ചു. (പി.കെ. പാറക്കടവ്(എഡി.), വൈക്കം മുഹമ്മദ് ബഷീർ ദാർശനികനായ സാഹിത്യകാരൻ). ഐറണിയുടെ ഭാഷ ബഷീർ നമ്മെ പഠിപ്പിച്ചു. മലയാള സാഹിത്യത്തിൽ ബഷീർ സ്വന്തമായ ശൈലിയും ഉള്ളടക്കവും ആവിഷ്കരിച്ചു കൊണ്ടാണ് തന്റെ സ്ഥാനം അടയാളപ്പെടുത്തിയത്.

### 2.1.7 അവലോകനം

മലയാള നോവൽ പുതിയൊരു ഉണർവിലേക്ക് കടന്നത് ബഷീറിലൂടെയാണ്. നിയതമായ ഒരു കഥയോ ആദിമധ്യാന്ത പൊരുത്തമോ ഈ അജസുന്ദരിക്ക് ഇല്ല. ദൈനംദിന വർത്തമാനങ്ങൾ അവതരിപ്പിക്കുന്ന രീതിയിൽ തികച്ചും സംസാരഭാഷയിൽ എഴുതപ്പെട്ട ഈ നോവൽ എപ്പോൾ വായിക്കുമ്പോഴും പുത്തനായി അനുഭവപ്പെടുന്നത് ബഷീറിന്റെ പ്രതിഭയുടെ ശക്തി കൊണ്ടുമാത്രമാണ്. ബഷീർ കഥ എഴുതുകയല്ല, പറയുകയാണ്. ആ പറച്ചിലിന് ചമല്കാരങ്ങളില്ല. ഇന്നുവരെ അത്തരമൊരു പറച്ചിൽ നമ്മൾ കേട്ടിട്ടുമില്ല. അത്രയും ലളിതമാണ് ബഷീറിന്റെ എഴുത്ത്. അതിനു പിന്നിൽ ഭാഷയെ സ്നേഹിച്ച ഒരു മനുഷ്യന്റെ നിരന്തരമായ അധ്വാനമുണ്ടെന്ന് ബോധ്യമാവും. സ്നേഹമാണ് ലോകത്തെ താങ്ങിനിർത്തുന്നതെന്ന് പഠിപ്പിച്ച മനുഷ്യനാണ് ബഷീർ. അദ്ദേഹം എഴുതിയതുപോലെ എഴുതാൻ ബഷീറിന് മാത്രമേ സാധിക്കുമായിരുന്നുള്ളൂ. അതുകൊണ്ട് അദ്ദേഹം എല്ലാവർക്കും പ്രിയങ്കരനായി. ഭാഷകൊണ്ടും കഥാപാത്രങ്ങൾ

കൊണ്ടും അവരുടെ ചിന്തകൾകൊണ്ടും ജീവിത പരിസരങ്ങൾകൊണ്ടും ആ എഴുത്ത് ഓരോരുത്തരുടെയുമായി. കണ്ണ് നനയിക്കുന്ന ഹ്യൂമർ കൊണ്ട് ഒരേ സമയം ചിരിപ്പിക്കുകയും കരയിപ്പിക്കുകയും ചെയ്ത മാന്ത്രികൻ. ബഷീറിനെ വായിക്കുമ്പോൾ, വായനക്കാരനും ബഷീറായി മാറുന്നു. എല്ലാത്തിനേയും, എല്ലാവരേയും സ്നേഹിക്കുന്നു; പുഞ്ചിരിക്കുകയും കരുണയുള്ള വരാവുകയും ചെയ്യുന്നു.

ബാല്യകാലസഖി, പാത്തുമ്മായുടെ ആട്, ന്റുപ്പാപ്പയ്ക്കൊരാനേണ്ടാർന്ന്, ശബ്ദങ്ങൾ, പ്രേമലേഖനം, മതിലുകൾ, തുടങ്ങി ബഷീറിന്റെ കൃതികളെല്ലാംതന്നെ വായനക്കാർക്ക് ഏറെ പ്രിയപ്പെട്ടതാണ്. മനുഷ്യർക്ക് മാത്രം അവകാശപ്പെട്ടതല്ല ഈ ഭൂമിയെന്ന് ബഷീർ തന്റെ കൃതികളിലൂടെ വിളിച്ചു പറഞ്ഞു. പാമ്പും പഴുതാരയും പല്ലിയുമൊക്കെ ഈ ഭൂമിയുടെ അവകാശികളാണെന്ന മഹനീയ സന്ദേശം ബഷീർ മുന്നോട്ടു വച്ചു. ബഷീറിന്റെ കഥകൾ മാത്രമല്ല, അദ്ദേഹം സൃഷ്ടിച്ച കഥാപാത്രങ്ങളും മലയാളികളുടെ മനസിൽ ചിരപ്രതിഷ്ഠ നേടി. പാത്തുമ്മയും, മജീദും, സുഹ്റയും, കുഞ്ഞുപാത്തുമ്മയും, നിസാർ അഹമ്മദും, തോമയും അങ്ങനെ പോകുന്നു ബഷീർ സൃഷ്ടിച്ച കഥാപാത്രങ്ങൾ. ഇവരൊക്കെ വായനക്കാർക്ക് ചിരപരിചിതരായത് ബഷീറിന്റെ പ്രത്യേകമായ കഥാഖ്യാനശൈലിയിലൂടെയാണ്. മനുഷ്യജീവിതത്തെ ആഴത്തിൽ തൊട്ടറിഞ്ഞ അനുഭവങ്ങളൊക്കെ അദ്ദേഹത്തിന്റെ എഴുത്തിനെ സ്വാധീനിച്ചു. കുട്ടിക്കാലം മുതൽക്കുള്ള സഹോദരങ്ങളുമൊത്തുള്ള ജീവിതം തന്നെ ബഷീറിന്റെ കൃതികളിലെ കഥാപരിസരമായി മാറി. നിലയ്ക്കാത്ത യാത്രകൾ കൊണ്ട് സാഹിത്യ ലോകത്തിന് ഏറെ സംഭാവനകൾ അദ്ദേഹം നല്കി. ലോകം വിരൽത്തുമ്പിലെത്തുകയും യാത്രാമാർഗങ്ങളും അവസരങ്ങളും ധാരാളം ലഭിക്കുകയും ചെയ്യുന്ന കാലഘട്ടമാണിത്. ഈ സൗകര്യങ്ങൾ വളരെ കുറഞ്ഞ കാലത്ത് ദിവസങ്ങളും മാസങ്ങളും എടുത്ത് നാടായ നാടുകളെല്ലാം കറങ്ങി അറിവുകളും അനുഭവങ്ങളുമാർജിച്ചു എന്നതാണ് അദ്ദേഹത്തെ ആരാധ്യനാക്കുന്നത്. വായനക്കാരനെ ഭാവനയുടെ പുതിയ മേച്ചിൽ പുറങ്ങളിലേക്ക് നയിച്ചവയാണ് അദ്ദേഹത്തിന്റെ നോവലുകൾ.

പാത്തുമ്മായുടെ ആട് ബഷീറിലേക്കുള്ള പലവഴികളിൽ ഒന്നുമാത്രമാണ്. ചാമ്പയ്ക്കയും നെയ്യും പഞ്ചസാരയും കപ്പപ്പുട്ടും ആട്ടിൻ ചൂരും മനുഷ്യരുടെ കലമ്പലുകളും കുട്ടികളുടെ തലകുത്തി മറിയലുകളുമായി ഒരു നാട്ടുവഴിപോലെ അലസമായിക്കിടക്കുന്ന വഴി. ഏതു വായനക്കാരനുമുള്ള വഴിയാണ്. അവിടെ ജീവിതത്തിന്റെ കയ്പും ചവർപ്പും വേദനകളുമുണ്ട്. ദാരിദ്ര്യത്തിന്റെ ദയനീയ ചിത്രങ്ങൾ ചിരിയുടെ വർണങ്ങളിൽ ചാലിച്ച് പാത്തുമ്മയുടെ ആടിൽ ചൊരിഞ്ഞിട്ടുണ്ട്. കമ്പിളിപ്പുതപ്പും സാഹിത്യഗ്രന്ഥങ്ങളും കാണുമ്പോൾ അടക്കാനാകാത്ത ഒരു വിശപ്പ് തുള്ളിക്കളിക്കുന്നത് ബഷീറിന്റെ എഴുത്തിന്റെ വിജയമാണ്. അതിസാധാരണമായ ജീവിതസന്ധികളെ അടിസ്ഥാനമാക്കി അതീവഹൃദ്യമായി അനുഭൂതികൾ പകർന്ന ബഷീർ വിവിധ ജീവിതഘട്ടങ്ങളിലെ അഭിരുചികളെ ഒരേസമയം തൃപ്തിപ്പെടുത്തുന്നതിലും വിജയിക്കുകയുണ്ടായി. മനുഷ്യസ്നേഹത്തിന്റെയും ജീവിതരീതിയുടെയും കഥാകാരനാണ് ബഷീർ. അഗാധമായ ജീവിത സാഹചര്യത്തിൽ നിന്ന് ബഷീർ പെറുക്കിയെടുത്ത് ഹൃദ്യമായി പകരുന്ന ജീവിതനിമിഷങ്ങൾ അപൂർവ സുന്ദരങ്ങളായ കഥാ ശില്പങ്ങളായി മാറുന്നത് മൗലികമായ കദനശൈലി ഒന്നുകൊണ്ടുമാത്രമാണ്.

## Recap

- കഥകളുടെ സുൽത്താൻ
- നോവലിന്റെ രണ്ടാം ഘട്ടം സോദ്ദേശ്യകഥാരചനയുടെ കാലമായിരുന്നു
- ശാസ്ത്ര പുരോഗതിയും വ്യവസായവിപ്ലവവും സാമൂഹിക ജീവിതത്തിൽ വരുത്തിയ മാറ്റം
- റിയലിസ്റ്റിക് സാഹിത്യം
- ജീവിതത്തെ നിരീക്ഷിക്കുക, കാണുന്നതുപോലെ, അനുഭവപ്പെടുന്നതുപോലെ ചിത്രീകരിക്കുക
- ജീവൽ സാഹിത്യസംഘടന, പുരോഗമന സാഹിത്യ പ്രസ്ഥാനം
- ബഷീറിന്റെ എഴുത്ത് റിയലിസത്തെ അതിവർത്തിക്കുന്നത്
- ആത്മകഥാപരമായ പാഠാത്മകത
- സംഭവബഹുലമായ ജീവിതത്തെയാണ് ബഷീറിന്റെ കഥകൾ അനുസ്മരിപ്പിക്കുന്നത്
- പ്രകൃതിയിലെ സർവജീവജാലങ്ങളെയും സാഹോദര്യത്തിന്റെ കണ്ണിയിലേക്ക് ചേർത്ത് വയ്ക്കുന്നു
- മതത്തിന്റെ പ്രാകൃതമായ ആചാരങ്ങളെയും വിശ്വാസങ്ങളെയും തകർക്കുന്നു
- നർമവും ഹാസ്യവും ഒരു പോലെ ചിന്തിപ്പിക്കുന്നു
- യാഥാസ്ഥിതികരും, പാരമ്പര്യനിഷേധികളും, സാമൂഹികവിരുദ്ധരും, ദുഃഖിതരും, പീഡിതരും, ദരിദ്രരും, കഥാപാത്രങ്ങൾ
- മലയാള നോവൽ സങ്കല്പത്തെ അട്ടിമറിച്ചു
- തലയോലപ്പറമ്പിലെ കുടുംബവീട് പശ്ചാത്തലമാക്കി
- പാത്തുമ്മായുടെ ആട് അഥവാ പെണ്ണുങ്ങളുടെ ബുദ്ധി
- ആട് പ്രധാന കഥാപാത്രമാകുന്നു
- പുരുഷന്മാരെക്കാൾ ശക്തരായ സ്ത്രീ കഥാപാത്രങ്ങൾ
- നോവലിലെ ആഖ്യാതാവ് ഞാൻ ആണ്
- എല്ലാവരിലും നന്മയും സ്നേഹവും കണ്ടെത്തുന്ന ബഷീറിന്റെ ജീവിതവീക്ഷണം
- കുടുംബകഥ സമൂഹത്തിന്റെ കൂടി കഥയാകുന്നു
- ദാരിദ്ര്യം പൊതു പ്രശ്നമാകുന്നു
- മനുഷ്യസ്നേഹത്തിൽ അധിഷ്ഠിതമായിരുന്നു ബഷീറിന്റെ ദർശനം
- പ്ലോട്ടില്ലാത്ത കഥയാണ് പാത്തുമ്മായുടെ ആട്
- ഗ്രാമ്യഭാഷയും ഗ്രാമീണ സംഭാഷണവും തികഞ്ഞ സ്വാഭാവികതയോടെ അവതരിപ്പിക്കുന്നു
- ഗൃഹാന്തരീക്ഷത്തിലെ കൊച്ചു കൊച്ചു സംഭവങ്ങൾ
- ഭാഷ മാത്രമല്ല അതിനേക്കാൾ മനോഹരമാണ് ജീവിതം എന്നു പഠിപ്പിച്ചു
- സ്നേഹമാണ് ലോകത്തെ താങ്ങി നിർത്തുന്നത് എന്ന് എഴുതിച്ചേർത്തു
- ബഷീറിന്റെ കൃതികളിൽ ജീവിതം തിളച്ചുമറിയുന്ന കാഴ്ചയുണ്ട്
- ബഷീർ സാഹിത്യത്തിലെ നർമം ചിരിപ്പിക്കുകയും കരയിപ്പിക്കുകയും ചെയ്യുന്നു
- സകലജീവജാലങ്ങളേയും ചേർത്തു പിടിക്കുന്നു, ഭൂമിയുടെ അവകാശികളാകുന്നു
- വ്യാകരണത്തിന്റെ അതിർത്തികൾപ്പുറമുള്ള ഭാഷ



SREENARAYANAGURU OPEN UNIVERSITY

## Objective Questions

1. റിയലിസ്റ്റിക് പാശ്ചാത്യ നോവൽ സാഹിത്യത്തെ മലയാള സാഹിത്യത്തിൽ പരിചയപ്പെടുത്തിയതാര് ?
2. കല കലയ്ക്കു വേണ്ടിയല്ല ജീവിതത്തിനുവേണ്ടിയാണ് എന്ന് പറഞ്ഞ പ്രസ്ഥാനം ഏത്?
3. ബഷീറിനെ വ്യത്യസ്തനാക്കുന്നത് യഥാതഥേതരമായ വിതാനത്തിലേക്ക് തന്റെ രചനകളെ കൊണ്ടു പോകുന്ന ഭാവഗീതാത്മകമായ ഒരു ഓർമ്മക്കുറിപ്പിന്റെ സാങ്കേതിക രീതിയാണെന്ന് – അഭിപ്രായപ്പെട്ടതാര്?
4. പാത്തുമ്മായുടെ ആട് രചിച്ച വർഷം ഏത് ?
5. ബഷീറിന് വ്യാകരണം പിടിയില്ലെന്ന് ആദ്യം കണ്ടെത്തിയ വീട്ടിലെ അംഗം ആര്?
6. പാത്തുമ്മായുടെ ആടിന് ബഷീർ നൽകിയ മറ്റൊരു പേര്?
7. ഇതൊരു തമാശക്കഥയാണ് എന്നു പറഞ്ഞു കൊണ്ട് തുടങ്ങുന്ന ബഷീർ കൃതി?
8. അവരുടെ വരവ് ഒരു ‘സ്റ്റൈലിലാണ് ' - ആരുടെ വരവിനെക്കുറിച്ചാണ് ബഷീർ ഇങ്ങനെ പറഞ്ഞത്?
9. ‘ആധുനിക സാഹിത്യത്തിലെ ഏറ്റവുമധികം വ്യക്തിത്വമുള്ള സാഹിത്യകാരനാണു ബഷീർ’ – ഏതു കൃതിയുടെ അവതാരികയിലാണ് കേസരി ഇങ്ങനെ അഭിപ്രായപ്പെട്ടത്?
10. ബഷീറിന്റെ വീട്ടിലെ കൊച്ചു കൊച്ചു കലഹങ്ങൾക്കുള്ള കാരണമെന്ത്?
11. പ്ലോട്ടില്ലാത്ത നോവൽ എന്ന് വിശേഷിപ്പിച്ച ബഷീറിന്റെ കൃതി?
12. ശബ്ദങ്ങൾ ആരുടെ കൃതി?
13. ബേപ്പൂർ സുൽത്താൻ എന്നറിയപ്പെടുന്ന എഴുത്തുകാരൻ
14. ബഷീർ എഴുതിയ നാടകം ?
15. ബഷീറിന്റെ നീലവെളിച്ചം എന്ന മൂലകഥയുടെ ചലച്ചിത്രാവിഷ്കാരം ഏത് ?
16. മതിലുകൾ സിനിമയായപ്പോൾ ബഷീറായി അഭിനയിച്ചത് ആര് ?
17. സ്ത്രീ കഥാപാത്രങ്ങൾ ആരും തന്നെ അഭിനയിച്ചിട്ടില്ലാത്ത മലയാള ചലച്ചിത്രം ഏത്?
18. സിനിമയായിത്തീർന്ന ബഷീറിന്റെ രണ്ടാമത്തെ നോവൽ?
19. കേന്ദ്രസാഹിത്യ അക്കാദമി ഫെല്ലോഷിപ്പ് നേടിയ ആദ്യമലയാളി ?
20. ബഷീറിന്റെ എടിയേ എന്ന ആത്മകഥ എഴുതിയത് ആര്?
21. ബഷീർ കൃതികൾ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്തതാര്?
22. ‘ബഷീർ ദ മാൻ’ എന്ന ഡോക്യുമെന്ററിയുടെ സംവിധായകൻ?
23. ഏകാന്തവീഥിയിലെ അവധൂതൻ എന്ന് ബഷീറിനെ വിശേഷിപ്പിച്ചത്?

## Answers

1. കേസരി. എ. ബാലകൃഷ്ണപിള്ള
2. പുരോഗമന സാഹിത്യ പ്രസ്ഥാനം
3. കെ. എസ്. രവികുമാർ
4. 1959

5. അബ്ദുൾ ഖാദർ
6. പെണ്ണുങ്ങളുടെ ബുദ്ധി
7. പാത്തുമ്മായുടെ ആട്
8. പാത്തുമ്മയുടെ
9. ശബ്ദങ്ങൾ
10. സാമ്പത്തിക പ്രശ്നം
11. പാത്തുമ്മായുടെ ആട്.
12. ബഷീർ
13. വൈക്കം മുഹമ്മദ് ബഷീർ
14. കഥാബീജം
15. ഭാർഗ്ഗവീനിലയം
16. മമ്മൂട്ടി
17. മതിലുകൾ
18. ബാല്യകാലസഖി
19. ബഷീർ
20. ഫാബി ബഷീർ
21. ആർ.ഇ. ആഷർ
22. എം. എ. റഹ്മാൻ
23. എം. കെ. സാനു

## Assignments

1. ബഷീറിന്റെ ആഖ്യാനരീതിയുടെ സവിശേഷതകൾ വിവരിക്കുക.
2. ജീവിതത്തിന്റെ യാഥാർഥ്യങ്ങൾ പാത്തുമ്മായുടെ ആടിൽ പ്രതിഫലിക്കുന്നത് എങ്ങനെ യെന്ന് ചർച്ച ചെയ്യുക.
3. സങ്കീർണമായ സ്ത്രീ ജീവിതാവസ്ഥകളെ ബഷീർ ചിത്രീകരിച്ചിരിക്കുന്നതെങ്ങനെയെന്ന് നിരീക്ഷിക്കുക.
4. മനുഷ്യേതര കഥാപാത്രങ്ങളുടെ അർഥവ്യാപ്തി പാത്തുമ്മായുടെ ആടിനെ ആസ്പ ദമാക്കി വിശദമാക്കുക.
5. ഗ്രാമീണ ബിംബങ്ങളുടെ സാന്നിധ്യം ബഷീർ അവതരിപ്പിക്കുന്നതെങ്ങനെ.
6. കഥയും ജീവിതവും തമ്മിലുള്ള വേർതിരിവ് പാത്തുമ്മായുടെ ആടിനെ മുൻനിർത്തി വിശദീകരിക്കുക
7. വേദനയും ഫലിതവും തമ്മിലുള്ള കൂട്ടിയിണക്കലാണ് പാത്തുമ്മായുടെ ആടിന്റെ രസതന്ത്രം- സമർഥിക്കുക?
8. എഴുത്തുകാരൻ എന്ന പ്രമേയം ബഷീറിന്റെ രചനകളിൽ കടന്നു വരുന്നതെങ്ങനെ. വിവരിക്കുക?
9. ബഷീർ കൃതികളുടെ പ്രത്യേകതയായ ഭാഷാ സവിശേഷതകൾ പാത്തുമ്മായുടെ ആടിനെ ആസ്പദമാക്കി ചർച്ച ചെയ്യുക.

## Suggested Reading


1. ഡോ.ഡി. ബഞ്ചമിൻ, *നോവൽ സാഹിത്യ പഠനങ്ങൾ*, മാളൂബൻ പബ്ലിക്കേഷൻസ്, തിരുവനന്തപുരം
2. പി. മീരാക്കുട്ടി, *ബഷീർ കാലത്തിന്റെ കനൽ*, കറന്റ് ബുക്സ്, കോട്ടയം
3. പി.കെ. രാജശേഖരൻ, *അന്ധനായ ദൈവം: മലയാള നോവലിന്റെ 100 വർഷങ്ങൾ*, ഡി.സി. ബുക്സ്, കോട്ടയം.
4. പന്മന രാമചന്ദ്രൻ നായർ (എഡി.), *സി വി പഠനങ്ങൾ*. കറന്റ് ബുക്സ്, കോട്ടയം
5. എ.വി. പവിത്രൻ, *വൈക്കം മുഹമ്മദ് ബഷീർ*, കൈരളി ബുക്സ്, തൃശൂർ
6. ഇ.എം അഷ്‌റഫ്, *മുഹമ്മദ് ബഷീർ : എഴുത്തും ജീവിതവും*, ലിപി പബ്ലിക്കേഷൻ
7. കൽപ്പറ്റ നാരായണൻ, *എന്റെ ബഷീർ*, ഡി.സി. ബുക്സ്, കോട്ടയം


## Reference


1. ഇ.എം. അഷ്‌റഫ്, (എഡി.) *ബഷീറിന്റെ ഐരാവതങ്ങൾ*, കറന്റ് ബുക്സ്, കോട്ടയ
2. വിജയാലയം ജയകുമാർ, ബഷീറിന്റെ കഥാസാഹിത്യം - ഒരു പഠനം, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം.
3. ജോർജ്ജ് ഇരുമ്പയം, *മലയാള നോവൽ പത്തൊൻപതാംനൂറ്റാണ്ടിൽ*, സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ്, കേരള സർക്കാർ
4. കെ.എസ്. രവികുമാർ, *കഥയുടെ വാർഷിക വലയങ്ങൾ*, എസ്.പി സി.എസ്., കോട്ടയം.
5. ബഷീർ,*പാത്തുമ്മയുടെ ആട്*, ഡി.സി.ബുക്സ്, കോട്ടയം.
6. കെ.എം. തരകൻ, *മലയാള നോവൽ സാഹിത്യചരിത്രം*, കേരള സാഹിത്യ അക്കാദമി, തൃശൂർ.
7. പി.കെ. പാറക്കടവ്, (എഡി)*വൈക്കം മുഹമ്മദ് ബഷീർ ദാർശനികനായ സാഹിത്യകാരൻ*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

BLOCK 2

# യൂണിറ്റ് 2

# നാലുകെട്ട്

## എം.ടി. വാസുദേവൻ നായർ

## Learning Outcomes

- നവോത്ഥാനന്തര നോവൽ സാഹിത്യത്തെ അറിയുന്നു
- കാല്പനിക പ്രസ്ഥാനത്തിന്റെ സ്വഭാവങ്ങൾ മനസിലാക്കുന്നു
- എം.ടി യുടെ കഥാലോകം മനസിലാക്കുന്നു
- നാലുകെട്ട് നോവലിനെകുറിച്ച് പഠിക്കുന്നു
- നോവലിന്റെ വിവിധ ഘടകങ്ങൾ പരിശോധിക്കുന്നു

## Prerequisite

ശാസ്ത്രവും സാങ്കേതികവിദ്യയും മനുഷ്യനെ അനുദിനം പുരോഗതിയിലേക്കെത്തിക്കുമെന്ന വിശ്വാസത്തിലധിഷ്ഠിതമായിരുന്നു പത്തൊമ്പതാം നൂറ്റാണ്ട്. ജീവിതത്തെ സംബന്ധിച്ച, സ്വത്വത്തെ സംബന്ധിച്ച, നിലനില്പിനെ സംബന്ധിച്ച ആയിരമായിരം ചോദ്യങ്ങളാണ് ആധുനിക മനുഷ്യൻ തന്നോടുതന്നെയും സമൂഹത്തോടും ചോദിച്ചു കൊണ്ടിരുന്നത്. നവീനമായ അവബോധത്തിന്റെ മുഖ്യഹേതു അന്തർമുഖത ആണെന്ന് കെ. എം. തരകൻ നിരീക്ഷിക്കുന്നു. മനുഷ്യൻ തന്നെപ്പറ്റി ബോധവാനാവുകയും ആന്തരികമായ ഭാവത്തിലേക്ക് ആണ്ടിറങ്ങുകയും ചെയ്യുന്നു. ആന്തരിക പ്രഭവസ്ഥാനം കാല്പനികതയാണ്. വ്യക്തിയും സമൂഹവും തമ്മിൽ ഒരു വിടവുണ്ടാകുകയും, വ്യക്തി തന്നിലേക്ക്തന്നെ തിരിയുകയും ചെയ്യുന്നു. ''തന്റെ സ്വപ്നങ്ങളിലേക്കും ആശകളിലേക്കും മോഹങ്ങളിലേക്കും ആശാഭംഗങ്ങളിലേക്കും അവൻ ഉൾവലിയുന്നു. തന്നിലേക്ക് തന്നെ ശ്രദ്ധ അർപ്പിച്ച് തനിക്ക് നഷ്ടപ്പെട്ട സ്വർഗത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ മനസിൽ വേദനയുടെ നീർച്ചാലുകൾ അണപൊട്ടി ഒഴുകുന്നു. ഇതാണ് റൊമാന്റിക് ദുഃഖം. എന്നാൽ കുറെ കഴിയുമ്പോഴോ മനസിൽ വേദനയേക്കാൾ ശക്തമായ മറ്റു വികാരങ്ങൾ വന്നു കയറുന്നു. തന്നെ ദ്രോഹിച്ചവരോട് പക. തന്നെക്കുറിച്ച് തന്നെയുള്ള നിന്ദ''.(കെ.എം. തരകൻ, മലയാള നോവൽ സാഹിത്യചരിത്രം ) ഇത്തരമൊരു മാനസികാവസ്ഥയിലേക്കെത്താൻ ധാരാളം കാരണങ്ങളുണ്ടായിരുന്നു. സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ രാഷ്ട്രീയ സാമൂഹികാവസ്ഥകൾ, ഉദ്യോഗസ്ഥവർഗത്തിന്റെ ദുഷ്പ്രഭുത്വം, അധികാരവും അഴിമതിയും ഇങ്ങനെ ഒട്ടേറെ കാരണങ്ങൾ കൊണ്ട് എഴുത്തുകാരൻ തന്നിലേക്ക് തന്നെ വലിഞ്ഞു. അസ്വസ്ഥമായ മനസ് ഏകാന്തതയിലും നിസംഗതയിലും ശരണം പ്രാപിച്ചു.

കാല്പനികത കലാസാഹിത്യാദികളെ മൊത്തത്തിൽ സ്വാധീനിച്ച പ്രവണതയാണ്. റൊമാന്റിസിസം എന്നാണ് ഈ പ്രവണത യൂറോപ്പിൽ അറിയപ്പെട്ടിരുന്നത്. മനുഷ്യ മനസിന്റെ വികാരതീവ്രതയുടെയും സർഗാത്മകഭാവനയുടെയും പ്രത്യേകതകളെ റൊമാന്റിസിസം പ്രതിനിധീകരിക്കാൻ തുടങ്ങി. വ്യവസായവിപ്ലവം, അമേരിക്കൻ സ്വാതന്ത്ര്യസമരം, ഫ്രഞ്ചുവിപ്ലവം എന്നിവയാണ് റൊമാന്റിസിസത്തിന് കാരണമായത്. ജർമൻ ചിന്തകനായ ഫ്രെഡറിക് ഷ്ളേഗലാണ് റൊമാന്റിസിസം എന്ന പദം ആദ്യമായി പ്രയോഗിച്ചത്. ക്ലാസിസത്തിനു വിരുദ്ധമായ പ്രസ്ഥാനമെന്ന നിലയിലും റിയലിസത്തിനെതിരായ പ്രസ്ഥാനമെന്നും ഉള്ള നിലയിലാണ്

കാല്പനികപ്രസ്ഥാനം പ്രചാരം നേടിയത്. മലയാള സാഹിത്യത്തിലും കാല്പനികപ്രസ്ഥാനം ശക്തമായിരുന്നു. ഗദ്യസാഹിത്യത്തേക്കാൾ പദ്യസാഹിത്യത്തിലായിരുന്നു കൂടുതൽ രചനകൾ ഉണ്ടായത്.

എഴുത്തുകാർ ഭാവാവിഷ്കാരത്തിന് കൂടുതൽ പ്രാധാന്യം നല്കി. സ്വന്തം ആത്മാവിനെ ആവിഷ്കരിക്കേണ്ടത് എങ്ങനെയെന്നത് വലിയ പ്രശ്നമായി. തങ്ങൾ അനുഭവിക്കുന്ന ശൂന്യതാബോധത്തെ സ്ഥൂലമായ വിവരണത്തിൽ കൂടിയോ നാടകീയമായ അവതരണത്തോടുകൂടിയോ ആവിഷ്കരികരിക്കാൻ സാധ്യമായിരുന്നില്ല. അതിനാൽ എഴുത്തുകാർ വാങ്മയചിത്രത്തിൽകൂടി, ശബ്ദത്തിന്റെ ലയത്തിൽകൂടി, ബിംബസംവിധാനത്തിൽകൂടി നൂതനഭാവങ്ങളെ ധ്വനിപ്പിക്കാൻ ശ്രമിച്ചു. ബഷീറിൽ ഇതുണ്ടായിരുന്നുവെങ്കിലും ലക്ഷണയുക്തമാക്കിയത് എം.ടി വാസുദേവൻനായരാണ്. വ്യക്തിജീവിതത്തിലെ നിസംഗതകളെ സ്വന്തം ഗ്രാമവുമായി ചേർത്ത് വെച്ച് ഭാവതീവ്രതയോടെ എം.ടി കഥ പറഞ്ഞു. സമൂഹത്തിന്റെ പ്രശ്നങ്ങളിൽ നിന്ന് വ്യക്തിയുടെ പ്രശ്നങ്ങളിലേക്ക് എഴുത്തുകാരന്റെ ശ്രദ്ധ മാറുന്നു. എം.ടി യുടെ നോവലുകളും വ്യക്തികേന്ദ്രിതങ്ങളായി. മനുഷ്യമനസിന്റെ ആന്തരിക പ്രവർത്തനങ്ങൾ സൃഷ്ടിച്ചു കൊണ്ട് എം.ടി. കഥാപാത്രങ്ങളെ സൃഷ്ടിച്ചു. ''ചുറ്റുപാടുകളിൽ നിന്നും ഇതിഹാസങ്ങളിൽ നിന്നും അദ്ദേഹം സ്വീകരിച്ച പാത്രസ്വരൂപങ്ങൾ വ്യക്തിമനസിന്റെ നിഗൂഢതയെ പ്രകാശിപ്പിക്കുവാനുള്ള ഉപാധികളായിരുന്നു.''(ഡോ.നന്ത്യത്ത് ഗോപാലകൃഷ്ണൻ, കാല്പനികതയും മലയാള നോവലും). വ്യക്തിമനസിന്റെ സങ്കീർണതകളിൽ കൂടി കുടുംബം, സമുദായം, സമൂഹം തുടങ്ങിയ സാമൂഹികസ്ഥാപനങ്ങളെ നോക്കിക്കാണുകയും അതിന്റെ ഭാഗമായ വ്യക്തിയുടെ ദൈന്യങ്ങൾ ധ്യാനാത്മകമായി ആവിഷ്കരിക്കുകയും ചെയ്തു.

**എം.ടി. വാസുദേവൻ നായർ**



പുന്നയൂർക്കുളത്തുകാരനായ ടി. നാരായണൻ നായരുടേയും കൂടല്ലൂരുകാരിയായ അമ്മാളുവമ്മയുടെയും മകനായിട്ടാണ് ജനനം. സ്കൂൾ വിദ്യാഭ്യാസത്തിന് ശേഷം പാലക്കാട് വിക്ടോറിയ കോളേജിൽ ഉപരിപഠനം. പിന്നീട് മാതൃഭൂമിയിൽ ചേർന്നു. സ്കൂൾ വിദ്യാഭ്യാസകാലത്തു തന്നെ സാഹിത്യ രചന തുടങ്ങി. ബിരുദത്തിനു പഠിക്കുമ്പോൾ രക്തം പുരണ്ട മൺതരികൾ എന്ന ആദ്യത്തെ കഥാസമാഹാരം പുറത്തിറങ്ങി. ലോക ചെറുകഥാ മത്സരത്തിന്റെ ഭാഗമായി കേരളത്തിൽ മാതൃഭൂമി നടത്തിയ കഥാമത്സരത്തിൽ എം.ടി. യുടെ വളർത്തുമൃഗങ്ങൾ എന്ന കഥ ഒന്നാം സ്ഥാനം നേടി. പാതിരാവും പകൽ വെളിച്ചവും എന്ന ആദ്യനോവൽ ഈ സമയത്താണ് പുറത്തു വന്നത്. ആദ്യമായി പുസ്തക രൂപത്തിൽ പ്രസിദ്ധീകരിച്ച നോവൽ നാലുകെട്ട് ആണ്. 1963-64 കാലത്ത് സ്വന്തം കഥയായ മുറപ്പെണ്ണ് തിരക്കഥയെഴുതി എം.ടി. ചലച്ചിത്ര ലോകത്തു പ്രവേശിച്ചു. 1973 – ൽ ആദ്യമായി സംവിധാനം ചെയ്ത് നിർമിച്ച നിർമ്മാല്യം എന്ന ചിത്രത്തിന് രാഷ്ട്രപതിയുടെ സ്വർണപ്പതക്കം ലഭിച്ചു. അമ്പതിലേറെ തിരക്കഥകളെഴുതിയിട്ടുള്ള അദ്ദേഹത്തിന് നാലു തവണ ഈ മേഖലയിൽ ദേശീയ പുരസ്കാരം ലഭിച്ചു. കാലം (കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്) രണ്ടാംമൂഴം (വയലാർ അവാർഡ്) വാനപ്രസ്ഥം (ഓടക്കുഴൽ അവാർഡ്) എന്നീ കൃതികൾക്കും പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. കടവ്, ഒരു വടക്കൻ വീരഗാഥ, സദയം, പരിണയം, തുടങ്ങിയ ചിത്രങ്ങൾക്കും ദേശീയ പുരസ്കാരം ലഭിച്ചു. മലയാള സാഹിത്യത്തിനു നല്കിയ അമൂല്യസംഭാവനകൾ കണക്കിലെടുത്ത് 1996 – ൽ കാലിക്കറ്റ് സർവകലാശാല ബഹുമാന സൂചകമായി ഡി. ലിറ്റ് ബിരുദം നല്കി. 1995-ൽ ജ്ഞാനപീഠ പുരസ്കാരവും 2005-ൽ പത്മഭൂഷണും നൽകി രാജ്യം എം.ടി. യെ ആദരിച്ചു.

## Keywords

കാല്പനികത - റൊമാന്റിസിസം - എം.ടി - ആത്മനിഷ്ഠത - അന്തർമുഖത്വം - ഏകാന്തത - മരുമക്കത്തായ വ്യവസ്ഥ - ഫ്യൂഡലിസത്തിന്റെ തകർച്ച - കൂട്ടുകുടുംബ വ്യവസ്ഥ - നാലുകെട്ട് - അപ്പുണ്ണി - സെയ്താലി - ഫ്ളാഷ്ബാക്ക്

## Discussion

### 2.2.1 നവോത്ഥാനന്തര നോവൽ സാഹിത്യം

നവോത്ഥാനന്തര നോവൽസാഹിത്യം ആധുനികമായ സ്വഭാവസവിശേഷതകളോടും ഭാവാത്മകമായ ആന്തരികചൈതന്യത്തിലുമാണ് പ്രത്യക്ഷപ്പെട്ടത്. ഭാവനയ്ക്കാണ് കാല്പനികതയിൽ ഏറെ പ്രാധാന്യം. നിലവിലുള്ള മൂല്യങ്ങളെ തള്ളിപ്പറഞ്ഞുകൊണ്ട് സ്വതന്ത്രരാവാൻ കാല്പനികർ ശ്രമിക്കുന്നു. റിയലിസത്തെ എന്നപോലെ കാല്പനികതയേയും മലയാളത്തിന് പരിചയപ്പെടുത്തുന്നതിൽ കേസരി ബാലകൃഷ്ണപിള്ളയ്ക്ക് ചെറുതല്ലാത്ത പങ്കുണ്ട്. വിഷാദാത്മകത്വം, അതൃപ്തി, വേദന, മരണം തുടങ്ങിയ വിഷയങ്ങളോട് റൊമാന്റിക്കുകൾക്കുള്ള ഉത്സാഹം കേസരി ചൂണ്ടിക്കാണിക്കുന്നു. കാല്പനിക നോവലുകളുടെ പൊതുസ്വഭാവം കഥാപാത്രങ്ങളുടെ ആന്തരവ്യക്തിത്വത്തിലും അതിന്റെ മൂല്യത്തിലുമുള്ള ഊന്നലാണ്. എഴുത്തുകാരന്റെ വ്യക്തിജീവിതവും ആത്മനിഷ്ഠതയും കൃതികളിൽ ഏറി നിൽക്കുന്നു. കാല്പനികതയുടെ പ്രധാന സവിശേഷതയായ വ്യക്തിപ്രശ്നങ്ങളും മനസിന്റെ നിഗൂഢഭാവങ്ങളും ആവിഷ്കരിച്ച എഴുത്തുകാരനാണ് എം.ടി. വാസുദേവൻ നായർ.

വ്യക്തിയുടെ ജീവിതവീക്ഷണത്തെയും മൂല്യാവബോധത്തെയും പാടെ മാറ്റിമറിക്കുന്ന വിസ്തൃതമായ ഒരു സാംസ്കാരികസത്ത നോവലുകളിൽ അവതരിപ്പിച്ചത് എം.ടി എന്ന എഴുത്തുകാരനാണ്. നഗരത്തിലേക്ക്, തിരിച്ചെത്താനായി യാത്രയാകുന്നവരും നഗരത്തെ തങ്ങളുടെ ജീവിതയാത്രയിലെ ഇടത്താവളമായി കാണുന്നവരുമാണ് എം.ടിയുടെ കഥാനായകന്മാർ. ഇവർ കാണുകയും ആഴത്തിൽ അനുഭവിക്കുകയും ചെയ്യുന്ന നഗരമാണ് എം.ടിയുടെ നോവൽലോകത്തിലെ നഗരം. ബാഹ്യമായ ആൾക്കൂട്ടത്തിനും തിരക്കിനുമപ്പുറത്ത് ആന്തരികമായ ഏകാകിതയും വിഷാദവുമാണ് എം.ടി അനുഭവങ്ങളിൽ നിന്നു ചികഞ്ഞെടുക്കുന്നത്. കവിതയുടെ മാസ്മരികത പ്രസരിപ്പിക്കുന്ന ഭാഷയാണ് എം.ടിയുടേത്. കൂടല്ലൂർ ഗ്രാമത്തിന്റെ പച്ചമണ്ണിന്റെയും അവിടുത്തെ മനുഷ്യരുടെയും കഥകൾക്ക് ദൃശ്യസംസ്കാരം നല്കുന്നു. കൂട്ടുകുടുംബത്തിന്റെ അന്ത്യം ആഹ്ലാദത്തോടെയും പ്രതികാരത്തോടെയും ആഗ്രഹിക്കുന്ന ഒരു അന്തർമുഖൻ എം.ടി കഥകളുടെ നട്ടെല്ലാണ്. നാലുകെട്ട് ഈ കഥാപാത്രത്തിന്റെ വിജയമാകുന്നു. ചരിത്രങ്ങളിൽ തറവാടുകൾ വഹിക്കുന്ന പങ്ക് ചെറുതല്ല. അവർ ചരിത്രത്തിലെ ഒട്ടനവധി ആഘാതങ്ങളെ കുറിച്ച് ഓർമിക്കുന്നു. നൊസ്റ്റാൾജിയ പടർത്തുന്ന ശൈലിയിൽ എം.ടി കാരുണ്യത്തിന്റെ കണ്ണുകൾ കണ്ടെത്തുന്ന ലോകം ആവിഷ്കരിക്കുന്നു. കാലത്തിലെ സേതു എന്ന നായകൻ എല്ലാറ്റിനും മീതെ താൻ ജീവിക്കുവാനും അതിജീവിക്കുവാനും ആഗ്രഹിക്കുന്നു എന്ന് വിളംബരം ചെയ്യുന്നു. ഉപഭോക്തൃലോകത്തിൽ എല്ലാം വെട്ടിപ്പിടിക്കാൻ വെമ്പൽ കൊള്ളുന്നവനാണ് ഈ ചെറുപ്പക്കാരൻ. തനിക്ക് നഷ്ടപ്പെട്ട എന്തോ ഒന്ന് അവനെ വേദനിപ്പിക്കാതിരിക്കുന്നില്ല. ശൈലിയുടെ പ്രത്യേകത കൊണ്ട് മഞ്ഞ് വേറിട്ട് നിൽക്കുന്നു. രണ്ടാമൂഴത്തിൽ എത്തുമ്പോൾ എം.ടി ഭാവസംഘർഷങ്ങളുടെ സാന്ദ്രമായ മേച്ചിൽ സ്ഥലം കണ്ടെത്തുകയായിരുന്നു. പുരാണഭാവങ്ങളിൽ കാല്പനികമായ വ്യക്തിവിചാരം കലർത്തി പാണ്ഡവേതിഹാസത്തിലെ ഏറ്റവും സഹതാപാർഹനായ കഥാപാത്രം ആക്കി ഭീമനെ മാറ്റുന്നു.

എം.ടിയുടെ നോവലുകളിൽ വ്യക്തി മനസിന്റെ ഇരുണ്ട ഭാവങ്ങൾ കാല്പനിക സാന്ദ്രതയോടെ ആവിഷ്കാരം നേടിയിട്ടുണ്ട്. പ്രകോപിതമായ അഭിമാനബോധം വ്യക്തിപ്രതിഷ്ഠാപനവ്യഗ്രത, അമർത്തപ്പെട്ട അരിശം, ആത്മനിന്ദ, ഏകാകിതാബോധം പ്രകൃതിയിലേക്കുള്ള മടക്കം ഇവയെല്ലാം തീവ്രഭാവത്തിൽ കാണപ്പെടുന്നു. എഴുത്തുകാരുടെ താല്പര്യങ്ങളും ഇഷ്ടാനിഷ്ടങ്ങളും പേറുന്ന പ്രതീകങ്ങളായി നായക കഥാപാത്രങ്ങൾ സ്ഥാനം പിടിക്കുന്നു. എഴുത്തുകാരന് തന്റെ മനസിലൂടെ കടന്നുപോകുന്ന സത്യാവസ്ഥകളുടെയും വസ്തുപ്രതികരണങ്ങളുടെയും പ്രകാശനമായി തീരുന്നു നോവലിന്റെ ആന്തരികത. ഇത്തരം ഒരു ആന്തരഘടനയുടെ ഉല്പന്നമായ എം.ടിയുടെ നായക കഥാപാത്രങ്ങൾ സ്വന്തം അസ്തിത്വം സ്ഥാപിച്ചു കിട്ടുന്നതിന് ആഗ്രഹിക്കുന്നവനാണ്. എം.ടിയുടെ നോവലുകളിൽ സ്വത്വാവിഷ്കരണ വ്യഗ്രത ശക്തമായി പ്രകടിപ്പിക്കുന്ന നായക കഥാപാത്രം ഉള്ള നോലാണ് നാലുകെട്ട്.

## 2.2.2 നാലുകെട്ട്

എം.ടി. വാസുദേവൻനായരുടെ ആദ്യത്തെ നോവലാണ് 1958 -ൽ പുറത്തിറങ്ങിയ നാലുകെട്ട്. അഞ്ചുലക്ഷത്തിലേറെ കോപ്പികൾ വിറ്റഴിക്കപ്പെട്ട ഈ നോവൽ 14 ഭാഷകളിലേയ്ക്ക് തർജമ ചെയ്യപ്പെട്ടിട്ടുണ്ട്. അപ്പുണ്ണിയുടെ യാത്രകളാണ് നാലുകെട്ടിന്റെ പ്രതിപാദ്യം. കുടുംബവും ആചാരങ്ങളും ജീവിതവും മുന്നോട്ടുവെയ്ക്കുന്ന കാലത്തിന്റെ പ്രതിസന്ധികളിലൂടെ അപ്പുണ്ണി മുന്നോട്ട് നീങ്ങുമ്പോൾ കേരളത്തിന്റെ ചരിത്രം കൂടിയാണ് ഇതൾ വിരിയുന്നത്. നോവൽ എന്ന സാഹിത്യരൂപം സാമൂഹിക ചരിത്രം കൂടിയാകുന്നതിന്റെ ഉദാഹരണമാണ് നാലുകെട്ട്. നായർ സമൂഹത്തിലെ മരുമക്കത്തായ വ്യവസ്ഥിതിയുടെയും കൂട്ടുകുടുംബങ്ങളുടെയും അന്തരീക്ഷത്തിൽ വ്യക്തി അനുഭവിക്കുന്ന ഒറ്റപ്പെടൽ മനോഹരമായി ഇതിൽ ചിത്രീകരിക്കപ്പെടുന്നു.

വാക്കുകളെ കാലത്തിനപ്പുറം പ്രതിഷ്ഠിച്ച എഴുത്തുകാരനാണ് എം.ടി. നക്ഷത്രസമാനമായ വാക്കുകളെ തലമുറകൾക്കായി അദ്ദേഹം കാത്തുവച്ചു. പരിചിതമായ ജീവിതയാഥാർഥ്യങ്ങളുടെ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് പിന്നീടുള്ള വർഷങ്ങളിൽ കാലാതിവർത്തിയായ പല നോവലുകളും അദ്ദേഹം എഴുതി. ചെറുകഥകളിലൂടെ, നോവലുകളിലൂടെ തിരക്കഥകളിലൂടെയൊക്കെ വള്ളുവനാടൻ മിത്തുകളും ശൈലികളും വായനക്കാർക്ക് പരിചയപ്പെടുത്തിയ കഥാകാരൻ ആയിരുന്നു അദ്ദേഹം. എം.ടിയുടെ ഓരോ രചനയും ഒരു ചരിത്രമാണ്. എം.ടി കഥാപാത്രങ്ങളെ കണ്ടെത്തിയത് തന്റെ ചുറ്റുപാടുകളിൽ നിന്നുതന്നെയാണ്. കുട്ട്യേടത്തിയും ഭ്രാന്തൻവേലായുധനും ലീലയും എല്ലാം ഒരു ചെറുനൊമ്പരമായി ഹൃദയത്തിലെ ആഴങ്ങളിലെങ്ങോ കിടപ്പുണ്ട്. ദാരിദ്ര്യവും വ്യക്തിബന്ധങ്ങളിലുണ്ടായ വിള്ളലുകളും പ്രണയത്തിന്റെ ഭൂതകാലവും വായിച്ചെടുക്കാം ഓരോ കഥകളിലും. വാക്കുകളുടെ ഒഴുക്ക്, ആശയങ്ങളുടെ ലാളിത്യം, ഭാഷയുടെ സൗന്ദര്യം ഇതാണ് ഓരോ എം.ടി കൃതികളുടെയും മുഖമുദ്ര.

## 2.2.3 കഥാസംഗ്രഹം

അപ്പുണ്ണി എന്ന കഥാപാത്രത്തിലൂടെയാണ് നോവൽ അവതരിപ്പിക്കുന്നത്. തന്റെ അച്ഛനെ കൊന്നയാൾ എന്ന് പറയപ്പെടുന്ന സെയ്താലിക്കുട്ടി എന്ന മനുഷ്യനോട് വളർന്നു വലുതായാൽ അവൻ പ്രതികാരം ചെയ്യും എന്ന സൂചനയോടെയാണ് നോവൽ ആരംഭിക്കുന്നത്. പിന്നീട് അപ്പുണ്ണിയുടെ ദുഃഖത്തിന് ഹേതുവായ സെയ്താലിക്കുട്ടി തന്നെ അപ്പുണ്ണിയുടെ ജീവിതം മാറ്റിത്തീർക്കുവാൻ സഹായിക്കുന്ന ഒരു കഥാപാത്രമായി വികസിക്കുന്നു. അവസാനം സെയ്താലിക്കുട്ടി വഴി കിട്ടിയ ജോലിയിലൂടെ സമ്പാദിച്ച പണം കൊണ്ട് ഒരുകാലത്ത് തന്നെ ആട്ടിയിറക്കിയ വലിയമ്മാമനിൽനിന്നും നാലുകെട്ട് തറവാട് അപ്പുണ്ണി വിലയ്ക്ക് വാങ്ങുന്നു.

പ്രസിദ്ധമായ ഒരു തറവാടാണ് വടക്കേപ്പാട്ട്. മാന്യതകൊണ്ടും സമ്പത്തുകൊണ്ടും കൂട്ടുകുടുംബവ്യവസ്ഥയിലമർന്നുകൊണ്ട് ഏതൊരു തറവാടും പോലെ ഈ തറവാടും കാരണവരുടെ ഏകാധിപത്യത്തിന് കീഴിലായിരുന്നു. കാരണവരുടെ ഇളയമരുമകൾ പാറുക്കുട്ടി പകിടക്കളിക്കാരൻ കോന്തുണ്ണിനായരുടെകൂടെ ഒളിച്ചോടിപ്പോയി. അങ്ങനെ പാറുക്കുട്ടി തറവാട്ടിൽ നിന്ന് പുറത്താക്കപ്പെട്ടു. ബന്ധുക്കൾ പടിയടച്ച് പിണ്ഡം വച്ച്

പുണ്യാഹവും നടത്തി. തറവാടിന് കളങ്കം ചേർത്ത ആ ദമ്പതികളെ നാട്ടുകാരും ഒറ്റപ്പെടുത്തി. ആ ഗ്രാമത്തിൽ തന്നെ വളരെ കഷ്ടിച്ചു ജീവിച്ചു പോന്നു കോന്തുണ്ണിനായരും പാറുക്കുട്ടിയും. കോന്തുണ്ണിനായർ സമുദായത്തിലും നാട്ടിലും ഒറ്റപ്പെട്ടെങ്കിലും സെയ്താലിക്കുട്ടി അയാളെ സഹായിച്ചു പോന്നു. സെയ്താലിയുടെ കൂട്ടു കൃഷിക്കാരനായി കോന്തുണ്ണിനായർ. എന്നാൽ കൃഷിയുടെ കാര്യത്തിൽ കോന്തുണ്ണിനായരോട് സെയ്താലിക്കുട്ടിക്കുണ്ടായ അസൂയ ക്രമേണ ആളിക്കത്തി. ഒടുവിൽ സെയ്താലിക്കുട്ടി കൊടുത്ത വിഷം ചേർത്ത ഇറച്ചി ഭക്ഷിച്ച് കോന്തുണ്ണിനായർ മരിച്ചു. പാറുക്കുട്ടിയുടെ ജീവിതത്തിലെ അപ്രതീക്ഷിതമായ ആഘാതമായിരുന്നു ഭർത്താവിന്റെ മരണം. അപ്പുണ്ണി അന്ന് കുട്ടിയായിരുന്നു. അവനെ പുലർത്തുക അവളുടെ മാത്രം കടമയായിത്തീർന്നു. ഇല്ലങ്ങളിലെ നെല്ലുകുത്തിക്കൊടുത്താണ് അവൾ അവനെ വളർത്തിയത്. അറിവായിത്തുടങ്ങിയപ്പോൾ, തന്റെ കുടംബമഹത്വത്തെക്കുറിച്ചും അച്ഛന്റെ മരണത്തെക്കുറിച്ചും അപ്പുണ്ണി മനസിലാക്കി. അച്ഛന്റെ മരണത്തിന് കാരണക്കാരനായ സെയ്താലിക്കുട്ടിയോടുള്ള പ്രതികാരം അപ്പുണ്ണിയിൽ ജ്വലിച്ചു.

ഇല്ലത്ത് കുഞ്ഞാത്തോലിന്റെ വീട്ടിൽ പകലന്തിയോളം ജോലി ചെയ്ത് ഭർത്താവിന്റെ മരണശേഷം പാറുകുട്ടിയമ്മ അപ്പുണ്ണിയെ വളർത്തി വലുതാക്കി. അച്ഛന്റെ സുഹൃത്ത് ശങ്കരൻ നായരുടെ സഹായത്തോടെ അപ്പുണ്ണിയെ ഹൈസ്കൂളിൽ ചേർത്തു. വീട്ടിലെ നിത്യ ചെലവുകൾക്ക് പുറമെ അപ്പുണ്ണിയുടെ സ്കൂളിലേക്കു വേണ്ട അത്യാവശ്യം പുസ്തകത്തിനും സമയത്ത് സ്കൂളിൽ കൊടുക്കേണ്ട ഫീസിനും യൂണിഫോമിനും ഒക്കെ കൂടിയുള്ള പണം അമ്മയുടെ, ഇല്ലത്തുനിന്നുള്ള ജോലിയിലൂടെ കിട്ടുന്ന വേതനം കൊണ്ട് ഒരിക്കലും മതിയാവുമായിരുന്നില്ല. അങ്ങനെ കഷ്ടപ്പാടുകൾക്കിടയിൽ, തന്റെ അമ്മയും ശങ്കരൻനായരും തമ്മിലുള്ള അടുപ്പം നാട്ടുകാർ ദുർവ്യാഖ്യാനം ചെയ്തപ്പോൾ അപ്പുണ്ണി വീട് ഉപേക്ഷിച്ച് വടക്കേപ്പാട്ട് തറവാട്ടിലേയ്ക്ക് താമസം മാറ്റുന്നു. അവിടെതന്നെ സ്വീകരിക്കാൻ ആരും ഉണ്ടായില്ല എന്ന് അവൻ തിരിച്ചറിയുകയായിരുന്നു. സർപ്പം തുള്ളൽ കാണൽ കഴിഞ്ഞ് മുത്താച്ചിയുടെ കൂടെ അന്നവിടെ താമസിച്ച അപ്പുണ്ണിയെ പാറുക്കുട്ടിയോട് വർഷങ്ങളായി പ്രതികാരം ചെയ്യാൻ അവസരം പാർത്ത് കഴിഞ്ഞിരുന്ന വലിയമ്മാമ ആട്ടിയിറക്കി വിടുന്നു.

വീട്ടിലെ ദാരിദ്ര്യം അസഹ്യമായപ്പോൾ വീടുവിട്ട് ഇറങ്ങിപ്പോന്ന് നാടുവിടണോ സ്കൂളിൽ പോകണോ എന്ന് ചിന്തിച്ച് കുറച്ചകലെ കാട്ടിലുള്ള പാറക്കെട്ടിൽ തനിച്ചിരിക്കുന്ന അപ്പുണ്ണിയെ സെയ്താലിക്കുട്ടി ധൈര്യം നല്കിയാണ് വടക്കേപ്പാട്ടേയ്ക്ക് അയയ്ക്കുന്നത്. അപ്പുണ്ണി അച്ഛനെപോലെ തന്റേടമുള്ള ഒരു പുരുഷനാവണമെന്നും വടക്കേപ്പാട്ട് അപ്പുണ്ണിക്കും അവകാശമുണ്ടെന്നും സെയ്താലിയിൽ നിന്നുള്ള അറിവിന്റെ ഊർജത്തിൽ ഇനി മുതൽ എന്തെല്ലാം സഹിച്ചാലും നാലുകെട്ടിൽ താമസിക്കാൻ അവൻ തീരുമാനിക്കുന്നു. അവിടെ അഭിമുഖീകരിക്കേണ്ടി വരുന്ന ദുരിതങ്ങൾ ഏറെയാണ്. വലിയമ്മാമ രണ്ടാമതും തല്ലിയിറക്കുമ്പോൾ അമ്മയും കുട്ടമ്മാമയും തടഞ്ഞെങ്കിലും അവൻ അവിടെ പിടിച്ചുനിൽക്കാൻ ശ്രമിക്കുന്നു. ഒറ്റപ്പെടലിന്റേയും വിവേചനത്തിന്റെയും അവഹേളനത്തിന്റെയും നീണ്ട മൂന്ന് വർഷം അവന് ആ നാലുകെട്ട് കുടുംബത്തിൽ കഴിയേണ്ടിവന്നു. സമപ്രായക്കാരായ മറ്റുകുട്ടികൾ വയറുനിറയെ ഭക്ഷിച്ച് മരക്കട്ടിലിൽ രോമപ്പുതപ്പ് പുതച്ച് അന്തിയുറങ്ങുമ്പോൾ അപ്പുണ്ണി മാത്രം കോണിപ്പടിയുടെ അരികിൽ പ്രകാശം എത്താത്ത ഇരുണ്ട മുറിയിൽ നിലത്ത് കൈതോലപ്പായവിരിച്ച് പുതപ്പ് പോലും കിട്ടാതെ ഉറങ്ങുന്നു. നാലുകെട്ടിലെ മറ്റ് കുട്ടികൾ വാഹനത്തിൽ സ്കൂളിലേയ്ക്ക് പോകുമ്പോൾ കാൽനടയായി പുസ്തകം ഏന്തി പൈപ്പിലെ വെള്ളം മാത്രം കുടിച്ച് ദാഹവും വിശപ്പും മാറ്റേണ്ടിവരുന്നു.

ഫൈനൽ പരീക്ഷയ്ക്ക് ചിമ്മിനിവിളക്കിന്റെ വെളിച്ചം പോലും നിഷേധിച്ച ദിവസങ്ങളുണ്ട് അപ്പുണ്ണിക്ക്. ഗവൺമെന്റ് പരീക്ഷയ്ക്ക് ഉയർന്ന മാർക്ക് കിട്ടിയതിന്റെ സന്തോഷം പങ്കു വെയ്ക്കാനും അപ്പുണ്ണിയ്ക്ക് അവിടെ ആരും ഇല്ല. അപ്പുണ്ണിയുടെ നാലുകെട്ടിലേക്കുള്ള രണ്ടാം വരവോടെയാണ് ദീർഘകാലമായി ശിഥിലമായിക്കൊണ്ടിരിക്കുന്ന നാലുകെട്ട് നായർ തറവാടിന്റെ പതനം കുറേക്കൂടി പ്രകടമാകുന്നത്.

വലിയമ്മാമയും കുട്ടമ്മാമനും തമ്മിൽ കാലങ്ങളായുള്ള സ്വരച്ചേർച്ചയില്ലായ്മയും കുടുംബത്തിലെ ക്ഷയിച്ചുകൊണ്ടിരിക്കുന്ന ബന്ധങ്ങളും വ്യക്തമായി പുറത്ത് വരുന്നു. അവസാനം കീഴ്വഴക്കങ്ങളെ വകവയ്ക്കാതെ അമ്മാമ്മയുടെ ജീവിതകാലത്തുതന്നെ തറവാട് ഭാഗിച്ച് കുടുംബം തമ്മിൽ പിരിഞ്ഞു. സെയ്താലിക്കുട്ടിയുടെ സഹായത്തോടെ വയനാട്ടിലെ മാനന്തവാടിയിലെ ചായത്തോട്ടത്തിൽ ഫീൽഡ് അസിസ്റ്റന്റായി അപ്പുണ്ണിക്ക് നിയമനം കിട്ടുന്നു. വാടക നല്കാനും തുടർജീവിതം നടത്താനും അവസാനം കഷ്ടപ്പെട്ടുക്കൊണ്ടിരിക്കുന്ന സെയ്താലിക്കുട്ടിക്ക് എല്ലാം നല്കി സഹായിക്കാനും അപ്പുണ്ണിയ്ക്കു കഴിയുന്നു. അവധിക്ക് നാട്ടിൽ എത്തിയപ്പോഴാണ് തറവാട് ഭാഗിച്ചു എന്നും ആർക്കും വേണ്ടാത്ത തരിശ് ഭൂമി അപ്പുണ്ണിക്കായി മാറ്റി വെച്ചിട്ടുണ്ടെന്നും അറിയുന്നത്. വലിയമ്മാമൻ വലിയ ബാധ്യതയിലും കടത്തിലും കഴിയുന്ന നാളിൽ അപ്പുണ്ണി വന്ന വിവരം അറിഞ്ഞ് കാണാൻ വരികയും, വലിയമ്മാമയ്ക്ക് ഓഹരിയായി കിട്ടിയ നാലുകെട്ട് അപ്പുണ്ണിയ്ക്ക് വിൽക്കാൻ നിർബന്ധിതനാവുകയും ചെയ്യുന്നു. അങ്ങനെ നൂറ്റാണ്ടുകളോളം കൂട്ടുകുടുംബം നിലനിന്നിരുന്ന നാലുകെട്ടിൽ അണുകുടുംബം, ജീവിച്ച് തുടങ്ങുമ്പോൾ നോവലിന് തിരശീല വീഴുന്നു.

## 2.2.4 പ്രധാനകഥാപാത്രങ്ങൾ

അപ്പുണ്ണി, അപ്പുണ്ണിയുടെ അച്ഛൻ പകിടകളിക്കാരനായ കോന്തുണ്ണിനായർ, അമ്മ പാറുക്കുട്ടി അമ്മ, ശങ്കരൻനായർ, സൈയ്താലിക്കുട്ടി തുടങ്ങിയവരാണ് പ്രധാന കഥാപാത്രങ്ങൾ. അമ്മമ്മയും മൂത്താച്ചിയും അമ്മിണിഏടത്തിയും മീനാക്ഷിയേടത്തിയും അപ്പുണ്ണിയുടെ നാലുകെട്ടിലെ ജീവിതത്തിന് നിറം പകരുന്നുണ്ട്. വലിയമ്മാമയും കുട്ടിമ്മാമയും നാലുകെട്ടിന്റെ പ്രതിനിധികളാണ്.

എം.ടി യുടെ നാലുകെട്ടിലെ പ്രധാനകഥാപാത്രങ്ങളായ വല്യമാമ്മ, സെയ്താലിക്കുട്ടി, അപ്പുണ്ണി, കുഞ്ഞികൃഷ്ണമേനോൻ, പാറുക്കുട്ടിയമ്മ, കുട്ടമാമ്മ തുടങ്ങിയവരെല്ലാം വളരുന്ന കഥാപാത്രങ്ങളായി പരിഗണിക്കേണ്ടവരാണ്. എം.ടിയുടെ കഥാപാത്രങ്ങൾക്ക് ആദ്യന്തം ഒരു ചലനാത്മകത അനുഭവപ്പെടുന്നുണ്ട്. കഥാപാത്രങ്ങൾക്ക് നേരിട്ട് സംവദിക്കാൻ സാധിക്കുന്ന പരമാവധി മുഹൂർത്തങ്ങൾ സൃഷ്ടിച്ച് അവരുടെ വികാരവിചാരങ്ങളെ നേരിട്ടറിയുന്നതിനും അങ്ങനെ കഥാപാത്രങ്ങളുമായി താദാത്മ്യം പ്രാപിക്കാനും അടുക്കുവാനും അനുവാചകരെ സഹായിക്കുന്ന ഒരു ആഖ്യാനരീതിയാണ് എം.ടി സ്വീകരിച്ചത്. ഇതര കഥാപാത്രങ്ങളുടെ പ്രതികരണങ്ങളിലൂടെ കഥാപാത്രത്തെ ചിത്രീകരിക്കുന്ന രീതി നാലുകെട്ടിൽ കൂടുതൽ ഉപയോഗപ്പെടുത്തുന്നുണ്ട്. പുരുഷകഥാപാത്രങ്ങളെല്ലാം തന്നെ നിസ്സഹായരും നിസംഗരുമായി മാറുന്നു. വ്യക്തികളോടും കുടുംബത്തോടും സമൂഹത്തോടുമുള്ള അവരുടെ പകയും വെറുപ്പും പ്രതിഷേധവുമെല്ലാം ഒടുവിൽ തണുത്തുറഞ്ഞു പോകുന്നു. ഒരു മധ്യവർഗ നായർയുവാവിന്റെ നിസ്സഹായതയാണ് അവരിൽ കൂടുതൽ പ്രകടമാകുന്നത്. നാലുകെട്ടിന്റെ ആരംഭത്തിൽ തന്റെ അച്ഛനെ കൊന്നവനോട് പ്രതികാരം ചെയ്യണമെന്ന് ദൃഢനിശ്ചയം ചെയ്യുന്ന അപ്പുണ്ണിയെയാണ് കാണുന്നത്. ബാലമനസിന്റെ ആവേശം സെയ്താലിക്കുട്ടിയോട് പ്രതികാരം ചെയ്യാൻ അപ്പുണ്ണിയെ പ്രേരിപ്പിച്ചു. എന്നാൽ തടിച്ചു കുറുകിയ പരുക്കൻ കൈകളും ശരീരം നിറയെ രോമവും ചോരനിറമുള്ള വട്ടക്കണ്ണുകളുമുള്ള സെയ്താലിക്കുട്ടിയെ ആദ്യമായി നേരിൽ കണ്ടപ്പോൾ തന്നെ അവന്റെ രക്തം തണുത്തു തുടങ്ങി. സെയ്താലിക്കുട്ടിയുടെ പൗരുഷത്തിനുമുന്നിൽ അപ്പുണ്ണി കീഴടങ്ങുന്നതാണ് കാണുന്നത്. സെയ്താലിക്കുട്ടിയുടെ മുന്നിൽ എതിർത്ത് നിൽക്കാനുള്ള കഴിവില്ലായ്മയാണ് ആ നാലുകെട്ടിൽ വീണ്ടും കയറിച്ചെല്ലുന്നതിന് അപ്പുണ്ണിയെ പ്രേരിപ്പിച്ച പ്രധാനഘടകം.

ആരെക്കൊല്ലാനാണോ, ആരോട് പ്രതികാരം ചെയ്യാനാണോ അപ്പുണ്ണി ആഗ്രഹിച്ചത് അയാൾ തന്റെ രക്ഷകനായി മാറുന്നു. ഒടുവിൽ അപ്പുണ്ണി അയാളുടെയും രക്ഷകനായി മാറുകയാണ്. ചെയ്ത കുറ്റങ്ങൾ ഏറ്റുപറയാൻ ശ്രമിക്കുന്ന സെയ്താലിക്കുട്ടിയെ തടഞ്ഞുകൊണ്ട് എല്ലാം മറന്നിരിക്കുന്നു എന്നു പറഞ്ഞ് ഒരു ആദർശകഥാപാത്രമായിത്തീരുന്നു അപ്പുണ്ണി. തന്റെ ആദർശപുരുഷനായി മാറിയ സെയ്താലിക്കുട്ടിയുടെ ഉപദേശം അപ്പുണ്ണിയെ തന്റെ അമ്മയേയും ശങ്കരൻനായരേയും മടക്കി വിളിച്ച്

പ്രായശ്ചിത്തം ചെയ്യുന്നതിന് പ്രേരിപ്പിക്കുന്നു. അപ്പുണ്ണിയുടെ ഉള്ളിൽ ഉണ്ടായിരുന്ന പ്രതികാരം ആ നാലുകെട്ടിനോടും സാമൂഹികവ്യവസ്ഥിതിയോടുമുള്ള പ്രതികാരമായി മാറി. സാമ്പത്തികമായും ശാരീരികമായും മാനസികമായും ദുർബലരായിത്തീർന്ന തറവാട്ടിലെ കാരണവന്മാരോട് പ്രതികാരം ചെയ്യാൻ അപ്പുണ്ണി മറന്നില്ല. അപ്പുണ്ണിയുടെ സ്വഭാവരൂപീകരണത്തിനും മനംമാറ്റത്തിലും സെയ്താലിക്കുട്ടി ഒരു നല്ല പങ്കു വഹിക്കുന്നുണ്ട്.

നാലുകെട്ടിലെ പാറുക്കുട്ടിയും മീനാക്ഷിയും മാളുവും അമ്മാമ്മയും ഒക്കെ സ്ത്രീകൾ അനുഭവിച്ചിരുന്ന അവഗണനയുടെ പ്രത്യക്ഷമായ ഉദാഹരണങ്ങളാണ്. ഇഷ്ടപ്പെട്ട പുരുഷനോടൊപ്പം തറവാട്ടിൽ നിന്ന് ഓടിപ്പോയ പാറുക്കുട്ടിയുടെ നാമം കേൾക്കുന്നത് തന്നെ തറവാട്ടംഗങ്ങൾക്ക് ചതുർഥിയാണ്. മാത്രമല്ല തറവാടിനെ അപമാനിച്ചവളെ പുറത്താക്കി പടിയടച്ചു പിണ്ഡം വെച്ചു എന്നതിലും വടക്കേപ്പാട്ട് തറവാട്ടുകാർ അഭിമാനിക്കുന്നുണ്ട്. തറവാട്ടിലെ അടുക്കളപ്പണി മുഴുവൻ ചെയ്യുന്ന മീനാക്ഷിയേട്ടത്തി നാലുകെട്ടിന്റെ വേദന മുഴുവൻ ഏറ്റുവാങ്ങുന്ന കഥാപാത്രമാണ്. വടക്കേപ്പാട്ട് തറവാട്ടിലെ അടുക്കളപ്പണി മുഴുവൻ മീനാക്ഷിക്കാണ്. പുലരുന്നതിനു മുമ്പ് കുളിച്ച് അടുക്കളയിൽ കടന്നാൽ പിന്നെ രാത്രി എല്ലാവരുടെയും ഊണു കഴിഞ്ഞ് അടിച്ചു തളിക്കുന്ന നീലിക്കുള്ള കഞ്ഞി പകർന്നു വച്ച് അടുപ്പും അടുക്കളയും കഴുകിയ ശേഷം കിടക്കുന്ന അവരുടെ ജീവിതം അകത്തളത്തിൽ തന്നെയാണ്. കാരണവരുടെ ഊണ് കഴിഞ്ഞാൽ ആ കുടുംബത്തിലെ മുഴുവൻ അംഗങ്ങൾക്കും വിളമ്പിക്കൊടുക്കുന്നതും മീനാക്ഷിയാണ്. ഒക്കെന്റെ യോഗമാണ്- എന്ന് പറയുന്നത് പലപ്പോഴും അവരുടെ ക്ഷമയുടെ അതിർവരമ്പുകൾ പൊട്ടുമ്പോൾ മാത്രമാണ്. ജ്യേഷ്ഠത്തി തൊട്ടതിനെല്ലാം കുറ്റം കണ്ടുപിടിക്കുമ്പോഴും കാരണവർ ബഹളമുണ്ടാക്കുമ്പോഴും നിശബ്ദമായി സ്വന്തം വിധിയെ അവർ പഴിച്ചു കൊണ്ടിരുന്നു. കാരണവരുടെ മുന്നിൽ നെല്ലിനുവേണ്ടി വട്ടിയുമായി എപ്പോഴും ചെന്നിരുന്നത് ഈ സാധുസ്ത്രീ തന്നെ. ഭാഗമെല്ലാം കഴിഞ്ഞ് അപ്പുണ്ണി വർഷങ്ങൾക്ക് ശേഷം നാട്ടിലെത്തുമ്പോഴും മീനാക്ഷിയേട്ടത്തിയ്ക്ക് മാറ്റമൊന്നുമില്ല. ഭാഗം വെച്ചപ്പോൾ കിട്ടിയ കൈയാല മൂന്നു മുറിയായി തിരിച്ച് അവർ ജീവിതം തള്ളിനീക്കുന്നു. മീനാക്ഷിയെപ്പോലെ നാലുകെട്ടിൽ വേദനയനുഭവിക്കുന്നവളാണ് മാളു. അവളുടെ അമ്മയുടെ മരണശേഷം തറവാട്ടിൽ എത്തിയ മാളു അടുക്കള ജോലികളിൽ മീനാക്ഷിയെ സഹായിക്കും. ഭാവിയെക്കുറിച്ച് സ്വപ്നങ്ങൾ ഒന്നും കാണാൻ കഴിയാത്ത അവർ സഹതാപമർഹിക്കുന്ന കഥാപാത്രമാണ്.

അമ്മാമ്മ തറവാട്ടിലെ തലമുതിർന്ന അംഗമാണെങ്കിലും അവിടെ യാതൊരുവിധമായ പരിഗണനയും ലഭിക്കുന്നില്ല. തറവാട്ടിൽനിന്ന് എല്ലാവരാലും അകറ്റി നിർത്തപ്പെട്ട സ്വന്തം മകളെക്കുറിച്ച് ഹൃദയവേദനയോടുകൂടി ചിന്തിക്കുന്ന അവർ അപ്പുണ്ണിയെ തറവാട്ടിൽ താമസിപ്പിക്കാൻ ഉറയ്ക്കുന്നു. ഇത് കാരണവരുടെ എല്ലാ ഭാവങ്ങളേയും മുന്നിൽ കണ്ടുകൊണ്ടാണ്. അവരുടെ സ്വത്തും കൂടി കൈകാര്യം ചെയ്യുന്നത് കാരണവരാണ്. എന്നാൽ കുഴമ്പ് വാങ്ങാനോ കഷായം വാങ്ങാനോ ആ സാധുസ്ത്രീയെ സഹായിക്കാൻ കാരണവർ തയ്യാറല്ല. അവസാനകാലത്തെ കുഞ്ഞിക്കാളിയമ്മയുടെ സ്ഥിതി അതിദയനീയമാണ്. ഉണങ്ങിയ പുകയിലച്ചുരുളുപോലെ കൈത്തണ്ടും ചുളിഞ്ഞമുഖവുമായി അവർ കഴിയുന്നു. ഭാഗത്തിൽ അവർക്ക് ഒന്നും കിട്ടിയില്ല. ഒരു ദിവസം നേരത്തെ യാത്രയാകാൻ ഇരിക്കുന്ന അവർ നാലുകെട്ടിന്റെ മുഴുവൻ തേങ്ങലുകളും ഏറ്റുവാങ്ങി നീറി നീറി കാലം കഴിക്കുന്നു.

## 2.2.5 വിശകലനം

ആൾക്കൂട്ടത്തിൽ ഒറ്റപ്പെട്ടു പോകുന്ന മനുഷ്യനെ, അവന്റെ മനസിനെ മുൻനിർത്തി എം.ടി. നോവൽ രചിക്കുന്നു. നാഗരികനായി മാറുമ്പോഴും മനസിൽ ഗ്രാമം സൂക്ഷിക്കുന്ന മനുഷ്യനെയാണ് അദ്ദേഹം അവതരിപ്പിച്ചത്. അഥവാ ഗ്രാമത്തിന്റെ ആകർഷണത്തിൽ നിന്നു വിടുതി നേടാൻ ഈ കഥാകാരനും കഴിയുന്നില്ല. എന്നാൽ ഏതെങ്കിലും കാരണത്താൽ ഗ്രാമവുമായുള്ള പൊക്കിൾ ബന്ധം മുറിഞ്ഞു പോകാതിരിക്കാൻ കഴിയാത്തവരാണ് എം.ടി യുടെ നായകന്മാർ. ദാരിദ്ര്യമോ അപമാനമോ സ്വന്തം കാലിൽ നിൽക്കാനുള്ള ആഗ്രഹമോ അങ്ങനെ

എന്തെങ്കിലും കാരണങ്ങൾ ഇവരെ ഗ്രാമത്തിൽ നിന്നു വിട്ടുനിൽക്കാൻ പ്രേരിപ്പിക്കുന്നു. ഗ്രാമത്തിൽ തങ്ങൾക്കു നിഷേധിക്കപ്പെട്ടത് പിടിച്ചു വാങ്ങിക്കൊണ്ട് പുതിയൊരു ജീവിതം നയിക്കുകയാണ് തിരിച്ചെത്തുന്നതിന്റെ ലക്ഷ്യം. നാലുകെട്ടിലാണ് ഇങ്ങനെ നാടുവിടുകയും പിന്നെ തിരിച്ചെത്തുകയും ചെയ്യുന്ന നായകനെ നാം ആദ്യം കാണുന്നത്. നാലുകെട്ടിലെ അപ്പുണ്ണി നാടുവിട്ടുപോകുന്നത് വയനാട്ടിലേയ്ക്കാണ്. അവിടെ എസ്റ്റേറ്റിലെ കണക്കെഴുത്തുകാരനായികൂടി പണം സമ്പാദിച്ചാണ് അയാൾ ഗ്രാമത്തിൽ തിരിച്ചെത്തിയത്.

പുസ്തകരൂപത്തിൽ പുറത്തുവന്ന എം.ടിയുടെ ആദ്യത്തെ നോവൽ ആയ നാലുകെട്ട് (1958) നിരൂപകരുടേയും വായനക്കാരുടേയും സജീവശ്രദ്ധയ്ക്ക് പാത്രമായി. ആ നോവലിന് കേരള സാഹിത്യ അക്കാദമിയുടെ പുരസ്കാരവും ലഭിച്ചു. അന്ന് എം.ടിയ്ക്ക് 26 വയസ്സേയുള്ളൂ. വിവർത്തനങ്ങളിലൂടെ കേരളത്തിനു പുറത്തും അറിയപ്പെടുന്ന സാഹിത്യകാരനാണ് എം.ടി. നാലുകെട്ടിന് ഇംഗ്ലീഷിലും നിരവധി ഭാഷകളിലും പരിഭാഷകൾ ഉണ്ടായിട്ടുണ്ട്. കൂടല്ലൂർ എന്ന ഗ്രാമത്തിന്റെ മാത്രം കഥയല്ല നാലുകെട്ട്. മറിച്ച് നാൽപ്പതുകളിൽ സാമൂഹിക മാറ്റത്തിന് സാക്ഷ്യം വഹിച്ച ഏതു വള്ളുവനാടൻ ഗ്രാമത്തിന്റെയും കഥയാണിത്. ഫ്യൂഡൽ തകർച്ചയുടെയും ഗ്രാമത്തിലെ പച്ച മനുഷ്യരുടെ സ്വപ്നങ്ങളുടെയും സ്വപ്നഭംഗങ്ങളുടെയും കഥ. നാലുകെട്ടിലെ കഥാപാത്രങ്ങളിലധികം പേരും കൂടല്ലൂർ നിവാസികളാണെന്ന് എം.ടി തന്നെ പറഞ്ഞിട്ടുണ്ട്. പകിടകളിക്കാരൻ കോന്തുണ്ണിനായർ തന്റെ അമ്മാവനാണെന്നും സെയ്താലിക്കുട്ടി ഇപ്പോഴും കൂടല്ലൂരിലുണ്ടെന്നും എം.ടി പറഞ്ഞിട്ടുണ്ട്. നാലുകെട്ടിൽ യൂസുപ്പിന്റെ പീടിക പലതും സംഭവിക്കുന്ന ഒരു ഇടം ആണ്. തന്റെ അച്ഛനെ വിഷം കൊടുത്ത് ചതിച്ചുകൊന്നു എന്ന് പറയപ്പെടുന്ന സെയ്താലികുട്ടിയെ അപ്പുണ്ണി കണ്ടുമുട്ടുന്നത് യൂസുപ്പിന്റെ പീടികക്കോലായിൽ വെച്ചാണ്. അത് യാഥാർഥ്യങ്ങളെ മടികൂടാതെ സ്വീകരിക്കുകയും അനായാസം പുനഃസൃഷ്ടിക്കുകയും ചെയ്യുന്നു എന്നു കാണുന്നതുകൊണ്ടാണ്. എന്നാൽ നാലുകെട്ടിന്റെ കാലം ജന്മിത്വവും ദാരിദ്ര്യവും ഒരുപോലെ മാറ്റങ്ങൾക്കു വിധേയമാകുന്നതിന്റെ സൂചനയുൾക്കൊള്ളുന്നതാണ്. താൻ അഭയാർഥിയായി ചെന്നുകയറിയ നാലുകെട്ടിന്റെ അകത്തും പുറത്തുമെല്ലാം അന്നേ മുള്ളുവേലികളുണ്ടായിരുന്നുവെന്ന് അപ്പുണ്ണി മനസിലാക്കിയിട്ടുണ്ട്. ആ വേലിക്കെട്ടുകൾക്കകത്തുതന്നെയായിരുന്നു ഓരോരുത്തരും. നാലുകെട്ടിലെ അപ്പുണ്ണി എം.ടിയുടെ ഭാവനാസൃഷ്ടിയാണ്. കാലം സെയ്താലിക്കുട്ടിയിലും അപ്പുണ്ണിയിലും മാറ്റങ്ങൾ വരുത്തുന്നു. ആ പ്രതികാരത്തിലേയ്ക്ക് ആർദ്രതയുടെ ഉറവകൾ ഒഴുകിയെത്തുന്നു. സമസ്ത ചിന്തകളെയും അനുഭവങ്ങളെയും വികാരങ്ങളാക്കി ഉരുക്കിയെടുത്ത് അനുവാചക ഹൃദയങ്ങളിൽ ലയിപ്പിക്കുന്ന സവിശേഷമായ ഒരു രാസവിദ്യ എം.ടിയുടെ സാഹിത്യത്തിലുണ്ട്.

പകിടക്കളിക്കാരൻ കോന്തുണ്ണിനായർ എം.ടിയുടെ സ്വന്തം അമ്മാവനായിരുന്നു എന്ന് എം.ടി തന്നെ പറഞ്ഞിട്ടുണ്ട്. കേൾവികേട്ട പകിടക്കളിക്കാർ കൂടല്ലരിൽ പലരുമുണ്ടായിട്ടുണ്ടെങ്കിലും പകിടക്കളിക്കാരുടെ രാജാവെന്നു പറയാൻ ഒരാളേ ഉണ്ടായിരുന്നുള്ളൂ. അത് കോന്തുണ്ണിനായരായിരുന്നു. കോന്തുണ്ണിനായരുടെ നേതൃത്വത്തിൽ കൂടല്ലൂർക്കാർ പൊന്നാനിയിലും ചമ്രവട്ടത്തും പട്ടാമ്പിയിലും തൃത്താലയിലും ഷൊർണ്ണൂരും കവളപ്പാറയിലുമെല്ലാംപോയി പകിടകളിച്ചു ജയിച്ചു വന്നിട്ടുണ്ട്. പകിടയിൽ തോറ്റ ചരിത്രമില്ലാത്ത ആളായിരുന്നു കോന്തുണ്ണിനായർ. കരു കൈയ്യിലിട്ടുതിരുമ്മി കൊടിക്കുന്നത്തമ്മയെ ധ്യാനിച്ചെറിഞ്ഞാൽ പമ്പരം പോലെ തിരിഞ്ഞു തിരിഞ്ഞ് ഏത് എണ്ണത്തിൽവേണമെങ്കിലും കോന്തുണ്ണിനായർ ചൂണ്ടുന്നിടത്ത് കരു നില്ക്കും. കോന്തുണ്ണിനായരുടെ കച്ചവടത്തിൽ പങ്കുകാരനായിരുന്ന സെയ്താലിക്കുട്ടി പങ്ക് ലാഭം മോഹിച്ച് ചതിച്ചു കൊന്നു എന്നാണ് നാലുകെട്ടിലെ കഥ. ചുറ്റുപാടുകളെ ഇത്രമാത്രം ആഴത്തിൽ സൂക്ഷ്മ നിരീക്ഷണം നടത്തുന്ന എഴുത്തുകാർ എം.ടിയെപ്പോലെ വേറെയില്ല എന്നുതന്നെ പറയാം. നിരീക്ഷിച്ചറിഞ്ഞ ഈ യാഥാർഥ്യങ്ങളിൽ നിന്ന് സങ്കല്പങ്ങളിലേക്കു സഞ്ചരിക്കുകയും സങ്കല്പങ്ങളിൽ നിന്ന് പുതുയാഥാർഥ്യങ്ങളെ സൃഷ്ടിക്കുകയും ചെയ്യുന്ന തന്ത്രം എം.ടി സാഹിത്യത്തിലുണ്ട്. നാലുകെട്ട് പറഞ്ഞത്, മനുഷ്യനും അവൻ നിലനില്ക്കുന്ന വ്യവസ്ഥ

യും തമ്മിലുള്ള സംഘർഷവും സമന്വയവും നിറഞ്ഞ ജീവിതബന്ധങ്ങളുടെ കഥയാണ്. സ്വന്തക്കാരുണ്ടായിട്ടും അനാഥനായ മനുഷ്യന്റെ കഥ പറയുകയായിരുന്നു എം.ടി. അതിൽ അനേകം ജീവിതങ്ങളും ജീർണമായ ഒരു ജീവിതവ്യവസ്ഥയും പുതുക്കിപ്പണിയപ്പെടുന്ന മനുഷ്യവ്യവസ്ഥകളും കഥകളായി വന്നു നിറഞ്ഞു.

അപ്പുണ്ണിയുടെ കാലഘട്ടത്തിന്റെ ചരിത്രം അവനിലും അവന്റെ വീടായ നാലുകെട്ടിലും ഗ്രാമത്തിലും പ്രതിഫലിക്കുന്നതെങ്ങനെ എന്നാണ് എം.ടി ആവിഷ്കരിച്ചത്. അതൊരു പരിവർത്തനകാലഘട്ടമായിരുന്നു. 'അമ്മ പേടിക്കേണ്ട, ഈ നാലുകെട്ട് പൊളിക്കാൻ ഏർപ്പാട് ചെയ്യണം. ഇവിടെ കാറ്റും വെളിച്ചവും കടക്കുന്ന ചെറിയ ഒരു വീടു മതി.'' എന്ന അപ്പുണ്ണിയുടെ തീരുമാനത്തിലാണ് നാലുകെട്ട് എന്ന നോവൽ അവസാനിക്കുന്നത്. അത് സ്വാതന്ത്ര്യം എന്ന വെളിച്ചത്തിനു വേണ്ടിയുള്ള തീരുമാനമായിരുന്നു. അപ്പുണ്ണി തിരിച്ചു വരുന്നതും നാലുകെട്ട് വിലയ്ക്കു വാങ്ങുന്നതും പൊളിച്ചു പുതുക്കിപ്പണിയാൻ തീരുമാനിക്കുന്നതുമൊക്കെ വളരെ പ്രധാനപ്പെട്ട സൂചനകളാണ്.

നോവൽ നിറയെ എം.ടി ആഗ്രഹിച്ച ഒരു പുതിയ സാമൂഹിക വ്യവസ്ഥയെക്കുറിച്ചുള്ള സൂചനകളുണ്ട്. അപ്പുണ്ണിയുടെ പിതാവായ കോന്തുണ്ണിനായരാണ് നോവലിൽ പ്രത്യാശയെ പ്രതിനിധാനം ചെയ്യുന്ന ഏറ്റവും ശക്തമായ കഥാപാത്രം. കോന്തുണ്ണിനായർ തന്റേടിയാണ്. അധ്വാനശീലനാണ്. അന്നത്തെ നായർ സമുദായവ്യവസ്ഥയ്ക്കകത്തെ മറ്റു യുവാക്കളെപ്പോലെ അമ്മാമന്മാരുടെ ആജ്ഞാനുവർത്തിയായി നാലുകെട്ടിനുള്ളിൽ അടിമ കിടക്കുന്നവനല്ല. അയാൾ എല്ലാ ജാതിമതസ്ഥരുമായി കൂട്ടുകൂടി ഗ്രാമത്തിലെ പൊതുജീവിതത്തിൽ ഇടപെടുന്നു. മാപ്പിളയുടെ പീടികയിൽ നിന്ന് ചായ കുടിക്കുന്നു. മറ്റൊരു നായർ യുവാവും ചെയ്യാൻ ധൈര്യപ്പെടാത്ത വിധത്തിൽ തറവാട്ടിൽനിന്ന് പാറുക്കുട്ടി എന്ന തന്റെ കാമുകിയെ വിളിച്ചിറക്കിക്കൊണ്ടുപോകുന്നു. നായന്മാർക്ക് സംബന്ധം മാത്രം വിധിക്കപ്പെട്ടിരുന്ന കാലത്ത് ഈ സ്വാതന്ത്ര്യപ്രഖ്യാപനം വലിയൊരു പ്രക്ഷോഭം തന്നെയാണ്. കോന്തുണ്ണിനായർ തറവാട്ടിൽ ഒരിത്തിൾക്കണ്ണിയായി ജീവിക്കുകയല്ല ചെയ്യുന്നത്. സ്വന്തമായി വാങ്ങിയ സ്ഥലത്ത് അധ്വാനം കൊണ്ട് വീടുവയ്ക്കുകയും പണിയെടുത്ത് അതിന്റെ ഫലം കൊണ്ടുമാത്രം ഭാര്യയെയും മകനെയും പുലർത്തുകയുമാണ്. പണിയെടുത്തു ജീവിക്കുന്ന ഈ മനുഷ്യൻ പ്രകടിപ്പിക്കുന്ന ധീരതതന്നെയാണ് നോവലിലെ കേന്ദ്ര പ്രമേയം. ഈ തന്നിഷ്ടങ്ങൾക്കൊപ്പം ഗ്രാമത്തിൽ ജനാധിപത്യപൂർണമായ സാമൂഹിക ബന്ധങ്ങൾ പുലർത്തുകയും ചെയ്യുന്നുണ്ട്. ചങ്ങാതിയായ സെയ്താലിക്കുട്ടിയോടൊരുമിച്ച് കൃഷിയിലും വ്യാപാരത്തിലും പകിടകളിയിലും ഗ്രാമത്തിന്റെ ഉത്സവങ്ങളിലുമൊക്കെ പങ്കാളിയാവുന്നുണ്ട്. അന്നത്തെ കാലത്ത് സങ്കല്പിക്കാൻ പോലും കഴിയാതിരുന്ന ധിക്കാരിയായ പ്രക്ഷോഭകാരിയുടെ മകനാണ് പിന്നീട് നാടുവിട്ടുപോവുന്നതും ശക്തനായി തിരിച്ചു വരുന്നതും പഴയ ജീർണവ്യവസ്ഥ പൊളിച്ചു പുതുക്കിപ്പണിയുന്നതും.

നാലുകെട്ടിന്റെയും അതു നിലനിന്ന ഗ്രാമത്തിന്റെയും കഥ പറയുമ്പോൾ എം.ടി പരിവർത്തനത്തിന്റെ ചരിത്രം കൂടി സർഗാത്മകമായി വായിക്കുകയായിരുന്നു. സ്വത്തിനും മുതലിനും വേണ്ടി മനുഷ്യത്വം നഷ്ടപ്പെടുത്തിയ മനുഷ്യരുടെ ആത്യന്തിക ദുരന്തം നോവൽ ആവിഷ്കരിക്കുന്നുണ്ട്. വലിയമ്മാമയും കുട്ടമ്മാമയുമൊക്കെ അക്കൂട്ടത്തിൽപ്പെടുന്നവരാണ്. പക്ഷേ ദുഷ്ടനും കൊലയാളിയുമായി ലോകം പരിചയപ്പെടുത്തിയ സെയ്താലിക്കുട്ടി നോവൽ തീരുമ്പോൾ അങ്ങനെയല്ലാതാവുകയാണ്. അച്ഛൻ കോന്തുണ്ണിനായരെ കോഴിയിറച്ചിയിൽ വിഷം ചേർത്തു കൊടുത്തു കൊല ചെയ്ത സെയ്താലിക്കുട്ടിയോട് പ്രതികാരം ചെയ്യുവാൻ കൂടിയാണ് വളർന്നു വലുതാവുമ്പോൾ കൈകൾക്ക് നല്ല കരുത്തുണ്ടാവണമെന്ന് അപ്പുണ്ണി ആഗ്രഹിച്ചത്. പക്ഷേ സ്വന്തം ജീവിതത്തിന്റെ എല്ലാ പ്രതിസന്ധികളിലും അനാഥത്വത്തിലും അപ്പുണ്ണിക്ക് തണലും സഹായവുമായത് സെയ്താലിക്കുട്ടിയാണ്. ഒടുക്കം പിരിയുമ്പോൾ ഒരു പിതാവിന്റെ വാത്സല്യത്തോടെ സെയ്താലിക്കുട്ടി അപ്പുണ്ണിയോടു പറയുന്നുണ്ട്. ' തള്ളേ ങ്ങള് മറക്കരുത്. അതിന് ങ്ങളല്ലാണ്ട് ആരാ?'' ഈ ഓർമപ്പെടുത്തൽ അമ്മ

യെക്കുറിച്ചാണ്. നാലുകെട്ട് കെട്ടിപ്പൊക്കിയ മരുമക്കത്തായ കൂട്ടുകുടുംബവ്യവസ്ഥ തകർക്കപ്പെട്ടാലും അമ്മയിൽത്തുടങ്ങുന്ന സ്നേഹത്തിന്റെ ദായക്രമം തകർന്നുകൂടെന്ന് സെയ്താലിക്കുട്ടിക്കും അറിയാം.

മുത്താച്ചിയും മീനാക്ഷേ്യടത്തിയും സ്വന്തം അമ്മയും ആമിനുമ്മയുമൊക്കെയായി ഒരുപാട് മാതൃരൂപങ്ങളെ എം.ടി നോവലിൽ ആവിഷ്കരിക്കുന്നുണ്ട്. വെറുക്കാൻ ശ്രമിച്ചാലും മറക്കാൻ കഴിയാത്ത, വെറുപ്പില്ലാത്ത സ്നേഹമാണ് നാലുകെട്ടിൽ അമ്മ. അതുകൊണ്ടുതന്നെ നാലുകെട്ട് എന്ന പ്രതീകം തകർക്കുമ്പോഴും മാതൃദായക്രമത്തിന്റെ ഹൃദയബന്ധങ്ങളെ തകർക്കാതിരിക്കാൻ എം.ടി ജാഗ്രത കാണിക്കുന്നുണ്ട്. വ്യവസ്ഥകൾക്കും പദവികൾക്കും അതീതമായുള്ള മനുഷ്യബന്ധങ്ങളെക്കുറിച്ചുള്ള ഈ കരുതലാണ് നാലുകെട്ടിന്റെ ജാഗ്രത. അപ്പുണ്ണി തിരിച്ചു വന്നപ്പോൾ നാലുകെട്ടു വിലയ്ക്കു വാങ്ങി. പഴയവ്യവസ്ഥ നിലനിർത്തുവാനല്ല കാറ്റും വെളിച്ചവും കടക്കാതെ നൂറ്റാണ്ടുകളായി നിലനിന്ന ആ ഇരുണ്ട വ്യവസ്ഥ പൊളിച്ചു പുതുക്കിപ്പണിയാനാണ് അയാൾ ആഗ്രഹിക്കുന്നത്. ഒരു പുതിയ മനുഷ്യവ്യവസ്ഥയ്ക്ക് തുടക്കം കുറിക്കാനാണ്. ''അമ്മ പേടിക്കണ്ട, ഈ നാലുകെട്ട് പൊളിക്കാനേർപ്പാടു ചെയ്യണം. ഇവിടെ കാറ്റും വെളിച്ചവും കടക്കുന്ന ഒരു ചെറിയ വീടു മതി''. ''പൊളിയ്ക്കേ? ഭഗവതിക്കണസ്ഥലല്ലേ?'' അയാൾ ഉറക്കെച്ചിരിച്ചു. ആ ചിരിയുടെ ശബ്ദം പൊട്ടിയ ഭിത്തികളിൽ തുരുമ്പിച്ച തൂണുകളിൽ, ഇരുണ്ടമൂലകളിൽ തട്ടിതിരിച്ചു വന്നു. കടുത്ത ഏകാന്തത അനുഭവിക്കുന്ന കഥാപാത്രങ്ങളുടെ ആന്തരലോകങ്ങളായിരുന്നു എം.ടി.യുടെ പ്രമേയം. സ്നേഹം, സഹനം, ഒറ്റപ്പെടൽ, കരുത്തുനേടൽ, അതിജീവനം തുടങ്ങി മനുഷ്യമനസുകൾ എക്കാലത്തും നേരിട്ടു പോന്ന ജീവിതാവസ്ഥകളെ തന്റെ കാലഘട്ടത്തിലെ മനുഷ്യപരിസരങ്ങളെ മുഴുവൻ സ്പർശിക്കുന്നവിധത്തിൽ ആവിഷ്കരിക്കുകയായിരുന്നു എം.ടി.

അടിസ്ഥാനപരമായി മനുഷ്യന്റെ ഉള്ളിലെ യഥാർഥ മനുഷ്യൻ ഏകാകിയാണ് എന്നാണ് എം.ടി കണ്ടെത്തിയത്. എം.ടിയുടെ കഥാപാത്രങ്ങൾ മിക്കവരും ഇങ്ങനെ തിരിച്ചു വരാൻ വേണ്ടി മാത്രം പുറപ്പെട്ടു പോയവരാണ്. ബാല്യകൗമാരങ്ങളിൽ നിന്ന്, ഗ്രാമീണതയിൽനിന്ന്, നാടൻഭാഷയിൽനിന്ന് നാട്ടറിവുകളിൽനിന്ന് സ്നേഹിച്ചു മതിയാവാതെ പുറത്തേക്കു പോവേണ്ടി വന്നവരാണ് അവർ. വളർന്നു വലുതാവും എന്ന് ആശിക്കുമ്പോൾത്തന്നെ അപ്പുണ്ണിയിൽ തിരിച്ചറിവുകളുമുണ്ട്. അപ്പുണ്ണി നിഷേധിക്കുന്നത് തകർന്നുകൊണ്ടിരിക്കുന്ന ഒരു വ്യവസ്ഥയെത്തന്നെയാണ്. തനിക്കു നീതിനിഷേധിക്കുന്ന ഒരു വ്യവസ്ഥയോടു പ്രതിഷേധിക്കുവാനുള്ള ഒരു മാർഗം ആ വ്യവസ്ഥ വിട്ടുപോവുക എന്നതാണ്. അപ്പുണ്ണിയും ഗോവിന്ദൻകുട്ടിയും അവരുടെ നിഷേധത്തിന്റെ ഓരോരോ ഘട്ടങ്ങളിലായി ഗ്രാമം വിട്ടു പോവുന്നുണ്ട്. വൈകാരികത കൈവിടാത്ത മനുഷ്യനെ സംബന്ധിച്ച് വിട്ടുപോരുന്ന ഓരോ വ്യവസ്ഥയും ഏകാന്തതയിൽ വീണ്ടും ഓർക്കുമ്പോൾ നന്മനിറഞ്ഞ ഗൃഹാതുരതയുണർത്തുന്നു. അതുകൊണ്ടാണ് അപ്പുണ്ണി തിരിച്ചു വരുന്നതും നാലുകെട്ടു വിലയ്ക്കു വാങ്ങുന്നതും.

അനുഭവിക്കുന്ന വൈകാരികാവസ്ഥയെ സൂക്ഷ്മതയോടെ ആവിഷ്കരിക്കുന്നതിന് എം.ടി പ്രാധാന്യം നല്കി. വ്യക്തിയിലെ മനഃസംഘർഷം കേന്ദ്രസ്ഥാനത്ത് വരികയും കഥപറയുന്നതിന് പകരം അത് അനുഭവിപ്പിക്കുക എന്ന ദൗത്യം നിർവഹിക്കുന്നതിൽ എം.ടി വിജയിക്കുകയും ചെയ്തു. ഏതാണ്ട് ഈ കാലഘട്ടമാകുമ്പോഴേയ്ക്കും മലയാളനോവൽ എണ്ണത്തിലും മൂല്യത്തിലും വളരെയേറെ വളർന്നുകഴിഞ്ഞിരുന്നു. ആദ്യകാല ആഖ്യാതാക്കൾക്കും നവോത്ഥാന ആഖ്യാതാക്കൾക്കും ശേഷം നോവൽ ആഖ്യാനത്തെ സംബന്ധിച്ചിടത്തോളം മഹത്തായ ഒരു പാരമ്പര്യവും വ്യക്തമായ ആഖ്യാനസങ്കല്പവും രൂപപ്പെടുന്നത് എം.ടിയോടുകൂടിയാണ്. വ്യതിയാനത്തിന്റെ സൂചനകൾ നേരത്തെ ദൃശ്യമായിരുന്നു എങ്കിലും പരിവർത്തനം ഒരു യാഥാർഥ്യമായിത്തീർന്നത് എം.ടി വാസുദേവൻ നായരുടെ നോവലുകളിലാണ്. നോവലിനെ തികച്ചും നൂതനമായ ഒരു മണ്ഡലത്തിലേക്കു നയിച്ച എം.ടി നാലുകെട്ടിൽ വടക്കേപ്പാട്ട് തറവാട്ടിന്റെയും അപ്പുണ്ണിയുടെയും കഥയാണ് അനാവരണം ചെയ്തിരിക്കുന്നത്. അപ്പുണ്ണിയുടെയും തറവാടിന്റെയും ജീവിതചിത്രങ്ങൾ സമാന്തരങ്ങ

ളായാണ് നോവലിൽ ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നത്. അപ്പുണ്ണിയും നാലുകെട്ടും തമ്മിലുള്ള നിത്യസംഘർഷമാണിത്. അപ്പുണ്ണിയ്ക്ക് നാലുകെട്ടുമായി ഒരിക്കലും ആത്മബന്ധം സ്ഥാപിക്കാനാവില്ലായിരുന്നു. അവിടത്തെ അന്തേവാസികളുടെ അവഗണനയും വെറുപ്പും ഏറ്റുവാങ്ങി കോണിമുറിയിലെ ഇരുട്ടിൽ കഴിച്ചുകൂട്ടിയിരുന്ന ഓരോ നിമിഷത്തിലും അവൻ ഏകനും അന്യനുമായിരുന്നു. ഒരിക്കലും സമരസപ്പെട്ട്പോകാൻ കഴിയാത്ത ധാരകളായി അപ്പുണ്ണിയുടെ ജീവിതവും നാലുകെട്ടിലെ ജീവിതവും വേറിട്ടുനിന്നു.

പഠിപ്പുകഴിഞ്ഞ് ഉദ്യോഗം നേടിയ അപ്പുണ്ണിയുടെ ജീവിതം ഉയർച്ചയിലേയ്ക്കാണ് എത്തുന്നത്. തറവാട്ടിലാകട്ടെ മുമ്പുതന്നെ ആരംഭിച്ചിരുന്ന കാലുഷ്യങ്ങൾ പലതും മൂർധന്യത്തിലെത്തുകയും ഒടുവിൽ അത് ഭാഗം വയ്പ്പിൽ കലാശിക്കുകയും ചെയ്യുന്നു. തകർച്ച അഥവാ പതനം ഇവിടെ അനിവാര്യമാകുകയാണ്. ഇങ്ങനെ പല നിലയിൽ അപ്പുണ്ണിയുടെ അനുഭവങ്ങളും വടക്കേപ്പാട്ട് തറവാടിന്റെ അവസ്ഥാഭേദങ്ങളും നാലുകെട്ടിൽ ചിത്രീകരിക്കപ്പെടുന്നുണ്ട്. ഒരേ സമയം വിവിധ തലങ്ങൾ ആഖ്യാനത്തിന് ഉണ്ടായിരിക്കുന്നതും അതുകൊണ്ടുതന്നെയാണ്. അപ്പുണ്ണിയുടെയും അവന്റെ അമ്മ പാറുക്കുട്ടിയമ്മയുടെയും വീക്ഷണങ്ങളിലൂടെയും കഥ ആഖ്യാനം ചെയ്യപ്പെടുന്നുണ്ട്. കഥാപാത്രങ്ങളുടെ വാക്കുകളിലൂടെയും ചിന്തകളിലൂടെയും പഴയകാല അനുഭവങ്ങൾ വിവരിക്കുന്ന വീക്ഷണരീതിയും നാലുകെട്ടിൽ ഉപയോഗിച്ചിട്ടുണ്ട്. നാലുകെട്ടിലെ സംഭവക്രമത്തിന് ഏതാണ്ടൊരു പൂർവാപരക്രമം ദീക്ഷിക്കുന്നു. ആഖ്യാതാവ് പ്രധാന സംഭവങ്ങൾ കഥാപാത്രങ്ങളെ മുൻനിർത്തി ചിത്രീകരിക്കുകയും ബാക്കിയുള്ള സംഭവങ്ങൾ കഥാപാത്രങ്ങളുടെ സംഭാഷണത്തിലൂടെയും ഓർമകളിലൂടെയും വെളിവാക്കുകയാണ് ചെയ്യുന്നത്. നോവലിൽ കഥ ആരംഭിക്കുന്ന സന്ദർഭത്തിൽ അപ്പുണ്ണിയ്ക്ക് ഏതാണ്ട് പന്ത്രണ്ട് വയസ്സാണ് പ്രായം. അതിനു മുമ്പുള്ള കഥാസന്ദർഭങ്ങളെല്ലാം ഫ്ളാഷ് ബാക്കിലൂടെ ചിത്രീകരിച്ചിരിക്കുന്നു. പൂർവകാലസംഭവങ്ങൾ കഥാപാത്രങ്ങളുടെ ചിന്തയിലൂടെയും സംഭാഷണത്തിലൂടെയും വെളിപ്പെടുന്നതിനാൽ അവയ്ക്ക് വർത്തമാനകാല പ്രതീതി ഉണ്ടാകുന്നു. ഒപ്പം സംഭവങ്ങളുടെ തുടർച്ചയും. നാലുകെട്ടിന്റെ ആഖ്യാനം തുടങ്ങുന്നത് തന്നെ അപ്പുണ്ണിയുടെ ചിന്തകളിലൂടെയാണ്. അപ്പുണ്ണിയ്ക്ക് മുത്താച്ചി പറഞ്ഞുകൊടുക്കുന്ന കഥയിലൂടെയാണ് കോന്തുണ്ണിനായരുടെ ജീവിതത്തെപ്പറ്റി അറിയുന്നത്. അച്ഛനെപ്പറ്റി കുറെയെല്ലാം അവനറിയുന്നത് മുത്താച്ചിയിൽ നിന്നാണ്. 'കോന്തുണ്ണി മരിയ്ക്കുമ്പോ നീയിത്രേയുള്ള്' അച്ഛൻ മരിയ്ക്കുന്നകാലത്ത് അവന് മുത്താച്ചിയുടെ ചൂണ്ടുവിരലിന്റെ പകുതിയേഉള്ളു. അപ്പുണ്ണിയ്ക്ക് തമാശതോന്നി. അതൊരു സാധാരണ മരണമായിരുന്നില്ല. ആരോ വിഷം കൊടുത്തു കൊന്നതാണ്. വടക്കേപ്പാട്ടുമായുള്ള അപ്പുണ്ണിയുടെ ബന്ധവും ഫ്ളാഷ്ബാക്ക് രീതിയിൽ തന്നെയാണ് ആഖ്യാതാവ് അവതരിപ്പിച്ചിരിക്കുന്നത്. പാറുക്കുട്ടിയുടെ ചിന്തയിലൂടെ പാറുക്കുട്ടിയുടെയും മുത്താച്ചിയുടെയും പൂർവചരിത്രം ആഖ്യാനം നിർവഹിച്ചിരിക്കുന്നതും ഫ്ളാഷ്ബാക്ക് രീതിയിൽത്തന്നെയാണ്.

ഉദാഹരണത്തിന് കോന്തുണ്ണിനായര് പാറുക്കുട്ടിയെ സ്നേഹിച്ചതും വിവാഹം ചെയ്തതുമായ സംഭവങ്ങൾ, ശങ്കരൻനായരുമായുള്ള പാറുക്കുട്ടിയുടെ പൂർവബന്ധം, സെയ്താലിക്കുട്ടി കോന്തുണ്ണിനായരെ കൊന്ന സംഭവം, കൂടാതെ തുള്ളൽ നടത്താനിടയായ സാഹചര്യം, മാളുവിന്റെ വിവരണത്തിലൂടെ വ്യക്തമാകുന്നു. നാലുകെട്ടിനുള്ളിൽ വ്യക്തിബന്ധങ്ങളിലുണ്ടായ ശൈഥില്യം അമ്മാമയുടെ ചിന്തയിലൂടെ വെളിവാകുന്നു. വയനാട്ടിലെ അഞ്ചുവർഷത്തെ ജീവിതം അപ്പുണ്ണിയുടെ മനസിന്റെ വ്യാഖ്യാനത്തിലൂടെ ആവിഷ്കരിക്കുന്നു. ഇത്തരത്തിലുള്ള സംഭവങ്ങൾ കഥാപാത്രങ്ങളുടെ സംഭാഷണങ്ങളിലൂടെയും ചിന്തകളിലൂടെയും ആഖ്യാനം നിർവഹിച്ചിരിക്കുന്നതിനാൽ സ്വാഭാവികത ഏറുകയും ഏകാഗ്രത കിട്ടുകയും ചെയ്യുന്നു. അപ്പുണ്ണിയുടെ വൈയക്തികാനുഭവങ്ങളും ആത്മസംഘർഷങ്ങളും പ്രധാനകഥാപാത്രത്തിന്റെ വീക്ഷണത്തിൽ കൂടി ആഖ്യാനം നിർവഹിക്കുന്നതും നാലുകെട്ടിൽ കാണാം. ബന്ധങ്ങളുടെ വ്യത്യസ്തതലങ്ങൾ അനാവരണം ചെയ്തുകൊണ്ടാണ് ആഖ്യാതാവ് പ്രധാന കഥാപാത്രത്തിന്റെ മനസ് നമുക്ക് വ്യക്തമാക്കിത്തരുന്നത്. ഇതിൽ അമ്മയുമായുള്ള ബന്ധം, തറവാട്ടിലെത്തിയശേ

ഷം അമ്മിണിയേടത്തിയുമായുള്ള ബന്ധം, സെയ്താലിക്കുട്ടിയുമായുള്ള ബന്ധം തുടങ്ങിയവ പ്രധാനമാണ്. സ്നേഹവാത്സല്യങ്ങളുടെ ആർദ്രത, പകയിലും വെറുപ്പിലും തുടങ്ങി വിധേയത്വത്തിൽ അവസാനിക്കുന്ന നിസ്സഹായത എന്നീ ഭാവങ്ങളാണ് ഈ ബന്ധങ്ങളിൽ നിറഞ്ഞു നിൽക്കുന്നത്.

വടക്കേപ്പാട്ട് തറവാട്ടിലെ അംഗമായിരുന്നിട്ടും സ്നേഹിച്ച പുരുഷനോടൊപ്പം ജീവിക്കാൻ തുടങ്ങിയതിന്റെ പേരിൽ തറവാട്ടിൽ നിന്ന് പുറത്താക്കപ്പെട്ട പാറുക്കുട്ടിയുടെ വീക്ഷണത്തിൽ കൂടി കഥാഖ്യാനം നടത്തുമ്പോൾ സഹൃദയരുടെ മനസിൽ ദൈന്യത്തിന്റെ ചിത്രം പതിപ്പിക്കാൻ എം.ടിയ്ക്ക് സാധിക്കുന്നു. ഭർത്താവിന്റെ ആകസ്മികമായ മരണം അവരെ മാനസികമായി തളർത്തിയെങ്കിലും അപ്പുണ്ണിയ്ക്കുവേണ്ടി അവർ ജീവിച്ചു. പക്ഷെ അമ്മയോടു പിണങ്ങി, ഒരിക്കൽ ആട്ടിപ്പുറത്താക്കപ്പെട്ട തറവാട്ടിലേക്ക് പോകാൻ അപ്പുണ്ണി തയ്യാറാകുന്നതാണ് പിന്നീട് നോവലിൽ കാണുന്നത്. ഇതിന് അവന് ആത്മധൈര്യം കൊടുക്കുന്നതാകട്ടെ ഏറ്റവും വലിയ ശത്രുവായി അവൻ കരുതിയിരുന്ന സെയ്താലിക്കുട്ടിയാണ്. പ്രത്യക്ഷത്തിൽ ഇതെല്ലാം വളരെ അസ്വാഭാവികമായി തോന്നാം. സർപ്പംതുള്ളൽ കാണാനാണ് അപ്പുണ്ണി വടക്കേപ്പാട്ട് തറവാട്ടിലേയ്ക്ക് ആദ്യമായി പോയത്. അവിടെ അപ്പുണ്ണിയെ ഏറെ വിസ്മയിപ്പിച്ചത് സർപ്പംതുള്ളലിൽ കളംതുള്ളാനിരുന്ന അമ്മിണിയേടത്തി എന്ന സർപ്പസുന്ദരിയായിരുന്നു. എന്നാൽ പിറ്റേന്ന് കാരണവർ അവനെ തറവാട്ടിൽ നിന്ന് ഇറക്കിവിട്ടപ്പോൾ അയാളോടും തറവാട്ടിലെ വ്യവസ്ഥിതിയോടുമുള്ള ശത്രുതയായിരുന്നു അവന്റെയുള്ളിൽ നീറിനിന്നിരുന്നത്. തറവാട്ടിൽ നിന്നും വരുന്ന വഴിക്ക്, സെയ്താലിക്കുട്ടിയുടെ മുമ്പിൽ ചെന്നുപ്പെട്ടപ്പോൾ അയാളെക്കാൾ വലിയ ശത്രുവായി തറവാട്ടിലെ കാരണവർ മാറുകയാണെന്ന സത്യം അവനറിഞ്ഞു. പിന്നീട് അമ്മയുമായി പിണങ്ങിപ്പോരുമ്പോൾ വടക്കേപ്പാട്ടേക്കുപോകാൻ സെയ്താലിക്കുട്ടി അവനെ ഉപദേശിച്ചു. സെയ്താലിക്കുട്ടിയുടെ മുമ്പിൽ നിസ്സഹായനായി നിൽക്കാനല്ലാതെ പ്രതിരോധമുയർത്താൻ വേണ്ട കരുത്ത് തനിക്കില്ലെന്ന് അവന് തികഞ്ഞ ബോധ്യമുണ്ടായിരുന്നു. അതുകൊണ്ട് തന്നെ നിസ്സഹായത കലർന്ന വിധേയത്വത്തോടെ അയാളെ അവൻ അനുസരിച്ചു.

അമ്മയുമായി പിണങ്ങിയത് ന്യായീകരിച്ച് തറവാട്ടിൽ എത്തിച്ചേരാൻ വെമ്പൽ പൂണ്ടിരുന്ന അവന്റെ ഉപബോധമനസിന് സെയ്താലിക്കുട്ടിയുടെ വാക്കുകൾ ആശ്വാസമായിരുന്നു. നാലുകെട്ടിലെ കലുഷാന്തരീക്ഷത്തിൽ അമ്മിണിയേടത്തിയുടെ സാമീപ്യം മാത്രമാണ് അപ്പുണ്ണിക്ക് ആശ്വാസമേകിയത്. ഒറ്റയ്ക്കിരിക്കുമ്പോൾ ആരും കാണാതെ പുറത്തെടുത്ത് ഓമനിക്കാനുള്ള ഒന്നായി ആ ബന്ധത്തിന്റെ ഓർമകൾ അവൻ മനസിൽ സൂക്ഷിച്ചു. അപ്പുണ്ണിയുടെ തുടർന്നുള്ള ജീവിതത്തിലെ പ്രധാനവഴിത്തിരിവ് ഉദ്യോഗലബ്ധിയായിരുന്നു. അത് അവൻ നേടുന്നത് സെയ്താലിക്കുട്ടി വഴിയാണ്. സെയ്താലിക്കുട്ടിയെ സംബന്ധിച്ചിടത്തോളം അയാൾ ചെയ്ത പാപകർമത്തിനുള്ള പ്രായശ്ചിത്തമായിരുന്നു ഇത് എന്ന് വേണമെങ്കിൽ പറയാം. അയാൾ അത് ഏറ്റുപറയുമ്പോൾ ഞാനത് മറന്നിരിക്കുന്നു എന്നു മാത്രമേ അപ്പുണ്ണിയ്ക്ക് പറയാനായുള്ളൂ.

കുടുംബം എന്ന സാമൂഹിക സ്ഥാപനത്തിന്റെ നിരവധി ഘടകങ്ങളിലേക്ക് നോവൽ വികസിക്കുന്നു. തറവാട്ടുസ്വത്തിലുള്ള അധികാരം ദുർവിനിയോഗം ചെയ്യുന്ന കാരണവരും സ്വന്തമായി ഒന്നും ചെലവാക്കാനില്ലാത്ത മരുമകനും ഈ മേഖലയിലെ പ്രധാനകണ്ണികളാണ്. ഇവിടെ പൊരുത്തക്കേടുകൾ സ്വാഭാവികം മാത്രം. കാരണവർ ചോറിനും കഞ്ഞിക്കുമുള്ള നെല്ല് കൊടുക്കാതെ പൂട്ടി വയ്ക്കുമ്പോൾ മരുമകൻ വിതച്ചെടുത്ത് വേവിക്കാൻ നോക്കുന്നു. അപ്പുണ്ണി ജോലിതേടി പോകുന്നത് വയനാട്ടിലെക്കാണ്. ബസ്സിലിരിക്കുമ്പോൾ അവൻ കാണുന്നത് വയനാട്ടിന്റെ രമണീയമായ സ്ഥലങ്ങളാണ്.

മരുമക്കത്തായ കൂട്ടുകുടുംബവ്യവസ്ഥിതിയുടെ പശ്ചാത്തലത്തിലാണ് നാലുകെട്ടിലെ കഥ നടക്കുന്നത്. നാലുകെട്ടിലെ സ്ഥലാവിഷ്കരണം അതിന്റെ എല്ലാ അർഥത്തിലും എം.ടി ഉപയോഗപ്പെടുത്തിയിരിക്കുന്നു. പശ്ചാത്തലം, ജനത, അന്തരീക്ഷം, പ്രാദേശികത തുടങ്ങിയ സ്ഥലത്തിന്റെ എല്ലാ ഘടകങ്ങൾക്കും ഊന്നൽ നൽകുന്നുണ്ട്. കൂടാതെ സ്ഥലത്തെ വൈകാരികമായും പ്രതീകാത്മകമായും ചിത്രീകരിച്ചിട്ടു

മുണ്ട്. കൂടല്ലൂർ ഗ്രാമത്തിന്റെ പശ്ചാത്തലത്തിൽ ആണ് കഥ നടക്കുന്നത്. നാലുകെട്ടും വയലും പുഴയും സർപ്പം തുള്ളലും വെള്ളപ്പൊക്കവും മറ്റും ചേർന്ന ഗ്രാമീണ സ്ഥലാന്തരീക്ഷചിത്രീകരണം ആഖ്യാനത്തിൽ സാധിച്ചിരിക്കുന്നു. പഴയ വള്ളുവനാടിൽ ഉൾപ്പെടുത്താവുന്ന പന്നിയൂരിന്റെ ഭാഗമായ കൂടല്ലൂരും പരിസരങ്ങളും മാത്രമായിരുന്നു, എം.ടി പശ്ചാത്തലമായി സ്വീകരിച്ചത്. കൂടല്ലൂരിന് പുറമേ മാണിയൂരും കുമ്പിടിയും വളാഞ്ചേരിയും പട്ടാമ്പിയും തൃത്താലയും കൊടുകുന്നത്തുകാവും യജ്ഞേശ്വരവും നാലുകെട്ടിൽ കടന്നു വരുന്നു. ഒരു പ്രത്യേകസ്ഥലത്തിലെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും അവിടത്തെ സംഭാഷണത്തിന്റെ പ്രത്യേകതകളുമാണ് സ്ഥലബോധം ഉണ്ടാകുന്നത്. സ്ഥലത്തെ വൈകാരികമായി ചിത്രീകരിക്കുന്ന ഒട്ടേറെ ഭാഗങ്ങൾ നോവലിലുണ്ട്. അപ്പുണ്ണി വീടു വിട്ടിറങ്ങിയശേഷം പാറുക്കുട്ടി ഏകാകിനിയായി കഴിയുന്ന അവസരത്തിൽ പുറത്തെ ഇരുട്ടിനേയും ശക്തമായി പെയ്യുന്ന മഴയേയും ചിത്രീകരിക്കുന്നത് ശ്രദ്ധേയമാണ്.

നാലുകെട്ട് എന്ന നോവൽ ആരംഭിക്കുമ്പോൾ പ്രധാനകഥാപാത്രമായ അപ്പുണ്ണിയ്ക്ക് 12 വയസ്സ് പ്രായമുണ്ട്. അവൻ ഹൈസ്കൂൾ ക്ലാസിൽ ചേരാനൊരുങ്ങുകയാണ്. ഹൈസ്കൂൾ വിദ്യാഭ്യാസവും കഴിയുന്നതോടെ ജോലിക്കായി അവൻ വയനാട്ടിലേയ്ക്ക് പോകുന്നു. വയനാട്ടിൽ അഞ്ചുവർഷം ജോലി ചെയ്തിട്ടാണ് അവർ നാട്ടിലെത്തുന്നതും സമ്പാദിച്ച കാശുകൊണ്ട് നാലുകെട്ട് വിലയ്ക്കു വാങ്ങുന്നതും. ആ സമയത്ത് അവന് 20 വയസ്സുണ്ട്. അങ്ങനെ ആകെ എട്ടു വർഷത്തെ ക്രിയാകാലമാണ് ഈ ആഖ്യാനത്തിലുള്ളത്. കാലക്രമം ദീക്ഷിച്ചുകൊണ്ട് വർത്തമാനകാലത്തോടൊപ്പം നീങ്ങുന്ന ആഖ്യാനം ഭൂതകാലസംഭവത്തിന്റെ കേട്ടറിവുകൾ ഉൾക്കൊണ്ടാണ് മുന്നോട്ട് നീങ്ങുന്നത്. വടക്കേപ്പാട്ടു തറവാട്ടിലെ പാറുക്കുട്ടി കോന്തുണ്ണിനായരുമായി സ്നേഹത്തിലാകുന്നതും ആ സംഭവം അറിഞ്ഞ വീട്ടുകാർ ഉടനെ മണിയൂരിൽ നിന്നും വന്ന പ്രായമുള്ള ഒരാളുമായി അവരുടെ വിവാഹം ഉറപ്പിക്കുന്നതും വിവാഹത്തിന്റെ തലേരാത്രി അവൾ ആരോടും ചോദിക്കാതെ കുടുംബത്തെ ധിക്കരിച്ചു കൊണ്ട് കോന്തുണ്ണിനായരോടൊപ്പം പോകുന്നതും വിഷം കഴിച്ച് കോന്തുണ്ണി നായർ കൊല്ലപ്പെടുന്നതും എല്ലാം അപ്പുണ്ണിയുടെ കേട്ടറിവിലൂടെയാണ് ആഖ്യാതാവ് അവതരിപ്പിക്കുന്നത്. ഇങ്ങനെ വർത്തമാനകാലവും സ്മരണകളും ഇഴപിരിഞ്ഞു പോകുന്ന കഥാഘടനയും കാലഘടനയുമാണ് നാലുകെട്ടിലുള്ളത്. ഇങ്ങനെ നോക്കിയാൽ ഒരു നീണ്ട കാലചരിത്രം ആഖ്യാനത്തിൽ ഉള്ളതായി കണ്ടെത്താം. എന്നാൽ പാറുക്കുട്ടി, കോന്തുണ്ണിനായരുമായി പ്രണയത്തിലായതു മുതൽ അപ്പുണ്ണിയ്ക്ക് ഇരുപത് വയസ്സുവരെയുള്ള ഏകദേശം 24 വർഷത്തോളം ദൈർഘ്യം ഈ നോവൽ ഉൾക്കൊള്ളുന്നു. സന്ദർഭങ്ങളുടെ ക്രമാനുഗതമായ വളർച്ചയിലൂടെ ഏകാഗ്രതയുള്ള ഒരു കഥപറയാൻ എം.ടിയ്ക്ക് സാധിക്കുന്നു.

കഥാപാത്രങ്ങളുടെ മനോവികാരങ്ങൾക്കനുസൃതമായ ഭാഷ എം.ടി ഉപയോഗിച്ചിരിക്കുന്നു. വയനാട്ടിൽ സ്ഥിര ശമ്പളക്കാരനായി ഉദ്യോഗസ്ഥനായ ശേഷം അപ്പുണ്ണി സെയ്താലിക്കുട്ടിയെ കാണാൻ ചെന്നു. അപ്പോഴേയ്ക്കും സെയ്താലിക്കുട്ടി തളർന്നുവീണു കിടപ്പിലായിരുന്നു. ആ കിടപ്പിലും ദൈവത്തോട് കോപമില്ലാതെ, എല്ലാം തന്റെ തെറ്റിനുള്ള ശിക്ഷയായി സ്വയം കരുതി പശ്ചാത്തപിക്കുന്നു സെയ്താലിക്കുട്ടി. അപ്പുണ്ണി കാണാൻ വന്നപ്പോൾ അയാൾ തന്റെ മനസ് തുറക്കുന്നു. ചെയ്തുപോയ മാപ്പർഹിക്കാത്ത ഒരു തെറ്റിന് അനുനിമിഷം സ്വയം കുറ്റപ്പെടുത്തി ജീവിക്കുന്ന കഥാപാത്രം ഒന്നും ചെയ്യാനാകാത്ത നിസ്സഹായാവസ്ഥയിൽ രോഗിയായി കിടക്കുമ്പോഴും എല്ലാം പടച്ചോന്റെ കളിയായി കാണുന്ന സെയ്താലിക്കുട്ടിയുടെ മനസിന്റെ ശുദ്ധിയും ഏതനുഭവങ്ങളേയും സ്വീകരിക്കാനായി തയ്യാറെടുക്കുന്ന മനുഷ്യന്റെ വിശുദ്ധിയും ആ സംഭാഷണങ്ങളിൽ പാകപ്പെടുത്തിയിരിക്കുന്നു. ആ കഥാപാത്രത്തിന് മറ്റെല്ലാ കഥാപാത്രത്തെക്കാളും മികവും മിഴിവും അവകാശപ്പെടാനാകുന്നു. ആ യോഗ്യത കഥാപാത്രത്തിന് ലഭ്യമാക്കുന്നത് എം.ടിയുടെ പ്രത്യേകതയാർന്ന ഭാഷയുടെ ചൈതന്യത്താലാണ്.

വലിയമ്മാമ അയാൾക്ക് വീതം കിട്ടിയ നാലുകെട്ട് ഒടുവിൽ വിൽക്കാൻ തീരുമാനിച്ചു. അത് വാങ്ങാൻ തയ്യാറാകുന്നത് പണ്ട് ഇതേ

നാലുകെട്ടിൽ നിന്ന് പുഴുത്ത പട്ടിയെപ്പോലെ പുറത്തേയ്ക്ക് വലിച്ചെറിഞ്ഞ അപ്പുണ്ണിയും. ആ അപ്പുണ്ണിയുടെ മുമ്പിൽ ധാർഷ്ട്യത്തിന്റെയും ഗർവിന്റെയും അവതാരമൂർത്തിയായിരുന്ന വലിയമ്മാമ പത്തി മടക്കി അടിയറവു പറഞ്ഞു. കാലത്തിന് ഇങ്ങനെയൊരു പരിണാമം ഉണ്ടാകുമെന്ന് യാഥാസ്ഥിതികനായ വലിയമ്മാമ ഒട്ടും കരുതിയില്ല മൗനമായി അപ്പുണ്ണിയുടെ മുന്നിൽ മാപ്പപേക്ഷിച്ചു നിന്ന ആ നില്പ്പ് പരോക്ഷമായി സൂചിപ്പിച്ചിരിക്കുന്നത് വലിയമ്മാമയുടെ ശിരസ് കുറേക്കൂടി കുനിഞ്ഞു എന്നാണ്. എം.ടിയുടെ ഭാഷ കാട്ടുന്ന ഔചിത്യദീക്ഷയും അതോടൊപ്പം മൗനത്തിൽ മനോവികാരങ്ങളെ പ്രകടമക്കുന്ന പ്രത്യേകസിദ്ധിയും ഇവിടെ വെളിവാകുന്നു.

കൊച്ചുമകന്റെ ശ്രേയസ്സുമാത്രം പ്രാർഥിച്ച് ജീവിതത്തിന്റെ സായംകാലത്തെ തള്ളിനീക്കുന്ന അമ്മാമ, മകളെ പിരിഞ്ഞ ദുഃഖം ചെറുമകനെ സ്നേഹിച്ച് മാറ്റിയെടുക്കാൻ ആഗ്രഹിച്ചെങ്കിലും അതിനും അനുമതിയില്ലാതെ വിഷമിക്കുകയായിരുന്നു അവർ. ഒടുവിൽ പ്രാർഥനയുടെ സാഫല്യം പോലെ അവർ അവനെ കാണുന്നു. അവനും ആ സാധ്വിയെ മറന്നില്ല. എന്നിടത്താണ് ആ രംഗത്തിന്റെ മിഴിവ് നിൽക്കുന്നത്; ഒപ്പം തറവാടിന്റെ പതനവും ഒറ്റപ്പെടലിന്റെ തേങ്ങലും ഏല്ലാം കുറുകിയ ഭാഷയിൽ എം.ടി ഒതുക്കി നിറച്ചിരിക്കുന്നു. തകർന്നു തുടങ്ങിയ കൂട്ടുകുടുംബവ്യവസ്ഥയും മരുമക്കത്തായവും പശ്ചാത്തലമായി വരുന്ന നോവലാണ് നാലുകെട്ട്. പണക്കാരനായി കൂടല്ലൂരിൽ തിരിച്ചെത്തിയ അപ്പുണ്ണിയെ കാണാൻ പ്രായമായ ഒരു സ്ത്രീ, കൃഷ്ണൻകുട്ടി, കുട്ടമ്മാമ ഇവർ എത്തുന്നത് അപ്പുണ്ണിയുടെ വിദ്വേഷത്തിന് ഇരയാവാനല്ല. പണത്തിന്റെ മാന്ത്രികമായ പരിവർത്തനങ്ങൾ ഉദാഹരിക്കാനാണ്. പുരയിടവും വളപ്പുകളും വയലുകളും സമ്പത്തായിരിക്കുന്ന കുടുംബത്തിലേയ്ക്ക് കടന്നു വരുന്ന നാണയങ്ങൾ അംഗങ്ങളെ കോരിത്തരിപ്പിക്കുന്നു. തനിക്ക് സ്കൂളിൽ നിന്ന് സ്കോളർഷിപ്പ് പാസ്സായപ്പോൾ പണത്തിന്റെ മാന്ത്രിക പ്രഭാവം അപ്പുണ്ണിക്കും മനസിലായതാണ്. വീട്ടിലെത്തിയപ്പോൾ തനിക്കുമുമ്പെ ആ വാർത്ത അവിടെ എത്തിയിരുന്നു. അന്ന് വലിയമ്മാമ അല്പം സ്നേഹം കാട്ടി. ഉണ്ണാൻ ഭാസ്കരനും മറ്റും ഇരുന്നപ്പോൾ വലിയമ്മാമയാണ് അവനെ വിളിച്ചത്. 47 ഉറുപ്പിക 15 അണയ്ക്ക് ഇത്രവിലയുണ്ടെന്ന് അവൻ മനസിലാക്കിയിരുന്നില്ല. സത്യത്തിൽ അപ്പുണ്ണിയ്ക്ക് തെറ്റിയതാണ്. പണത്തിനല്ല വില, പണം നിലയില്ലാതെ വന്നുകൊണ്ടേയിരിക്കാനുള്ള സാധ്യതയ്ക്കാണ്. അപ്പുണ്ണിയുടെ ഓർമകളിൽ കുന്നുപോലെ ഉയർന്നു നിന്ന മഹാനായിരുന്നു അവന്റെ അച്ഛൻ. അന്നത്തെ സാമാന്യ ബോധത്തിനെതിരെ കലഹിച്ചു നിൽക്കാൻ ധൈര്യം കാട്ടിയ ശക്തൻ. അച്ഛനെപ്പോലെ വലുതാവാൻ അപ്പുണ്ണിയും ആഗ്രഹിച്ചതാണ്. വെളിച്ചെണ്ണ വാങ്ങാൻ രണ്ടണകീശയിലിട്ട് ഓടിപ്പോയ കുട്ടി നാലായിരത്തിലേറെ ഉറുപ്പികയുമായി തിരിച്ചുവന്നത് വളർച്ച തന്നെ. പക്ഷെ ദാരിദ്ര്യം നിറഞ്ഞ അവന്റെ ബാല്യം അവന്റെ വളർച്ചയ്ക്ക് പരിമിതമായ സീമ നിശ്ചയിച്ചുകൊണ്ട് അവനെ കെട്ടിയിട്ടു.

നാലുകെട്ട് വിലയ്ക്ക് വാങ്ങിയപ്പോൾ അവന് വല്ലാത്ത ആത്മസംതൃപ്തിയുണ്ടെങ്കിലും ഒരു ശൂന്യതാബോധം അവനെ ഗ്രസിക്കുന്നു. അപ്പുണ്ണിയുടെ മനസിന്റെ ഇരുണ്ട ഇടനാഴികളിൽ ആത്മബോധത്തിന്റെ വെളിച്ചം ആദ്യമായി തള്ളിക്കയറുകയാണ്. ഇത്രനാളും സ്വയം തെറ്റിദ്ധരിപ്പിക്കുകയായിരുന്നു. തനിക്കാരുമില്ലെന്നും ഈ ലോകത്തിൽ ജനിച്ചതാണെന്നും പറയുന്നതിൽ ഒരു തരം വിലകുറഞ്ഞ അഭിമാനം തോന്നുകയായിരുന്നു. പലരും ഉണ്ടെന്ന് വിചാരിച്ച സത്യം വഞ്ചനയായിരുന്നു. ചിത്രകൂടവും മച്ചിലെ ഭഗവതിയും സർപ്പക്കാടും പിതൃക്കളുടെ പ്രേതങ്ങളും നോവലിലെ ദേവചിഹ്നങ്ങളാണെങ്കിൽ അവയെല്ലാം നാലുകെട്ടിന്റെ അംശങ്ങളെന്ന നിലയിലാണ് അപ്പുണ്ണികാണുന്നത്. നാലുകെട്ടിനെ ചുഴന്നു കിടക്കുന്ന ദൈവികതയെ അവൻ അറിഞ്ഞതും അനുഭവിച്ചതും പേടിയുടെ രൂപത്തിലായിരുന്നു. നാലുകെട്ടിൽ ഘനീഭവിച്ചു കിടക്കുന്ന അധികാരത്തോടുള്ള ഭയവും അതിലെ ദൈവങ്ങളോടുള്ള ഭയവും വേർതിരിഞ്ഞു നിൽക്കുന്നില്ല.

അപ്പുണ്ണി പകരം വീട്ടാനുള്ള പണവുമായി എത്തുന്നതിനുമുമ്പേ നാലുകെട്ട് തകർന്നു കഴിഞ്ഞിരുന്നു. കുടുംബാംഗങ്ങളുടെ ഭാഗ്യനിർഭാഗ്യങ്ങളാണ് നാലുകെട്ടിന്റെ ഭാവിനിർണയിച്ചതെന്നു തോന്നാമെങ്കിലും തകർച്ചയ്ക്കു പിന്നിൽ

കാരണം വേറെയുണ്ടെന്ന് കഥയുടെ അന്തരീക്ഷം സൂചിപ്പിക്കുന്നു. നാലുകെട്ടിനു വെളിയിൽ മാറ്റങ്ങളുടേതായ ഒരു ലോകം ഇരമ്പി നിൽക്കുന്നുണ്ടായിരുന്നു. വയനാട്ടിലെ ചായത്തോട്ടം, റെയിൽവേ, പുത്തൻ പണക്കാർ എന്നിങ്ങനെ ഏതാനും സംഗതികൾ മാത്രമേ നാലുകെട്ടിനു പുറത്തെ ലോകത്തെ സൂചിപ്പിക്കുവാനായി ഇതിവൃത്തത്തിലുള്ളൂ. മരുമക്കത്തായ ക്രമപ്രകാരം ഒരു തറവാടിന്റെ അധികാരം കാരണവർക്കായിരുന്നു. മാനുഷികധർമങ്ങളെ പൂർണമായും നിരാകരിക്കുന്ന സാമൂഹ്യവ്യവസ്ഥയായിരുന്നു നാലുകെട്ടുകളിൽ നടന്നിരുന്നത്. ഹൃദയബന്ധങ്ങൾക്ക് അവിടെ സ്ഥാനമില്ലായിരുന്നു. കൂട്ടുകുടുംബവ്യവസ്ഥിതി അവസാനിക്കുന്നതിന് പ്രധാനക്കാരണക്കാർ ചെറുപ്പക്കാരായിരുന്നു. സ്ത്രീകൾ തറവാട്ടിലെ ഒറ്റപ്പെട്ട തുരുത്തുകൾ മാത്രമായിരുന്നു. ഈ യാഥാർഥ്യങ്ങളാണ് നാലുകെട്ട് എന്ന നോവൽ ബിംബാത്മകമായി അവതരിപ്പിക്കുന്നത്. അപ്പുണ്ണി ചെറിയ കുട്ടിയായിരുന്നപ്പോൾ ഉറക്കം വരാതെ കിടക്കുമ്പോൾ ഇരുട്ടിൽ ഒരു പകിട തിരിയുന്നത് കാണുമായിരുന്നു. പകിട തിരിയുന്ന ശബ്ദം കേട്ടുകൊണ്ടിരിക്കെ അവന്റെ കണ്ണുകൾ പതുക്കെ അടഞ്ഞു വരും ഉണർന്നിരിക്കുമ്പോഴും കണ്ണുകൾ അടഞ്ഞിരിക്കുമ്പോഴും പ്രേതലോകത്തിൽ നിന്നെത്തുന്ന സന്ദർശകൻ തിരിഞ്ഞുകൊണ്ടേയിരിക്കുന്നു. അന്യലോകത്തിൽ നിന്നെത്തുന്ന പകിടയുടെ കറക്കം അപ്പുണ്ണിയുടെ ജീവിതത്തെ നിയന്ത്രിച്ചു കൊണ്ടിരുന്നു. നാലുകെട്ടിന്റെ തകർച്ചയുടെ പല കാരണങ്ങളിലൊന്നായ അപ്പുണ്ണിയുടെ അച്ഛന്റെ പ്രേതമാണ് പകിടക്കരു. നാലുകെട്ടിന്റെ ഭാഗ്യനിർഭാഗ്യങ്ങളുടെയും അദൃശ്യമായ ഒരു വൃത്തത്തിനകത്തെ ആകസ്മികതകൾക്കും രൂപകമായി അത് മണ്ണിൽ കുത്തി നിന്നു കറങ്ങി. കുടുംബചിത്രത്തിന്റെ ജാഗ്രതയിലും സ്വപ്നത്തിലും അത് തിരിഞ്ഞു കൊണ്ടേയിരിക്കുന്നു.

നാലുകെട്ടിലെ കുട്ടമാമയും കുടുംബവും പിന്നെ പാടത്ത് അടിമത്തൊഴിൽ ചെയ്യുന്ന ചെറുമികളും ഒക്കെ ചൂഷണാത്മക സാമ്പത്തിക കുടുംബ വ്യവസ്ഥിതിയുടെ ഭാഗമായിരുന്നു. തൊട്ടതിനും പിടിച്ചതിനും പഴി കേൾക്കേണ്ടി വരികയും അർഹിച്ച പരിഗണന കിട്ടാതെ പകലന്തിയോളം വീട്ടുജോലി എടുക്കുന്ന മീനാക്ഷിയും മാളുക്കുട്ടിയും എല്ലാം നാടുവാഴിത്ത കുടുംബ വ്യവസ്ഥയിലെ ചൂഷണത്തിന്റെ ഉദാഹരണമാണ്. പഠനത്തിലും ജോലിയിലും ജീവിതത്തോട് തന്നെയും പക്വതയുള്ള കഥാപാത്രമാണ് അപ്പുണ്ണി. ജോലി ചെയ്ത് സമ്പാദിച്ച സ്വത്തുമായി നാട്ടിലെത്തിയ അവന്റെ പണത്തിന് ആവശ്യക്കാർ ധാരാളമുണ്ടായിരുന്നു. ഫ്യൂഡൽ വ്യവസ്ഥിതിയിൽ സ്ത്രീ അനുഭവിക്കേണ്ടി വരുന്ന ദുരിതങ്ങളുടേയും നിശബ്ദ സഹനത്തിന്റേയും സാക്ഷ്യപത്രങ്ങളായ സ്ത്രീകഥാപാത്രങ്ങളുണ്ട് നാലുകെട്ടിൽ. തന്റെ അച്ഛനിൽ അഭിമാനം കൊള്ളുന്ന സാധാരണ ബാലന്റെ ചിത്രം തന്നെയാണ് അപ്പുണ്ണിക്ക് എം.ടി വരച്ചു നൽകിയിരിക്കുന്നത്.

### 2.2.6 അവലോകനം

ഗദ്യസാഹിത്യത്തിലെ ശക്തമായ ധാരയാണ് നോവൽ സാഹിത്യം. മനുഷ്യജീവിതത്തിന്റെ സമഗ്രാവിഷ്കരണത്തിന് ഫലപ്രദമായ ഉപാധി കൂടിയാണ് നോവൽ. മനുഷ്യമനസിന്റെ സങ്കീർണതകളെ ആന്തരികഭാവങ്ങളെ കല്പനികഭാവത്തോടെ അവതരിപ്പിച്ച എഴുത്തുകാരനാണ് എം.ടി. വാസുദേവൻ നായർ. മധ്യവർഗഫ്യൂഡൽ സമൂഹത്തിന്റെ ജീർണതകളിൽ വീർപ്പുമുട്ടുകയും അതിൽ വ്യഥിതരാകുകയും ഉള്ളിൽ കലാപകാരികളാവുകയും ചെയ്യുന്ന മനുഷ്യരുടെ അന്തർലോകത്തെ ആവിഷ്കരിക്കുന്നവയാണ് എം.ടിയുടെ നോവലുകൾ. അഹംബോധത്തിന്റെയും ആത്മാഭിമാനത്തിന്റെയും ശക്തമായ പ്രാതിനിധ്യമുള്ള നായകകഥാപാത്രങ്ങളാണ് എം.ടിയുടെ നോവലുകളിലുള്ളത്. അത്തരത്തിൽ ശക്തമായ നായക കഥാപാത്രമാണ് നാലുകെട്ടിലെ അപ്പുണ്ണി. ചുറ്റുപാടുകളോട് നിഷേധത്മക സ്വഭാവം പുലർത്തുന്ന കഥാപാത്രമാണ്.

എം.ടിയുടെ കാലം പരിവർത്തനത്തിന്റെ കാലമായിരുന്നു. സ്വാതന്ത്ര്യത്തിന്റെ പുതുവെളിച്ചവും ലോകത്തിലാകമാനം സംഭവിച്ച ആധുനിക പ്രവണതകളും, നൂറ്റാണ്ടുകളിലായി കേരളസമൂഹത്തിൽ നിലനിന്നിരുന്ന മരുമക്കത്തായ വ്യവസ്ഥിതിയുടെ തകർച്ചയും, അതിന്റെ സാമൂഹിക ഫലങ്ങളും, ഫ്യൂഡൽ വ്യവസ്ഥതിയുടെ

തകർച്ചയും പ്രതിഫലിച്ചിരുന്ന സാമൂഹ്യ ക്രമമായിരുന്നു അന്ന് നിലവിലിരുന്നത്. ജീർണ്ണമായ നാലുകെട്ടുകൾക്കുള്ളിൽ തകർന്നടിയുന്ന മനുഷ്യജീവിതങ്ങളനുഭവിക്കുന്ന ക്ലേശങ്ങളും നിരാശകളും കലാകാരന്മാരിൽ അന്തർമുഖത്വം വളർത്തി. ഇത്തരം സാമൂഹികാസംതൃപ്തി എം.ടിയിലും ഉണ്ടായിരുന്നു. വിരസതയും ശൂന്യതാബോധവും രചനയ്ക്ക് വിഷയമായി. ശിഥിലമായ കുടുംബത്തിൽ നിന്ന് ഭ്രഷ്ടനാക്കപ്പെടുന്ന വ്യക്തിയുടെ വ്യസനങ്ങൾ ഏതു മാർഗത്തിൽ സഞ്ചരിക്കുന്നുവെന്നും മനുഷ്യബന്ധങ്ങളുടെ പ്രഹേളികാ സ്വഭാവം എന്താണെന്നും അന്വേഷിക്കുന്ന നോവലുകളായിരുന്നു എം.ടിയുടേത്.

എം.ടിയുടെ നോവലുകളിലെ കാല്പനികനായകൻ സമൂഹത്തിന്റെ നിരന്തരമായ വേദനിപ്പിക്കലുകൾക്ക് വിധേയനാവുന്നുണ്ട്. അതയാളെ അടങ്ങാത്ത അമർഷവും പകയുമുള്ളയാളാക്കി നിർത്തുന്നു. നാലുകെട്ടിലെ അപ്പുണ്ണിക്ക് ചുറ്റുപാടുകളാകെ ഒരു തരം പകയുണ്ടാക്കുന്ന അനുഭവങ്ങളാണ് നല്കിയത്. അങ്ങനെ അയാൾ അസംതൃപ്തിയുടേയും അമർഷത്തിന്റേയും ആത്മനിന്ദയുടേയും പ്രതീകമായിമാറുന്നു. സ്വന്തം ഇല്ലായ്മകൾ സൃഷ്ടിക്കുന്ന അപകർഷതാബോധത്തിലാണ് ബാല്യം കഴിയുന്നത്. എല്ലാവരും ശത്രുപക്ഷത്തിലാണ് നിൽക്കുന്നത്. ഇവരോടെല്ലാമുള്ള പ്രതിഷേധം വ്യവസ്ഥിതിയോടുള്ള പ്രതിഷേധമായി മാറുന്നു. അതുകൊണ്ടാണ് തന്നെ വേദനിപ്പിച്ച നാലുകെട്ട് വിലയ്ക്കു വാങ്ങി അപ്പുണ്ണി പൊളിച്ചു കളയാൻ നിശ്ചയിക്കുന്നത്. കാല്പനികൻ തന്റെ ഇഷ്ടാനിഷ്ടങ്ങളെ തകർക്കുന്ന സാമൂഹിക ശക്തികളെ നേരിടുന്നതിലും അവരെ പരാജയപ്പെടുത്തുന്നതിലും വല്ലാത്ത ആനന്ദം അനുഭവിക്കുന്നവനാണ്. എല്ലാം ഇട്ടെറിഞ്ഞു അമ്മയെ ഉപേക്ഷിച്ചു പോകുന്ന അപ്പുണ്ണിയുടെ തീരുമാനത്തിന് ഒരു പരിധിവരെ സമൂഹത്തിന്റെ കാഴ്ചപ്പാടുകൾ കാരണമാകുന്നു എന്നതും എം.ടി വ്യക്തമായി വരച്ചു കാട്ടുന്നു. അമ്മയുടെ സ്നേഹവും മാളുവിന്റെ പരിഗണനയുമെല്ലാം നാലുകെട്ടിലെ ജീവിത ലോകത്തേയ്ക്ക് വായനക്കാരെ എത്തിക്കുന്നു എന്നത് എം.ടിയുടെ എഴുത്തിന്റെ മാന്ത്രികതയാണ്. തന്നെതേടി അപ്പുണ്ണി വരും എന്ന പ്രതീക്ഷയോടെ വെളുക്കുവോളം കാത്തിരിക്കുന്ന അമ്മയുടെ തേങ്ങലുകളും വായനക്കാരുടെ മനസിൽ സങ്കടം നിറയ്ക്കുന്നു. മാതൃസ്നേഹത്തിന്റെ ആഴവും പരപ്പും മാത്രമല്ല സ്ത്രീയെ രക്ഷിക്കാൻ നന്മയും സ്നേഹമുള്ള മനസിനേ സാധിക്കൂ എന്നും ശങ്കരൻനായർ തെളിയിക്കുന്നുണ്ട്. ഇവിടെ കുറച്ചുകൂടി വെളിച്ചമുള്ള ഒരു വീടു കെട്ടണം എന്ന അപ്പുണ്ണിയെക്കൊണ്ട് പറയിക്കുന്നതാണ് നാലുകെട്ടിലെ ദർശനം.

## Recap

- റൊമാന്റിസിസം ഒരു മനോഭാവമാണ്
- ജർമൻ ചിന്തകനായ ഫ്രെഡറിക് ഷ്ളേഗലാണ് റൊമാന്റിസിസം എന്ന പദം പ്രചരിപ്പിച്ചത്
- ഭാവനയ്ക്കാണ് കാല്പനികതയിൽ ഏറെ പ്രാധാന്യം
- വിഷാദാത്മകത്വം, അതൃപ്തി, വേദന, മരണം തുടങ്ങിയ ഘടകങ്ങൾ
- നഗരത്തിലേക്ക് തിരിച്ചെത്താനായി യാത്രയാകുന്നവരും നഗരത്തെ തങ്ങളുടെ ജീവിതയാത്രയിലെ ഇടത്താവളമായി കാണുന്നവരും
- കവിതയുടെ മാസ്മരികത പ്രസരിപ്പിക്കുന്ന ഭാഷയാണ് എം.ടിയുടേത്
- വ്യക്തി മനസിന്റെ ഇരുണ്ട ഭാവങ്ങൾ
- പ്രകോപിതമായ അഭിമാനബോധം വ്യക്തിപ്രതിഷ്ഠാപനവ്യഗ്രത, അമർത്തപ്പെട്ട അരിശം, ആത്മനിന്ദ, ഏകാകിതാബോധം പ്രകൃതിയിലേക്കുള്ള മടക്കം
- അപ്പുണ്ണി സ്വത്വാവിഷ്കരണവ്യഗ്രത ശക്തമായി പ്രകടിപ്പിക്കുന്ന നായക കഥാപാത്രം
- കേരളത്തിന്റെ ചരിത്രം കൂടി ഇതൾ വിരിയുന്നു
- വള്ളുവനാടൻ മിത്തുകളും ശൈലികളും

- വാക്കുകളുടെ ഒഴുക്ക് ആശയങ്ങളുടെ ലാളിത്യം, ഭാഷയുടെ സൗന്ദര്യം
- വടക്കേപ്പാട്ട് തറവാട് കാരണവരുടെ ഏകാധിപത്യത്തിനു കീഴിലാണ്
- സെയ്താലിക്കുട്ടിയോടുള്ള പ്രതികാരം
- കടുത്ത ദാരിദ്ര്യവും ഏകാന്തതയും
- വടക്കേപ്പാട്ട് തറവാട്ടിൽ താമസിക്കാനെത്തുന്നു
- അവഗണന, അപമാനം, വിശപ്പ്
- വയനാട്ടിലേക്ക് ജോലി ചെയ്യാൻ പോകുന്നു
- സമ്പന്നനായി നാലുകെട്ട് വിലയ്ക്ക് വാങ്ങി പൊളിച്ച് പുതിയ വീട് വെയ്ക്കുന്നു
- നിസംഗരും നിസ്സഹായരുമായ കഥാപാത്രങ്ങൾ
- ആൾക്കൂട്ടത്തിൽ ഒറ്റയ്ക്കായി പോകുന്ന മനുഷ്യൻ
- യാഥാർഥ്യങ്ങളിൽ നിന്ന് സങ്കല്പങ്ങളിലേക്കു സഞ്ചരിക്കുകയും സങ്കല്പങ്ങളിൽ നിന്ന് പുതുയാഥാർഥ്യങ്ങളെ സൃഷ്ടിക്കുകയും ചെയ്യുന്ന തന്ത്രം
- സ്വത്തിനും മുതലിനും വേണ്ടി മനുഷ്യത്വം നഷ്ടപ്പെടുത്തിയ മനുഷ്യരുടെ ആത്യന്തിക ദുരന്തം
- വ്യവസ്ഥകൾക്കും പദവികൾക്കും അതീതമായുള്ള മനുഷ്യബന്ധങ്ങളെക്കുറിച്ചുള്ള കരുതൽ
- നീതിനിഷേധിക്കുന്ന ഒരു വ്യവസ്ഥയോടു പ്രതിഷേധിക്കുവാനുള്ള ഒരു മാർഗം ആ വ്യവസ്ഥ വിട്ടുപോവുക എന്നതാണ്
- അനുഭവിക്കുന്ന വൈകാരികാവസ്ഥയെ സൂക്ഷ്മതയോടെ ആവിഷ്കരിക്കുക
- കഥാസന്ദർഭങ്ങളെല്ലാം ഫ്ളാഷ് ബാക്കിലൂടെ ചിത്രീകരിച്ചിരിക്കുന്നു
- ബന്ധങ്ങളുടെ വ്യത്യസ്തതലങ്ങൾ അനാവരണം ചെയ്യുന്നു
- നിസ്സഹായത കലർന്ന വിധേയത്വം
- കുടുംബം എന്ന സാമൂഹിക സ്ഥാപനത്തിന്റെ നിരവധി ഘടകങ്ങൾ
- സ്ഥലത്തെ വൈകാരികമായും പ്രതീകാത്മകമായും ചിത്രീകരിച്ചിരിക്കുന്നു
- വർത്തമാനകാലവും സ്മരണകളും ഇഴപിരിഞ്ഞു പോകുന്ന കഥാഘടനയും കാലഘടനയുമാണ് നാലുകെട്ടിലുള്ളത്
- മനോവികാരങ്ങൾക്കനുസൃതമായ ഭാഷ
- ചൂഷണാത്മക സാമ്പത്തിക കുടുംബ വ്യവസ്ഥിതിയുടെ ഭാഗമായി മാറുക

## Objective Questions

1. യൂറോപ്പിൽ റൊമാന്റിസിസത്തിന് കാരണമായ ഘടകങ്ങൾ ഏതെല്ലാം?
2. കേസരി ചൂണ്ടിക്കാട്ടുന്ന റൊമാന്റിക്കുകളുടെ താത്പര്യ വിഷയങ്ങൾ ഏതെല്ലാം?
3. എം.ടിയുടെ എഴുത്തിൽ സവിശേഷമായി കടന്നു വരുന്ന പ്രദേശം?
4. എം.ടിയുടെ ആദ്യത്തെ കഥാസമാഹാരം?
5. വളർത്തുമൃഗങ്ങൾ ആരെഴുതിയ ചെറുകഥ ആണ്?
6. എം.ടി യുടെ ആദ്യം ഗ്രന്ഥരൂപത്തിൽ പ്രസിദ്ധീകരിച്ച നോവൽ ഏത്?
7. രാഷ്ട്രപതിയുടെ സ്വർണ പതക്കം ലഭിച്ച എം.ടി സംവിധാനം ചെയ്ത ചലച്ചിത്രം?
8. എം.ടി യുടെ കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് കരസ്ഥമാക്കിയ കൃതി?
9. ഭീമൻ മുഖ്യ കഥാപാത്രമായി വരുന്ന എം.ടിയുടെ നോവൽ?
10. ബോധധാരാ സമ്പ്രദായത്തിൽ എഴുതിയ എം.ടിയുടെ നോവൽ ?
11. നാലുകെട്ട് പ്രസിദ്ധീകരിച്ച വർഷം?



SREENARAYANAGURU OPEN UNIVERSITY

12. നാലുകെട്ടിലെ നായക കഥാപാത്രത്തിന്റെ പേരെന്ത്?
13. ആരോട് പ്രതികാരം ചെയ്യാനാണ് വളർന്നു വലുതാകാൻ അപ്പുണ്ണിയെ പ്രേരിപ്പിച്ചത്?
14. "തള്ളേങ്ങള് മറക്കരുത്. അതിന് ങ്ങളല്ലാണ്ട് ആരാ?'' അപ്പുണ്ണിയോട് ഇങ്ങനെ പറയുന്ന താര്?
15. സർപ്പം തുള്ളൽ കാണാനെത്തിയ അപ്പുണ്ണിയെ ഏറെ ആകർഷിച്ചത് എന്ത്?
16. കൂട്ടുകുടുംബവ്യവസ്ഥയും മരുമക്കത്തായവും പശ്ചാത്തലമായി വരുന്ന നോവൽ ഏത്?

## Answers

1. വ്യവസായവിപ്ലവം, അമേരിക്കൻ സ്വാതന്ത്ര്യസമരം, ഫ്രഞ്ചുവിപ്ലവം
2. വിഷാദാത്മകത്വം, അതൃപ്തി, വേദന, മരണം
3. കൂടല്ലൂർ
4. രക്തം പുരണ്ട മൺതരികൾ
5. എം.ടി. വാസുദേവൻ നായർ
6. നാലുകെട്ട്
7. നിർമ്മാല്യം
8. കാലം
9. രണ്ടാംമൂഴം
10. മഞ്ഞ്
11. 1958
12. അപ്പുണ്ണി
13. അച്ഛനെ കൊന്ന സെയ്താലിയോട്
14. സെയ്താലി
15. കളം തുള്ളാനിരുന്ന അമ്മിണിയേടത്തി
16. നാലുകെട്ട്

## Assignments

1. നവോത്ഥാനന്തര നോവൽസാഹിത്യത്തെക്കുറിച്ച് ഉപന്യസിക്കുക.
2. കാല്പനികപ്രസ്ഥാനത്തെക്കുറിച്ച് വിശദമാക്കുക
3. മലയാള നോവലിലെ കാല്പനിക പ്രവണതകളെ വിവരിക്കുക
4. എം.ടി യുടെ രചനാലോകത്തെക്കുറിച്ച് ഉപന്യാസം തയാറാക്കുക
5. നാലുകെട്ട് അക്കാലത്തെ സാമൂഹ്യവ്യവസ്ഥയെ പ്രതിനിധാനം ചെയ്യുന്നുണ്ടോ ? ചർച്ച ചെയ്യുക
6. കഥാപാത്രത്തിന്റെ ആന്തരികഭാവത്തെ ആവിഷ്കരിക്കുന്നതിൽ എം.ടിക്കുള്ള കഴിവിനെ അപ്പുണ്ണിയെ ആസ്പദമാക്കി വിശദീകരിക്കുക
7. നാലുകെട്ടിലെ കഥാപാത്രങ്ങളെ പരിചയപ്പെടുത്തി കാലത്തിന്റെ പ്രതിനിധികളാകുന്ന തെങ്ങനെയെന്ന് അപഗ്രഥിക്കുക

## Suggested Reading


1. വി.വി. ജയകുമാർ, *മലയാള നോവൽ: രാഷ്ട്രീയത്തിന്റെ നേർ വായനകൾ*, എച്ച് ആന്റ് സി ബുക്ക്സ് തൃശ്ശൂർ.
2. ആലങ്കോട് ലീലാകൃഷ്ണൻ, *എം.ടി. ദേശം വിശ്വാസം പുരാവൃത്തങ്ങൾ*, ഡി.സി. ബുക്ക്സ് കോട്ടയം.
3. വി.കെ. ശ്രീരാമൻ, *കാലത്തിന്റെ നാലുകെട്ട്*, കൈരളി ബുക്ക്സ് കണ്ണൂർ.
4. ഷാജി ജേക്കബ്ബ് (എഡി.), *മലയാള നോവൽ ദേശഭാവനയും രാഷ്ട്രീയ ഭൂപടങ്ങളും*, സാഹിത്യ അക്കാദമി, ഡൽഹി.
5. സുധീർ കിടങ്ങൂർ, *നഗരവും നോവലും*, മാളൂബൺ പബ്ലിക്കേഷൻ, തിരുവനന്തപുരം
6. എൻ. ജയകൃഷ്ണൻ, *നാലുകെട്ടിന്റെ തച്ചുശാസ്ത്രം*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം


## Reference


1. ജോർജ്ജ് ഇരുമ്പയം, *മലയാള നോവൽ പത്തൊമ്പതാം നൂറ്റാണ്ടിൽ*, സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ് തിരുവനന്തപുരം
2. കെ.എം. തരകൻ, *നോവൽ സാഹിത്യ ചരിത്രം*, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.
3. ഡോ. പ്രതീഷ് എ.എസ് *എം.ടി. കല, ദേശം സ്വത്വം*, ഹരിതം ബുക്ക്സ് കോഴിക്കോട്.
4. എം.എം. ബഷീർ. എം.ടി. *കഥയും പൊരുളും*, കറന്റ് ബുക്ക്സ് തൃശ്ശൂർ.
5. എം.ടി. വാസുദേവൻ നായർ, *നാലുകെട്ട്*, ഡി.സി . ബുക്ക്സ്, കോട്ടയം
6. ലത്തീഫ് പറമ്പിൽ, *എം.ടി.യുടെ ലോകം*, മാതൃഭൂമി, കോഴിക്കോട്.

# BLOCK 03

# ആധുനികത

SGOU

BLOCK 3

# യൂണിറ്റ് 1

# മയ്യഴിപ്പുഴയുടെ തീരങ്ങളിൽ

**എം. മുകുന്ദൻ**

## Learning Outcomes

- എം. മുകുന്ദന്റെ നോവലുകളെ പരിചയപ്പെടുന്നു
- ആധുനികതാവാദത്തിന്റെ സവിശേഷതകൾ ഗ്രഹിക്കുന്നു
- അസ്തിത്വവാദത്തെക്കുറിച്ച് അറിവ് നേടുന്നു
- കൊളോണിയൽ ആധുനികതയെക്കുറിച്ച് മനസിലാക്കുന്നു
- 'മയ്യഴിപ്പുഴയുടെ തീരങ്ങളിൽ' എന്ന നോവലിന്റെ രൂപപരവും ഭാവപരവുമായ സവിശേഷതകൾ കണ്ടെത്തുന്നു

## Prerequisite

**ആധുനികത**

ആധുനികതയുടെ കടന്നുവരവോടെ മലയാളനോവൽസാഹിത്യം മറ്റൊരു ഭാവുകത്വപരിണാമത്തിന് വിധേയമായി. ജീവിതപ്രശ്നങ്ങളെയും സാമൂഹികപ്രശ്നങ്ങളെയും കൈകാര്യം ചെയ്തിരുന്ന മുൻതലമുറയിലെ എഴുത്തുകാരിൽ നിന്ന് വ്യത്യസ്തമായി അവർ അസ്തിത്വദുഃഖം, നിഷേധാത്മകത, ജീവിതത്തെ സംബന്ധിച്ച അപചയബോധം, അന്യവല്ക്കരണം, പാരമ്പര്യനിഷേധം ഇതെല്ലാം അവരുടെ മുഖമുദ്രകളായിതീർന്നു. കാമു, സാർത്ര്, കാഫ്ക തുടങ്ങിയ പടിഞ്ഞാറൻ ചിന്തകരുടെ ദർശനങ്ങൾ ഇവർക്ക് വഴിത്തിരിവായി. അതുപോലെ തന്നെ രാഷ്ട്രീയ അപചയങ്ങളും ജീർണ്ണതകളുമൊക്കെ പച്ചയായി ആവിഷ്കരിക്കാൻ അവർ തയ്യാറായി. വിശ്വാസതകർച്ച, മരണാഭിമുഖ്യം, വ്യർഥതാബോധം തുടങ്ങിയവയൊക്കെ ആധുനികതയുടെ അടയാളമായി അവർ ഉയർത്തിക്കാട്ടി. ചെറുപ്പക്കാരായ വായനക്കാരിൽ സംവേദനത്തിന്റെ പുതിയ അർഥതലങ്ങൾ സൃഷ്ടിക്കാൻ ഇവർക്ക് കഴിഞ്ഞു. ബോധത്തിന്റെ വൈകാരികവും സൗന്ദര്യാത്മകവുമായ ഒരു പാത അവർ തുറന്നിട്ടു. മലയാള സാഹിത്യത്തിന്റെ ഒരു നാഴികക്കല്ലായി തീർന്നു ആധുനികത.

ആധുനിക മനുഷ്യൻ പലപ്പോഴും ഏകാന്തതയാണ് ആഗ്രഹിക്കുന്നത്. ജീവിതാനുഭവങ്ങളും അതിൽ നിന്ന് മുക്തിനേടാൻ സഹായിക്കാനാരുമില്ലെന്ന തോന്നലും മനുഷ്യനെ ഏകാകികളും അനാഥരുമാക്കിത്തീർത്തു. ജീവിതത്തോടുള്ള സങ്കല്പം പൂർണമായും തകർന്നു. ജീവിതത്തിൽ ഒന്നും നേടാനില്ലാത്തതിനാൽ അതിനെ ഗൗരവമായി സമീപിക്കാനും വ്യക്തി തയ്യാറായില്ല. തെറ്റു ചെയ്തവർ ക്രൂരമായ മരണത്തിന് വിധേയരാകുമെന്ന വിശ്വാസം ലോകമഹായുദ്ധവും നാസിക്യാമ്പുകളും തകർത്തു. പ്രതീക്ഷകളെല്ലാം അസ്തമിച്ചുപോയ മനുഷ്യർ ജീവിതത്തിന് പ്രാധാന്യം കൊടുക്കാതിരിക്കുകയും മരണത്തെ നേരിടാൻ സന്നദ്ധനാവുകയും ചെയ്തു. ഇങ്ങനെ അസ്വസ്ഥതകളും ഭീഷണങ്ങളുമായ വിഷയങ്ങളും അതുവരെ പരിചിതമല്ലാതിരുന്ന രൂപശില്പങ്ങളും ആധുനികതാവാദസാഹിത്യത്തിൽ ഇടം പിടിച്ചു. ഇതിവൃത്തത്തിലും സാങ്കേതികത്വങ്ങളിലും അത്ഭുതകരമായ മാറ്റങ്ങളുണ്ടാക്കി. കൃതികളുടെ അർഥവും സൗന്ദര്യവും കണ്ടെത്തുന്നതിനായി വായനക്കാർക്ക് നല്ലവണ്ണം പരിശ്രമിക്കേണ്ടിവന്നു. മധ്യ

വർത്തി സമൂഹത്തോടുള്ള എതിർപ്പ് കിട്ടുന്ന അവസരങ്ങളിലെല്ലാം ആധുനികതാവാദം വെളിപ്പെടുത്തി. കാല്പനികവിരോധവും ദർശനങ്ങളുടെ അധികരിച്ച പ്രയോഗവും കൃതികളിൽ നിറഞ്ഞുനിന്നു.

നഗരവല്കരണം, പ്രകൃതവാസന, യന്ത്രവല്കരണം, ലൈംഗികത, അപമാനവീകരണം, പരീക്ഷണപരത, പൂർവാപരവൈരുധ്യം തുടങ്ങിയവയിൽ മലയാള ആധുനികതാവാദം പാശ്ചാത്യ ആധുനികതാവാദപ്രവണതകളെപോലെ തന്നെ പ്രകടിപ്പിച്ചു. ആധുനികതാവാദത്തിന്റെ പ്രസ്ഥാനങ്ങളിലധികവും മലയാളസാഹിത്യത്തിൽ ഇടം പിടിച്ചു. അവയിൽ പലതും സ്വതന്ത്ര പ്രസ്ഥാനങ്ങളായി വളർന്നില്ലെങ്കിലും അവയുടെ സൗന്ദര്യത്തെയും സത്തയെ സംബന്ധിച്ച ബോധത്തെയും ആ കൃതികൾ വെളിപ്പെടുത്തിയിരുന്നു. വികാരദൗർബല്യങ്ങളിൽ നിന്ന് മുക്തമായ ആരോഗ്യകരമായ കാല്പനികതയുടെ സംസ്കാരം ആധുനികതാവാദത്തിലുണ്ടായിരുന്നെന്ന് പാശ്ചാത്യ സാഹിത്യവിമർശകർ നിരീക്ഷിച്ചിട്ടുണ്ട്. ഈ നിരീക്ഷണം മലയാളത്തിലെ ആധുനികതാവാദത്തെ സംബന്ധിച്ചും ശരിയായിരുന്നു. മലയാള ആധുനികതാവാദത്തിന്റെ ആത്മനിഷ്ഠതയ്ക്ക് ഒരുതരം നവകാല്പനികതയോട് ബന്ധമുണ്ടായിരുന്നു. മലയാളത്തിലെ ആദ്യകാല ആധുനികതാവാദ രചനകൾ ആത്മനിഷ്ഠാപരമായി കാല്പനികത ബാക്കിവെച്ച രചനാംശങ്ങളെ ഉൾക്കൊണ്ടിരുന്നു.

മലയാളത്തിൽ ആധുനികതാവാദം എത്തുന്ന സമയത്ത് തന്നെ അതിനെതിരെയുള്ള വിമർശനങ്ങളും രൂപപ്പെട്ടിരുന്നു. ചരിത്രശൂന്യവും ചലനരഹിതവുമായ പ്രത്യയശാസ്ത്രബോധമെന്ന മുൻധാരണയോടെയാണ് പുരോഗമനവാദികൾ ആധുനികതാവാദത്തെ സമീപിച്ചത്. മാർക്സിയൻ നിരൂപകന്മാർ അതിനെ പുരോഗമന വിരുദ്ധവും പ്രതിബദ്ധരഹിതവുമാണെന്ന് പറഞ്ഞ് പൂർണമായും തള്ളിക്കളഞ്ഞു.

**കൊളോണിയൽ ആധുനികത**

കൊളോണിയൽ അധിനിവേശത്തിന്റെ സാംസ്കാരികമായ ഇടപെടലുകളിൽ നിന്നാണ് കൊളോണിയൽ ആധുനികത ഉടലെടുക്കുന്നത്. കൊളോണിയൽ ആധിപത്യത്തിന്റെ സാംസ്കാരിക ഇടപെടലുകളും അതുണ്ടാക്കിയ മുന്നേറ്റങ്ങളും ആഘാതങ്ങളുമാണ് പത്തൊമ്പതാം നൂറ്റാണ്ടിലെ നോവലുകളിൽ ആഖ്യാനം ചെയ്യപ്പെട്ടത്. കുടുംബഘടന, വ്യക്തിസ്വാതന്ത്ര്യം, സ്ത്രീപുരുഷബന്ധം, ജാതിവ്യവസ്ഥ, ആചാരങ്ങൾ, കീഴ്വഴക്കങ്ങൾ, രാഷ്ട്രീയമണ്ഡലം എന്നിങ്ങനെയുള്ള പല ഘടകങ്ങളും ഈ കാലഘട്ടത്തിലെ കൃതികൾ ചർച്ചചെയ്തു. കൊളോണിയൽ ആധുനികതയുടെ പ്രതിഫലനങ്ങളായ ഇംഗ്ലീഷ് വിദ്യാഭ്യാസം, സ്ത്രീ വിദ്യാഭ്യാസം, മാനവികതാബോധം, വ്യക്തിസ്വാതന്ത്ര്യം, സ്ത്രീപുരുഷ സമത്വം, അണുകുടുംബം, മക്കത്തായം തുടങ്ങിയ സവിശേഷതകൾ ആദ്യകാല നോവലുകളിൽ നമുക്ക് കാണാം. കൊളോണിയൽ വിദ്യാഭ്യാസം മനുഷ്യനെ സ്വതന്ത്രബോധമുള്ള വ്യക്തിയാക്കി രൂപപ്പെടുത്തുന്നതിന് കാരണമായി.

**ദേശവും ചരിത്രവും**

വംശീയവും സാംസ്കാരികവും ഭരണപരവുമായ ആവശ്യങ്ങളുടെ പൂർത്തീകരണത്തിനായി രൂപംകൊണ്ട നിർമിതിയാണ് ദേശം. പരിണാമവിധേയവും അനുക്രമമായി രൂപീകരിക്കപ്പെടുന്നതുമാണത്. ആളുകൾ പങ്കിടുന്ന പൊതു സമാനതകളും സ്വത്വസംഘർഷങ്ങളും ദുരന്തസ്മൃതികളും സമരചരിത്രവുമെല്ലാം ദേശസംബന്ധിയായ പഠനങ്ങളുടെ പരിധിയിൽ വരും കര, നാട്, ഭൂപ്രദേശം എന്നിങ്ങനെയുള്ള പ്രാഥമികമായ വീക്ഷണങ്ങൾക്കപ്പുറം അനവധി അർഥസാധ്യതകൾ ദേശം എന്ന പദത്തിനുണ്ട്. ദേശം എന്നത് സ്ഥലത്തെ മാത്രം സൂചിപ്പി

ക്കുന്ന പദമല്ല. ചെറിയൊരു ഭൂപ്രദേശം മുതൽ വലിയൊരു രാഷ്ട്രം വരെയുള്ളതിനെ സൂചിപ്പിക്കാനുതകുന്ന പദം എന്നതിൽ മാത്രമൊതുങ്ങാതെ വംശീയവും സാംസ്കാരികവും ഭരണപരവുമായ നിരവധി തലങ്ങളെ ഉൾക്കൊള്ളുന്ന വിശാലമായ അർഥമണ്ഡലമാണ് ദേശമെന്ന പദത്തിന്റേത്. സവിശേഷമായ സാംസ്കാരികപാരമ്പര്യം പിന്തുടരുന്ന ജനസമൂഹം, ചരിത്രസ്മരണകൾ തുടങ്ങിയ നിരവധി അർഥസാധ്യതകൾ കൂടിയുണ്ട്. ''പരമാധികാരമുള്ള സീമിതവും കൽപിതവുമായ ഒരു രാഷ്ട്രീയസമൂഹം'' (Anderson, Benedict. 2006: 6) എന്നാണ് ദേശത്തെ ബെനഡിക്ട് ആന്റേഴ്സൺ നിർവചിച്ചിരിക്കുന്നത്. സംസ്കാരമോ ജീവിതശൈലിയോ പോലെ അനുക്രമമായി പരിവർത്തിക്കുന്ന ഒരു സ്വരൂപമാണ് ദേശം. നിയതമായ ഒരു ഭൂമിശാസ്ത്രസ്ഥാനം എന്ന വിചാരം ഈ പദം നമ്മിൽ ഉയർത്തുമെങ്കിലും യഥാർഥത്തിൽ പരിണാമിയായ ഒരു പ്രക്രിയയോടാണ് അതിന് കൂടുതൽ അടുപ്പം. അതുകൊണ്ടുതന്നെ ദേശനിർമ്മിതിയുടെ അടിസ്ഥാനമായി പ്രവർത്തിക്കുന്ന സുപ്രധാനഘടകങ്ങൾ ചരിത്രവും സംസ്കാരവുമാണ്. ദേശത്തിന്റെ രൂപീകരണം ഏതെങ്കിലും സവിശേഷമായ ഒരു ചരിത്ര സന്ദർഭത്തിൽ നിർവഹിക്കപ്പെടുന്നതോ, പൂർത്തിയാകുന്നതോ അല്ല. സംസ്കാരവും ചരിത്രവുംപോലെ നിരന്തരമായി സംഭവിക്കുന്ന, കൂട്ടിച്ചേർക്കപ്പെടുന്ന, പരിണമിക്കുന്ന പ്രക്രിയയാണത്. 1956-ൽ രൂപംകൊണ്ട കേരളമല്ല നാം ഇന്നു കാണുന്ന കേരളം. മനുഷ്യ ജീവിതത്തിന്റെ പരിണാമഗതിക്ക് അനുസൃതമായി കേരളമെന്ന ദേശത്തിന്റെ രൂപഭാവങ്ങളും മാറിവരുന്നു. കേവലം ഒരു ഭൂപ്രദേശം എന്നതിനപ്പുറം അധികാരത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും ഒരുമയുടെയും ഇടം എന്ന പശ്ചാത്തലം കൂടി ദേശം എന്ന പദം ഉൾക്കൊള്ളുന്നുണ്ട്.

## Keywords

കൊളോണിയൽ ആധുനികതയും നോവലും - ആധുനികതാവാദം - അസ്തിത്വവാദം- മുകുന്ദന്റെ രചനാലോകം - കാലവും കഥയും - ദേശചരിത്രം - അധിനിവേശചരിത്രം

## Discussion

### 3.1.1 മയ്യഴി - പ്രദേശം

ഉത്തരകേരളത്തിൽ മലബാറിന്റെ പ്രാദേശികതനിമയും അതേ സമയം ഫ്രഞ്ച് അധിനിവേശത്തിന്റെ സങ്കരത്വവും ഉൾക്കൊള്ളുന്ന പ്രദേശമാണ് മയ്യഴി. ചരിത്രപരമായും സാംസ്കാരികമായും സാമൂഹിക-രാഷ്ട്രീയവുമായും നിരവധി പ്രത്യേകതകൾ ഉൾക്കൊള്ളുന്ന പ്രദേശമാണ് മയ്യഴി. കോഴിക്കോട് ജില്ലയ്ക്കും കണ്ണൂർ ജില്ലയ്ക്കും ഇടയിൽ കേരള സംസ്ഥാനത്ത് സ്ഥിതിചെയ്യുന്ന കേന്ദ്രഭരണ പ്രദേശമാണ് മാഹി. പോണ്ടിച്ചേരി സ്റ്റേറ്റിന്റെ ഭാഗമാണത്. മാഹി ടൗൺ, പള്ളൂർ, പന്തക്കൽ, ചെറു കല്ലായി, ചാലക്കര എന്നീ നാലുതകൾ (നാലു ഗ്രാമങ്ങൾ) ഉൾച്ചേർന്നതാണിത്. വടക്ക് തലശ്ശേരി, കിഴക്കും തെക്കും കോഴിക്കോട്, പടിഞ്ഞാറ് അറബിക്കടൽ ഇതാണ് മാഹിയുടെ അതിർത്തി. മയ്യഴിയെ മുൻനിർത്തി എം. മുകുന്ദൻ രചിച്ച നോവലാണ് മയ്യഴിപ്പുഴയുടെ തീരങ്ങളിൽ. അധിനിവേശവും അധിനിവേശാനന്തരകാലവും നോവലിൽ മുഖ്യ പ്രമേയമായി കടന്നു വരുന്നു. മയ്യഴിയുടെ ജനതയുടെ ജീവിതത്തിലൂടെയും സവിശേഷ

മായ ചരിത്രത്തിലൂടെയുമുള്ള ഭാവനാത്മകമായ സഞ്ചാരമാണ് എം. മുകുന്ദൻ മയ്യഴിപ്പുഴയുടെ തീരങ്ങളിൽ എന്ന നോവലിലൂടെ നടത്തുന്നത്.

1974-ൽ പ്രസിദ്ധീകരിച്ച 'മയ്യഴിപ്പുഴയുടെ തീരങ്ങളിൽ' എന്ന നോവൽ എം. മുകുന്ദന്റെ കൃതികളിലും ആധുനികതയിലും പല കാരണങ്ങളാൽ ഒറ്റപ്പെട്ടു നിൽക്കുന്നു. ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന് സമാന്തരമായി നടന്ന മയ്യഴിയിലെ ഫ്രഞ്ച് വിരുദ്ധ പോരാട്ടമാണ് ഈ രചനയുടെ കേന്ദ്ര പ്രമേയം. മുകുന്ദൻ ഈ നോവൽ എഴുതിയത് മയ്യഴിയിലെ വിമോചനം കഴിഞ്ഞ് 20 വർഷത്തിന് ശേഷമാണ്.

കോളനിവാഴ്ചയ്ക്കുമുമ്പ് മയ്യഴി ദേശത്ത് നാട്ടുരാജാക്കന്മാരുടെ ഭരണമായിരുന്നു ഉണ്ടായിരുന്നത്. മലബാറിൽ സാമൂതിരി രാജവംശം, ഉത്തരമലബാറിൽ കടത്തനാട് രാജവംശം, ചിറക്കൽ കോലത്തിരി രാജവംശം, കോട്ടയം രാജവംശം, ഏഴിമല രാജവംശം എന്നിങ്ങനെയായിരുന്നു ഭരണം. കടത്തനാട്ട് രാജവംശത്തിന്റെ ഭാഗമായാണ് ചരിത്രകരാന്മാർ മയ്യഴി പ്രവിശ്യയെക്കുറിച്ച് രേഖപ്പെടുത്തിയിട്ടുള്ളത്. വിദേശ സഞ്ചാരികളുടെ വിവരണങ്ങളിൽ നിന്നാണ് ഇവ ഏറിയകൂറും ലഭ്യമായത്. 'പെരിപ്ലസ് ഓഫ് ദി എരിത്രിയൻ സി' എന്ന ഗ്രന്ഥത്തിൽ 'മെലിസിഗാരെ എന്ന തുറമുഖത്തെപ്പറ്റി സൂചനയുള്ളത് മാഹിയെക്കുറിച്ചാണെന്ന് എം. പി. ശ്രീധരൻ (1998: 34) അഭിപ്രായപ്പെടുന്നു. കൂടാതെ പോർച്ചുഗീസ് സഞ്ചാരികൾ അവരുടെ ഗ്രന്ഥങ്ങളിൽ 'മാൻ ജെയിം' (Manjaim) മലാറിയം (Malariam) എന്നൊക്കെ പരാമർശിച്ചിട്ടുള്ളത് മയ്യഴിയാണെന്നും ഊഹിക്കപ്പെടുന്നു. മയ്യഴിക്കു സമീപമുള്ള ചോമ്പാൽ എന്ന കടലോരഗ്രാമത്തെക്കുറിച്ചും ഇതിൽ സൂചനയുണ്ട്. മയ്യഴിയെക്കുറിച്ച് സൂചന നൽകുന്ന മറ്റൊരു ചരിത്രരേഖ വില്യം ലോഗന്റെ മലബാർ മാന്വൽ ആണ്.

ദേശീയപ്രസ്ഥാനം സാമ്രാജ്യത്വശക്തികൾക്കെതിരെ തീവ്രസമരം നടത്തിയ കാലഘട്ടത്തിലാണ് മയ്യഴിയിലും വിമോചനസമരം നടന്നത്. എന്നാൽ അന്ന് ബ്രിട്ടീഷുകാർക്ക് എതിരേ ഉയർന്ന അത്രയും ജനരോഷം മയ്യഴിയിലെ ജനത ഫ്രഞ്ചുകാർക്ക് എതിരേ ഉയർത്തിയില്ല എന്ന വാദവും നിലനിൽക്കുന്നുണ്ട്. തമിഴ്നാട്ടിലെ പുതുച്ചേരി, കാരയ്ക്കൽ, ആന്ധ്രയിലെ യാനം, ബംഗാളിലെ ചന്ദ്രനഗർ, കേരളത്തിലെ മയ്യഴി എന്നീ പ്രദേശങ്ങളായിരുന്നു ഫ്രഞ്ച് ഇന്ത്യയ്ക്ക് കീഴിൽ ഉണ്ടായിരുന്നത്. കോളനിവാഴ്ചക്കാലത്ത് മറ്റ് പ്രദേശങ്ങളിൽ നിന്ന് ഭിന്നമായി ഫ്രഞ്ച് ഭരണം കാരണം മയ്യഴി വ്യത്യസ്തമായിരുന്നതുപോലെ സ്വാതന്ത്ര്യാനന്തര കാലത്തും കൗതുകാവഹമായ ഒരു വിശേഷം ഉണ്ടായിരുന്നു. മറ്റുപ്രദേശങ്ങളിൽ ഭൂമിശാസ്ത്രപരവും ഭാഷാപരവുമായ പരിഗണനയുടെ അടിസ്ഥാനത്തിൽ സംഘടിപ്പിക്കപ്പെട്ട സംസ്ഥാനങ്ങളുടെ ഭാഗമായപ്പോൾ കേരളത്തിൽ സ്ഥിതിചെയ്യുന്നതും മലയാളികൾ അധിവസിക്കുന്നതുമായ മയ്യഴി പോണ്ടിച്ചേരി എന്ന കേന്ദ്രഭരണ പ്രദേശത്തിന്റെ ഭാഗമാവുകയാണുണ്ടായത്' (മഹേഷ് മംഗലാട്ട്, 2004: 20). അതുകൊണ്ടുതന്നെ കേരളത്തിന്റെ പൊതുചരിത്രത്തിൽ നിന്ന് വ്യത്യസ്തമായ സാമൂഹിക-സാംസ്കാരിക പശ്ചാത്തലം മയ്യഴിക്ക് അവകാശപ്പെടാനുണ്ട്. മയ്യഴിക്ക് ചരിത്രത്തിൽ ഇടം നേടിക്കൊടുത്തത് ഫ്രഞ്ച് കോളനീകരണമാണ്. മയ്യഴിയുടെ സംസ്കാരത്തിലും അതുണ്ട്. അധിനിവേശത്തോടുള്ള ചെറുത്തുനില്പ് എന്ന നിലയിലല്ല മയ്യഴിയുടെ ചരിത്രവും സംസ്കാരവും സാഹിത്യവും രേഖപ്പെടുത്തപ്പെട്ടത്. മയ്യഴിയുടെ ചരിത്രത്തിന്റെയും സംസ്കാരത്തിന്റെയും ഭാഗം എന്ന നിലയ്ക്കാണ്. അവയെ നാം പരിഗണിക്കേണ്ടത്. അധിനിവേശത്തിനുശേഷവും മയ്യഴിയിലേക്ക് വിവിധദേശക്കാർ വരികയും പോവുകയും ചെയ്തു. ഇന്നും മയ്യഴിയുടെ ഭാഷയിൽ വിവിധദേശഭാഷകളുടെ കലർപ്പ് ഉണ്ട്. ഫ്രഞ്ച് കോളനീകരണം സൃഷ്ടിച്ച ഭാഷാസങ്കരത മയ്യഴിയെ സംബന്ധിച്ച് എടുത്തു പറയേണ്ട സവിശേഷതയാണ്. സാമൂഹികചരിത്രവും രാഷ്ട്രീയചരിത്രവും നോവലിൽ പ്രമേയമായി കടന്നുവരുന്നു. മുകുന്ദൻ എന്ന എഴുത്തുകാരന്റെ സ്വത്വരൂപീ

കരണത്തിലും കർതൃത്വരൂപീകരണത്തിലും മയ്യഴിക്ക് സവിശേഷമായ സ്ഥാനമുണ്ടെന്നു കാണാം. ദൈവത്തിന്റെ വികൃതികളിലും മയ്യഴിയാണ് പ്രധാന പശ്ചാത്തലം. ഇരുന്നൂറ്റിയൻപതു വർഷത്തെ ഫ്രഞ്ച് അധിനിവേശം സൃഷ്ടിച്ച സംസ്കാരസംഘർഷങ്ങളും ഇരു സംസ്കാരങ്ങളും തമ്മിലുള്ള കൊടുക്കൽ വാങ്ങലുകളും ഹൃദയബന്ധവും ബന്ധവിച്ഛേദവുമെല്ലാം മയ്യഴിപ്പുഴയുടെ തീരങ്ങളിൽ ദൃശ്യമാണ്. പ്രത്യക്ഷത്തിൽ കോളനീകരണം പ്രമേയമായ കൃതികൂടിയാണ് 'മയ്യഴിപ്പുഴയുടെ തീരങ്ങളിൽ'.

''ആധുനിക എഴുത്തുകാർ ചരിത്രത്തിനുള്ളിലെ ചരിത്രം സൃഷ്ടിക്കുകയാണ്'' എന്ന് കെ. പി. അപ്പൻ നിരീക്ഷിക്കുന്നു.

മയ്യഴിയിലെ വിമോചനസമരം, അധിനിവേശത്തിന്റെ നേർക്കുള്ള മയ്യഴി ജനതയുടെ പ്രതികരണം, സാംസ്കാരിക ജീവിതത്തിന്മേലുള്ള കോളനീകരണ ആധിപത്യം, അതുവഴി ഒരു ജനത നേരിട്ട സ്വത്വപ്രതിസന്ധി തുടങ്ങിയവയെല്ലാം പ്രബലപാഠങ്ങളായി നോവലിൽ കടന്നുവരുന്നു. മയ്യഴിപ്പുഴയുടെ തീരങ്ങൾ ഒരു ചരിത്രനോവലല്ല. ചരിത്രകഥാപാത്രങ്ങളും ചരിത്രസംഭവങ്ങളും നോവലിൽ കടന്നുവരുന്നുണ്ടെന്നുമാത്രം. ഒരേകീകൃത പൂർവസംസ്കാരത്തെ വീണ്ടെടുക്കാനുള്ള ശ്രമം പാഠത്തിലില്ല എന്ന് സാരം.

### 3.1.2 പ്രമേയപരമായ സവിശേഷതകൾ

നോവൽ തുടങ്ങുന്നത് ഇങ്ങനെയാണ്.

പണ്ട്, അതായത് ദാസന്റെ പിറവിക്കു മുമ്പ് അന്ന് വിശാലമായ ദ് റസിദാംസ് നിരപ്പില്ലാത്തതും കുടുസ്സുമായ ഒരു നിരത്തായിരുന്നു. ന്യൂ ദ് ലാ പിസാം, ഗൂവർണ്ണ് മാം തുടങ്ങിയ മറ്റു നിരത്തുകളും അതുപോലെതന്നെയായിരുന്നു. പാതാറിൽ കടലിനേയും പുഴയേയും കരയുമായി വേർതിരിക്കുന്ന വെളുത്ത മതിലോ അതിന്നരികിൽ അണിനിരന്നുനിന്നു സമുദ്രത്തേയും നദിയേയും പ്രകാശിപ്പിക്കുന്ന വൈദ്യുതവിളക്കുകളോ അന്നുണ്ടായിരുന്നില്ല. ദ് ലെഗ്ലീസ്, ന്യൂ ദ് റസിദാംസ് തുടങ്ങിയ പ്രധാന നിരത്തുകളിൽ മാത്രം വളരെ ദൂരം ഇടവിട്ടു നാട്ടിയ മരക്കാലുകളിൽ എണ്ണവിളക്കുകൾ മുനിഞ്ഞു കത്തുമായിരുന്നു. പാതിരാവിനു മുമ്പുതന്നെ കരിന്തിരി കത്തി കെട്ടു മയ്യഴിയെ ഇരുട്ടിൽ ആഴ്ത്തുകയും ചെയ്യും.

കുന്നിനു മുകളിലെ മൂപ്പൻ സായ്‌വിന്റെ ബംഗ്ലാവിൽ മാത്രം പാതിരാവ് കഴിഞ്ഞാലും ശരറാന്തലുകൾ പ്രകാശിച്ചുകൊണ്ടിരിക്കും. ബംഗ്ലാവിന്റെ പിറകുവശം, കുന്നിനു താഴെ, സമുദ്രമാണ്. സമുദ്രം നിശ്ചലമായി കിടക്കുന്ന രാവുകളിൽ ബംഗ്ലാവിന്റെ ജനവാതിലുകളിലൂടെ പ്രവഹിക്കുന്ന ശരറാന്തലുകളുടെ പ്രകാശം ജനവാതിലുകളുടെ ആകൃതിയിൽ വെള്ളത്തിൽ പരന്നു കിടക്കും. സൂര്യൻ ഉദിച്ചുയരുമ്പോൾ അഴീക്കൽ കടപ്പുറത്തു ചെന്നുനിന്നു നോക്കിയാൽ പൈൻ മരങ്ങളുടേയും യൂക്കാലിപ്റ്റസ് മരങ്ങളുടേയും പശ്ചാത്തലത്തിൽ മൂപ്പൻ സായ്‌വിന്റെ മനോഹരമായ ബംഗ്ലാവ് സമുദ്രത്തിൽ പ്രതിബിംബിച്ചു കിടക്കുന്നതും കാണാമായിരുന്നു.

അക്കാലത്ത് മൂപ്പൻ സായ്‌വിനൊഴികെ മറ്റാർക്കും കാറുണ്ടായിരുന്നില്ല. ദാവീദ്സായ്‌വ്, നൊത്തേർ ലെസ്ലീസായ്‌വ്, മേയർ ചെക്കുമൂപ്പർ, സെർഴാം ആം റെസ്രേത്ത് കുഞ്ഞികണ്ണൻ തുടങ്ങിയവർ കുതിരവണ്ടികളിലായിരുന്നു സഞ്ചരിച്ചിരുന്നത്. അവർക്ക് സ്വന്തമായി വണ്ടിയും കുതിരയും വണ്ടിക്കാരനുമുണ്ടായിരുന്നു. കൂട്ടത്തിൽ ഏറ്റവും നല്ല കുതിര സങ്കരവർഗ്ഗക്കാരനായ ലെസ്ലീസായ്‌വിന്റേതായിരുന്നു.

മൂപ്പൻ സായിവിന്റെ കാറാണ് മയ്യഴിയിലെ മക്കൾ ആദ്യമായി കാണുന്ന കാറ്. കപ്പൽ മുഖാന്തരം കൊണ്ടുവന്ന കാർ കാണാൻ മയ്യഴിയിലെ മക്കൾ എല്ലാം പോയിരുന്നു. മയ്യഴിയുടെ പ്രാദേശിക ചരിത്രത്തിലൂടെയാണ് നോവൽ ആരംഭിക്കുന്നത്. ഫ്രഞ്ച് അധികാരത്തിന്റെ വ്യത്യസ്ത മുഖങ്ങളെ പകർത്തുന്നതിനോടൊപ്പം മയ്യഴിയുടെ ജീവിത ചിത്രംകൂടി മുകുന്ദൻ പകർത്തുന്നുണ്ട്. പൂർണമായും ചൂഷണത്തിന്റെ മുഖമല്ല മയ്യഴിയിൽ നമുക്ക് കാണാൻ കഴിയുന്നത്. അധികാരഭാവമില്ല എന്ന് അതിനർഥമില്ല. മനുഷ്യർക്കിടയിലെ പാരസ്പര്യത്തിന്റെ ഒരു ചിത്രം മയ്യഴി മുന്നോട്ടുവയ്ക്കുന്നുണ്ട്. കൊളോണിയൽ ആധുനികത സൃഷ്ടിച്ച സാമൂഹികവും

സാംസ്കാരികവുമായ മാറ്റങ്ങളുടെ പ്രതീകം കൂടിയാണ് മയ്യഴി.

കേളുവച്ചന്റേയും കുറമ്പിയമ്മയുടേയും മകനായിരുന്ന ദാമു റൈട്ടരുടെ മകൻ ദാസനാണ് നോവലിലെ മുഖ്യകഥാപാത്രം. ഫ്രഞ്ച് ചരിത്രത്തിലെ വീരകഥകൾ കേട്ടാണ് ദാസൻ വളർന്നുവന്നത്. ബുദ്ധിമാനായ ദാസൻ പഠനത്തിൽ ഇന്റർമീഡിയറ്റ് പരീക്ഷയും, സർക്കാർ സഹായത്തോടെയുള്ള പോണ്ടിച്ചേരിയിലെ പഠനത്തിൽ ബക്കലോറയ പരീക്ഷയും നല്ല നിലയിൽ പാസായി. തുടർന്ന്, മയ്യഴിയിൽ സർക്കാർ ജോലിയോ, ഫ്രാൻസിൽ സർക്കാർ ചെലവിൽ ഉപരിപഠനമോ തെരഞ്ഞെടുക്കാനുള്ള അവസരം ഉണ്ടായെങ്കിലും കമ്മ്യൂണിസ്റ്റു ദേശീയവാദിയുമായിരുന്ന കുഞ്ഞനന്തൻ മാസ്റ്ററുടെ സ്വാധീനത്താൽ മയ്യഴിലെ വിമോചന സമരത്തിന് ചുക്കാൻ പിടിക്കുകയും ഫ്രഞ്ച് ആധിപത്യത്തിൽ നിന്ന് മയ്യഴിയെ മോചിപ്പിക്കാനുള്ള പോരാട്ടത്തിൽ പങ്കെടുക്കുകയുമുണ്ടായി. കുഞ്ഞനന്തൻ മാഷിന്റെ അഭിപ്രായത്തിൽ ദാസനെക്കാൾ കണക്കിന് മാർക്ക് വാങ്ങുന്ന കുട്ടികൾ രണ്ടുപേർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. പക്ഷേ അവർക്കൊക്കെ ലോകവിവരം കമ്മിയായിരുന്നു. ധാരാളം പുസ്തകം വായിക്കുന്ന ദാസന് മാഷ് പുസ്തകങ്ങൾ എടുക്കുവാൻ സഹായിക്കുകയും ചെയ്തു. അങ്ങനെ ദാസൻ ഹ്യൂഗോവിന്റെയും ബോ മാർഷയുടെയും പുസ്തകങ്ങൾ വായിച്ചു തുടങ്ങി.

ദാസൻ പഠിച്ച് ഉദ്യോഗം നേടി ലെസ്ലീ സായിവിനെപ്പോലെ കേമനാകുമെന്നാണ് അയാളുടെ കുടുംബം വിശ്വസിച്ചിരുന്നത്. ദാസന് ജോലി കിട്ടുന്നതോടെ കുടുംബത്തിന്റെ കഷ്ടപ്പാടുകൾ തീരുമെന്ന് കുറമ്പിയമ്മയും ദാമു റൈട്ടറും ഭാര്യ കൗസുവമ്മയും സ്വപ്നം കണ്ടു. അതിനു പകരം അയാൾ തെരഞ്ഞെടുത്ത സമരത്തിന്റെ വഴി അവർക്ക് കൂടുതൽ ബുദ്ധിമുട്ടുകളുണ്ടാക്കി. ദാസൻ ഫ്രഞ്ച് അധിനിവേശത്തിനെതിരെ പ്രവർത്തനമാരംഭിക്കുന്നു. അങ്ങനെ രാഷ്ട്രീയ സാഹചര്യത്തിന് സമാന്തരമായി നീങ്ങുമ്പോഴും ദാസനും ചന്ദ്രികയും തമ്മിലുള്ള പ്രണയവും ഒപ്പം കൊണ്ടുപോകാൻ ശ്രമിക്കുന്നു. ഈ സമയത്ത് ദാസന്റെ കുടുംബം പട്ടിണിയുടെ വക്കിലേക്ക് പോകുന്നതിന്റെ ഒരു നേർക്കാഴ്ച നോവലിൽ മുകുന്ദൻ അവതരിപ്പിക്കുന്നുണ്ട്. അവിടെ ഒരർഥത്തില് ദാസന് നിസ്സഹായനായി നോക്കി നിൽക്കാനേ കഴിയുന്നുള്ളൂ. അങ്ങനെ ദാസൻ കുടുംബത്തിൽ നിന്ന് അന്യവല്കരിക്കപ്പെടുന്നു. കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രവും അധിനിവേശത്തിന്റെ ഉപോല്പന്നമാണെന്ന വൈരുധ്യത്തെ തിരിച്ചറിയാൻ കുഞ്ഞനന്തൻ മാസ്റ്റർക്കോ ദാസനോ കഴിയുന്നില്ല.

1948-ലെ മയ്യഴിയുടെ താൽക്കാലിക വിമോചന സമരത്തിൽ പങ്കെടുത്ത ദാസൻ ഫ്രഞ്ച് അധികാരത്തിന്റെ പുനഃസ്ഥാപനത്തോടെ ഒളിവിൽ പോയപ്പോൾ, റൈട്ടർക്ക് രണ്ടു വർഷത്തെ ജയിൽ വാസം അനുഭവിക്കേണ്ടി വന്നു. അക്കാലത്ത് റൈട്ടർ കുടുംബം കഴിഞ്ഞത് ഫ്രഞ്ചു ഭരണത്തിന്റെ ഗുണ്ടയായിരുന്ന അച്ചുവിന്റെ ഔദാര്യത്തി

**ആധുനികതാവാദവും സാഹിത്യവായനയും**

പ്രമേയത്തിലും ഭാഷയിലും സൃഷ്ടിക്കുന്ന ദുർഗ്രഹത ആധുനികതാവാദത്തിന്റെ ഒരു അന്തർദേശീയ സ്വഭാവമായിരുന്നു. മലയാളത്തിലും ദുർഗ്രഹത ആവിഷ്കരണ മാർഗമായി ധാരാളം കൃതികളുണ്ടായി. റിയലിസത്തിന്റെ സൗന്ദര്യത്തെയും സത്തയെയും സംബന്ധിച്ച് അതുയർത്തുന്ന ബോധത്തെയും ആധുനികതാവാദം വെളിപ്പെടുത്തിയ യുക്തിയുടെ നിയന്ത്രണങ്ങളിൽ നിന്നകന്ന് അതിവാസ്തവികതാനുഭവത്തിലാണ് കൃതികളുണ്ടായത്. ഇതെല്ലാം കൂടി അർഥത്തിന്റെ കാര്യത്തിൽ വായനക്കാരനെ സന്ദേഹബുദ്ധികളാക്കിത്തീർത്തു. കൃതികളുടെ അർഥം മനസിലാക്കാൻ വീണ്ടും വീണ്ടും വായിക്കുകയും വിഷയത്തെക്കുറിച്ച് കൂടുതൽ അറിയുകയും ചെയ്യണമെന്ന നിലവന്നു. നിലനിന്ന പല എഴുത്തുരീതികളെല്ലാം ആധുനികതാവാദം നിരാകരിച്ചു. ദുഃഖവും ഫലിതവും പോലെ എതിർദിശയിലുള്ള ഘടകങ്ങൾ അതിൽ ലയിച്ചു. വാക്കുകളെയും ആഖ്യാനത്തെയും നിരന്തരം പരീക്ഷണങ്ങൾക്ക് വിധേയമാക്കി.

ലായിരുന്നു. ജയിൽ മുക്തനായ റൈട്ടർ, മകൾ ഗിരിജയെ വിവാഹം ചെയ്തു കൊടുക്കാനുള്ള അച്ചുവിന്റെ അഭ്യർഥനയ്ക്കു വഴങ്ങി. സഹോദരിക്ക് ഇഷ്ടമില്ലാത്ത ഈ വിവാഹം തടയാനായി വീടു സന്ദർശിച്ച ദാസനെ ദാമു റൈട്ടർ ആട്ടിയിറക്കി. തുടർന്ന് പോലീസിന്റെ പിടിയിലായ അയാൾ പന്ത്രണ്ടു വർഷത്തെ ജയിൽ ശിക്ഷയ്ക്ക് വിധിക്കപ്പെട്ടു.

1954-ൽ മയ്യഴിയുടെ മേലുള്ള ഫ്രഞ്ച് ആധിപത്യത്തിന്റെ അന്ത്യത്തെത്തുടർന്ന് ദാസൻ ജയിൽ മുക്തനായെങ്കിലും ദാമു റൈട്ടർ അയാളുമായി രമ്യപ്പെടാൻ വിസമ്മതിച്ചു. ദാസനും ചന്ദ്രികയും തമ്മിലുള്ള പ്രണയം ഈ നോവലിലെ പ്രധാന കഥാതന്തുവാണ്. ദാസന്റെ കാമുകി ചന്ദ്രികയെ മറ്റൊരാൾക്കു വിവാഹം ചെയ്തു കൊടുക്കാൻ അവളുടെ മാതാപിതാക്കളും തീരുമാനിച്ചു. വിവാഹദിനത്തിൽ അപ്രത്യക്ഷയായ ചന്ദ്രികയെ പിന്നെ ആരും കണ്ടിട്ടില്ല. താമസിയാതെ ദാസനും അവളുടെ വഴി പിന്തുടർന്നു. ദാസനും ചന്ദ്രികയും കടലിനു നടുവിൽ വെള്ളിയാങ്കല്ലുകൽക്കു മുകളിലെ തുമ്പികളായി മാറുകയാണ്. ഒപ്പം തലമുറകളുടെ ജീവിതത്തിലൂടെ മയ്യഴിയുടെ ചരിത്രത്തെകൂടി പകർത്തുകയാണ് എം. മുകുന്ദൻ.

മയ്യഴിയിലെ ഫ്രഞ്ചുകാരുടെ വീര സാഹസിക കഥകളും മരണത്തിനും ജനനത്തിനും ഇടയിൽ സ്വാതന്ത്ര്യാനന്തര മയ്യഴിയുടെ അന്തസംഘർഷങ്ങൾ ദാസനിൽ മാത്രമല്ല സമൂഹത്തിലേക്കും പടരുന്നതായി നോവലിൽ വരച്ചു കാട്ടുന്നു. രാഷ്ട്രീയ സ്വാതന്ത്ര്യം മയ്യഴിയിലെ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമാകുന്നില്ല എന്ന് നമുക്ക് കാണാം. ശരിക്കും പറഞ്ഞാൽ അത് പുതിയ പ്രശ്നങ്ങളിലേക്കാണ് വഴി തുറന്നത്. തകർന്ന ജീവിതങ്ങളെയും കുടുംബങ്ങളെയും പുനർജീവിപ്പിക്കാൻ സ്വാതന്ത്ര്യത്തിന് കഴിയുമായിരുന്നില്ല. എനിക്ക് രാജ്യം കിട്ടി, പക്ഷേ വീട് നഷ്ടപ്പെട്ടു എന്ന ദാസന്റെ ആത്മഗതം സ്വാതന്ത്ര്യാനന്തര മയ്യഴിയുടെ സങ്കടങ്ങളെ മുഴുവൻ ഉൾക്കൊള്ളിച്ചുകൊണ്ടുള്ളതായിരുന്നു. സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത കണാരനും പപ്പനും വാസുട്ടിയും എല്ലാം ഈ പ്രതിസന്ധിയെ നേരിട്ടവരായി നോവലിൽ കാണുന്നു. സ്വാതന്ത്ര്യം സൃഷ്ടിച്ച ബോധം ദാസന്റെ ജീവിത ദുരന്തത്തിന് കാരണമാകുന്നുണ്ട്. സ്വതന്ത്ര ഭാരതത്തിലെ രാഷ്ട്രീയ തകർച്ചയുടെ ചിത്രങ്ങൾ മയ്യഴിപ്പുഴയുടെ തീരങ്ങളിൽ എന്ന നോവലിൽ നമുക്ക് കാണാം. നോവലിന്റെ അവസാനത്തിൽ താൻ എന്ത് നേടിയെന്ന ഒരു ചോദ്യം അവനിൽ നിന്നും ഉയർന്നു വന്നു. ഈ ചോദ്യം സമൂഹത്തിന് മുന്നിലേയ്ക്കാണ് മുകുന്ദൻ വയ്ക്കുന്നത്.

**ശൂന്യതാബോധം**

പാരമ്പര്യമൂല്യങ്ങളിൽ വിശ്വാസം നഷ്ടപ്പെടുന്ന മനുഷ്യൻ ജീവിതത്തെ വൈരുധ്യാത്മകമായി സമീപിക്കുമ്പോൾ ശൂന്യതാബോധം ഉടലെടുക്കുന്നു. പകയും ആത്മനിന്ദയും വ്യക്തിയിൽ വളർത്തുകയാണ് ഇതിന്റെ അനന്തരഫലം. മനുഷ്യന്റെ പ്രശ്നങ്ങളെല്ലാം അർഥരഹിതമാണെന്നും മരണം മാത്രമാണ് ഒരേയൊരു സത്യമെന്നുമുള്ള ബോധം രൂപീകരിക്കപ്പെട്ടു. നന്മയിൽ മേലുള്ള വിശ്വാസത്തിന്റെ തകർച്ചയാണ് ഇതിനു പ്രധാന കാരണം. ജീവിതമെന്നത് ആകെത്തുകയിൽ ശൂന്യത മാത്രമാണെന്ന് കരുതപ്പെട്ടു. ജീവിതത്തിന് യാതൊരുവിധ അർഥവുമില്ലെന്നും മരിക്കാൻ വേണ്ടി മാത്രമാണ് താൻ ജീവിക്കുന്നതെന്നും ആധുനികമനുഷ്യൻ കരുതി. തന്റെ മറ്റ് ആഗ്രഹങ്ങളൊന്നും തന്നെ സഫലമാകാൻ പോകുന്നില്ല. ഇങ്ങനെ വ്യക്തിക്ക് സമൂഹത്തെയും തിരിച്ച് സമൂഹത്തിന് വ്യക്തിയെയും വേണ്ട എന്ന സ്ഥിതി വന്നതോടെ മനുഷ്യനിൽ വിഷാദമനോഭാവം നിറഞ്ഞു. അങ്ങനെ വ്യക്തി തന്റേതുമാത്രമായ മോഹങ്ങളിലേക്കും വേദനകളിലേക്കും ചുരുങ്ങുകയും വിഷാദമനോഭാവത്തിന്റെ സഹയാത്രികനായി മാറുകയും ചെയ്തു.

## 3.1.3 കഥാപാത്രനിരൂപണം

### 3.1.3.1 മൂപ്പൻ സായ്വ്

മൂപ്പൻ സായ്വിനൊഴികെ മറ്റാർക്കും കാറുണ്ടായിരുന്നില്ല. കുന്നിനു മുകളിലെ മൂപ്പൻ സായിപ്പിന്റെ ബംഗ്ലാവിന്റെ പ്രൗഢിയെക്കുറിച്ച് സൂചിപ്പിച്ചുകൊണ്ടാണ് നോവൽ ആരംഭിക്കുന്നത്. മൂപ്പൻ സായ്വിന്റെ കാറാണ് മയ്യഴിയിലെ മക്കൾ ആദ്യമായി കാണുന്ന കാർ. മയ്യഴിയിലെ പ്രധാനപ്പെട്ട വ്യക്തികളെല്ലാം തന്നെ മൂപ്പൻ സായ്വിന്റെ അതിഥികളായിരുന്നു.

### 3.1.3.2 ക്ലെമാംസായ്വ്

ലെസ്ലീസായ്വിന്റെ അച്ഛൻ. അസാധാരണമായ പൊക്കമുണ്ടായിരുന്നു അയാൾക്ക്. നരച്ച കൊമ്പൻ മീശയും റ്യൂദ് ലെഗ്ലീസിൽ ക്ലെമാം സായ്വിന് വീഞ്ഞു കടയുണ്ടായിരുന്നു. വീഞ്ഞു വിറ്റ് അയാൾ ധാരാളം പണം സമ്പാദിച്ചിരുന്നു. തന്റെ ഞരമ്പുകളിൽ ഫ്രഞ്ച് രാജകീയ രക്തം ഒഴുകുന്നുണ്ടെന്ന് അഭിമാനിക്കുകയും അതിൽ വീമ്പു കൊള്ളുകയും ചെയ്തിരുന്നു.

### 3.1.3.3 ലെസ്ലീ സായ്വ്

മയ്യഴിയിലെ ഏറ്റവും വലിയ പരിഷ്കാരിയായിരുന്നു നൊത്തേർ ലെസ്ലീ സായ്വ്. കുറുമ്പിയമ്മയിൽ നിന്ന് പൊടി വാങ്ങാൻ വരുന്ന സായിപ്പിന്റെ രംഗം നോവലിൽ വിവരിച്ചിരിക്കുന്നു. അദ്ദേഹം കാൽശരായിയും കോട്ടും ധരിച്ചിരുന്നു. കാലുകളിൽ കരയുന്ന പാപ്പാസ്, തലയിൽ തൊപ്പിയും ധരിച്ച് മയ്യഴിയിൽ ജീവിച്ചു.

### 3.1.3.4 മിസ്സി

ലെസ്ലീസായ്വിന്റെ ഭാര്യ. അവർ രണ്ടു പ്രസവിച്ചു. ഒന്നാമൻ അൽബേറും രണ്ടാമൻ ഗസ്തോനും. അൽ ബേറിനെക്കുറിച്ചുള്ള ദുഃഖം മിസ്സിയെ വല്ലാതെ അലട്ടിയിരുന്നു. അവൻ ജീവിച്ചിരിപ്പുണ്ടെന്ന് അറിഞ്ഞാൽ മതിയായിരുന്നു അവർക്ക്. മിസ്സിയ്ക്ക് ഫ്രാൻസിനെക്കുറിച്ച് വിദൂരമായ ഓർമകൾ മാത്രമേയുള്ളു. അവർ ആകെ മാറിപ്പോയിരിക്കുന്നു. പേരിനു മാത്രമായി ഒരു വെള്ളക്കാരിയുടെ സ്ഥാനം അവർ വഹിച്ചിരുന്നു. അവർ മയ്യഴിയിൽ താമസമാക്കിയിട്ട് എത്രയോ വർഷം കഴിഞ്ഞു. അവർ മയ്യഴിയിലെ മക്കളെപ്പോലെ മലയാളം പറയുന്നു. എങ്കിലും ഫ്രാൻസ് എന്ന് കേൾക്കുമ്പോൾ മിസ്സി മൗനിയാകും. ജന്മഭൂമിയുടെ വിളി അവരുടെ കാതുകളിൽ മുഴങ്ങും.

### 3.1.3.5 അൽബേർ

അൽബേർ തെമ്മാടിയായി വളർന്നു. അധ്യാപകനെ തെറിപറഞ്ഞ് സ്കൂൾ വിട്ടിറങ്ങിപ്പോന്നു. പഠിത്തം നിറുത്തിയ അൽബേർ സായ്വ് മദ്യപിച്ചും പെണ്ണുങ്ങളെ വേട്ടയാടിയും കുറച്ചുകാലം മയ്യഴിയിൽത്തന്നെ ജീവിച്ചു. യുദ്ധം പൊട്ടിപ്പുറപ്പെട്ടപ്പോൾ പട്ടാളത്തിൽ ചേർന്ന് അപ്രത്യക്ഷനാവുകയും ചെയ്തു. പിന്നീട് അൽബേർ സായ്വിനെക്കുറിച്ച് ഒരറിവും ആർക്കും ഉണ്ടായിരുന്നില്ല.

''എന്റെ വിധ്യാ കൊറമ്പീ

മിസ്സിയുടെ നീലക്കണ്ണുകളിൽ കണ്ണീർ വന്നു നിറയും.''

അൽബേറിനെക്കുറിച്ചു പലർക്കും പല കഥകൾ പറയാനുണ്ടായിരുന്നു. അൽബേർ സായ്വ് യുദ്ധത്തിൽ മൃതിയടഞ്ഞു. അൽബേർ സായ്വ് കപ്പലപകടത്തിൽ മുങ്ങി മരിച്ചു. അൽബേർസായ്വ് ഭാര്യയും കുഞ്ഞുങ്ങളുമായി ഫ്രാൻസിൽ സുഖമായി കഴിയുന്നു അങ്ങനെ നീളുന്നു കഥകൾ.

### 3.1.3.6 ഗസ്തോൻ

ഗസ്തോൻ, അൽബേറിനെപ്പോലെയായിരുന്നില്ല. സ്വഭാവഗുണമുള്ളവനും അതിബുദ്ധിശാലിയുമാണ് അയാൾ. പരീക്ഷകൾ ഒന്നൊന്നായി പാസ്സായി പോണ്ടിച്ചേരിയിൽ ചെന്ന് ഉപരിപഠനം നടത്തി. ലെസ്ലീ സായ്വിന് ഗസ്തോനെക്കുറിച്ച് വലിയ പ്രതീക്ഷകളുണ്ടായിരുന്നു. ഗസ്തോൻ ചെറുപ്പത്തിൽ ഉന്മേഷമുള്ള ഒരു കുട്ടിയായിരുന്നു. പ്രായപൂർത്തിയായതോടെ ഗസ്തോന്റെ പ്രസരിപ്പ് ചോർന്നു പോയിക്കൊണ്ടിരുന്നു. സന്തോഷം വറ്റിപ്പോയിരുന്നു. ഗസ്തോൻ സദാ ചിന്താധീനനായി കാണപ്പെട്ടു. എന്തോ ഒരു രഹസ്യ ദുഃഖം അയാളെ വേട്ടയാടി. ആ രഹസ്യം അയാൾ ദാമുവിനോട് പറയുന്നുണ്ടെങ്കിലും ദാമു അതിന്റെ ആഴം തിരിച്ചറിയുന്നില്ലെന്ന്

കാണാം. മാതാപിതാക്കൾ മുന്നോട്ടു വയ്ക്കുന്ന വിവാഹ ആലോചന അയാൾ നിരസിച്ചെങ്കിലും പിന്നീടതു നടന്നു. ഗസ്തോൻ സായ്‌വിന്റെ വധു പോണ്ടിച്ചേരിയിലെ മുൻ മേയറായ ഷെവാലിയേ ഇന്ത്യാസ് സായ്‌വിന്റെ മകൾ തെരേസയായിരുന്നു.

### 3.1.3.7 കുറുമ്പിയമ്മ

മയ്യഴിലെ പ്രധാന കഥാപാത്രമാണ് കുറുമ്പിയമ്മ. ദാമുവിന്റെ അമ്മ, കേളുവച്ചന്റെ ജീവിത പങ്കാളി. ലെസ്ലിസായിവിന്റെ കുടുംബത്തോട് കുറുമ്പിയമ്മയ്ക്ക് കൂറും സ്നേഹവുമുണ്ട്. ''എന്റെ മാതാവേ, എന്റെ ഗസ്തോനെ ദെരസ്സറാക്കണേ'' എന്ന അവരുടെ പ്രാർഥനതന്നെ അതിന് ഉദാഹരണമാണ്. ''ലെസ്ലീസായ്‌വിന്റെ കുതിരേല്ലേ, അതൊരു കുതിരായ്. കുമ്പിയമ്മ പറയും: ''തലേം പൊന്തിച്ചുള്ള അയിന്റെ പാച്ചല് ഒന്നു കാണേണ്ടതാ.'' എന്ന കുറുമ്പിയമ്മയുടെ വാക്കിൽ നിന്ന് ലെസ്ലിസായ്‌വിന്റെ ജീവിതത്തോടുള്ള അവരുടെ ആരാധന പ്രകടമാണ്. കുറുമ്പിയമ്മയുടെ രൂപത്തെ മുകുന്ദൻ പകർത്തുന്നത് ഇപ്രകാരമാണ്. മുട്ടോളം എത്തുന്ന ഒരു മുണ്ട് മാത്രമാണ് വേഷം. കാതിൽ കുഞ്ഞിന്റെ വലിയ തക്കകൾ. കഴുത്തിൽ അഷ്ലിക. ലെസ്ലീ സായ്‌വ് കാറു വാങ്ങണമെന്ന് കുറുമ്പിയമ്മ ആഗ്രഹിച്ചിരുന്നു. കാൽശരായിയും തൊപ്പിയും ധരിച്ച് കണ്ണാടി പോലെ തിളങ്ങുന്ന കാറിൽ ലെസ്ലീ സായ്‌വ് സഞ്ചരിക്കുന്നത് എത്രയോ തവണ കുറുമ്പിയമ്മ സ്വപ്നം കണ്ടു കഴിഞ്ഞിരുന്നു എന്ന് പറയുന്നതിലൂടെ ആ കുടുംബത്തോട് കുറുമ്പിയമ്മ സൂക്ഷിക്കുന്ന ആദരവ് പ്രകടമാണ്. ലെസ്ലീ സായ്‌വും കുറുമ്പിയമ്മയും ഒന്നിച്ചിരുന്ന് പൊടി വലിക്കുകയും നാട്ടുകാര്യങ്ങൾ പറയുകയും ചെയ്തിരുന്നു. കാൽശരായിയും കോട്ടും ധരിച്ചു വരുന്ന മനുഷ്യരോട് കുറുമ്പിയമ്മയ്ക്ക് ആരാധനയാണ്. കുറുമ്പിയമ്മയുടെ മകനാണ് ദാമു.

### 3.1.3.8 കേളുവച്ചൻ

കുറമ്പിയമ്മയുടെ തിയ്യൻ കേളുവച്ചൻ കോട്ടും കാൽശരായിയുമൊന്നും ധരിച്ചില്ല. മുട്ടോളമെത്തുന്ന ഒരൊറ്റമുണ്ടു മാത്രമാണ് കേളുവച്ചന്റെ വേഷം. വീട്ടിൽ വന്നാൽ ആ ഒറ്റമുണ്ടും ഉരിഞ്ഞിടും. വസ്ത്രത്തെ കേളുവച്ചൻ വെറുത്തു. ഒരു നിമിഷം എവിടെയെങ്കിലും അടങ്ങിയിരിക്കുന്ന സ്വഭാവം കേളുവച്ചനില്ല. അയാൾ പാമ്പുകടിയേറ്റാണ് മരിക്കുന്നത്.

### 3.1.3.9 ദാമു

കുറുമ്പിയമ്മയുടെ മകനാണ് ദാമു. ദാമുവിന്റെ മകനാണ് ദാസൻ. ദാസനിൽ മുഴുവൻ പ്രതീക്ഷയും അർപ്പിച്ചാണ് ദാമു ജീവിക്കുന്നത്. അയാളുടെ സ്വപ്നങ്ങളെ തകർത്തുകൊണ്ടാണ് ദാസൻ മയ്യഴിയുടെ വിമോചന സമരത്തിൽ പങ്കെടുക്കുന്നത്. ദാമുവും ഗസ്തോനും ഒരേ പ്രായമാണ്. അതുകൊണ്ടുതന്നെ ഇരുവരും നല്ല സുഹൃത്തുക്കളുമാണ്.

### 3.1.3.10 കുഞ്ഞിച്ചിരുത

അക്കാലത്തെ കേളികേട്ട ഒരഭിസാരികയായിരുന്നു കുഞ്ഞിച്ചിരുത. കുഞ്ഞിച്ചിരുതയുടെ കേളി കിഴക്ക് പോണ്ടിച്ചേരിവരെയും വടക്കു മംഗലാപുരംവരെയും പരന്നിരുന്നു. കുഞ്ഞിച്ചിരുതയുടെ ആരാധകന്മാരിൽ പ്രധാനി ന്യായാധിപനായ ദാവീദ് സായ്‌വായിരുന്നു.

### 3.1.3.11 മേയർ ചെക്കുമൂപ്പർ

മയ്യഴിയിലെ സങ്കരേതര വർഗക്കാരിൽപ്പെടുന്ന ചെക്കുമൂപ്പർ ധനികനും പ്രമാണിയുമായിരുന്നു. അയാൾ നന്നേ ചെറുപ്പത്തിലേ ഫ്രാൻസിൽപോയി ഉയർന്ന വിദ്യാഭാസം നേടി അവിടെത്തന്നെ ജോലിയിൽ പ്രവേശിച്ചു. മൂന്നു വ്യാഴവട്ടക്കാലം ഫ്രാൻസിൽ ജീവിച്ചതിനുശേഷം വെള്ളക്കാരിയായ ഭാര്യയുമൊത്ത് മയ്യഴിയിൽ തിരിച്ചുവരികയും വിശുദ്ധകന്യാമറിയ ദേവാലയത്തിന്റെ നിഴലിൽ ഒരു മാളിക പണിയുകയും ചെയ്തു. ക്രമേണ മൂപ്പൻ സായ്‌വിന്റെ വലംകൈയായി മാറി, ചെക്കുമൂപ്പർ. പിൽക്കാലം മയ്യഴിയിലെ മേയറായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു. ചെക്കുമൂപ്പർ വീട്ടിപോലെ കറുത്തിട്ടാണ്. മൂന്നു വ്യാഴവട്ടക്കാലത്തെ യൂറോപ്പിലെ ശൈത്യം തൊലിക്ക് ഒരു നിറഭേദംപോലും വരുത്തിയില്ല. ആറടി പൊക്കവും അതിനു ചേർന്ന തടിയും. എന്നും വൈകുന്നേരം തന്റെ മദാമ്മയുടെ കൈയും പിടിച്ച് ചെക്കുമൂപ്പർ സവാരിക്കിറങ്ങും. അപ്പോൾ വീടുകളിൽനിന്നു പെണ്ണുങ്ങളും കുട്ടി

കളുമെല്ലാം അതു കാണുവാനായി വെളിയിൽ വന്നുനില്ക്കും. ചെക്കു മൂപ്പർ തന്നേക്കാൾ എളിയവരുമായി ബന്ധപ്പെട്ടിരുന്നില്ല.

### 3.1.3.12 ദാസൻ

നോവലിലെ പ്രധാന കഥാപാത്രമാണ് ദാസൻ. ദാസന്റെ ജീവിത വഴിലൂടെയാണ് മയ്യഴിയുടെ പരിണാമം നടക്കുന്നത്. പഠനത്തിൽ മിടുക്കനായ ദാസൻ വിപ്ലവത്തിന്റെ വഴി തിരഞ്ഞെടുക്കുകയും മയ്യഴിയുടെ വിമോചന സമരത്തിൽ ഏർപ്പെടുകയും ഒടുവിൽ ഏകാന്തത അയാളെ വേട്ടയാടുകയും ചെയ്യുന്നു. മൂപ്പൻ സായ്‌വ് നല്കിയ ഉദ്യോഗവും ഫ്രാൻസിൽ ഉപരിപഠനത്തിനുള്ള സ്കോളർഷിപ്പും നിരസിച്ച ദാസന്റെ ജീവിതം പൂർണമായ അർഥത്തിൽ മയ്യഴിയുടെ സ്വാതന്ത്ര്യത്തിനുവേണ്ടിയായിരുന്നു. ''ഒരു രാജ്യത്തിന്റെ സ്വാതന്ത്ര്യം ചോരയും കണ്ണീരും ആവശ്യപ്പെടുന്നു'' (മുകുന്ദൻ, എം. 2003: 286) എന്ന പക്ഷക്കാരനാണ് ദാസൻ. വിമോചനസമരചരിത്രവും ദാസനുൾപ്പെടെയുള്ളവരുടെ ജീവിതവും ഈ നിലപാടിനെ സാധൂകരിക്കുന്നതിനു വേണ്ടി, നാടിന് വേണ്ടി ഇറങ്ങിത്തിരിച്ചു. ദാസന് ഒടുവിൽ എല്ലാം നഷ്ടമാകുന്ന കാഴ്ചയാണ് കാണാൻ കഴിയുന്നത്.

### 3.1.3.13 ചന്ദ്രിക

ദാസന്റെ കാമുകിയാണ് ചന്ദ്രിക. ജീവിതമാകുന്ന ഭാരമൊന്നിറക്കി വയ്ക്കാൻ അയാളുടെ ജീവിതത്തിലെ വെള്ളിയാങ്കല്ലായിരുന്നു ചന്ദ്രിക. അവളിൽ അയാൾ വിശ്രമം കണ്ടെത്തുന്നു. ചന്ദ്രികയുടെ വിവാഹദിവസം ഭരതൻ പണിത ബംഗ്ലാവിൽ നിന്ന് തിരോധാനം ചെയ്യുന്ന ചന്ദ്രിയെ മയ്യഴിയിലെ ആർക്കും പിന്നീട് കണ്ടെത്താൻ കഴിഞ്ഞില്ല. അന്തിമ വിശ്രമ സ്ഥാനമായ വെള്ളിയാങ്കലിൽ ചന്ദ്രികയെത്തിയെന്ന് ദാസൻ തിരിച്ചറിയുന്നു. അങ്ങനെ ദാസന് മാത്രം പരിചയമുള്ള, അയാളുടെ കണ്ണുകൾക്ക് മാത്രം കാണാൻ കഴിയുന്ന ഒരു ലോകത്തിലേയ്ക്ക് അവൾ യാത്രയാകുന്നു.

## 3.1.4 മിത്തുകളുടെ മയ്യഴി

ഒരു ദേശ-സംസ്കാരത്തിന്റെ പരിവർത്തനവഴിയിൽ മിത്തുകൾക്ക് സവിശേഷമായ പ്രാധാന്യമുണ്ട്. സാഹിത്യ വ്യവഹാരത്തിലാകുമ്പോൾ പ്രത്യേകിച്ചും. കാരണം ഓരോ സംസ്കൃതിക്കും സാഹിത്യത്തിൽ അതിന്റേതായ ധർമ്മം നിർവഹിക്കാനുണ്ട്. അതുകൊണ്ടാണ് സംസ്കൃതികൾ വ്യത്യസ്തങ്ങളായി അനുഭവപ്പെടുന്നത്. ഒന്നിനെ വേറൊന്നിൽ നിന്ന് വേർതിരിച്ചു നിർത്തുന്നത് അതിന്റെ തനിമയാണ്. ഓരോ പ്രദേശവും മിത്തുകളാൽ സമ്പന്നമാണ്. മയ്യഴിപ്പുഴയുടെ തീരങ്ങളിലും മിത്തുകളുടെ സ്വാധീനം പ്രകടമാണ്. വെള്ളിയാങ്കല്ല് എന്ന മിത്ത്, വൈസ്രവണൻ ചെട്ടിയാരുടെയും കുത്തുമാണിക്കത്തിന്റെയും കഥ, മയ്യഴി മാതാവിന്റെ ഉല്പത്തിയെക്കുറിച്ചുള്ള ഐതിഹ്യം, ഴാങ്യാർക്കിലെ ഇടയപ്പെൺകുട്ടിയുടെ കഥ, മീത്തലമ്പലത്തിലെ ദേവിയെക്കുറിച്ചും ഗുളികനെക്കുറിച്ചും തിറകെട്ടിയാടലിനെക്കുറിച്ചും ഉള്ള വിശ്വാസം, ആദിതിയ്യൻ എന്ന സങ്കല്പം, എന്നിങ്ങനെ സ്വദേശപാരമ്പര്യാധിഷ്ഠിതവും വിദേശപാരമ്പര്യാധിഷ്ഠിതവുമായ ധാരാളം വാങ്മയങ്ങൾ, മയ്യഴി പെരുന്നാളിനെത്തുന്ന പെരുന്നാൾ തുമ്പികൾ (ലദീന പൊക്കൻ ഹെർബിന് തുമ്പികൾ) എന്ന വിശ്വാസം എല്ലാം ഉൾച്ചേർന്നതാണ് മയ്യഴി. വെള്ളിയാങ്കല്ലിൽ തുമ്പികളായിരുന്നവർ പിന്നീട് മയ്യഴിയിൽ മനുഷ്യരായി വന്നു പിറക്കുകയും മരണശേഷം ആ ആത്മാവ് വീണ്ടും ഒരു തുമ്പിയായി മാറി അങ്ങോട്ടു തന്നെ മടങ്ങുകയും ചെയ്യുന്നു എന്നതാണ് ആ മിത്ത്. നോവലിസ്റ്റിന്റെ ഭാവനാസൃഷ്ടിയാണത്. അതിനു ചില ദാർശനികലക്ഷ്യങ്ങളുണ്ട്. ഈ മിത്തനുസരിച്ച് മയ്യഴി ഒരു മുന്നരങ്ങും വെള്ളിയാങ്കല്ല് അതിന്റെ പിന്നരങ്ങുമാകുന്നു. ആ പിന്നരങ്ങിൽ നിന്നാണ് തുമ്പികളായി ആത്മാക്കൾ, കടൽ താണ്ടി, മയ്യഴിയിൽ വന്ന് മനുഷ്യരാകുന്നത്. ഭാരിച്ച മനുഷ്യാസ്തിത്വത്തിനു മുൻപും പിൻപും അവർ തുമ്പികളാകുന്നു. തൂവലിനേക്കാൾ നേർത്തതാണ് തുമ്പിച്ചിറകുകൾ; അതിന് ഭാരമേതുമില്ല. തങ്ങൾക്കു മാത്രമുള്ള ഒരു ജോഡി പളുങ്കുചിറകുകളിൽ ഭാരരഹിതരായി അവ പാറി നടക്കുന്നു. മനുഷ്യനായിത്തീർന്നാൽ പേറേണ്ടി വരുന്ന ഭാരിച്ച വ്യഥകളുടെ വിപരീതമാണത്. തുമ്പിയായാൽ ഭാരമൊഴിഞ്ഞു, തുമ്പിയായിരുന്നപ്പോഴും ഭാരമില്ലായിരുന്നു. രണ്ടിനുമിടയിലാണ് ഭാരിച്ച മനുഷ്യാസ്തിത്വം എന്ന് സജയ് കെ. വി. വിലയിരു

ത്തുന്നു.

### 3.1.5 അധികാരം

സാമുദായിക പാരമ്പര്യരീതികളിൽ നിന്ന് വ്യത്യസ്തമായ ഒരു മതേതര ശ്രേണീവല്കരണം നടത്താൻ ഫ്രഞ്ചുവിദ്യാഭ്യാസം മയ്യഴിയിലെ ജനതയെ സഹായിച്ചു. കേരളത്തിൽ പൊതുവേ സവർണ മേധാവിത്വം കൊടികുത്തിവാണിരുന്ന സമയത്ത് മയ്യഴിയിൽ അവർണരായ തിയ്യസമുദായത്തെ കൊളോണിയൽ വിദ്യാഭ്യാസം നൽകി ഉന്നത പദവികളിൽ പ്രതിഷ്ഠിച്ചു. തിയ്യ സമുദായക്കാരുടെ ഒരു ബറ്റാലിയൻ (പട്ടാളം) തന്നെ മയ്യഴിയിൽ ഉണ്ടായിരുന്നു. ഇത് കൊളോണിയൽ യജമാനൻ ഹൃദയാലുവും വിശാലമനസ്കനുമാണെന്ന തോന്നൽ അധിനവേശിതനിൽ ഉണ്ടാക്കിതീർക്കാൻ കഴിഞ്ഞു. അഭ്യസ്തവിദ്യരായ ഒരു സങ്കരവിഭാഗത്തെ സൃഷ്ടിക്കുകവഴി അധിനിവേശത്തോട് സാധാരണക്കാർക്ക് ആഭിമുഖ്യം വളർത്തുന്നതിൽ ഫ്രഞ്ചുകാർ വിജയിച്ചു. അധിനിവേശകർ നൽകുന്ന ഇത്തരം സൗജന്യങ്ങളും ചട്ടക്കാർ നയിച്ച ആർഭാടജീവിതവും ഒരുതരം മാസ്മരികതയാണ് തദ്ദേശവാസികളിൽ ഉണ്ടാക്കിയത്. ഭക്ത്യാദരങ്ങളോടെയാണ് അവർ അധിനിവേശകരെ നോക്കിക്കണ്ടത് എന്നും നോവൽ സാക്ഷ്യപ്പെടുത്തുന്നു.

### 3.1.6 പ്രാദേശിക ജീവിതവും അധിനിവേശവും

പ്രാദേശിക സംസ്കാരവുമായി ഫ്രഞ്ചുകാർ വളരെ അടുത്ത് ഇടപഴകിയിരുന്നു എന്ന് മയ്യഴിയിലെ ജീവിതം തെളിയിക്കുന്നു. മയ്യഴിയിലെ തദ്ദേശവാസികളുടെ ഏറ്റവും ഉയർന്ന സ്വപ്നവും വെള്ളക്കാരുടെയും ചട്ടക്കാരുടെയും ജീവിതമായിരുന്നു. കൊളോണിയൽ വിദ്യാഭ്യാസം നേടിയ മധ്യവർഗം ഫ്രഞ്ച് അധീശത്വം അംഗീകരിച്ച് ഭരണകർത്താക്കളെ സഹായിച്ച് അവരുടെ ജീവിതത്തോടു ചേർന്നുനിൽക്കാൻ ശ്രമിച്ചു. ഫ്രാൻസിന്റെ വീരനായികയായ 'ജോൺ ഓഫ് ആർക്കി'ന്റെ (ഴാന്നാർക്ക്) കഥ സ്വന്തം നാടിന്റെ ഇതിഹാസമായിത്തീരുന്ന കാഴ്ച മയ്യഴിപ്പുഴയുടെ തീരങ്ങളിൽ കാണാം. മയ്യഴിയിലെ ഒരു മുത്തശ്ശിക്കും കണ്ണീർ പൊഴിക്കാതെ ഴാന്നാർക്കിന്റെ കഥ പറയുവാൻ കഴിയില്ല. മയ്യഴിയിലെ ഓരോ കുട്ടിയും ജീവനോടെ ദഹിപ്പിക്കപ്പെട്ട ഇടയപ്പെൺകുട്ടിയുടെ കഥകേട്ടാണ് വളരുന്നത്. ലെസ്ലീസായ്‌വിന്റെ ബാല്യത്തിൽ ക്ലമാം സായ് ലെസ്ലിയെ മടിയിലിരുത്തി ആ കഥ പറഞ്ഞു കൊടുത്തു. ഗസ്തോനെ മടിയിലിരുത്തി ലെസ്ലി സായ്‌വും ആ കഥ അവനു പറഞ്ഞുകൊടുത്തു. കുറമ്പിയമ്മ ആ കഥ ദാസനു പറഞ്ഞുകൊടുത്തു. ഇങ്ങനെ ഇടയപ്പെൺകുട്ടിയുടെ ദുരന്തകഥ കേട്ട് കരയാത്ത കുട്ടികൾ മയ്യഴിയിൽ ഉണ്ടായിരുന്നില്ല. പ്രാദേശികമായ സംസ്കാര ധാരകൾക്കുമേൽ വൈദേശിക ശക്തി ആധിപത്യം നേടുന്നതിന് ഉദാഹരണമാണ് ഈ കഥയുടെ പ്രചാരം. ക്രമേണ ജോൺ ഓഫ് ആർക്ക് അവരിലൊരാളായിമാറുന്നു. അധിനിവേശവും പ്രാദേശികതയും തമ്മിൽ ഇടകലർന്ന ജീവിത സംസ്കാരമാണ് മയ്യഴിയെ നിർമ്മിച്ചിരിക്കുന്നത്.

ഫ്രഞ്ചുകാരും മയ്യഴിയിലെ പ്രാദേശിക ജനതയും മാത്രമടങ്ങുന്നതല്ല മയ്യഴിയുടെ ദേശനിർമ്മിതി. വ്യത്യസ്ത സംസ്കാരങ്ങളുടെ സങ്കലനം മയ്യഴിയിൽ കാണാം. അതിൽ ഒരു കൂട്ടർ മയ്യഴിയിലെ സങ്കര വർഗക്കാരാണ്. അവരെ ചട്ടക്കാർ എന്ന് അറിയപ്പെടുന്നു. മയ്യഴിയിലെ ജനങ്ങളുടെ ആരാധനാപാത്രമായവരാണിവർ. മയ്യഴിയിൽ വ്യത്യസ്തമായ സാംസ്കാരികമുദ്രകൾ അവതരിപ്പിക്കുവാൻ ഇവർ ശ്രദ്ധിച്ചിരുന്നു. ലീസായ്, ഗാനായി, ക്ലെമാം സായ്, ഗബ്രിയേൽ സായ് തുടങ്ങി നിരവധി മിഴിവുറ്റ കഥാപാത്രങ്ങൾ ഈ ഗണത്തിൽപെടുന്നു. എന്നാൽ ചട്ടക്കാർക്കുതന്നെ അപമാനമായിരുന്നു റോബർ സായ്, അൽബേർ സായ് എന്നിവർ. സങ്കരവർഗക്കാരാണെങ്കിലും വർണപ്പകിട്ടാർന്ന ജീവിതം കാഴ്ചവെക്കാൻ ഇത്തരം കഥാപാത്രങ്ങൾക്ക് കഴിയുന്നില്ല.

പോണ്ടിച്ചേരിയിൽനിന്ന് എത്തിച്ചേർന്ന തമിഴർ മയ്യഴിയിൽ ന്യൂനപക്ഷമാണ്. ഫ്രഞ്ചുകാരോട് ചേർന്നുനിൽക്കുന്ന ഇവർ പോലീസുകാരും അവരുടെ സിൽബന്ധികളുമാണ്. പളനിപോലീസ്, രാമൻപോലീസ്, അന്തു പോലീസ് എന്നിവരൊക്കെ ഇത്തരക്കാരാണ്. മൂപ്പൻ ബംഗ്ലാവിനു മുമ്പിൽ ലിബർത്ത എന്ന നോട്ടീസ് പതിപ്പിച്ചതിൽ കോപാകുലനായ അന്തുപോലീസ് ഉടൻതന്നെ വിവരം അധികാരികളെ അറിയിക്കുന്നുണ്ട്. ''പൊണ്ടാട്ടിയിറുക്ക്, കുളകളിറുക്കത്. യെന്നെ

കാപ്പാത്തിട് മോംഷേർ അന്തു'' (മുകുന്ദൻ, എം. 2003: 100) എന്ന പളനിയുടെ അപേക്ഷ അദ്ദേഹം സ്വീകരിക്കുന്നില്ല. ഈ ഭാഷണരീതി ഇവരുടെ വിഭിന്നമായ സ്വത്വത്തെ സൂചിപ്പിക്കുന്നു. നീതി ന്യായനിർവഹണമാണ് ഔദ്യോഗികതൊഴിലെങ്കിലും മദ്യപാനവും സകലവിധ വിധ്വംസകപ്രവർത്തനങ്ങളുമായി ഊരുചുറ്റുന്നവരാണിവർ. അധികാരത്തിന്റെ ഇടനിലക്കാരായ ഇവരുടെ ചെയ്തികളാണ് പലപ്പോഴും ശ്രദ്ധേയമാകുന്നത്. മയ്യഴിയിലെ സാധാരണക്കാർ ഭയത്തോടും വെറുപ്പോടും കൂടിയാണ് ഇവരെ സമീപിക്കുന്നത്.

ഫ്രഞ്ചുകാരെ ദൈവതുല്യം കരുതി ആരാധിക്കുന്ന മറ്റൊരു കൂട്ടർ കൂടിയുണ്ട് മയ്യഴിയിൽ. വിമോചന സമരത്തിന്റെ എതിർദിശയിൽ സഞ്ചരിക്കുന്നവരാണ്. മേയർ ചെമപ്പ്, സാം മത്തി കുഞ്ഞിക്കണ്ണൻ തുടങ്ങിയ മയ്യഴിക്കാർ ധനികരും പ്രമാണിമാരുമാണ്. എങ്കിലും അവർ തലമുറകൾക്കു മുമ്പേതന്നെ പരന്തീസ് പൗരത്വം സ്വീകരിച്ചിരുന്നു. ദീർഘകാലം ഫ്രാൻസിൽ ജീവിച്ച് വെള്ളക്കാരിയെ വിവാഹംചെയ്ത് മാഹിയിലേക്ക് തിരിച്ചെത്തിയവരാണവർ. മൂപ്പൻ സായ്വിന്റെ വലംകൈയായി അവർ പ്രവർത്തിച്ചിരുന്നു. ഫ്രാങ്കോ ഇന്തോ കക്ഷിക്കാരും ഇക്കൂട്ടത്തിലുണ്ട്. വെള്ളക്കാരുടെ നാട് സ്വർഗമാണ് എന്ന് ഇവർ വിചാരിക്കുന്നു. വെള്ളക്കാർ മയ്യഴിവിട്ട് യാത്രയാകുമ്പോൾ അവരെ അനുഗമിക്കുവാൻ മനസ്സാസന്നദ്ധരാണിവർ. ''വെള്ളക്കാർ എങ്ങോട്ടാണ് പോകുന്നത്. അങ്ങോട്ട്, വേണമെങ്കിൽ ഈ ഭൂമിയുടെ അറ്റത്തോളം അവരെ അനുഗമിക്കാൻ ഉണ്ണിനായർ തീർച്ചപ്പെടുത്തിക്കഴിഞ്ഞിരുന്നു. വെള്ളക്കാര് അങ്ങനെയങ്ങ് പോകുംന്ന് നിരീക്കണ്ട. ഓല് തിരിച്ചുവരും. കപ്പലും പീരങ്കീം കൊണ്ട് വരും. കണ്ടോളിൻ' ' (മുകുന്ദൻ, എം. 2003:258) എന്നാണ് കുഞ്ഞാണി വിശ്വസിക്കുന്നത് കുക്കൻ, കുഞ്ഞാണൻ, ഉണ്ണി നായർ തുടങ്ങി നിരവധി മയ്യഴിക്കാർ ഈ വിഭാഗത്തിൽ പെടുന്നു. ഓപ്ഷൻ നല്കി ഫ്രഞ്ച് പൗരത്വം സ്വീകരിക്കാൻ ഇവരിൽ പലരും സന്നദ്ധരാകുന്ന കാഴ്ചയും മയ്യഴിയിൽ കാണാം.

''ദാസൻ വെള്ളക്കാരോട് മയ്യഴിയിൽ നിന്നു പോകുവാൻ പറയുന്നു. കുറമ്പിയമ്മയുടെ ഇടനെഞ്ചുപൊട്ടി. ദാസനല്ല മറ്റാരെങ്കിലുമാണത് ചെയ്യുന്നതെങ്കിൽ കുറുമ്പിയമ്മ അയാളുടെ മൂർദ്ധാവിൽ കൈവച്ചു ശപിച്ചേനേ''(മുകുന്ദൻ, എം. 2003: 178, 179). ഇത്തരത്തിലുള്ള മാനസികാവസ്ഥയുള്ളവരായിരുന്നു മയ്യഴിയിലെ നല്ലൊരുഭാഗം തദ്ദേശീയരും. വെള്ളക്കാർക്കെതിരേ നടക്കുന്ന സമരങ്ങൾ യഥാർഥത്തിൽ തങ്ങൾക്കെതിരേയുമാണെന്ന് പല മയ്യഴിക്കാരും കരുതുന്നുണ്ട്. അധിനിവേശത്തെ ആശ്രയിക്കുന്ന ദാസ്യമനോഭാവത്തിന്റെ വിവിധ രൂപത്തിലുള്ള പ്രതിഫലനങ്ങൾ മയ്യഴിപ്പുഴയുടെ തീരങ്ങളിൽ ധാരാളമാണ്. ദേശീയവാദികളുടെ വിമോചനപ്രസ്ഥാനത്തെ സർവാത്മനാ എതിർക്കുകയും സകലസിദ്ധികളും വെള്ളക്കാർക്ക് പണയപ്പെടുത്തുകയും ചെയ്യുന്ന മനോഭാവമാണിത്. അധിനിവേശകരെ മയ്യഴിയിൽ നിലനിർത്താൻ ആഗ്രഹിക്കുന്നവർ പൗരസ്ത്യമായതെല്ലാം അപകൃഷ്ടമാണെന്നും പാശ്ചാത്യമായതെല്ലാം ഉത്കൃഷ്ടമാണെന്നുമുള്ള പൗരസ്ത്യവാദ നിലപാടുകളോട് സമാനത പുലർത്തുന്നവരാണ്, അധിനിവേശതന്ത്രങ്ങളുടെ ഭാഗമായുള്ള ബോധപൂർവമായ ശ്രമങ്ങളാണ് ഈ മനോഭാവത്തെ രൂപപ്പെടുത്തിയത്.

### 3.1.7 ദേശീയബോധവും സ്വതന്ത്രചിന്തയും

സ്വതന്ത്ര്യചിന്തയും ദേശീയബോധവും മയ്യഴിയിലെ ഒരു ന്യൂനപക്ഷത്തിലെങ്കിലും ഉണരുകയും വികാസം പ്രാപിക്കുകയും ചെയ്തു എന്ന് നോവൽ സൂചിപ്പിക്കുന്നുണ്ട്. ''മയ്യഴിയിലും ദേശീയ പ്രസ്ഥാനത്തിന്റെ അലകൾ ഉയിർകൊണ്ടു. പഴയ യൂത്തീഗ് പിരിച്ചുവിടപ്പെട്ടു. മയ്യഴിയുടെ സ്വാതന്ത്ര്യത്തെ ലാക്കാക്കിക്കൊണ്ട് മഹാജനസഭ എന്ന സംഘടന രൂപീകരിക്കപ്പെട്ടു' (മുകുന്ദൻ, എം. 2003: 84). മയ്യഴി മഹാജനസഭ ആദ്യകാലത്ത് വളരെ രഹസ്യാത്മകമായ പ്രവർത്തനങ്ങളാണ് നടത്തിയത്. കുഞ്ഞനന്തൻ മാസ്റ്റർ, ഗാന്ധിയൻ കണാരൻ, പപ്പൻ, ദാസൻ, ഉത്തമൻ, വാസൂട്ടി തുടങ്ങിയവരായിരുന്നു നേതാക്കൾ. ദേശീയതയും സ്വാതന്ത്ര്യബോധവും മൂലം സംഘടിച്ച ഇവരിൽ ഗാന്ധിചിന്തയുടെയും കമ്മ്യൂണിസത്തിന്റെയുമൊക്കെ രാഷ്ട്രീയബോധം കാലക്രമേണ ശക്തിപ്രാപിച്ചു. വീക്ഷണങ്ങളിൽ ബഹുസ്വരനിലപാടുകൾ

സ്വീകരിക്കുമ്പോഴും അവ പ്രതിഭിന്നമാകാതെ സൂക്ഷിച്ചത് ദേശീയബോധത്തിന്റെ വൈകാരി കതന്തുവായിരുന്നു. ചരിത്രഘട്ടങ്ങൾ, ഭൂതകാ ലസ്മരണകൾ, കഥകൾ, മിത്തുകൾ, വിശ്വാസ ധാരകൾ എന്നിവയൊക്കെ പകർന്നു നല്കിയ കൂട്ടായ അവബോധമാണ് ദേശീയതാനിർമ്മിതി ക്ക് സഹായകമാകുന്നതെന്ന ഏണസ്റ്റ് റെനന്റെ കാഴ്ചപ്പാട് (പുറം:18) മയ്യഴിയുടെ സാഹചര്യ ത്തിൽ ശരിയാണ്. വളരെ ന്യൂനപക്ഷമായിരുന്ന ഒരു വിഭാഗത്തിൽ തുടങ്ങി പടിപടിയായി മയ്യഴി യിലെ മഹാഭൂരിപക്ഷം ജനങ്ങളും അണിനിരന്ന സാമൂഹികമുന്നേറ്റമായി വിമോചനസമരം മാ റിയതിന്റെ പശ്ചാത്തലമാണിത്. വെള്ളക്കാർ മയ്യഴി വിടണം എന്ന ആവശ്യം മഹാജനസഭ ശക്തമായി ഉന്നയിച്ചപ്പോൾ തദ്ദേശീയരിൽ ബഹുഭൂരിപക്ഷത്തിനും അത് അമ്പരപ്പും ദുഃഖ വുമാണ് ഉണ്ടാക്കിയത്.

### 3.1.8 അവലോകനം

സ്വാതന്ത്ര്യസമരത്തിന്റെ കഥ മുഖ്യധാര യിലും ഫ്രഞ്ചുകാരുടെ തിരോധാനത്തിൽ ദുഃഖിക്കുന്നവരുടെ പാർശ്വധാര കൂടി സമാന്ത രമായും അവതരിപ്പിക്കുന്നുണ്ട് മയ്യഴിപ്പുഴയുടെ തീരങ്ങളിൽ. ഭൗതികസാഹചര്യങ്ങൾ തീരെ അപരിഷ്കൃതമായ മയ്യഴിയെ ഒരുപരിധി വരെ യെങ്കിലും മുമ്പോട്ടു നയിച്ചത് ഫ്രഞ്ച് ഭരണ മാണെന്ന് കാണാം. കുഞ്ചക്കൻ കത്തിക്കുന്ന തെരുവ് വിളക്കുകളും പൈതലിന്റെ കിണ്ണം മു ട്ടും പള്ളിയിൽനിന്നും മുഴങ്ങുന്ന മണിനാദവും കുതിരവണ്ടികളുടെ പോക്കുവരവുകളും മയ്യഴി ജനതയ്ക്ക് പുതുമയായിരുന്നു. മയ്യഴിയിൽ വല്ല പ്പോഴും വിവാഹമോ, മരണമോ നടക്കുമ്പോൾ ഉള്ള ബാന്റു മേളവും പാതിരാക്കോഴി കൂകുന്ന തുവരെയുള്ള കണാരിയുടെ കുഴലൂത്ത് പ്രാകൃതി സുമെല്ലാം കൊളാണിയലിസത്തിന്റെ ഫലമാ യി മയ്യഴി ജനതയ്ക്ക് പകർന്നു കിട്ടിയവയാണ്. ധനം സമ്പാദിക്കുക, ആർഭാടമായി ജീവിക്കുക, കൂറ്റൻ ബംഗ്ലാവുപണിയുക, ദാനധർമ്മാദികൾ നടത്തുക, പരസഹായം ചെയ്യുക തുടങ്ങിയ പല കാര്യങ്ങളും മയ്യഴിയിലെ ചിലർക്കെങ്കിലും പകർന്നുകിട്ടിയത് ഈ അധിനിവേശ സംസ്കാ രത്തിൽ നിന്നുതന്നെ എന്നതിനു സംശയമില്ല. സ്വന്തമായ ഈടുവെയ്പ്പുകൾ മോശമാണെന്നും അപരന്റെ സംസ്കാരവിശേഷങ്ങളാണ് മൂല്യവ ത്തെന്നും കരുതി അന്ധമായി അതിനുപിന്നാ ലെ പായുന്ന പലരേയും 'മയ്യഴിപ്പുഴയുടെ തീര ങ്ങളിൽ' കാണാം.

## Recap

- മയ്യഴി ചരിത്രവും മിത്തും യാഥാർഥ്യവും
- ആധുനികതയുടെ സവിശേഷതകൾ
- മിത്തും യാഥാർഥ്യവും മയ്യഴിയിൽ
- സ്വാതന്ത്ര്യ സമരവും മയ്യഴിയും
- ദേശവും കാലവും മലയാള നോവലിൽ
- കൊളോണിയൽ ആധുനികതയും നോവലും
- ആധുനികതാവാദം - സവിശേഷതകൾ
- അസ്തിത്വവാദം - ആശയ ലോകം
- മുകുന്ദന്റെ രചനാലോകം - കൃതികൾ
- കാലവും കഥയും മയ്യഴിയുടെ പ്രമേയം
- ദേശചരിത്രം -മയ്യഴിയിൽ
- അധിനിവേശചരിത്രം മയ്യഴിയിൽ
- പ്രാദേശിക ജീവിതവും അധിനിവേശവും
- കഥാപാത്രങ്ങൾ
- ഫ്രഞ്ച് അധിനിവേശവും മയ്യഴിയുടെ ജീവിതവും
- മയ്യഴിയുടെ സംസ്കാരം ചരിത്രം - വിശകലനം
- ദാസന്റെ ജീവിതവും മയ്യഴിയുടെ ചരിത്ര വർത്തമാനങ്ങളും

## Objective Questions

1. മയ്യഴിപ്പുഴയുടെ തീരങ്ങളിൽ എന്ന നോവൽ എഴുതിയത് ആര്?
2. മയ്യഴിപ്പുഴയുടെ തീരങ്ങളിൽ എന്ന നോവൽ പ്രസിദ്ധീകരിക്കപ്പെട്ട വർഷം ഏതാണ് ?
3. കുറുമ്പിയമ്മയുടെ മകന്റെ പേര് എന്താണ്?
4. ദാമുവിന്റെ മകന്റെ പേര് എന്താണ്?
5. ദാസൻ ഗുരുതുല്യനായി കാണുന്നത് ആരെയാണ് ?
6. ദാസന്റെ കാമുകിയുടെ പേര് എന്താണ്?
7. ജനന മരണങ്ങളെക്കുറിച്ച് മയ്യഴിയിൽ പ്രചരിച്ചിരുന്നു പ്രധാന മിത്ത് എന്തായിരുന്നു?
8. കുറമ്പിയമ്മയുടെ ഭർത്താവിന്റെ പേരെന്ത്?
9. ദൈവത്തിന്റെ വികൃതികൾ ആരുടെ കൃതിയാണ് ?
10. ലെസ്ലി സായ്‌വിന്റെ മക്കൾ ആരൊക്കെയാണ്?

## Answers

1. എം. മുകുന്ദൻ
2. 1974
3. ദാമു
4. ദാസൻ
5. കുഞ്ഞനന്തൻ മാസ്റ്ററിനെ
6. ചന്ദ്രിക
7. വെള്ളിയാങ്കല്ലിൽ തുമ്പികളായിരുന്നവർ പിന്നീട് മയ്യഴിയിൽ മനുഷ്യരായി വന്നു പിറക്കുന്നു
8. കേളുവച്ചൻ
9. എം. മുകുന്ദൻ
10. ഒന്നാമൻ അൽബേറും രണ്ടാമൻ ഗസ്തോനും

## Assignments

1. ദേശവും അധികാരവും മയ്യഴിപ്പുഴയുടെ തീരങ്ങളിൽ എന്ന നോവലിൽ - ഉപന്യാസം തയ്യാറാക്കുക
2. കഥാപാത്ര നിരൂപണം തയ്യാറാക്കുക - ദാസൻ, ചന്ദ്രിക, കുറുമ്പിയമ്മ
3. കൊളോണിയൽ ആധുനികതയും മലയാള നോവലും - ഉപന്യാസം തയ്യാറാക്കുക.
4. ചരിത്രവും മിത്തും യാഥാർഥ്യവും മയ്യഴിപ്പുഴയുടെ തീരങ്ങളിൽ - ഉപന്യാസം തയ്യാറാക്കുക
5. മയ്യഴിൽ നടന്ന വിമോചന സമരത്തിന്റെ അനന്തരഫലങ്ങൾ എന്തെല്ലാമായിരുന്നു എന്ന് നോവലിനെ കുറിപ്പെഴുതുക.

## Suggested Reading


1. ഗിരീഷ് കുമാർ, എസ്., *പോസ്റ്റ് കൊളോണിയൽ സാഹിത്യം ഒരാമുഖം*, ചിന്താ പബ്ലിഷേഴ്സ്, തിരുവനന്തപുരം.
2. ഡോ. ജോർജ് ഇരുമ്പയം, *ആദ്യകാല മലയാളനോവൽ*, സാഹിത്യ പ്രവർത്തകസഹകരണ സംഘം, കോട്ടയം.
3. പണിക്കർ കെ.എൻ., *കൊളോണിയലിസം സംസ്കാരം പാരമ്പര്യബുദ്ധി ജീവികൾ*, ചിന്താ പബ്ലിഷേഴ്സ്, തിരുവനന്തപുരം.
4. പണിക്കർ കെ.എൻ., *സംസ്കാരവും ദേശീയതയും*, കറന്റ് ബുക്സ് തൃശൂർ.


## Reference


1. അഗസ്റ്റിൻ ജോസഫ്, *ആധുനികത മലയാളനോവലിൽ*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
2. അനിൽകുമാർ, ടി.കെ., *മലയാളസാഹിത്യത്തിലെ കീഴാളപരിപ്രേക്ഷ്യം* കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ
3. ആനന്ദ്, *അപഹരിക്കപ്പെട്ട ദൈവങ്ങൾ*, ഡി.സി. ബുക്സ്, കോട്ടയം
4. കെ.എം. ജോർജ്, *ആധുനിക മലയാളസാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ*, ഡി.സി. ബുക്സ്, കോട്ടയം

# യൂണിറ്റ് 2 പാണ്ഡവപുരം

സേതു

## Learning Outcomes

- സേതുവിന്റെ രചനാലോകത്തെ പരിചയപ്പെടുന്നു
- ആധുനിക മലയാള നോവലിന്റെ സവിശേഷതകൾ കണ്ടെത്തുന്നു.
- 'പാണ്ഡവപുരം' എന്ന നോവലിന്റെ രൂപപരവും ഭാവപരവുമായ സവിശേഷതകൾ വിശകലനം ചെയ്യുന്നു
- ആധുനിക നോവൽ ഘട്ടത്തിൽ പാണ്ഡവപുരത്തിന്റെ ഇടം കണ്ടെത്തുന്നു

## Prerequisite

**ആധുനികതയും അസ്തിത്വവാദവും**

അറുപതുകളുടെ ഉത്തരാർദ്ധം എത്തിയപ്പോഴേക്കും നോവൽ പുതിയ സരണിയിലേക്ക് നീങ്ങി. നവീനാഭിരുചിബോധത്തിന്റെ വക്താക്കളായി ഒരു പുതിയ തലമുറ കടന്നുവന്നു. നിഷേധാത്മകതയും ജീവിതത്തെ സംബന്ധിച്ച അപചയബോധവും അവരുടെ മനസിന്റെ സജീവഭാവങ്ങളായിരുന്നു. ആധുനികതയുടെ ഭാഗമായാണ് അസ്തിത്വവാദ പ്രവണതകൾ നോവലിൽ കടന്നു വരുന്നത്. ഈ ഭൂമിയിൽ നിലനിൽക്കുന്ന മനുഷ്യൻ നേരിടുന്ന വിവിധ പ്രശ്നങ്ങളെ കുറിച്ചാണ് അസ്തിത്വവാദം (existentialism) പ്രതിപാദിക്കുന്നത്.

ഒന്നാം ലോകയുദ്ധത്തിനു ശേഷം ജർമ്മനിയിൽ ഉടലെടുത്ത ഒരു പ്രത്യേക ജീവിതവീക്ഷണമാണ് അസ്തിത്വവാദം. വ്യക്തിത്വത്തിനും സ്വതന്ത്ര ഇച്ഛയ്ക്കും പ്രാധാന്യം കല്പിക്കയും യുക്തിയെക്കാൾ ഇച്ഛയ്ക്കു മുൻതൂക്കം നല്കുകയും ഇച്ഛാനുസരണം വിധിയെ നിയന്ത്രിക്കാൻ കഴിയും എന്നു വിശ്വസിക്കയും ചെയ്യുക എന്നതാണ് ഈ വീക്ഷണത്തിന്റെ കാതൽ. അസ്തിത്വവാദികൾ മനുഷ്യന്റെ അസ്തിത്വത്തെ അംഗീകരിക്കുന്നതോടൊപ്പം ഭാവിയെക്കുറിച്ച് മുൻകൂട്ടി അറിയാൻ കഴിയും എന്ന വാദത്തെ നിരാകരിക്കുകയും ചെയ്യുന്നു. ഇവർ അസ്തിത്വത്തിന്റെ നിസാരതയെപ്പറ്റി ഊന്നിപ്പറയുകയും പ്രപഞ്ചം അർഥശൂന്യമാണെന്നു വാദിക്കുകയും സാന്മാർഗികമൂല്യങ്ങളെ നിഷേധിക്കുകയും ചെയ്യുന്നു.

മനുഷ്യന്റെ അസ്തിത്വാനുഭവങ്ങളാണ് അസ്തിത്വവാദം പ്രാധാന്യം കൊടുക്കുന്നത്. ഇരുപതാം നൂറ്റാണ്ടിൽ ഏറ്റവും പ്രസിദ്ധിനേടിയ തത്വശാസ്ത്ര പ്രവണതയാണ് അസ്തിത്വവാദം. ഏറ്റവും ജനപ്രീതിയാർജിച്ച ഒരു ദർശനം എന്ന രീതിയിൽ കഴിഞ്ഞ നൂറ്റാണ്ടിലെ ആദ്യപാദത്തിൽ ഫ്രാൻസിലാണ് ഈ ദർശനം ഉടലെടുത്തത്. ഈ ദർശനത്തിന്റെ ആദ്യരൂപം സോറൻ കീർക്കഗോറിന്റെ ദർശനങ്ങളിൽ കാണാം. അസ്തിത്വവാദത്തെ രണ്ട് വിഭാഗങ്ങളായി തരംതിരിച്ചിരിക്കുന്നു. ഒന്ന് ആസ്തികം, രണ്ട് നാസ്തികം. കീർക്കഗോർ, യാസ്പെർ, മാഴ്സേ തുടങ്ങിയവരാണ് ആസ്തികക്യാമ്പിലെ പ്രമുഖർ. സാർത്ര്, ആൽബർ കമ്യു, നീത്ഷേ തുടങ്ങിയവരാണ് നാസ്തികക്യാമ്പിലെ പ്രമുഖർ. ഫ്രഞ്ച് ചിന്തകനായ ഴാങ് പോൾ സാർത്ര് ആണ് അസ്തിത്വ

വാദം ജനകീയദർശനമായി മാറിയതിനു പിന്നിലെ ചാലകശക്തി. അദ്ദേഹത്തിന്റെ നോവലുകളും നാടകങ്ങളും അസ്ഥിത്വചിന്തയുടെ ശക്തമായ പ്രകടനങ്ങളാണ്.

**സേതുവിന്റെ രചനാലോകം**

അസ്തിത്വവാദദർശനത്തിന്റെ ആശയധാരയെ മലയാളത്തിൽ അവതരിപ്പിച്ച എഴുത്തുകാരിൽ ഒരാളാണ് സേതു. കിരാതം, നനഞ്ഞമണ്ണ്, പാണ്ഡവപുരം, അറിയാത്തവഴികൾ, നിയോഗം, കൈമുദ്രകൾ, അടയാളങ്ങൾ, പെണ്ണകങ്ങൾ എന്നിവയാണ് അദ്ദേഹത്തിന്റെ പ്രധാനപ്പെട്ട നോവലുകൾ. കുടുംബബന്ധങ്ങളിൽ കെട്ടുപിണഞ്ഞു കിടക്കുന്ന വ്യക്തികളുടെ ധർമസങ്കടങ്ങളും സ്വന്തം മണ്ണിന്റെ നനവിൽ ജീവിതം പൊലിപ്പിച്ചു കൊണ്ടുവരാനുള്ള ആന്തരികദാഹവും ഭാവോജ്ജ്വലമായി സേതു അവതരിപ്പിക്കുന്നു. 'പാണ്ഡവപുരത്തിൽ സ്ത്രീയുടെ മനസ് വസ്തുനിഷ്ഠമായി അപഗ്രഥിക്കുന്നു. സമൂഹം രൂപപ്പെടുത്തിയ നീതിശാസ്ത്രത്തിന്റെ തടവറയിൽ സ്ത്രീ ജീവിക്കുന്നു. അവളുടെ അഹംബോധത്തിന്റെ കാവ്യാത്മകചിത്രീകരണം സേതുവിന്റെ കല്പനാചാതുരിക്ക് മികച്ച തെളിവാകുന്നു. ജീവിതം ഒരു പ്രഹേളികയോ സാമൂഹിക യാഥാർഥ്യമോ എന്ന ചിന്ത ഒരലട്ടലാണ്. ഈ അലട്ടലിൽ നിന്നുള്ള മോചനം വൈകാരികമായ ഒരനിവാര്യതയാണെന്ന് സേതുവിന്റെ പല കഥാപാത്രങ്ങളും നമ്മെ അനുസ്മരിപ്പിക്കുന്നു. മനുഷ്യന്റെ ആന്തരികഭാവങ്ങളും ചാഞ്ചല്യങ്ങളും അനാവരണം ചെയ്യുന്ന കൃതിയാണ് 'കൈമുദ്രകൾ'. സേതുവിന്റെ ശ്രദ്ധേയമായ മറ്റൊരു നോവലാണ് 'കിളിമൊഴികൾക്കപ്പുറം' തന്റെ ജന്മസ്ഥലമായ ചേന്നമംഗലത്തെ ജൂതസമൂഹത്തിന്റെ ചരിത്രത്തിലേക്കു വെളിച്ചം വീശുന്ന 'മറുപിറവി' സേതുവിന്റെ നോവലുകളിൽ വേറിട്ടുനില്ക്കുന്നു. ദേശത്തിന്റെ കഥ പറയുന്ന ഈ നോവൽ നവീനഭാവുകത്വത്തിന്റെ തെളിവാണ്. സേതുവിന്റെ മുൻകാല നോവലുകളിലെ സ്ത്രീകഥാപാത്രങ്ങളെ സ്ഥലകാലങ്ങൾക്കതീതമായി പുനഃസൃഷ്ടിക്കുന്ന നോവലാണ് 'പെണ്ണകങ്ങൾ.' 'പാണ്ഡവപുര'ത്തിന് കേരളസാഹിത്യ അക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ട് (1982). 2007 ൽ 'അടയാളങ്ങൾ' കേന്ദ്രസാഹിത്യ അക്കാദമി അവാർഡ് നേടി. 'മറുപിറവിക്ക്' 2012-ലെ ഓടക്കുഴൽ അവാർഡ് ലഭിച്ചിട്ടുണ്ട്.

## Keywords

ആധുനികത മലയാള നോവലിൽ - സേതുവിന്റെ രചനാലോകം - പാണ്ഡവപുരം -രൂപപരവും ഭാവപരവുമായ സവിശേഷതകൾ - ആഖ്യാനതന്ത്രങ്ങൾ

## Discussion

### 3.2.1 പ്രമേയപരമായ സവിശേഷതകൾ

ദേവി എന്ന പെൺകുട്ടിയുടെ സ്വപ്നാടനത്തിൽ നിന്നാണ് നോവൽ ആരംഭിക്കുന്നത്. "കഴുത്തോളം നീട്ടിവളർത്തിയ മുടി. അയഞ്ഞു നീണ്ട കാവിജുബ്ബ. കറുത്ത കാലുറ. ഞരമ്പുകൾ പിടച്ചു നിൽക്കുന്ന, കറുത്ത ദൃഢമായ കൈകൾ. സിഗററ്റിന്റെ കറവീണ നീണ്ട വിരലുകൾ ഉള്ള ജാരനെ കാത്തിരിക്കുന്ന ദേവിയിൽ നിന്നാണ് നോവൽ ആരംഭിക്കുന്നത്. പാണ്ഡവപുരത്തിൽ നിന്ന് തീർച്ചയായും അയാൾ വന്നുചേരുമെന്ന കാത്തിരിപ്പോടെ അവൾ എന്നും റയിൽവേ സ്റ്റേഷനിൽ എത്താറുണ്ടായിരുന്നു. എന്നാൽ പതിവുപോലെ അയാൾ വന്നില്ല. എവിടെയും മഞ്ഞനിറമുള്ള പാണ്ഡവപുരത്തിന്റെ വിവര

ണം ഇവിടെ നൽകുന്നുണ്ട്. പിന്നിട് കാമുകന്റെയോ ദേവിയുടെ ഭർത്താവായ കുഞ്ഞിക്കുട്ടന്റെ സുഹൃത്തിന്റെയോ രൂപത്തിൽ ജാരൻ എത്തുകയാണ് ഇവിടെ കുഞ്ഞിക്കുട്ടന്റെ തറവാടായ കുളരിപ്പാടത്തിന്റെ പുരാവൃത്തവും സമകാലികതയും വിവരിക്കുന്നു. ജാരൻ കുഞ്ഞിക്കുട്ടന്റെ ബന്ധുവായ ഉണ്ണിമേനോന്റെ സഹായത്താൽ ദേവിയെത്തേടി എത്തി. അവൾക്കില്ല എന്നു അവൾ ഉറപ്പിച്ചു പറയുന്ന ഭൂതകാലത്തിന്റെയും പാണ്ഡവപുരവാസത്തിന്റെയും കഥ (യാഥാർഥ്യം) പറഞ്ഞ് അയാൾ ദേവിയെ പ്രലോഭിപ്പിക്കുന്നു. കുഞ്ഞുകുട്ടനും ദേവിയുമായുള്ള എല്ലാവിധ ബന്ധത്തിന്റെയും പശ്ചാത്തലവും വിവരണവും അയാൾ സാക്ഷിയെപ്പോലെ പറഞ്ഞറിയിക്കുകയാണ്. അയാൾ ദേവിയുടെ വീട്ടിൽ താമസം തുടങ്ങുന്നു. ആരുടെ അനുവാദത്തോടുകൂടിയാണീ താമസമെന്ന് ഇരുവർക്കുമറിഞ്ഞുകൂടാത്ത അവസ്ഥ. ജാരനെ തള്ളാനോ കൊള്ളാനോ വയ്യാത്ത മാനസികാവസ്ഥയിലായിരുന്നു ആദ്യം ദേവി. പക്ഷേ മനസുകൊണ്ട് അവർ ജാരന് ഇടം ഒരുക്കുന്നു.

അതിഥിയായെത്തിയ ജാരൻ വീട്ടിലെ അംഗമായി മാറിയതുപോലെയായി. പിന്നീട് ദേവിയുടെ മകൻ രഘുവുമായും അനുജത്തി ശ്യാമളയുമായും അയാൾ വല്ലാത്ത ബന്ധം സ്ഥാപിക്കുന്നു. തന്റെ ജീവിതത്തിലെ ഓരോസംഭവങ്ങളും ജാരൻ പറയുന്നത് അർധസത്യങ്ങളായി ദേവി അംഗീകരിക്കുന്നുണ്ട്. രഘുവിനോടയാൾ പാണ്ഡവപുരം ഇന്നത്തെ നഗരമായി മാറിയ കഥ വിസ്തരിച്ചു പറഞ്ഞു കൊടുക്കുന്നു. കറുത്തവർ മാത്രമുണ്ടായിരുന്ന പാണ്ഡവപുരത്ത് വെളുത്ത സായിപ്പന്മാർ വന്നതും, അവർ നിലവിലെ സംസ്കാരത്തിൽ കടന്നു കയറിയതും, പാണ്ഡവപുരം വ്യവസായനഗരമായതും മിശ്രസംസ്കാര ഭൂമികയായതും എങ്ങനെയാണെന്നുമൊക്കെയാണ് അയാൾ പറഞ്ഞ കഥാസാരം.

ദിവസങ്ങൾ നീണ്ട താമസത്തിനിടയിൽ ദേവി തന്നിലുണ്ടാക്കിയ പ്രലോഭനങ്ങളെക്കുറിച്ചു അയാൾ അവളോട് സംസാരിക്കുന്നു. ''നിങ്ങൾ എന്തിനിങ്ങോട്ടു വന്നു?'' ''എന്താണ് നിങ്ങളുടെ ഉദ്ദേശ്യം?'' എന്ന ദേവിയുടെ ചോദ്യത്തിന് ''ഞാൻ പോകണമെന്ന് ദേവി ഇതുവരെ പറഞ്ഞിട്ടില്ല. അങ്ങനെ ഒരു വാക്കു പറഞ്ഞാൽ ഞാൻ പൊയ്ക്കൊള്ളാം.'' എന്ന ജാരന്റെ മറുപടിയിൽ ദേവി നിസഹായയാകുന്നു. ബോധ-അബോധ മനസിന്റെ സംഘട്ടനമാണിവിടെ നോവലിസ്റ്റ് പരാമർശിക്കുന്നത്. അവിടെയും ജാരൻ ദേവി തന്നിലുണ്ടാക്കിയ പ്രലോഭനങ്ങളുടെ കെട്ടുകൾ അഴിക്കുകയാണ്. കുഞ്ഞിക്കുട്ടനും ദേവിയുമായുണ്ടാക്കിയ ദാമ്പത്യ അലോസരത്തിന്റെ നിമിഷങ്ങൾ വരെ അയാൾ ഇവിടെ പരാമർശിക്കുന്നുണ്ട്. കുഞ്ഞിക്കുട്ടൻ ഉപേക്ഷിച്ചാൽ ദേവിയെ താൻ സ്വീകരിക്കുമായിരുന്നു എന്ന കാര്യം വരെ അയാൾ അവളോട് പറയുന്നു. ഒടുവിൽ സങ്കല്പത്തിനിടയിലെ നേർത്തജലരേഖകൾ

**ആധുനികതാവാദവും മലയാളസാഹിത്യവും**

വെറുമൊരു ആശയമെന്നതിലുപരി സാമൂഹിക-രാഷ്ട്രീയ മാറ്റങ്ങളുടെ ഫലമായാണ് അറുപതുകളോടെ മലയാളസാഹിത്യത്തിലേക്ക് ആധുനികതാവാദം എത്തുന്നത്. രണ്ടുതരത്തിൽ കേരളത്തിലത് വിലയിരുത്തപ്പെട്ടു. കേരളീയ ആധുനികതാവാദത്തിലുൾച്ചേർന്ന ഭൗതികഘടകങ്ങളെപ്പോലും പരിഗണിക്കാതെ പ്രസ്ഥാനമായി ആദർശവൽക്കരിച്ചതായിരുന്നു ഒരു ഭാഗം. മറ്റൊന്ന്, ആധുനികതാവാദം മൊത്തത്തിൽ പുരോഗമനവിരുദ്ധവും സാമൂഹ്യപ്രതിബദ്ധത ഇല്ലാത്തതുമാണെന്നതിനാൽ മൊത്തത്തിൽ തള്ളിക്കളയണമെന്ന അഭിപ്രായമായിരുന്നു. അറുപതുകളിലെ സാഹിത്യരൂപങ്ങളാണ് ആധുനിക രചനകൾ എന്നറിയപ്പെടുന്നത്. ഭാഷയുടെ പുതിയക്രമം ആധുനികതാവാദം അവതരിപ്പിച്ചു. വസ്തുനിഷ്ഠവും യഥാതഥവുമായ ഇതിവൃത്തങ്ങൾക്ക് പകരം രൂപാത്മകവും പ്രതിരൂപാത്മകവുമായ രചനാസന്ദർഭങ്ങളുണ്ടായി. ശിഥിലവും പരസ്പരബന്ധം ഇല്ലാത്തതുമായ ആഖ്യാനമായിരുന്നു മിക്ക കൃതികളിലും ഉണ്ടായിരുന്നത്. ആഖ്യാനത്തിന്റെ എല്ലാ ഘടകങ്ങളെയും ഏകാഗ്രമായി കൂട്ടിയിണക്കുന്ന രചനാരീതി, ആധുനികതാവാദത്തിലുണ്ടായില്ല.

മാഞ്ഞു കഴിഞ്ഞപോലെ പാണ്ഡവപുരവും ജാരനും അയാൾ പറഞ്ഞ കഥകളുമെല്ലാം യാഥാർഥ്യമായിത്തീരുകയാണിവിടെ.

ജാരൻ തന്റെ പൂർവജീവിതം വിശകലനം ചെയ്യുന്നു. മറവിയിലായിരുന്ന പാണ്ഡവപുരം തകർന്ന കണ്ണാടിയുടെ കുപ്പിച്ചില്ലുകൾ പെറുക്കി ചേർത്ത് ഇഴയടുപ്പിക്കുന്നതു പോലെ അയാൾ ജാരനായി മാറിയ ചരിത്രം വിശദമാക്കുന്നു. പതിനാറുവയസ്സുള്ള ഒരു പെൺകുട്ടിയുടെ ശാപത്തിൽ തുടങ്ങിയ ജാരത്വത്തിന്റെ ചരിത്രമാണയാൾക്കുള്ളത്.

*''ഒരിക്കൽ പതിനാറു വയസ്സുള്ള ഒരു പെൺകുട്ടിയെ കണ്ടുമുട്ടി. മുഖക്കുരുകൾ കൂമ്പി നിൽക്കുന്ന കൊച്ചുമുഖം. അവൾ അഭയാർഥിക്കോളനിയിലാണ് താമസിച്ചിരുന്നത്. മടിക്കുത്തിൽ ഞാവൽപ്പഴങ്ങളുമായി ഒരു നട്ടുച്ചയ്ക്ക് എന്നെ കാണാൻ വന്നു. പാണ്ഡവപുരത്തെ സൂര്യൻ കത്തിയൊലിക്കുകയായിരുന്നു.വെയിലിൽ, കരിവാളിച്ച മുഖത്ത് വിയർപ്പുതുള്ളികൾ ഉരുണ്ടുകൂടി നിന്നിരുന്നു. വിയർപ്പിന്റെ നാറ്റമുള്ള നീണ്ട് ഉടുപ്പ്. രണ്ടായി പകുത്തിട്ട ചെമ്പിച്ച ജടപിടിച്ച മുടി. അവൾ കുളിച്ചിട്ടു മാസങ്ങൾ തന്നെയായിരിക്കണം. 'ബാബുജീ, എനിക്കൊരു ജോലി തരൂ.' അവൾ കെഞ്ചി. 'ദാ, ഇവിടെയാണ് അമ്മ ഇന്നലെ ചൂടുവെച്ചത്.' അവൾ ഉടുപ്പിന്റെ അറ്റം പൊക്കി ചുവന്ന തുടയിലെ കരിവാളിച്ച പാടു കാട്ടിത്തന്നു. 'ഇന്നേദിവസം പച്ചവെള്ളമല്ലാതെ ഒന്നും കഴിച്ചിട്ടില്ല. ഇന്നലെയാണെങ്കിൽ ഒരു റൊട്ടിക്കഷണമെങ്കിലും കിട്ടി'.......*

*മുറിക്കുള്ളിൽ ചൂടു കനക്കുകയായിരുന്നു. സിമന്റുചുവരുകൾ ചൂടു തുപ്പിക്കൊണ്ടിരുന്നു. രാമച്ചമിട്ട മൺകലത്തിൽനിന്ന് അവൾ രണ്ടു മൂന്ന് ഗ്ലാസ് വെള്ളം ആർത്തിയോടെ കുടിച്ചു. 'നിനക്ക് എന്തു ജോലിയറിയാം?' ചെയ്യാം ബാബുജി. 'എന്തും?' അവൾ മുഖം കുനിച്ച് തലയാട്ടി. ഒരു സോപ്പുകട്ടയെടുത്ത് കൊടുത്തിട്ടു പറഞ്ഞു: ''കുളിച്ചിട്ട് വാ.'' അവൾ കുളികഴിഞ്ഞു വന്നിട്ട് ഉടുത്തത് എന്റെ കൈലിയായിരുന്നു... നിത്യവും മടിക്കുത്തിൽ മഞ്ഞ ഞാവൽപ്പഴങ്ങളുമായി അവൾ വന്നു. മുറി അടിച്ചുവാരി വൃത്തിയാക്കി. പാത്രങ്ങൾ കഴുകി വെടിപ്പാക്കി. നന്നേ രാവിലെ കൽക്കരിയടുപ്പ് കത്തിച്ച് ചായയുണ്ടാക്കിത്തന്നു. രണ്ടുനേരം ആഹാരം കിട്ടിയപ്പോൾ അവളുടെ കവിളുകൾ ചുവന്നു. ഉടുപ്പിനു താഴെ മഞ്ഞച്ച അടിവയറിനു കനംവെച്ചു. അവളുടെ മുടിക്ക് കടുകെണ്ണയുടെ ഗന്ധം വീണു. ശ്വാസത്തിനു വെള്ളുള്ളിയുടെ ഗന്ധവും. അവളുടെ കരച്ചിൽ മുറിവേറ്റ പക്ഷിക്കുഞ്ഞിന്റേതുപോലെയായിരുന്നു. അവളുടെ കരച്ചിൽ ഇതാ ഇപ്പോഴും തലയ്ക്കു മുകളിൽ തൂങ്ങിനിൽക്കുന്നു. അവളുടെ മാത്രമല്ല, പാണ്ഡവപുരത്തെ അനേകം പെൺകുട്ടികളുടെ ശാപം. കുന്നിൻമുകളിൽ ധ്യാനത്തിലമർന്നിരിക്കുന്ന ദുർഗയുടെ ശാപം. അവയെല്ലാം ചേർന്ന് ഇപ്പോൾ എന്നെ കീഴടക്കുകയാണ്, ദേവിയിലൂടെ...അയാൾ രണ്ടു കൈകൊണ്ടും മണലിൽ ചെറിയൊരു കുഴിയുണ്ടാക്കി. മുട്ടുകാലിൽനിന്ന്, കൊടുംകൈ കുത്തി ഒട്ടകപ്പക്ഷിയെപ്പോലെ ആ കുഴിയിലേക്കു തലപൂഴ്ത്തി. നനവുള്ള അടിമണലിന്റെ നനുത്ത സ്പർശം. മുകളിലൂടെ ഇളംകുളിരുള്ള ഒരു കാറ്റു കടന്നുപോകുന്നു. ഏറെനേരം അങ്ങനെ നിന്നു. അയാൾക്കു ചുറ്റും പകൽ ഇരുണ്ടു. പുഴ ഇരുണ്ടു. അജ്ഞാതമായ ഏതോ വിഷാദത്തിന്റെ നേർത്ത ഈണവുമായി രാത്രി അരിച്ചുവന്നു''*(പുറം:61)

പശ്ചാത്താപത്തിന്റെ നിരവധി അനുഭവങ്ങൾക്ക് ശേഷം അസ്വസ്ഥമായ മനസുകൾക്ക് ആശ്വാസമായി കരുതുന്ന പാണ്ഡവപുരത്തിന്റെ ഓർമകളിലേക്ക് അയാൾ ഇറങ്ങി. തന്റെ വീട്ടിൽ താമസമാക്കിയ ജാരനോടുള്ള വെറുപ്പ് ദേവിയിൽ ഇല്ലാതാകുന്നു. പാണ്ഡവപുരത്ത് ആദ്യമായുണ്ടായ ജാരന്റെ കഥ വിശദമായി ദേവിയുടെ ഓർമയിലെത്തുന്നു. ഒരു കൊല്ലന്റെയും കൊല്ലത്തിയുടെയും കഥയിലൂടെയാണത്രേ പാണ്ഡവപുരത്ത് ആദിജാരൻ ഉണ്ടായത്, അതൊരു ചതിയുടെയും ശാപത്തിന്റെയും കഥയായിരുന്നു.

ജാരൻ വന്ന് ദിവസങ്ങൾ കഴിഞ്ഞിട്ടും തിരിച്ചു പോകാത്തതിൽ ദേവിയുടെ തറവാട്ടിലെ ഇപ്പോഴത്തെ കാരണവരായ ഉണ്ണിമേനോൻ മാഷ് കുപിതനാകുന്നെങ്കിലും ജാരന്റെ മറുപടിയിൽ അയാൾ നിസഹായനാകുന്നു ''തന്നെ ഇവിടെയൊരാൾ ആവാഹിച്ചു വരുത്തിയതാണെന്നായിരുന്നു അയാളുടെ മറുപടി. പിന്നീടയാൾ കുഞ്ഞുണ്ണിയുടെ മകൻ രഘുവിനോടും അനുജത്തി

ശ്യാമളയോടും പാണ്ഡവപുരത്തെ ദേവിയുടെ കഥ പറയുന്നു. അഞ്ചുഭർത്താക്കന്മാരുണ്ടായിരുന്നു നാട്ടുകാരണവരുടെ മകൻ അവരുടെ തമ്മിൽത്തല്ലു സഹിക്കവയ്യാതെ പാണ്ഡവപുരത്തെ കുന്നിൽ കയറി തപസു ചെയ്ത് വിഗ്രഹമായി മാറിയ കഥയായിരുന്നു അത്. പഞ്ചപാണ്ഡവരുടെയും, പാഞ്ചാലിയുടെയും കഥയുമായി ഏറെ സാമ്യമുള്ളതായിരുന്നു ആ കഥ. നോവലിലെ പ്രധാന കഥാപാത്രമായ ദേവിയുടെ പരിണാമ പ്രക്രിയയുടെ സ്വഭാവം എന്താണെന്ന് വായനക്കാർക്ക് മനസിലാകാൻ ഈ ഇതിഹാസകഥയുടെ പുനരാഖ്യാനത്തിന് കഴിയുന്നു.

ദിവസങ്ങളായി ദേവി സ്കൂളിൽ പോകുന്ന പതിവും മുടങ്ങുന്നു. വീട്ടിൽ താമസമാക്കിയ ജാരനാണ് ഇതിനു കാരണമെന്ന് ശ്യാമള വിചാരിക്കുന്നു. അയാളെ പറഞ്ഞയക്കാൻ ശ്യാമള നിർബന്ധിക്കുന്നു. ''പക്ഷെ... പക്ഷേ എത്ര നാളായി ഞാനയാളെ കാത്തിരിയ്ക്കുന്നു! കാത്തുകാത്തിരുന്നു വന്നു കയറിയ വിരുന്നുകാരനെ പറഞ്ഞയ്ക്കാൻ എനിക്കെന്താ നൊസ്സറുണ്ടോ'' എന്നായിരുന്നു ദേവിയുടെ മറുപടി. പോകാൻ ഒരുങ്ങിയ ജാരനെ ദേവി നിർബന്ധപൂർവം പിടിച്ചു നിർത്തുന്നു. ദേവി ജാരനോട് പാണ്ഡവപുരത്തെ അനുഭവങ്ങൾ പങ്കുവയ്ക്കുന്നു. താൻ ആദ്യം പറഞ്ഞ നുണകൾ ദേവി അനുകരിക്കുകയാണെന്ന് പറഞ്ഞ ജാരൻ ഒഴിഞ്ഞുമാറാൻ ശ്രമിക്കുന്നു. ''എല്ലാം കെട്ടുകഥകൾ തന്നെ ഞാനും നിങ്ങളും പാണ്ഡവപുരവും ഈ മഹാ പ്രപഞ്ചവുമെല്ലാം'' എന്ന ദേവിയുടെ മറുപടിക്ക് അയാൾക്കുത്തരമുണ്ടായിരുന്നില്ല. തന്റെ പ്രതികാരം ദേവി ജാരനിൽ ശാരീരികബന്ധത്തിലൂടെ തീർത്തു. ഇത്തരമൊരു ഏറ്റുമുട്ടലല്ല ദേവി പ്രതീക്ഷിച്ചത്. വർഷങ്ങളായി അമർത്തിയിട്ടിരുന്ന എല്ലാറ്റിനും പൊട്ടിത്തെറിക്കാനായി ഒരു നിമിഷം. പക്ഷേ അയാളുടെ തണുത്ത കീഴടങ്ങൽ അവളുടെ എല്ലാ മോഹങ്ങളെയും ചോർത്തിക്കളഞ്ഞിരുന്നു. അവൾ സ്വയം പരാജയപ്പെട്ടതായി പരിതപിച്ചു.

വീണ്ടുമൊരു രാത്രി. ദേവിയുടെ മറ്റൊരു സ്വപ്നം! തന്റെ ഭർത്താവായ കുഞ്ഞിക്കുട്ടൻ തിരിച്ചു വന്നിരിക്കുന്നു. അവൾ അയാളുടെ ഭൂതകാല പ്രവൃത്തികളെ വിചാരണ ചെയ്യുന്നു. തന്റെ ആഗ്രഹങ്ങളെ ചവിട്ടിമെതിച്ചതിനു പ്രതികാരമായി ജാരന്മാരെ വിളിച്ചുവരുത്തുമെന്നു ദേവി വെല്ലുവിളിക്കുന്നു. തറവാട്ടിലെ വിശ്വാസത്തിലുണ്ടായിരുന്ന പാലച്ചുവട്ടിലെ യക്ഷിയെപ്പോലെയായിരുന്നു ദേവിയുടെ പ്രതികരണങ്ങൾ. ചതിയുടെ ഇരയായ യക്ഷിയുടെ കഥപറയുകയാണ് തുടർന്ന്. ആ ദുഃസ്വപ്നത്തിൽ കുഞ്ഞിക്കുട്ടൻ തിരിച്ചുപോയി. ദേവിയുടെ വീട്ടിൽ താമസിക്കുന്ന ജാരനെ പുറത്താക്കാൻ കരക്കാർ ഇടപെടുന്നു. നാട്ടുമ്പുറത്തെ സദാചാരത്തിന്റെ നേർക്കുള്ള ചുട്ട മറുപടിയുമായി ദേവി അതിനെ എതിരിടുന്നു. ഇതിനെച്ചൊല്ലി വീട്ടിലുള്ളവരോടും ദേവി വഴക്കിടുന്നുണ്ട്. ഒടുവിൽ ജാരൻ പടിയിറങ്ങുന്നു. സ്വപ്നങ്ങൾ അവസാനിച്ച് ദേവി ഉണർവിലേക്കു വരുന്നു.

സ്വപ്നവും ജാഗത്തുമായ ജീവിതത്തിന്റെ പ്രഭാതത്തിലേക്കാണ് ദേവി ഉണർന്നെണീറ്റത്. അവൾ വീടിലുള്ളവരോടെല്ലാം വീട്ടിൽ വന്ന ''അയാളെ'' (ജാരനെ) തിരയുന്നു. വിശ്രാന്തിയുടെ ലോകത്ത് നിന്നും ദേവി വീണ്ടും റെയിൽവേസ്റ്റേഷനിൽ അപരിചിതനായ അയാളുടെ വരവും കാത്ത്, ഒരു മാറ്റവുമില്ല എന്നും ഇതാവർത്തിക്കുന്നു. ഒരേ തളർന്ന മുഖങ്ങൾ. ഒരേ തേഞ്ഞ ഉപ്പൂറ്റികൾ തന്നെ ദേവി കാണുന്നു. പാണ്ഡവപുരത്തു നിന്ന് വരുന്ന ജാരനെയും കാത്തുള്ള റയിൽവേ സ്റ്റേഷനിലെ ദേവിയുടെ വിഭ്രാത്മകതയിൽ നോവൽ അവസാനിക്കുന്നു.

### 3.2.2 നോവലിന്റെ രൂപവും ഭാവവും

പാണ്ഡവപുരം എന്ന നോവലിൽ പതിനെട്ട് അധ്യായങ്ങളിലായി ചിതറിക്കിടക്കുന്ന സംഭവങ്ങളുടെ പൊട്ടിയ കണ്ണാടിച്ചില്ലുകൾ ഏകദേശം അടുക്കി വച്ചപ്പോൾ ഇത്രയും വസ്തുതകളാണ് വായിച്ചറിയാൽ പറ്റുന്നത്. കാത്തിരിപ്പ്, പ്രതികാരം, ആഗ്രഹപൂർത്തി, സ്വപ്നാടനത്തിലൂടെയുള്ള മനോയാതന, സദാചാരം, സമൂഹം തുടങ്ങിയ നിരവധി സമസ്യകൾ മാജിക്കൽ റിയലിസം എന്നുപോലും പറയാവുന്ന രചനാതന്ത്രത്തിലൂടെ അവതരിപ്പിക്കുകയാണ് സേതു പാണ്ഡവപുരം എന്ന നോവലിലൂടെ.

''സ്നേഹം തേടിയലയുന്ന, മനസിനു കുളിർമ പകരുന്ന പാണ്ഡവപുരം. ഒരു പെണ്ണിനുവേണ്ടി

ചോരചിന്താനൊരുമ്പെട്ട സഹോദരന്മാരുടെ പാണ്ഡവപുരം. നിറങ്ങൾ വാരിപ്പൂശിയ തെരുവുകളിൽ ആർത്തിപൂണ്ട കണ്ണുകളുമായി ജാരന്മാർ പുളച്ചുനടക്കുന്ന പാണ്ഡവപുരം. സ്നേഹിക്കപ്പെടാൻ കൊതിക്കുന്നവരുടെ, സ്നേഹം നടിക്കുന്നവരുടെ, ചതിയന്മാരുടെ, കൊല്ലുന്നവരുടെ, മരിക്കാൻ വെമ്പുന്നവരുടെ പാണ്ഡവപുരം(പുറം : 38). പാണ്ഡവപുരം എന്തു വിചിത്രമായ സ്ഥലമാണ്. ഇവിടെ ഇത്ര അകലെയിരുന്നാലോചിക്കുമ്പോൾ അത് എന്തു ശപിക്കപ്പെട്ട പട്ടണമാണെന്നു തോന്നിപ്പോകുന്നു. അവിടെ പിറന്നുവീഴുന്ന ഓരോ ആൺകുഞ്ഞും നന്നേ വഴിതെറ്റിപ്പോകുന്നു. കൂടപ്പിറപ്പുകളുമായിട്ടു വഴക്കടിക്കുന്നു. ക്ഷുദ്രമായ മോഹങ്ങളുടെ പുറകേ പോയി മല്ലടിക്കുന്നു. കള്ളച്ചൂതു കളിക്കുന്നു. ചതിയന്മാരാകുന്നു. ജാരന്മാരാകുന്നു. പാണ്ഡവപുരത്തെ പഴുത്ത മുഖമുള്ള ഓരോ പുരുഷനും ഓരോ ചതിയനാണ്. അവരുടെ പെണ്ണുങ്ങളാവട്ടെ, തീ തിന്നാനും കണ്ണീർ കുടിക്കാനും വിധിക്കപ്പെട്ടവർ'' (പുറം: 39). നോവലിന്റെ ഭൂമികയായ പാണ്ഡവപുരത്തെക്കുറിച്ച് ഇപ്രകാരമാണ് നോവലിൽ പറഞ്ഞിരിക്കുന്നത്.

ദേവിയുടെ ഭർത്താവ് കുഞ്ഞിക്കുട്ടൻ കല്യാണം കഴിഞ്ഞ് നാളുകൾക്കുള്ളിൽത്തന്നെ അവളെ ഉപേക്ഷിച്ചു. അവളുടെ കൂടെ താമസിച്ചിരുന്ന നാളുകളിൽ പോലും അവളുടെ ആഗ്രഹങ്ങളെ പൂർത്തികരിക്കുവാൻ അയാൾക്കു കഴിഞ്ഞിട്ടില്ല. പൂർത്തിയാകാത്ത കാമനകളുടെ കൂടാരമായിരുന്നു ദേവിയുടെ ജീവിതം. പാതിവ്രത്യത്തിന്റെയും തറവാടിത്തത്തിന്റെയും യാഥാസ്ഥിതികതയിൽ പെട്ടുപോയ അവൾ തന്റെ ആഗ്രഹപൂർത്തിക്കായി മനസിന്റെ ആഗ്രഹം പോലെ ജാരൻമാരെ സങ്കലപിച്ച് യാഥാർഥ്യമാക്കാൻ ശ്രമിക്കുന്നു. പാണ്ഡവപുരത്തുനിന്നെത്തുന്ന ജാരന്മാരെ കാത്താണ് നാം ആദ്യം കണ്ട റയിൽവേസ്റ്റേഷനിലെ കാത്തിരിപ്പുകൾ. ''പാണ്ഡവപുരം ഒരാശ്വാസമാണ്. ആശ്വാസം മാത്രമാണ്. അസ്വസ്ഥമായ മനസുകളിൽ പാണ്ഡവപുരം രൂപംകൊള്ളുന്നു.'' എന്ന നോവലിൽ ആവർത്തിക്കപ്പെടുന്ന സന്ദേശം ദേവിയുടെ സ്വപ്നാവസ്ഥയുടെ രൂപീകരണമാണ്. അസ്വസ്ഥമായ മനസുകൾ ജാരന്മാരെ തേടിക്കൊണ്ടിരിക്കുന്നു എന്ന അടക്കിവച്ചിരിക്കുന്ന സ്ത്രൈണ കാമനയുടെ തെളിവാണീ പാണ്ഡവപുരത്തിലെ ജാരകഥകൾ.

ദേവിയുടെ ഒരു രാത്രിയിലെ അസ്വസ്ഥവും നീണ്ടതുമായ സ്വപ്നങ്ങളുടെ പതിനേഴധ്യായങ്ങളിലൂടെ വികസിച്ച് പതിനെട്ടാമധ്യായത്തിലെ ഉണർവിലെത്തി നിൽക്കുന്ന നോവലിൽ മനുഷ്യമനസിന്റെ അവസ്ഥാന്തരങ്ങൾ വിശദമാക്കുന്നു. ഉണർവ് ദേവി എന്ന കഥാപാത്രത്തിലല്ല വായനക്കാരിലാണെന്നതാണ് യാഥാർഥ്യം. അതായത് കഥാപാത്രത്തിനെ മാനസികമായ അതേ അവസ്ഥയിൽത്തന്നെ യാതൊരു മാറ്റവുമില്ലാതെ നിർത്തിയിരിക്കുന്നു നോവലിസ്റ്റ്. സ്വപ്നത്തിന്റെ ഭ്രമാവസ്ഥയിൽ നിന്ന് ദേവി ഉണർന്നെങ്കിലും, അത് യാഥാർത്ഥ്യ ബോധത്തിലേക്കുള്ള ഉണർവായിരുന്നില്ല. തന്റെ വീട്ടിലെ അംഗങ്ങളെല്ലാം തന്റേതായ യാഥാർഥ്യവും തമ്മിലുള്ള അകലം മാഞ്ഞുപോയ ദേവി സ്വപ്നാവസ്ഥയെ യാഥാർഥ്യമായിത്തന്നെ കാണുന്നു. തന്റെ ആഗ്രഹപൂർത്തി വരുത്തിയ ജാരൻ പോയെങ്കിൽ കൂടുതൽ ജാരന്മാരെ ആവാഹിച്ചു വരുത്തുമെന്ന് ദേവി വെല്ലുവിളിച്ചത് ഈ മാനസികാവസ്ഥയുടെ കൂടി പൂർത്തീകരണമാണ്.

പാണ്ഡവപുരം എന്ന നോവലിൽ ദേവിയുടെ മാനസികാപഗ്രഥനത്തിന് ശക്തികൂടാൻ സമാന്തരമായി മൂന്നു പുരാവൃത്തങ്ങൾ നോവലിസ്റ്റ് സന്നിവേശിപ്പിച്ചിട്ടുണ്ട്. ഗ്രാമത്തെ കീഴടക്കാനായി നാഗരികതയിലേക്കു മാറ്റിയ ആര്യദ്രാവിഡ സങ്കരത്തിന്റെയും വൈദേശികാധിപത്യത്തിന്റേതുമാണ് ഒരു കഥ. അതു പാണ്ഡവപുരം എന്ന സ്ഥലപുരാണമായി വ്യാഖ്യാനിക്കപ്പെടുന്നു. പുറത്തു നിന്നെത്തിയ തട്ടാന്റെയും തട്ടാത്തിയുടെയും കഥയാണ് രണ്ടാമത്തേത്.

*''പണ്ടുകേട്ട കഥയാണ്. നാടൻപാട്ടുകളായി, മോഹിപ്പിക്കുന്ന ഈണമായി, പാണ്ഡവപുരത്തെ ഇളംകാറ്റിൽ ഒഴുകിനടന്ന ഒരു പഴയ കഥ. നേരാവാം, തെറ്റാവാം. പാണ്ഡവപുരത്തെ ചുറ്റിപ്പറ്റിയുള്ള ഒരുപാടു കഥകളെപ്പോലെ ഇവിടെയും ഉണ്മയും പൊയ്യും തമ്മിലുള്ള അതിർവരമ്പു നേർത്തുപോകുന്നു. പണ്ട്, സായിപ്പന്മാരുടെ കുപ്പിണി പാണ്ഡവപുരത്ത് വന്നിറങ്ങുന്നതിനുമുമ്പ്, ഫാക്ടറികൾ മുളയ്ക്കുന്നതിനുമുമ്പ്, നിരത്തുവക്കത്ത് ഒരു കൊല്ലന്റെ*

ആലയുണ്ടായിരുന്നു. പരദേശത്തുനിന്നു വന്നു ചേക്കേറിയവനായിരുന്നു കൊല്ലൻ. അതുകൊണ്ട് അയാൾക്ക് ഗോതമ്പിന്റെ നിറവും വെള്ളാരങ്കണ്ണുകളുമുണ്ടായിരുന്നു. ലേശം ചെമ്പിച്ച മുടിയായിരുന്നു അയാൾക്ക്. അയാൾ ഗ്രാമത്തിലെ ആദ്യത്തെ കൊല്ലനായിരുന്നു. അതുകൊണ്ട് അയാൾ തുകൽസഞ്ചി പോലത്തെ ഉലയിലൂടെ കാറ്റൂതുമ്പോൾ കനൽക്കട്ടകൾ നീറിച്ചുവക്കുന്നത് ഗ്രാമത്തിലെ കുട്ടികൾക്ക് പുതുമയുള്ള കാഴ്ചയായിരുന്നു. ഇരുമ്പുകഷ്ണങ്ങൾ കനൽക്കട്ടകളിൽക്കിടന്നു പഴുത്തു ചുവക്കുന്നതും കൊല്ലൻ കൂടംകൊണ്ട് അവയെ അടിച്ചുപരത്തുമ്പോൾ അയാളുടെ കൈയിലെ മാംസപേശികൾ ഉരുണ്ടുകയറുന്നതുമൊക്കെ കുട്ടികൾ വിടർന്ന കണ്ണുകളോടെ നോക്കി നിന്നു. ഇരുമ്പിനെ മെരുക്കാനും കഴിവുള്ള അയാൾ വളരെ പെട്ടെന്നു ഗ്രാമത്തിലെ ഇരുമ്പുമനുഷ്യനായി.

കൊല്ലൻ അകത്തും പുറത്തും ഒരുപോലെ പരുക്കനായിരുന്നു. അയാൾ ഗ്രാമവാസികളെ എപ്പോഴും അകറ്റിനിറുത്തി. കരുത്തില്ലാത്ത, ഉന്നമില്ലാത്ത ജനം, പരദേശിയുടെ ഉന്നത്തിനു മുമ്പിൽ അവർ എത്ര പെട്ടെന്നു വിരണ്ടു പോകുന്നു! കൂട്ടത്തിൽ കരുത്തരായ നാടന്മാരെ തിരഞ്ഞുപിടിച്ച് അവരെ അമർത്തുക അയാളുടെ ക്രൂരമായ വിനോദമായിരുന്നു. നാട്ടുമൂപ്പന്റെ അഭ്യാസിയായ മൂത്തമകനെക്കൊണ്ട് അയാൾ തന്റെ പണിപ്പെട്ടി ചുമപ്പിച്ചത് ഗ്രാമത്തിൽ വലിയ ഒച്ചപ്പാടുണ്ടാക്കിയെങ്കിലും ആരും കൊല്ലനെതിരെ ഒരു വിരൽ പോലും അനക്കാൻ ധൈര്യപ്പെട്ടില്ല.

കൊല്ലന്റെ ഭാര്യയും പരദേശിയായിരുന്നു. അവൾ കാണാൻ ചന്തമുള്ളവളായിരുന്നു. ഗോതമ്പുനിറം, ചപ്പിയ മൂക്ക്, ആഴമുള്ള നീൾക്കണ്ണുകൾ, നീണ്ടമുടി, കുണുങ്ങിക്കുണുങ്ങിയുള്ള നടത്തം. കൊല്ലൻ അവളുടെ മുമ്പിൽ മാത്രം ഒതുങ്ങി, വാലാട്ടി. തന്റെ ഭാര്യയുടെമേൽ നാട്ടുകാരായ ചെറുപ്പക്കാരുടെ കണ്ണുകൾ ആർത്തിയോടെ വന്നുവീഴുന്നത് അയാൾ അഭിമാനത്തോടെ നോക്കിക്കണ്ടു. നാലാളു കൂടുന്നയിടത്തെല്ലാം തന്റെ ഭാര്യയെ പ്രദർശിപ്പിക്കാൻ കൊല്ലനു വലിയ ഉത്സാഹമായിരുന്നു. ഉത്സവപ്പറമ്പുകളിൽ, ചന്തകളിൽ, അങ്ങനെ നാട്ടുകാർ തിങ്ങിക്കൂടുന്നയിടത്തെല്ലാം അയാൾ ഭാര്യയെയും കൊണ്ടുപോയി. ചെറുപ്പക്കാരുടെ കൂർത്ത കണ്ണുകൾ അവളെ വട്ടമിട്ട് ചൂഴുന്നത് അയാൾ ഒളികണ്ണാൽ നോക്കിക്കണ്ടു. അയാളുടെ കുടിലിനു ചുറ്റും അയാളില്ലാത്ത അവസരങ്ങളിൽ ചൂളംവിളികളുമായി ചെറുപ്പക്കാർ കറങ്ങി നടക്കാറുണ്ടായിരുന്നെങ്കിലും അവർക്കെല്ലാം കൊല്ലന്റെ ഇരുമ്പുകൈകളെ ഭയമായിരുന്നു. പാദസരങ്ങൾ കിലുക്കിക്കൊണ്ട് അവൾ ഗ്രാമത്തിലെ കിണറ്റിൽനിന്നു വെള്ളം കോരാൻ പോകുമ്പോൾ, കൊല്ലൻ അറിയാതെ അവർ ഒളിഞ്ഞും മറഞ്ഞും അവളെ പിന്തുടർന്നു. പക്ഷേ, അവളുടെ മുമ്പിൽ വരാൻ, അവളോട് ഒരു വാക്ക് ഉരിയാടാൻ, അവർക്ക് തന്റേടമുണ്ടായിരുന്നില്ല. കൊല്ലന്റെ ഇരുമ്പുകൂടം വന്നുവീഴുന്ന ശബ്ദം അവരുടെ കാതുകളിൽ എപ്പോഴും മുഴങ്ങിക്കേട്ടിരുന്നു.

ഇരുമ്പുപണിതു കത്തിയുണ്ടാക്കാൻ മാത്രമല്ല, കത്തിയേറിനും കൊല്ലൻ വിരുതനായിരുന്നു. അയാളുടെ ഉന്നം പിഴയ്ക്കാത്തതായിരുന്നു. അയാളുടെ ചീറിപ്പുളഞ്ഞുപോകുന്ന നായാട്ടുകത്തിയിൽ നിന്നു കാട്ടുമൃഗങ്ങൾക്ക് ഒരിക്കലും രക്ഷപ്പെടാനായില്ല. ഒരിക്കൽ അമ്പും വില്ലുമേന്തിയ വേടന്മാരെ നാണിപ്പിക്കാനായി അയാളൊരു പ്രകടനം നടത്തി. പോതുപിടിച്ച് തള്ളപ്ലാവിന്റെ തായ്ത്തടിയിൽ അയാൾ ഒരു ആൾരൂപം വരച്ചിട്ടു. കരിക്കട്ടകൊണ്ട് രണ്ടിടങ്ങളിൽ ഓരോ ചെറിയ വട്ടങ്ങൾ വരച്ചിട്ടു പറഞ്ഞു: ഇതു ചങ്ക്, ഇതു നാഭി.

ഇരുകൈകളിലും കത്തികളുമായി ഒരു നൂറടി പുറകോട്ടു നീങ്ങിയ അയാൾ ഒരു നിമിഷം കണ്ണടച്ചു ശ്വാസമടക്കിനിൽക്കെ കത്തികൾ ചീറിപ്പാഞ്ഞു പ്ലാവിൽ തറച്ചു. മറ്റേതു നാഭിയിൽ. അതിൽപ്പിന്നെ ഗ്രാമത്തിലെ ചെറുപ്പക്കാരാരും കൊല്ലന്റെ ഭാര്യയുടെ നേർക്കു നോക്കാൻ കൂടി ധൈര്യപ്പെട്ടില്ല. അവളുടെ നീലക്കണ്ണുകളിൽ രണ്ടു കത്തികളുണ്ടായിരുന്നു. പക്ഷേ, കൊല്ലൻ ഭാഗ്യംകെട്ടവനായിരുന്നു.

കാലമേറെ കഴിഞ്ഞിട്ടും കൊല്ലത്തി പെറ്റില്ല. പരദേശത്തും ഇദ്ദേശത്തും പോകാത്ത കോവിലുകളില്ല. നോൽക്കാത്ത നോയമ്പുകളില്ല. കൊല്ലനു പതുക്കെപ്പതുക്കെ തന്റെ കരുത്തി

നോടുതന്നെ വെറുപ്പായിത്തുടങ്ങി. ആയിടയ്ക്ക് ആദ്യമായി കൊല്ലന്റെ ഉന്നംതെറ്റി. അയാളെ കളിയാക്കി ചിലച്ചു കൊണ്ട് ഒരുപറ്റം മുയലുകൾ കാട്ടിനുള്ളിലേക്കു പാഞ്ഞുപോയി. പാരത്തിൽ തറച്ച നായാട്ടുകത്തി വലിച്ചൂരിയെടുത്ത് അരിശത്തോടെ മുളങ്കൂട്ടങ്ങളും കാട്ടുവള്ളികളും അരിഞ്ഞുവീഴ്ത്തിക്കൊണ്ട് അയാൾ ആ പകൽ മുഴുവനും അലഞ്ഞുനടന്നു. തന്റെ കത്തിയേറിനെ മൃഗങ്ങൾ പോലും ഭയപ്പെടാതായി എന്ന് അയാൾക്കു മനസിലായി. തോൽവിയുടെ മൂർച്ചയിൽ അയാളുടെ മനസ് മുറിഞ്ഞു. ഇരുമ്പുപണിത കൈകൾ പെട്ടെന്നു തളർന്നു. പരുക്കൻ തൊലിക്കു മയംവെച്ചു. അയാളുടെ ഉള്ളിൽ പൊരുളറിയാത്ത ഏതോ ഭയം ഉറഞ്ഞുകൂടിനിന്നു. താൻ ഇനി അടിക്കടി തോൽക്കാൻ പോകുകയാണോ? ഈ ഇരുമ്പിന്റെ കൈകളും ഉറച്ച ശരീരവും എന്തിന്? തന്റെ മജ്ജയിൽ നിന്നു കരുത്തു ക്രമേണ വാർന്നുപോകുമ്പോൾ, തന്റെ ഞരമ്പുകൾ കാലപ്പഴക്കത്തിൽ അയയാൻ തുടങ്ങുമ്പോൾ, കൂടം പൊക്കാൻ കൂടി വയ്യാതാകുമ്പോൾ, തന്റെ കുലത്തൊഴിൽ തുടർന്നുപോകാൻ ഒരു ആൺകുട്ടിയില്ലെങ്കിൽ...

കൊല്ലന്റെ ഭാര്യയുടെ മനസും കലങ്ങിത്തുടങ്ങിയിരുന്നു. പാദസരങ്ങൾ കിലുക്കിക്കൊണ്ട് ഒക്കത്ത് ചെമ്പുകുടവുമായി, കുണുങ്ങിക്കുണുങ്ങി കിണറ്റുവക്കത്തേക്കു പോകാനും അണിഞ്ഞൊരുങ്ങി ഉത്സവപ്പറമ്പിലും ആഴ്ചച്ചന്തകളിലും പോകാനും അവൾക്കു മടിയായി. ഇതെല്ലാം ആർക്കു വേണ്ടി? അവൾ സ്വയം ചോദിച്ചു. രാത്രിയിൽ പറ്റിച്ചേർന്നുകിടക്കുമ്പോൾ കൊല്ലന്റെ പിടിയിൽ മുമ്പത്തെയത്ര മുറുക്കമോ ചൂടോ ഇല്ലെന്ന് അവൾക്കു തോന്നിത്തുടങ്ങി. അയാൾക്കു പ്രായമേറുകയാണോ? അയാളുടെ പൗരുഷത്തിനു തളർച്ച വീണുതുടങ്ങിയോ? ശൈത്യത്തിലെ കുളിർന്നുവിറയ്ക്കുന്ന രാവുകളിൽ, ചാരായത്തിന്റെ ലഹരിയിൽ ചുരുണ്ടുകൂടി മയങ്ങുന്ന ഭർത്താവിന്റെ അടുക്കൽ അവൾ ഉറക്കം വരാതെ കണ്ണുമിഴിച്ചു കിടന്നു. കൊല്ലന് തന്നിലുള്ള കമ്പം ശമിച്ചുതുടങ്ങിയിരിക്കുന്നുവെന്ന് അവൾക്കു തോന്നി. ഒരു വിത്തുപോലും പൊട്ടാത്ത ഊഷരമായ മണ്ണിനെ അവൾ ശപിച്ചു. കാലം കടന്നുപോകെ, പല രാത്രികളിലും കൊല്ലൻ കുടിലിലേക്കു വരാതെയായി. അയാളുടെ പുതിയ ബന്ധങ്ങളെപ്പറ്റി അയൽപക്കത്തുകാർ ഒളിച്ചും തെളിഞ്ഞും ഒരുപാടു കഥകൾ പറയാൻ തുടങ്ങി. ഒരു പാതിരാത്രിയിൽ കൊല്ലൻ കുടിച്ചു പിമ്പിരിയായി കൂട്ടിൽ വന്നു കയറിയപ്പോൾ അവൾ വേദനയോടെ ചോദിച്ചു: 'നിങ്ങൾക്കെന്നെ മടുത്തോ? നമ്മുടെ ദേശത്തെ പിച്ചക്കാരികൾപോലും അവളേക്കാൾ സുന്ദരിയാണല്ലോ. നിങ്ങളെ വശീകരിക്കാൻ പാകത്തിന് എന്താണ് ആ പെണ്ണിലുള്ളത്?' അവൾ തുടരെത്തുടരെ ചോദ്യങ്ങൾ എറിഞ്ഞുകൊണ്ടിരുന്നു. അവളുടെ ശബ്ദം അരിശം കൊണ്ട്, വേദനകൊണ്ട് ചിലമ്പിയിരുന്നു. മറുപടി തുടർച്ചയായ കൂർക്കം വലിയായിരുന്നു.

'പക്ഷേ, ഒന്നോർത്തോളൂ.' പുതപ്പിനടിയിൽ ചുരുണ്ടുകൂടിക്കിടക്കുന്ന ശരീരത്തെ കാലുകൊണ്ടു തട്ടിയുരുട്ടി അവൾ അലറി: 'അവളെ ഈ കുടിലിൽ കയറ്റാമെന്ന് മോഹിക്കണ്ട. നിങ്ങൾ അവളെ വെപ്പാട്ടിയായി വെച്ചോളൂ. പക്ഷേ, ഈ കുടിലിനകത്തു കാലുകുത്തിയാൽ ഞാനവളുടെ കാലുകൾ കൊത്തിനുറുക്കും.' പിറ്റേന്നു രാത്രിയിലും വളരെ വൈകിയാണ് കൊല്ലൻ വന്നുകയറിയത്. വന്നപാടേ പായയിലേക്കു മറിഞ്ഞുവീണു. കൂർക്കം വലിച്ചുറക്കമായി. പിന്നീട് പല രാത്രികളിലും അത് ആവർത്തിച്ചപ്പോൾ അവൾക്കു ബോധ്യമായി, ഭർത്താവിനെ പിടിച്ചു നിർത്താനുള്ള തന്റെ കഴിവു നഷ്ടപ്പെട്ടിരിക്കുന്നുവെന്ന്. അവൾ നാട്ടുമൂപ്പന്റെ അടുക്കൽ പരാതി പറഞ്ഞുനോക്കി.

''അതു നിങ്ങടെ സ്വന്തം കാര്യം.'' മൂപ്പൻ ഭീതിയോടെ ചുറ്റും നോക്കിക്കൊണ്ടു പറഞ്ഞു. ദൂരെ കൊല്ലന്റെ ആലയിൽ നിന്നു കൂടം ആഞ്ഞുവീഴുന്നതിന്റെ ശബ്ദം അയാൾക്കു കേൾക്കാമായിരുന്നു. പരദേശികളുടെ കാര്യത്തിൽ ഇടപെടാൻ നമ്മളില്ല. ഒടുവിൽ, കൊല്ലനെ വരുതിയിൽ നിറുത്താൻ അവളൊരു സൂത്രം കണ്ടു പിടിച്ചു.

ഒരു ദിവസം തന്റെ വീട്ടുമുറ്റത്ത് ഏതോ പുരുഷന്റെ കനമുള്ള കാൽപ്പാടുകൾ പതിഞ്ഞിരിക്കുന്നത് കൊല്ലൻ കണ്ടു. അമർന്ന കാൽപ്പാടു

കൾ. അയാളൊരു തടിയനായിരുന്നിരിക്കണം. ആ ഓർമ ആദ്യമൊന്നു തളർത്തിയെങ്കിലും ഒരു മുരൾച്ചയോടെ അയാൾ അത് ഉടനെ വിഴുങ്ങി. എന്നിട്ടും ആ കാൽപ്പാടുകളുടെ വടിവ് അയാളുടെ മനസിൽ മായാതെ കിടന്നു. അടുത്ത ദിവസം കണ്ടത് വേറൊരാളുടെ കാൽപ്പാടുകളായിരുന്നു. അയാൾ മുടന്തനായിരുന്നിരിക്കണം. ഇടത്തെ കാൽപ്പത്തി മണ്ണിൽ ശരിക്കു പതിഞ്ഞിരുന്നില്ല. മൂന്നാമത്തെ ദിവസം വന്നയാൾ കുരുടനായിരുന്നിരിക്കണം. കനമുള്ള രണ്ടു കാൽപ്പത്തികളോടൊപ്പം വടികുത്തി നടന്നതിന്റെ അടയാളവുമുണ്ടായിരുന്നു.

അവരൊക്കെ ആരെന്ന് കലിതുള്ളിക്കൊണ്ട് അയാൾ ചോദിക്കുമെന്നും മുടിക്ക് ചുറ്റിപ്പിടിച്ച് വലിച്ചിഴച്ച് തല്ലിച്ചതയ്ക്കുമെന്നും അവൾ കണക്കുകൂട്ടിയിരുന്നു. പക്ഷേ, അവളെ അമ്പരപ്പിച്ചുകൊണ്ട് അയാൾ ആ കാലടയാളങ്ങളെക്കുറിച്ചു ചോദിച്ചതേയില്ല. പതിവുപോലെ പല രാത്രികളിലും അയാൾ കുടിലിൽ വന്നില്ല. വരുന്ന രാത്രികളിൽത്തന്നെ പാതിരാവിനുശേഷം കുടിച്ചു പിമ്പിരിയായി, കാലുറയ്ക്കാതെയാണു വന്നുകയറുക. വന്നപാടേ പായയിലേക്ക് മറിഞ്ഞ് കൂർക്കം വലിച്ച് ഉറക്കം തുടങ്ങും.

തോൽവിയുടെ ഭാരംവീണ മനസുമായി കൊല്ലത്തി പുതിയ ഉപായങ്ങളെക്കുറിച്ച് ആലോചിക്കുവാൻ തുടങ്ങി.

അങ്ങനെയിരിക്കെ, ഒരു നട്ടുച്ചയ്ക്ക്, കൊല്ലന്റെ ആലയിലേക്കു കടന്നു ചെന്നിട്ട് അവൾ പ്രഖ്യാപിച്ചു, താൻ ഗർഭിണിയാണെന്ന് .

'ഒന്നു ചുമ്മാതിരിക്ക്.' അവളുടെ അടിവയറ്റിൽ അടിച്ചുകൊണ്ട് കൊല്ലൻ

പറഞ്ഞു.

'നേര്.' പരദേവതയെപിടിച്ച് ആണയിട്ടുകൊണ്ട് അവൾ ആവർത്തിച്ചു. 'എങ്കിൽ കുഞ്ഞിന്റെ അച്ഛനാര്?' 'നിങ്ങൾ തന്നെ. അല്ലാതാരാ?'

''അതുവിട്.' കൊല്ലനു വിശ്വാസമായില്ല. അയാളുടെ മനസിൽ ആ അപരിചിതമായ കാലടികൾ തെളിയുകയായിരുന്നു. അക്കൂട്ടത്തിൽ ആരായിരിക്കും കുഞ്ഞിന്റെ അച്ഛൻ തടിയനോ, മുടന്തനോ, കുരുടനോ?

''എന്നെ വിശ്വസിക്കൂ.' കൊല്ലത്തി നെഞ്ചത്തു കൈവെച്ചു പറഞ്ഞു: ''നിങ്ങളെയല്ലാതെ വേറാരെയും ഞാൻ മനസിൽക്കൂടി നിരൂപിച്ചിട്ടില്ല.

എങ്കിൽപ്പിന്നെ ആ കാൽപ്പാടുകളോ? എന്നു ചോദിക്കാൻ കൊല്ലൻ മുതിർന്നുവെങ്കിലും ഉടനെ അതു വിഴുങ്ങി. അതു പ്രാകൃതമായ അസൂയയാണെന്ന് അയാൾക്കു തോന്നി. തനിക്കതിൽ കാര്യമില്ല. എങ്കിലും തന്റെ ഭാര്യയുടെ വയറ്റിൽ മറ്റൊരുത്തന്റെ വിത്ത് -അയാളുടെ മനസു കലങ്ങുകയും തെളിയുകയും ചെയ്തുകൊണ്ടിരുന്നു. അയാൾക്കു തന്റെ വ്യഥ പങ്കിടാൻ നാട്ടിലൊരു ചങ്ങാതിയുമില്ലായിരുന്നു. വേണമെങ്കിൽ അവളെ മുടിക്കു ചുറ്റിപ്പിടിച്ച്, നിരത്തിലേക്കു വലിച്ചിഴച്ച്, നാലാളുകൾ കാൺകെ ചവിട്ടിത്തേക്കാം. അതു പൗരുഷമാകുമോ? നാട്ടുകാർ അതുകണ്ട് കഴുതപ്പുലികളെപ്പോലെ ചിരിക്കും. പരദേശിക്ക് ഒരു കുഞ്ഞിനെ കൊടുക്കാനുള്ള കഴിവുപോലും ഉണ്ടായില്ല. അതുകൊണ്ട് അവന്റെ ഭാര്യ നാട്ടുകാരനായ ജാരനെ തേടിപ്പോയി അവർ തമ്മിൽ തമ്മിൽ പറഞ്ഞു ചിരിക്കും. അതു വേണ്ട. തന്റെ ദേശത്തിന്റെ വീറു കളഞ്ഞു കുളിക്കാൻ തയ്യാറല്ല.

പക്ഷേ, ഒരു തിരിച്ചടി കൊടുത്തില്ലെങ്കിൽ, ജാരനെ നേരിടാനുള്ള കഴിവുപോലുമില്ലാത്ത ഒരു അഴകൊഴമ്പനായി ജനം തന്നെ കാണില്ലേ? തന്റെ ഇരുമ്പിന്റെ രൂപം അലിഞ്ഞുപോകില്ലേ? നായാട്ടുകത്തിയുടെ വായ്ത്തല മൂർച്ചവെപ്പിച്ചുകൊണ്ട് അയാൾ തന്റെ ശ്രദ്ധ അജ്ഞാതനായ ജാരനിലേക്കു തിരിച്ചു. ആരാണവൻ?

ഭാര്യയുടെ അടിവയറ്റിലേക്കു നോക്കുമ്പോഴെല്ലാം അയാൾ അസ്വസ്ഥനായി. കൂടം എടുത്തുപൊക്കാനുള്ള കരുത്തുപോലും തനിക്കു നഷ്ടപ്പെട്ടിരിക്കുന്നുവെന്ന് അയാൾക്കു മനസിലായി. കത്തിയെറിയുമ്പോഴാകട്ടെ ഉന്നം പാടെ തെറ്റിപ്പോകുന്നു.

അങ്ങനെ, ഒടുവിൽ മറ്റൊരു പോംവഴിയും കാണാതെ അയാൾ നാട്ടുമൂപ്പന്റെ അടുക്കലെത്തി.

നാട്ടുമൂപ്പന് അക്കാര്യത്തിൽ ഇടപെടാൻ ഭയമായിരുന്നു. ഭീതിയോടെ ചുറ്റും നോക്കിയിട്ട്

അയാൾ മുരണ്ടു.

''അതൊക്കെ നിങ്ങള് പരദേശികളുടെ കാര്യം. അതില് ഇടപെടാൻ നമ്മളില്ല.

പക്ഷേ, കൊല്ലന്റെ കത്തുന്ന കണ്ണുകളിലേക്കു നോക്കിയപ്പോൾ അയാൾ താനേ താഴ്ന്നു. നാട്ടുകാരനായ ജാരനെ കണ്ടുപിടിച്ചു കൊടുത്താൽ അവനെ നാട്ടാചാരമനുസരിച്ച് ശിക്ഷിക്കാമെന്ന് വാക്കുകൊടുത്തു.

'അവനെ ശിക്ഷിക്കാൻ എനിക്കു നിങ്ങടെ സഹായമൊന്നും വേണ്ട. കൊല്ലൻ ചീറി: ''അവനുള്ള ശിക്ഷ ഞാൻ തന്നെ കണ്ടുവെച്ചിട്ടുണ്ട്. പക്ഷേ, അവനാരാണെന്നറിയാൻ എന്താണു മാർഗം?'

''അതിപ്പ്...' മൂപ്പനു ചിരി വന്നു. 'നിങ്ങടെ ബാര്യല്ലേ പറയേണ്ടത്?

നമ്മക്കെങ്ങനെ അറിയാം?

ഭാര്യയോട് ഇനി അക്കാര്യം ചോദിക്കില്ലെന്ന് അയാൾ നേരത്തേ ആണയിട്ടിരുന്നു. അങ്ങനെ അയാളുടെ തിരച്ചിൽ നീണ്ടുപോയി. ചന്തയിൽ, ഉത്സവപറമ്പുകളിൽ, അയാൾ ചുറ്റിനടന്നു. അക്കൂട്ടത്തിലെങ്ങാനും ജാരന്റെ മുഖവും ജാരന്റെ കണ്ണുകളുമുള്ള ഒരു ചെറുപ്പക്കാരനുണ്ടോ?

ഏറെ നാളത്തെ തിരച്ചിലിനുശേഷം, ഒടുവിൽ ഒരുത്തനെ കണ്ടുകിട്ടി. മെലിഞ്ഞുകൊലുന്നനെയുള്ള ഒരു ചെറുപ്പക്കാരൻ. ഇരുണ്ട നിറം. മലർന്ന ചുണ്ടുകൾ. നനുത്തമീശ. വല്ലാതെ തിളങ്ങുന്ന കണ്ണുകൾ -ജാരന്റെ മട്ട്. 'ഞാനല്ല.' അവൻ ആദ്യമേ പറഞ്ഞു: ''പക്ഷേ, ഒരുകാലത്ത് ഞാനവളെ രഹസ്യമായി മോഹിച്ചിരുന്നു.'

'ഫ... കൊല്ലൻ അവന്റെ മുഖമടച്ച് ആട്ടി. അവനെ വലിച്ചിഴച്ചുകൊണ്ട് നാട്ടുമൂപ്പന്റെ അടുത്തുചെന്നു.

'ഇവൻ തന്നെ നമ്മുടെ ആള്. കൊല്ലൻ മൂപ്പനോടു പറഞ്ഞു.

ചെറുപ്പക്കാരന്റെയും കൊല്ലന്റെയും മുഖങ്ങളിലേക്കു മാറി മാറി നോക്കി

'അതിന് തെളിവെന്ത്? ഇവൻ സമ്മതിച്ചോ?'

''ആരിവന്റെ സമ്മതം ചോദിക്കുന്നു?'' കൊല്ലൻ ചീറി: 'ഇവനല്ലെങ്കിൽ ഇവനെപ്പോലുള്ള വേറൊരുത്തൻ.

മൂപ്പനൊന്നും പറഞ്ഞില്ല. വെറുതെ തലയാട്ടി. ചെറുപ്പക്കാരനെ തല മൊട്ടയടിച്ച് കഴുതപ്പുറത്തു കയറ്റി, കൊട്ടും മേളവുമായി ഗ്രാമത്തിലെ പ്രധാന നിരത്തുകളിലൂടെ കൊണ്ടുനടന്നു. എന്നിട്ട് ആ പഴയ തള്ളപ്ലാവിന്റെ തായ്ത്തടിയിൽ കെട്ടിയിട്ടു. അവിടെ കൊല്ലൻ പണ്ടു വരഞ്ഞിട്ട ആൾരൂപം മായാതെ കിടന്നിരുന്നു. അതിന്റെ ചങ്കിലും നാഭിയിലും അയാളേൽപ്പിച്ച് മുറിവുകളിൽനിന്ന് അപ്പോഴും ചോര പൊടിയുന്നുണ്ടായിരുന്നു. ചുറ്റും ജനം തടിച്ചുകൂടിയിരുന്നു. കൊല്ലൻ ആ ചെറുപ്പക്കാരനെ എങ്ങനെയാണ് ശിക്ഷിക്കാൻ പോകുന്നതെന്നറിയാനുള്ള ഉത്കണ്ഠയോടെ തമ്മിൽ തമ്മിൽ പിറുപിറുത്ത് അവർ നിന്നു. തങ്ങളുടെ കൂട്ടത്തിൽപ്പെട്ട അവർക്കില്ലായിരുന്നു. ചുട്ടുപഴുപ്പിച്ച രണ്ട് ഇരുമ്പുകമ്പികളുമായി കൊല്ലൻ ചുവടുവെച്ച് മുന്നോട്ടുനീങ്ങി.ചെറുപ്പക്കാരൻ അപ്പോഴും ഒരു അറവുമാടിനെപ്പോലെ അമറിക്കൊണ്ടിരുന്നു.

'ഞാനല്ല നാട്ടാരേ, ഞാനല്ല.... ജനം അതു കേൾക്കാത്തമട്ടിൽ തുറിച്ചുനോക്കിക്കൊണ്ടു നിൽക്കുക മാത്രം ചെയ്തു. ഇരുമ്പുകമ്പികളുടെ പഴുത്ത കണ്ണുകൾ ചെറുപ്പക്കാരന്റെ നേർക്ക് നീണ്ടു വന്നു. അതിന്റെ ചൂടിൽ അവന്റെ മുഖം വാടിക്കരിഞ്ഞു. പുരികങ്ങളും നനുത്ത മീശയും കരിഞ്ഞുവീണു. പോർവിളിയോടെ ചുവടുവെച്ച് ഇടിവാൾ പോലെ കൊല്ലൻ ആ കമ്പികൾ അയാളുടെ കണ്ണുകളിലേക്കു കുത്തിക്കയറ്റി. ഒരു അലർച്ച. ഒരു പിടച്ചിൽ. പിന്നെ മാംസം കരിയുന്നതിന്റെ ഗന്ധം... കൊല്ലന്റെ ഭാര്യ ഒരിക്കലും പ്രസവിച്ചില്ല. കാരണം, അവൾക്കു ഗർഭമുണ്ടായിരുന്നില്ലല്ലോ! ജാരന്റെ അഴുക്കുകെട്ടു പേറാൻ ശപിക്കപ്പെട്ട നിരപരാധിയായ പാവം ചെറുപ്പക്കാരൻ രക്തസാക്ഷിയായി. ദേശത്തെ ചെറുപ്പക്കാർ അവന്റെ ദുരന്തകഥ ഏറെക്കാലം പാടിനടന്നു. അയാളുടെ ചോരയിൽ നിന്നു നൂറു നൂറു ജാരന്മാർ വീറോടെ പിറന്നുവീണു. അവർ വാശിയോടെ പരദേശികളായ പെണ്ണുങ്ങളെ വലവീ

*ശിപ്പിടിച്ചു. പരദേശികളുടെ കുടുംബം കലക്കി. അങ്ങനെ പാണ്ഡവപുരം പരദേശികൾക്കൊരു പേടിസ്വപ്നമായി. യുഗങ്ങൾക്കുമുമ്പു രക്തസാക്ഷിയായ ആ ചെറുപ്പക്കാരനായിരുന്നു പാണ്ഡവപുരത്തെ ആദിജാരൻ.*

പാണ്ഡവപുരത്തിൽ ജാരന്മാർ എങ്ങനെയുണ്ടായി എന്ന കഥ പറയുകയാണീ തട്ടാന്മാരുടെ കഥയിലൂടെ. സംശയാലുക്കളായ പുരുഷമനസിന്റെ ഫലമായാണ് എവിടെയും ജാരന്മാർ ജന്മമെടുക്കുന്നതെന്ന സത്യമാണീ കഥയിലൂടെ വെളിവാക്കുന്നത്. സ്ത്രീ പതിവ്രതയായിരിക്കണമെന്ന പുരുഷകേന്ദ്രീകൃത സമൂഹവ്യവസ്ഥിതിയുടെ പ്രതിഫലനമാണ് ജാരോല്പത്തി. തന്റെ വൈകല്യങ്ങൾ മറച്ചുവയ്ക്കാൻ പുരുഷൻ എന്നും ജാരസമ്പർക്കം ആരോപിച്ച് ആത്മസംതൃപ്തിയടയുന്നതിന്റെ മന:ശാസ്ത്രസത്യമാണിവിടെ നോവലിസ്റ്റ് വെളിവാക്കുന്നത്.

മൂന്നാമത്തെ കഥപഞ്ചപാണ്ഡവന്മാരുടെയും പാഞ്ചാലിയുടെയും ഐതിഹ്യത്തെ അപനിർമ്മിച്ചതാണ്. ഇഷ്ടപ്പെട്ട പുരുഷനോടൊപ്പം ജീവിതം പങ്കിടാനാകാത്ത ഗാർഹികാന്തരീക്ഷത്തിൽ നിന്നു രക്ഷനേടുന്ന സ്ത്രീ, തന്റെ സ്വത്വം നഷ്ടപ്പെട്ട് പ്രതിമയുടെ ദിവത്വം നേടുന്നതിന്റെ പരിഹാസ്യത ഈ കഥയിൽ ധ്വനിക്കുന്നു. പീഡിപ്പിക്കപ്പെടുന്ന സ്ത്രീ ദിവ്യയോ, യക്ഷിയോ ആയിമാറുന്ന ഫോക്‌ലോർ പാരമ്പര്യത്തെ ഓർമ്മപ്പെടുത്തുന്നതാണീ അപനിർമാണം. നോവലിലെ ദേവിയെ പലപ്പോഴും നോവലിസ്റ്റ് ദേവിയായും മറ്റും അവതരിപ്പിക്കുന്നത് ഈ പശ്ചാത്തലത്തിൽ വേണം വായിക്കാൻ.

നോവലിലെ മറ്റൊരു പ്രധാന കഥാപാത്രം ജാരനാണ്. ദേവിയുടെ ഭർത്താവായ കുഞ്ഞിക്കുട്ടന്റെ പ്രാതിനിധ്യം കൂടി പേറിക്കൊണ്ടാണ് അയാൾ ദേവിയുടെ നാട്ടിലും വീട്ടിലും എത്തു ന്നത്. താൻ ജാരനാവാൻ നിയോഗിക്കപ്പെട്ടിരിക്കുന്നു എന്ന ബോധത്തോടെയാണ് അയാളുടെ പ്രവൃത്തികൾ ഓരോന്നും തന്റെ ലക്ഷ്യ പ്രാപ്തിക്കുവേണ്ടി അയാൾ കെട്ടിയൊരുക്കുന്ന സത്യങ്ങൾ (നുണകളുമായേക്കാം) എല്ലാം വ്യാജമാണെന്ന് ഒടുവിൽ അയാൾക്ക് സമ്മതിക്കേണ്ടിവരുന്നു. ജാരനെന്ന ദൗത്യത്തിൽ പരാജയപ്പെട്ടാണ് അയാൾ മടങ്ങുന്നത്. നോവലിസ്റ്റ് പറഞ്ഞ മൂന്നു കഥകളിലൊന്നിലെ ജാരോല്പത്തി കഥയുടെ പരിണാമമാണീ ജാരനിലും കാണാൻ കഴിയുന്നത്. നിരപരാധിത്വത്തിന്റെയും ദയനീയതയുടെ പ്രതിനിധിയായിരുന്നല്ലോ കഥയിലെ ജാരനും.

മലയാള നോവലിൽ എഴുപതുകൾക്കുശേഷമുണ്ടായ ആധുനികതയുടെ വിശ്രമകരമായ പ്രഖ്യാപനത്തിന്റെ പ്രതീകമായി എഴുത്തിൽ സേതുവിന്റെ പാണ്ഡവപുരത്തിനെ കൂടി വായിക്കാം. ജാരനെ പ്രതിക്ഷിച്ചിരിക്കുകയും, ഒരാളെ കണ്ടെത്തിയതിനുശേഷം കൂടുതൽ ജാരന്മാരെ തേടിയുള്ള കാത്തിരിപ്പിലുടെയാണ് ദേവി എന്ന കഥാപാത്രത്തിന്റെ നിലനിൽപ്പ്.

### 3.2.3 പാണ്ഡവപുരമെന്ന സ്ഥലനിർമിതി

പാണ്ഡവപുരമെന്ന സ്ഥലത്തിന്റെ കൂട്ടുനിർമിതി, ഒരുമിച്ചു ചെലവഴിച്ച ഒരു ഭൂതകാലത്തിന്റെ യഥാർഥമോ കാല്പനികമോ ആയ ആഖ്യാനം ഉൾക്കൊള്ളുന്നു. ഒപ്പം അത് പാണ്ഡവപുരത്തിന്റെയും അതിന്റെ കുന്നിൻപുറത്തിരിക്കുന്ന ദേവിയുടെയും ഉത്ഭവത്തെ സംബന്ധിച്ചുള്ള കഥകളും ഐതിഹ്യങ്ങളും ഉൾക്കൊള്ളുന്നു. നോവൽ പാഠത്തിൽ പാണ്ഡവപുരത്തിന്റെ മൂന്നു കഥകൾ ആഖ്യാനം ചെയ്യപ്പെടുന്നുണ്ട്. സന്ദർശകൻ പറയുന്ന രണ്ടും ദേവി പറയുന്ന ഒന്നും. ലിംഗബന്ധങ്ങളെയും ദേവി ജാരബന്ധങ്ങളുടെ വ്യാഖ്യാനങ്ങളുടെയും കുരുക്കഴിക്കാൻ ഈ കഥകളുടെ അപഗ്രഥനം സഹായകമായേക്കും. ആദ്യത്തെ കഥ രഘുവിനോടും ശ്യാമളയോടും ജാരൻ പറയുന്നതാണ്. പാണ്ഡവപുരമെന്ന സ്ഥലം ഒരിക്കൽ പാണ്ഡവന്മാർ താമസിച്ച ഒരു വനമായിരുന്നു. അവിടെവന്നിറങ്ങിയ ധീരമാർ അവിടെ ഒരു പുതിയ സംസ്കാരം അവതരിപ്പിച്ചു. വ്യവസായശാലകളുടെ, തീവണ്ടിപ്പാതകളുടെ, നാഗരികതയുടെ, കൊന്നും തിന്നും നശിപ്പിച്ചുമുള്ള സംസ്കാരം. അവിടെനിന്ന് ആദിവാസികളും, മൃഗങ്ങളും ആട്ടിയോടിക്കപ്പെട്ടു. പിന്നീടുള്ള അധ്യായത്തിലെ കഥയുടെ വികാസത്തിൽ ഈ വിദേശികൾ അക്രമികളും പാണ്ഡവപുരമടങ്ങിയ രണ്ടു ഗ്രാമങ്ങളെ കീഴടക്കുന്ന അധീശശക്തികളുമായി ചിത്രീകരിക്കപ്പെടുന്നു. അവർ

സ്ത്രീകളെ ബലാത്സംഗം ചെയ്യുകയും അവരിൽ പുത്രോത്പാദനം നടത്തുകയും ചെയ്യുന്നു. അവർ വ്യവസായശാലകളും തൊഴിലാളികളുടെ പാർപ്പിടത്തിനായി കോളനികളും സ്ഥാപിക്കുന്നു. അവസാനം നാടൻ ധ്വരമാർ ഭരിക്കുന്ന, സങ്കരരക്തം കലർന്ന ഒരു സമൂഹത്തെ അവശേഷിപ്പിച്ചുകൊണ്ടാണ് അവർ വിടപറയുന്നത്. ഈ പ്രത്യേകകഥ ഭാരതീയസംസ്കൃതിയുടെ ഒരു അടിസ്ഥാന ഐതിഹ്യമായി നമുക്കു കാണാൻ കഴിയും. ഭാരതീയസംസ്കാരം ഒരർത്ഥത്തിൽ ഒരു പാണ്ഡവപുരമാണ്. കാരണം, അതിന്റെ പൂർവികന്മാരായ പാണ്ഡവന്മാരും ഗോത്രവർഗക്കാരായ ആദിവാസികളുമായി സങ്കലനം നടന്നിട്ടുണ്ട്. ഇവിടെ ബ്രിട്ടീഷ് കോളനിവാഴ്ചക്കാർ സാമാന്യ ഇന്ത്യൻജനതയുമായി ഇടകലർന്നതും അവരുടെമേൽ ആധിപത്യം സ്ഥാപിച്ചതും ഇതുമായി താരതമ്യപ്പെടുത്താവുന്നതാണ്.

## 3.2.4 കഥാപാത്രങ്ങൾ

### 3.2.4.1 ദേവി

ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ട്, തറവാടിത്തത്തിന്റെയും സാമൂഹ്യ സദാചാരചിന്തയുടെയും പിടിയിലമർന്ന് ജീവിതം ഹോമിക്കേണ്ടിവന്ന സ്ത്രീയാണ് കുഞ്ഞിക്കുട്ടന്റെ ഭാര്യയായിരുന്ന ദേവിടീച്ചർ. അസംതൃപ്തയും അപമാനിതയുമായ സ്ത്രീസ്വത്വത്തിന്റെ പ്രതീകമാണ് ദേവി. ബഹുഭർത്തൃത്വത്തിലൂപരിയായി തന്റെ സ്ത്രീത്വത്തെ നിഷ്കരുണം ദുർബലപ്പെടുത്തിപ്പോയ പുരുഷ്യാധിപത്യത്തിന്റെ നേർക്കുള്ള പ്രതീകരണമാണ് ദേവിയുടെ ജാരാന്വേഷണം.

''എന്തിനെന്നോ? എനിക്കു നിങ്ങളെ തോല്പിക്കണം. കാൽക്കീഴിലിട്ടു ചവിട്ടിഞെരിക്കണം. നിങ്ങളുടെ നഗ്നശരീരത്തിൽ ദുർഗയെപ്പോലെ നൃത്തമാടണം. നിങ്ങളുടെ ചോരയെടുത്തു പൊട്ടുതൊടണം. നിങ്ങളുടെ കുടലുമാലയെടുത്തു കഴുത്തിലണിയണം... നിങ്ങളുടെ മാത്രമല്ല, നിങ്ങളെപ്പോലുള്ള ഓരോ പുരുഷന്റെയും...''എന്ന് ദേവി ജാരനോട് പറയുന്നത് ഈ പ്രതികരണത്തിന്റെ സ്വത്വപ്രഖ്യാപനമാണ്. അതുപോലെ തന്നെ ജാരവേഴ്ചയ്ക്കു ശേഷം ദേവി അനുജത്തിയായ ശ്യാമള ഉറങ്ങിക്കിടക്കുന്നതു കാണുമ്പോൾ സ്വയം ചിന്തിക്കുന്നുണ്ട്.

അടുത്ത കിടക്കയിൽ ശ്യാമളയും രഘുവും പറ്റിച്ചേർന്നു കിടന്നുറങ്ങുന്നു. അരണ്ട നിലാവിൽ ശ്യാമളയുടെ ചുണ്ടുകളിൽ ഒരു നേർത്ത പുഞ്ചിരി പറ്റിപ്പിടിച്ചിരിക്കുന്നു. അവൾ സ്വപ്നം കാണുകയാവാം. നിറങ്ങൾ വാരി വിതറിയ പൂന്തോട്ടത്തിൽ അവൾ പാറി നടക്കുകയാവാം. പേടിസ്വപ്നങ്ങൾ കാണുന്ന കാലം അവൾക്ക് ഇനിയും അകലെയാണ്. പാണ്ഡവപുരമെന്ന ആശ്വാസവും തേടിപ്പോകേണ്ട ഗതികേട് അവൾക്ക് വരാതിരിക്കട്ടെ.

തനിക്ക് ജീവിതത്തിൽ പറ്റിയ ദാമ്പത്യാസ്വസ്ഥത മറ്റൊരു സ്ത്രീയ്ക്കും വരരുതെന്ന ചിന്ത ഇവിടെ ദേവിയെ ഭരിച്ചിരിക്കുന്നുവെന്നു കാണാം. നോവലിൽ എല്ലായ്പോഴും പാണ്ഡവപുരം ഒരാശ്വാസമാണെന്നു പറയുന്ന നോവലിസ്റ്റ് ഇവിടെ പാണ്ഡവപുരമെന്ന ആശ്വാസം തേടിപ്പോകുന്ന ഗതികേട് ശ്യാമളയ്ക്കുണ്ടാതിരിക്കട്ടെ എന്നാണ് ദേവിയിലൂടെ ആത്മഗതമായി സമർഥിക്കുന്നത്. ഒരു പഴന്തുണിപോലെ കുഞ്ഞുക്കുട്ടൻ വലിച്ചെറിഞ്ഞ ദേവിയ്ക്ക് പാണ്ഡവപുരവും, ജാരസമ്പർക്കവും ഒരു വലിയ ആശ്വാസമായിരുന്നു. തന്റെ ജീവിത കാമനകളെ പൂർത്തീകരിക്കാതെ പോയ ഭർത്താവിനോടുള്ള സ്ത്രീത്വത്തിന്റെ ചോദ്യങ്ങളും പ്രതികരണങ്ങളുമാണ് പതിനാറാമധ്യായത്തിൽ കുഞ്ഞിക്കുട്ടനെ വീണ്ടും കണ്ടുമുട്ടുന്നതിലൂടെ ദേവി സാധിച്ചെടുക്കുന്നത്. ജാരസമ്പർക്കത്തിനുശേഷമുള്ള ഭർത്താവിന്റെ വരവിൽ സ്ത്രീ (ദേവി) അസ്വസ്ഥമാകുന്നതും കുഞ്ഞിക്കുട്ടനെ ഒഴിവാക്കാൻ ശ്രമിക്കുന്നതും സ്ത്രീമനസിന്റെ ധർമസങ്കടത്തിന്റെ അവസ്ഥാന്തരമായി വായിക്കാം.

### 3.2.4.2 കുഞ്ഞിക്കുട്ടൻ

ദേവിയുടെ ഭർത്താവാണ് കുഞ്ഞിക്കുട്ടൻ. അയാൾ കല്യാണം കഴിഞ്ഞ് നാളുകൾക്കുള്ളിൽ ത്തന്നെ ദേവിയെ ഉപേക്ഷിച്ചു. അവളുടെ കൂടെ താമസിച്ചിരുന്ന നാളുകളിൽപോലും അവളുടെ ആഗ്രഹങ്ങളെ പൂർത്തികരിക്കുവാൻ അയാൾക്കു കഴിഞ്ഞിട്ടില്ല.

### 3.2.4.3 ജാരൻ

നോവലിലെ മറ്റൊരു പ്രധാനകഥാപാത്രം ജാരനാണ്. ദേവിയുടെ ഭർത്താവായ കുഞ്ഞിക്കുട്ടന്റെ പ്രാതിനിധ്യം കൂടി പേറിക്കൊണ്ടാണ് അയാൾ ദേവിയുടെ നാട്ടിലും വീട്ടിലും എത്തുന്നത്. താൻ ജാരനാവാൻ നിയോഗിക്കപ്പെട്ടിരിക്കുന്നു എന്ന ബോധത്തോടെയാണ് അയാളുടെ പ്രവൃത്തികൾ ഓരോന്നും. അതിന്റെ ലക്ഷ്യപ്രാപ്തിക്കുവേണ്ടി അയാൾ കെട്ടിയൊരുക്കുന്ന സത്യങ്ങൾ (നുണകളുമായേക്കാം) എല്ലാം വ്യാജമാണെന്ന് ഒടുവിൽ അയാൾക്ക് സമ്മതിക്കേണ്ടിവരുന്നു. ജാരനെന്ന ദൗത്യത്തിൽ പരാജയപ്പെട്ടാണ് അയാൾ മടങ്ങുന്നത്.

## 3.2.5 അവലോകനം

കഥാപാത്രനിഷ്ഠവും, മന:ശാസ്ത്രനിഷ്ഠവും അപഗ്രഥനാത്മകമായി വായിച്ചെടുക്കാവുന്ന പാണ്ഡവപുരം എന്ന നോവലിന്റെ സാമൂഹ്യ പശ്ചാത്തലത്തെ വിസ്മരിക്കാൻ പറ്റില്ല. ജാരൻ ദേവിയുടെ നാട്ടിൽ വന്നിറങ്ങുന്നതുമുതൽ ഈ സാമൂഹ്യ പശ്ചാത്തലം നോവലിന്റെ അന്തർധാരയായി വർത്തിക്കുന്നു. ഭർത്താവ് ഉപേക്ഷിച്ച വരെ സമൂഹം എങ്ങനെ നോക്കിക്കാണുന്നു എന്നത് ഉണ്ണിമേനോൻ മാഷ്, കരയിലെ ആൺകുട്ടികൾ, കരപ്രമാണിമാർ എന്നിങ്ങനെ ചില കഥാപാത്രങ്ങളെ പരാമർശിച്ച് നോവലിസ്റ്റ് അവതരിപ്പിക്കുന്നത്. ദേശത്തെ സദാചാരം ആകെ കുഴപ്പത്തിലായിരിക്കുകയാണെന്നും അതു സംരക്ഷിക്കേണ്ട ചുമതല തങ്ങൾക്കാണെന്നുമുള്ള ബോധത്തിൽ പ്രവർത്തിക്കുന്ന ഇക്കൂട്ടരെ എവിടെയും കാണാം. ''പെണ്ണുങ്ങൾ തുള്ളിയാൽ ചൂലെടുത്ത് അടിക്കണമെന്നാണ് പ്രമാണം'' - എന്നുള്ള കരപ്രമാണിയുടെ സംഭാഷണമൊക്കെ ഈ സ്ത്രീസ്വാതന്ത്ര്യ പ്രഖ്യാപനത്തിന്റെ പശ്ചാത്തലത്തിൽ വേണം വായിക്കാൻ.''വന്നിരിക്കുന്നു കരക്കാരായ കുറെ വീരന്മാർ തെറ്റ് എപ്പോഴും പെണ്ണിന്റേതു തന്നെ ആണെങ്ങളെല്ലാം വിശുദ്ധന്മാർ''

''മാന്യതപോലും! പകൽ എല്ലാവരും മാന്യൻമാരാണ്. ഇരുട്ട് വീഴുമ്പോഴാണ് മാന്യതയുടെ മറപോകുന്നത്.''

ദേവി എന്ന കഥാപാത്രത്തിൽ നിന്നു പ്രതികരണമായി വരുന്ന ഈ സംഭാഷണങ്ങളുടെ പശ്ചാത്തലത്തിൽ പാണ്ഡവപുരം എന്ന നോവലിനെ മന:ശാസ്ത്രപരമായി മാത്രമല്ല സാമൂഹ്യപരമായും വായിക്കുവാൻ പര്യാപ്തമാകുന്ന ഘടകങ്ങളാണ്. ചുരുക്കത്തിൽ ദേവി എന്ന സ്ത്രീയുടെയും, ജാരസംസർഗത്തിന്റെയും സ്വപ്നാത്മകമായ ഫാന്റസിയിലൂടെ മനഃശാസ്ത്രപരമായ സമസ്യ അവതരിപ്പിക്കുന്ന നോവലായി പാണ്ഡവപുരം മാറുന്നു. ലൈംഗികമായി കടുത്ത അസംതൃപ്തിയുള്ള എല്ലാ സ്ത്രൈണ ചേതനകളും ജാരന്മാരെത്തേടുന്നു എന്നതിലുപരിയായി സ്ത്രീസ്വത്വപ്രഖ്യാപനത്തിന്റെ കഥ കൂടിയായി നോവൽ മാറുന്നു എന്നതാണ് സത്യം.

## Recap

- ആധുനികതയും മലയാള നോവലും
- പാണ്ഡവപുരം പ്രദേശവും ജീവിതവും
- പാണ്ഡവപുരത്തെ തെരുവുകളും സ്ത്രീജീവിതങ്ങളും
- ലിംഗപദവിയും അധികാരവും
- ശ്രീകോവിലിൽ ചുവന്ന ഉടയാടകളണിഞ്ഞ്, നെറുകയിൽ സിന്ദൂരമണിഞ്ഞ് ഭഗവതി ചമ്രം പടിഞ്ഞിരിരുന്നു
- ജാരന്മാരും പാണ്ഡവപുരവും
- നോവൽ - ആഖ്യാനതന്ത്രങ്ങൾ
- മിത്ത് - ദേശവും കാലവും - കഥയും
- കഥാപാത്ര നിരൂപണം
- പഞ്ചപാണ്ഡവന്മാരുടെയും പാഞ്ചാലിയുടെയും ഐതിഹ്യത്തെ അപനിർമിച്ച കഥയുടെ പ്രസക്തി

- പാണ്ഡവപുരത്തെ ദേവിയുടെ കഥ
- പ്രേമത്തിന്റെ അർഥവും മാനുഷിക ബന്ധങ്ങളുടെ ക്ഷണികതയും
- സ്ത്രീയും ആധുനികതയും

## Objective Questions

1. സേതുവിനു വയലാർ അവാർഡ് ലഭിച്ച കൃതി ഏത്?
2. കൈമുദ്രകൾ ആരുടെ നോവലാണ് ?
3. പാണ്ഡവപുരത്തെ കേന്ദ്രകഥാപാത്രം ആരാണ് ?
4. നോവലിൽ പറയുന്ന കൊല്ലന്റെ കഥയുടെ പ്രസക്തി എന്താണ്?
5. പാണ്ഡവപുരത്തെ വധുക്കളെല്ലാം ദേവിയോട് പ്രാർത്ഥിച്ചിരുന്നതെന്താണ്?
6. "തറവാടിത്തത്തിന്റെ യാഥാസ്ഥിതികതയിൽപെട്ടുപോയ അവൾ തന്റെ ആഗ്രഹപൂർത്തിക്കായി മനസിന്റെ ആഗ്രഹം പോലെ ജാരൻമാരെ സങ്കലപിച്ച് യാഥാർഥ്യമാക്കാൻ ശ്രമിക്കുന്നു" ആര് ?
7. ദേവിയുടെ ഭർത്താവ് ആരാണ് ?
8. ആരാണ് ശ്യാമള ?
9. 2012-ലെ ഓടക്കുഴൽ അവാർഡ് നേടിയ സേതുവിന്റെ കൃതി ഏതാണ് ?
10. പാണ്ഡവപുരം എന്ന നോവൽ രചിച്ചത് ആര്?

## Answers

1. അടയാളങ്ങൾ
2. സേതു
3. ദേവി
4. പാണ്ഡവപുരത്ത് ജാരന്മാർ എങ്ങനെയുണ്ടായി എന്ന് പറയുന്നു
5. ജാരന്മാരിൽ നിന്നും ഞങ്ങളെ രക്ഷിക്കൂ
6. ദേവി
7. കുഞ്ഞിക്കൂട്ടൻ
8. ദേവിയുടെ അനുജത്തി
9. മറുപിറവി
10. സേതു

## Assignments

1. പാണ്ഡവപുരം എന്ന നോവലിൽ പരാമർശിച്ചിരിക്കുന്ന പുരാവൃത്തകഥകളുടെ സാംഗത്യം എന്ത്?
2. 'പാണ്ഡവപുരം എന്ന നോവൽ സ്ത്രീസ്വാത്രന്ത്ര്യപ്രഖ്യാപനത്തിന്റെ രചനകൂടിയാണ്. ' വിശദമക്കുക?
3. നോവൽ അവതരിപ്പിക്കുന്ന 'സദാചാര' പ്രവണതകളുടെ സാംഗത്യം പരിശോധിക്കുക
4. ലിംഗപദവിയും അധികാരവും – ഉപന്യാസം തയ്യാറാക്കുക?

## Suggested Reading


1. എസ്. ഗിരീഷ് കുമാർ, , *പോസ്റ്റ് കൊളോണിയൽ സാഹിത്യം ഒരാമുഖം*, ചിന്താ പബ്ലിഷേഴ്സ്, തിരുവനന്തപുരം.
2. ഡോ. ജോർജ് ഇരുമ്പയം, *ആദ്യകാല മലയാളനോവൽ*, സാഹിത്യ പ്രവർത്തകസഹകരണ സംഘം, കോട്ടയം.


## Reference


1. സേതു, *പാണ്ഡവപുരം*, ഡി.സി. ബുക്സ്, കോട്ടയം
2. അഗസ്റ്റിൻ ജോസഫ്, *ആധുനികത മലയാളനോവലിൽ*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
3. ടി.കെ. അനിൽകുമാർ, *മലയാളസാഹിത്യത്തിലെ കീഴാളപരിപ്രേക്ഷ്യം*, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ
4. ആനന്ദ്, *അപഹരിക്കപ്പെട്ട ദൈവങ്ങൾ*, ഡി.സി. ബുക്സ്, കോട്ടയം
5. കെ.എം. ജോർജ്, *ആധുനിക മലയാസാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ*, ഡി. സി. ബുക്സ്, കോട്ടയം

# BLOCK 04

# ആധുനികാനന്തര പരിണാമങ്ങൾ

# യൂണിറ്റ് 1

# ആലാഹയുടെ പെൺമക്കൾ

## സാറാജോസഫ്

## Learning Outcomes

- സാറാജോസഫിന്റെ കൃതികളെ കുറിച്ച് മനസിലാക്കുന്നു
- കോക്കാഞ്ചിറ എന്ന പ്രദേശത്തിന്റെ സാമൂഹ്യാവസ്ഥയെ കുറിച്ച് അറിവുനേടുന്നു
- കീഴാളവിഭാഗത്തിന്റെ അതിജീവനത്തെക്കുറിച്ച് മനസിലാക്കുന്നു.
- യാന്ത്രികയുഗം ഗ്രാമീണ ജീവിതത്തെ സ്വാധീനിക്കുന്നതിനെക്കുറിച്ച് അറിവുനേടുന്നു
- നഗരവല്കരണത്തിന്റെ വിവിധ ഘട്ടങ്ങളെക്കുറിച്ചുള്ള അറിവുനേടുന്നു

## Prerequisite

ജീവിതത്തെ സമഗ്രമായി ആവിഷ്കരിക്കാൻ കഴിയുന്നത് നോവലിലൂടെയാണ് എന്ന് പറയാനുള്ള കാരണം അതിന്റെ വിശാലമായ പരിസരമാണ്. ഓരോ കാലഘട്ടത്തിലും ആഖ്യാനപരമായ പല മാറ്റങ്ങളും ദർശിക്കാനാവുന്നതാണ്. സാഹിത്യത്തിലെ വലിയ പ്രസ്ഥാനമായ ആധുനികതയെ മറികടന്നുവന്ന ഉത്തരാധുനികത സൃഷ്ടിച്ച ലോകം നിരവധിയായ നിർവചനങ്ങളാലും വ്യാഖ്യാനങ്ങളാലും ഇന്നും വികസനത്തിന്റെ പാതയിലാണ്. ആധുനികത സൃഷ്ടിച്ച വിഭ്രാന്തികൾ ഇപ്പോഴും സാഹിത്യലോകത്തുനിന്നും അപ്രത്യക്ഷമായിട്ടില്ല എന്നു കരുതുന്ന നിരൂപകർ ഇന്നും മലയാളത്തിലുണ്ട്. എഴുപതുകളിലും എൺപതുകളുടെ മധ്യകാലത്തും നിറഞ്ഞു നിന്ന രാഷ്ട്രീയ കാല്പനികതയും അതിലൂടെ രൂപപ്പെട്ട ബിംബാധിഷ്ഠിത ഭാഷയും ഇന്നും ഒഴിയാബാധയായി നിൽക്കുന്നു. ഭാഷയുടെ വരേണ്യതയെ ലഹരിയിലൂടെ നിറയുന്ന ബോറൻ പ്രയോഗങ്ങളിലൂടെ വീണ്ടും പ്രതികരിക്കുന്നവർ തിരിച്ചറിയാതെ പോകുന്ന കാര്യം ഉത്തരാധുനികത സൃഷ്ടിച്ച അപരശബ്ദങ്ങളും ഭാഷയിലെ വ്യതിരിക്തകളുമാണ്. ഇന്നും ആധുനികതയ്ക്ക് ലഭിക്കുന്ന ഇടങ്ങൾ തന്നെയാണ് കാലഹരണപ്പെട്ടിട്ടും അവയെ നിലനിർത്തുന്നത്. ഉത്തരാധുനികതയുടെ സൗന്ദര്യസർഗപരിസരം രൂപപ്പെടുത്തിയ ആദിവാസി, ദലിത്, പരിസ്ഥിതി, സ്ത്രീ സമൂഹങ്ങളുടെ ജീവിതാവിഷ്കാരങ്ങളെ കാണാതെ ഇന്ന് ഏതൊരു സാഹിത്യചരിത്രനിർമിതിയും സാധ്യമല്ല എന്നത് യാഥാർഥ്യമാണ്. ആധുനികാനന്തര നോവലുകൾ എന്നും സാമാന്യമായി വിശേഷിപ്പിക്കുന്നത് രണ്ടായിരത്തിനു ശേഷം ഇറങ്ങിയ നോവലുകളെ കുറിച്ചാണ്. ദേശം, കാലം, ഭാഷ എന്നിവയെയെല്ലാം സമൂർത്തമായാണ് ആധുനികാനന്തര നോവലുകൾ സമീപിക്കാറുള്ളത്. ഭാഷയെ പുതുക്കിപ്പണിയുന്നു എന്നതാണ് ഇത്തരം നോവലുകളുടെ പ്രത്യേകത. ഭാവുകത്വപരമായി വിച്ഛേദനം നടത്തുന്നതിനൊപ്പം ആഖ്യാനത്തിലും സൂക്ഷ്മതകൾ നിലനിർത്താൻ ഇത്തരം നോവലുകൾ ശ്രമിക്കുന്നു. വ്യക്തി, കുടുംബചരിത്രം, ലിംഗനീതിയുടെ കാണാകാഴ്ചകൾ, തിരസ്കൃതരുടെ സുവിശേഷങ്ങൾ, ഹരിത മാനവികതയുടെ നവചരിത്രങ്ങൾ, ആഹ്വാനത്തിന്റെ നവലോകങ്ങൾ എന്നിങ്ങനെ വ്യത്യസ്തമായ ആശയങ്ങളെയാണ് ആധുനികാനന്തര നോവലുകൾ പ്രതിനിധാനം ചെയ്യുന്നത്.

കേരളത്തിലെ ഫെമിനിസ്റ്റ് പ്രസ്ഥാനത്തിന്റെ പ്രധാന സംഘാടകയും പ്രവർത്തകയുമായ സാറാജോസഫിന്റെ രചനകളിൽ ആട്ടിയകറ്റപ്പെട്ടവരും സമത്വവും സ്വാതന്ത്ര്യവും നഷ്ടപ്പെട്ട

വരുമായ കീഴ്ജാതിക്കാരോടും സ്ത്രീകളോടും ഉള്ള കാരുണ്യവും അതിന് കാരണക്കാരായ അധീശശക്തികളോടുള്ള ചെറുത്തുനില്പും കാണുവാൻ സാധിക്കും. കേരളത്തിലെ ഫെമിനിസ്റ്റ് പ്രസ്ഥാനത്തിന്റെ മുൻനിരയിൽ സ്ഥാനമുറപ്പിച്ച സാറാജോസഫ്, സ്ത്രീകൾക്കായുള്ള 'മാനുഷി' എന്ന സംഘടനയുടെ സ്ഥാപകയാണ്. പെണ്ണെഴുത്തിന്റെ ശക്തിയും പ്രത്യേകതകളും സാറാജോസഫിന്റെ കൃതികളിൽ പ്രകടമാണ്. സ്ത്രീയുടെ ഭാഷ അടിച്ചമർത്തപ്പെട്ടവരുടെ ഒരു നിഗൂഢഭാഷയാണെന്നായിരുന്നു സാറാജോസഫിന്റെ കാഴ്ചപ്പാട്. പദങ്ങളും ചിഹ്നങ്ങളുമൊക്കെ പുരുഷമേധാവിത്വത്തിന്റേതാണെന്ന കാഴ്ചപ്പാടോടെ വ്യത്യസ്തമായ ഒരു മറു ഭാഷയിൽ രചന നടത്തുകയാണ് സാറാജോസഫിന്റെ പ്രത്യേകത. ഉത്തമ നോവൽ എന്നത് സാമൂഹ്യജീവിതത്തിന്റെ നേർപകർപ്പായിരിക്കും. 'ആലാഹയുടെ പെൺമക്കൾ', നാഗരിക ജീവിതത്തിൽ നിന്നും പുറന്തള്ളപ്പെട്ട ചേരിനിവാസികളുടെ കഥയാണ് പറയുന്നത് എങ്കിലും സമുദായ മധ്യത്തിൽ ഉണ്ടാകുന്ന മാറ്റങ്ങളുടെ ചലനം അവിടെയും പ്രതിഫലിക്കും. ചേരിനിവാസികളുടെ ജീവിത ദുരിതം സാധാരണ കഥാകാരൻമാരുടെ ഭാവനയിൽ നിന്നും വ്യത്യസ്തമായി രാഷ്ട്രീയ സാമൂഹ്യ പശ്ചാത്തലത്തിൽ സാറാജോസഫ് അവതരിപ്പിക്കുകയാണിവിടെ.

## Keywords

സാറാജോസഫ് - ആലാഹയുടെ പെൺമക്കൾ - കഥാസംഗ്രഹം - കഥാപാത്ര നിരൂപണം

## Discussion

### 4.1.1 ആധുനികാനന്തര നോവൽ

ആത്മാവിന്റെ സൂക്ഷ്മമേഖലയിലനുഭവിക്കുന്ന ഉത്കണ്ഠയുടെ ശക്തമായ ആവിഷ്കാരമാണ് സാറാജോസഫിന്റെ രചനകൾ. പീഡിത വർഗമെന്ന നിലയ്ക്ക് സ്ത്രീ പ്രകടമാക്കുന്ന സ്വത്വൈകരൂപത, സ്വയം തിരിച്ചറിയൽ, ആത്മാഭിമാനത്തിലേക്കുള്ള ഉണർവ് എന്നിവയാണ് ആ സ്ത്രീരചനകളെ സാഹിത്യ മേഖലയിലേക്കുയർത്തിയത്. സ്ത്രീയുടെ പ്രശ്നം സാമൂഹ്യപ്രശ്നത്തിന്റെ ഒരുഭാഗമെന്ന നിലയിൽ ചിലപ്പോൾ തീവ്രമായിത്തന്നെ കടന്നുവരുന്നുണ്ട്. സ്ത്രീയുടെ അനുഭവജ്ഞാനവും ഐന്ദ്രികതയും ഈ രചനകളെ സമ്പന്നമാക്കാതിരുന്നില്ല. സ്ത്രീകൾക്കു മാത്രം രചിക്കാനാവുന്നതും വിവിധ രീതികളിൽ സ്വാതന്ത്ര്യബോധം പ്രകടിപ്പിക്കുന്നതുമായ കൃതികളാണ് ഇവർ രചിച്ചത്. പുരുഷനെന്ന ജൈവപ്രതിഭാസത്തോടല്ല സാറാജോസഫിന്റെ കഥകൾ കലഹിക്കുന്നത്. പുരുഷമേധാവിത്വത്തിന്റെ പ്രത്യയശാസ്ത്രത്തോടാണ്. ആസക്തി, ലാഭേച്ഛ, അക്രമം, അധികാരമോഹം ഇവയുടെ ഒരു സംയുക്തമയമായാണ് അവർ പുരുഷപ്രത്യയശാസ്ത്രത്തെ കാണുന്നത്. ശാരീരികമായി സ്ത്രീകളായിരിക്കുന്നവരെയും ഈ പ്രത്യയശാസ്ത്രം ആവേശിക്കാമെന്ന് അവർ കാണുന്നുണ്ട്. സാഹിത്യചരിത്രപരമായി നോക്കിയാൽ മലയാള നോവലിലെ ഉത്തരാധുനിക ഘട്ടത്തിലാണ് സാറാജോസഫിന്റെ കഥകൾ നിലനിൽക്കുന്നത്. ആ രചനകൾക്കകത്തു തന്നെ ആധുനികതയിൽനിന്ന് ഉത്തരാധുനിക ഘട്ടത്തിലേക്കുള്ള പരിണാമം കാണാൻ കഴിയും.

വർത്തമാനകാല ജീവിതത്തിന്റെ നെഞ്ചിടിപ്പുകൾ ആത്മനൊമ്പരത്തോടെ നോക്കിക്കാണുന്ന എഴുത്തുകാരിയാണ് സാറാജോസഫ്. ആട്ടിയകറ്റപ്പെട്ട കീഴ്ജാതിക്കാരോടും സമത്വവും സ്വാതന്ത്ര്യവും നിഷേധിക്കപ്പെട്ട സ്ത്രീകളോടുമാണ് അവർക്ക് കാരുണ്യം. ഇതിനു കാരണക്കാരായ അധീശശക്തിക്കെതിരെയാണ് സാറാജോസഫ് ദിശാബോധമുള്ള സർഗാത്മകരചനകളിലൂടെ കലാപം നടത്തുന്നത്. 2001-ൽ കേരളസാഹിത്യ അക്കാദമി പുരസ്കാരം നേടിയ 'ആലാഹയുടെ

പെൺമക്കൾ' നാഗരികതയുടെ ഗതിവേഗത്തിൽ അമർന്നുപോയ ഒരു ജനതയുടെ സ്ഥലകാല വേരുകളും ഭാഷയും വീണ്ടെടുക്കാൻ ശ്രമിക്കുന്നു.

സ്ത്രീ പക്ഷപാതിയായ കഥാകൃത്താണ് സാറാജോസഫ്. അവർ അധീശവർഗ മൂല്യങ്ങളെ ചോദ്യം ചെയ്യുന്നു. പുരുഷമേധാവിത്വത്തിന്റെ പ്രത്യയശാസ്ത്രവുമായി സാറാജോസഫ് നിരന്തരം കലഹിക്കുന്നു. അടിസ്ഥാനവർഗ മൂല്യങ്ങളിൽ വിശ്വാസമർപ്പിക്കുന്ന അവർ സ്ത്രീയുടെ മൃദുല പ്രേമത്തിനും പുരുഷനോടുള്ള പാരമ്പര്യവിധേയത്വത്തിനും സാക്ഷിയാകാൻ തയ്യാറല്ല. അമ്മ എന്ന് മഹത്വവല്കരിച്ച ശബ്ദത്തിന്റെ ദുർബല സൗന്ദര്യത്തിൽ സ്ത്രീത്വത്തെ തളച്ചിടുന്ന മേധാവിത്വസിദ്ധാന്തവുമായി സാറാജോസഫ് പൊരുത്തപ്പെടുന്നില്ല. വ്യക്തിയുടെ നൊമ്പരങ്ങളും സാമൂഹികാസമത്വങ്ങളും അധീശവർഗത്തിന്റെ സൃഷ്ടികളാണെന്ന് അവർ കരുതുന്നു. പള്ളിയോടും മതമേധാവിത്വത്തോടും മാനവികമായ സംരക്ഷണത്തിനായി അവർ പോരാടുന്നു. ആദിവാസികളോട് സ്നേഹവും അനുകമ്പയും ചൊരിയുന്ന ഈ കഥാകൃത്ത് അവരുടെ അസ്ഥിത്വം പൂർണമായി അംഗീകരിക്കുന്നു.

### സാറാജോസഫ്



1946-ൽ തൃശൂർ ജില്ലയിൽ കുരിയച്ചിറയിൽ ജനിച്ചു. ചേലക്കോട്ടുകര മാർതിമോതിയുസ് ഹൈസ്കൂളിലായിരുന്നു വിദ്യാഭ്യാസം. വിവിധ ഗവൺമെന്റ് കോളേജുകളിൽ അധ്യാപികയായിരുന്നു. കേരളത്തിലെ ഫെമിനിസ്റ്റ് പ്രസ്ഥാനത്തിന്റെ പ്രധാന സംഘാടകയും പ്രവർത്തകയും കേന്ദ്രസാഹിത്യ അക്കാദമി മെമ്പറുമായിരുന്നു. 2001-ലെ കേരള സാഹിത്യ അക്കാദമി അവാർഡ്, 2003-ലെ കേന്ദ്രസാഹിത്യഅക്കാദമി അവാർഡ്, വയലാർ അവാർഡ് (ആലാഹയുടെ പെൺമക്കൾ), ഒ. ചന്തുമേനോൻ അവാർഡ് (മാറ്റാത്തി) മുട്ടത്തുവർക്കി അവാർഡ്, കലൈഞ്ഞർ കരുണാനിധി പുരസ്കാരം, പത്മപ്രഭാപുരസ്കാരം എന്നിവ ലഭിച്ചിട്ടുണ്ട്.

**ആലാഹയുടെ പെൺമക്കൾ**
കേരളസാഹിത്യ അക്കാദമി അവാർഡ് (2001)
കേന്ദ്രസാഹിത്യ അക്കാദമി അവാർഡ് (2003)
വയലാർ അവാർഡ് (2004)
**പാപത്തറ**
മുട്ടത്തുവർക്കി അവാർഡ് (2011)
പദ്മപ്രഭാപുരസ്കാരം (2012)

ആധുനിക കാലത്ത് സാഹിത്യം അധിനിവേശത്തിനെതിരെ, ആഗോളവല്കരണത്തിനു വിമുഖമായി സ്വത്വവും സംസ്കാരവും സംരക്ഷിക്കുന്നതിനുള്ള ഉപകരണമായി മാറിക്കൊണ്ടിരിക്കുന്ന കാഴ്ച ലോകത്തെവിടെയും ദൃശ്യമാണ്. ലാറ്റിനമേരിക്കൻ ആഫ്രിക്കൻ സാഹിത്യത്തിൽ ശക്തമായി ഉയർന്നു വന്ന ഇത്തരമൊരു പ്രവണത മലയാളത്തിലും ശക്തമായിത്തുടങ്ങി. അത് വ്യത്യസ്തമുഖങ്ങൾ പ്രകടിപ്പിക്കുന്നുവെന്ന് മാത്രം. മുകുന്ദന്റെ മയ്യഴിപ്പുഴയുടെ

**കൃതികൾ**

മനസ്സിലെ തീ മാത്രം, കാടിന്റെ സംഗീതം, നന്മ തിന്മകളുടെ വൃക്ഷം, പാപത്തറ, നിലാവ് അറിയുന്നു, ഒടുവിലത്തെ സൂര്യകാന്തി, കാടിതു കണ്ടായോ കാന്താ, ആലാഹയുടെ പെൺമക്കൾ, മാറ്റാത്തി, ആനി, ബുധിനി, ഒതപ്പ്, ഷെൽട്ടർ (നോവലെറ്റ്), ഭഗവദ്ഗീതയുടെ അടുക്കളയിൽ എഴുത്തുകാർ വേവിക്കുന്നത്, നമ്മുടെ അടുക്കള തിരിച്ചുപിടിക്കുക, (ലേഖന സമാഹാരങ്ങൾ) ഭൂമിരാക്ഷസം (നാടകം), പുതുരാമായണം, ഊർകാവൽ, തേജോമയം എന്നിവ.

തീരങ്ങളിൽ, ദൈവത്തിന്റെ വികൃതികൾ എന്നീ നോവലുകളിൽ ഇത്തരമൊരു പ്രവണതകാണാവുന്നതാണ്. മയ്യഴിപ്പുഴ സ്വാതന്ത്ര്യത്തോടൊപ്പം മാഹിക്കാരുടെ സ്വത്വസംരക്ഷണത്തിന്റെ ഇതിഹാസം കൂടി ഉൾക്കൊള്ളുന്നതാണ്. അതുപോലെ തന്നെ ദൈവത്തിന്റെ വികൃതികൾ, അൽഫോൻസച്ചന്റെ വ്യക്തി ജീവിതത്തോടൊപ്പം തന്നെ ആ പ്രദേശത്തിന്റെ തനിമയുടെ നിലനില്പിന്റെ ആവശ്യകത കൂടി ബോധ്യപ്പെടുത്തുന്നു. ഒ.വി.വിജയന്റെ 'ഖസാക്കിന്റെ ഇതിഹാസം' ഖസാക്ക് എന്ന ഗ്രാമത്തിന്റെ തനിമയുടെ കഥ കൂടിയാണ്. നഗരവല്കരണത്തിൽ നിന്നും എല്ലാം കൊണ്ടും വേറിട്ടു നിൽക്കുന്ന ഒരു ജനതയുടെ ഇതിഹാസം രവിയെന്ന കഥാപാത്രത്തിന്റെ വ്യക്തിപരമായ അനുഭവത്തിലൂടെ വിവരിച്ചുകാട്ടുകയാണ് വിജയൻ.

സാറാജോസഫ് എഴുതിയ 'ആലാഹയുടെ പെൺമക്കൾ' എന്ന നോവലിന്റെ ഭൂമിക എന്തെന്ന് പരിശോധിക്കുന്നതിനുള്ള മുന്നോടിയായി ഇതും മനസിലാക്കേണ്ടതാണ്. ഒരു പ്രദേശത്തിന്റെ കഥയാണിത്. കാലക്രമത്തിൽ ആ പ്രദേശത്തുണ്ടാകുന്ന നഗരവല്കരണത്തിന്റെ സാമൂഹ്യവും, സാംസ്കാരികവും, രാഷ്ട്രീയവുമായ കഥ പറയുകയാണ് ഈ നോവലിലൂടെ സാറാ ജോസഫ്. ഒപ്പം കേരളീയ ജീവിതത്തിന്റെ ഒരു പരിപ്രേക്ഷ്യം കൂടി അവതരിപ്പിക്കുന്നു.

### 4.1.2 ആലാഹയുടെ പെൺമക്കൾ

ആനി എന്ന പെൺകുട്ടിയുടെ വീക്ഷണകോണിലൂടെയാണ് ആലാഹയുടെ പെൺമക്കൾ എന്ന നോവൽ രൂപപ്പെടുന്നത്. കഥാപാത്രങ്ങൾക്ക് പ്രധാനം, അപ്രധാനം എന്ന വേർതിരിവില്ലാതെ എല്ലാവരും ഒരു പോലെ പങ്കെടുക്കുന്ന ഒരു സാമൂഹ്യവ്യവസ്ഥയുടെ പ്രതിഫലനം സൃഷ്ടിക്കുന്നു എന്നതാണ് ഇതിന്റെ ഒരു പ്രത്യേകത. അമ്മാമ്മ, അവരുടെ അഞ്ച് പെൺമക്കൾ, കൊച്ചപ്പൻ, കുട്ടിപ്പാപ്പൻ എന്നിങ്ങനെ രണ്ടാൺമക്കൾ, കൊച്ചപ്പന്റെ ഭാര്യയും ആനിയുടെ അമ്മയുമായ കൊച്ചുറേതു, നോനുവിനെ കെട്ടിയ ലാസറച്ചൻ, ചെറിച്ചിയെ കെട്ടിയ ഡേവിഡ്, നാട്ടിൽ പൊതുകാര്യപ്രസക്തനായ കൊച്ചച്ചൻ, പതിനാലു ചട്ടമ്പികൾ, എട്ടു മുറിക്കാരായ കമ്മ്യൂണിസ്റ്റുകാർ, എന്നിങ്ങനെ പോകുന്നു കഥാപാത്രങ്ങൾ. ആലാഹയെന്ന പുണ്യവതിയുടെ നാമത്താൽ ഭൂതപ്രേതപിശാചുക്കളെ ഉച്ചാടനം ചെയ്യുന്ന അമ്മാമ്മ കോക്കാഞ്ചിറക്കാർക്ക് അത്ഭുതമായി. അമ്മാമയാകട്ടെ കോക്കാഞ്ചിറയുടെ ഉത്ഭവകാലം മുതൽ അവിടുത്തെ താമസക്കാരിയാണ്. കോക്കാഞ്ചിറയുടേയും കൊടിച്ചിത്തെരുവിന്റെയും ചരിത്രം മറിയഞ്ചേട്ടത്തിയുടേയും ഫ്രാൻസിയുടേയും വിവരണങ്ങളിലൂടെ ഒരു ഫാന്റസിയുടെ രൂപത്തിലാണ് അവതരിപ്പിക്കുന്നത്.

'അങ്ങനെ വളർന്ന അമരവള്ളിയാണ്. സങ്കടങ്ങൾക്കുമേൽ അതുപടർന്നപ്പോൾ അതിൻമേൽ പൂക്കാലം. വെള്ളയും വയലറ്റും നിറമുള്ള പൂക്കൾ. കറുത്ത ഈച്ചകൾ, നീല വണ്ടുകൾ, പച്ചനിറമുള്ള കാറ്റ്. ഈ അമരവള്ളിയിലൂടെ ഞാൻ പിടിച്ചുകയറും?' എന്നുള്ള നോവലിന്റെ ആരംഭം കോക്കാഞ്ചിറയുടെ രൂപാന്തരത്തെക്കുറിച്ചുള്ള സ്വപ്നമാണ്. ബൈബിളിലെ മുന്തിരിവള്ളിയെ കുറിച്ചുള്ള പരാമർശം അനുസ്മരിപ്പിക്കുന്നതാണ് ആലാഹയിലെ അമരവള്ളിയുടെ സാന്നിധ്യം. ഒരു കാലത്ത് ആർക്കും വേണ്ടാത്തതും അനാഥശവങ്ങളെ വലിച്ചെറിയുന്നതുമായ ഒരുപ്രദേശമായിരുന്നു തൃശൂർ നഗരത്തിനടുത്തുള്ള ചതുപ്പായ കോക്കാഞ്ചിറ. ''ചത്തപട്ടികളും മനുഷ്യരും ഒന്നിച്ചു പുണർന്നു കിടന്ന് അഴുകിപ്പോകുന്ന നിലം'' അവിടെ ആദ്യമായ് താമസത്തിനു വന്നത് തോട്ടികളാണ്. തൃശൂർ നഗരം വൃത്തിയാക്കുന്നവർ, ഈ വൃത്തികെട്ട സ്ഥലത്ത് അവർ ഒരു സമൂഹം കെട്ടിപ്പെടുത്തു തുടങ്ങി. അതിനിടയ്ക്ക് ഇറച്ചി വെട്ടുകാരുടെ കുടുംബം അവിടെ പാർപ്പിനായി വന്നു. ആദ്യമൊക്കെ തോട്ടികൾക്ക് ഇറച്ചി വെട്ടുകാരോട് എതിർപ്പായിരുന്നുവെങ്കിലും പിന്നീട് മീൻകച്ചവടക്കാർ, ബ്രോക്കർമാർ, ചെറിയ കള്ളൻമാർ, ചാരായവാറ്റുക്കാർ, വേശ്യകൾ ഇതുകൂടാതെ നഗരം പുറം തള്ളിയവരുടെ കൂട്ടത്തിൽ അമ്മാമയുടെ കുടുംബവുമെത്തി.

കോക്കാഞ്ചിറയിലെ ആൾക്കാരേയും കുട്ടികളെയുമൊന്നും പുറംലോകക്കാർക്ക് ഇഷ്ടമല്ലായിരുന്നു. നാഗരികർക്ക് കോക്കാഞ്ചിറക്കാരോടുള്ള സമീപനം എപ്രകാരമുള്ളതായിരുന്നുവെന്ന് സ്കൂൾ അധ്യാപകരുടെ പെരുമാറ്റത്തിലെ ഒരു

സന്ദർഭത്തെ എടുത്തുകാട്ടിക്കൊണ്ട് നോവലിസ്റ്റ് വിശദീകരിച്ചു കാണിക്കുന്നുണ്ട്. കോക്കാഞ്ചിറയിൽ നിന്നു വന്ന കുട്ടികളെ തൊടാൻ തൃശൂരിൽ നിന്നു വരുന്ന ടീച്ചർമാർക്ക് അറപ്പാണ്. എന്തിന്, കോക്കാഞ്ചിറയിൽ നിന്നുള്ള കൊച്ചന്ന ടീച്ചർപോലും അവരെ കോക്കാൻമാരെ കോക്കാത്തികളെ എന്നു വിളിച്ച് ആക്ഷേപിക്കുന്നു. നോവലിസ്റ്റ് അവരെക്കുറിച്ച് പറയുന്നതിങ്ങനെയാണ് ''അവരുടെ കുട്ടികൾ പല്ലു തേയ്ക്കാറില്ല. വിരലുകൾക്കിടയിൽ ചൊറിയും മഞ്ഞച്ചലം വിങ്ങിനിൽക്കുന്ന പൊളങ്ങളും കൊണ്ടു നടക്കും. നഖങ്ങൾക്കിടയിൽ കറുത്ത ചളിയുണ്ടാകും. മുടിയിൽ പേനുണ്ടാകും. ചെവി പഴുത്ത് ഓക്കാനമുണ്ടാക്കും. ടീച്ചർമാർ അവരെ അടുപ്പിക്കില്ല അവരുടെ സ്ലേറ്റിൽ കേട്ടെഴുത്തിന്റെ ശരിയും തെറ്റും അടയാളപ്പെടുത്തില്ല. ചൂരലിന്റെ അറ്റം കൊണ്ടേ അവരെ തൊടൂ. അവർ ഒരു വർഗമാണ്. ഇത് കോക്കാഞ്ചിറക്കാരോട് അധിനിവേശ ജനതക്കുള്ള സമീപനത്തെയാണ് കാണിക്കുന്നത്. ഈ സമീപനത്തെ എതിർത്തു നിലനിൽക്കുവാനുള്ള അതിജീവനയത്നുമായിട്ടാണ് നോവലിസ്റ്റ് നോവലിനെ കാണുന്നത്. ആലാഹയോടുള്ള നമസ്ക്കാരം ഒരു പക്ഷേ ഇത്തരം ഒരു അതിജീവനമന്ത്രമായിരിക്കാം. ബൈബിൾ വിശ്വാസമനുസരിച്ച് ആലാഹയ്ക്ക് ഒരു നമസ്ക്കാരമില്ല. നോവലിൽ ആനിയുടെ അമ്മയും അമ്മാമയും ഇതിനെ ചൊല്ലി എപ്പോഴും ഏറ്റുമുട്ടലിന്റെ പാതയിലാണ്. വിശ്വാസപ്രകാരമുള്ള ഈശ്വരനിൽ വിശ്വാസമില്ലാത്തതു കൊണ്ടായിരിക്കാം അമ്മാമ ചാഴിയുടേയും ഭൂത, പ്രേത, പിശാചുക്കളുടേയും ഉപദ്രവത്തിൽ നിന്ന് രക്ഷ നേടാൻ ആലാഹയെ അഭയം പ്രാപിക്കുന്നത്. ആലാഹയെന്ന വാക്കിന് ഒരു അർത്ഥമെടുത്താൽ ഏകദേശം അത് യഹോവ എന്നായിത്തീരും. യഹോവ പുരുഷമേധാവിത്വത്തിന്റെ പ്രതീകമായിത്തീരുന്നു. അപ്പോൾ നോവലിസ്റ്റ് അതിനൊരു സ്ത്രൈണത വരുത്തി ആലാഹയെന്ന് രൂപഭേദം വരുത്തിയതാണ്. ഫെമിനിസ്റ്റുകളെ സംബന്ധിച്ച് പൈതൃകത്തേക്കാൾ മാതൃകത്തിനാണല്ലോ പ്രാധാന്യം.

സമൂഹത്തിലെ പല കുടുംബങ്ങളിലായി ഉണ്ടാകുന്ന നിരവധി ജീവിത സാഹചര്യപ്രശ്നങ്ങളേയും ഒരു വീട്ടിലെ ഒരമ്മയുടെ മക്കളിലൂടെ അവതരിപ്പിക്കുകയാണ് സാറാജോസഫ്. തികച്ചും കീഴാള വർഗത്തിന്റെ ഇതിഹാസമായി അവതരിപ്പിക്കുന്നുവെന്ന് ഒരു സവിശേഷത മാത്രം. മൂത്തമകൾ കുഞ്ഞിലയെ രോഗിയായ ഒരു സമ്പന്നന് കെട്ടിച്ചു കൊടുത്തു. ദിവസങ്ങൾക്കു ശേഷം അവൾ വിധവയായി മാറി. സ്വന്തം വീട്ടിലേക്കു തിരിച്ചു വന്ന കുഞ്ഞില ഇപ്പോൾ നാട്ടിലെ വയറ്റാട്ടിയാണ്. ഇടയ്ക്കുവെച്ചുള്ള അപ്പക്കച്ചവടം ചട്ടമ്പിമാരുടെ ശല്യം കൊണ്ട് നിർത്തേണ്ടി വന്നു. അവളും കുഞ്ചൻ കമ്പോണ്ടറുമായി ഉണ്ടെന്നു പറയുന്ന അവിഹിത ബന്ധത്തിന്റെ ഫലമായി കുഞ്ചൻ കമ്പോണ്ടർ ആത്മഹത്യ ചെയ്തു. രണ്ടാമത്തെമകൾ നോനുവിനെ വിവാഹം കഴിച്ചത് ലാസറാണ്. ലാസറിന്റെ മർദ്ദനം സഹിക്കാനാകാതെ ഒടുവിൽ നോനു അടുത്തുള്ള ഒരു കൊല്ലച്ചെറുക്കനുമായി ഒളിച്ചോടി. മൂന്നാമത്തെ മകൾ ചെറിച്ചിയെ കെട്ടിയത് ഒരു സുറിയാനിക്കാരനായ പാതിരിയാണ്. അവർ വലുതായി ഈ വീട്ടിൽ വരാറില്ല. അടുത്തത് ചീയമ്മയാണ്. പള്ളിയുടെ വകയായി നടത്തിയ സമൂഹവിവാഹത്തിൽ അവൾക്കും ഭർത്താവായി. ഇളയവൾ ചിന്നമ്മ കാമുകനിൽ നിന്നും അവിഹിത ഗർഭം ധരിക്കുന്നതായി പറയുന്നു. ഇതാണ് പെൺമക്കളുടെ കഥ.

ആലാഹയുടെ പെൺമക്കളിൽ സർവവ്യാപിയായി നിൽക്കുന്ന കഥാപാത്രം അമ്മാമയാണ്. അമ്മാമയുടെ അതിജീവനമന്ത്രത്തിന്റെ ഉപാസനാ മൂർത്തിയെയാണല്ലോ നോവലിന്റെ പേരിനുപോലും വിഷയമാക്കിയിട്ടുള്ളത്. തൃശ്ശൂർ തേക്കിൻകാട് ഉൾപ്പെടെയുള്ള പ്രദേശം ഒരു നഗരമായി മാറിക്കൊണ്ടിരിക്കുമ്പോൾ നഗരവാസികളുടെ ഉച്ഛിഷ്ടങ്ങൾ കൊണ്ടുപോകുന്നതിന് എത്തിയ തോട്ടികൾ കോക്കാഞ്ചിറയിലേക്ക് വാസക്കാരായി എത്തിത്തുടങ്ങി. അങ്ങനെയാണ് മറിയഞ്ചേട്ടത്തിയും കൊടിച്ചിത്തെരുവിലെത്തിയത്. പട്ടണം വികസിപ്പിക്കുന്നതിന്റെ ഭാഗമായി പട്ടാളം റോഡുനിവാസികളെയൊക്കെ ഒഴിപ്പിച്ചപ്പോൾ ഭർത്താവിന്റെ അനുവാദം കാക്കാതെ മറിയഞ്ചേട്ടത്തി ഒരു കർക്കടകമാസത്തിലെ പെരുമഴയിലും ഇടിമിന്നലിലും ''തീട്ടം കോര്യൾടെ എടേയ്ക്ക്'' അവരിലൊ

രാൾടെ ചായ്പിൽ നാലുറാത്തൽ കപ്പയുമായി ധീരമായിത്തന്നെ കുടിയേറി. അഭയം കൊടുത്ത തോട്ടി കുടുംബത്തിനു കൂടി അന്നു കപ്പവേ വിച്ചെടുത്തത് തീയണയാത്ത ഒരു വൃദ്ധയുടെ ചിതയിൽ നിന്ന് അമ്മാമ തന്നെ വലിച്ചെടുത്ത വിറകുകൊള്ളികൾ കൊണ്ടായിരുന്നു ''വെശ്പ്പിനേക്കാളും വല്യേ പിശാശ്ണ്ടോ?'' എന്ന ചോദ്യത്തിൽ അമ്മാമ തന്റെ ഭീകരപ്രവൃത്തിയുടെ ന്യായീകരണം തേടി. അപ്പോൾ അമ്മാമ ഗർഭിണിയായിരുന്നു.പ്രാഞ്ചിയെന്ന ആനിയുടെ കുട്ടിപ്പാപ്പനെ. അതിനുശേഷം ''ദൈവം തമ്പ്രാൻ കൊണ്ടോയ മൂന്നെണ്ണടക്കം അഞ്ചെണ്ണത്തിനെ പിന്നിം പെറ്റിട്ടു'' - ഇതാണ് മറിയഞ്ചേട്ടത്തിയുടെ മക്കൾ പുരാണം.

ചൂഷണത്തിനു വിധേയരാകുന്ന പുറമ്പോക്കു സമൂഹത്തിന്റെ രക്ഷകയായിരിക്കാം നോവലിസ്റ്റ് ഒരു പക്ഷേ അമ്മാമയെ ആദ്യന്തം മനസിൽ കണ്ടിട്ടുള്ളത്. അവസാനത്തെ പ്രളയത്തിൽ, തലമുറകളിലൂടെ താൻ കൊണ്ടുവന്നതെല്ലാം തകർന്നടിയുമ്പോൾ, പിടിച്ചുനിൽക്കാൻ തുടങ്ങിയതെന്നാണോ അന്നു മുതൽ തനിക്ക് രക്ഷ നൽകിയിരുന്ന ആലാഹയുടെ നമസ്കാരത്തെ അവസാന ശക്തിയായ് കണ്ടു കൊണ്ട് അതിജീവനത്തിന്റെ പുതിയതന്ത്രം ആവിഷ്കരിക്കുകയാണ് നോവലിസ്റ്റ്. ഇതിലെ ആലാഹയുടെ നമസ്ക്കാരത്തിന് നിരൂപകർ തങ്ങളുടേതായ സ്വകാര്യ വ്യാഖ്യാനങ്ങൾ നൽകിയിട്ടുണ്ട്. ഈ മന്ത്രത്തെ രക്ഷയുടെ മന്ത്രമായി, നിലനില്പിന്റെ മന്ത്രമായി ഒക്കെ അവർ കണ്ടു. ഒന്നാലോചിച്ചാൽ ആലാഹയുടെ ബലം ഇതിലെല്ലാമുപരിയായ് പ്രതിഷേധത്തിന്റെ മന്ത്രമായിക്കണ്ടാൽ മതി. കാരണം ആനിയുടെ അമ്മയായ കൊച്ചുറോതുവും മറിയഞ്ചേട്ടത്തിയുമായി സ്നേഹപരമായല്ലെങ്കിലും ആശയപരമായി ഒരിക്കലും ഒന്നിച്ചു പോകുന്നില്ല. കത്തോലിക്കാമതത്തിൽ നിൽക്കുമ്പോഴും സുറിയാനിയിൽ ചേർന്നപ്പോഴും മറിയഞ്ചേട്ടത്തി ആലാഹയുടെ മന്ത്രം കൈവിടുന്നില്ലെന്നത് ഇതിനു തെളിവാണ്. കത്തോലിക്കാ മതവിശ്വാസിയായിരിക്കുമ്പോഴും പുറമ്പോക്കു സമൂഹത്തിൽ യാതൊരു രക്ഷയും കിട്ടുന്നില്ല എന്ന് അറിഞ്ഞതിന്റെ സ്വയം രക്ഷപ്പെടൽ തന്നെയാണ്, അധിനിവേശത്തിന്റെയും നാഗരികതയുടേയും ചാഴികളെ തുരത്തിയോടിക്കുവാനുള്ള ഈ മന്ത്രം. കത്തോലിക്കാ വിശ്വാസം കളഞ്ഞ് സുറിയാനിയിൽ ചേർന്നത് കൊച്ചുറോതുവിന്റെ പക്ഷത്തിൽ ഡേവിഡ് ശെമ്മാശ്ശന്റെ അനുജൻ പൗലൂസിനെകൊണ്ട് തന്റെ ഇളയമകളെ കെട്ടിക്കുക എന്ന ലക്ഷ്യം വെച്ചുകൊണ്ടാണ്. അപ്പോൾ ഈ മതം മാറ്റവും ഒരു തരം രക്ഷപ്പെടൽ തന്നെ. സുറിയാനിയിൽ ചേർന്നപ്പോഴും പക്ഷേ മറിയഞ്ചേട്ടത്തിക്ക് ഉദ്ദേശിച്ച സന്തോഷമോ പ്രയോജനമോ കിട്ടിയില്ല. ശെമ്മാശ്ശന്റെ വീട്ടിലെ ചെറിച്ചിയുടെ ജീവിതം സമ്പന്നതയിലെ അതിദു.ഖം നിറഞ്ഞതാണെന്ന് അവർ മനസിലാക്കി. തന്റെ വീട്ടിലെത്തിയ മകളും ഭർത്താവായ ഡേവിഡ് ശെമ്മാശ്ശനും മക്കളും പോലും തങ്ങളെ അന്യവല്കരിക്കുകയോ പുറമ്പോക്കു സമൂഹമായി കാണുകയോ ചെയ്യുന്നുവെന്ന് മറിയഞ്ചേട്ടത്തിക്ക് ഉറപ്പായി. ഡേവിഡ് ശെമ്മാശ്ശനും മക്കളും അരിയുണ്ട തിന്നാത്തതിനു കാരണം അവരുടെ വീട്ടിൽ എന്നും അരിയുണ്ട ഉണ്ടാക്കുന്നതു കൊണ്ടാണെന്ന് ആനിയോട് അമ്മാമയ്ക്ക് പറയേണ്ടിവന്നു. ഒടുവിൽ മകളും മരുമകനും അവരുടെ മക്കളും അവിടെ നിന്ന് ഒരു നേരത്തെ ആഹാരം പോലും കഴിക്കാതെ യാത്ര പറഞ്ഞു. ഈ സമയത്ത് ''അമ്മാമ കൂടുതൽ സങ്കടത്തോടെ എന്നാൽ ഒച്ചയില്ലാതെ കരഞ്ഞു. കൂടുതൽ മുറുകെ ആ കുട്ടികളെ കെട്ടിപ്പിടിച്ചു. കൂടുതൽ അസ്വസ്ഥതയോടെ ആ കുട്ടികൾ ഞെളിപിരികൊണ്ടു.'' അങ്ങനെ കൊച്ചന്നം ഉൾപ്പെടെയുള്ള ടീച്ചർമാർക്കു മാത്രമല്ല സ്വന്തക്കാരിൽ നിന്നു പോലും അന്യവല്കരണമുണ്ടായതായി, അവർകൂടി നഗരവല്കരിക്കപ്പെട്ടതായി മറിയഞ്ചേട്ടത്തിക്കു മനസിലായി. ഈ സ്വകാര്യ ദു:ഖങ്ങളിൽ നിന്നുള്ള ഒളിച്ചോടൽ കൂടിയാണ് ആലാഹയുടെ നമസ്ക്കാരം. ഒപ്പം, രക്ഷിക്കേണ്ട മതവിശ്വാസങ്ങൾ ആശ്വാസത്തിനെത്താത്തപ്പോൾ ഇല്ലാത്തൊരു വിശ്വാസത്തെ സ്വന്തം മതവിശ്വാസമായി കണ്ടുകൊണ്ടുള്ള പലായനത്വവും. മറിയഞ്ചേട്ടത്തിയെ സഹനശക്തിയുടേയും കർത്തവ്യ നൈരന്തര്യത്തിന്റെയും പ്രതിനിധിയായിട്ടു കൂടി നോവലിസ്റ്റ് കണ്ടിട്ടുണ്ടായിരിക്കണം. ചില സന്ദർഭങ്ങളിൽ വൈക്കം മുഹമ്മദ് ബഷീറിന്റെ പാത്തുമ്മയുടെ ആടിലെ ഉമ്മയെ അനുസ്മരിപ്പിക്കുന്നുണ്ട്. മറിയഞ്ചേട്ടത്തപ്രായത്തിലും തളരാത്ത ഉന്മേഷത്തിന്റെയും കർത്തവ്യനിർ

വഹണത്തിന്റേയും സ്വഭാവം വെച്ചുനോക്കുമ്പോൾ. അന്യവല്കരിക്കപ്പെടുന്ന കേരളീയതയുടേയും, അരക്ഷിതമായ ഗ്രാമീണതയുടെയും അടിച്ചമർത്തലിന്റെയും കഥയാണ്. 'ആലാഹയുടെ പെൺമക്കൾ.' ആദ്യം സൂചിപ്പിച്ച രണ്ടു സ്വഭാവത്തിന്റെ പ്രതിനിധിയോ ബലിയാടോ ആയിട്ടാണ് മറിയമ്മച്ചേട്ടത്തിയെ നമുക്ക് കാണാനാവുന്നത്, പട്ടാളം റോഡിൽ നിന്ന് കോക്കാഞ്ചിറയിലേക്കും ഒടുവിൽ ആദ്യത്തെ പ്രളയം പോലെ മറ്റൊരു പ്രളയത്തിൽ അനന്ത വിസ്മൃതിയിലേക്കു മറയുന്ന മുത്തശ്ശിയാണ് അവർ. ഒരു പക്ഷേ കേരളസമൂഹത്തിനു നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന മുത്തശ്ശിമാരുടെ പരമ്പരയിലെ അവസാനത്തെ കണ്ണിയുമാകാം. ഈ നോവൽ പാരായണം ചെയ്യുമ്പോൾ നമുക്ക് മനസിലാകുന്ന പ്രധാന വസ്തുതയാണിത്. തന്റെ പിൻതലമുറകളെ സംരക്ഷിക്കുന്ന ഒരു വാർധക്യമാണവർ. കുട്ടിയായ ആനി എപ്പോഴും ആശ്വാസം കണ്ടെത്തുന്നത് അവളുടെ അമ്മയിലല്ല മുത്തശ്ശിയുടെ മാറിടത്തിലാണ്. ഇത് പല സന്ദർഭങ്ങളിൽ നോവലിസ്റ്റ് (പ്രത്യേകം) പറയുന്നുണ്ട്. നമ്മുടെ പഴയ തലമുറയുടെ പരിചയമുള്ള കഥപറഞ്ഞു തരുന്ന ഒരു മുത്തശ്ശിയുടെ സത്യസന്ധമായ ഒരു പുനരവതാരണമാണ് കോക്കാഞ്ചിറയിലെ മറിയമ്മച്ചേട്ടത്തി.

കേരളീയ സമൂഹത്തിൽ നഗരവല്കരണത്തിന്റെ അധിനിവേശം എത്രത്തോളം എത്തിച്ചേരാമെന്ന് പതിനൊന്ന് പന്ത്രണ്ട് അധ്യായങ്ങളിലായി സാറാജോസഫ് പച്ചയായിത്തന്നെ വിവരിക്കുന്നു. എട്ടുമുറിക്കാർ കുടിയൊഴിപ്പിക്കപ്പെടുന്നതും കോക്കാഞ്ചിറ എന്ന കൊടിച്ചിത്തെരുവ് സമ്പന്നതയുടെ അധിനിവേശത്തിന് വഴിമാറുന്നതും യുക്തിസഹമായിത്തന്നെയാണ് ദൃശ്യവല്കരിക്കുന്നത്. റൊട്ടിവാങ്ങിക്കുവാൻ പോയ ആനിയെ കോക്കാഞ്ചിറയിലെ പുതിയ പട്ടി ഭയപ്പെടുത്തി. അവളെ രക്ഷിക്കുവാൻ ആരുമെത്തിയില്ല. നോവലിസ്റ്റു തുടരുന്നു. ''എട്ടുമുറിയും നാലു മുറിയും ഇരുന്നിടത്ത് പൊക്കത്തിൽ മതിലുകെട്ടിയ വലിയ വീടുകളാണ്. ആറുമുറി ഇടിച്ചുനിരത്തി മതിലുകെട്ടിയിരിക്കുകയാണ്. വലിയവീടുകളുടെ ഇരുമ്പു പടികൾ എപ്പോഴും അടച്ചിരിക്കും. വഴിയിൽ ഒരു കുട്ടിയെ പട്ടികടിച്ചാലൊന്നും അതിന്റെ ഒച്ച ആ വീടുകളുടെ അകത്തേക്കു കയറില്ല.'' മുമ്പായിരുന്നുവെങ്കിൽ എട്ടുമുറിക്കാരായ കമ്മ്യൂണിസ്റ്റുകാർ ഉള്ളിടത്തോളം കോക്കാഞ്ചിറയിൽ ആരേയും പട്ടി ഉപദ്രവിക്കാറില്ലത്രേ. അന്നത്തെ പട്ടികളും പാവങ്ങളായിരുന്നു. ''പട്ടിത്തമ്പുരാൻമാർ'' എന്നാണ് ഈ അധ്യായത്തിനു നോവലിസ്റ്റു പേർ കൊടുത്തിരിക്കുന്നത്. ഇവിടെ ഒരു മറുപക്ഷം ആലോചിച്ചു നോക്കുന്നതിൽ തെറ്റില്ല. പ്രതിരോധത്തേയും പ്രതികരണത്തേയും പുറത്താക്കി മതിലുകെട്ടി അതിനുള്ളിലെ കാവൽ നായ്ക്കളെ പോലും 'Pet dog! കളാക്കി മാറ്റി തങ്ങളുടെ ലോകത്തിലേക്കു മാത്രം ഒതുങ്ങിക്കൂടുന്ന പുതിയ സമ്പന്നതയെ ആയിരിക്കാം നോവലിസ്റ്റ് ഉപഹസിക്കുന്നത്. കമ്മ്യൂണിസം പ്രതിരോധത്തിന്റെയും പ്രതികരണത്തിന്റെയും ചുവന്ന മാർഗങ്ങളായിരുന്നല്ലോ. മുമ്പായിരുന്നുവെങ്കിൽ എട്ടുമുറിക്കാർ ''പട്ടിയെ പിടിച്ചു നിർത്തി ഞായം പറയിക്കും'' എന്നിവിടെ നോവലിസ്റ്റ് സൂചിപ്പിക്കുന്നുണ്ട്. ഇത് ഒരു തരത്തിൽ സമൂഹത്തിലെ പ്രശ്നങ്ങളോട് പോസിറ്റീവ് ആയി പ്രതികരിക്കുന്ന കമ്മ്യൂണിസ്റ്റ് ആശയത്തെ പ്രതിനിധീകരിക്കുന്നതാണ്. ആ പ്രതിരോധത്തിന്റെ എട്ടു മുറിയാണ് ഇടിച്ചുനിരത്തി സ്വകാര്യതയുടെ കൂറ്റൻ മതിലുകളായി ഇന്ന് രൂപാന്തരപ്പെട്ടത്.

''കോക്കാഞ്ചിറക്കാർക്കിപ്പോൾ സ്വന്തം അങ്ങാടിയിൽകൂടി നടക്കാൻ പാടില്ലാത്തതു പോലെയാണ്. കൂറ്റൻ പട്ടികൾ അവരെ നോക്കി കുരയ്ക്കും തരം കിട്ടിയാൽ ചാടി വീഴും. കോക്കാഞ്ചിറക്കാരെ അവറ്റയ്ക്ക് പുച്ഛമാണ്.'' ഇങ്ങനെ സ്വന്തം സ്ഥലത്ത് ഗ്രാമീണത തീർത്തും അവഗണിക്കപ്പെട്ടു കഴിഞ്ഞു. ഇത് ഇന്നത്തെ കേരളീയതയുടെ പരിച്ഛേദമാണ്. ഇതിനെതിരെയുള്ള പ്രതികരണം ഇന്നത്തെ നമ്മുടെ സമൂഹത്തിലെ ദുർബലതയുടെ പ്രതീകം തന്നെയാണ് 'Dutch Courage' എന്നു പറയുന്ന ധൈര്യമാണ് കേരളീയർക്ക് ഇന്നുള്ളത്. ' ടാ പട്ടിമയിരേ, ദയിര്യങ്ങള്യ വന്ന് കടിച്ച് നോക്കറാ'' എന്ന് മദ്യത്തിന്റെ ലഹരിയിൽ ചീത്തവിളിക്കുവാനും പോലീസിന്റെ ഇടിയേറ്റ് പഞ്ഞിപ്പരുവമാകുവാനുമാണ് പാവങ്ങളുടെ വിധി. ഒടുവിൽ മര്യാദകേട് നിയമമായതു പോലെയാണ് ഇവിടേയും സംഭവിച്ചത്.

''മ്മള് ഈ പപ്പ്ളിക്ക് റോട്ടീക്കോടെ പോയാ പട്ടിത്രമ്പാൻ കൊരയ്ക്ക്യോ ആവോ!'' എന്ന് പട്ടിയെ വരെ തമ്പുരാനായി കാണുന്ന അടിമത്ത ത്തിലേക്ക് നാഗരികതയ്ക്ക് അവർ സമാധാനം കണ്ടെത്തി. മറ്റൊരിടത്ത് ഈ വിപര്യയത്തിന്റെ സൂചനയുണ്ട്. തൃശൂരിന്റെ ഇപ്പോഴത്തെ പൊതു സ്വഭാവം പ്രകടമാക്കുന്ന വിവരണമാണ് അവി ടെയുള്ളത്. തൃശൂർ നഗരത്തിൽ ചെന്നാൽ ഏറ്റവും കൂടുതൽ കാണാവുന്ന ബോർഡ് കു റിക്കമ്പനികളുടെ പരസ്യമാണ്. അത് ''പുതിയ നഗര'' മായ കോക്കാഞ്ചിറയിലുമെത്തി. അവിടെ നിശബ്ദത പാലിക്കുക എന്ന ബോർഡിന്റെ മുൻ പിൽ ആദ്യമായ് കോക്കാഞ്ചിറക്കാർ അനുസര ണയുള്ള കുട്ടികളെ പോലെ നിന്നു. ഒരിക്കലും നിശബ്ദത പാലിക്കാത്തവരാണവർ. ''പക്ഷേ, കോക്കഞ്ചിറക്കാർക്ക് നിശബ്ദത പാലിക്കേണ്ടി വന്നു. അതിശയകരമായ ഒരു മാറ്റമായിരുന്നു അത്. കോക്കാഞ്ചിറയുടെ ലക്ഷണം തന്നെ അതിന്റെ തുറന്നു വിട്ട ഒച്ചയായിരുന്നു. ആരും തടയാനില്ലാതെ കോക്കാഞ്ചിറ മുഴുവനും ചില പ്പോൾ കോക്കാഞ്ചിറയുടെ അതിരുകൾ വിട്ടും അത് സഞ്ചരിച്ചു. പള്ളിയിൽ മാത്രമാണ് അവർ നിശബ്ദരായി ഇരുന്നത്. കുറിസ്ഥലങ്ങളും ഏക ദേശം പള്ളിപോലെയാണെന്ന് കുറിക്കമ്പനി ക്കാർ പറഞ്ഞു. കുറിക്കമ്പനികളിൽ പോകാതി രിക്കാനും കോക്കാഞ്ചിറക്കാർക്ക് കഴിഞ്ഞില്ല. പണ്ടം പണയം വെയ്ക്കാനും, പണം പലിശയ്ക്ക് കിട്ടാനും, കുറിവിളിച്ചെടുക്കാനും അവിടെയ ല്ലാതെ എവിടെ പോകും?'' മനുഷ്യനെ സംബ ന്ധിച്ച് നിശബ്ദതയും അച്ചടക്കവും നല്ലതാണ്. പക്ഷേ ഇത് നിശബ്ദതയല്ല കീഴടങ്ങലാണ്. നഗര വല്കരണത്തിന്റെ മുൻപിലുള്ള ദൈന്യതയാണ്.

മതസ്ഥാപനങ്ങളുടെ മറ്റൊരു മുഖവും നോ വലിസ്റ്റ് വിശദീകരിക്കുണ്ട് (പുറം 125) കോക്കാ ഞ്ചിറയിൽ പള്ളിയും കുറിനടത്തുന്നുണ്ട്. സാ ധുക്കൾക്ക് അതിൽ നിന്ന് വായ്പയെടുക്കാം. പലിശകൊടുക്കണമെന്നു മാത്രം. കൃത്യമായി തി രിച്ചടച്ചില്ലെങ്കിൽ സാധുജനങ്ങളുടെമേൽ പള്ളി കേസുകൊടുക്കും. ഈ കാര്യത്തിൽ നിന്നും നഗരവല്കരണത്തിന്റെ ഭാഗമായി മതസ്ഥാപന ങ്ങൾക്ക് പാവപ്പെട്ടവരോടുള്ള സമീപനം എന്താ യിരുന്നുവെന്ന് ഉപഹാസരൂപത്തിൽ പറഞ്ഞു പോകുകയാണ് സാറാജോസഫ്. റോഡ് വിക സനം പുറംമ്പോക്കുസമൂഹത്തെ എങ്ങനെ സൃ ഷ്ടിക്കുന്നുവെന്ന് നോവലിൽ പരാമർശമുണ്ട്. കോക്കാഞ്ചിറയിൽ നടക്കാൻ സ്ഥലമില്ലെന്നാണ് വിവരിക്കുന്നത് (പുറം 131). ''കോക്കാഞ്ചിറയിൽ എവിടെ നടക്കാനാണ്? ചൗരിയുടെ പറമ്പ് തല ങ്ങും വിലങ്ങും വഴികളാക്കി കീറിമുറിച്ചു കൊടു ത്തു. ഇടുങ്ങിയ ആ വഴികളിലൂടെയല്ലാതെ ഇനി ചൗരിയുടെ പറമ്പിലൂടെ നടക്കാൻ പറ്റില്ല. ചൗ രിയുടെ പറമ്പിന്റെ അറ്റത്ത് മധുരിക്കുന്ന വെള്ള മുള്ള കിണർ ഇനി കോക്കാഞ്ചിറക്കാർക്ക് കാ ണാൻ പറ്റില്ല.''

യാന്ത്രികയുഗം ഗ്രാമീണതയെ വിഴുങ്ങുന്ന തിന്റെ ഭീകരതയാണ് ഇവിടെ നിഴലിക്കുന്നത്. നഗരവല്കരണവും സാമ്പത്തികമായ ഉച്ചനീ ചത്വങ്ങളും കടന്നുപിടിക്കാത്ത മേഖലകളില്ല എന്നോർമ്മിപ്പിക്കാനായിരിക്കും കന്യാസ്ത്രീമഠ ത്തിന്റേയും ഇംഗ്ലീഷ് മീഡിയം സ്കൂളിന്റേയും കാര്യം നോവലിസ്റ്റ് അവതരിപ്പിക്കുന്നത്. കോ ക്കാഞ്ചിറയിലെ കോന്നിമേസ്തിരിയുടെ പറമ്പാ ണ് കന്യാസ്ത്രീ മഠം കെട്ടുവാൻ വാങ്ങിച്ചത്. അവർ ആദ്യം ചെയ്തത് അവിടുത്തെ വേലി പൊളിച്ചുമാറ്റി ആർക്കും എത്താത്തവിധത്തിൽ മതിൽ കെട്ടുകയായിരുന്നു. സാധാരണക്കാരിൽ നിന്ന് ദൈവത്തിന്റെ മക്കളുടെ പലായനാത്മ കതയാണ് ഇവിടെ സൂചിതം. അവർ കെട്ടിയു യർത്തിയ കെട്ടിടത്തിനു മീതെ പഴയ വളഞ്ഞ ആകാശമില്ല. നിർത്താതെ വീശക്കൊണ്ടിരുന്ന കാറ്റില്ല. കുപ്പിച്ചില്ലുകൾ കൊണ്ട് നിറഞ്ഞ മതി ലുകൾ മാത്രം. ഇതൊക്കെ മേൽപ്പറഞ്ഞതിന്റെ വിശദീകരണത്തിനായി നൽകുന്നത് കുട്ടികൾ ഇംഗ്ലീഷാണ് സംസാരിക്കുന്നത്. നഗരവല്കരണ ത്തിന്റെ സാംസ്കാരികമായ അധഃപതനത്തെയാ ണ് നോവലിസ്റ്റ് ഇതിലൂടെ ചിത്രീകരിക്കുന്നത്. ഇത്തരം കുട്ടികളുടെ അപ്പന്റേയും അമ്മയുടേ യും മുന്നിൽ കന്യാസ്ത്രീകൾ താണുവണങ്ങി യാണ് നിൽക്കുന്നതെന്നു പറയുമ്പോൾ ദൈ വത്തെ വണങ്ങേണ്ടവർ പുതിയ സമ്പന്ന ആൾ ദൈവങ്ങളുടെ മുന്നിൽ മുട്ടുമടക്കുന്നതല്ലേ കാ ണാവുന്നത്.

### 4.1.3 ആലാഹയിലെ ഭാഷ

ആശയം ആവിഷ്കരിക്കുന്നത് ഭാഷയെന്ന മാധ്യമത്തിലൂടെയാണല്ലോ. അപ്പോൾ ഒരു നോ

വലിനെ സംബന്ധിച്ച് കഥയോടൊപ്പം തന്നെ പ്രാധാന്യമർഹിക്കുന്ന ഘടകമാണ് ഭാഷ. ആധുനിക നിരൂപണവും ഭാഷാശാസ്ത്രവും കൃതികളുടെ പാഠത്തിലും ധ്വനിപാഠത്തിലും ഭാഷയെയാണ് സർവപ്രധാനമായി ഗണിക്കുന്നത്. ആധുനിക കൃതികളിൽ പ്രമേയവും ഭാഷയും വേർതിരിക്കാനാകാത്ത വിധം ചേർന്നിരിക്കുന്നു. മലയാളത്തിൽ അത്യപൂർവം എന്ന് വിശേഷിപ്പിക്കാവുന്ന മാന്ത്രികശക്തിയുള്ള ഭാഷയും സ്വരവും കാഴ്ചകളും നവീനമായൊരു ഇന്ദ്രിയാനുഭൂതി നൽകുന്നു എന്ന് പ്രസാധകർ തന്നെ ആലാഹയിലെ ഭാഷയെക്കുറിച്ച് സാക്ഷ്യപത്രം നൽകുന്നു. ''ആലാഹയിലെ ഡയലക്ടിനു ശക്തിയുണ്ട്. പക്ഷേ പാരായണ സുഖമില്ല. സാധാരണ വായനക്കാരന് ഈ നോവലിന്റെ പാരായണം കുറച്ചു ശ്രമകരമായിരിക്കും. ഒ.വി. വിജയൻ ഖസാക്കിൽ നടത്തിയ ഭാഷാപരമായ പരീക്ഷണത്തിന്റെ ഫലസിദ്ധി അതിൽ തന്നെ സമ്പൂർണമാണ്. ചരിത്രത്തിന്റെ ദശാസന്ധികളിൽ പ്രവാചകൻമാർ പ്രത്യക്ഷപ്പെടുന്നതു പോലുള്ള പ്രവാചകസാന്നിധ്യവും അല്പമായ ധ്വന്യാത്മകതയും ഖസാക്കിനു അത്യപൂർവമായി ആവർത്തിക്കാനിടയുള്ള സാഹിത്യപ്രതിഭാസമാണ്'' എന്ന് പി. പി. ശ്രീകുമാർ പുസ്തക നിരൂപണത്തിൽ അഭിപ്രായപ്പെട്ടിട്ടുള്ളത് ശരിയാണെന്നു തോന്നുന്നില്ല. ഡയലക്ടിന്റെ ശക്തി ഭാഷയ്ക്കില്ല എന്ന് ഒ.വി. വിജയന്റെ ഭാഷയെക്കുറിച്ച് സാറാ ജോസഫ് പറഞ്ഞ പരിഭവം പുസ്തകാഭിപ്രായക്കാരൻ ഉദ്ധരിക്കുകയും ചെയ്യുന്നുണ്ട്. ഒ.വി. വിജയന്റെ ഭാഷയുടെ ശക്തിയും സൗന്ദര്യവുമല്ല നമ്മുടെ ചർച്ചാവിഷയം. നമുക്ക് ആലാഹയിലേക്കു തിരിക്കാം. തൃശൂർ നഗരം സൃഷ്ടിക്കപ്പെട്ടപ്പോൾ അന്യവല്കരിക്കപ്പെട്ട ചുറ്റുപാടുകളുടെ യഥാർത്ഥ ഡയലക്ട് തന്നെയാണ് ആലാഹയിലുള്ളത്. അതിനോട് പരമാവധി സത്യസന്ധത പുലർത്തുവാൻ എഴുത്തുകാരിക്കു കഴിഞ്ഞു എന്നതാണ് സത്യം. തികച്ചും നഗരത്തിൽ നിന്ന് അന്യവല്കരിക്കപ്പെട്ടവരുടെ ഭാഷ തന്നെയാണ് ആലാഹയിൽ ഉപയോഗിച്ചുട്ടുള്ളത്. പി. ശ്രീകുമാർ ഭാഷയെക്കുറിച്ച് കുറ്റം പറഞ്ഞിട്ട് ലേഖനത്തിന്റെ അവസാനത്തിൽ ആ ഭാഷ കൊണ്ടു ആ നോവൽ മികച്ചു നിൽക്കുന്നു എന്നു പറയുമ്പോൾ അഭിപ്രായത്തിന്റെ വിരോധാഭാസമാണ് പ്രകടമാകുന്നത്.

ആലാഹയുടെ മരണത്തെക്കുറിച്ച് ''ഒക്കെ ആ ചെക്ത്താൻ തള്ളേരെ ഡാവ്ണ്!'' എന്ന് കൊച്ചുറോതു പറയുമ്പോൾ തികച്ചും ഡയലക്ട് തന്നെയാണ് ഉപയോഗിക്കുന്നത്. പ്രതിപാത്രംഭാഷണഭേദം എന്നു പറയുന്നതുപോലെ കഥാപാത്രങ്ങളുടെ സംസ്കാരത്തിനും സ്വഭാവത്തിനും അനുയോജ്യമായ സംഭാഷണം തന്നെയാണ് നോവലിസ്റ്റ് ചേർത്തിരിക്കുന്നത്. സ്ത്രീകഥാപാത്രങ്ങൾ ദേശ്യഭേദത്തിൽ ആശയവിനിമയം നടത്തുമ്പോൾ കുട്ടിപ്പാപ്പൻ, കൊച്ചച്ചൻ എന്നിവർ അവരവരുടെ അറിവിന്റേയും സംസ്കാരത്തിന്റേയും മേഖലയിലേയ്ക്ക് വഴിമാറിയ ഭാഷണം തന്നെ സ്വീകരിക്കുന്നു. ഇന്ദുലേഖ തുടങ്ങി ഇങ്ങോട്ടുള്ള മലയാളത്തിലെ ശ്രദ്ധേയമായ നോവലുകളെല്ലാം തുടക്കം കൊണ്ടു തന്നെ അനുവാചകന്റെ ശ്രദ്ധ പിടിച്ചുപറ്റുന്നതാണ്. ''അങ്ങനെ വളർന്ന അമരവള്ളിയാണ് സങ്കടങ്ങൾക്കുമേൽ അതുപടർന്നു. ഇപ്പോൾ അതിന്മേൽ പൂക്കാലം. വെള്ളയും വയലറ്റും നിറമുള്ള പൂക്കൾ. കറുത്ത ഈച്ചകൾ നീലവണ്ടുകൾ. പച്ചനിറമുള്ള കാറ്റ് ഈ അമരവള്ളിയിലൂടെ ഞാൻ പിടിച്ചു കയറും.'' ഭാഷയുടെ മാന്ത്രികസ്പർശവും സൗന്ദര്യബോധവും എത്രത്തോളം ഹൃദയസ്പർശിയാണെന്നു പറയുക വയ്യ. ഈ നോവലെഴുതിന്റെ ഭാഷാപരമായ പശ്ചാത്തലത്തെക്കുറിച്ച്, ഭാഷാപോഷിണിയിലെ സ്ത്രീയും എഴുത്തും എന്ന അഭിമുഖത്തിൽ നോവലിസ്റ്റു തന്നെ അഭിപ്രായം പറയുന്നുണ്ട്.

''കല്യാണവീടുകളിൽ ചെല്ലുമ്പോൾ പഴയ മുത്തശ്ശിമാർ സംസാരിക്കുമ്പോൾ ചിലപ്പോഴൊക്കെ ടേപ്പു വച്ചിട്ടു തന്നെ സംസാരം പിടിച്ചെടുക്കും. പിന്നെ എന്റെ തന്നെ ബന്ധുമിത്രാദികൾ കൂടുമ്പോൾ അവരുടെ സംഭാഷണത്തിൽ നിന്നു വീണുകിട്ടുന്ന ഈ പ്രദേശത്തെ ഭാഷയും പ്രയോഗങ്ങളും അങ്ങനെ കുറച്ചു ദിവസത്തെ പരിചയത്തിൽ നിന്നും രചനയ്ക്കുള്ള ഭാഷ എനിക്കു തുറന്നു കിട്ടുകയായിരുന്നു.'' ഈ രീതിയെ അവലംബിച്ചാണ് തന്റെ സ്ത്രീകഥാപാത്രങ്ങൾക്ക് സംഭാഷണവും സ്വഭാവവും കൊടുക്കാൻ നോവലിസ്റ്റ് പരമാവധി ശ്രമിച്ചിട്ടുള്ളത്. യഥാർഥവികാരത്തെ ആവിഷ്കരിക്കേണ്ടിവ

രുമ്പോൾ അവരുടെ ഭാഷ ശക്തമായി മാറും. തന്റെ കുടിയേറ്റത്തെ കുറിച്ച് മറിയമ്ഷേട്ടത്തി പറയുന്ന സംഭാഷണം അത്രത്തോളം ആത്മാവിഷ്കാരപരമാണ്. ''അന്നത്തെ ദയിര്ണ് ക്ടാവേ ദയിര്യം! നാഴിം ചെരട്ടിം പോലുള്ള കിടാങ്ങൾ വെശന്നാ കരയ്മ്പോ കിട്ടണ ദയിര്യണത്.'' ഈ ഭാഷ എത്രത്തോളം ശക്തമാണെന്നു പറയേണ്ട തില്ലല്ലോ. ''മങ്ങല്യത്തിന്റെ ഭംഗി'' എന്ന് ഏഴാം അധ്യായത്തിനു പേരുകൊടുക്കുമ്പോൾ നോവലിസ്റ്റിന്റെ മാനസികാവസ്ഥ നമുക്ക് ഊഹിക്കാവുന്നതേ ഉള്ളു. സമൂഹവിവാഹത്തിന്റെ സർവ കാപട്യങ്ങളും ഈയൊരൊറ്റ ഭാഷാപ്രയോഗം കൊണ്ടുതന്നെ നമുക്ക് വെളിവാകും.

നോവലിസ്റ്റ് നേരിട്ടു നടത്തുന്ന വിവരണങ്ങളിൽ മലയാള ഭാഷയുടെ ശക്തിയും സൗന്ദര്യവും എത്രത്തോളമുണ്ടായിരുന്നുവെന്ന് ആർക്കാണ് മനസിലാകാത്തത്. നോവലിന്റെ അവസാന അധ്യായത്തിൽ ധാരമുറിയാതെ താഴേക്കു പതിക്കുന്ന മഴയെക്കുറിച്ച് വിവരിക്കുന്നത്. ' വിരലുവണ്ണത്തിൽ പെയ്യുന്ന മഴയുടെ ഊറ്റവും മാലാഖയുടേതാണ്. മാലാഖയുടെ ചൂരൽ വടികളാണത് പെണ്ണുങ്ങളുടെ മേലു കൂടിയ ചെകുത്താന്മാരെ മാലാഖ അടിച്ചോടിക്കുകയാണ്.'' എന്നാണ് ഇവിടെ ഭാഷ മറ്റൊരു ഭാവതലത്തിലേക്കു കടക്കുന്നു. നോവലിന്റെ ഒടുവിൽ അമ്മാമ ആനിയുടെ ചെവിയിൽ ആലാഹയുടെ മന്ത്രം ചൊല്ലിക്കൊടുക്കുന്നു. ഇവിടെ നോവലിസ്റ്റിന്റെ അത്യുജ്ജലമായ ബൈബിൾ ഭാഷാ സ്വാധീനം കാണാം. പരിണാമഗുപ്തി എന്നു പറയുന്ന യാഥാസ്ഥിതികമായ കഥാതന്ത്രം ഒരു പക്ഷേ ഇവിടെ വളരെ പ്രയോജനകരമായിത്തീർന്നിരിക്കുന്നു. വായനക്കാർ ആദ്യം മുതൽ തന്നെ അറിയാനാഗ്രഹിച്ച ഒരു കാര്യമാണ് ആലാഹയുടെ നമസ്ക്കാരം. അതെന്തായിരുന്നു എന്ന് ആനിയുടെ ചെവിയിൽ അമ്മാമ വിശദീകരിക്കുന്നതിന്റെ ഭാഷ വായനക്കാരന്റെ പ്രതീക്ഷയെ തെറ്റിക്കുന്ന 'തായിരുന്നില്ല. പ്രാന്തവല്കരിക്കപ്പെടുന്ന ഒരു ജനതയുടെ ഡയലക്ടും നോവലിസ്റ്റു തന്നെ സ്വയം വ്യാഖ്യാനത്തിനെടുക്കുന്ന മറ്റൊരു മനോഹരഭാഷയും ചേർന്ന് ആലാഹയുടെ പ്രമേയത്തെ ഉന്നതമായ നിലയിലെത്തിക്കുന്നു. അവരുടെ ഭാഷയിലെ അശ്ലീല ചുവകൾ പോലും ഒരു ജനസമുദായത്തിന്റെ വൈകാരിക പ്രകടനത്തിന്റെ ഭാഗമായിരുന്നു.

ആലാഹയുടെ പെൺമക്കൾ എസ്. കെ. പൊറ്റക്കാടിന്റെ ഒരു ദേശത്തിന്റെ കഥ പോലെയും ഒ.വി.വിജയന്റെ ഖസാക്കിന്റെ ഇതിഹാസം പോലെയും സമാനതയുള്ള വ്യാഖ്യാനങ്ങൾക്ക് വഴങ്ങിക്കൊണ്ടിരിക്കുന്നു. ആനി എന്ന കൊച്ചു പെൺകുട്ടിയുടെ വീക്ഷണ കോണിലൂടെയും മറിയമ്ഷേട്ടത്തിയെന്ന മുത്തശ്ശിയിലൂടെയും അനാവരണം ചെയ്യപ്പെടുന്നൊരു സത്യത്തിന്റെ യഥാർഥ ചിത്രമാണ് ആലാഹയുടെ പെൺമക്കൾ. പ്രസ്ഥാനക്കാരുടെ ഭാഷയിൽ ഇതിനെ റിയലിസ്റ്റിക്ക് എന്നോ ഫെമിനിസ്റ്റിക്ക് എന്നോ വ്യാഖ്യാനിക്കാം. കാരണം നഗരവല്കരണത്തിന്റെ ക്രൂരതകൾ ഏറ്റുവാങ്ങിക്കപ്പെട്ടവരുടെ ജീവതാവിഷ്കരണം എന്ന നിലയിൽ നോവൽ റിയലിസ്റ്റിക്കാണ്. ഒരു ഗ്രാമീണ ജനതതിയുടെ നിഷ്കളങ്കവും സത്യസന്ധവും വാസ്തവവുമായ ഭാഷ ഉപയോഗിച്ചതിലൂടെ സർറിയലിസ്റ്റിക്കായി ഈ നോവൽ മാറുന്നു കഥാപാത്രങ്ങളുടെ പ്രാധാന്യവും ഈ സ്ത്രീകഥാപാത്രങ്ങളുടെ ജീവിതത്തിലൂടെ സാമൂഹ്യപ്രശ്നങ്ങളെ അവതരിപ്പിക്കുന്നതും, ചർച്ചചെയ്യുന്നതും നോക്കുമ്പോൾ പെണ്ണെഴുത്തിന്റെ ശക്തമായ പ്രാതിനിധ്യം നോവലിനുണ്ടെന്നും കാണാം.

സാറാജോസഫ് പെണ്ണെഴുത്തിന്റെ വക്താവെന്നതിലുപരി സാമൂഹ്യപരിഷ്കരണത്തിന്റെ യത്നിക്കുന്ന ശക്തമായ ഒരു വക്താവ് കൂടിയാണ്. സ്ത്രീത്വത്തിനു വേണ്ടി മാത്രമല്ല സാമൂഹികവും, രാഷ്ട്രീയവും ബൗദ്ധികവുമായ ഏത് അടിച്ചമർത്തലിനു നേരെയും അവർ പ്രതികരിക്കാറുണ്ട്. അപ്പോൾ ഈ സാമൂഹ്യ അവബോധത്തിൽ നിന്നുവേണം പെണ്ണെഴുത്തിലൂടെ ഈ നോവലിനെ വായിച്ചെടുക്കാൻ. കഥാപാത്രങ്ങളിൽ ഭൂരിപക്ഷവും സ്ത്രീകളായതുകൊണ്ടുമാത്രം ഒരു കൃതി പെണ്ണെഴുത്താകണമെന്നില്ല. അതിലെ സംഭവങ്ങളുടെ ആവിഷ്ക്കരണരീതിയും സമീപനത്തിന്റെ സ്വഭാവവുമാണ് അത് ഏതെഴുത്താണെന്ന് തീരുമാനിക്കുന്നത്. ഈ അർഥത്തിൽ നോക്കുമ്പോൾ ആലാഹയുടെ പെൺമക്കൾ ഫെമിനിസത്തിന്റെ വിജയവൈജയന്തി മാത്രമല്ല ദളിത് നോവൽ കൂടിയാണെന്നു മന

സിലാക്കാം.

ദലിത് സാഹിത്യം എന്നതുകൊണ്ട് നമ്മുടെ ഇടയിൽ ഒരു ധാരണയുണ്ട്. ''തൊട്ടുകൂടാത്തവർ ദൃഷ്ടിയിൽപ്പെട്ടാലോ ദോഷമുള്ളോർ' എന്നു കരുതി സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും ഒരു കാലത്ത് ആട്ടിയകറ്റപ്പെട്ട താഴ്ന്ന സമുദായത്തിൽപ്പെട്ടവരുടെ സാഹിത്യമാണെന്ന്. അപ്പോൾ പിന്നെ സിറിയൻ മതപശ്ചാത്തലമുള്ള മറിയഞ്ചേട്ടത്തിയുടേയും കുടുംബത്തിന്റേയും പശ്ചാത്തലം എങ്ങനെ ദലിത് ആയിമാറും എന്ന ചിന്തവരാം. ജാതിപരമായ ഉച്ചനീചത്വത്തിലുപരിയായി അടിച്ചമർത്തപ്പെടുന്നവനും, അവഗണിക്കപ്പെടുന്നവനും അന്യവല്കരിക്കപ്പെടുന്നവനും എന്ന അർഥത്തിലാണ് ദലിത് എന്ന് പ്രയോഗിച്ചത്. തൃശ്ശൂർ നഗരമായപ്പോൾ കോക്കാഞ്ചിറയിലേക്ക് ആട്ടിയോടിക്കപ്പെട്ടവർ തോട്ടികൾ, ഇറച്ചിവെട്ടുകാർ, മീൻകച്ചവടക്കാർ, തരകുകാർ, ദല്ലാളൻമാർ, ചെറിയ ചെറിയ കള്ളൻമാർ, ചാരായം വാറ്റുക്കാർ, ശരീരം വിൽക്കുന്നവർ ഒക്കെയായിരുന്നു. ഇവരൊക്കെയും യഥാർഥ ദലിതർ തന്നെ. പക്ഷേ കോക്കാഞ്ചിറയിലേക്ക് ആട്ടിയോടിക്കപ്പെട്ടവർ തോട്ടികൾ, ഇറച്ചിവെട്ടുകാർ, മീൻകച്ചവടക്കാർ, തരകുകാർ, ദല്ലാളന്മാർ, ചെറിയ ചെറിയ കള്ളന്മാർ, ചാരായം വാറ്റുക്കാർ, ശരീരം വിൽക്കുന്നവർ ഒക്കെയായിരുന്നു. ഇവരൊക്കെയും യഥാർഥ ദലിതർ തന്നെ. പക്ഷേ കോക്കാഞ്ചിറയും നഗരവല്കരിക്കപ്പെടുന്നു. അവിടെ നിന്നും അവർ ആട്ടിയോടിക്കപ്പെടുകയാണ്. ഇതാണ് അവസാനത്തെ പ്രളയം കൊണ്ട് നോവലിസ്റ്റ് ഉദ്ദേശിച്ചത്. പക്ഷേ ഒരു വ്യത്യാസമുണ്ട്. ഈ നോവലിലെ ദലിതരെ സംബന്ധിച്ചിടത്തോളം തിരിച്ച് അതിലേക്കുള്ള പ്രതിഷേധമാണ്. ഉയിർപ്പില്ല, നേരിട്ടുള്ള പ്രതികരണമില്ല. എല്ലാം സഹിക്കുകയാണ്. ആകെ രക്ഷ ആലാഹയുടെ മന്ത്രം മാത്രം. അതോടെ തീർന്നു, കോക്കാഞ്ചിറക്കാരുൾപ്പെടുന്ന നമ്മുടെ സമൂഹത്തിലെ അന്യവല്കരിക്കപ്പെടുന്നവരുടെ തിരിച്ചെതിർപ്പ്, ഈ രീതിയിൽ പരിശോധിക്കുമ്പോൾ നോവലിൽ നോവലിസ്റ്റിനു നൽകുവാൻ സന്ദേശമില്ല, പറയുവാൻ കാര്യങ്ങളേയുള്ളു. ചുരുക്കത്തിൽ ആലാഹയുടെ പെൺമക്കൾ നഗരവല്കരണത്തിന്റെ ബലിയാടുകളുടെ ഒരു പരിച്ഛേദമാണ്. അതുകൊണ്ട് ഇത് പാരിസ്ഥിതിക നോവലായി കൂടി വായിക്കാം. സത്യസന്ധതയുടെ ആവിഷ്കാരമാണ് വൈകാരിക ഭാഷയുടെ അനുഭൂതിയാണ് ഈ നോവൽ.

### 4.1.4 കഥാസംഗ്രഹം

ആലാഹയുടെ പെൺമക്കൾ സാറാജോസഫിന്റെ രചനകളിൽ വ്യത്യസ്തമായ കാഴ്ചപ്പാടുള്ള ഒരു കൃതിയാണ്. തൃശ്ശൂർ നഗരത്തിലെ തേക്കിൻകാട്മൈതാനം തേക്കിൻകാടായിക്കിടക്കുന്ന കാലത്തു നടന്ന സംഭവങ്ങൾ പകർത്തുകയാണ് ഇവിടെ. നഗരത്തിലെ ശവങ്ങളും മലവും അഴുക്കും അടിഞ്ഞുകൂടിയ ചേരിപ്രദേശത്തിലെ ദുരിതമെണ്ണുന്നവരുടെ കഥയാണ് പറയുന്നത്. തമ്മിൽ ഇണങ്ങിയും പിണങ്ങിയും കഴിയുന്ന സുറിയാനിക്കാരും റോമാക്കാരുമായ പരിഷ്കൃത ലോകം വെറുക്കുന്ന ഒരു ജനസമുദായമാണിവിടെ പാർക്കുന്നത്. വാറ്റുകാരും വേശ്യകളും തോട്ടികളും അറവുകാരും ഗുണ്ടകളും അതിൽപ്പെടും. ആലാഹയുടെ പ്രാർഥന സ്വായത്തമാക്കിയ ഒരമ്മയും നാലഞ്ചു പെൺമക്കളും ചേർന്ന ഒരു കുടുംബത്തിന്റെ കഥയാണ് നോവലിന്റെ കേന്ദ്രബിന്ദു.എട്ടുവയസുള്ള ഒരു പെൺകുട്ടിയുടെ ഭാവനയിലൂടെ കോക്കാഞ്ചിറയിലെ ജീവിതം അനാവരണം ചെയ്യുകയാണിവിടെ സമൂഹത്തിൽ നിന്നും ജീവിതത്തിൽ നിന്നും പുറന്തള്ളപ്പെട്ട ചേരിനിവാസികളുടെ അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ സ്വാതന്ത്ര്യലബ്ധി, കോൺഗ്രസിന്റെ തളർച്ച, കമ്മ്യൂണിസ്റ്റുകളുടെ വളർച്ച, വിമോചന സമരം, അമരാവതി കുടിയിറക്ക്, പള്ളിമേധാവികളുടെ കൊള്ളരുതായ്മകൾ തുടങ്ങി അമ്പതു വർഷത്തിനുള്ളിലെ രാഷ്ട്രീയ മാറ്റങ്ങൾ പരാമർശിക്കുകയാണിവിടെ.

നഗരത്തിലെ മാലിന്യങ്ങളെല്ലാം അടിഞ്ഞുകൂടിയ ചേരിയിൽ കുടിയേറിയ ഒരു കുടുംബത്തിന്റെ യാതനയുടെ കഥയാണിവിടെ പറയുന്നത്. പത്തു പെറ്റിട്ടും ഏഴുമക്കളെയും കൊണ്ട് കഴിയുന്ന ഒരു അമ്മാമയാണ് കേന്ദ്രബിന്ദു. അമ്മാമയ്ക്ക് ആലാഹയുടെ നമസ്കാരം പാരമ്പര്യസിദ്ധമാണ്. അച്ചൻമാർക്കും മറ്റും അറിയാത്ത ഈ പ്രാർഥന അവർക്ക് ലഭിച്ച പാരമ്പര്യ സിദ്ധിയായി കരുതുന്നു. മൂന്നു പെൺമക്കൾ കല്യാണപ്രായം തികഞ്ഞു നിൽപ്പുണ്ട്. രണ്ടെണ്ണം കല്യാണം കഴിഞ്ഞ് വീട്ടിൽ നിൽപ്പുണ്ട്. മൂത്തമകൻ

നാടുവിട്ടുപോയി. രണ്ടാമത്തവൻ ദീനക്കിടയി ലാണ്. വഴിമുട്ടി നിൽക്കുന്ന ജീവിതം ഉന്തിയും തള്ളിയും നീങ്ങുന്നു. മൂത്തമകൾ കുഞ്ഞിലയെ രോഗം മൂലം പൗരുഷം നഷ്ടപ്പെട്ട കുന്നംകുള ത്തുകാരന്റെ കൂടെ കെട്ടിച്ചയച്ചു. ഏഴാം നാൾ അയാൾ മരിച്ചു. ദാമ്പത്യസുഖം എന്തെന്നറിയാ തെ അവൾ മടങ്ങി വന്നു.വീട്ടുകാർക്ക് ഭാരമാകാ തെ അവൾ വെള്ളയപ്പം ചുട്ട് കവറിലാക്കി ജീവി ച്ചു. അമ്മാമ്മയുടെ ഒടുവിലത്തെ പ്രസവത്തിന് ആളില്ലാതായപ്പോൾ വെള്ളയപ്പകച്ചവടം നിന്നു. പ്രസവിക്കാത്ത അവൾ അമ്മയുടെ പേറെടു ത്തു. ഈ സമയത്ത് ചെയ്യേണ്ടതെന്തൊക്കെയാ ണെന്ന് അമ്മ ഉപദേശിച്ചു കൈപുണ്യം കൊണ്ട് അവൾ അത് പഠിച്ചു. കോക്കാഞ്ചിറയിലെ പെ ണ്ണുങ്ങൾക്ക് പേറ്റുനോവു തുടങ്ങുമ്പോൾ വയറ്റാ ട്ടിയെ തേടിവരും. അങ്ങനെ കുഞ്ഞില നാട്ടിലെ വയറ്റാട്ടിയായി. കുഞ്ചൻ കമ്പോണ്ടർ ഈ ജോ ലിയിൽ അവൾക്കൊരു സഹപ്രവർത്തകനായി. എന്നാൽ കുഞ്ഞിലയും കമ്പോണ്ടറും തമ്മിൽ രഹസ്യബന്ധമുണ്ടെന്ന അപവാദം പരന്നു. ഒരു നാൾ അയാൾ ആത്മഹത്യ ചെയ്തു. അതോടെ വല്യമ്മായി എന്ന കുഞ്ഞില നൈരാശ്യം പൂണ്ട് കിടപ്പിലായി.

സുന്ദരിയായ ചെറിച്ചിയെ സുറിയാനിക്കാര നായ ചെമ്മാച്ചൻ കെട്ടിക്കൊണ്ടു പോയി. ചെറി ച്ചി കൂടി സുറിയാനി ആകണമെന്നേ ചെമ്മാ ച്ചന് നിർബന്ധം ഉണ്ടായിരുന്നുള്ളു മേലാകെ പൊന്നണിഞ്ഞാണ് അവൾ കല്യാണത്തിന് ഒരു ങ്ങിയത്. മൂത്തവർ നിന്നപ്പോൾ ഇളയവളെ കെ ട്ടിച്ചതിൽ അമ്മാമ്മയ്ക്ക് ഖേദമുണ്ടായിരുന്നു. അതുകൊണ്ട് ഒരു നന്മ വരുമെന്ന് വിചാരിച്ചു. നോനുവിനെ കൊച്ചുറോതിയുടെ സഹോദരൻ കെട്ടി. കൊച്ചുറോതിയെ ഭർത്താവുപേക്ഷിച്ചതി ന് അയാൾ നോനുവിനെ പീഡിപ്പിച്ചു. ലോക സുന്ദരിമാർ എന്നു ഭാവിച്ചിരുന്ന രണ്ട് ഇളയ പെൺകുട്ടികളും ബട്ടൻസ് കമ്പനിയിൽ ജോലി ക്കു പോകുമായിരുന്നു. ആ കമ്പനി നിലച്ചപ്പോൾ വീട്ടിലിരുന്ന് ലേയ്സ് തച്ചു തുടങ്ങി. പള്ളിക്കാർ സമൂഹവിവാഹം ആഘോഷിച്ചതിൽ പങ്കുചേ രാൻ ചിയ്യമ്മ സമ്മതം മൂളി. ചിയ്യമ്മയ്ക്ക് ആ കല്യാണം ഇഷ്ടമില്ലായിരുന്നു. ഒന്നും കൊടുക്കാ തെ കല്യാണം നടത്താമെന്ന് പള്ളിക്കാർ വിളം ബരം ചെയ്തു. ഒടുവിൽ ചെറുക്കൻ വീട്ടുകാർ പത്തുപവനും രണ്ടായിരം രൂപയും സ്ത്രീധനം ചോദിച്ചു. സ്ത്രീധനം കൊടുക്കാൻ കഴിയാത്ത തുകൊണ്ട് കല്യാണം കഴിഞ്ഞിട്ടും പെണ്ണ് വീ ട്ടിൽ നിന്നു.

ചിയ്യമ്മ കോക്കാഞ്ചിറയിലെ സാധാരണ പെൺപിള്ളാരെ പോലെ പിഴച്ചതായിരുന്നു. അവൾ ഗർഭമലസിപ്പിച്ചു വീട്ടിൽ തന്നെ അടി ഞ്ഞു. അവളുടെ വിവാഹസ്വപ്നം പൊലിഞ്ഞു. നോനു അയൽപക്കത്തെ ആശാരി ചെക്കന്റെ കൂടെ ഒളിച്ചോടി. മൂത്തമകന്റെ മകളായിരുന്ന ആനി വീട്ടിലെല്ലാരുടെയും ലാളന ഏറ്റുവാങ്ങി വളർന്നു. അപ്പനെ കണ്ട ഓർമ്മ പോലും അവൾ ക്കില്ല. എന്നെങ്കിലുമൊരുനാൾ അപ്പൻ വരുമെ ന്ന് അമ്മയെപ്പോലെ അവളും കാത്തിരുന്നു. ഭർത്താവിന്റെ വേർപാടിൽ വിരഹദുഃഖമനുഭവി ക്കുന്ന കൊച്ചുറോതി എല്ലാം സഹിച്ചു കഴിയു കയാണ്. രണ്ടാമത്തെ മകൻ ഫ്രാൻസിസ് എന്ന കുട്ടിപ്പാപ്പൻ ക്ഷയരോഗം ബാധിച്ച് കിടപ്പിലാ ണ്, നാടു നന്നാക്കാൻ രാഷ്ട്രീയം കളിച്ച അവൻ ചുമച്ചു കുരച്ചും കിടക്കയിലൊതുങ്ങി.

ദുരിതങ്ങളിൽ നിന്നും ദുരിതങ്ങളിലേക്ക് ഇഴ ഞ്ഞിഴഞ്ഞുനീങ്ങുന്ന ഒരു കുടുംബത്തിന്റെ ചു ക്കാൻ പിടിക്കുന്ന അമ്മാമ വാർധക്യത്താൽ തളർന്നു. പട്ടണ പരിഷ്കാരം കോക്കാഞ്ചിറയി ലേക്ക് കടന്നു കയറിയപ്പോൾ പല പാവങ്ങളും കുടിപാർക്കാൻ ഇടമില്ലാതെ അനാഥകളായി. അമ്മാമയുടെ കുടുംബത്തിനു ആ ഭീഷണി ഉയർ ന്നു. വെള്ളപ്പൊക്കം കൊണ്ട് ഭൂമിയെ ഭയപ്പെ ടുത്തില്ലെന്ന് ഉടമ്പടി ചെയ്തിരുന്ന ആലാഹ അതു ലംഘിച്ചതു പോലെ പേമാരിയും നിർത്തി ല്ലാതെ ചൊരിഞ്ഞു. കോക്കാഞ്ചിറയും പരിസര വും പ്രളയ കെടുതിയിലായി. മതിലുകളും കുടി ലുകളും തകർന്നു വീണു. കട്ടിലിൽ നാളുകൾ എണ്ണിക്കിടന്ന കുട്ടിപ്പാപ്പൻ അന്ത്യശ്വാസം വലി ച്ചു. അയാളെ പരിചരിച്ചും കളിതമാശ പറഞ്ഞു കഴിഞ്ഞു കൂടിയ ആനിയും പനിച്ചു കിടപ്പിലാ യി. ഒരു വീർപ്പുമുട്ടലിന്റെ ഭാരം അനുഭവിച്ച അവൾ വളരെ ബന്ധപ്പെട്ടു ചുമച്ചു. കഫത്തിൽ ചോരക്കട്ട കലർന്നിരുന്നു. കുട്ടിപ്പാപ്പന്റെ രോഗം അവളിലേക്കു പകർന്നു. കണ്ടു നിന്നവർ ഞെ ട്ടിപ്പോയി. ആ കുടുബത്തിന്റെ പ്രത്യാശ നാമ്പി ട്ടു നിന്നിരുന്ന ആനി ആലാഹയുടെ ആരാധനാ

മന്ത്രം പഠിക്കാൻ ശ്രമിച്ചു. ഹൃദയശുദ്ധി വന്ന അവൾ മാരകമായ രോഗത്തിന് അടിമയായതോടെ കുടുംബം പ്രേതഭൂമി ആയി.

## 4.1.5 കഥാപാത്ര നിരൂപണം

### 4.1.5.1 ആനി

കൗമാരപ്രായമെത്തിയ ആനിയുടെ സങ്കല്പങ്ങളിലൂടെയാണ് നോവലിന്റെ കഥ,വികസിക്കുന്നത്. അവൾക്ക് ഓർമ്മ വയ്ക്കുന്നതിനു മുമ്പു തന്നെ അപ്പൻ നാടുവിട്ടു പോയി. മറ്റൊരു കുട്ടി വീട്ടിലില്ലാത്തതു കൊണ്ട് എല്ലാവർക്കും ഓമനയായി വളർന്നു. വിസ്മയകരമായ ലോകത്താണ് അവൾ ജീവിക്കുന്നത്. അമ്മാമയ്ക്ക് ആലാഹയുടെ പ്രാർത്ഥന അറിയാം, അവർക്ക് പാരമ്പര്യമായി ലഭിച്ചതാണ്. അമ്മാമ മരണശയ്യയിലാകുമ്പോൾ വിശ്വാസമുള്ള മക്കളുടെ ചെവിയിൽ അതു ചൊല്ലിക്കൊടുക്കും. അത് തനിക്കായിരിക്കുമെന്ന് ആനി ആഗ്രഹിച്ചിരുന്നു. ആനിക്ക് അപമാനം ഉണ്ടാകുന്ന ഒരു സംഭവം സ്കൂളിൽ വച്ചുണ്ടായി. കുട്ടികൾ ഉച്ചക്കഞ്ഞിക്കു കാത്തു നിൽക്കുന്നേരം ഉന്തുംതള്ളുമുണ്ടാക്കി എന്ന കാരണം പറഞ്ഞ് ടീച്ചർ അവളുടെ പാത്രം പിടിച്ചു വാങ്ങി എറിഞ്ഞു, കഞ്ഞിവരിയിൽ നുഴഞ്ഞു കേറി എന്ന ആക്ഷേപം പറഞ്ഞ് ടീച്ചർ അവളെ പിടിച്ച് പിന്നിൽ നിർത്തി. കോക്കാഞ്ചിറയിൽ നിന്നും വരുന്ന പിശാചുകൾക്ക് ആക്രാന്തം കൂടുതലാണെന്ന് ടീച്ചർ ആക്ഷേപിച്ചു. ടീച്ചർമാർ അവളെ കൈ കൊണ്ട് തള്ളിമാറ്റി. കോക്കാത്തി എന്ന പരിഹാസപ്പേർ വിളിച്ചു, മാത്രമല്ല അവളെ പെരിവെയിലിൽ നിർത്തി. ഇതെല്ലാമായപ്പോൾ അവൾക്ക് സങ്കടവും അപമാനവും ഉണ്ടായി. വീട്ടിൽ പലതും നടക്കുന്നു എന്തൊക്കെയാണെന്ന് ഒരു തിട്ടവും ആനിക്കില്ല. വലിയമ്മ ഇടയ്ക്കിടെ പേറു തൊടാൻ പോകും. അതിനെക്കുറിച്ച് വലിയ വിവരമൊന്നും അവൾക്കില്ല. അത് എല്ലാത്തിലും വലിയ വേദനയാണെന്നു മാത്രം അവൾക്കറിയാം. വലിയമ്മായിയെ വിളിക്കാൻ ചിലർ വരുമ്പോൾ അമ്മാമ്മയും അമ്മയും ഇടപെട്ട് അടക്കിയ സ്വരത്തിൽ എന്തോ പറയും. ഇതിന്റെ രഹസ്യമറിയാനുള്ള കൗതുകം കൊണ്ട് ഒരു ദിവസം ' ഞാനും വരട്ടെ പേറുതൊടാൻ എന്ന് 'ആനി വല്യമ്മായിയോട് ചോദിച്ചു. അതു കേട്ട് അവർ പൊട്ടിച്ചിരിച്ചു. അത്രനല്ല ചിരി അവൾ കണ്ടിട്ടില്ല. അമ്മ ഇടയ്ക്കിടയ്ക്ക് പ്രാർത്ഥിക്കുന്നതുകേൾക്കാം. ''കർത്താവേ രണ്ടും രണ്ട് പാത്രമായെങ്കിൽ'' എന്ന്. അമ്മയുടെ സഞ്ചിയിൽ ഒരു പാത്രമേയുള്ളൂ പിന്നെ രണ്ടു പാത്രമേതാണെന്ന് അവൾ ഗാഢമായി ആലോചിച്ചിട്ടുണ്ട്. ഒരിക്കൽ ചങ്ങാതിക്കുറി വയ്ക്കാനുള്ള രണ്ടണ അമ്മ ആനിയെ ഏൽപ്പിച്ചു. എന്തെടുത്താലും സൂക്ഷിക്കില്ല, മണ്ണെണ്ണ എടുത്ത് വിളക്കിൽ ഒഴിക്കാൻ ശ്രമിക്കുമ്പോൾ തട്ടി തൂകി കളയും, പാത്രങ്ങൾ അറിയാതെ കൈയ്യിൽ നിന്നും താഴെ വീഴും. അങ്ങനെയുള്ള ആനി കാശു കളയുമോ എന്ന് അമ്മ സംശയിച്ചു. എന്നാൽ അവൾ ബുക്കിന്റെ പേപ്പർ കീറി പത്തു താളിൽ പൊതിഞ്ഞാണ് രണ്ടണ കൊണ്ടുപോയത്. അതിന്റെ കാര്യം മറന്നു പോകാതിരിക്കാൻ മറ്റൊന്നും മനഃപൂർവം ഓർത്തില്ല. ഇന്നലെ അമ്മാമ അവൾ ഇളം കുട്ടിയാണെന്നു പറയുകയും ഇന്നവൾ വളർന്നുപോയെന്ന് പറയുകയും ചെയ്യുന്നതിന്റെ പൊരുത്തക്കേട് അവൾ ഓർത്തു. ഒരിക്കൽ കുട്ടിപ്പാപ്പന് റൊട്ടിയും വാങ്ങി വന്നപ്പോൾ വഴിയിൽ വച്ച് ഒരു നായ തള്ളിയിട്ടു മുട്ടുമുറിഞ്ഞ് ചോരയുമൊലിപ്പിച്ച് റൊട്ടിയും നഷ്ടപ്പെട്ട് അവൾ വിഷമത്തിലായി. കറുത്ത കുഞ്ഞാറം സഹായിച്ചില്ലെങ്കിൽ അവൾക്ക് വീട്ടിൽ മടങ്ങിച്ചെല്ലാൻ കഴിയില്ലായിരുന്നു.

ആനിക്ക് പാട്ടും നാടകവുമൊക്കെ വലിയ ഇഷ്ടമാണ്. ഒരിക്കൽ അയൽപക്കത്തു വിരുന്നു വന്ന കുട്ടികളുടെ കൂടെ നാടകം കളിച്ചു. നാടകത്തിലൊരു ഭാഗത്ത് അവൾക്ക് ഒന്നു രണ്ടു വാക്കുകളേ പറയാനുള്ളൂ. നാടകം കഴിഞ്ഞു പോകുമ്പോൾ മുള്ളു പടിയിലുടക്കി അവളുടെ കമ്മീസു കീറി, അതിനും നാടകത്തിനു കേറിയതിനും അമ്മ തല്ലി. പക്ഷേ അവളുടെ സഹായത്തിന് കുട്ടിപ്പാപ്പനുണ്ടായിരുന്നു. അയാളെ അവൾ പാട്ടുപാടി കേൾപ്പിക്കും. അവൾക്ക് അറിവില്ലാത്ത പലതും കുട്ടിപ്പാപ്പനാണ് പറഞ്ഞു കൊടുക്കുന്നത്. അടുത്തെങ്ങാനും കല്യാണത്തിനു കോളാമ്പി വയ്ക്കുമ്പോൾ അയാളും ആനിയും ചെവിയോർത്തിരിക്കും. കുട്ടിപ്പാപ്പൻ അവശനായതിൽ പിന്നെ അടുത്തിരുന്ന് വീശുന്നത് അവളായിരുന്നു. അവൾക്കറിയാത്തതു പലതും അയാൾ അവൾക്കു പറഞ്ഞു കൊടുക്കും. തോരാത്ത മഴയും വെള്ളപ്പൊക്കവും വന്നപ്പോൾ ഒരു

പ്രളയം വരണമെന്ന് കുട്ടിപ്പാപ്പൻ ആഗ്രഹിച്ചു. ആലാഹ ഉടമ്പടി മറന്ന് ഭൂമിയെ പ്രളയത്തിൽ മുക്കുകയാണെന്ന് ആനി ഭയന്നു. അവളുടെ ആഗ്രഹം പോലെ അമ്മാമ അവൾക്ക് ആലാഹയുടെ പ്രാർത്ഥന ഉപദേശിച്ചു. പക്ഷേ അവൾക്കൊരു വീർപ്പു മുട്ടൽ വന്നു, അത് ചുമയായി മാറി. ചുമയ്ക്കാൻ പ്രയാസം ഒടുവിൽ പണിപ്പെട്ടു ചുമച്ചു തുപ്പിയപ്പോൾ ഒരു കട്ടരക്തം. ഓർമ്മവച്ച നാൾ മുതൽ അപ്പന്റെ വരവും കാത്തിരുന്ന ആനി കുട്ടിപ്പാപ്പന്റെ ക്ഷയരോഗം ബാധിച്ച് ദുരന്തത്തിൽ വഴുതി വീണു. ആ കുടുംബത്തിന്റെ പ്രത്യാശയും നോവലിന്റെ ശക്തി കേന്ദ്രവും ആനിയാണ്. അവളുടെ ഭാവനയിലൂടെയുള്ള കഥാകഥനം പുതിയ ഒരു ആവിഷ്കരണ ശൈലിയാണ്.

### 4.1.5.2 മറിയഞ്ചേടത്തി

നാഗരികതയിൽ നിന്നും പുറന്തള്ളപ്പെട്ട ഒരു പിടി ആളുകൾ വസിക്കുന്ന കോക്കാഞ്ചിറയിലെ ഒരു സാധാരണ കുടുംബിനിയാണ് മറിയഞ്ചേടത്തി. ആണും തൂണുമില്ലാത്ത ഒരു കുടുംബം നയിക്കുന്നതിന്റെ പങ്കപ്പാട് അവർക്കുണ്ട്. ഭർത്താവ് ചെറുപ്പത്തിലേ മരിച്ചു മൂത്തമകൻ പെണ്ണു കെട്ടി കുറേ നാൾ കഴിഞ്ഞ് നാടുവിട്ടു. രണ്ടാമത്തെ മകൻ ചർക്കാ ക്ലാസ് നടത്തി നൈരാശ്യവും ക്ഷയരോഗവും പിടിപെട്ട് കിടപ്പിലായി. വിധവയായ മകൾ, കെട്ടിക്കാറായ മൂന്നു നാലെണ്ണം, വിധവയെ പോലെ കഴിയുന്ന മരുമകൾ, അവരുടെ മകൾ ആനി ഇങ്ങനെ ഭാരിച്ച കുടുംബത്തിന്റെ ചുക്കാൻ മറിയഞ്ചേടത്തിയുടെ കൈകളിലാണ്. അവർക്ക് ആകെയുള്ളത് ആലാഹയുടെ അനുഗ്രഹം മാത്രം. അവരുടെ അമ്മ മരിക്കാൻ നേരം കാതിൽ ഓതിക്കൊടുത്തതാണ്. അത് മറിയഞ്ചേടത്തിയുടെ മരണവേളയിൽ ഏറ്റവും വിശ്വാസമുള്ള ഒരാളിന്റെ കാതിൽ പറയും. അതിന്റെ ഭാഗ്യം ആനിയ്ക്കായിരിക്കുമെന്ന് അവൾ വിശ്വസിക്കുന്നു അടുത്തുള്ളവരൊക്കെ ബാധ ഒഴിപ്പിക്കാനും പിശാചിനെ ഓടിക്കാനും മറ്റും മറിയഞ്ചേടത്തിയുടെ അരികിൽ വരും. അവർ ആലാഹയുടെ നമസ്കാരം ചൊല്ലും. നിർത്താതെ കരയുന്ന കുട്ടികളെ എടുത്തുകൊണ്ട് തള്ളമാർ വരും. മറിയച്ചേടത്തി ആലാഹയുടെ നമസ്കാരം ചൊല്ലി കരച്ചിലടക്കും. നമസ്കാരത്തിന്റെ രഹസ്യം വെളിപ്പെടുത്താൻ പാടില്ല. അതിന്റെ ചുരുളഴിക്കാൻ അമ്മാമ്മയ്ക്ക് അധികാരമില്ലത്രേ അഥവാ രഹസ്യം വെളിപ്പെട്ടാൽ അതിന്റെ ഫലം പോകും ആലാഹയുടെ നമസ്കാരം ആരുണ്ടാക്കി എന്ന് അറിവില്ല. അത് അച്ചൻമാർ ചൊല്ലാറില്ല. പ്രാർത്ഥനാ പുസ്തകത്തിലൊന്നുമില്ല. അതൊക്കെ ചെകുത്താൻ കൂടിയ തള്ളയുടെ ഡാവാണെന്ന് കൊച്ചുറോതു പറയും. കൊച്ചുറോതു കറകളത്ത റോമാ വിശ്വാസിയാണ്. മറിയഞ്ചേടത്തി സുറിയാനി വിശ്വാസിയാണ്. മരുമകളും അമ്മായിഅമ്മയും വിശ്വാസത്തിന്റെ പേരിൽ എപ്പോഴും കലഹിക്കും. മറിയഞ്ചേടത്തിയുടെ സുന്ദരിയായ ഒരു മകളെ (ചെറിച്ചി) കൊച്ചിക്കാരനായ ഒരു സുറിയാനിക്കാരൻ അച്ചൻ കല്യാണം കഴിച്ചു. ചെറിച്ചിയോടൊപ്പം മാത്രമല്ല മറിയഞ്ചേടത്തിയും സുറിയാനിയാകണമെന്ന് അച്ചൻ നിർബന്ധിച്ചു. ഒരു കുടുംബം രക്ഷപ്പെടുമെന്ന് പ്രതീക്ഷിച്ചാണ് അമ്മാമ്മ വിശ്വാസം മാറിയത്. അതിലുള്ള പരിഭവം കൊച്ചുറോതം കൂടെക്കൂടെ പറയും. കുടുംബം രക്ഷപ്പെട്ടതുമില്ല ചെറിച്ചി പിന്നീട് വീട്ടിൽ കാണാൻ വന്നിട്ടുമില്ല.

മറിയഞ്ചേടത്തിക്ക് ജീവിതത്തിൽ വറചട്ടിയുടെ നടുവിൽ നിൽക്കുന്ന അനുഭവമാണുള്ളത്. നാടുവിട്ടു പോയ മകൻ അവിശ്വാസി ആയിരുന്നു. വീട്ടിൽ കഴിയുന്ന മകൻ ചുമച്ചു ചുമച്ചു ചാകാറായി. മൂത്തമകൾ വിവാഹം കഴിഞ്ഞതിന്റെ ഏഴാം നാൾ വിധവയായി വീട്ടിൽ വന്നു. മൂന്നുമക്കൾ കെട്ടുപ്രായം തികഞ്ഞു നിൽക്കുന്നു. ഇവർക്കു നടുവിൽ ആലാഹയുടെ അനുഗ്രഹം കൊണ്ട് അവർ ധൈര്യം വിടാതെ നിന്നു. അരി കിട്ടാനില്ലാതെ ആളുകൾ പട്ടിണി കിടക്കുന്ന കാലമാണ്. റേഷൻ കടയിലെ പുഴുത്ത അരിയുടെ കഞ്ഞി കുടിച്ച് അതിസാരം പടർന്നു പിടിച്ചു. കുട്ടിപ്പാപ്പന് കഞ്ഞി കൊടുക്കാൻ കരിഞ്ചന്തയിലെ അരിവാങ്ങാൻ അവർ നടുപ്പാതിരായ്ക്ക് തങ്കമണിക്കേറ്റത്തു പോയി. കൂടെപ്പോയ കോച്ചാത്തി കണ്ട് പിശാചിനെ പേടിച്ച് വിറച്ചു നിന്നപ്പോൾ മറിയഞ്ചേടത്തി ധൈര്യമായി വെല്ലുവിളിച്ചു. 'ദയിര്യമുണ്ട്യേ മാടാ' ഇത് കോക്കാഞ്ചിറ മറിയയാണ് എന്ന് പിശാചിനെ വിരട്ടിയ അമ്മാമ്മ സാധാരണക്കാരുടെ ഇടയിലെ ആരാധനാ കഥാപാത്രമായിരുന്നു.

പക്ഷേ ഒടുവിൽ മറിയഞ്ചേടത്തി അടിതെറ്റി വീണു. വിധവയായ മകൾ മുഖാന്തിരം കുഞ്ചൻ കമ്പോണ്ടർ തൂങ്ങിച്ചത്തെന്ന് ആരോപണമുയർന്നു. മെഷീൻ തയ്യലിനു പോയ ചിന്നമ്മ ഗർഭം ധരിച്ചു. അവൾ പെന്തിക്കോസിൽ ചേർന്ന് സുവിശേഷം പറയാൻ പോയി. ഫ്രാൻസിസ് കുട്ടിപ്പാപ്പൻ അന്ത്യശ്വാസം വലിച്ചു. പെരുമഴയിലെ വെള്ളപ്പൊക്കത്തിൽ കോക്കാഞ്ചിറ ഒലിച്ചു പോയതുപോലെ മറിയച്ചേടത്തിയും യാതനകളിൽ മുങ്ങി. കയറ്റുകട്ടിലിൽ തളർന്നു കിടന്ന അവർ ആനിയെ മടിയിലിരുത്തി. തണുത്ത മരവിച്ച കവിൾ അവളുടെ കാതിൽ ഉരുമ്മി. ചുണ്ടുകൾക്കു മാത്രം തീക്കട്ടയുടെ ചൂടുണ്ട്. അത് ആനിയുടെ ചെവിയിൽ അമർത്തി മന്ത്രിച്ചു. ചെറിയ ചെവി നിറയെ നിറയ്ക്കാൻ ആലാഹയുടെ നമസ്കാരം ഉരുവിട്ടു. അവളുടെ ചെവി പൊള്ളിയതു പോലെ തോന്നി. അമ്മാമ്മ മറുചെവിയിലും ഇത് ആവർത്തിച്ചു ആനിക്ക് ഒന്നും കേൾക്കാൻ കഴിയാത്ത ഒരവസ്ഥയായിരുന്നു. അവളുടെ തലയിൽ കൈവച്ച് അമ്മാമ്മ ധ്യാനത്തിലിരുന്നു. ഒരു പ്രളയത്തിന്റെ കെടുതി പോലെ ആലാഹയുടെ തിരുവചനമുരുവിട്ടിരുന്ന മറിയഞ്ചേടത്തിയുടെ ജഢം മണ്ണിൽ അമർന്നു. ആനിയും അമ്മാമയും നോവലിൽ നിറഞ്ഞു നില്ക്കുന്ന കഥാപാത്രങ്ങളാണ്

## 4.1.6 അവലോകനം

ഇത് നഗരത്തിലെ മാലിന്യങ്ങൾ അടിഞ്ഞുകൂടിയ ചേരിയുടെ കഥയാണ്. അവിടെ പാർക്കുന്ന മനുഷ്യജീവികളുടെ ദുരിതങ്ങളുടെ ചരിത്രം ഉണ്ട്. ആദ്യന്തം നിലനിൽക്കുന്ന കഥയോ നായികാനായക സങ്കല്പമോ ഇല്ല. കോക്കാഞ്ചിറ ഒരു പെരുമഴയിലെ പ്രളയത്തിലും നഗരസംസ്കാരത്തിന്റെ കടന്നു കയറ്റത്തിലും തകർന്നു പോയി. ഒരു സാധാരണ കുടുംബത്തില അമ്മാമയും അവരുടെ ചെറുമകളായ ആനിയുമാണ് ഇതിലെ കേന്ദ്ര കഥാപാത്രങ്ങൾ. ആനിയുടെ ചിന്തയിലും ഭാവനയിലും ഒഴുകിപ്പോകുന്ന തരത്തിൽ നോവൽ പുരോഗമിക്കുന്നു. എന്നാൽ കാലക്രമേണ നഗരത്തിലുള്ള പണക്കാർ കോക്കാഞ്ചിറയിൽ കുടിയേറിത്തുടങ്ങിയതോടെ അതിന്റെ മുഖഛായ മാറി. കല്ലേഞ്ചിൻ വന്ന് പെരുവഴിയെല്ലാം മെറ്റലും കീലുമിട്ട് ഉറപ്പിച്ചു. കന്യാസ്ത്രീകൾ വന്ന് കോന്നി മേസ്രിയുടെ പറമ്പു വാങ്ങി. അവർ ചുറ്റുമതിൽ കെട്ടി അതിൽ ആശ്രമം പണിയിച്ചു. ആകാശം പോലും മറയ്ക്കുന്ന കരിങ്കൽ മതിൽ ഉയർന്നു നിൽക്കുന്നത് കണ്ട് ആനി പേടിച്ചു പോയി. അവരുടെ കൺമുമ്പിൽ നിന്ന ലോകം വളരെ വേഗം എടുത്തുമാറ്റിയതു പോലെ തോന്നി. പുതിയ വീടുകൾക്ക് ചുറ്റും മതിൽക്കെട്ടുകളുണ്ട്. അതിനു മുകളിൽ കുപ്പിച്ചില്ലുകൾ പാകിയിരിക്കുന്നു. മതിലിനകത്ത് കന്യാസ്ത്രീകളുടെ വക മൂന്നു നിലയുള്ള ഒരു സ്കൂൾ പണിയാൻ പോകുന്നു. പള്ളി പുതുക്കിപ്പണിയാനുള്ള ശ്രമം നടക്കുന്നു. നാഗരികത സാമൂഹ്യജീവിതത്തെ മാറ്റിമറിച്ചു. കോക്കാഞ്ചിറയിൽ പുതിയ സ്ഥാപനങ്ങളും കടകളും അനുദിനമുയർന്നു. ശീമ പലഹാരങ്ങളുള്ള റൊട്ടിക്കടകളുണ്ട് അഞ്ചെട്ടു കുറിക്കമ്പനികൾ കോക്കാഞ്ചിറയിൽ സ്ഥാനം പിടിച്ചു. വക്കീലൻമാരും ഡോക്ടർമാരും അവിടെ വന്ന് സ്ഥലം വാങ്ങി വലിയ മാളികകൾ പണിതുയർത്തി. അതിന്റെ ഗേറ്റിനു മുന്നിൽ പട്ടി കടിയ്ക്കും സൂക്ഷിക്കുക എന്ന ബോർഡു വന്നു. കോക്കാഞ്ചിറ നടുങ്ങുന്ന വിധം ഉച്ചത്തിൽ ശബ്ദമുണ്ടാക്കുന്ന വലിയ നായ്ക്കൾ അവിടെയുണ്ട്. പണ്ടൊക്കെ കവലയിൽ നിന്ന് വിളയാടിയ റൗഡികളെയും ഇന്നു കാണാനില്ല. എല്ലാം കൊണ്ടും പുതുമനിറഞ്ഞ ലോകമായി കോക്കാഞ്ചിറ മാറി.

ചേരിനിവാസികളുടെ മലയോര കർഷകരുടെയും കുടിയിറക്കം നോവലിൽ ചർച്ച ചെയ്യുന്നുണ്ട്. കോക്കാഞ്ചിറയിലെ എട്ടുമുറി ഒഴിപ്പിക്കാൻ ചില സമ്പന്നന്മാർ ശ്രമം നടത്തി. താമസക്കാർ ഒഴിഞ്ഞു കൊടുക്കില്ലെന്നായി. വിവരമറിഞ്ഞ് കുട്ടിപ്പാപ്പൻ സത്യാഗ്രഹം കിടക്കുമെന്ന് പ്രഖ്യാപിച്ചു. പലർക്കും കത്തയച്ച കൂട്ടത്തിൽ എ.കെ.ജിക്കും കത്തെഴുതി അദ്ദേഹം അമരാവതിയിലെ കർഷകരെ കുടിയൊഴിപ്പിച്ചതിൽ പ്രതിഷേധിച്ച് സത്യാഗ്രഹം കിടന്ന കഥ നോവലുമായി ബന്ധിപ്പിക്കുന്നു. അതിനുശേഷം എ.കെ.ജിയോടൊപ്പം രാഷ്ട്രീയസാമൂഹ്യരംഗത്തു പ്രവർത്തിച്ച ഒരു അച്ചന്റെ ചരിത്രവും കേരള രാഷ്ട്രീയവുമായി ബന്ധപ്പെട്ടതാണ്. റോമൻകത്തോലിക്കകാരും സുറിയാനികളും തമ്മിലുള്ള സഭാതർക്കം ഇന്നും നിലനില്ക്കുന്നു. അരനൂറ്റാണ്ടു മുമ്പുള്ള സാമൂഹ്യമാറ്റം ഈ നോ

വലിനു പിന്നിലുണ്ട്. തേക്കിൻകാടുമൈതാനം തേക്കിൻകാടായിക്കിടക്കുന്ന ഒരു കാലഘട്ടത്തിലെ കഥയാണ് ഇതിലെ വർണനാവിഷയം ഒരു കാലഘട്ടത്തിലെ കേരളത്തിന്റെ സംസ്കാര കേന്ദ്രമായ തൃശ്ശൂർ നഗരത്തിന്റെ തനിപ്പകർപ്പാണ് ഈ നോവൽ. നോവലിന്റെ അവസാനത്തോടടുത്ത് കോക്കാഞ്ചിറയ്ക്കു സംഭവിക്കുന്ന മാറ്റം മനുഷ്യ സമൂഹത്തിനു സംഭവിക്കുന്ന മാറ്റമാണ്. തുറന്ന സൗഹൃദത്തിൽ കഴിഞ്ഞിരുന്ന ഒരു ജനവിഭാഗം മതിൽ കെട്ടിലൂടെ വേർതിരിക്കപ്പെട്ടു അകന്നു പോകുന്നത്, ഗ്രാമീണതയിൽ നിന്ന് നഗരവല്കരണത്തിലേക്ക് പോകുമ്പോൾ മനുഷ്യ സമൂഹത്തിനു പറ്റിയ മാറ്റത്തെ ആണ് സൂചിപ്പിക്കുന്നത്.

## Recap

- ആത്മാവിന്റെ സൂക്ഷ്മ മേഖലയിലനുഭവിക്കുന്ന ഉത്കണ്ഠയുടെ ശക്തമായ ആവിഷ്കാരം
- സ്ത്രീയുടെ സ്വത്വരൂപത്തിന്റെ തിരിച്ചറിയൽ
- പുരുഷനെന്ന ജൈവപ്രതിഭാസത്തോടുള്ള സമീപനം
- പുരുഷമേധാവിത്വത്തിന്റെ പ്രത്യയശാസ്ത്രത്തോടുള്ള ആസക്തി
- ആധുനികതയിൽ നിന്നും ഉത്തരാധുനികതയിലേക്കുള്ള പരിവർത്തനം
- നാഗരികതയിൽ നിന്നും പുറന്തള്ളപ്പെട്ട ചേരിനിവാസികളുടെ കഥ
- വർത്തമാനകാലജീവിതത്തിന്റെ നെഞ്ചിടിപ്പുകളെ ആത്മനൊമ്പരത്തോടെ നോക്കിക്കാണുന്നു
- അധീശവർഗമൂല്യങ്ങളെ ചോദ്യം ചെയ്യുന്നു
- നഗരവല്കരണത്തിന്റെ സാമൂഹ്യവും സാംസ്കാരികവും രാഷ്ട്രീയവുമായ കഥ പറയുന്നു.
- കഥാപാത്രങ്ങൾ ഓരോ സാമൂഹ്യവ്യവസ്ഥയുടെ പ്രതിഫലനം
- ഭൂതപ്രേതപിശാചുക്കളെ ഉച്ചാടനം ചെയ്യുന്ന അമ്മാമ്മ
- ബൈബിളിലെ മുന്തിരിവള്ളിയെ കുറിച്ചുള്ള പരാമർശം
- അധിനിവേശജനതയോടുള്ള സമീപനം
- നിരവധി ജീവിത സാഹചര്യങ്ങളെ അവതരിപ്പിക്കുന്നു
- അമ്മ അതിജീവനമന്ത്രത്തിന്റെ ഉപാസനാ മൂർത്തി
- ചൂഷണത്തിനു വിധേയരാകുന്ന പുറമ്പോക്കു സമൂഹം
- കത്തോലിക്കാ മതവിശ്വാസി ആയിരിക്കുമ്പോഴും പുറമ്പോക്ക് സമൂഹത്തിൽനിന്നും രക്ഷ കിട്ടുന്നില്ല
- പ്രതിരോധത്തിന്റെയും പ്രതികരണത്തിന്റെയും ചുവന്ന മാർഗങ്ങൾ
- നഗരവല്കരണത്തിനു മുമ്പിലുള്ള ദൈന്യത
- യാന്ത്രികയുഗം ഗ്രാമീണതയെ വിഴുങ്ങുന്നു
- സ്ത്രീ കഥാപാത്രങ്ങൾ ദേശ്യഭാഷാഭേദത്തിൽ ആശയവിനിമയം നടത്തുന്നു
- ചേരിനിവാസികളുടെ അനുഭവ പശ്ചാത്തലം
- ആലാഹയുടെ നമസ്കാരം പാരമ്പര്യസിദ്ധം
- ദുരിതങ്ങളിൽ നിന്നും ദുരിതങ്ങളിലേക്ക് ഇഴഞ്ഞുനീങ്ങുന്ന മനുഷ്യജീവിതം


SREENARAYANAGURU OPEN UNIVERSITY

## Objective Questions

1. 2003 ൽ സാറാജോസഫിന് കേന്ദ്രസാഹിത്യ അക്കാദമി അവാർഡു നേടിക്കൊടുത്ത കൃതി ഏത് ?
2. പാപത്തറ എന്ന കൃതിക്ക് ഏത് പുരസ്കാരമാണ് ലഭിച്ചത് ?
3. 'അടുക്കള തിരിച്ചു പിടിക്കുക ' എന്നത് ഏതു വിഭാഗത്തിൽ പെടുന്ന കൃതിയാണ്.
4. ഭൂമിരാക്ഷസം എന്ന നാടകം രചിച്ചതാര്?
5. സ്ത്രീകൾക്കായി സാറാജോസഫ് സ്ഥാപിച്ച സംഘടനയുടെ പേര് എന്ത്?
6. കീഴ്ജാതിക്കാർ അനുഭവിക്കുന്ന അപമാനത്തിന്റെ ആഴവും പ്രശ്നങ്ങളും ആഖ്യാനം ചെയ്യുന്ന സാറാജോസഫിന്റെ കൃതി?
7. 'ആലാഹയുടെ പെൺമക്കൾ' എന്ന നോവലിന്റെ വികാസം രൂപപ്പെടുന്നത് ഏത് കഥാ പാത്രത്തിലൂടെയാണ്?
8. ബൈബിളിലെ മുന്തിരിവള്ളിയെക്കുറിച്ചുള്ള പരാമർശത്തെ നോവലിൽ ഏതു ചെടിയെ യാണ് സൂചിപ്പിക്കുന്നത്?
9. കോക്കാഞ്ചിറയിൽ നിന്ന് വരുന്ന കുട്ടികളെ അധ്യാപികമാർ ഏതു പേരിലാണ് വിളിച്ചി രുന്നത്?
10. ആലാഹയിൽ സർവവ്യാപിയായി നിൽക്കുന്ന കഥാപാത്രത്തിന്റെ പേര്?
11. 'വെള്പ്പിനേക്കാളും വല്യേ പിശാശ്ണ്ടാ' – അഭിപ്രായം ആരുടേത്?
12. 'ഞാനും വരട്ടെ പേറുതൊടാൻ ' എന്ന് ചോദിച്ചതാര്?

## Answers

1. ആലാഹയുടെ പെൺമക്കൾ
2. മുട്ടത്തുവർക്കി
3. ലേഖന സമാഹാരം
4. സാറാജോസ്
5. മാനുഷി
6. ദൈവമക്കൾ
7. ആനി എന്ന പെൺകുട്ടിയുടെ
8. അമരവള്ളി
9. കോക്കാത്തി
10. അമ്മാമ്മ
11. അമ്മാമ്മ
12. ആനി

## Assignments

1. ആലാഹയുടെ പെൺമക്കളിൽ പ്രതിഫലിക്കുന്ന സാമൂഹ്യ പശ്ചാത്തലം വിശദമാക്കുക.
2. ചേരിനിവാസികളുടെ ദുരിതപൂർണമായ ജീവിതമാണ് നോവലിലെ പ്രതിപാദ്യം. ഉപന്യസിക്കുക.
3. ആനി എന്ന കഥാപാത്രത്തിന് നോവലിലുള്ള സ്ഥാനത്തെ കുറിച്ച് വിശദമാക്കുക.
4. ആലാഹയുടെ പെൺമക്കൾ എന്ന നോവലിലെ ഭാഷാപരമായ പ്രത്യേകതകളെ കുറിച്ച് വിവരിക്കുക.
5. ആലാഹയുടെ അനുഗ്രഹം നേടിയ മറിയഞ്ചേടത്തി കുടുംബത്തിന്റെ നെടുംതൂണാണ്. വ്യാഖ്യാനിക്കുക.
6. നോവലിലെ രാഷ്ട്രീയ പശ്ചാത്തലം വിശദമാക്കുക.

## Suggested Reading


1. *ഊര് കാക്കുന്ന പെണ്ണാലികൾ*, ഡോ.എ.എം.ശ്രീധരൻ, ദീപ ചിറ്റാക്കൂൽ (എഡി.), സമയം പബ്ലിക്കേഷൻസ്, സിറ്റി സെന്റർ, ഫോർട്ട് റോഡ്, കണ്ണൂർ
2. *പെണ്ണെഴുത്ത്*, ഒരു സംഘം ലേഖകർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
3. *കാലത്തിന്റെ അടയാളങ്ങൾ*, സി.ആർ.പ്രസാദ്, പരിധി ബുക്ക്സ്, കോഴിക്കോട്


## Reference


1. സാറാജോസഫ്, *ആലാഹയുടെ പെൺമക്കൾ*, കറന്റ് ബുക്സ്, തൃശൂർ, ജയകൃഷ്ണൻ എൻ, (എഡി.) *പെണ്ണെഴുത്ത്*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
2. ഷാജി ജേക്കബ്, *ആധുനികാനന്തര മലയാള നോവൽ*, വിപണി, കല, പ്രത്യയ ശാസ്ത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. ഇ.വി രാമകൃഷ്ണൻ, *മലയാള നോവലിന്റെ ദേശകാലങ്ങൾ*, മാതൃഭൂമി ബുക്സ്, കോഴിക്കോട്.
4. എം. അച്യുതൻ, *നോവൽ പ്രശ്നങ്ങളും പഠനങ്ങളും*, എൻ.ബി.എസ്, കോട്ടയം




SREENARAYANAGURU OPEN UNIVERSITY

# യൂണിറ്റ് 2 നൂറു സിംഹാസനങ്ങൾ

**ജയമോഹൻ**

## Learning Outcomes

- ജയമോഹൻ എന്ന എഴുത്തുകാരനെ പരിചയപ്പെടുന്നു
- നായാടി വർഗത്തിന്റെ ജീവിതത്തെക്കുറിച്ച് മനസിലാക്കാൻ സാധിക്കുന്നു.
- ധാർമ്മപാലന്റെ അനുഭവത്തിന്റെ തീവ്രത മനസിലാക്കുന്നു.
- നാരായണഗുരുവിന്റെ ശിഷ്യനായ പ്രജാനന്ദനിലൂടെ ധർമ്മപാലനിലെ മനുഷ്യത്വത്തിന്റെ സംവേദനശേഷിയെക്കുറിച്ച് അറിവ് നേടുന്നു.

## Prerequisite

ദലിതർക്ക് അനുഭവിക്കേണ്ടി വരുന്ന എല്ലാ ദുരിതങ്ങൾക്കുമെതിരെ പൊരുതുന്ന ഒരു ജനതയെ വാർത്തെടുക്കുകയാണ് ദലിത് സാഹിത്യത്തിന്റെ ഉദ്ദേശ്യം. ദലിത് സാഹിത്യത്തിന് രണ്ടു മുഖങ്ങളുള്ളതായി പറയുന്നുണ്ട്. അത് ഒരേ സമയം വർഗപരവും വംശപരവുമാണ്. മറാഠി സാഹിത്യത്തിന്റെ മുഖച്ഛായ മാറ്റിയെടുത്ത ദലിത് സാഹിത്യം ഇരുപതാം നൂറ്റാണ്ടിന്റെ മുക്കാൽ ഭാഗവും കഴിഞ്ഞുണ്ടായവയാണ്. സമൂഹത്തിന്റെ പ്രശ്നങ്ങൾ ദലിത് സാഹിത്യകാരന്മാരുടെ പ്രമേയമാണ്. അവർ നൂറുശതമാനം ആത്മാർഥതയോടെ ആ വേദനകൾ തന്റേതാക്കി മാറ്റുന്നു. ദലിത് സാഹിത്യം എതിർപ്പിന്റെ സാഹിത്യമാണ്. അത് നിലവിളിക്കാനല്ല അട്ടഹസിക്കാനാണ് ആവശ്യപ്പെടുന്നത്. ഓരോ വാക്കും സ്ഫോടകശേഷിയുള്ളതായിരിക്കണമെന്ന് അത് ആശിക്കുന്നു. ദലിത് സൃഷ്ടികൾ ദലിതൻ നിത്യാനുഭവമാക്കിയത് ഏത് സമ്പ്രദായത്തിന്റേയും നെഞ്ചിൽ തറയ്ക്കാൻ പര്യാപ്തമായിരിക്കണം എന്ന ഉദ്ദേശത്തോടുകൂടി ആയിരുന്നു. അത് ഓരോ ദലിതനേയും തട്ടി ഉണർത്തുന്നതായിരിക്കണം. പോരാട്ട മനഃസ്ഥിതി എന്ന പ്രവണത ഓരോ ദലിതനിലും സൃഷ്ടിച്ചേ മതിയാകൂ. സമരോത്സുകരാകുന്നില്ലെങ്കിൽ പഴയതുപോലെ എല്ലാം സഹിക്കേണ്ടി വരും. ഇതാണ് ദലിത് സാഹിത്യത്തിന്റെ തത്വശാസ്ത്രം.

ജാതിസമ്പ്രദായത്തിന്റെ പൂർണമായ നിരാസം, അതിന്റെ പിന്നിലുള്ള ഹിന്ദുത്വആശയവാദം, സ്ഥിതിസമത്വവാദം, ഭൗതികവാദം, സർവോപരി മാനുഷികവാദം ഇതൊക്കെയാണ് ദലിത് സൃഷ്ടികളുടെ വിഷയം. എല്ലാവിധ ചൂഷണങ്ങളെയും എതിർക്കുവാനാണ് ദലിത് സാഹിത്യം ശ്രമിക്കുന്നത്. എതിർക്കുവാനുള്ള അണികളെ രൂപപ്പെടുത്തുകയും ശക്തിപ്പെടുത്തുകയുമാണ് അതിന്റെ ലക്ഷ്യം. അധ:സ്ഥിതരെന്ന് കരുതിപ്പോരുന്ന പ്രത്യേക ജനവിഭാഗത്തിന്റെ സാഹിത്യമാണ് ദലിത്സാഹിത്യം. സമകാല രാഷ്ട്രീയത്തിലും ദേശീയതലത്തിലും വളരെ പ്രസക്തമായ ഒരു പദമമാണിത്. അധീശവർഗം ചവിട്ടിതാഴ്ത്തിയ ജനവിഭാഗത്തിന്റെ മോചനം സ്വാതന്ത്ര്യാനന്തരസമരത്തിലെ പ്രഖ്യാപിത ലക്ഷ്യങ്ങളിൽ ഒന്നായിരുന്നു. ഈ കീഴ്‌വർഗത്തിന് 'ഹരിജൻ ' എന്നു പേരുനൽകി ആ ജനവിഭാഗത്തെ ജാതിപ്പേരുകളിൽ നിന്ന് മോചിപ്പിച്ച് സാമൂഹികമായി ഉയർത്താൻ ഗാന്ധിജി ശ്രമിച്ചു. എന്നാൽ ഈ പദം അംബേദ്കറുടെ അനുയായികൾക്ക് ഇഷ്ടമായില്ല. സർക്കാർ രേഖകളിൽ ഈ വിഭാഗം പട്ടികജാതി പട്ടികവർഗം എന്നറിയപ്പെടാൻ തു

ടങ്ങി. അപ്പോഴും അനിഷ്ടം തലയുയർത്തി. ഒടുവിൽ 'ദലിത്' എന്ന പദം സാർവത്രികമായി ഉപയോഗത്തിൽ വന്നു. 1930 ലാണ് ആദ്യം ഈ പദം ഉപയോഗിച്ചുകാണുന്നത്. ദല് - ദൾ- പദത്തിൽ നിന്നാണ് ദലിത് പദത്തിന്റെ ഉല്പത്തി. ഈ പദത്തിൽ വാച്യാർഥം പിളർക്കപ്പെട്ട, ഖണ്ഡിക്കപ്പെട്ട, ചവിട്ടിതാഴ്ത്തപ്പെട്ട, നശിപ്പിക്കപ്പെട്ട എന്നെല്ലാമാണ്. ശരണമറ്റവർ, ആശ്രയമറ്റവർ എന്നീ അർഥങ്ങളും ഉണ്ട്. സമൂഹത്തിന്റെ പ്രബലമായ പൊതുധാരയിൽ നിന്ന് അകറ്റി നിർത്തപ്പെട്ടവർ എന്നു സാരം. 1972-ൽ ബോംബെ കേന്ദ്രമായി ദലിത് പാന്തേഴ്സ് പ്രസ്ഥാനം രൂപം കൊണ്ടു. ദലിതരുടെ സാർവത്രികമായ സ്വാതന്ത്ര്യവും വിമോചനവുമാണ് പ്രസ്ഥാനത്തിന്റെ പ്രവർത്തന ലക്ഷ്യം.

ദലിത് സമൂഹത്തിന് പ്രത്യേക ഭാഷയുണ്ട് ശൈലികളും പഴഞ്ചൊല്ലുകളുമുണ്ട്. അതു പോലെതന്നെ സാഹിത്യവും, നമ്മുടെ നാടോടി സംസ്കാരവും, കലാരൂപങ്ങളും ഈ പ്രത്യേക വർഗത്തിന്റെ തനതു സമ്പത്താണ്. ദളിത് സാഹിത്യം ഒരു പ്രത്യേക സാഹിത്യപ്രസ്ഥാനമായി വളരാൻ തുടങ്ങിയിരിക്കുന്നു. മറാഠി ഭാഷയിലാണ് പ്രസ്ഥാനത്തിന്റെ ആവിർഭാവമെങ്കിലും കന്നടയിലും തെലുങ്കിലും ശക്തി പ്രാപിച്ചു കൊണ്ടിരിക്കുന്നു. ദലിത് സാഹിത്യത്തെക്കുറിച്ചുള്ള അവബോധം മലയാളത്തിലും ഉണ്ടായിരിക്കുന്നു. അധഃസ്ഥിത ജനവിഭാഗത്തിന്റെ, സമൂഹത്തിന്റെ അടിത്തട്ടിൽ കിടക്കുന്നവരുടെ ജീവിതം ആ വിഭാഗത്തിൽപ്പെട്ടവർ തന്നെ ആവിഷ്കരിക്കുന്നതാണ് ദളിത് സാഹിത്യം.

കീഴാളരുടെ സ്വത്വാവിഷ്കാരമാണ് കീഴാളസാഹിത്യത്തിന്റെ ലക്ഷ്യം. മറ്റേതൊരു സാഹിത്യവിഭാഗത്തെ എന്ന പോലെ കീഴാളസാഹിത്യവും മനുഷ്യ സ്വാതന്ത്ര്യത്തെ സംബന്ധിച്ച ഉത്കണ്ഠകളാണ് പങ്കുവയ്ക്കുന്നത്. ദൈവത്തേയും മതത്തേയും ജാതിയേയും നിഷേധിച്ചുകൊണ്ട് തങ്ങളുടേതായ സൗന്ദര്യബോധം ഉണ്ടാക്കാനുള്ള സ്വാതന്ത്ര്യാഭിവാഞ്ഛയാണ് അതിൽ കാണുന്നത്. സാഹിത്യം പഠിപ്പിക്കുകയും ചലിപ്പിക്കുകയും ചെയ്യണമെന്ന നിർബന്ധവും കീഴാളസാഹിത്യത്തിനുണ്ട്. ജാതികേന്ദ്രിതമായ സാഹിത്യബോധത്തിൽ നിന്നുള്ള വിടുതലും അതിനെ തകർക്കലുമാണ് അതിന്റെ ലക്ഷ്യം. സവർണ സാഹിത്യം ഒരധീശത്വ മൂല്യമണ്ഡലം നിലനിർത്തിക്കൊണ്ട് കീഴാളരെ തകർക്കുകയും നിർവീര്യമാക്കുകയും ചെയ്യുന്ന സന്ദർഭത്തിൽ ഒരു സമാന്തര സാഹിത്യം വേണമെന്ന കാഴ്ചപ്പാടാണ് ഇതിനു പിന്നിലുള്ളത്. മേലാള സമൂഹം സാഹിത്യത്തെ നിർവചിക്കുകയും അതിന് ചില ചട്ടക്കൂടുകൾ നിർമിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ സാഹിത്യം മനുഷ്യന്റെ നന്മയ്ക്കുള്ളതാണെന്നും അതാരുടേയും കുത്തകയല്ലായെന്നും കീഴാള സാഹിത്യം തെളിയിക്കുന്നു.

## Keywords

ദലിത് സാഹിത്യം - ജയമോഹൻ - നൂറു സിംഹാസനങ്ങൾ - കഥാപാത്രനിരൂപണം

## Discussion

### 4.2.1 ജയമോഹൻ

കന്യാകുമാരി ജില്ലയിലെ തിരുവരമ്പിൽ 1962 ഏപ്രിൽ-22 ന് ജനിച്ചു. കോമേഴ്സിൽ ബിരുദം. 1990-ൽ പ്രസിദ്ധീകരിച്ച റബ്ബർ എന്ന നോവലാണ് ആദ്യ കൃതി. വിഷ്ണുപുരം, പിന്തുടരും നിഴലിൽ, കുരൽ, കാട്, ഏഴാം ലോകം, ഇരവ്, കൊറ്റവൈ, ഒൻപത് ചെറുകഥാസമാഹാരങ്ങൾ എന്നിവ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സാഹിത്യനിരൂപണത്തിൽ ഇരുപത്തിരണ്ടു പുസ്തകങ്ങൾ, ഏഴു വോള്യങ്ങളിലായി പ്രസിദ്ധീകരിച്ച ഇന്ത്യൻതത്വചിന്ത, മഹാത്മാഗാന്ധിയെക്കുറിച്ചുള്ള സമഗ്രപഠനമായ ഇന്നത്തെ ഗാന്ധി, രാഷ്ട്രീയ ചിന്തകളുടെ ഏഴു പുസ്തകങ്ങൾ എന്നിവയാണ് മറ്റു പ്രധാന രചനകൾ, നെടുമ്പാതയോരം, ഉറവിടങ്ങൾ എന്നിവയാണ് മലയാള കൃതികൾ, കസ്തൂരിമാൻ, നാൻ കടവുൾ, അങ്ങടി തെരു, കടൽ എന്നീ സിനിമകളുടെ തിരക്കഥ ജയമോഹന്റേതാണ്. എം. ഗോവിന്ദൻ മുതൽ ബാലചന്ദ്രൻ ചുള്ളിക്കാട് വരെയുള്ള ആധുനിക മലയാള കവികളുടെ കവിതകൾ 'തർക്കാലമലയാള കവിതകൾ' എന്ന പേരിൽ തമിഴിൽ പുസ്തകമാക്കിയിട്ടുണ്ട്. മലയാളത്തിലെ അഞ്ച് യുവകവികളുടെ കവിതകൾ 'ഇൻറൈയ മലയാള കവിതകൾ' എന്ന പേരിൽ തമിഴിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 1991-ലെ ചെറുകഥയ്ക്കുള്ള കഥാപുരസ്കാരം, 1992-ലെ സംസ്കൃതി സമ്മാൻ പുരസ്കാരം എന്നിവ ലഭിച്ചിട്ടുണ്ട്.

1990കൾക്ക് ശേഷം സാഹിത്യത്തിലുണ്ടായ പുതിയ ഭാവുകത്വ പരിസരമായ ഉത്തരാധുനികതയുടെ ഭാഗമായാണ് ദലിത് സാഹിത്യം വികാസം പ്രാപിച്ചത്. ഈ കാലഘട്ടത്തിലാണ് ജയമോഹൻ സാഹിത്യരംഗത്ത് കടന്ന് വന്നത്. ഭാരതീയ പൗരാണിക തത്വചിന്താധാരയിലൂടെയുള്ള വിഭ്രമാത്മക രചനയായ 'വിഷ്ണുപുര'മാണ് ജയമോഹനെ സാഹിത്യരംഗത്ത് ശ്രദ്ധേയനാക്കിയത്. മഹാത്മാഗാന്ധിയുടെയും ടോൾസ്റ്റോയിയുടെയും മാനവിക ദർശനങ്ങളുടെ സ്വാധീനമാണ് ജയമോഹന്റെ രചനകളുടെ അന്തർധാര. തമിഴ് ഇതിഹാസ കാവ്യമായ ചിലപ്പതികാരത്തിന്റെ പുനരാഖ്യാനമായ കൊറ്റവൈ, മഹാഭാരതത്തെ അധികരിച്ച് എഴുതുന്ന പരമ്പരയായ 'വെൺമുരശ്' തുടങ്ങിയവ ശ്രദ്ധേയമായ രചനകളാണ്. ജീവിച്ചിരിക്കുന്ന മനുഷ്യരെപ്പറ്റി ജയമോഹൻ എഴുതിയ 'അറം' എന്ന കഥാപരമ്പരയിലെ രചനയാണ് ''നൂറ് സിംഹാസനങ്ങൾ'' എന്ന നോവലായി മാറിയത്. നായാടി വർഗത്തിൽ ജനിച്ച ഒരു ഐ.എ.എസ് ഉദ്യോഗസ്ഥൻ ജയമോഹനോട് പറഞ്ഞ ജീവിതാനുഭവമാണീ നോവൽ. കഥയിൽ നായകന്റെ പേരുമാത്രമേ മാറ്റിയിട്ടുള്ളു എന്നു നോവലിസ്റ്റ് പറയുന്നുണ്ട്. കോപ്പിറൈറ്റ് ഇല്ലാതെ ഇന്ത്യയിലുടനീളം പ്രചരിച്ചിട്ടുള്ള ഒരു ദളിത് രചനയാണ് 'നൂറ് സിംഹാസനങ്ങൾ'.

### 4.2.2 ദലിത് സാഹിത്യം

അവഗണിക്കപ്പെട്ടവന്റെ സാഹിത്യമാണ് ദലിത് സാഹിത്യം അഥവാ കീഴാളസാഹിത്യം. ''ദലിതർക്കുവേണ്ടി ദലിതരാൽ രചിക്കപ്പെടുന്ന ദലിതന്റെ സാഹിത്യമാണ് ദലിത് സാഹിത്യം.'' ദലിത് സാഹിത്യത്തെക്കുറിച്ച് പ്രധാനമായും മൂന്ന് അഭിപ്രായങ്ങൾ നിലനിൽക്കുന്നുണ്ട്. ദലിതർ എഴുതുന്നത്, ദലിതരെ കുറിച്ച് എഴുതുന്നതെല്ലാം, ദലിതർക്കു വേണ്ടി ദലിതർ എഴുതുന്നത്. ''ദലിതരാലും ദലിതരെക്കുറിച്ചും എഴുതപ്പെടുന്ന സാഹിത്യം.'' ഇങ്ങനൊരു നിർവചനവും ദലിത് സാഹിത്യത്തിനുണ്ട്.

അർജ്ജുൻ ഡാംഗ്ലേയുടെ പോയ്സൺഡ് ബ്രഡ് എന്ന ഗ്രന്ഥത്തിൽ ദലിത് സാഹിത്യത്തെ മതം, ജാതി തുടങ്ങിയവയുടെ പേരിൽ സാമൂഹ്യമായും സാംസ്കാരികമായും പീഡിപ്പിക്കപ്പെടുന്ന വിഭാഗത്തിന്റെ സാഹിത്യമെന്നു വിശാലമായി വിലയിരുത്തുന്നുണ്ട്. ദലിത് അവബോധത്തിന്റെ സാഹിത്യമാണ് ദലിത് സാഹിത്യം'' എന്ന് മറ്റൊരു വാദവുമുണ്ട്. ''ദലിതർക്കു വേണ്ടി മാത്രമാണ് ദലിതർ എഴുതുന്നത്'' എന്ന് ഗംഗാധർ പാണ്ഡവൻ അഭിപ്രായപ്പെടുന്നു. കവിയൂർ മുരളിയും ഇതേ വാദഗതിയാണ് അവതരിപ്പിക്കുന്നത്. മുഖ്യമായും ദലിതരിൽ ഊന്നുന്നതും ദലിതരുമായി ഐക്യപ്പെടുന്നതും

മുഴുവൻ ചൂഷണവിഭാഗത്തേയും ഉൾക്കൊള്ളാൻ വ്യാപ്തിയുള്ളതുമായ സാഹിത്യമാണ് ദലിത് സാഹിത്യമെന്ന് സാമാന്യമായി പറയാം. ഒരു ദലിത് സാഹിത്യകാരൻ അടിച്ചമർത്തപ്പെട്ടവന്റെയും അവഗണിക്കപ്പെട്ടവന്റെയും ദു;ഖാർത്തരായ ഒരു സമൂഹത്തിന്റെയും വക്താവാണ്. ജാതിയെച്ചൊല്ലിയുള്ള വിഷാദം, അതിക്രമങ്ങളുടെ ഭീകരത്വം തുടങ്ങിയ വിഷയങ്ങൾ എടുത്തുകാട്ടിക്കൊണ്ട് സവർണർ കുറിക്കുന്ന കുറിമാനങ്ങളും പൊഴിക്കുന്ന മുതലക്കണ്ണീരും ദലിത് സാഹിത്യമല്ല. എതിർപ്പിന്റെ സാഹിത്യമാണ് ദലിത് സാഹിത്യം. പ്രതികാരവാഞ്ഛ ജനിപ്പിക്കുകയെന്ന മൗലികധർമമാണ് ദലിത്സാഹിത്യത്തിന് നിർവഹിക്കാനുള്ളത്.

### 4.2.3 നൂറു സിംഹാസനങ്ങൾ

ജയമോഹന്റെ നൂറു സിംഹാസനങ്ങൾ എന്ന നോവലിൽ നായാടികുലത്തിൽ നിന്നു വന്ന ഐ. എ. എസ് ഓഫീസറുടെ കഥയാണ് പറയുന്നത്. അനുഭവങ്ങളുടെ വേനൽകാലങ്ങളും ഉഷ്ണവനങ്ങളും നിറഞ്ഞ ജീവിതത്തിന്റെ പുതിയ പൗരുഷ്യങ്ങൾ തേടുകയാണ് ഈ നോവൽ. അഞ്ച് അധ്യായങ്ങൾ ഉള്ള ഈ നോവലിൽ ഒരമ്മയും മകനും അയാളുടെ ഭാര്യയുമാണ് കേന്ദ്രകഥാപാത്രങ്ങൾ. അധഃസ്ഥിതവർഗമായ നായാടി വംശത്തിന്റെ കഥയാണിത്. ഇതിലെ കഥാപാത്രമായ ധർമ്മപാലൻ (കാപ്പൻ എന്നതാണ് യഥാർഥ നാമം) എന്ന വ്യക്തി നായാടികളുടെ വംശത്തിൽ നിന്ന് ഐ. എ. എസ് എന്ന ഉയർന്ന പദവിയിലേക്ക് വരുന്നു. അധഃസ്ഥിതനായതുകൊണ്ട് തന്നെ ആ പദവിയിൽ അദ്ദേഹത്തിന് വളരെയധികം പ്രശ്നങ്ങൾ നേരിടേണ്ടി വന്നിരുന്നു. ജില്ലാ ഭരണാധികാരിയായിട്ടു കൂടി അരികുവല്കരണത്തിന്റെ ദുരന്തങ്ങൾ ഏറ്റുവാങ്ങേണ്ടി വന്നയാളാണ് ധർമ്മപാലൻ എന്ന കാപ്പൻ.

''അമ്മ മരിക്കാൻ കിടക്കുന്ന വിവരം വന്നറിയിച്ചത് കുഞ്ഞൻ നായരായിരുന്നു'' എന്ന വാക്യത്തോടെയാണ് നോവൽ ആരംഭിക്കുന്നത്. ധർമ്മപാലന്റെ അമ്മയുടെ അതിദയനീയമായ അവസ്ഥയാണ് ഈ അധ്യായത്തിൽ വിവരിക്കുന്നത്. തുടർന്നങ്ങോട്ട് ആ ആശുപ്രതിയുടെയും മാതാവിന്റെയും അവസ്ഥ വ്യക്തമാക്കുന്നു. ഒരു ഷെഡ്ഡിൽ വെറും തറയിലാണ് കിടപ്പ്, ആശുപത്രിയൊന്നുമല്ല അത്, ആശുപത്രിയ്ക്ക് സമീപമുള്ള ഒരു ഇടിഞ്ഞ് പൊളിഞ്ഞ ഷെഡ്ഡാണ്. ഒരു ഓഫീസർ എന്ന നിലയക്ക് അദ്ദേഹത്തിന് അവിടെ പോകുകയെന്നത് തീർത്തും നാണക്കേട് ഉണ്ടാക്കുന്ന പ്രവൃത്തിയായി കീഴ്സഹപ്രവർത്തകർ കരുതുന്നു. അതിനാൽ അദ്ദേഹത്തിന്റെ കീഴുദ്യോഗസ്ഥൻ അദ്ദേഹത്തെ വിലക്കുന്നു. താൻ പോയി എന്താണെന്ന് വച്ചാ ചെയ്യാമെന്നും സാർ പോകേണ്ടതില്ലാ എന്നും കുഞ്ഞൻനായർ എന്ന ഗുമസ്തൻ അറിയിക്കുന്നു. എന്നാൽ കാപ്പൻ അതിന് തയ്യാറാകാതെ സ്വയം പോകുന്നു. അവിടെ ചെല്ലുമ്പോൾ ആശുപ്രതിയിലുള്ളവർ അദ്ദേഹത്തെ ബഹുമാനിക്കുന്നു. ഒരു രോഗിയെ കാണാനാണ് എത്തിയതെന്ന് അറിയിക്കുന്നു. ഡോക്ടർമാർ അവിടത്തെ അവസ്ഥ വിവരിക്കുന്നു. ഷെഡ്ഡ് മുഴുവൻ രോഗികളാണ്. പണ്ടെന്തോ ആവശ്യത്തിനായി ഉണ്ടാക്കിയ ഓടിട്ട ഷെഡാണ്. ഓടുകൾ പൊളിഞ്ഞ് വെളിച്ചം മുഴുവൻ അകത്തിറങ്ങിയിട്ടുണ്ട്. അതിന്റെ താഴെ ഷെഡ്ഡിനുള്ളിൽ തന്നെ പുല്ലും കളയും മുളച്ചിരുന്നു. വെറും നിലത്ത് കീറിയ ചാക്കുകളിലും പഴയ പനമ്പായകളിലുമായി ചവറ്റുകുനകളെ പോലെയാണ് രോഗികളുടെ കിടപ്പ്. ദ്രവിച്ചു തുടങ്ങിയ മനുഷ്യർ അധികവും വൃദ്ധരാണ്. മിക്കവാറും ആളുകൾക്ക് ബോധമില്ല. ചിലർ എന്തോ പുലമ്പികൊണ്ടിരുന്നു ഇതാണ് ആ ഷെഡ്ഡിലെ അവസ്ഥ. അവിടുത്തെ മൂന്നാമത്തെ ഷെഡ്ഡിലായിരുന്നു ഇദ്ദേഹത്തിന്റെ അമ്മയുടെ കിടപ്പ്, തുടർന്ന് അയാളുടെ അമ്മയുടെ അവസ്ഥയേയും രൂപത്തേയുമാണ് വിവരിക്കുന്നത്. ഒരു പായയിലാണ് കിടപ്പ്. വയറ് വലിയൊരു ചാക്കുപോലെ തോന്നിച്ചു. കൈയുംകാലും നീരുവച്ചിരിക്കുന്നു. വായ തുറന്നപടിയാണ്. കറുത്ത പല്ലും ഈനുമൊക്കെ കാണാം. തലമുടി ചാണകം പോലെ നിലത്തു കിടന്നു. ഇതാണ് ഇപ്പോഴത്തെ അവസ്ഥ. പെട്ടെന്ന് അദ്ദേഹത്തിന് അമ്മയുടെ പഴയരൂപം ഓർമ്മവന്നു. ആറടിപൊക്കം, കറുത്ത വട്ടമുഖം, നിറയെ വെളുത്ത പല്ലുകൾ, പനങ്കായകൾ മാതിരി ഉറച്ച മുലകളും വലിയ കൈയും കാലുമായി ശ്രീവൈകുണ്ഠം ക്ഷേത്രത്തിലെ കറുത്ത ശില്പം പോലെ തോന്നിച്ച രൂപമായിരുന്നു പണ്ട് അമ്മയ്ക്ക്.

ഡോക്ടർ പരിശോധിച്ചശേഷം അവരുടെ നില വിലെ അവസ്ഥയെ പറ്റി പറയുന്നു. കാപ്പൻ അത് തന്റെ സ്വന്തം അമ്മയാണെന്ന് ഡോക്ടറെ അറിയിക്കുന്നു. ഡോക്ടർക്ക് ഇതുകേട്ട് ഞെട്ടലു ണ്ടാവുന്നു. പിന്നീട് ഡോക്ടർ കാപ്പനോട് ക്ഷമ പറയുന്നു. അദ്ദേഹത്തിന്റെ നിർദ്ദേശ പ്രകാരം അമ്മയുടെ വസ്ത്രങ്ങളൊക്കെ മാറ്റി നല്ല വസ് ത്രങ്ങൾ ധരിപ്പിച്ച് ചികിത്സയ്ക്ക് വിധേയയാ ക്കുന്നു. അതിനു ശേഷം ഡോക്ടർ അയാളുടെ അവസ്ഥ വ്യക്തമാക്കുന്നു. താൻ എസ്. സി ക്വാട്ടയിൽ വന്നവനാണെന്നും അറിയിക്കുന്നു. ഇതുകേട്ട കഥാനായകനായ ഐ.എ.എസ് ഓഫീസറും പറയുന്നു, തന്റെ അവസ്ഥയും ഇതിൽ നിന്നും വ്യത്യസ്തമല്ലെന്ന്. താൻ ഇവി ടെയെത്തിയതിനെപറ്റി അദ്ദേഹം ഒരു നിമി ഷം ഓർക്കുന്നു. സിവിൽ സർവീസിന്റെ ഇന്റർ വ്യൂവിന് പങ്കെടുത്തപ്പോൾ തന്നോട് ചോദിച്ച ആദ്യത്തെ ചോദ്യം ജാതിയെ പറ്റിയുള്ളതാണെ ന്ന് അയാൾ ഓർക്കുന്നു. ഇന്റർവ്യൂ ബോർഡിനു മുന്നിൽ അയാൾ നായാടി വംശത്തിന്റെ പ്രത്യേ കത വിവരിക്കുന്നുണ്ട്. നായാടി എന്നാൽ അല ഞ്ഞു തിരിയുന്ന കുറവരാണ്. ഇവരെ കണ്ടാൽ തന്നെ അയിത്തമാണെന്നായിരുന്നു വിശ്വാസം. അതുകൊണ്ട് പകൽവെട്ടത്തിൽ സഞ്ചരിക്കാ നുള്ള സ്വാതന്ത്ര്യം ഇവർക്കില്ലായിരുന്നു. ഇവരെ നേർക്കു നേരെ കണ്ടാൽ ഉടൻ തന്നെ ഉയർന്ന ജാതിക്കാർ ഒച്ചയും ബഹളവും ഉണ്ടാക്കി ആളെ കൂട്ടി ചുറ്റിവളഞ്ഞ് കല്ലെടുത്ത് എറിഞ്ഞുകൊല്ലു കയാണ് പതിവ്. അതുകൊണ്ട് ഇവർ പകൽ മു ഴുവൻ കാടിന്റെ ഉള്ളിൽ ചെടികളുടെ ഇടയിൽ കുഴിതോണ്ടി അതിൽ കുഞ്ഞുകുട്ടികളുമായി പന്നികളെപോലെ ഒളിച്ചിരിക്കുകയാണ് പതിവ്. രാത്രി പുറത്തേക്കിറങ്ങി ചെറുപ്രാണികളെയും പട്ടികളേയും നായാടി പിടിക്കും. ഇവർ മൂധേ വിയുടെ അംശമുള്ളവരാണെന്ന് വിശ്വാസമുള്ള തുകൊണ്ട് ഇവർക്ക് തവിട്, എച്ചിൽ- ഭക്ഷണം, ചീഞ്ഞ വസ്തുക്കൾ തുടങ്ങിയവയൊക്കെ ചി ലർ വീട്ടിൽനിന്ന് വളരെ അകലെ കൊണ്ടുവ യ്ക്കുന്ന പതിവുണ്ട്. ഇവർ കൈയിൽ കിട്ടുന്ന എന്തും തിന്നും. പുഴുക്കൾ, എലികൾ, ചത്തു പോയ ജീവികൾ എല്ലാം ചുട്ടുതിന്നും. മിക്കവാ റും പച്ചക്കറികളും കിഴങ്ങുവർഗങ്ങളും പച്ചയോ ടെ കഴിക്കും. പൊതുവെ ഇവർ കുറിയ കറുത്ത മനുഷ്യരാണ്. നീളമുള്ള വെളുത്ത പല്ലുകളും വലിയ വെളുത്ത കണ്ണുകളും ഉള്ളവരാണിവർ. ഇതാണ് നായാടികളുടെ ഒരു പൊതു സവിശേ ഷത എന്ന് കഥാനായകൻ ഇന്റർവ്യൂ നടത്തിയ ഉദ്യോഗസ്ഥരെ അറിയിച്ചു. ഇന്റർവ്യൂവിന്റെ മറ്റൊരു ചോദ്യം വളരെ വിചിത്രമായിരുന്നു. നി ങ്ങൾ ഓഫീസറായി പണിയെടുക്കുന്ന സ്ഥല ത്ത് നിങ്ങൾ വിധി പറയേണ്ട ഒരു കേസിൽ ഒരു ഭാഗത്ത് ന്യായവും മറുഭാഗത്ത് ഒരു നായാടിയും ഇരുന്നാൽ നിങ്ങൾ എന്ത് തീരുമാനമാണ് എടു ക്കുന്നതെന്ന് ചോദിക്കുകയുണ്ടായി. ഇത്കേ ട്ട് ധർമ്മപാലന്റെ തലയിൽ ചോര ഇരച്ചുകയറി. നായാടി എന്ന തന്റെ സമുദായത്തെ അല്ലെങ്കിൽ താൻ ഉൾപ്പെടുന്ന സമൂഹത്തെ ചോദ്യം ചെയ്യു ന്നതുപോലെ അദ്ദേഹത്തിന് തോന്നി. ന്യായം എന്നാൽ എന്താണെന്ന താൻ മറുചോദ്യം ചോ ദിച്ച കാര്യം അയാളോർക്കുന്നു. ജോലിയിൽ നിയമിതനായ ആ കാലയളവിൽ തന്നെ താൻ ആരാണെന്നും തന്റെ സ്ഥാനം എന്താണെന്നും അയാൾക്ക് ബോധ്യമായി. എവിടെയും ജാതീ യമായ വേർതിരിവാണ് കാണാൻ കഴിഞ്ഞത്. എനിക്ക് എന്റെ കസേരയ്ക്ക് വേണ്ടി പൊരു താമായിരുന്നു, പക്ഷേ ഞാനത് ചെയ്തില്ല. എന്തെന്നാൽ അത് എന്റെ അല്പത്തരമായി വ്യാഖ്യാനിക്കുമെന്ന് എനിക്ക് തോന്നി. പിന്നീട് എനിക്ക് ഒരിക്കലും അധികാര വാഴ്ചയിൽ നിന്ന് പുറത്ത് കടക്കാൻ സാധിച്ചിട്ടില്ല സാധി ക്കുകയുമില്ല എന്നൊരു തിരിച്ചറിവും ഉണ്ടായി. ഈ വിവരണത്തോടു കൂടിയാണ് ഒന്നാമധ്യായം അവസാനിക്കുന്നത്.

രണ്ടാം അധ്യായത്തിൽ അമ്മയുടെ ദയനീ യമായ അവസ്ഥയുടെ തുടർച്ചയാണുള്ളത്. അദ്ദേഹം അമ്മയെ ആശുപത്രിയിൽ പ്രവേശിപ്പി ക്കുന്നു. താൻ അമ്മയെ കണ്ട വിവരം അയാൾ ഭാര്യയോടു പറയുന്നു. പൊരുത്തക്കേടുകൾക്കി ടയിലും തന്നെ മനസിലാക്കിയിരുന്ന ഭാര്യയാണ് സുധയെന്നയാൾക്കറിയാം. പക്ഷെ അയാളുടെ അമ്മയുമായുള്ള മുന്നനുഭവങ്ങൾ വച്ചുകൊ ണ്ട് ഭാര്യയ്ക്ക് ഈ വിഷയത്തോട് താല്പര്യ മില്ലാത്ത അവസ്ഥയാണ്. ഈ അധ്യായത്തിൽ തന്നെയാണ് കാപ്പന്റെ കുടുംബ പശ്ചാത്തലം വ്യക്തമാക്കപ്പെടുന്നത്. കാപ്പൻ ധർമ്മപാലൻ എന്ന വ്യക്തിയായി പരിണമിച്ച പശ്ചാത്തല

ങ്ങൾ ഇവിടെ വിശദമാക്കുന്നു. ആശുപ്രത്രിയിൽ എത്തിച്ചതിന് ശേഷം അമ്മയുടെ അവസ്ഥയിൽ കാര്യമായ പുരോഗതിയുണ്ടെന്ന് ഡോക്ടർമാർ അയാളെ അറിയിക്കുന്നു. അമ്മയുടെ അവസ്ഥ യെ അയാൾ കൗതുകത്തോടെ വീക്ഷിക്കുന്നു. കവിളുകളിലും നെറ്റിയിലും കഴുത്തിലുമൊക്കെ വ്രണങ്ങൾ കരിഞ്ഞുതുടങ്ങുന്ന പാടുകൾ. ചില പാടുകൾ വളരെ ആഴത്തിലുള്ളവയാണ്. നെറ്റിയിൽ ഒരു വലിയ പാട് കണ്ടാൽ തലയോട്ടി തന്നെ പൊട്ടിയിട്ടുണ്ടാവുമെന്ന് തോന്നും. അയാൾ അപ്പോൾ ഓർത്തത് തന്റെ അമ്മ ഒരിക്കൽപോലും ആശുപ്രതിയിലേക്ക് പോയിട്ടുണ്ടാവില്ല, വ്രണങ്ങൾ ചീഞ്ഞ് പഴുത്ത് പുഴുവരിച്ച് സ്വയം ഭേദപ്പെട്ടതായിരിക്കണം. പട്ടികളോടും മറ്റ് മനുഷ്യരോടും കലഹിച്ച വ്രണങ്ങൾ. ആരൊക്കെയോ കല്ലുകൊണ്ടും കമ്പുകൊണ്ടും അടിച്ചു വ്രണങ്ങൾ. ചായക്കടകളിലെ ചൂടുവെള്ളം കോരിയൊഴിച്ചുണ്ടായവയാണ് അവയിൽ അധികവും. നായാടികളുടെ ജീവിതാവസ്ഥയാണിവിടെ പരാമർശിക്കുന്നത്.

തന്റെ ഗുരുവായ പ്രജാനന്ദസ്വാമിയെയും അദ്ദേഹത്തിന്റെ ആശ്രമത്തെയും കാപ്പൻ സ്മരിക്കുന്നത് നോവലിലെ ശ്രദ്ധേയമായ ഒരു ഭാഗമാണ്. കാപ്പന്റെ ജീവിതത്തെയാകെ മാറ്റിമറിച്ചത് സ്വാമിജിയാണ്. അദ്ദേഹം കാപ്പനെ ആശ്രമത്തിലേക്ക് കൊണ്ടുപോയി. അവിടെ ധാരാളം തെരുവുകുട്ടികളുണ്ടായിരുന്നു. ആറ്റിൽ ഇറങ്ങി കുളിക്കണം, അവർ നല്കുന്ന വസ്ത്രം ധരിക്കണം, അവിടെയുള്ള ഷെഡ്ഡിൽ കയറിയിരുന്ന് പ്രാർഥിക്കണം, അതിന് ശേഷം ചോറു നൽകും ഇതാണ് ആശ്രമത്തിലെ രീതി. ചോറെന്ന് പറയുന്നത് ഒരു തരം താല്പര്യമാണ്. പാട്ടും അക്ഷരവും പഠിക്കാൻ മാത്രമല്ല ആശ്രമത്തിലേക്ക് പോയത്, നിറച്ചും ചോറുകിട്ടുമെന്നുള്ള ആഗ്രഹത്താലാണ്. കുട്ടികൾ കൂടുതൽ വരാനാണ് ചോറ് കൊടുത്തിരിക്കുന്നത് എന്നതും ഒരു വാസ്തവമാണ്. പ്രജാനന്ദൻ തുടങ്ങിയ ആശ്രമത്തിലെ പള്ളിക്കൂടം നടത്തിയിരുന്നത് ബോധാനന്ദനായിരുന്നു. കറുത്ത നീണ്ട താടിയും സ്ത്രീകളെ പോലെ തലമുടിയുമുള്ള പൊക്കം കുറഞ്ഞ ബലിഷ്ഠൻ. ഇതാണ് ബോധാനന്ദന്റെ രൂപം. ബോധാനന്ദന്റെ പള്ളിക്കൂടത്തിൽ ചെന്ന് കാപ്പൻ പഠിച്ചു തുടങ്ങി. ധാരാളം കുട്ടികൾ അവിടെ പഠിക്കുന്നുണ്ടായിരുന്നു. ഇടയ്ക്ക് ഒരു ദിവസം അമ്മ വന്ന് കാപ്പനെ വിളിച്ചു കൊണ്ടുപോയി. ഇവിടെ അമ്മയെ 'അവൾ ' എന്നാണ് അഭിസംബോധന ചെയ്യുന്നത്. ജാതിയവും സാംസ്കാരികവുമായ ഒരു അടയാളമായി ഇതിനെ കണക്കാക്കാം. ഈ നോവലിലെ പ്രമേയം പ്രധാനമായും ചുറ്റിപ്പറ്റി നിൽക്കുന്നത് തിരുവനന്തപുരം ജില്ലയിലാണ്. നായാടികൾ എന്നത് അധഃസ്ഥിത വർഗമായതുകൊണ്ട് തന്നെ ചന്തകൾപോലും അവർക്കായി പ്രത്യേകം തിരിച്ചിരുന്നു. തോട്ടികൾക്ക് സഞ്ചരിക്കാനുള്ള പാത എന്നാണ് ഈ പാത അറിയപ്പെട്ടിരുന്നത്. ഇത് വിട്ടൊരു ജീവിതം അവർ ആഗ്രഹിച്ചിരുന്നുമില്ല. അതുകൊണ്ടാണ് ഇടയ്ക്കിടെ ആശ്രമത്തിൽ വന്ന് അമ്മ കാപ്പനെ വിളിച്ചു കൊണ്ടു പോകുന്നത്. ചോറിന്റെ ഓർമ്മ വന്നപ്പോൾ പിന്നെയും അയാൾ ആശ്രമത്തിലെത്തി. ഗുരുജിയുടെ പ്രിയപ്പെട്ടവനായി മാറി. ഗുരു അയാൾക്ക് ധർമ്മപാലൻ എന്ന് പേരിട്ടു. ദിവസങ്ങൾ കഴിഞ്ഞപ്പോൾ അമ്മ മകനെ അന്വേഷിച്ച് പിന്നെയും വന്നു. ഇത്തവണ അവർക്ക് സ്വാമിയോട് അപേക്ഷിക്കേണ്ടി വന്നു. മകനെ കാത്ത് അവർ ആശ്രമത്തിന്റെ പുറത്ത് തന്നെ ഇരുന്നു. അവർക്ക് ഒരു പാട് കുട്ടികൾ ജനിച്ചിട്ടുണ്ടെങ്കിലും അവരെല്ലാം മരിച്ചുപോയിരുന്നു. അവശേഷിച്ച കുട്ടി കാപ്പനായിരുന്നു. പക്ഷെ സ്വാമിജി കാപ്പനെ അമ്മയ്ക്കു വിട്ടുകൊടുത്തില്ല. പകരം സ്വാമിജി കാപ്പനെ പാലക്കാട് അയച്ച് പഠിപ്പിച്ചു. പിന്നീട് അങ്ങോട്ട് വളർച്ചയുടെ ഒരു ഘട്ടമായിരുന്നു. കൈയും കാലും ഉറച്ചു. ചുരുണ്ട മുടിയും വലിയ പല്ലുകളും പരന്ന മൂക്കും ഉള്ള ബലിഷ്ഠനായ, കുള്ളനായ ചെറുപ്പക്കാരനായി അയാൾ വളർന്നു. കൂട്ടിനുണ്ടായിരുന്ന വിശപ്പ് പതുക്കെ ഇല്ലാതായി. പിന്നീട് പഠിത്തത്തിലായി താല്പര്യം. എത്ര പഠിച്ചാലും അയാൾക്ക് മതിവരില്ലായിരുന്നു. പഠിത്തം ഒരു ഉപാസന പോലെ കൂടെ കൊണ്ട് നടന്നു. പ്രജാനന്ദന്റെ ട്രസ്റ്റിൽ നിന്നും പഠനത്തിനായി ഒരു ചെറിയ തുക ലഭിക്കുമായിരുന്നു. ഹോസ്റ്റലിലായിരുന്നു താമസം. ഹോസ്റ്റലിലും അയാൾ ഒറ്റയ്ക്കായിരുന്നു. കാരണം ഹോസ്റ്റലിൽ ഉണ്ടായിരുന്ന ഏക നായാടി അയാളായിരുന്നു. ഒരു പക്ഷേ നായാടി ആയതുകൊണ്ടാകാം മറ്റൊരാളും അയാൾക്കൊപ്പം താമസിക്കാൻ മുതിരാത്തത്. മറ്റുള്ളവർക്ക് ഉള്ളതുപോലുള്ള

യാതൊരു സ്വാതന്ത്ര്യവും അയാൾക്കില്ലായിരുന്നു. അധികാരത്തിന്റെ സ്വരമായിരുന്നു എങ്ങും. അതുകൊണ്ടു തന്നെ അയാൾ എപ്പോഴും അധികാരത്തിന് മുന്നിൽ നിശബ്ദനായിരുന്നു. അത്തരം നാളുകളിൽ അയാൾ അമ്മയെ കണ്ടിട്ടില്ലെന്ന് ഓർക്കുന്നു. പ്രജാനന്ദന്റെ ഉപദേശപ്രകാരമാണ് സിവിൽ സർവീസിലേക്ക് പോയത്.

ഒരിക്കൽ സ്വാമിജിയെ കാണാനെത്തിയ ധർമ്മപാലനോട് അദ്ദേഹം ഇംഗ്ലീഷ് ഭാഷയെ പുകഴ്ത്തി സംസാരിച്ചു. നല്ല ഇംഗ്ലീഷ് പറയാത്തവൻ ആധുനിക മനുഷ്യനല്ല. ഇംഗ്ലീഷ് പറയാത്തിടത്തോളം കാലം നീ വെറുമൊരു നായാടിയാണെന്ന് അദ്ദേഹം പറഞ്ഞു. അതിനുശേഷം തുടർപഠനത്തെപ്പറ്റി സംസാരിച്ചു. പഠനത്തിനായി ട്രസ്റ്റിൽ നിന്ന് പണമനുവദിച്ചിട്ടുണ്ടെന്ന് സ്വാമി അറിയിച്ചു. അനുഗ്രഹങ്ങൾ നൽകി. ധൈര്യം വേണം ഒടുങ്ങാത്ത ധൈര്യം വേണമെന്ന് അയാളോടു സ്വാമിജി പറയുന്നു, മാത്രമല്ല ഒപ്പം ഇത്രയും കൂടി പറഞ്ഞു. അമ്മയെ കൈവിടരുതെന്നും അവളെയും ഒപ്പം കൂട്ടണമെന്നും അവൾ ഒന്നുമറിയാത്ത ഒരു കാട്ടുമൃഗമാണെന്നും അമ്മയോട് പ്രായശ്ചിത്തം ചെയ്യണമെന്നും പറയുന്നു. ഗുരുവാക്യം ശിരസാവഹിച്ച് അന്നു മുഴുവൻ കഥാനായകൻ അമ്മയെ തേടി തിരുവനന്തപുരം നഗരം മുഴുവൻ അലഞ്ഞുതിരഞ്ഞു. അമ്മയെ കണ്ടുപിടിക്കാൻ ഏതെങ്കിലും നായാടിയുടെ സഹായം തേടാമെന്ന് കരുതുന്നു. പിന്നീട് എന്തുചെയ്യും എന്ന ആശങ്കയിൽ നഗരം മുഴുവൻ ചുറ്റി സഞ്ചരിക്കുന്നു. നേരം പുലർന്നതിന് ശേഷം കഥാനായകൻ പാലക്കാട്ടേക്ക് പോകുന്നു. അവിടുന്ന് ചെന്നൈയിലേക്കും ആ സമയവും അയാൾ അമ്മയെപ്പറ്റി ഓർക്കുന്നു. അമ്മയ്ക്ക് താൻ എന്ത് പ്രായശ്ചിത്തമാണ് ചെയ്യുക എന്ന് ചിന്തിക്കുന്നു. തനിക്ക് വേണ്ടി അമ്മ ആശ്രമപരിസരത്ത് വന്നിരുന്ന് വിളിക്കുന്നതും കരയുന്നതുമെല്ലാം കഥാനായകൻ ഓർക്കുന്നു. തനിക്ക് എന്താണ് ചെയ്യാനാകുക എത്ര വലിയ ഭാരമാണ് സ്വാമി തന്റെ മീതെ പൊക്കിവച്ചിരിക്കുന്നത്. എന്നൊക്കെയുള്ള ചിന്താകുഴപ്പത്തിൽ രണ്ടാമധ്യായം അവസാനിക്കുന്നു.

മൂന്നാം അധ്യായത്തിൽ ജോലി ലഭിച്ചു ശേഷം അമ്മയെ അന്വേഷിച്ചു കണ്ടുപിടിച്ചു കാര്യമാണുള്ളത്. ഇതിനിടയിൽ ഗുരുനാഥനായ സ്വാമി മരിച്ചു എന്ന വാർത്ത വരുന്നു. ഗുരുനാഥന്റെ അവസാന വാക്കുകൾ അയാളോർക്കുന്നു. അയാൾ അമ്മയെ പോലീസിന്റെ സഹായത്താൽ വലിയ ബുദ്ധിമുട്ടൊന്നുമില്ലാതെ കണ്ടുപിടിക്കുന്നു. ജീപ്പിനുള്ളിൽ ഇരുന്ന് നിലവിളിക്കുന്നത് തന്റെ അമ്മയാണെന്ന് ഉറപ്പിക്കാൻ അയാൾക്ക് നിമിഷങ്ങൾ വേണ്ടിവന്നു. പൊറ്റപിടിച്ച ദേഹവും, മെലിഞ്ഞ് ഒട്ടിയ മുഖവും, ദ്രവിച്ച വസ്ത്രങ്ങളുമായി തൊഴുതുകൊണ്ട് കണ്ണീരോടെ കുത്തിയിരുന്ന ആ സ്ത്രീയെ പുറത്തിറക്കാൻ കോൺസ്റ്റബിൾമാർ ലാത്തികൊണ്ട് അടിച്ച് ആക്ഷേപിക്കുന്നതൊക്കെ അയാൾക്ക് കാണേണ്ടിവന്നു. അയാളുടെ ആവശ്യപ്രകാരം ആ സ്ത്രീയെ അയാളുടെ ബംഗ്ലാവിൽ എത്തിക്കുന്നു.

പിന്നീട് കഥാനായകനും അമ്മയും തമ്മിലുള്ള സമാഗമമാണ്. എന്നാൽ അവർ അയാളെ ഭയക്കുന്നു. അയാൾ സ്വയം പരിചയപ്പെടുത്തുന്നു. അമ്മേ ഇത് ഞാനാണ് കാപ്പൻ; അമ്മയുടെ മകൻ എന്ന് പറയുന്നു. അയാൾ അവരുടെ കൈയിൽ തൊട്ടു. എന്നാൽ ആ സ്ത്രീ ഏതോ അധികാരിയാണെന്ന് ഭയന്ന് ''തമ്പ്രാ'' ''പൊന്നു തമ്പ്രാ'' എന്ന് വിളിച്ചുകരയുന്നു. അപ്പോൾ തന്നെ അയാളോർത്തത് അവരുടെ മകനായി താനുണ്ടായിരുന്ന കാലഘട്ടത്തെയാണ്. പണിക്കാരോട് പറഞ്ഞ് അവർക്ക് ചോറുകൊടുക്കുന്നു. ഊണു കഴിച്ചു കഴിഞ്ഞപ്പോൾ അവർ ശാന്തയായി. അവർക്ക് മകന്റെ സ്നേഹം മനസിലായി. മകൻ വീണ്ടും സ്വയം പരിചയപ്പെടുത്തുന്നു. അമ്മേ ഇതു ഞാനാണ് കാപ്പൻ. നിന്റെ മോൻ. അവർ അതു മനസിലാക്കിയതുപോലെ തലയാട്ടി. ശേഷം അയാളുടെ മുഖത്തെ പാടുകളിലും വ്രണങ്ങളിലുമൊക്കെ കൈകൾ പരതി. നായാടികൾ പരസ്പരം തിരിച്ചറിയുന്നത് പാടുകളിലും വ്രണങ്ങളിലും കൂടിയാണ്. അവർ മകനെ പെട്ടെന്ന് തിരിച്ചറിഞ്ഞത്. ''ലേയ് കാപ്പാ'' എന്നു നിലവിളിച്ചു കെട്ടിപ്പിടിച്ചു. പിന്നീട് സ്നേഹപ്രകടനമായിരുന്നു. ഒരമ്മയും മകനും തമ്മിലുള്ള ആഴത്തിലുള്ള ബന്ധം ഇവിടെ വ്യക്തമാക്കുന്നു. ഈ സമയം ഭാര്യ അവിടെയെത്തി അയാളെ ആശ്വസിപ്പിക്കുന്നു. അതിന് ശേഷം കഥാനായകൻ തിരുവനന്തപുരം നഗരം ചുറ്റി സഞ്ചരി

ക്കുന്നു. മഞ്ഞയുടുത്ത് കണ്ണാടിപ്പെട്ടിക്കുള്ളിൽ ഇരിക്കുന്ന നാരായണഗുരു. അയാളോട് ''മാറിപ്പോടാ'' എന്നു പറയുന്നതു പോലെ തോന്നിയത്രെ. അടുത്തായി പ്രജാനന്ദനെ അടക്കിയ ശ്മശാനമാണ് അയാൾ കണ്ടത്. ആരും ശ്രദ്ധിക്കാതെ കാടുപിടിച്ചു കിടക്കുന്ന ഒരു കറുത്ത കൽവിളക്ക് മരിച്ചീനിയും കാച്ചിലുമുള്ള കാടായി കിടക്കുന്നു. അദ്ദേഹം ജീവിച്ചു എന്നതിന് രേഖകളൊന്നുമില്ല. ധർമ്മപാലനെ പോലുള്ളവരുടെ ഓർമ്മകളിലൂടെ മാത്രമാണ് സ്വാമിയുടെ ജീവിതം.

അയാളുടെ മനസിൽ അമ്മയെക്കുറിച്ചുള്ള ഓർമ്മകൾ മറ്റൊന്നായിരുന്നു. അമ്മയ്ക്ക് എല്ലാവിധ സൗകര്യങ്ങളും കൊടുത്ത് അയാൾ അവരെ അവരുടെ വീട്ടിൽ താമസിപ്പിക്കുന്നു. പുതിയ വസ്ത്രങ്ങൾ ധരിക്കാൻ അവർക്ക് നൽകിയെങ്കിലും അവരതിന് കൂട്ടാക്കിയില്ല. പകരം എന്നും അവരോടൊപ്പം ഇറങ്ങി വരണമെന്നായിരുന്നു അവരുടെ ആവശ്യം. ''കാപ്പാ'' ''മക്കാ'' എന്നീ പേരുകളിലാണ് അവർ മകനെ അഭിസംബോധന ചെയ്യുന്നത്. കസേരയിൽ ഇരിക്കുന്നതുപോലും എന്തോ വലിയ തെറ്റു ചെയ്യുന്നതുപോലെ അവർക്ക് തോന്നി. ഒരു പക്ഷേ അധികാരവും കസേരയുമൊക്കെ ഉയർന്നവർക്ക് പറഞ്ഞിട്ടുള്ളതു കൊണ്ടായിരിക്കാം. നായാടികൾക്ക് അധികാരങ്ങളൊന്നും പറഞ്ഞിട്ടുള്ളതല്ലല്ലോ. അതുകൊണ്ടു തന്നെ അവർ അധികാരത്തെയും അധികാരി വർഗത്തേയും ഭയന്നിരുന്നു. എപ്പോഴും ആ സ്ത്രീ ''കാപ്പാ മക്കാ കശേര വേണ്ട കളസം വേണ്ടാ'' എന്നു വിളിച്ചുകൊണ്ടിരിക്കും. ചവറും ചീയലും തിന്ന് തെരുവുകളിൽ ഉറങ്ങി അലയുന്നതിൽ അവർ സന്തോഷം കണ്ടെത്തിയിരുന്നു. അതുകൊണ്ടുതന്നെ അടച്ചുപൂട്ടിയ വീട്ടിൽ കഴിയുന്നത് അവർക്ക് വലിയ അരാജകത്വം സൃഷ്ടിച്ചു.

അധികാരത്തിന്റെ അകത്തളങ്ങളെക്കുറിച്ചാണ് ഈ അധ്യായത്തിൽ തുടർന്നു പറയുന്നത്. അധികാരം എന്നത് എന്നും ഒരു കൂട്ടുപ്രവൃത്തിയാണ്. ഭരണത്തിൽ ഇടപെട്ടുതുടങ്ങുന്ന അധികാരി ആദ്യം അധികാരത്തിന്റെ രുചിയറിയുന്നു. കൂടുതൽ അധികാരത്തിനായി അവന്റെ മനസ് മോഹിക്കുന്നു. അതിനായി അവൻ സ്വയം മാറുന്നു. മാറിക്കൊണ്ടിരിക്കുന്നു. ഏതാനും കൊല്ലങ്ങൾക്കു ശേഷം അവൻ ഭരണത്തിലുള്ള മറ്റ് ഏതൊരു അധികാരിയെയും പോലെ മാറിയിട്ടുണ്ടാവും. അവൻ കൊണ്ടുവന്ന ആദർശവും ചിന്തകളും ഒക്കെമാറും. അവന്റെ ഭാഷ, ഭാവങ്ങൾ, വിശ്വാസങ്ങൾ മാത്രമല്ല അവന്റെ മുഖം, രൂപം എല്ലാം തന്നെ മറ്റുള്ളവരെപ്പോലെ ആയിത്തീരും. ഇങ്ങനെയൊക്കെയാണ് കഥാനായകൻ ആഗ്രഹിച്ചത്. എന്നാൽ അധികാരികൾ അധികാരത്തിന്റെ ചട്ടക്കൂടിനുള്ളിൽ ഒതുക്കി നിർത്തി,നഗരത്തിലെ മൃഗശാലയിൽ കൂട്ടിൽ കിടക്കുന്ന മൃഗമായി മാറി. ദേഷ്യപ്പെടാൻ പോലുമുള്ള സ്വാതന്ത്ര്യമില്ലായിരുന്നു. അത് ജാതിയുടെ സംസ്കാരമായി വ്യാഖ്യാനിക്കപ്പെടാം. പോരാടും തോറും അത് അതിരുവിട്ട അധികാരമോഹമായി വ്യാഖ്യാനിക്കപ്പെട്ടു. എന്നാൽ മിണ്ടാതിരുന്നാലോ അത് കഴിവില്ലായ്മയായി വ്യാഖ്യാനിക്കാം. കുറ്റബോധവും വിഷാദവും ഏകാന്തതയും തലമുറയുടെ മാനസിക പ്രശ്നങ്ങളായി വ്യാഖ്യാനിക്കപ്പെട്ടു. അയാളുടെ ഭാര്യയും ഒരു ഉദ്യോഗസ്ഥയായിരുന്നു. പുരോഗമന ചിന്തയുള്ള പരന്ന മനസുള്ള ആധുനിക സ്ത്രീ അതായിരുന്നു അവർ. ബഹുജനകോടതി എന്ന ജനസമ്പർക്ക പരിപാടിയുടെ പരിഹാസ്യത ഈ ഭാഗത്ത് പറയുന്നുണ്ട്. ചിലർക്ക് ഞാൻ ദൈവസ്ഥാനത്തായിരുന്നു. കൈക്കൂപ്പി കണ്ണുനീരൊഴുക്കി കൊണ്ടുവരുന്നവർ, കാലിൽ വീണ് പൊട്ടിക്കരയുന്ന വൃദ്ധകൾ, അവഗണിക്കപ്പെട്ട സ്ത്രീകളുടെ ഉൾവലിഞ്ഞ അപമാനം, അനീതിക്കിരയായവരുടെ എങ്ങോട്ടൊന്നില്ലാത്ത, ശേഷം ഒന്നുമറിയാത്ത പാവങ്ങളുടെ പ്രതീക്ഷ നിറഞ്ഞ നോട്ടങ്ങൾ അങ്ങനെയങ്ങനെ നീളുന്നു. എന്നെ കണ്ടാൽ തന്നെ എല്ലാ പ്രശ്നവും തീരുമെന്ന് അവർ വിശ്വസിക്കുന്നു. ''നോക്കാം ശരി നോക്കാം'' എന്ന സമാധാന വാക്കുകൾ നൽകി ഓരോരുത്തരെയും പറഞ്ഞയയ്ക്കുന്നു. ഒരു യന്ത്രമാണ് താനെന്ന് അയാൾക്ക് ബോധ്യമാവുന്നു. ഇത്തരം അവസ്ഥകൾ കാണുമ്പോൾ വസ്ത്രങ്ങൾ വലിച്ചൂരിയെറിഞ്ഞ് അവരോടൊപ്പം ഇറങ്ങിച്ചെന്ന് ഒരു സാധാരണ നായാടിയായി നരിക്കുറവനായി ജീവിക്കാൻ തോന്നിപ്പോകുന്നു.

ഇടയ്ക്കെപ്പോഴോ അയാൾ സ്വാമി പ്രജാനന്ദനെ ഓർത്തു. അയാൾ പറഞ്ഞ വചനങ്ങൾ ഓർത്തു. അമ്മയെ പറഞ്ഞയയ്ക്കാൻ അയാൾ ആഗ്രഹിച്ചിരുന്നില്ല. സ്വാമിയോട് പറഞ്ഞ വാക്ക് പാലിക്കണം. എന്നാൽ അയാളുടെ ഭാര്യയും അമ്മയുമായി യാതൊരു തരത്തിലും പൊരുത്തപ്പെട്ട് പോകില്ലായിരുന്നു. എപ്പോഴും അവർ തമ്മിൽ വഴക്കാണ്. രണ്ട് പേരും അവരവരുടെ ശരിയുടെ പക്ഷത്ത് നിൽക്കുന്നു. ഇയാൾക്ക് അവരെ രണ്ടുപേരെയും വിഷമിപ്പിക്കാൻ കഴിയുന്നില്ല. അയാളുടെ ഭാര്യ സഹികെട്ട് വീടുവിട്ടു പോകാൻ തയ്യാറാകുന്നു. അയാൾ ചിന്താകുഴപ്പത്തിലാകുന്നു. എന്നാൽ അയാൾ അമ്മയെ ഉപേക്ഷിക്കാൻ തയ്യാറല്ലായിരുന്നു. അവർ വീണ്ടും എന്തോ പുലമ്പുകയായിരുന്നു. കസേര വേണ്ട അത് തമ്പുരാക്കൻമാർക്കുള്ളതാണ് എന്നൊക്കെ. അതൊക്കെ ശരിയാണെന്ന് അയാൾക്കും തോന്നുന്നു. താൻ യജമാനൻമാരുടെ കസേരയിലാണ് ഇരിക്കുന്നതെന്നും അതിനുപകരമായി അവർ തന്നെ കൊല്ലുകയാണ് എന്നും അയാൾ വേദനയോടെ ഓർക്കുന്നു. എന്റെ മായകൾക്കും ജാടകൾക്കും അപ്പുറത്ത് നിന്നുകൊണ്ട് മാസ്മര വിദ്യയ്ക്ക് വശപ്പെടാത്ത മൃഗം പോലെ അമ്മ സത്യം തിരിച്ചറിയുകയാണോ എന്ന ചോദ്യവുമായി മൂന്നാം അധ്യായം അവസാനിക്കുന്നു.

നാലാം അധ്യായത്തിൽ അയാൾ സ്വയം വിലയിരുത്തുന്നു. താൻ തന്റെ കുറവുകൾക്കും ബലഹീനതകൾക്കും കാരണങ്ങൾ അന്വേഷിക്കുകയാണോ എന്ന് അയാൾ ചിന്തിക്കുന്നു. ഭാര്യ പറയുന്നതുപോലെ അയാളുടെ അപകർഷതാബോധം ആണോ അതോ അതുണ്ടാക്കുന്ന ഭാവനകളാണോ ഇതൊക്കെ എന്ന് അയാൾ ചിന്തിക്കുന്നു. എത്രയൊക്കെ പണി ചെയ്താലും ജാതീയമായി ചെന്നിടുന്ന മനുഷ്യചവറുകൾ തന്നെയാണ് ഇവർ. തന്റെ ആശുപത്രിയുടെ അവസ്ഥ അയാൾ റിപ്പോർട്ട് ചെയ്യുന്നു. പൊതു ആരോഗ്യത്തിനായി കോടികൾ ചെലവാക്കുന്നവർ ഇത്തരക്കാരുടെ ആവശ്യങ്ങളെ ശ്രദ്ധിക്കുന്നുപോലുമില്ല. ഇതിനെതിരെ അയാൾ റിപ്പോർട്ട് എഴുതി. കണ്ടതെല്ലാം വിശദമായി എഴുതി ഇതിനെതിരെ ഉടൻ നടപടി എടുക്കുമെന്ന് അയാൾ തീരുമാനിക്കുന്നു. എന്നാൽ അവരുടെ പ്രതികരണം എന്തായിരിക്കുമെന്ന് അയാൾക്ക് ഊഹിക്കാവുന്നതേയുള്ളു. അന്തസ്, അഭിമാനം തുടങ്ങിയ വാക്കുകളുടെ പൊരുൾ തന്നെ ഇല്ലാതായത് അയാൾ ഓർക്കുന്നു. ഇതിനിടയിൽ തന്റെ മകനോടുള്ള അമ്മയുടെ പ്രവൃത്തിയിൽ അയാൾ അങ്ങേയറ്റം ക്ഷുഭിതനായി. ഒരു ദിവസം അമ്മ തന്റെ കുഞ്ഞിനെ എടുത്ത് അപ്രത്യക്ഷയായി. പോലീസ് നഗരം മുഴുവൻ തിരഞ്ഞ് മുക്കാൽ മണിക്കൂറിനുള്ളിൽ നഗരത്തിലെ പ്രധാന ഹോട്ടലിലെ എച്ചിൽകൂനയിൽ നിന്നും അമ്മയേയും മകനേയും കണ്ടെത്തി. കൈയ്യിൽ കിട്ടിയ അഴുക്ക് മുഴുവനും അമ്മ കുഞ്ഞിനു കൊടുത്തിരുന്നു. സുധ ഓടി വന്ന് കുഞ്ഞിനെ പിടിച്ചു വാങ്ങി അവന്റെ വായിലും മാറിലും ഒക്കെ ചീഞ്ഞ ഭക്ഷണത്തിന്റെ അംശം ഉണ്ടായിരുന്നു. ഇത് കണ്ട ഞാൻ ''ഓടെടീ ..... ഓടെടീ നായേ ഇനി ഈ വീട്ടിൽ കാലുകുത്തരുത്. ഓട്... ഓട് എന്ന് അവരെ ശകാരിച്ചു.'' പിന്നെ സഹികെട്ട് മരിച്ചാലോ എന്ന് വരെ അയാൾ ചിന്തിച്ചു. അങ്ങനെ പല സ്ഥലങ്ങളിലും അയാൾ ആത്മഹത്യ ചെയ്തുകൊണ്ടേയിരുന്നു. അവസാനം അയാൾ സ്വന്തം അമ്മയെ വൃദ്ധസദനത്തിലാക്കുന്നു. ആവശ്യമുള്ള കാശ് നൽകുന്നു. എന്നാൽ ഇതിനിടയിൽ അയാളുടെ മകൻ വയറിളക്കവും ഛർദ്ദിയും പിടിച്ചു ആശുപ്രതിയിലായി. ചീഞ്ഞളിഞ്ഞ വസ്തുക്കൾ കഴിച്ചതാണ് കാരണം. എന്നാൽ അയാളും ഓർക്കുകയായിരുന്നു താനും ഈ പ്രായത്തിൽ ഇവയൊക്കെയാണല്ലോ കഴിച്ചിരുന്നത്. കുറെയധികം പേർ അപ്പോഴൊക്കെ മരിച്ചിരുന്നു. ഞാൻ എങ്ങനെയോ മരിക്കാതെ ജീവിച്ചു. മരിച്ച കുട്ടികളെ കാലിൽ പിടിച്ച് പൊക്കിയെടുത്ത് ചുഴറ്റി കരമനയാറിൽ എറിയുന്നതാണ് നായാടികളുടെ പതിവ്. അവസാനമായി അയാൾ തന്റെ അനുജത്തി മരിക്കുന്നത് ഓർക്കുന്നു. ചെറിയ കറുത്ത മുഖത്ത് ചെറിയവായ അതിൽ ഒറ്റപ്പല്ല് 'ത്തിന്നാ, ത്തിന്നാ ' എന്ന ആ വാക്ക് ആരെകണ്ടാലും അവൾക്ക് ആ ഒറ്റവാക്ക് മാത്രമേ ഉച്ചരിക്കാനുണ്ടായിരുന്നുള്ളു. .തിന്നാൻ എന്നും പറഞ്ഞാണ് അവൾ മരിക്കുന്നത്. അതിന്റെ പേരിലാണ് തന്റെ മകനും മരിക്കുന്നതെങ്കിൽ മരിക്കട്ടെ എന്നയാൾ കരുതി. ഒരു നിമിഷം അയാൾ സ്വാർഥനാകുന്നു.

പിന്നീട് അങ്ങോട്ട് അയാളുടെ സ്വഭാവത്തിൽ

വലിയ മാറ്റം ഉണ്ടായി. പാവമായ പെരുമാററമുള്ള വ്യക്തിയിൽ നിന്ന് ക്രൂരനായ വ്യക്തിയുടെ മൂടുപടം അണിഞ്ഞു. അയാൾ വളരെ ക്രൂരനായി ക്ഷമിക്കാത്തവനായി ഏതുനേരവും കയ്പുനിറഞ്ഞതുമായ മനസുള്ളവനായി തീർന്നു. ദിവസവും അയാൾ തന്റെ കീഴുദ്യോഗസ്ഥർക്ക് ശിക്ഷ കൊടുത്തു. ശാസിച്ചു എന്നാൽ അവരത് കാര്യമാക്കിയില്ല. പരിഹാസച്ചിരിയോടെ അവരത് തള്ളിക്കളഞ്ഞു. അമ്മ ആശ്രമത്തിൽ നിന്ന് രക്ഷപ്പെട്ടു പോയി എന്നറിഞ്ഞിട്ടും അയാൾക്ക് പ്രത്യേകിച്ചൊരു ഭാവഭേദവും ഉണ്ടായില്ല. അയാളുടെ സ്വഭാവമാറ്റം അയാളെ കുറച്ചു കൂടി ശക്തനാക്കി. കീഴുദ്യോഗസ്ഥർ അയാളുടെ ഓഫീസിലെ ചുവരുകളിൽ അയാൾക്കെതിരായി പോസ്റ്ററുകൾ ഒട്ടിച്ചു ''പെറ്റമ്മയെ തെരുവിൽ ഭിക്ഷയെടുക്കാൻ വിട്ടിട്ട് അധികാരത്തിന്റെ സുഖം അനുഭവിക്കുന്ന ക്രൂരനാണോ നമ്മുടെ ജില്ല ഭരിക്കേണ്ടത്'' എന്ന അടിക്കുറിപ്പും എല്ലാവരും അയാളെ പരിഹാസത്തോടെ നോക്കി ചിരിച്ചു. അയാൾ ജോലി ചെയ്യുന്ന സ്ഥലങ്ങളിലെല്ലാം മറ്റുള്ളവർ അയാളുടെ അമ്മയെ കൊണ്ടുവന്ന് എച്ചിൽ ചോറ് നൽകി. അയാളെ പരമാവധി അപമാനിക്കാൻ നോക്കി. അയാൾ നാഗർകോവലിൽ സുന്ദരരാമസ്വാമി എന്ന വ്യക്തിയെ കാണാൻ പോയി. കഥാനായകൻ അയാളോടു സംസാരിച്ചു. അയാൾ ഏതാനും വാക്കുകൾ പറഞ്ഞു. ചരിത്രമെന്ന യന്ത്രത്തിൽ ബന്ധിപ്പിക്കപ്പെട്ടവരാണ് നമ്മൾ എല്ലാവരും. പ്രശ്നങ്ങൾ ഓരോരുത്തർക്കും ഓരോന്നാണ്. നമ്മുടെ മുമ്പിലുള്ള വെല്ലുവിളി ചരിത്രത്തിന്റെ നിയമങ്ങളും നിയമഭേദങ്ങളും നമ്മെ നയിക്കാതിരിക്കാൻ ശ്രദ്ധിക്കുക എന്നതാണ്. നാം ചരിത്രത്തിന്റെ അടിമകളാവരുത് എന്ന സുന്ദരസ്വാമിയുടെ വചനത്തോടുകൂടി നാലാം അധ്യായം അവസാനിക്കുന്നു.

അഞ്ചാം അധ്യായത്തിൽ അമ്മയെ വീണ്ടും ആശുപ്രതിയിൽ പ്രവേശിപ്പിച്ച കാര്യം സൂചിപ്പിക്കുന്നു. ആദ്യം പ്രവേശിപ്പിച്ച ആശുപത്രിയിൽ തന്നെയാണ് അമ്മയെ വീണ്ടും പ്രവേശിപ്പിച്ചത്. അതുകൊണ്ടു തന്നെ ചികിത്സയിൽ കാര്യമായ പുരോഗതി ഒന്നും ഉണ്ടായില്ല. ആശുപത്രിയിൽ ആധുനിക സൗകര്യങ്ങളൊന്നുമില്ലായിരുന്നു. വേണ്ടത്ര മരുന്നുകളോ വച്ചുകെട്ടാനാവശ്യമായ തുണിയോ ഒന്നും ഉണ്ടായിരുന്നില്ല. എന്നാൽ അമ്മയെ ചികിത്സിച്ച മാണിക്കം എന്ന ഡോക്ടർ സാധുവായിരുന്നു. അദ്ദേഹത്തിന് ചികിത്സ പുരോഗമിക്കാൻ യാതൊരു സഹായവും ചെയ്യാൻ കഴിയുമായിരുന്നില്ല. ചികിത്സയ്ക്കിടയിൽ നേഴ്സിന്റെ നിർദ്ദേശപ്രകാരം അമ്മയെ കാണാൻ മുറിയിലേക്ക് കടന്നെങ്കിലും അമ്മയ്ക്ക് തന്നെ തിരിച്ചറിയാൻ കഴിയുമായിരുന്നില്ല. അമ്മ 'കാപ്പാ ലേ കാപ്പാ ' എന്ന്പുലമ്പിക്കൊണ്ടിരിക്കുകയായിരുന്നു. അമ്മേ... ഇതാ.. കാപ്പനാണ് ഞാൻ എന്ന് പറഞ്ഞു പക്ഷേ അമ്മയ്ക്ക് എന്റെ അടയാളം കാണാൻ കഴിഞ്ഞില്ല. ആ നിമിഷം അമ്മയ്ക്ക് ഓർമ വന്നിരുന്നുവെങ്കിൽ എന്നു അയാൾ ആഗ്രഹിച്ചുപോയി. ദൈവത്തിന് പോലും വേണ്ടാത്ത രീതിയിലായിരുന്നു ആ കിടപ്പ്. എന്നാൽ അമ്മ കിടന്നിരുന്ന ആ അന്തരീക്ഷത്തെ വിളിച്ചു ഞാൻ പ്രാർഥിച്ചു. ഒരു നിമിഷമെങ്കിലും ഓർമ്മ വന്നിരുന്നുവെങ്കിൽ അമ്മയുടെ കൈപിടിച്ച് ഒരു നിമിഷമെങ്കിലും എനിക്ക് പറയണം ഞാൻ അമ്മയുടെ കാപ്പനാണ്. അമ്മയുടെ ആഗ്രഹമനുസരിച്ച് ജീവിക്കാൻ ഞാൻ തയ്യാറാണ് എന്നൊക്കെ അയാൾ അമ്മയോട് പറയാൻ ആഗ്രഹിച്ചു. പെട്ടെന്ന് അമ്മയുടെ കാപ്പാ എന്ന ശബ്ദം കേട്ട അകത്തോട്ട് കടക്കാൻ ശ്രമിക്കുന്നു. പൊടുന്നനേ അമ്മയുടെ ശരീരം നിശ്ചലമാകുകയും ചെയ്യുന്നു. അന്തരീക്ഷത്തിൽ ശോകമൂകമായ പ്രതീതി ഉണ്ടാക്കി. ''അതേ.., പ്രജാനന്ദൻ അന്നു പറഞ്ഞത് ഇതു തന്നെയായിരിക്കണം. ഈ ഭിക്ഷക്കാരി തള്ളയെ കുഴിച്ചിട്ട്, ഇവളുടെ ഹൃദയം അതിന്റെ എല്ലാ വിശപ്പുകളും ശമിച്ച് ദ്രവിച്ച് മണ്ണായി മാറണമെങ്കിൽ എനിക്കിനിയും നൂറു സിംഹാസനങ്ങൾ വേണം'' എന്ന വാക്യത്തോടുകൂടി നോവൽ അവസാനിക്കുന്നു.

ജയമോഹൻ എന്ന എഴുത്തുകാരന്റെ നൂറു സിംഹാസനങ്ങളിൽ നായാടി എന്ന കീഴാള വർഗത്തിന്റെ ജീവിതത്തെപ്പറ്റിയും അവരുടെ ഒറ്റപ്പെട്ട അവസ്ഥയും അതിതീഷ്ണമായി അവതരിപ്പിക്കുന്നു. സ്വാതന്ത്ര്യപൂർവാനന്തര ഭാരതത്തിൽ ദലിതന്റെ ജീവിതം എപ്പോഴും അരികുവല്കരിക്കപ്പെടുന്നതിന്റെ യാഥാർഥ്യമാണ് ഈ നോവൽ തുറന്നു കാട്ടുന്നത്. കീഴാള ജീവിത

ത്തിന്റെ സംഘർഷഭരിതമായ ജീവിതത്തിന് ഉദാഹരണമാണ് നൂറു സിംഹാസനങ്ങളിലെ ധർമ്മപാലൻ എന്ന കാപ്പന്റെ ജീവിതം. നോവലിൽ നായാടികളുടെ ചരിത്രം വിശദമാക്കുന്നുണ്ട്. അത്തരമൊരു സാഹചര്യത്തിൽ നിന്ന് ശ്രീനാരായണ ദർശനങ്ങളുടെ പിൻബലത്തിൽ സർക്കാരുദ്യോഗത്തിന്റെ ഏറ്റവും ഉയർന്ന തലത്തിലെത്തിയ വ്യക്തിയാണ് ധർമ്മപാലൻ. പക്ഷെ ഉദ്യോഗവും അധികാരവുമെല്ലാം സവർണരുടേത് മാത്രമാണെന്ന സമകാലിക സത്യം ധർമ്മപാലന്റെ ജീവിതയാത്രയിലൂടെ ജയമോഹൻ എന്ന നോവലിസ്റ്റ് വിശദമാക്കുന്നു. യാഥാർഥ്യം അവതരിപ്പിക്കാൻ നോവലിസ്റ്റ് തെരഞ്ഞെടുത്ത പ്രാതിനിധ്യമാണ് ധർമ്മപാലൻ എന്ന കാപ്പൻ.

മേൽപറഞ്ഞ സാഹചര്യത്തിൽ ജനിച്ച ഒരു വ്യക്തിയാണ് കീഴാളജാതിക്കാരനായ കാപ്പൻ. കാപ്പന്റെ ഒറ്റപ്പെടലുകൾ, ഇടപെടലുകൾ ഈ നോവലിലൂടെ അവതരിപ്പിക്കുന്നു. നായാടി എന്ന ഗോത്രവിഭാഗത്തിന്റെ ജീവിതം എക്കാലത്തും എച്ചിൽകൂനയിലും വെറുപ്പ് പുകയുന്ന മനുഷ്യന്റെ കാലിനു കീഴിലും തന്നെയായിരുന്നു. കാപ്പൻ തന്റെ കുട്ടിക്കാലം മുതൽ ഒറ്റപ്പെടലുകൾ അനുഭവിച്ചവനാണ്. സ്കൂളിന്റെ ബഞ്ചിന്റെ അറ്റത്ത് അവൻ പതുങ്ങിയിരിക്കും. കൂടുതൽശരീരം ഇല്ലാത്ത, മെലിഞ്ഞ കറുത്ത ആ രൂപം കാണുമ്പോൾ തന്നെ ദയയാണ് മനസിൽ തോന്നുന്നത്. കുട്ടിക്കാലത്തെ യാതനകൾക്കും ഒറ്റപ്പെടലുകൾക്കും പിന്നീട് മാറ്റം വന്നു. എന്നാൽ ഉയർന്ന ഉദ്യോഗസ്ഥനായപ്പോഴും തന്റെ വംശത്തിന്റെ വ്യാധികൾ തന്നെ വിട്ടകലുന്നില്ലെന്ന് കാപ്പൻ മനസിലാക്കുന്നു. ഏതൊരു ജോലിയിലൂടെയും മുന്നോട്ട് നീങ്ങിയാലും ജാതിയെന്ന വില്ലൻ അവിടെ കടന്നുവരുകയും കീഴാളനെ തോല്പിക്കുകയും ചെയ്യുന്നു. ഈ സത്യം കാപ്പനെ വേദനിപ്പിക്കുന്നു.

വലിയ വട്ടകണ്ണടയ്ക്കുള്ളിൽ മുഖം കാണിക്കാതെ അവൻ ഇരുന്നിട്ടുണ്ട്. ഒരു അടിമയെ പോലെയുള്ള ജീവിതമായിരുന്നു കാപ്പന്റേത്. പ്യൂണിനു പകരം അവൻ ചായ വാങ്ങി കൊണ്ടുവന്ന് ചായകുടിച്ചാൽ മതിയെന്ന തോന്നലോടെ പ്യൂൺമ്മാർ അവന്റെ മുന്നിലൂടെ നടന്നു. ഐ. എ. എസ്. ഇന്റർവ്യൂന് വന്ന നായാടി ജാതിക്കാരനായ ധർമ്മപാലനോട് ഇന്റർവ്യൂ ബോർഡിലെ ഒരംഗം ചോദിച്ച ചോദ്യം നിങ്ങൾ ഓഫീസറായി പണിയെടുക്കേണ്ട സ്ഥലത്ത് നിങ്ങൾ വിധി പറയേണ്ട ഒരു കേസിൽ ഒരു ഭാഗത്ത് ഒരു നായാടിയും മറുഭാഗത്ത് ന്യായവും ആണെങ്കിൽ നിങ്ങളെന്ത് തീരുമാനിക്കും. ഒരു നായാടിയേയും ന്യായത്തേയും മുന്നിൽ നിർത്തുകയാണെങ്കിൽ സമത്വം എന്ന ധർമ്മത്തിന്റെ അടിസ്ഥാനത്തിൽ ആ ക്ഷണം തന്നെ നായാടി അനീതിക്കിരയായവനായി മാറികഴിഞ്ഞു. അവൻ എന്തു ചെയ്തിട്ടുണ്ടെങ്കിലും നിരപരാധിയാണ്. എന്ന ഉത്തരം കാപ്പൻ പറഞ്ഞു. അത്തരം ഒരു നീതി ധർമ്മപാലനിൽ നിന്നും വരണമെങ്കിൽ അത് ഐ. എ. എസ് എന്ന മഹാനീതി നിർവഹണ കേന്ദ്രത്തിന് മുന്നിൽ പറയണമെങ്കിൽ നായാടികൾ അനുഭവിച്ച അപാരമായ അപമാനങ്ങളുടെ ആകെ തുകയായി കാണുമെന്ന് കാപ്പൻ പറയുന്നുണ്ട്. പക്ഷെ ഈ നീതി ഉദ്യോഗജീവിതത്തിൽ നടപ്പാക്കാൻ അയാൾക്ക് കഴിയുന്നില്ല. ജാത്യാടിസ്ഥാനത്തിലുള്ള സവർണ നിയമനിർമാണമാണ് ഇതിനു തടസമെന്നയാൾക്കറിയാം. ജയമോഹൻ എഴുതിയത് ഒരു കാലഘട്ടത്തിലെ, ഒരു വംശത്തിന്റെ ധർമസങ്കടങ്ങളാണ്. ഒരു കാലത്തും ദലിതർ മറ്റുള്ളവർക്ക് മുന്നിൽ കയറിയിട്ടില്ല. കയറാൻ അനുവാദവും അവസരവും ഇല്ല. സമൂഹനീതി അനുസരിച്ച് ദളിതൻ മുന്നേറാൻ ശ്രമിച്ചാൽ അവൻ കാൽ മുന്നോട്ട് വയ്ക്കുന്തോറും അവനിൽ ഉണ്ടാകുന്ന ഉൾവലിവുകളെ മറ്റുള്ളവർ തല്ലിക്കെടുത്തിക്കൊണ്ടിരിക്കും. നൂറ്റാണ്ടുകളായി സംസ്കാരത്തിൽ അലിഞ്ഞുചേർന്ന സ്വഭാവമാണിത്. കാപ്പൻ ഒരു ഓർമ്മപ്പെടുത്തലാണ്. ഒരു കടലിരമ്പമാണ്. ഒരായിരം മനുഷ്യരുടെ ദു;ഖമാണ്. സ്കൂളുകളിൽ, ഓഫീസുകളിൽ, വഴിയരികിൽ ഒക്കെ നിൽക്കുന്ന എത്രയോ മുഖങ്ങളിൽ കാപ്പൻമാരുടെ അനാഥ പ്രേതങ്ങൾ കുടിയിരിക്കുന്നു. ഉള്ളിലൊരു കടലിനെ പേറുന്ന ശംഖുപോലെ അവരങ്ങനെ ഇരമ്പികൊണ്ടേയിരിക്കും. മുഖത്ത് പുഞ്ചിരികൾ ഒട്ടിച്ചുവച്ചു നടക്കുന്നു.

കാപ്പൻ ഒരു വംശത്തിന്റെ പ്രതിനിധിയാണ്. ഒറ്റപ്പെട്ടവന്റെ ഏകാന്തത അനുഭവിക്കുന്നവന്റെ ഒക്കെ പ്രതിനിധിയാണവൻ. താൻ അർഹിക്കാത്തതാണ് തനിക്ക് ലഭിച്ച ഉന്നതാധികാര കസേര

യെന്ന് ഓരോ നിമിഷവും അവൻ ചുറ്റുമുള്ളവരെ ഓർമ്മിപ്പിച്ചുകൊണ്ടേയിരുന്നു. അവനായിരുന്നു. പ്യൂണിന് പകരം ചായ കൊണ്ട് വരേണ്ടവനെന്ന് താഴേക്കിടയിലുള്ളവർ അവനെ ഓർമ്മിപ്പിച്ചുകൊണ്ടേയിരിക്കുന്നു. ഇതൊരു മുറിവായി അയാളിൽ അവശേഷിക്കുന്നു. ഒരു വംശത്തിന്റെ സ്വത്വപരമായ സംഘർഷങ്ങളാണ് കാപ്പനിലൂടെ ജയമോഹൻ അവതരിപ്പിക്കുന്നത്. ഇന്നും നമ്മുടെ ജീവിതത്തിലും ഭരണക്രമത്തിലും നടക്കുന്ന അനീതിയുടെ നീതിശാസ്ത്രത്തെ തുറന്നു കാട്ടുകയാണ് നോവലിസ്റ്റ്.

### 4.2.4 അവലോകനം

മനുഷ്യാവസ്ഥയുടെ പൊള്ളുന്ന അനുഭവങ്ങളുടെ നോവലാണിത്. ജാതി എന്ന ചിഹ്നത്തെ സമൂഹം എത്രത്തോളം മനുഷ്യനിലേക്ക് അടിച്ചേൽപ്പിക്കുന്നു എന്നത് വരച്ചു കാണിക്കുന്ന നോവൽകൂടിയാണ് ജയമോഹന്റെ നൂറു സിംഹാസനങ്ങൾ. എങ്കിലും മനുഷ്യനെ ഏറെ സ്പർശിക്കുന്ന ദുരിതത്തിന്റെ ശക്തമായ ഭാവങ്ങൾ നിറഞ്ഞൊഴുകുന്ന ഒരു കഥയാണിത്. സമകാലിക ഇന്ത്യയുടെ സവർണാധികാര സ്ഥാപനവല്കരണത്തിന്റെ നേർക്കു കത്തുന്ന ചോദ്യം കൂടിയാണീ രചന. ''ആദ്യത്തെ ദിവസം തന്നെ ഞാൻ ആരാണെന്ന് അവർ എന്നോട് പറഞ്ഞു. തലേന്നാൾ മേലധികാരിയെ കണ്ടു സംസാരിച്ചിട്ടു മടങ്ങുമ്പോൾ എന്റെ മുറികണ്ടിരുന്നു. പിറ്റേദിവസം ഞാൻ എന്റെ മുറിയിലേക്കു കടക്കുമ്പോൾ പുതിയ കസേരയാണ് കണ്ടത്. മുമ്പ് അവിടെയുണ്ടായിരുന്ന പൊക്കം കൂടിയ സിംഹാസനംപോലുള്ള കസേര അവിടെ ഉണ്ടായിരുന്നില്ല. നോവലിൽ പറഞ്ഞ ജാത്യാഭിമാനത്തിൽ നിന്ന് അവസാന അധ്യായത്തിലെ ''ഇവളുടെ ഹൃദയം അതിന്റെ എല്ലാവിശപ്പുകളും ശമിച്ച് ദ്രവിച്ച് മണ്ണായി മാറണമെങ്കിൽ എനിക്കിനിയും നൂറു സിംഹാസനങ്ങൾ വേണം'' എന്ന വാക്യത്തിൽ എത്തിനിൽക്കുമ്പോൾ നോവലിന്റെ ശീർഷകം ഔചിത്യമുള്ളതായി മാറുന്നു. ഈ ചെറിയ നോവലിലുള്ള വലിയ നോവലിന്റെ ഭാഷയും വായനക്കാരെ പുസ്തകത്തോട് അടുപ്പിക്കുന്നതിൽ സഹായിച്ചിട്ടുണ്ട്.

അധികാര സ്ഥാപനവല്കരണത്തിന്റെ താഴെത്തട്ടുമുതൽ അത്യുന്നതങ്ങളിൽ വരെ പിടിമുറുക്കിയിട്ടുള്ള വർണാശ്രമധർമങ്ങളുടെ ഭീതിദമായ രൂപമാണീ നോവൽ വരച്ചു കാണിക്കുന്നത്. നായാടി എന്ന വർഗത്തിന്റെ പ്രാതിനിധ്യമുള്ള കഥാപാത്രത്തെ കേന്ദ്രീകരിച്ചാണ് ഇതിവൃത്തം രൂപപ്പെടുത്തിയിരിക്കുന്നതെങ്കിലും ഇന്ത്യയിലെ ദലിത് വർഗങ്ങളുടെ ആകെ പ്രാതിനിധ്യമാണ് നോവലിസ്റ്റ് ഉദ്ദേശിച്ചിട്ടുള്ളത്. നവോത്ഥാന പ്രവണതകൾ ആഴത്തിൽ വേരോടിയെന്ന് നമ്മൾ വിശ്വസിച്ചു ധരിച്ചു വരുന്ന കേരളത്തിൽ പോലും സമകാലിക സാമൂഹ്യാവസ്ഥയ്ക്ക്മാറ്റം വന്നിട്ടില്ലെന്ന സത്യം നാം തിരിച്ചറിയുന്നു.

''ആയിരത്തിഎണ്ണൂറ്റിഎഴുപതുകളിലെ പഞ്ഞത്തിൽ തെക്കേയിന്ത്യയിൽമാത്രം മൂന്നു കോടിയാളുകളാണ് പട്ടിണികിടന്നു ചത്തത്. അതിൽ നായാടികൾ മിക്കവാറും ചത്ത് മുടിഞ്ഞിരിക്കാനാണു സാധ്യത. കല്ലിന്റെയുള്ളിൽ കഴിയുന്ന തവളപോലെ അവർ ജീവിച്ചിരുന്നതും ആരുമറിയില്ല, ചത്തതും അറിഞ്ഞിരിക്കില്ല. പക്ഷേ അതും തറപ്പിച്ചു പറയാനാവില്ല. ചവറും അഴുക്കും തിന്നാൻ ശീലിച്ചവരാണ് നായാടികൾ. അവർ അതുമാത്രം തിന്ന് നഗരങ്ങളിൽ ജീവിച്ചിരിക്കാനും ഇടയുണ്ട്. നഗരങ്ങൾ വളർന്നപ്പോൾ ചവറ്റുകൂനകൾ വളർന്നു. അവയിൽ ജീവിക്കുന്ന ഒരു കൂട്ടമാളുകൾ ഉണ്ടായി. അവരിലധികവും നായാടികളായിരിക്കാം.'' നായാടികളുടെ ചരിത്രമാണിത്. ഗ്രാമങ്ങൾ നഗരങ്ങൾക്കു വഴിമാറി കൊടുക്കുമ്പോൾ ജനജീവിതം സംസ്കരിക്കപ്പെടുമെന്നും പരിഷ്കരിക്കപ്പെടുമെന്നും, മനുഷ്യന്റെ ജാതിചിന്തയ്ക്ക് തീവ്രത കുറയുമെന്നൊക്കെ നാം ധരിച്ചു വച്ചിട്ടുണ്ടെങ്കിൽ അതൊക്കെ പരമാബദ്ധമാണെന്ന വസ്തുതയും ഈ നോവൽ മുമ്പോട്ടുവയ്ക്കുന്നു. ദളിതരെ മനുഷ്യരായി കാണുന്നില്ല എന്നതു പോകട്ടെ അവരെ മൃഗതുല്യരായി പോലും കാണിന്നില്ല എന്നതാണ് സത്യം. ധർമ്മപാലന്റെ ഓഫീസ് ജീവിതം ഇതു വായനക്കാർക്കു മനസിലാക്കിത്തരുന്നു. ദലിതനിൽ പരമ്പരയായി നിൽക്കുന്ന (നിർത്തിയിരിക്കുന്ന) അപകർഷതാബോധം ഇത്തരം മാനസികാവസ്ഥകൾക്കു കരുത്തു നൽകുകയും ചെയ്യുന്നു. അതിനെപ്പറ്റി നോവലിസ്റ്റ് പറയുന്നതിപ്രകാരമാണ്.

''അധികാരം എന്നത് എന്നും ഒരു കൂട്ടുപ്രവൃത്തിയാണ്. പക്ഷേ, ഓരോ അധികാരിയും താനാണ് അതു കൈകാര്യം ചെയ്യുന്നത് എന്നുകരുതും. നിങ്ങൾ ഭരിക്കുന്നയാൾ ഭരിക്കപ്പെടാൻ സ്വയം സമ്മതിക്കണം. ആ നാടകത്തിൽ തന്റെ റോൾ എന്താണെന്ന് അവൻ അറിഞ്ഞു നിന്നുതരണം. അതിനയാൾക്കു ഭീഷണിയോ, നിർബന്ധമോ, ആവശ്യമോ ഉണ്ടായിരിക്കണം. അധികാരത്തിന്റെ ആ മഹാനാടകത്തിൽ സ്വന്തം റോൾ മനസിലാക്കി അതിനെ കൃത്യമായി ചെയ്യുമ്പോൾ മാത്രമാണ് അധികാരിക്ക് അധികാരം കൈവരുന്നത്. ഒറ്റയ്ക്കാവുമ്പോൾ ഒന്നും അവന്റെ കൈയിലുണ്ടാവില്ല. അവന്റെ അഗ്നിയിൽ ചൂടുണ്ടാവില്ല. ആയുധങ്ങളിൽ മൂർച്ചയുണ്ടാവില്ല.'

സവർണാധികാര നീരാളി സ്വാതന്ത്ര്യാനന്തര ഭാരതീയ ജീവിതത്തിൽ എത്രമാത്രം പിടി മുറുക്കിയിരിക്കുന്നു എന്ന യാഥാർഥ്യം വായനക്കാരിലെ മതനിരപേക്ഷ ചിന്താഗതിക്കാരിൽ പൊള്ളലുണ്ടാക്കുന്നു. ഇത്തരമൊരനുഭവം സമൂഹത്തിലാകെ ഉണ്ടാകണം എന്ന ആത്മാർഥമായ ഉദ്ദേശ്യം നോവലിസ്റ്റിനുണ്ടായതു കൊണ്ടാണ് അദ്ദേഹം പിൻകുറിപ്പായി ഒരു മുന്നറിയിപ്പ് നൽകുന്നത്. ഈ കഥയ്ക്ക് കോപ്പിറൈറ്റ് ഇല്ലത്രെ! ആർക്കും പ്രസിദ്ധീകരിക്കാം, പ്രചരിപ്പിക്കാം എന്നുള്ള ആ മുന്നറിയിപ്പ് എഴുത്തുകാരിൽ ചിലരിൽ ഇന്നും അവശേഷിച്ചിട്ടുള്ള സാമൂഹ്യ പ്രതിബദ്ധതയുടെ അടയാളമാണ്. കല ആവിഷ്കാരാനുഭൂതി എന്നതിനൊപ്പം, പ്രചരണായുധവുമാക്കി മാറ്റുന്നതിനുള്ള ആഹ്വാനം കൂടി എഴുത്തുകാരൻ നൽകുന്നു എന്നതാണ് സത്യം.

പ്രധാനമായും മൂന്ന് കഥാപാത്രങ്ങളിലൂടെയാണ് നോവലിലെ ഇതിവൃത്തം വികസിപ്പിച്ചിട്ടുള്ളത്. ധർമ്മപാലൻ എന്ന കാപ്പൻ, അയാളുടെ അമ്മ, കാപ്പന്റെ ഭാര്യ പി. ആർ. ഒ ഓഫീസറായ സുധ. കാപ്പന്റെ ഓഫീസ് സ്റ്റാഫുകളും, ആശുപ്രതിയിലെ മാണിക്യം ഡോക്ടറുമെല്ലാം മേൽപ്പറഞ്ഞ സാമൂഹ്യ യാഥാർഥ്യത്തിന്റെ ഭീകരത മനസിലാക്കിത്തരുന്നതിനുള്ള സഹഗാത്രങ്ങളാകുന്നു. അമ്മ – ഭാര്യ – ഉദ്യോഗം എന്നിവയിൽപ്പെട്ടുഴലുന്ന ധർമ്മ സങ്കടത്തിലാണ് ധർമ്മപാലന്റെ അവസ്ഥ. നോവലിൽ വിശദമാക്കിയിരിക്കുന്നതിൽ നിന്നും ഓരോരുത്തർക്കും അവരുടേതായ ശരികളുണ്ട്. ഇതിൽ ദുഷ്ടകഥാപാത്രങ്ങളില്ല എന്നതാണ് യാഥാർഥ്യം . കാരണം യഥാർഥ പ്രതിനായകൻ സവർണഅധികാര വ്യവസ്ഥിതിയാണ്. മറ്റുള്ളവരെല്ലാം അതു നടപ്പിലാക്കുന്നതിലേക്കുള്ള ഉപകരണങ്ങൾ മാത്രമാണ്. കാപ്പന്റെ ഉദ്യോഗമേന്മ കൊണ്ടുമാത്രമാണ് സുധ അയാളെ വിവാഹം കഴിച്ചതെങ്കിലും അവർക്ക് അയാളോട് അതിയായ സ്നേഹമുണ്ട്. അയാളുടെ ഭൂതകാലജീവിത സംഭവങ്ങളിൽ അവൾ സഹതപിക്കുകയല്ല സങ്കടപ്പെടുകയാണ് ചെയ്യുന്നത്. ഒരിക്കലും പരിഷ്കൃത സമൂഹത്തിലേക്കു വരികയില്ല എന്ന വാശിയിൽ നിൽക്കുന്ന കാപ്പന്റെ അമ്മയുടെ പ്രവൃത്തിയിൽ നീതികരിക്കാനൊന്നുമില്ല എന്ന ശരിയാണ് സുധ വച്ചു പുലർത്തുന്നത്. ഒരു കാലത്തെ ജീവിതപരിതോവസ്ഥയെ കുറിച്ചോർത്ത് വേവലാതിപ്പെടാതെ പുതിയ സാമൂഹ്യ,ചുറ്റുപാടുകളോടിണങ്ങി പോകണമെന്ന സാമാന്യ ബുദ്ധിയാണ് സുധയെ നയിക്കുന്നത്.

ധർമ്മപാലന്റെ അമ്മയെന്ന കഥാപാത്രം നിരവധി വ്യാഖ്യാനങ്ങൾക്ക് വശപ്പെടുന്ന കഥാപാത്രമാണ്. നായാടി എന്ന വർഗത്തിന്റെ സ്വത്വം ഉറച്ചുപോയ മാനസികാവസ്ഥയിൽ നിന്നു പുറത്തുവരാൻ അവർക്ക് കഴിയുന്നില്ല അതുകൊണ്ടാണ് മറ്റുള്ളവർക്ക് അറപ്പും വെറുപ്പും തോന്നുന്ന പ്രവൃത്തിയിൽ അവർ ഏർപ്പെടുന്നത്. അധികാരവും സമൂഹവും എന്നും തങ്ങളെ ആട്ടിയോടിച്ചതിന്റെ അനുഭവങ്ങൾ മാത്രമാണല്ലോ അവർക്കുള്ളത്. അതിൽ നിന്നൊരു മോചനം സാമൂഹത്തിൽ നിന്നുണ്ടാകുകയില്ലെന്നവർ കാണുന്നു. സത്യം അതുതന്നെയാണല്ലോ? മകനോട് കളസം വേണ്ട കസേര വേണ്ട എന്ന് അവർ ആവർത്തിക്കുന്നതിന്റെ പൊരുൾ ഈ മാറ്റമില്ലാത്ത വ്യവസ്ഥിതിയോടുള്ള പ്രതിഷേധമായി കണ്ടാൽ മതി. ജില്ലാ ഭരണാധികാരിയായിട്ടു കൂടി എല്ലാം വലിച്ചെറിഞ്ഞു പോകണമെന്ന് ഒരു നിമിഷം ധർമ്മപാലൻ നിശ്ചയിക്കുന്നതുപോലും മാതാപിതൃത്വത്തിന്റെ സാന്നിധ്യത്തിൽ പോലും ഉണ്ടായ വേദനിപ്പിക്കുന്ന അനുഭവങ്ങളുടെ നടുക്കം കാരണമായിരിക്കാം.

ജയമോഹൻ എഴുതിയത് കാലത്തെക്കുറിച്ച് തന്നെയാണ്. എല്ലാ കാലത്തെയും കുറിച്ച്.

ഒരു കാലത്തും കറുത്തവർ വെളുത്തവന് മുന്നിൽ കയറിയിട്ടില്ല, അഥവാ കയറാൻ മനസിൽ തോന്നിയാൽ പോലും കാൽ മുന്നോട്ടെടുക്കുന്തോറും അവനിൽ ഉണ്ടാകുന്ന ഉൾവലിവുകളെ വെളുത്തവൻ തന്നെ തല്ലിക്കെടുത്തിക്കൊണ്ടേ ഇരിക്കും. അത് നൂറ്റാണ്ടുകൾ കഴിഞ്ഞാലും മനുഷ്യന്റെ സംസ്കാരത്തിൽ അലിഞ്ഞു പോയത് തന്നെയാണ്. നായാടി എന്ന ഗോത്ര വിഭാഗത്തിന്റെ ജീവിതം എച്ചിൽ കൂനകളിലും വെറുപ്പുപുകയുന്ന, സാധാരണക്കാർ എന്ന് വിവക്ഷിക്കപ്പെടുന്ന മനുഷ്യന്റെ കാലിനു കീഴിലും തന്നെയായിരുന്നു. ഒരിക്കലും ഒരു സാധാരണക്കാരൻ പോലും ആഗ്രഹിക്കുന്നില്ല ഒരു കറുത്തവൻ തങ്ങളേക്കാൾ ഉയർന്ന സ്ഥാനത്ത് എത്തണമെന്ന്. അയൽപക്കത്തെ കുട്ടികളെക്കാൾ കൂടുതൽ മാർക്ക് വാങ്ങാത്തതിന് സ്വന്തം കുഞ്ഞിനെ ശകാരിക്കുന്ന മാതാപിതാക്കളാണ് നമുക്ക് ചുറ്റുമുള്ളത്.

കാപ്പൻ ഒരു ഓർമ്മപ്പെടുത്തലാണ്, ഒരു കടലിരമ്പമാണ്. ഒരായിരം മനുഷ്യരുടെ ദുഃഖമാണ്. സ്കൂളിലും ഓഫീസുകളിലും എന്തിനേറെ പറയുന്നു പാതയരുകിൽ പോലും നില്ക്കുന്ന എത്രയോ മുഖങ്ങളിൽ കാപ്പന്മാരുടെ അനാഥ പ്രേതങ്ങൾ കൂടിയിരിക്കുന്നു. ഉള്ളിൽ ഒരു കടലിനെ പേറുന്ന ശംഖു പോലെ അവരങ്ങനെ ഇരമ്പിക്കൊണ്ടിരിക്കുന്നു. കാപ്പൻ എന്നത് ഒരു പ്രത്യേക വിഭാഗത്തിന്റെ പ്രതിനിധിയല്ല, ഒറ്റപ്പെട്ടവൻ, ഏകാന്തത അനുഭവിക്കുന്നവന്റെയൊക്കെ പ്രതിനിധിയാണ്. അർഹിക്കാത്തതാണ് തനിയ്ക്ക് ലഭിച്ച ഉന്നതാധികാര കസേര എന്ന് ഓരോ നിമിഷവും അവനെ ചുറ്റുമുള്ളവർ ഓർമ്മിപ്പിച്ചു കൊണ്ടേയിരിക്കും. അവനായിരുന്നു പ്യൂണിന് പകരം ചായ കൊണ്ട് വരേണ്ടവൻ എന്ന് താഴേക്കിടയിലുള്ള ഉദ്യോഗസ്ഥർവരെ അവനെ തോന്നിപ്പിച്ചു കൊണ്ടേയിരിക്കും. സാധാരണക്കാരനായ ഒരു വ്യക്തി അനുഭവിക്കുന്ന ഏകാന്തതയേക്കാൾ എത്രയോ ഭീകരമായിരിക്കാം ഉയർന്ന ജോലിയിൽ ഇരിക്കുന്ന ഒരു നായാടി അനുഭവിക്കേണ്ടി വരുന്നത്. നായാടി എന്നാൽ നായാടി നടക്കുന്നവൻ എന്നല്ല കാലത്തിന്റെ വിവക്ഷ, നായാടപ്പെട്ടുകൊണ്ടിരിക്കുന്നവൻ എന്ന് തന്നെയാണ്. ജയമോഹൻ എഴുതിയ നൂറു സിംഹാസനങ്ങൾ കാലത്തിന്റെ കഥയാകുന്നത് ഇങ്ങനെയാണ്. കാപ്പൻ എന്ന നായാടിയിൽ നമുക്ക് പലരെയും കാണാം. നമ്മുടെ മുന്നിൽ നിറത്തിന്റെ കുറവ് പേറി അവഗണിയ്ക്കപ്പെട്ടവർ, ജാതിയുടെ പേരിൽ പിന്തള്ളപ്പെട്ടവർ, സ്വത്തിന്റെ പേരിൽ, സൗന്ദര്യത്തിന്റെ പേരിൽ തള്ളി പോയവർ. അപമാനിതൻ എന്ന ഒറ്റ പേര് മാത്രം മതിയാകും അവർക്ക്. അതിൽ സവർണരും അവർണരും ഒക്കെയുണ്ട്. എല്ലാ രാഷ്ട്രീയക്കാരും മതനേതാക്കളുമുണ്ട്. കാപ്പന് സ്വന്തമായുള്ളത് അവന്റെ ഔന്നത്യത്തെ ഭയക്കുന്ന, അവനെ തെറി വിളിക്കുന്ന മാതാവ് തന്നെ എന്ന കണ്ടെത്തലിൽ അവൻ വിറയ്ക്കും. അത് തന്നെയാണ് നിത്യദുരന്തവും സത്യവും.

## Recap

- ഭാരതീയ പൗരാണിക തത്വചിന്താധാരയിലൂടെയുള്ള വിഭ്രമാത്മക രചനയാണ് വിഷ്ണുപുരം.
- ഗാന്ധിജിയുടെയും ടോൾസ്റ്റോയിയുടെയും മാനവികദർശനങ്ങളുടെ സ്വാധീനം.
- നായാടി വർഗത്തിന്റെ അതിജീവനം.
- കാപ്പൻ എന്ന ധർമ്മപാലന്റെ ജീവിതാനുഭവമാണീ നോവൽ.
- അവഗണിക്കപ്പെടുന്നവന്റെ സാഹിത്യമാണ് ദലിത് സാഹിത്യം.
- എതിർപ്പിന്റെ സാഹിത്യമാണിത്.
- അനുഭവങ്ങളുടെ വേനൽകാലങ്ങളും ഉഷ്ണവനങ്ങളും നിറഞ്ഞ ജീവിതത്തിന്റെ നേർപകർപ്പ്.
- ഇന്റർവ്യൂ ബോർഡിനു മുമ്പിൽ നായാടി വംശത്തിന്റെ പ്രത്യേകത വിവരിക്കുന്നു.
- പകൽ വെട്ടത്തിൽ സഞ്ചരിക്കാനുള്ള സ്വാതന്ത്ര്യം നായാടികൾക്കുണ്ടായിരുന്നില്ല.

- പൊതുവേ കുറുകിയ മനുഷ്യരാണിവർ.
- കാപ്പന്റെ ജീവിതത്തെയാകെ മാറ്റിമറിച്ചത് സ്വാമിജി ആയിരുന്നു.
- വയറു നിറച്ച് ചോറു കിട്ടുമെന്ന ആഗ്രഹത്താലാണ് പള്ളിക്കൂടത്തിൽ പോയത്.
- തിരുവനന്തപുരം ജില്ലയാണ് നോവലിൽ പ്രതിപാദിക്കുന്ന സ്ഥലം.
- നായാടികൾ അധഃസ്ഥിത വർഗമായതിനാൽ പ്രത്യേക ചന്തകൾ അവർക്കു നൽകിയിരുന്നു.
- പ്രജാനന്ദന്റെ ഉപദേശ പ്രകാരമാണ് സിവിൽ സർവീസിൽ ചേർന്നത്.
- ഇംഗ്ലീഷ് സംസാരിക്കാത്തവൻ ആധുനിക മനുഷ്യനല്ല എന്ന ഗുരുവിന്റെ ഉപദേശം.
- അമ്മയെ കൈവിടരുതെന്നും ഒപ്പം കൂട്ടണം എന്നുമുള്ള ഗുരു നിർദേശം.
- പോലീസിന്റെ സഹായത്താൽ അമ്മയെ ബംഗ്ലാവിൽ എത്തിക്കുന്നു.
- തെരുവിൽ കഴിഞ്ഞിരുന്ന അവർക്ക് അടച്ചുപൂട്ടിയ വീട് അരാജകത്വം സൃഷ്ടിച്ചു.
- തന്റെ ചുറ്റുപാടുകൾ തനിക്ക് എതിരാണ് എന്ന് തോന്നുമ്പോൾ സാധാരണ നായാടിയായി ജീവിക്കാൻ കാപ്പൻ ഇഷ്ടപ്പെടുന്നു.
- നാം ചരിത്രത്തിന്റെ അടിമകളാകരുത് എന്ന സുന്ദര സ്വാമിയുടെ വചനം.
- അരികുവല്കരിക്കപ്പെടുന്നതിന്റെ യാഥാർഥ്യമാണ് പ്രമേയം
- കീഴാള ജനതയുടെ സംഘർഷഭരിതമായ ജീവിതം.
- ഉദ്യോഗവും അധികാരവുമെല്ലാം സവർണരുടേത് മാത്രമാണെന്ന സമകാലിക സത്യം

## Objective Questions

1. ജയമോഹന്റെ ആദ്യ കൃതിയുടെപേരെന്ത് ?
2. കസ്തൂരിമാൻ എന്ന സിനിമയ്ക്ക് തിരക്കഥ എഴുതിയതാര് ?
3. മഹാഭാരതത്തെ അധികരിച്ച് ജയമോഹൻ എഴുതിയ പരമ്പരയുടെ പേരെന്താണ് ?
4. കൊറ്റവൈ എന്നകൃതി ഏതു തമിഴ് കാവ്യത്തിന്റെ പുനരാഖ്യാനം ആണ് ?
5. ആധുനിക മലയാള കവിതകളെ ജയമോഹൻ തമിഴ് പുസ്തകമാക്കിയിരുന്നു. അതിന്റെ പേര് എന്താണ് ?
6. ഏത് കഥാ പരമ്പരയിൽ ആണ് നൂറു സിംഹാസനം എന്ന നോവൽ രചിച്ചിരിക്കുന്നത് ?
7. അമ്മ മരിക്കാൻ കിടക്കുന്ന വിവരം വന്നറിയിച്ചത് ആരായിരുന്നു ?
8. ധർമ്മപാലന്റെ യഥാർഥ പേര്എന്തായിരുന്നു ?
9. ധർമ്മപാലൻ ഏതു വംശത്തിലാണ് ജനിച്ചത് ?
10. ധർമ്മപാലന്റെ ഗുരുവിന്റെ പേരെന്ത് ?
11. നൂറു സിംഹാസനങ്ങൾ എന്ന കഥയിൽ പരാമർശിക്കുന്ന ജില്ല ഏതാണ് ?
12. പ്രജാനന്ദന്റെ സ്കൂളിൽ പഠിപ്പിച്ചിരുന്ന അധ്യാപകൻ ആരായിരുന്നു ?
13. ധർമ്മപാലന്റെ ഭാര്യയുടെ പേര്എന്താണ് ?
14. നാം ചരിത്രത്തിന്റെ അടിമകളാകരുത് എന്ന് ധർമ്മപാലനെ ഉപദേശിച്ചതാര് ?

## Answers

1. റബ്ബർ
2. ജയമോഹൻ
3. വെൺമുരശ്
4. ചിലപ്പതികാരം
5. തർക്ക മലയാള കവിതകൾ
6. അറം
7. കുഞ്ഞൻ നായർ
8. കാപ്പൻ
9. നായാടി
10. പ്രജാനന്ദ സ്വാമി
11. തിരുവനന്തപുരം
12. ബോധാനന്ദൻ
13. സുധ
14. സുന്ദരസ്വാമി

## Assignments

1. കാപ്പൻ എന്ന ധർമ്മപാലന്റെ കുടുംബ പശ്ചാത്തലം വിശദമാക്കുക.
2. നായാടി വംശത്തിന്റെ ജീവിത രീതികളെ കുറിച്ച് ഉപന്യസിക്കുക.
3. സ്വാമിജിയുമായുള്ള ബന്ധത്തിന്റെ ഫലമായി കാപ്പന്റെ ജീവിതത്തിൽ വന്ന മാറ്റങ്ങളെ കുറിച്ച് ഉപന്യസിക്കുക.
4. കാപ്പൻ എന്ന നായാടി ധർമ്മപാലൻ എന്ന വ്യക്തിയായി പരിണമിച്ച സാഹചര്യം വ്യക്തമാക്കുക.
5. അമ്മ – ഭാര്യ-ഉദ്യോഗം എന്നിവയിൽ പെട്ട് ഉഴറുന്ന കാപ്പന്റെ ജീവിതത്തെ കുറിച്ച് വിശദീകരിക്കുക.
6. അരികുവത്കരിക്കപ്പെടുന്ന വിഭാഗത്തിന്റെ യഥാർഥ ചിത്രീകരണമാണ് നൂറുസിംഹാസനങ്ങൾ അപഗ്രഥിക്കുക.

## Suggested Reading


1. ഷാജി ജേക്കബ്, ആധുനികാനന്തര മലയാള നോവൽ വിപണി, കല, പ്രത്യയ ശാസ്ത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. ഇ.വി. രാമകൃഷ്ണൻ, മലയാള നോവലിന്റെ ദേശകാലങ്ങൾ, മാതൃഭൂമി ബുക്ക്സ്, കോഴിക്കോട്.




SREENARAYANAGURU OPEN UNIVERSITY

3. പ്രദീപൻ പാമ്പിരികുന്ന്, ദളിത് പഠനം: സ്വത്വ സംസ്കാരം, സാഹിത്യം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
4. കവിയൂർ മുരളി, ദളിത് സാഹിത്യം, ഡി.സി. ബുക്സ്, കോട്ടയം.

## Reference


1. ഡോ.കെ.എം. ജോർജ് (എഡി), ആധുനിക മലയാള സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ഡി.സി. ബുക്ക്സ്, കോട്ടയം.
2. കെ.പി. അപ്പൻ, മാറുന്ന മലയാള നോവൽ, ഡി.സി. ബുക്സ്, കോട്ടയം.
3. ജയമോഹൻ, നൂറു സിംഹാസനങ്ങൾ, മാതൃഭൂമി ബുക്സ്, കോഴിക്കോട്.
4. ടി.കെ. അനിൽകുമാർ മലയാള സാഹിത്യത്തിലെ കീഴാള പരിപ്രേഷ്യം, കേരളസാഹിത്യ അക്കാദമി, തൃശൂർ.

# Model Question Paper Sets

# SREENARAYANAGURU OPEN UNIVERSITY

QP CODE: ………                                   Reg. No : ................
Name : ……..............

**Model Question Paper- Set-I**

**SIXTH SEMESTER**
**BA MALAYALAM LANGUAGE AND LITERATURE EXAMINATION**
**Discipline Core Course - B21ML06DC**

## മലയാള നോവൽ

**(CBCS - UG) 2022-23 Admission Onwards**

Time: 3 Hours                                   Max Marks: 70

SECTION A

**I. ഏതെങ്കിലും പത്ത് ചോദ്യത്തിന് ഒറ്റവാക്കിലോ വാചകത്തിലോ ഉത്തരമെഴുതുക.**

1. ഇന്ദുലേഖ പ്രസിദ്ധീകരിക്കപ്പെട്ട വർഷം ഏത്?
2. 'ആധുനിക സാഹിത്യത്തിലെ ഏറ്റവുമധികം വ്യക്തിത്വമുള്ള സാഹിത്യകാരനാണ് ബഷീർ' – ഏതു കൃതിയുടെ അവതാരികയിലാണ് കേസരി ഇങ്ങനെ അഭിപ്രായപ്പെട്ടത്?
3. മലയാളത്തിലെ ആദ്യത്തെ ആക്ഷേപഹാസ്യ നോവൽ ഏതാണ് ?
4. കേരള സാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ച സാറാ ജോസഫിന്റെ കൃതി ഏത്?
5. പുല്ലേലി കുഞ്ചു ആദ്യമായി പ്രസിദ്ധീകരിച്ച മാസിക ഏതാണ് ?
6. ചന്തുമേനോന്റെ അപൂർണ നോവൽ ഏതാണ് ?
7. കുന്ദലതയുടെ കർത്താവ് ആര്?
8. നോവൽ സ്വരൂപം ആരുടെ കൃതിയാണ് ?
9. നാലുകെട്ടിലെ നായക കഥാപാത്രത്തിന്റെ പേര് എന്ത് ?
10. നൂറുസിംഹാസനങ്ങൾ എന്ന കൃതി രചിച്ചത് ആര്?
11. അസുരവിത്ത് ആരുടെ കൃതിയാണ് ?
12. പാണ്ഡവപുരം നോവലിലെ കേന്ദ്ര കഥാപാത്രം ആരാണ് ?
13. ഏകാന്തവീഥിയിലെ അവധൂതൻ എന്ന് ബഷീറിനെ വിശേഷിപ്പിച്ചത് ആര്?
14. മയ്യഴിപ്പുഴയുടെ തീരങ്ങളിൽ എന്ന നോവൽ രചിച്ചത് ആര്?
15. സേതുവിന് വയലാർ അവാർഡ് നേടിക്കൊടുത്ത കൃതി ഏത്?

(10X1 = 10 Marks)

SECTION - B

**II. ഏതെങ്കിലും അഞ്ച് ചോദ്യത്തിന് രണ്ടോ മൂന്നോ വാചകത്തിൽ ഉത്തരമെഴുതുക.**

16. നോവൽ എന്ന പദത്തിന്റെ നിഷ്പത്തിയെക്കുറിച്ച് കുറിപ്പെഴുതുക.
17. "അമ്മ പേടിക്കണ്ട, ഈ നാലുകെട്ട് പൊളിക്കാനേർപ്പാടു ചെയ്യണം. ഇവിടെ കാറ്റും വെളിച്ചവും കടക്കുന്ന ഒരു ചെറിയവീടുമതി''– സന്ദർഭം വിവരിക്കുക.

18. ചരിത്രനോവൽ എന്നാലെന്ത്?
19. മരുമക്കത്തായസമ്പ്രദായത്തിന്റെ പരിമിതികൾ ഇന്ദുലേഖയിൽ നിന്ന് കണ്ടെത്തുക.
20. കോക്കാഞ്ചിറ എന്ന പ്രദേശത്തെ ആലാഹയുടെ പെണ്മക്കൾ എന്ന കൃതിയിൽ അവതരിപ്പിച്ചിരിക്കുന്നത് എങ്ങനെയാണ്?
21. സി.വി. രാമൻപിള്ളയുടെ കൃതികൾക്ക് മൂന്ന് ഉദാഹരണങ്ങൾ എഴുതുക.
22. യൂറോപ്പിൽ റൊമാന്റിസിസത്തിന് കാരണമായ ഘടകങ്ങൾ എതെല്ലാം ?
23. "എന്തിനെന്നോ? എനിക്കു നിങ്ങളെ തോല്പിക്കണം. കാൽക്കീഴിലിട്ടു ചവിട്ടി ഞെരിക്കണം. നിങ്ങളുടെ നഗ്ന ശരീരത്തിൽ ദുർഗയെപ്പോലെ നൃത്തമാടണം. നിങ്ങളുടെ ചോരയെടുത്തു പൊട്ടു തൊടണം''. സന്ദർഭം വ്യക്തമാക്കുക.
24. കേസരി ചൂണ്ടിക്കാട്ടുന്ന റൊമാന്റിക്കുകളുടെ താൽപര്യ വിഷയങ്ങൾ ഏതെല്ലാം ?
25. അസ്തിത്വവാദം എന്നാൽ എന്ത് ?

(5X2 = 10 Marks)

## SECTION - C

**III. ഏതെങ്കിലും ആറ് ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരമെഴുതുക.**

26. ആധുനികാനന്തര സാഹിത്യത്തിന്റെ സവിശേഷതകൾ എന്തെല്ലാം?
27. മലയാള നോവലിലെ കാല്പനിക പ്രവണതകൾ കണ്ടെത്തുക.
28. കഥാപാത്രനിരൂപണം തയ്യാറാക്കുക - ദാസൻ
29. ആദ്യകാല നോവലുകളുടെ പൊതുസവിശേഷതകൾ സംഗ്രഹിക്കുക.
30. നവോത്ഥാന നോവലിന്റെ സവിശേഷതകൾ എന്തെല്ലാം ?
31. പാണ്ഡവപുരം നോവലിൽ പരാമർശിച്ചിരിക്കുന്ന പുരാവൃത്ത കഥകളുടെ സാംഗത്യം എന്ത് ?
32. സൂരിനമ്പൂതിരിപ്പാട് എന്ന കഥാപാത്രത്തിലൂടെ ചന്തുമേനോൻ സാമൂഹ്യവിമർശനം നടത്തുന്നതെങ്ങനെ?
33. ബോധധാരാ സമ്പ്രദായത്തെക്കുറിച്ച് വിവരിക്കുക.
34. ബഷീറിന്റെ ആഖ്യാനരീതിയുടെ സവിശേഷതകൾ എന്തെല്ലാം ?
35. ഇന്ദുലേഖ ഒരു നവോത്ഥാന നായികയാണോ? പരിശോധിക്കുക?
36. ദലിത് സാഹിത്യത്തിന്റെ സവിശേഷതകൾ എന്തെല്ലാം ? കുറിപ്പെഴുതുക.
37. വേദനയും ഫലിതവും തമ്മിലുള്ള കൂട്ടിയിണക്കലാണ് പാത്തുമ്മായുടെ ആടിന്റെ രസതന്ത്രം - സമർത്ഥിക്കുക.

(6X5 = 30 Marks)

## SECTION - D

**IV. ഏതെങ്കിലും രണ്ട് ചോദ്യത്തിന് മൂന്നു പുറത്തിൽ ഉത്തരമെഴുതുക.**

38. ഇന്ദുലേഖ: മലയാളത്തിലെ ആദ്യത്തെ സാമൂഹിക പ്രസക്തിയുള്ള നോവൽ - വിമർശനാത്മകമായി വിലയിരുത്തുക.
39. നോവൽ സാഹിത്യത്തിന്റെ വളർച്ചയിൽ മാസികകൾ വഹിച്ച പങ്കിനെക്കുറിച്ച് വിവരിക്കുക.
40. മയ്യഴിയിൽ നടന്ന വിമോചന സമരത്തിന്റെ അനന്തരഫലങ്ങൾ എന്തെല്ലാമായിരുന്നു ? നോവലിനെ അടിസ്ഥാനമാക്കി ചർച്ച ചെയ്യുക.
41. നായാടിവർഗ്ഗത്തിന്റെ ജീവിതത്തെക്കുറിച്ചുള്ള ചിത്രീകരണമാണ് നൂറുസിംഹാസനങ്ങൾ എന്ന നോവൽ - വിമർശനാത്മകമായി വിലയിരുത്തുക.

(2X10 =20 Marks)

# SREENARAYANAGURU OPEN UNIVERSITY

SREENARAYANAGURU OPEN UNIVERSITY

QP CODE: ……… Reg. No : ................

Name : ……..............

**Model Question Paper- Set-II**

**SIXTH SEMESTER**
**BA MALAYALAM LANGUAGE AND LITERATURE EXAMINATION**
**Discipline Core Course - B21ML06DC**

**മലയാള നോവൽ**

**(CBCS - UG) 2022-23 Admission Onwards**

Time: 3 Hours Max Marks: 70

---

SECTION A

**I. ഏതെങ്കിലും പത്ത് ചോദ്യത്തിന് ഒറ്റവാക്കിലോ വാചകത്തിലോ ഉത്തരമെഴുതുക.**

1. 'നോവലിലെ ശില്പഭദ്രതയെ തകർത്തു' എന്ന് വിമർശനം നേരിടേണ്ടി വന്ന ഇന്ദുലേഖയിലെ അധ്യായം ഏത്?
2. പ്ലോട്ടില്ലാത്ത നോവൽ എന്ന് വിശേഷിപ്പിച്ച ബഷീറിന്റെ കൃതി ഏത്?
3. കൂട്ടുകുടുംബവ്യവസ്ഥയും മരുമക്കത്തായവും പശ്ചാത്തലമായി വരുന്ന എം.ടിയുടെ നോവൽ ഏത്?
4. ദാസൻ ഗുരുതുല്യനായി കാണുന്നത് ആരെയാണ്?
5. ഏകാന്ത വീഥിയിലെ അവധൂതൻ എന്ന് ബഷീറിനെ വിശേഷിപ്പിച്ചത് ആര്?
6. പാണ്ഡവപുരത്തെ വധുക്കളെല്ലാം ദേവിയോട് പ്രാർഥിച്ചിരുന്നതെന്താണ്?
7. 2012 -ലെ ഓടക്കുഴൽ അവാർഡ് നേടിയ സേതുവിന്റെ കൃതി ഏതാണ്?
8. ബൈബിളിലെ മുന്തിരിവള്ളിയെക്കുറിച്ചുള്ള പരാമർശത്തെ നോവലിൽ ഏതു ചെടിയെയാണ് സൂചിപ്പിക്കുന്നത്?
9. 'വെശ്പ്പിനേക്കാളും വല്യേ പിശാശ്ണ്ടാ'- ഈ അഭിപ്രായം ആരുടേതാണ്?
10. ഏത് കഥാപരമ്പരയിലാണ് നൂറുസിംഹാസനം എന്ന നോവൽ രചിച്ചിരിക്കുന്നത്?
11. "നാം ചരിത്രത്തിന്റെ അടിമകളാകരുത്'' എന്ന് ധർമ്മപാലനെ ഉപദേശിച്ചതാര്?
12. ഈ പുസ്തകം എഴുതിയിട്ടുള്ളത് ഞാൻ വീട്ടിൽ സംസാരിക്കുന്ന മലയാള ഭാഷയിൽ ആകുന്നു - ഏതു നോവലിനെ കുറിച്ചാണ് ഇങ്ങനെ എഴുത്തുകാരൻ പറഞ്ഞത്?
13. നോവൽ സാഹിത്യം ആരുടെ കൃതിയാണ്?
14. ബഷീറിന് വ്യാകരണം പിടിയില്ലെന്ന് ആദ്യം കണ്ടെത്തിയ വീട്ടിലെ അംഗം ആര്?
15. ദൈവത്തിന്റെ വികൃതികൾ എന്ന നോവലിന്റെ കർത്താവ് ആര്?

(10X1 = 10 Marks)

## SECTION - B

**II. ഏതെങ്കിലും അഞ്ച് ചോദ്യത്തിന് രണ്ടോ മൂന്നോ വാചകത്തിൽ ഉത്തരമെഴുതുക.**

16. "ഇന്ദുലേഖയെ മാധവന് കൊടുക്കില്ല'' എന്ന് പഞ്ചുമേനവൻ ശപഥം ചെയ്യാനുണ്ടായ കാരണമെന്ത്?
17. ബഷീറിന്റെ വീട്ടിലെ കൊച്ചു കൊച്ചു കലഹങ്ങൾക്ക് കാരണമെന്ത്?
18. റൊമാന്റിസിസം – കുറിപ്പെഴുതുക
19. സെയ്താലിയോട് അപ്പുണ്ണിയ്ക്ക് ശത്രുത ഉണ്ടാകാനുള്ള കാരണമെന്ത്?
20. ജനന മരണങ്ങളെക്കുറിച്ച് മയ്യഴിയിൽ പ്രചരിച്ചിരുന്ന പ്രധാന മിത്ത് എന്തായിരുന്നു?
21. പാണ്ഡവപുരത്തെക്കുറിച്ച് നോവലിസ്റ്റ് നൽകുന്ന വിവരണം എന്ത്?
22. 'പട്ടിയെ പിടിച്ചു നിർത്തി ഞായം പറയിക്കും' ഇങ്ങനെ പറയുന്നതിന്റെ കാരണമെന്ത്?
23. കാപ്പൻ എന്ന കഥാപാത്രത്തെക്കുറിച്ച് കുറിപ്പ് എഴുതുക
24. ദലിത് സാഹിത്യം എന്താണെന്ന് വിശദമാക്കുക?
25. റിയലിസ്റ്റിക് പ്രസ്ഥാനത്തിലെ പ്രധാനപ്പെട്ട എഴുത്തുകാർ ആരൊക്കെ?

(5X2 = 10 Marks)

## SECTION - C

**III. ഏതെങ്കിലും ആറ് ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരമെഴുതുക.**

26. ഇന്ദുലേഖയെ മലയാളത്തിലെ ആദ്യത്തെ ലക്ഷണമൊത്ത നോവൽ എന്ന് പറയുന്നതിന്റെ കാരണം വിശദീകരിക്കുക
27. ബഷീർ കൃതികളുടെ ഭാഷാ സവിശേഷതകൾ പാത്തുമ്മയുടെ ആടിനെ ആസ്പദമാക്കി ചർച്ച ചെയ്യുക
28. നവോത്ഥാന നോവലുകളുടെ പൊതുസ്വഭാവം വിവരിക്കുക
29. ദാസനെ ആധുനിക യുവത്വത്തിന്റെ പ്രതീകമെന്ന നിലയിൽ നിരീക്ഷിക്കുക
30. പാണ്ഡവപുരത്തിലെ ദേവി എന്ന കഥാപാത്രം സ്ത്രീസ്വാതന്ത്ര്യ പ്രഖ്യാപനത്തിന്റെ ഉദാഹരണമാണോ ? ചർച്ച ചെയ്യുക
31. ആലാഹയുടെ പെൺമക്കൾ നോവലിലെ കോക്കാഞ്ചിറയുടെ പ്രാദേശിക ചരിത്രം പരിശോധിക്കുക.
32. കീഴാള ജനതയുടെ സംഘർഷഭരിതമായ ജീവിതത്തെ നൂറ് സിംഹാസനങ്ങളിൽ ചിത്രീകരിച്ചിരിക്കുന്നതെങ്ങനെ?
33. ദലിത് നോവലുകളിലെ സാമൂഹ്യ പരിസരം പരിശോധിക്കുക?
34. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം ഇന്ദുലേഖയിൽ ചിത്രീകരിച്ചിരിക്കുന്നതെങ്ങനെ?
35. സങ്കീർണമായ സ്ത്രീജീവിതങ്ങളെ ബഷീർ ചിത്രീകരിച്ചിരിക്കുന്നതെങ്ങനെയെന്ന് പാത്തുമ്മായുടെ ആടിനെ മുൻനിർത്തി വിശദീകരിക്കുക?
36. മരുമക്കത്തായ കൂട്ടുകുടുംബ വ്യവസ്ഥയുടെ തകർച്ച നാലുകെട്ടിൽ ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ?
37. ആധുനികതാവാദത്തിന്റെ പ്രത്യേകതകൾ മയ്യഴിപ്പുഴയുടെ തീരങ്ങളിൽ കണ്ടെത്തുക

(6X5 = 30 Marks)

SECTION - D

**IV. ഏതെങ്കിലും രണ്ട് ചോദ്യത്തിന് മൂന്നു പുറത്തിൽ ഉത്തരമെഴുതുക.**

38. മലയാളത്തിലെ ആദ്യകാലനോവലുകളുടെ സവിശേഷതകൾ ഉപന്യസിക്കുക.
39. ലിംഗപദവിയും അധികാരവും - പാണ്ഡവപുരത്തെ അടിസ്ഥാനമാക്കി ചർച്ച ചെയ്യുക.
40. മലയാളത്തിലെ സ്ത്രീപക്ഷ നോവലുകളിൽ പ്രത്യേകമായ ഒരിടം ആലാഹയുടെ പെൺമക്കൾ എന്ന നോവലിനുണ്ട് - ചർച്ച ചെയ്യുക.
41. മനുഷ്യേതര കഥാപാത്രങ്ങളുടെ അർഥവ്യാപ്തി പാത്തുമ്മയുടെ ആടിനെ ആസ്പദമാക്കി ഉപന്യസിക്കുക.

(2X10 =20 Marks)

**സർവ്വകലാശാലാഗീതം**

---------------------

വിദ്യയാൽ സ്വതന്ത്രരാകണം
വിശ്വപൗരരായി മാറണം
ഗ്രഹപ്രസാദമായ് വിളങ്ങണം
ഗുരുപ്രകാശമേ നയിക്കണേ

കൂരിരുട്ടിൽ നിന്നു ഞങ്ങളെ
സൂര്യവീഥിയിൽ തെളിക്കണം
സ്നേഹദീപ്തിയായ് വിളങ്ങണം
നീതിവൈജയന്തി പാറണം

ശാസ്ത്രവ്യാപ്തിയെന്നുമേകണം
ജാതിഭേദമാകെ മാറണം
ബോധരശ്മിയിൽ തിളങ്ങുവാൻ
ജ്ഞാനകേന്ദ്രമേ ജ്വലിക്കണേ

**കുരീപ്പുഴ ശ്രീകുമാർ**

# SREENARAYANAGURU OPEN UNIVERSITY

## Regional Centres


### Kozhikode
Govt. Arts and Science College
Meenchantha, Kozhikode,
Kerala, Pin: 673002
Ph: 04952920228
email: rckdirector@sgou.ac.in


### Thalassery
Govt. Brennen College
Dharmadam, Thalassery,
Kannur, Pin: 670106
Ph: 04902990494
email: rctdirector@sgou.ac.in

### Tripunithura
Govt. College
Tripunithura, Ernakulam,
Kerala, Pin: 682301
Ph: 04842927436
email: rcedirector@sgou.ac.in

### Pattambi
Sree Neelakanta Govt. Sanskrit College
Pattambi, Palakkad,
Kerala, Pin: 679303
Ph: 04662912009
email: rcpdirector@sgou.ac.in

NO TO DRUGS

# തിരിച്ചിറങ്ങാൻ പ്രയാസമാണ്



ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, കേരള സർക്കാർ

SGOU

# മലയാള നോവൽ

COURSE CODE: B21ML06DC

YouTube

Sreenarayanaguru Open University
Kollam, Kerala Pin- 691601, email: info@sgou.ac.in, www.sgou.ac.in Ph: +91 474 2966841

ISBN 978-81-988933-7-6